KOTTAYAM PUBLIC LIBRARY

Call No 301.954 Acc. No 8229

Author വിക്ടർ ഷോബർഗ്

Title സാമൂഹ്യശാസ്ത്രം

15.2.02

987

No. 8229

# സാമൂഹ്യശാസ്ത്രം.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

ഫാ: വിക്ടർ, ഒ. സി. ഡി.
(പ്രഫസർ, സോഷ്യോളജി)
സെൻറ് ജോസഫ്സ് സെമ്മിനാരി,
ആലുവാ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

വിവർത്തകൻ
ഫിലിപ്പ് കണക്കഞ്ചേരി.

പ്രസാധകന്മാർ
എസ്. എച്ച്. ലീഗ്,
ആലുവാ-നോർത്ത്.

NATIONAL BOOK STALL
SPCS LTD.

NIHIL OBSTAT
Fr. MICHAEL ANGEL O.C.D.
Rector Ap. Seminary,
ALWAYE.
16—10—1961.

M 301·954

IMPRIMATUR
Dr. JOSEPH ATTIPPETTY
Archbishop of Verapoly
ERNAKULAM.
16—10—1961.

The NIHIL OBSTAT and IMPRIMATUR are official declarations that the book or pamphlet is free of doctrinal and moral error. No implication is contained therein that those who have granted the NIHIL OBSTAT and IMPRIMATUR agree with the opinions expressed.

THE KOTTAYAM PUBLIC ...
KOTTAYAM.

# വിവർത്തകക്കുറിപ്പ്.

"അന്യഭാഷാബ്ധിയിലാണ്ടാണ്ടുമുങ്ങിയ
ധന്യരേ, നിങ്ങൾതൻവേലപാഴിൽ,
മാൽപെട്ടതിൽനിന്നുപാർജ്ജിച്ചരത്നങ്ങൾ
മാതാവിന്നായി സമർപ്പിയ്ക്കായ്കിൽ." (വള്ളത്തോൾ)

ക്ലേശഭൂയിഷ്ഠമായ ഈ വിവർത്തനത്തിനു പ്രേരണയരുളിയ പ്രമുഖകാരണങ്ങളിലൊന്നാണ്. ഉദ്ധൃതകവിവേദനം, വിവർത്തനീയ വിജ്ഞാനശാഖകൾ പലതും പണ്ഡിതന്മാർ ചൂണ്ടിക്കാട്ടാറുണ്ട്. പക്ഷെ, പരഭാഷാജ്ഞാനമില്ലാത്ത സോദരലക്ഷങ്ങൾക്ക് അവയെല്ലാം വെറും വനസൂനങ്ങളോ ഘടദീപങ്ങളോ ആയി നിലകൊള്ളുകയാണിന്നും. ചിലമണ്ഡലങ്ങളിൽ കുറെയെല്ലാം അവശ്യഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിലും സാമൂഹ്യ * ശാസ്ത്രവേദിയിൽ അത്തരം യാതൊരു പരിശ്രമവും ഇതിനുമുമ്പു നടത്തിയിട്ടുള്ളതായി അറിവില്ല.

സാമുദായികസേവനത്തിനിറങ്ങുന്ന യുവപ്രവർത്തകരുടെ ആശയദാരിദ്ര്യവും തൽഫലമായുണ്ടാകുന്ന ആദർശസംഘട്ടനങ്ങളും പ്രവർത്തനവൈകല്യങ്ങളും നമ്മുടെ കൊച്ചു കേരളംതന്നെ ധാരാളം കണ്ടറിഞ്ഞിട്ടുണ്ട്. മൈതാനപ്രസംഗങ്ങളും പത്രാധിപപംക്തികളും നല്കുന്ന വിഭാഗീയ വിജ്ഞാനശകലങ്ങളും ഉപരിപ്ലവ ചിന്തകളും മാത്രമാണ് പലപ്പോഴും അവരുടെ ആശയാദർശങ്ങളുടെ ആകെത്തുക. ഒരടിസ്ഥാന തത്വസംഹിതയിലോ അവികലമായ ആവിഷ്കൃതസത്യങ്ങളിലോ പദമൂന്നിനിന്നുകൊണ്ട് എത്രപേർ നമ്മുടെ സാമൂഹ്യപ്രശ്നങ്ങൾ പഠിച്ചിട്ടുണ്ട്? ശാസ്ത്രീയമായ അത്തരമൊരു സാമൂഹ്യപഠനം ഉൾക്കൊള്ളുന്ന "ക്രിസ്റ്റ്യൻ സോഷ്യോളജി" ഭാഷാന്തരപ്പെടുത്തുവാൻ പ്രേരപ്പിച്ച മറ്റൊരു പ്രധാന കാരണവുമിതുതന്നെ.

---

* "സാമൂഹികം" വേണമെന്നാണു വ്യാകരണവിധിയെങ്കിലും "സാമൂഹ്യ"ത്തിനും പ്രയോഗസ്വാധുത്വം കൈവന്നിട്ടുണ്ട്.

സങ്കീർണ്ണതനിറഞ്ഞ സാമൂഹ്യശാസ്ത്രം പരിഭാഷപ്പെടുത്തുന്നതിൽ പ്രധാനമായി നേരിട്ട പ്രയാസം പര്യാപ്തപദങ്ങളുടെ ദാരിദ്ര്യമാണ്. സാങ്കേതികപദനിർമ്മിതിക്കു് ശ്രീ. ഐ. സി. ചാക്കോയെപ്പോലുള്ള പണ്ഡിതവരേണ്യന്മാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ മാർഗ്ഗങ്ങളുപയോഗിച്ച് ഒരു വിനീതശ്രമം നടത്തിയതു് എത്രമാത്രം വിജയിച്ചുവെന്നതു വായനക്കാർതന്നെ വിധിക്കുക. മൂലഗ്രന്ഥത്തിൽനിന്നും കൈയിൽ കിട്ടിയ ആശയങ്ങൾ അറിയാവുന്ന വാക്കുകളിൽ പറയുവാനാണു് ഇവിടെ ശ്രമിച്ചിട്ടുള്ളതു്.

വിലയേറിയ ഒരഭിപ്രായലേഖനംവഴി ഈ ഗ്രന്ഥത്തിനു മാററു കൂട്ടിയ അഭിവന്ദ്യപിതാവു് **റൈററു് റവ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി B. A, D. D.** തിരുമേനിയോടുള്ള എൻെറ അളവററ കൃതജ്ഞത പ്രഥമതഃ പ്രകാശിപ്പിച്ചുകൊള്ളട്ടെ. വിവർത്തകനേക്കാൾ ഈ വിവർത്തനത്തിൻെറ പിന്നിൽ വിയർത്തു ജോലിചെയ്തവർ വേറെയുമുണ്ടു്. വിവർത്തകൻ ഒരു പ്രാവശ്യം ചെയ്യുന്നതു പരിശോധകൻ രണ്ടു പ്രാവശ്യം ചെയ്യുന്നു: തെററു കണ്ടുപിടിക്കലും ശരി എഴുതിച്ചേർക്കലും. ഭാരമേറിയ ഈ സേവനം ക്ഷമാപൂർവ്വം വിദഗ്ദ്ധമായി ചെയ്തുതന്നതു പണ്ഡിതശ്രേഷ്ഠനായ **ഡോക്ടർ തോമസ് മൂത്തേടൻ M. A.** (Vice Principal, Nirmala College Muvattupuzha) അവർകളാണു്. അദ്ദേഹത്തിനു വിവർത്തകൻെറ കൃതജ്ഞതാനിർഭരമായ ആദരാഞ്ജലികൾ! വിവർത്തനത്തിലും മുദ്രണകാര്യങ്ങളിലും ഉദാരമായ സഹകരണങ്ങൾ നല്കിയ സുഹൃത്തുക്കൾക്കും കൂപ്പുകൈ! ഈ വിവർത്തനം വെളിച്ചം കാണുവാൻ സഹായിച്ച എല്ലാവർക്കും വിശിഷ്യ, 'ബി ബി. പ്രസ്സ്'' (പറവൂർ) പ്രവർത്തകർക്കും പ്രത്യേകം നന്ദി.

മൂലഗ്രന്ഥത്തിൻെറ ഒന്നാംഭാഗമാണിതു്. മാറേറണ്ട പല സ്ഥിതിവിവരക്കണക്കുകളും ചില പുതിയ അനുബന്ധങ്ങളും ആനുകാലികമാക്കി വിശേഷാൽ ചേർത്തിരിക്കുന്നു. അനവധാനത കൊണ്ടു വന്ന ചില പദവികലതകൾ തിരുത്തിച്ചേർത്തിട്ടുണ്ടു്.

രണ്ടാംഭാഗവും അചിരേണ വെളിച്ചംകാണുമെന്നു പ്രതീക്ഷിക്കുക.

വിവർത്തകൻ.

# മൂലഗ്രന്ഥത്തിൻെറ അവതാരിക.

(അത്യുന്നത കർദ്ദിനാം വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു്)

ഈ അവതാരികയെഴുതുന്ന ഗ്രന്ഥത്തെയോ ഗ്രന്ഥകർത്താവിനെയോ, അതു പ്രത്യേകമുദ്ദേശിച്ചെഴുതിയിട്ടുള്ള വിദ്യാർത്ഥികൾക്കോ കത്തോലിക്കപൊതുജനങ്ങൾക്കോ പ്രത്യേകം പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിൻെറ മുൻപതിപ്പുകൾതന്നെ (അവതാരിക നാലാംപതിപ്പിൻേറതാണ്) സാമൂഹ്യപ്രശ്നങ്ങൾ തലമുറകളെ പഠിപ്പിച്ചിട്ടുണ്ടു്, ബ: വിക്ടറച്ചൻെറ നാമം അവർക്കു സുപരിചിതമാക്കിയിട്ടുമുണ്ടു്.

ജനതതിയെ അലട്ടുന്ന പ്രമുഖ പ്രശ്നങ്ങൾക്കു യഥാർത്ഥ ക്രൈസ്തവപരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ കഴിവെഴുന്ന ഇത്തരം ഗ്രന്ഥങ്ങൾ ഇന്നൊരനുഗ്രഹമാണ്. അതിനാൽ ഗ്രന്ഥകർത്താവിനോടു നാം പ്രത്യേകം കടപ്പെട്ടിരിക്കുന്നു. നാടകീയമായ മഹാപരിവർത്തനങ്ങളിലൂടെ നമ്മുടെ നാടു കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഈ ദുർഘട സന്ധിയിൽ, സുവിശേഷതത്വങ്ങളിലും മനുഷ്യപ്രകൃതിയുടെ അടിസ്ഥാനസ്വഭാവത്തിലും അധിഷ്ഠിതമായ ക്രൈസ്തവസാമൂഹ്യതത്വങ്ങൾ തത്വവേദിയിലും പ്രവൃത്തിപഥത്തിലും മററുള്ളവർക്കു പഠിപ്പിച്ചുകൊടുക്കുകയെന്നതു്, കത്തോലിക്കരുടെ വിശിഷ്യ, വൈദികരുടേയും ബുദ്ധിജീവികളുടേയും ഒരു പ്രധാന കടമയാണ്. എന്നാൽ സാമൂഹ്യപഠനത്തിൽ ശാസ്ത്രീയമായ ശിക്ഷണം ലഭിക്കാതെ ഈ കടമ ആർക്കും യഥാവിധി നിർവ്വഹിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

മുൻപതിപ്പുകളിൽ ഗ്രന്ഥകർത്താവു വ്യക്തമാക്കിയിട്ടുള്ളതുപോലെ ഇതൊരു ഗവേഷണഗ്രന്ഥമല്ല, വിശദീകരണഗ്രന്ഥമാണ്. വിജ്ഞാനപുരോഗതിയിലൂടെയും സാമൂഹ്യപരിവർത്തനത്തിലൂടെയും നിരന്തരം മാറിമാറിക്കൊണ്ടിരിക്കുന്ന സങ്കീർണ്ണസാമൂഹികപ്രശ്നങ്ങൾക്കു്, ഈ ഗ്രന്ഥമോ ഇതുപോലുള്ള മററു ഗ്രന്ഥങ്ങളോ നല്കുന്ന നിർദ്ദേശങ്ങൾ അവസാനതീരുമാനങ്ങളായി ആരും സ്വീകരിക്കേണ്ടതില്ല.

അനുദിനം പ്രാധാന്യവും ആവശ്യകതയും ഏറിയേറിവരുന്ന സാമൂഹ്യപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഒരു വെല്ലുവിളിയായും സാമൂഹ്യപഠനസോപാനത്തിൻെറ ആദ്യത്തെ ചവിട്ടുപടിയായും ബ: വിക്ടറച്ചൻെറ ഈ ഗ്രന്ഥത്തെ എല്ലാവരും വിശിഷ്യ, യുവതലമുറ പരിഗണിക്കേണ്ടതും വിലമതിക്കേണ്ടതുമാണ്. (പരിഭാഷ)

അതിമെത്രാസനമന്ദിരം, ബോംബെ-1: ഏപ്രിൽ '60.

+ കർദ്ദിനാം വലേരിയൻ ഗ്രേഷ്യസ്
(ബോംബെ മെത്രാപ്പോലീത്ത)

# മൂലഗ്രന്ഥത്തിൻെറ * മുഖവുര.

★

ഈ ഗ്രന്ഥത്തിൻെറ മുൻപതിപ്പുകൾക്കു സഹൃദയലോകം നല്കിയ വിപുലമായ സ്വീകരണം, അതിനെ വീണ്ടും വികസിപ്പിച്ചു പരിഷ്കരിക്കുവാനും അധുനാധുനമാക്കുവാനും പ്രേരണ നല്കി. 160-ൽപ്പരം പേജുകൾ ഈ പതിപ്പിൽ പുതുതായി ചേർത്തിരിക്കുന്നു. ഇന്ത്യൻ സംവിധാനം, പഞ്ചവത്സരപദ്ധതികൾ തുടങ്ങിയ പ്രമുഖ പ്രശ്നങ്ങളുടെ ചർച്ചയിലാണു പുതിയ വിപുലീകരണം വരുത്തിയിട്ടുള്ളതു്. സാർവ്വദേശീയബന്ധങ്ങളെപ്പററിയും വിശാലമായി പ്രതിപാദിച്ചിരിക്കുന്നു. ജനസംഖ്യപ്രശ്നം, കുടുംബം, വ്യക്തിയുടെ അവകാശങ്ങൾ, കമ്യൂണിസം തുടങ്ങിയ അദ്ധ്യായങ്ങളും കാര്യമായി വികസിപ്പിച്ചിട്ടുണ്ടു്.

പ്രധാനമായി ഇന്ത്യൻ വിദ്യാർത്ഥികളെ ഉദ്ദേശിച്ചെഴുതിയ ഈ ഗ്രന്ഥത്തിൽ ഇന്ത്യൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എടുത്തു ചേർക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. അങ്ങനെ തികച്ചും ദേശീയമായ പരിതസ്ഥിതിയിലും പശ്ചാത്തലത്തിലുമാണു് ഈ പഠനം നടത്തിയിരിക്കുന്നതു്.

ചില പ്രശ്നങ്ങൾ ഉപരി വിശദീകരിക്കുകയും സ്ഥിതിവിവരക്കണക്കുകളും ഗ്രന്ഥസൂചിയും ആനുകാലികമാക്കുകയും ചെയ്തിട്ടുണ്ടു്. ഒരു മാനുവലിൻെറ പരിമിതികൾക്കപ്പുറത്തേയ്ക്കു് ഈ പുതിയ പതിപ്പു് വളർന്നു വികസിച്ചിരിക്കുന്നതിനാൽ, "മാനുവൽ ഓഫ് ക്രിസ്ത്യൻ സോഷ്യോളജി" എന്ന മുൻപതിപ്പുകളുടെ പേരു "ക്രിസ്ത്യൻ സോഷ്യോളജി" എന്നാക്കി മാററിയിരിക്കുന്നു. (പരിഭാഷ)

ആലുവാ,
മാർച്ചു് 1960.

ഫാദർ വിക്ടർ ഒ.സി.ഡി.

---

* നാലാംപതിപ്പിൻെറ

# ★ ആശംസാലേഖനം. ★

(റൈററവ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമനസ്സുകൊണ്ടു്)

"ക്രിസ്ത്യൻ സോഷ്യോളജി" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൻെറ സ്വതന്ത്രമലയാളപരിഭാഷ എസ്. എച്ച്. ലീഗിൽനിന്നും പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു.

ഒരു നിർദ്ദിഷ്ടപരമാന്ത്യം പ്രാപിക്കേണ്ട മനുഷ്യൻ സാമൂഹ്യജീവികൂടിയാകയാൽ ആ സാമൂഹ്യജീവിതത്തെ പ്രസ്തുത ലക്ഷ്യപ്രാപ്തിക്കുനയോജ്യമായവിധം അവൻ ക്രമീകരിക്കേണ്ടിയിരിക്കുന്നു. വ്യക്തമായ ഒരു പൊതുലക്ഷ്യം ഉന്നംവച്ചുകൊണ്ടു പ്രവർത്തിക്കുന്ന വ്യക്തികളുടെ കൂട്ടത്തെയാണു സമൂഹമെന്നു നാം പറയുന്നതു്. അതിനാൽ സമൂഹത്തിലെ വ്യക്തികൾ ഈ ലക്ഷ്യത്തിനുതകുന്ന വിധം തങ്ങളുടെ കർത്തവ്യം ക്രമമായും ഭംഗിയായും നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഇവിടെയാണു സാമൂഹ്യശാസ്ത്രത്തിൻെറ ആവശ്യം നേരിടുന്നതു്.

ഈ ലോകത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു സേവനമനുഷ്ഠിച്ചു പരലോകത്തിൽ അനന്തമായി അവിടുത്തെ അഭിമുഖം ദർശിച്ചാനന്ദിക്കുകയെന്നതാണല്ലോ നമ്മുടെ പരമാന്ത്യം. വിശുദ്ധ യോഹന്നാൻശ്ലീഹാ ചോദിക്കുന്നു: "കാണപ്പെടുന്ന തൻെറ സഹോദരനെ സ്നേഹിക്കാതിരിക്കുന്നവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും" എന്നു്. (I യോഹന്നാൻ IV, 20) അങ്ങനെ നോക്കുമ്പോൾ മനുഷ്യൻെറ പരമാന്ത്യപ്രാപ്തിയും അവൻെറ സാമൂഹ്യജീവിതവും പരസ്പരം ബന്ധിതമാണെന്നു കാണാവുന്നതാണു്.

കത്തോലിക്കാസഭയുടെ ആദർശാനുസരണം സാമൂഹ്യക്രമത്തിൻെറ വിവിധ വശങ്ങളെപ്പററി പ്രതിപാദിക്കുകയും അതിൻെറ പരിപാലനത്തിനു വ്യക്തികളനുഷ്ഠിക്കേണ്ട കടമകളെ നിർദ്ദേശിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഈമാതിരി ശാസ്ത്രഗ്രന്ഥങ്ങൾ മലയാളഭാഷയിൽ വളരെ ചുരുക്കമാണെന്നുതന്നെ പറയാം. ക്രൈസ്തവതത്വങ്ങളുടെ വെളിച്ചത്തിൽ സമുദായത്തിൻേറയും സാമൂഹ്യക്രമങ്ങളുടേയും വിവിധ വശങ്ങളെ സനിഷ്കർഷം ആധികാരികമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ഭാഷയിലുണ്ടായിരുന്ന ഈ കുറവു പരിഹരിക്കുന്നു എന്നതിൽ ഇതിൻെറ പ്രസാധകരായ "ലീഗ്" ഭാരവാഹികൾ അനുമോദനാർഹർ തന്നെ.

സാമൂഹ്യസേവനസംരംഭങ്ങളുമായി ഇഴുകിച്ചേർന്ന ഒരു വ്യക്തിത്വമാണ് മൂലഗ്രന്ഥകാരനായ ബ: വിക്ടറച്ചനിൽ നാം ദർശിക്കുക. വിഷയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ഒരു പര്യവേക്ഷണത്തേക്കാളധികമായി ജീവിതയാഥാർത്ഥ്യങ്ങളോടിടപെട്ടു നേടിയ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ വിരചിതമാണ് ഇതിലെ ഓരോ വരിയും. ഒരു യുവാവിന്റെ പ്രസരിപ്പോടെ സേവനരംഗങ്ങളിൽ ചാടിയിറങ്ങുന്ന അദ്ദേഹത്തിന്റെ സമുദായോദ്ധാരണതൃഷ്ണയും ത്യാഗസന്നദ്ധതയും എന്നും നമ്മുടെ ഓർമ്മയിൽ തങ്ങിനില്ക്കുകതന്നെ ചെയ്യും.

പരിഭാഷകനായ ഫിലിപ്പ് കണക്കഞ്ചേരി വളർന്നുവരുന്ന ഒരനുഗൃഹീത ഭാഷാജ്ഞാനിയും സേവനോത്സുകനായ ഒരു യുവസാഹിത്യകാരനുമാണെന്നു നിസ്സംശയം പറയാം. വിവർത്തകനനുപേക്ഷണീയമായ ഭാഷാപരിജ്ഞാനവും ആശയത്തിനനുഗുണമായ സാങ്കേതിക പദപ്രയോഗവും ലളിതമായ പ്രതിപാദനരീതിയും അദ്ദേഹത്തിനു സ്വതസിദ്ധമാണെന്നു ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. അവയെല്ലാം ഈ വിവർത്തനത്തെ ആസ്വാദ്യതരമാക്കുന്നു; അഴകുററ കവർച്ചിത്രം ആകർഷകവും.

ഗ്രന്ഥകാരനേയും, പരിഭാഷകനേയും, പ്രസാധകരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഈ ഗ്രന്ഥത്തിന് അതർഹിക്കുന്ന പ്രചാരമുണ്ടാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

മെത്രാസനമന്ദിരം,
തലശ്ശേരി,
*3rd. Oct. 1961.*

+ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
(തലശേരി രൂപതയുടെ മെത്രാൻ)

# ഉള്ളടക്കം

പേജ്

**ആമുഖം** 1–18

1. പരിചയപ്പെടേണ്ട പദങ്ങൾ. 2. പലതരം സമുദായങ്ങൾ. 3. സാമൂഹ്യശാസ്ത്രം. 4 കത്തോലിക്ക സാമൂഹ്യശാസ്ത്രം 5. സോഷ്യോളജിയും മററു സാമൂഹ്യശാസ്ത്രങ്ങളും. 6. പഠനമാർഗ്ഗം. 7. സാമൂഹ്യശാസ്ത്രചരിത്രം. 8. സാമൂഹ്യശാസ്ത്രത്തിൻെറ പ്രാധാന്യം. 9. പഠനപശ്ചാത്തലം. 10. ഈ പുസ്തകത്തിൻെറ ക്രമം.

## അദ്ധ്യായം ഒന്ന്. വ്യക്തി

11. സാമൂഹ്യരാഷ്ട്രീയബന്ധങ്ങൾ. 12. വ്യക്തി.

**ഖണ്ഡിക 1 സാമാന്യതത്വങ്ങൾ** 19–25

13. ആസ്തിക്യം. 14 മനുഷ്യസൃഷ്ടി 15. മനുഷ്യപ്രകൃതി. 16. മനുഷ്യൻ സ്വതന്ത്രനായ ബുദ്ധിജീവി. 17. മനുഷ്യൻ അമർത്യനാണ്. 18. മനുഷ്യൻ പ്രകൃത്യതീതമണ്ഡലത്തിൽ.

**2. മൗലികാവകാശങ്ങളും കർത്തവ്യങ്ങളും** 26–35

19. മനുഷ്യവ്യക്തിത്വം. 20. മനുഷ്യാവകാശവും ധർമ്മവും 21. മൗലികധർമ്മങ്ങൾ 22. മൗലികാവകാശങ്ങൾ. 23. സാമൂഹ്യാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയും വ്യക്തിസ്വാതന്ത്ര്യവും.

**3 മനുഷ്യനും സംസ്കാരവും** 36–42

24. സംസ്കാരമെന്നാൽ എന്ത്? 25. വിവിധ സാമൂഹ്യസംസ്കാരങ്ങൾ. 26. സാംസ്കാരികപരിണാമം. 27. സാമൂഹ്യപരിണാമവാദഖണ്ഡനം. 28. സംസ്കാരം സാർവ്വജനീനം. 29. ചിന്ത: സംസ്കാരലക്ഷണം. 30. മൃഗങ്ങൾക്ക സംസ്കാരം ഇല്ല. 31. സംസ്കാരത്തിൻെറ ഐകരൂപ്യം. മതവും സംസ്കാരവും.

**4. സാഹചര്യം** 43–48

32. മനുഷ്യനും സാഹചര്യവും. 33. വിവിധ സാഹചര്യങ്ങൾ. 34. സാഹചര്യങ്ങളെ സംബന്ധിച്ച അനുമാനങ്ങൾ.

**5. പാരമ്പര്യം** 49–54

35. കായികപാരമ്പര്യമെന്നാൽ എന്ത്? 36. സാമൂഹ്യപാരമ്പര്യം. 37. സാമൂഹ്യശാസ്ത്രത്തിൽ പാരമ്പര്യത്തിൻെറ പ്രാധാന്യം. 38. പാരമ്പര്യനിയമം. 39. മെൻഡൽനിയമം. 40. പാരമ്പര്യത്തിൻെറ പരിമിതികൾ. 41. ആർജ്ജിതസിദ്ധികൾ പൈതൃകമല്ല. 42. ചില പ്രത്യേക പ്രശ്നങ്ങൾ.

**6. മതം 55-64**

43. മതം. 44. മതപരിണാമവാദം. 45. മതബോധത്തിന്റെ യഥാൎത്ഥമായ ഉത്ഭവം. 46. ആദിമമനുഷ്യരുടെ യഥാൎത്ഥമതം. 47. ഏകദൈവവിശ്വാസം. 48. ക്രിസ്തുമതം ഒരു സാമൂഹ്യശക്തി.

## അദ്ധ്യായം രണ്ട്. കുടുംബം

**1. കുടുംബം: സ്വഭാവം 66-84**

49. കുടുംബം. 50. നിൎവ്വചനം. 51. കുടുംബത്തിന്റെ ഉത്ഭവം. 52. വിവാഹം. 53. വിവാഹവും ബ്രഹ്മചൎയ്യവും. 54. വിവാഹത്തിന്റെ പ്രത്യേകതകൾ. 55. വൈവാഹികൈക്യം. 56. വിവാഹത്തിന്റെ അഭേദ്യത. 57. മാതൃഗോത്രങ്ങളും പിതൃഗോത്രങ്ങളും. 58. വിവാഹമോചനം. 59. ഹിന്ദുവിവാഹനിയമം 1955. 60. ക്രിസ്തീയ വിവാഹം. 61. വിവാഹവും രാഷ്ട്രവും. 62. സദ്ഉല്പാദനശാസ്ത്രവും രാഷ്ട്രവും. 63. വൃവസായവല്ക്കരണം.

**2. ഗൃഹസമൂഹം അഥവാ കുടുംബം 85-92**

64. ഗൃഹം. 65. പിതാവ്. 66. മാതാവ്. 67. സന്താനങ്ങൾ. 68. യുവതിന്മകൾ. 69. കാരണവും പരിഹാരവും.

**3. കുടുംബസംവിധാനം 93-102**

70. സംവിധാനപ്രശ്നം. 71. ഇന്ത്യയും ജനനനിയന്ത്രണവും 72. ജനനനിരോധനത്തിന്റെ ധാൎമ്മികദൈവശാസ്ത്രവശം. 73. കത്തോലിക്കവീക്ഷണത്തിൽ 74. സുരക്ഷിതകാലം.

**4. വിദ്യാഭ്യാസം 103-122**

75. വിദ്യാഭ്യാസം. 76 വിദ്യാഭ്യാസമെന്താണ്? 77. മാതാപിതാക്കളും മക്കളുടെ വിദ്യാഭ്യാസവും. 78. രാഷ്ട്രവും കുടുംബവും വിദ്യാഭ്യാസത്തിൽ. 79. ഗവണ്മെന്റ് സ്കൂളുകളും സ്വകാര്യവിദ്യാവിദ്യാലയങ്ങളും. 80. വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയോ? 81. നിഷ്പക്ഷസ്കൂളുകളും രാഷ്ട്രവും. 82. മിശ്രവിദ്യാഭ്യാസം മാതൃകാപരമോ? 83. ഇന്ത്യൻ ഭരണഘടനയും വിദ്യാഭ്യാസവും. 84. ആധുനികേന്ത്യയിലെ വിദ്യാഭ്യാസം.

## അദ്ധ്യായം മൂന്ന്. രാഷ്ട്രം

**1. രാഷ്ട്രത്തിന്റെ ഉത്ഭവം 126-142**

85. രാഷ്ട്രം. 86. രാഷ്ട്രമെന്നാൽ എന്ത്? 87. വിഭജനം.

88. രാഷ്ട്രത്തിൻെറ ഉത്ഭവം. 89. വിവിധവാദങ്ങൾ, 90. ചരിത്ര പശ്ചാത്തലം. 91. തോമസ് ഹോബ്സ്. 92. ജെ. ജെ. റൂസ്സോ 93. സാമൂഹ്യോടമ്പടിവാദത്തിൻെറ വിമർശനം. 94. പരിണാമ വാദം. 95. ഹെഗേലിയൻ പരിണാമവാദം. 96. ഹെർബർട്ട് സ്പെൻസർ. 97. പരിണാമവാദനിരൂപണം. 98. രാഷ്ട്രത്തിൻെറ സ്വാഭാവികോത്ഭവവാദം.

## 2. രാഷ്ട്രനിർമ്മാണഘടകങ്ങൾ 143-159

99. രാഷ്ട്രനിർമ്മാണഘടകങ്ങൾ. 100. ഉല്പത്തി. 101. പ്രകൃതി. 102. തദ്ദേശസഭകളുടെ അവകാശാധികാരങ്ങൾ. 103. പ്രവർത്തനമണ്ഡലം. 104. സാമൂഹ്യവർഗ്ഗങ്ങളും സംഘടനകളും. 105. സാമൂഹ്യസംഘടനകൾ. 106. തൊഴിൽസംഘടന: ഗുണങ്ങൾ 107. ജനതയും രാഷ്ട്രവും. 108. ജനത. 109. സാമാന്യതത്വങ്ങൾ. 110. നിർവ്വചനം. 111. വർഗ്ഗവിഭജനം. 112. വർഗ്ഗോല്പത്തി. 113. വർഗ്ഗസവിശേഷതകൾ. 114. വർഗ്ഗവൈശിഷ്ട്യവാദം. 115. നിരൂപണം. 116. മനുഷ്യവർഗ്ഗത്തിൻെറ ഏകത്വം. 117. ഇന്ത്യയിലെ വർഗ്ഗവ്യവസ്ഥ. 118. ജനസംഖ്യാനിർണ്ണയം.

## 3. രാഷ്ട്രത്തിൻെറ ലക്ഷ്യം 160-167

119. രാഷ്ട്രത്തിൻെറ ലക്ഷ്യം. 120. രാഷ്ട്രത്തിൻെറ ഉദ്ദേശ്യം. 121. പൊതുനന്മയുടെ സ്വഭാവം. 122. ഭൂരിസുഖം പൊതുക്ഷേമം. 123. പൊതു-വ്യക്തിനന്മകൾ. 124. അബദ്ധവാദങ്ങൾ. 125. രാഷ്ട്രത്തിൻെറ പ്രവർത്തനമണ്ഡലം.

## 4. രാഷ്ട്രം: ചില അബദ്ധസിദ്ധാന്തങ്ങൾ 168-178

126. വ്യക്ത്യാധിപത്യവാദം. 127. താത്വികമായ വ്യക്തിവാദം. 128. വിമർശനം. 129. രാഷ്ട്രീയ വ്യക്തിവാദം. 130. വിമർശനം. 131. സാമ്പത്തിക വ്യക്തിവാദം. 132. വിമർശനം. 133. ചുരുക്കത്തിൽ. 134. സർവ്വാധിപത്യവാദം. 135. വിമർശനം.

## 5. രാഷ്ട്രത്തിൻെറ അധികാരം 179-188

136. രാഷ്ട്രത്തിൻെറ അധികാരം. 137. ആവശ്യകത. 138. സാമൂഹ്യോടമ്പടിവാദം: ഖണ്ഡനം. 139. അധികാരം ദൈവത്തിൽനിന്നു്. 140. സൂചന. 141. ആരിൽ നിക്ഷേപിക്കണം? 142. വിവിധാഭിപ്രായങ്ങൾ. 143. പൊതുസമ്മതവാദം യുക്തിയുക്തം.

**6. ഗവണ്മെൻറിൻെറ വിവിധ രൂപങ്ങൾ 189-205**

144. രാജവാഴ്ച–പ്രഭുഭരണം–ജനാധിപത്യം. 145. പാർലമെൻററി രാജവാഴ്ച. 146. സംവിധായക ഗവണ്മെൻറുകൾ. 147. വിവിധതരം ഭരണക്കൂടങ്ങൾ. 148. മൂൻഗണന എതിനു്? 149. പ്രതിനിധി ഭരണക്രമം. 150. പ്രായോഗികതടസ്സങ്ങൾ. 151. സംയുക്തപ്രാതിനിധ്യം. 152. ഭൂരിപക്ഷതത്വം. 153. ഗുണദോഷങ്ങൾ. 154. സ്വതന്ത്ര ജനാധിപത്യത്തിൻെറ രാഷ്ട്രീയതത്വങ്ങൾ. 155. ഇന്ത്യയിലെ ജനാധിപത്യവളച്ച്.

**7. ഇന്ത്യൻ സംവിധാനം 206-214**

155. സംവിധാനനിമ്മാണം. 156. ആമുഖം. 157. മൌലികാവകാശങ്ങൾ. 158. സംസ്ഥാന ഭരണതത്വങ്ങൾ. 159. നിവ്വാഹകമണ്ഡലം. 160. മന്ത്രിസഭ. 161. പാർലമെൻറ്. 162. യൂണിയൻ ജൂഡീഷ്യറി. 163. സംസ്ഥാന നിവ്വാഹകമണ്ഡലം. 164. മന്ത്രിസഭ. 165. നിയമസഭ. 166. പ്രവത്തനം. 167. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധം.

**8. അധികാരവിനിമയം 215-224**

168. അധികാരവിനിമയം. 169. നിയമനിമ്മാണാധികാരം. 170. നിയമം. 171. വർഗ്ഗപ്രാതിനിധ്യം. 172. നീതിനിവ്വഹണാധികാരം. 173. നിയമജ്ഞരുടെ കടമകൾ. 174. മരണശിക്ഷ. 175. കാര്യനിവ്വഹണാധികാരം. 176. നികുതിപിരിവു്.

**9. രാഷ്ട്രത്തോടുള്ള അനുസരണം 225-232**

177. രാഷ്ട്രത്തോടുള്ള അനുസരണം. 178. മനസ്സാക്ഷിയും സിവിൽനിയമങ്ങളും. 179. പരിമിതി. 180. സേച്ഛാധികാരത്തോടുള്ള എതിർപ്പ്. 181. നിയമവിരുദ്ധ ഭരണക്കൂടങ്ങളെ എതിക്കാമോ?

## അദ്ധ്യായം നാലു്. സാർവ്വദേശീയസമുദായം

**1. ആമുഖം 233-237**

182. ഉത്ഭവം. 183. സാവ്വദേശീയനിയമം. 184. നിവ്വചനം. 185. അന്താരാഷ്ട്രീയനിയമങ്ങളുണ്ടോ?

**2. സാമാന്യധമ്മങ്ങൾ 238-247**

186. നീതിയുടേയും പരസ്നേഹത്തിൻേറയും കടമകൾ. 187. ഉടമ്പടികൾ അനുസരിക്കണം. 188. സമാധാനം. 189. യുദ്ധം.

THE KOTTAYAM PUBLIC LIBRARY. KOTTAYAM.

# ആമുഖം

## 1. പരിചയപ്പെടേണ്ട പദങ്ങൾ:

സമുദായം* അഥവാ സമൂഹം (Society) എന്ന പദം പ്രഥമശ്രവണത്തിൽ നമ്മിലുണത്തുക, ബഹുലത (Plurality) എന്ന ആശയമാണ്. എന്നാൽ വെറും ബാഹുല്യം മാത്രം ഒരു സമുദായത്തെ സൃഷ്ടിക്കുന്നില്ല, അതിൻെറ സാങ്കേതികാൎത്ഥത്തിൽ. നിർദ്ദിഷ്ടലക്ഷ്യമൊന്നുമില്ലാതെ വളരെപ്പേർ തടിച്ചുകൂടിയാൽ ഒരു സമൂഹമാകയില്ല; വെറും ജനക്കൂട്ടമെന്നേ നാം അതിനെ വിളിക്കൂ.

വ്യാപകാർത്ഥത്തിൽ കടന്നൽ'ക്കൂടി'നെയും ആട്ടിൻ'പററ'ത്തേയും നാം സമുദായമെന്നു വിളിക്കുന്നു എന്നാൽ നിയതാൎത്ഥ

---

* സമുദായം, സമൂഹം എന്നീ പദങ്ങൾ തുല്യാർത്ഥത്തിലാണ് ഈ ഗ്രന്ഥത്തിൽ പ്രയോഗിക്കുക, "Society"—യെ കുറിക്കുവാൻ. സമുദായത്തിനു് ഒരു മതജാതീയധ്വനി കൂടി ഉള്ളതിനാലാണ് സമൂഹത്തിനു് മുൻഗണന കൊടുത്തിരിക്കുന്നതു്.

ത്തിൽ ഒരു നിശ്ചിതലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ബുദ്ധിജീവികളുടെ സംഘടനയാണ്, സമുദായം. വ്യക്തികളുടെ ബോധപൂർവ്വമായ ഒരൈക്യവും ഇതു ധ്വനിപ്പിക്കുന്നു.

ഡോക്ടർ മാക് ഐവറുടെ (Dr. MacIver) അഭിപ്രായത്തിൽ: "പരസ്പരബന്ധം ഗ്രഹിച്ചുകൊണ്ടു സാമൂഹ്യജീവികൾ മററുള്ളവരോടും തങ്ങളോടുതന്നെയും പെരുമാറു"മ്പോഴാണു സമുദായം ഉടലെടുക്കുന്നതു്. സാമൂഹ്യബന്ധത്തിനു താഴെ പറയുന്ന ഘടകങ്ങളാണുള്ളതു്: മനുഷ്യരുടെ പരസ്പരധാരണ, ആശയവിനിമയം; സാമൂഹ്യജീവിതത്തിൻെറ പ്രാരംഭമെന്നവണ്ണം എന്തോ ഒന്നു പൊതുവായി ഉണ്ടെന്നുള്ള വിചാരം.

**നിർവ്വചനം:** പൊതുമാർഗ്ഗങ്ങളുപയോഗിച്ചു സംഘടിതപ്രവർത്തനംവഴി ഒരു പൊതുലക്ഷ്യം നേടാൻ ഒന്നു ചേർന്നു പ്രവർത്തിക്കുന്ന വളരെയേറെ വ്യക്തികളുടെ സമൂഹമാണു സമുദായം. സമുദായത്തിൻെറ വസ്തുമൂലകം* (Material Element) വ്യക്തിബാഹുല്യവും, രൂപമൂലകം (Formal Element) വ്യക്തികൾ തമ്മിലുള്ള ഐക്യബന്ധവും (അധികാരവും) വ്യതിരിക്തമൂലകം (Specific Element) സംഘാംഗങ്ങളുടെ പൊതുലക്ഷ്യവുമാണ്.

**2. പലതരം സമുദായങ്ങൾ:** (എ) "സ്വാഭാവിക സമുദായ" (Natural Society)മെന്നും "സ്വതന്ത്ര (Free) സമുദായ"മെന്നും സമൂഹം പ്രഥമതഃ രണ്ടു വിധം:

മനുഷ്യമനസ്സിൽ അന്തർലീനമായിക്കിടക്കുന്ന സ്വാഭാവിക പ്രവണതകളുടെ പരിണതഫലമായി രൂപം കൊള്ളുന്നവ സ്വാഭാവിക സമുദായങ്ങൾ. ഉദാഹരണം: കുടുംബവും രാഷ്ട്രവും. (Family & State)

---

* വസ്തുമൂലകം (Material Element), രൂപമൂലകം (Formal Element) തുടങ്ങിയ "സ്കോളാസ്റ്റിക്" സംജ്ഞകൾ പലയിടത്തും ഇനിയും വരുന്നതാണ്. ആകയാൽ അവയെക്കുറിച്ചു നമുക്കു പരിചയപ്പെടുക:

ഒരു വസ്തു നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തു അതിൻെറ വസ്തുമൂലകവും (Material Element) ഏതു രൂപത്തിൽ അതിനെ നിർമ്മിക്കുന്നുവോ അതു് അതിൻെറ രൂപമൂലകവും (Formal Element) അതിനെ മററൊന്നിൽനിന്നും വേർതിരിച്ചു കാണിക്കുന്നതു വ്യതിരിക്തമൂലക (Specific Element)വുമാണ്. സ്വർണ്ണം കൊണ്ടുതന്നെ താലിയും മാലയും—വളയും തളയും നിർമ്മിക്കുന്നതു്, ഉദാഹരണം.

ബുദ്ധിജീവികളുടെ ഔപചാരികമായ സമ്മതംവഴി ഉയിർക്കൊള്ളുന്നതു്: സ്വാതന്ത്ര്യസമുദായം. ഉദാഹരണം: ശാസ്ത്രസമിതികൾ, പഠനസംഘങ്ങൾ, വ്യവസായസംഘടനകൾ മുതലായവ.

(ബി) "കേവല സമുദായ" (Simple Society) മെന്നും "സങ്കീർണ്ണസമുദായ" (Composite Society) മെന്നും സമുദായത്തെ വീണ്ടും രണ്ടായി വിഭജിക്കാം. കീഴ്ഘടകസമൂഹങ്ങളില്ലാത്തവ കേവലസമൂഹം. ഉദാഹരണം: കുടുംബം. കീഴ്ഘടക സമൂഹങ്ങളെ ഉൾക്കൊള്ളുന്നവ സങ്കീർണ്ണസമൂഹം. ഉദാഹരണം: രാഷ്ട്രം.

(സി) സങ്കീർണ്ണ സമുദായം അപൂർണ്ണം, സമ്പൂർണ്ണമെന്നിങ്ങനെ രണ്ടു തരത്തിലുണ്ടു്. വേറൊരു സമുദായത്തിന്റെ ലക്ഷ്യത്തിനു കീഴ്പ്പെടാതെ സ്വന്തമായ ഒരു ലക്ഷ്യവും അതു പ്രാപിക്കുവാൻ വേണ്ട കഴിവും ഉള്ള സമുദായത്തെ പൂർണ്ണമെന്നും, ഇവ രണ്ടുമോ ഇവയിൽ ഏതെങ്കിലുമൊന്നോ ഇല്ലാത്തവയെ അപൂർണ്ണമെന്നും വിളിക്കുന്നു. യഥാർത്ഥത്തിൽ പരിപൂർണ്ണ സമുദായങ്ങൾ രണ്ടേയുള്ളു—സഭയും രാഷ്ട്രവും.

**3. സാമൂഹ്യശാസ്ത്രം:** (Sociology). ഫ്രഞ്ച് "നിർമ്മാണാത്മക സാമൂഹ്യശാസ്ത്ര" (French Positive Sociology)— ത്തിന്റെ ഉപജ്ഞാതാവായ "അഗസ്റ്റ് കോംങ്റ്റ്" (Auguste Comte) 1839-ൽ സാമൂഹ്യശാസ്ത്രം—സോഷ്യോളജി—എന്ന ഈ പേരു് പ്രഥമതഃ പ്രയോഗിച്ചു. കൂട്ടുകാരൻ, എന്നർത്ഥമുള്ള Socius എന്ന ലാററിൻ പദവും ശാസ്ത്രമെന്നർത്ഥമുള്ള Logos എന്ന ഗ്രീക്കുപദവും കൂടിച്ചേർന്നു് ഉണ്ടായതാണു് സോഷ്യോളജി. (Sociology). സമുദായത്തെ പററിയുള്ള പഠനമെന്നാണു് ഇതിന്റെ വാച്യാർത്ഥം.

എന്നാൽ ഈ വാച്യാർത്ഥം യാഥാർത്ഥ്യത്തിന്റെ നൂറിലൊരംശമേ വെളിപ്പെടുത്തുന്നുള്ളു. കാരണം, സാമൂഹ്യം, രാഷ്ട്രീയം, നൈയാമികം, ധനപരം, സാന്മാർഗ്ഗികം, മതപരം തുടങ്ങിയ വിവിധങ്ങളും വിപുലങ്ങളുമായ വീക്ഷണകോണങ്ങളിലൂടെ ചർച്ച ചെയ്യപ്പെടേണ്ട, സങ്കീർണ്ണകത്വം നിറഞ്ഞ ഒന്നാണു്, മാനവസമുദായപഠനം.

സാമൂഹ്യവിജ്ഞാനമേഖലയിൽ സോഷ്യോളജിക്കു് ഒരു പ്രത്യേക സ്ഥാനമുണ്ടു്. അതു് സമൂഹം, സാമൂഹികക്രമം എന്നിവയെപ്പററി വിപുലമായി പ്രതിപാദിക്കുന്നതിനു പുറമേ, സാമൂഹിക പ്രവ

ത്തനത്തിൻെറ പ്രത്യേകവശങ്ങളെപ്പററി മാത്രം ചർച്ച ചെയ്യുന്ന മററെല്ലാ ശാസ്ത്രവിഭാഗങ്ങളുടേയും സാമാന്യതത്വങ്ങൾ നമുക്കു ക്രോഡീകരിച്ചു തരികകൂടി ചെയ്യുന്നു. റവ: പി ജെ. ഗ്ലെൻ (Rev; P. J. Glen) പറയുന്നതുപോലെ, സോഷ്യോളജിയുടെ ഈ സ്വഭാവവിവരണം തീരെ അപര്യാപ്തവും അസ്പഷ്ടവുമാണ്. എന്നാൽ മററു സാമൂഹ്യശാസ്ത്രങ്ങളിൽനിന്നും വ്യതിരിക്തമായ നിലയിൽ സോഷ്യോളജിക്ക് ഒരു ലഘുനിർവ്വചനം നല്കുക അത്ര സുകരമല്ല.

**സാമൂഹ്യശാസ്ത്രം—ഒരു നിർവ്വചനം:** സാമൂഹ്യശാസ്ത്രത്തെ അതിൻെറ പൊതുസ്വഭാവത്തെ പരിഗണിച്ചുകൊണ്ടു നമുക്ക് ഏതാണ്ടിങ്ങിനെ നിർവ്വചിക്കാം. "സാമൂഹ്യക്രമത്തിൻെറ വിവിധ വശങ്ങളേപ്പററി പ്രതിപാദിക്കുകയും അതിൻെറ പരിപാലനത്തിനു മനുഷ്യനുള്ള കടമകളെ നിർദ്ദേശിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശാസ്ത്രമാണ്" സാമൂഹ്യശാസ്ത്രം.

സ്കോളാസ്റ്റിക് ശൈലിയിൽ പറഞ്ഞാൽ, ഈ ശാസ്ത്രത്തിൻെറ വസ്തുമൂലകം (വിഷയം) പല സാമൂഹ്യസംഘങ്ങളേയും ഉൾക്കൊള്ളുന്ന മാനവസമുദായവും, രൂപമൂലകം, സമുദായത്തിൻെറയും സാമുദായികസ്ഥാപനങ്ങളുടേയും ക്രമസുസ്ഥിതികളുമാണ്. ആകയാൽ മനുഷ്യനു സഹജീവികളോടുള്ള ബന്ധം സമാധാനപരവും നീതിയുക്തവുമാകത്തക്കവിധം സാമൂഹ്യാഭിവൃദ്ധിക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയാണു സാമൂഹ്യശാസ്ത്രത്തിൻെറ പ്രധാനോദ്ദേശ്യം.

സാമൂഹ്യശാസ്ത്രപഠനത്തിൽ നമുക്കു രണ്ടു ഘട്ടങ്ങൾ കാണാം:

1. **താത്വികം:** മനുഷ്യൻ, കുടുംബം, രാഷ്ട്രം തുടങ്ങിയ എല്ലാ സാമൂഹ്യഘടകങ്ങളുടേയും വിവിധ വശങ്ങളേപ്പററി ഈ ഘട്ടത്തിൽ നാം ചർച്ച ചെയ്യുന്നു. ഈ അർത്ഥത്തിൽ സാമൂഹ്യശാസ്ത്രം തത്വശാസ്ത്രത്തിൻെറ വിഭാഗമാണ്.

2. **പ്രാവർത്തികം:** പരീക്ഷണനിരീക്ഷണങ്ങളാണ് ഈ ഘട്ടത്തിൻെറ പ്രത്യേകത. പഠനവും പരീക്ഷണവും വഴി സാമൂഹ്യോന്നമനത്തിനു വേണ്ട മാർഗ്ഗനിർദ്ദേശം നല്കുകയാണു സാമൂഹ്യശാസ്ത്രം ഈ ഘട്ടത്തിൽ ചെയ്യുക. സാമുദായിക സുസ്ഥിതിക്കുവേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ അപഗ്രഥനവും (Deductive Method) ഉൽഗ്രഥനവും പ്രയോഗിക്കുന്നു.

**4. കത്തോലിക്കസാമൂഹ്യശാസ്ത്രം:** മനുഷ്യൻെറ പരമലക്ഷ്യം കത്തോലിക്ക വീക്ഷണത്തിൽ, "ഈ ലോകത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു സേവനമനുഷ്ഠിച്ച്, പരലോകത്തിൽ അനന്തമായി അവിടുത്തെ അഭിമുഖം ദർശിച്ച് ആനന്ദിക്കുക"യാണല്ലോ. ആകയാൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന തത്വങ്ങളനുസരിച്ചു മനുഷ്യൻെറ എല്ലാ പ്രവൃത്തങ്ങളും—കേവലം ധനപരമായവപോലും—നിയന്ത്രിക്കപ്പെടുക ആവശ്യകമാണ്. ആകയാൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സാമൂഹ്യശാസ്ത്രത്തെ ഇപ്രകാരം നിർവ്വചിക്കാം:

"കത്തോലിക്ക സഭയുടെ ആദർശാനുസാരം സമുദായത്തേയും സാമൂഹ്യതത്വങ്ങളേയും, പ്രതിപാദിക്കുന്ന ശാസ്ത്രമാണ്, സാമൂഹ്യശാസ്ത്രം അഥവാ സോഷ്യോളജി.

ഈ സാമൂഹ്യശാസ്ത്രം കത്തോലിക്കവിദ്യാർത്ഥികളെ ഉദ്ദേശിച്ചു വിരചിക്കുന്നതാകയാൽ ഇതിൻെറ പ്രതിപാദ്യവും രൂപവും തികച്ചും കത്തോലിക്കാദർശങ്ങൾക്ക് അനുയോജ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

**സാമൂഹ്യശാസ്ത്രചരിത്രപശ്ചാത്തലം:** 18-ാം നൂററാണ്ടിലുണ്ടായ വ്യാവസായികവിപ്ലവത്തോടുകൂടി കത്തോലിക്കസാമൂഹ്യശാസ്ത്രം അതിൻെറ വളർച്ചയുടെ പുതിയ വഴിത്തിരിവിലെത്തി ഒരു നവീനാദ്ധ്യായം തന്നെ തുടങ്ങിയെന്നു പറയാം. ആകയാൽ തൊഴിലാളിവർഗ്ഗത്തിൻെറ ഉന്നമനത്തെ ലാക്കാക്കി, തൊഴിലിനേയും ഉടമയേയുംപററി പ്രതിപാദിക്കുക സാമൂഹ്യപഠനത്തിൽ ആവശ്യമായിത്തീരുന്നു.

നവീന സാമൂഹ്യപ്രവർത്തനങ്ങളുടെ പ്രഥമപ്രണേതാക്കൾ ജർമ്മനിയിൽ ബിഷപ്പ് വോൺ കെററ്ലറും [1] ആസ്ട്രിയായിൽ, ബറോൺ സി. ഡി. വോജൽസാംഗും [2] സ്വിററ്സർലണ്ടിൽ കാർഡിനൽ മെർമില്ലഡും [3] ആണ്.

ഫ്രാൻസിലാകട്ടെ, മതാചാരങ്ങളിലേക്കും ദേശീയപാരമ്പര്യങ്ങളിലേക്കും ആധുനികസമുദായത്തെ തിരികെ കൊണ്ടുവരാനു

1. Bishop Von Ketteller.
2. Baron C. de Vogel Sang.
3. Card: Mermillod.

ള്ള മാർക്വിസ് ഡെ-ല-ട്ടൂർഡെപ്പി[1]ൻെറയും കൗണ്ട് മൂണി[2]ൻെറയും പരിശ്രമങ്ങളോടുകൂടി, 1870-ൽ കത്തോലിക്കസാമുദായികപ്രവർത്തനപ്രസ്ഥാനം സമാരബ്ധമായി.

പ്രഥമഘട്ടങ്ങളിൽ വിവിധ കത്തോലിക്കപഠനകേന്ദ്രങ്ങൾക്ക സാമൂഹ്യോന്നമനത്തിനുപയോഗിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ച വിഭിന്നാഭിപ്രായങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ നില മാററി, അവയ്ക്കു് ഐകരൂപ്യം നല്കുവാൻ 1885-ൽ അന്നത്തെ മാർപ്പാപ്പായുടെ ആശീർവ്വാദാംഗീകാരത്തോടെ, മോൺ: മെർമില്ലഡിൻെറ നേതൃത്വത്തിൽ സുപ്രസിദ്ധ "ഫ്റീബർഗ് സഖ്യം" രൂപീകൃതമായി. ഈ സഖ്യത്തിൻെറ പ്രഥമോദ്ദേശ്യം സാമൂഹ്യപഠനത്തിൽ കത്തോലിക്കർക്ക മാർഗ്ഗനിർദ്ദേശം നല്കുവാൻ പോരുന്ന സാമൂഹ്യസേവനതത്വസംഹിത കെട്ടിപ്പടുക്കുകയായിരുന്നു.

ഇതേ ലക്ഷ്യത്തോടെതന്നെ 1920-ൽ കാർഡിനൽ മേർസിയരുടെ[3] നേതൃത്വത്തിൽ, കൂടുതൽ വിപുലവും പ്രായോഗികവുമായ തോതിൽ, മലൈൻസ് (Malines) എന്ന സ്ഥലത്തു് അന്താരാഷ്ട്രീയസാമൂഹ്യപഠനസഖ്യം (International Union for Social Studies) എന്ന മറെറാരു സ്ഥാപനവും ഉടലെടുത്തു. ഈ സഖ്യത്തിന് സാമൂഹ്യസേവനരംഗത്തു് വളരെയേറെ പ്രേരണാശക്തി ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. "സാമൂഹ്യതത്വസംഹിത" (Code of Social Principles) എന്ന അവരുടെ എണ്ണപ്പെട്ട ഒരു പ്രസിദ്ധീകരണം വിവിധ ഭാഷകളിലേക്ക് ഇതിനകം വിവർത്തനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ സഖ്യത്തോടു ബന്ധപ്പെട്ട ചില സമുന്നതവ്യക്തികളാണ്, പ്രഖ്യാതരായ വെർമഷ്[4], റട്ടൺ[5], സെർട്ടിലാംജസ്[6] മോൺ: ഡെപ്ലീജ[7] മുതലായവർ. *

എങ്കിലും, സാമൂഹ്യപഠനത്തിനുള്ള തത്വരത്നങ്ങളുടെ സമൃദ്ധവും യഥാർത്ഥവുമായ കലവറ നാം കണ്ടെത്തുക, മാർപ്പാപ്പമാരുടെ

---

1. Marquis De la Tour de pin.
2. Count de Mun.
3. Card. Mercier.
4. Vermeersch.
5. Rutten.
6. Sertillanges.
7. Mgr. Deploige.

* Conf: Catholic Encyclopaedia—p. 16-17 (1954) Art: "Sociology" and "a Code of Social Principles"

ചിന്താബന്ധുരങ്ങളായ ചാക്രികലേഖനങ്ങളിലാണ്. സാമൂഹ്യപ്രശ്നങ്ങളെപ്പററി പഠിക്കുവാൻ മുതിരുന്ന ഏതൊരുവനും ആശയങ്ങളും ആദർശവും പകർന്നെടുക്കേണ്ടതും അവയിൽനിന്നുതന്നെയത്രേ.

ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ പാപ്പായുടെ ചാക്രികലേഖനങ്ങളാണ്, സാമൂഹ്യപഠനവിഷയത്തിൽ പ്രഥമസ്ഥാനം നേടുന്നതു്. തൊഴിലാളിചട്ടയം എന്നറിയപ്പെടുന്ന 'റേരും നൊവാരും' (1891-), രാഷ്ട്രങ്ങളുടെ ക്രിസ്തീയസംവിധാനത്തെപ്പററി പ്രതിപാദിക്കുന്ന 'ഇമ്മോർത്താലെ ദേയി' (Immortale Dei) എന്നീ ലേഖനങ്ങൾ ഖ്യാതി നേടിയവയാണ്. 11-ാംപീയൂസ് മാർപ്പാപ്പയുടെ ചാക്രികലേഖനങ്ങളും അമൂല്യങ്ങളാണ് ഈ വിഷയത്തിൽ. ക്രിസ്തീയവിവാഹത്തെപ്പററി പ്രതിപാദിക്കുന്ന 'ദിവിനി ഇല്ലിയൂസ്' (Divini Illius) അവിടുന്ന് 1929-ൽ പ്രസിദ്ധീകരിച്ചു. ലെയോ പതിമൂന്നാമൻെറ "റേരും നൊവാരും" എന്ന ചാക്രികലേഖനത്തിനു് ഒരു വിദഗ്ദ്ധവ്യാഖ്യാനമെന്ന നിലയിൽ, അതിൻെറ പ്രസിദ്ധീകരണത്തിൻെറ 40-ാംവാർഷികത്തിൽ (1931-ൽ) അവിടുന്നു പുറപ്പെടുവിച്ച മറെറാരു പ്രശ്രുതരേഖയാണ് "ക്വാദ്രജസിമോ ആന്നോ" (Quadragesimo Anno). അധുനാധുനസാമൂഹ്യപ്രശ്നപരിഹാരാർത്ഥം, ആധുനികകത്തോലിക്കസാമൂഹ്യപ്രവത്തകർ ലോകമാസകലം വിശ്രുതങ്ങളായ ഈ ചാക്രികലേഖനങ്ങളിൽനിന്നു മാർഗ്ഗനിർദ്ദേശം സ്വീകരിച്ചുതുടങ്ങിയിട്ടുണ്ടെന്നതു് ശുഭോദാർക്കമാണ്.

## 5. സോഷ്യോളജിയും മററു സാമൂഹ്യശാസ്ത്രങ്ങളും:

മററു സാമൂഹ്യശാസ്ത്രങ്ങളിൽനിന്നും വിഭിന്നമായി സോഷ്യോളജി ചെയ്യേണ്ടതെന്തെന്നു കൃത്യമായി പറയുക പ്രയാസമാണ്. കാരണം മതം, ചരിത്രം, രാഷ്ട്രവിജ്ഞാനം, ധാർമ്മികശാസ്ത്രം, ധനതത്വശാസ്ത്രം, നരവംശശാസ്ത്രം (Anthropology) സാമൂഹ്യമനഃശാസ്ത്രം (Social Psychology) തുടങ്ങിയ മററു സാമൂഹ്യശാസ്ത്രങ്ങളുമായി അവ അത്രത്തോളം കെട്ടുപിണഞ്ഞു കിടക്കുന്നു. അതിനും പുറമേ, അവയുടെ തത്വസംഹിതകളിൽനിന്നും നിഗമനങ്ങളിൽനിന്നും നിർല്ലോഭം അതു കടമെടുക്കുകകൂടി ചെയ്യുന്നു. ആകയാൽ ഈ വിവേചനം ശാസ്ത്രീയമാകുവാൻ ഒരു സമഗ്രതാരതമ്യപഠനം ആവശ്യമാണ്. അതിനു് ഈ ചെറുകൃതിയിൽ മുതിരുക സാഹസമാകയാൽ പ്രകടമായ ചില വ്യത്യാസങ്ങൾ മാത്രം-പഠനസൗകര്യത്തിനായി-പട്ടികരൂപത്തിൽ അടുത്ത പേജിൽ ചേർക്കുന്നു. അതിൽനിന്നും സോഷ്യോളജിയും മററു സാമുദായികശാസ്ത്രങ്ങളും തമ്മിലുള്ള വ്യത്യാസബന്ധങ്ങൾ വ്യക്തമാകും.

| | | ശാസ്ത്രങ്ങൾ: | പഠനവിഷയങ്ങളും രീതിയും: |
|---|---|---|---|
| ധാർമ്മികാടിസ്ഥാനം | (1) | സാമാന്യധാർമ്മികശാസ്ത്രം:- (General Ethics). .... | മാനുഷിക പ്രവൃത്തിയെപ്പററിയുള്ള സാമാന്യധാർമ്മികതത്വങ്ങൾ. |
| | (2) | സാമൂഹ്യധാർമ്മികശാസ്ത്രം:- (Social Ethics) .... | സാമൂഹ്യസ്ഥാപനങ്ങളെ സംബന്ധിക്കുന്ന ധാർമ്മികതത്വങ്ങൾ. |
| സോഷ്യോളജി | (1) | സാമാന്യസോഷ്യോളജി: (General) .... | സമൂഹവും സാമൂഹ്യസംഘടനകളും. അവയുടെ സമുദ്ധരണവും അഭിവൃദ്ധിയും. |
| | (2) | പ്രത്യേക സോഷ്യോളജി: (Special) .... | നരവംശശാസ്ത്രം, ധനതത്വശാസ്ത്രം, സാമൂഹ്യമനഃശാസ്ത്രം, സാമൂഹ്യനിയമനിർമ്മാണം, സാമൂഹ്യസംഘടനകൾ, സാഹചര്യം, മതമനഃശാസ്ത്രം തുടങ്ങിയവ. |
| | (3) | കത്തോലിക്ക സോഷ്യോളജി: .... | കത്തോലിക്ക സാമൂഹ്യപ്രവർത്തനം |
| | (4) | അക്രൈസ്തവ സോഷ്യോളജി: .... | നിർമ്മാണാത്മകം, ഭൗതികം, കമ്മ്യൂണിസ്റ്റ്–ഫ്റോയിഡ്യൻ മുതലായവ. |
| | (5) | പ്രായോഗിക സാമൂഹ്യശാസ്ത്രം: (Applied Sociology) .... | സാമൂഹ്യപ്രവർത്തനം-ദുരിതനിവാരണം, പൊതുജനാരോഗ്യം, കുററവാളികളുടെ മനഃസംസ്കരണം, സാമുദായിക പുനരുദ്ധാരണം മുതലായവ. |

**1. ധാർമ്മികശാസ്ത്രം:** (Ethics) പ്രവൃത്തികളുടെ ധർമ്മാധർമ്മവിവേചനമാണ് ഇതിന്റെ ലക്ഷ്യം. ധാർമ്മികശാസ്ത്രം തത്വങ്ങൾ നിരത്തി വയ്ക്കുകയേയുള്ളു. ഒരു പ്രവർത്തനപരിപാടി അതു നിർദ്ദേശിച്ചു തരുന്നില്ല. എന്തു ചെയ്യണം; എന്തു ചെയ്യരുത് എന്നു പറയും. എന്നാൽ എങ്ങനെ ചെയ്യണമെന്നു പറയുകയില്ല. സാമൂഹ്യശാസ്ത്രം ധാർമ്മികതത്വങ്ങളുടെ വെളിച്ചത്തിൽ സാമൂഹ്യപ്രശ്നങ്ങളെ സമഗ്രമായി പഠിക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. 'പ്രത്യേക ധാർമ്മികശാസ്ത്ര'മാകട്ടെ, ഈ സാമാന്യ ധാർമ്മികതത്വങ്ങളെ, വ്യക്തികളുടേയും സമൂഹത്തിന്റേയും ഓരോരോ പ്രവർത്തനത്തിലും പ്രയോഗിക്കുകയാണ് ചെയ്യുക. അപ്പോൾ അതിനെ 'സാമൂഹ്യധാർമ്മികശാസ്ത്ര'മെന്നും വിളിക്കാം.

**2. രാഷ്ട്രവിജ്ഞാനീയം** (Politics) ഭരണകൂടത്തിന്റെ ഒതുങ്ങിയ പരിധിയിൽനിന്നു പ്രവർത്തിച്ചും ശരിയായ സാമൂഹ്യനിയമങ്ങൾ നീതിപൂർവ്വം നടപ്പാക്കിയും മനുഷ്യവർഗ്ഗത്തിന്റെ സുസ്ഥിതിക്കായി യത്നിക്കുന്നു.

**3. ധനതത്വശാസ്ത്രം** (Economics) ധനത്തിന്റേയും ഇതരവസ്തുക്കളുടേയും പരിധിയിൽ മനുഷ്യരുടെ സമൃദ്ധിക്കായി വർത്തിക്കുന്നു. എന്നാൽ, ഉൽപ്പാദനത്തിലും വിതരണത്തിലും ധാർമ്മികതത്വങ്ങളെ പരിപാലിക്കുന്നതിനുപുറമേ സാമൂഹ്യശാസ്ത്രം നീതിയുടേയും പരസ്പരസ്നേഹത്തിന്റേയും മണ്ഡലത്തിൽ ബഹുദൂരം മുന്നേറുകതന്നെ ചെയ്യുന്നു.

**4. സാമൂഹ്യമനശ്ശാസ്ത്രം** (Social Psychology) ഇതു് സമൂഹത്തിന്റെ മാനസിക വ്യാപാരങ്ങളെ വിശകലനം ചെയ്യുന്നു. മാനസികവികലത, പാതകം, കുററം, ആശ്രിതത്വം തുടങ്ങിയ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ഇതു സാമൂഹ്യശാസ്ത്രത്തെ സഹായിക്കുന്നു.

**5. മതം.** ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിച്ചുകൊണ്ടു", മനുഷ്യനെ പരമാന്ത്യത്തിലേക്കു നയിക്കുന്നതും അങ്ങിനെ മാനവപുരോഗതി നേടുവാൻ സഹായിക്കുന്നതുമാണ് മതം. സാമൂഹ്യശാസ്ത്രമാകട്ടെ സത്യമതത്തിന്റെ ഉദ്ദേശ്യങ്ങൾക്കു കീഴ്പ്പെട്ടും മനുഷ്യനു മനുഷ്യനോടുള്ള ബന്ധം നിയന്ത്രിച്ചുകൊണ്ടും മർത്ത്യ

വർഗ്ഗത്തിൻെറ സുസ്ഥിതിയെ പ്രോത്സാഹിപ്പിക്കുകയും ഭൗമികനന്മയിലേക്ക് അവരെ ആനയിക്കുകയും ചെയ്യുന്നു.

**6. നരവംശശാസ്ത്രം.** (Anthropology) ആദിമമനുഷ്യനെ സംബന്ധിക്കുന്ന ശാസ്ത്രമെന്നാണ്, ഇതു സാമാന്യം അറിയപ്പെടുക. ആദിമസമൂഹങ്ങളെപ്പററി വിലയേറിയ അറിവു നല്കികൊണ്ട് ഇതും സാമൂഹ്യശാസ്ത്രത്തെ സഹായിക്കുന്നു.

**7. ചരിത്രം.** ഭൂതകാലസംഭവങ്ങളെ വിവരിക്കുന്നു; മനുഷ്യവർഗ്ഗത്തിൻെറ ഇതഃപര്യന്തമുള്ള അനുഭവത്തിൻെറ വെളിച്ചത്തിൽ, സാമൂഹ്യോൽക്കർഷത്തിനുള്ള പ്രായോഗികപരിപാടി തയ്യാറാക്കുകയും ചെയ്യുന്നു.

ഇങ്ങനെ ഈ സാമൂഹ്യശാസ്ത്രങ്ങളിൽ നിന്നെല്ലാം നിർല്ലോഭം കടമെടുത്ത് സാമാന്യസാമൂഹ്യശാസ്ത്രം സാമുദായികപഠനപരിപാടി രൂപവൽകരിക്കുന്നു.

**6. പഠനമാർഗ്ഗം:** സ്കോളാസ്റ്റിക്‌രീതി പിന്തുടർന്ന് ഇവിടെയും ഉൽഗ്രഥനാപഗ്രഥന (Inductive-Deductive)രീതിയാണ് പ്രയോഗിക്കുവാൻ പോകുന്നതു്. പ്രായോഗികശാസ്ത്രങ്ങളിൽ അവയുടെ ലക്ഷ്യമാണ പ്രഥമതഃ പരിഗണിക്കേണ്ടതെന്നാണ സെൻറ് തോമസിൻെറ അഭിപ്രായം. ലക്ഷ്യം കൺമുമ്പിൽ വച്ചുകഴിഞ്ഞാൽ അതു നേടുവാനുള്ള മാർഗ്ഗം മനസ്സു സ്വയം കണ്ടുപിടിച്ചുകൊള്ളും.

ധാർമ്മികനീതിശാസ്ത്രങ്ങളിൽ അലംഘനീയങ്ങളും മനുഷ്യപ്രകൃതിയിൽത്തന്നെ അധിഷ്ഠിതങ്ങളുമായ ധാരാളം നിശ്ചിതതത്വങ്ങളുണ്ട്. അവയിൽനിന്നും സാമുദായികക്രമത്തിനു് ഉപകരിക്കുന്ന തത്വങ്ങളും നിഗമനങ്ങളും സാമുദായികശാസ്ത്രം സർവ്വദാ സ്വീകരിക്കുന്നു. ഇതാണ് അപഗ്രഥനമാർഗ്ഗം. എന്നാൽ സമൂഹത്തിൽ സർവ്വദാ സംഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി ജീവൽപ്രശ്നങ്ങളെ പഠിച്ച് അവയിൽനിന്നും നമുക്കു സാമാന്യസാമുദായികനിയമങ്ങൾ നിർമ്മിക്കുവാൻ കഴിയും: ഇതാണ് ഉദ്ഗ്രഥനരീതി.

സാമുദായികശാസ്ത്രത്തിൽ സ്വീകരിച്ചിരിക്കുന്ന തെററായ പഠനമാർഗ്ഗങ്ങൾ താഴെ ചേർക്കുന്നു:

(എ) ഹോബ്സിൻെറ[1]യും റൂസ്സോ[2]യുടേയും സാമുദായികക്കരാർവാദം (Social Contract). ഹെഗെലി[3]ൻെറ സ്വയോല്പത്തിവാദം (Auto-Genetics). സ്മിത്ത്,[4] റിച്ചേർഡ്[5], മാൽത്തൂസ്[6] എന്നിവരുടെ ആംഗ്ലേയ സ്വതന്ത്രധനതത്വവാദം (Liberal Economist) എന്നിവ. ഇവരെല്ലാവരുംതന്നെ ചരിത്രവസ്തുതകളും അനുഭവവും അവഗണിച്ച്, സ്വകപോലകല്പിതങ്ങളായ മാർഗ്ഗങ്ങളിലൂടെ സാമുദായികവ്യവസ്ഥകൾ കണ്ടുപിടിക്കുവാനാണു പരിശ്രമിക്കുന്നത്.

(ബി) താഴെ പറയുന്ന ചിന്താഗതിക്കാർ സ്വീകരിച്ചിട്ടുള്ള പഠനമാർഗ്ഗം:

1. നിർമ്മാണാത്മകവാദികളായ (Positivist) കോംടേ[7], സ്പെൻസർ[8].
2. ചരിത്രാത്മകവാദികളായ മൊണ്ടെസ്ക്വി[9], സവീഞ്ഞി.[10]
3. സാമൂഹ്യസമാധാനവാദം അവലംബിച്ചിട്ടുള്ള ലെപ്ലെ[11].

ഇവർ വ്യത്യസ്തമായ ലക്ഷ്യങ്ങളോടുകൂടി, പ്രത്യേകിച്ചു ലെപ്ലെ എത്രയും വിശിഷ്ടമായ ലക്ഷ്യത്തോടുകൂടി അനുഭവജ്ഞാനത്തെമാത്രം അടിസ്ഥാനപ്പെടുത്തി സാമുദായികശാസ്ത്രം സൃഷ്ടിക്കുവാൻ വൃഥാ പരിശ്രമിച്ചിരിക്കുകയാണ്! എങ്കിലും ഒരു കാര്യം സമ്മതിച്ചേ മതിയാവൂ. അന്നാംവരെ അവഗണിക്കപ്പെട്ടിരുന്ന ചില ശാസ്ത്രീയവസ്തുതകളെ അവധാനപൂർവ്വം ഗവേഷണം ചെയ്തു സാമുദായികശാസ്ത്രത്തിനു ഇവരെല്ലാം വമ്പിച്ച സംഭാവന ചെയ്തിട്ടുണ്ട്.

**7. സാമൂഹ്യശാസ്ത്രചരിത്രം:** സാമുദായികശാസ്ത്രത്തിന്, മനുഷ്യവംശത്തോളംതന്നെ പഴക്കമുണ്ടെന്നു പറയണം. എന്നാൽ ക്രമീകൃതമായ സാമുദായികപഠനം സമാരബ്ധമായത്, പാശ്ചാത്യനാട്ടുകളിൽ ഗ്രീക്കുതാത്വികരുടെ ആവിർഭാവത്തോടെയാണ്. ശാസ്ത്രീയമായ സാമുദായികപഠനത്തിനായി പ്രതിഭയെ പ്രയോഗിച്ച

1. Hobbes. 2. Rousseau. 3. Hegel.
4. Smith. 5. Richard. 6. Malthus.
7. Comte. 8. Spencer. 9. Montesquieu-
10. Savigny. 11. Le Play.

അവർ എണ്ണപ്പെട്ട പല സംഭാവനകളും ഈ ശാസ്ത്രവിഭാഗത്തിനു നല്കി. B. C. 427 മുതൽ 347 വരെ ജീവിച്ച സുപ്രസിദ്ധ ഗ്രീക്‌-താത്വികനായ പ്ലേറ്റോ വിരചിച്ച "റിപ്പബ്ളിക്കും" (De Republica) അരിസ്റ്റോട്ടിലിൻെറ "ധാർമ്മിക-രാഷ്ട്രീയശാസ്ത്ര"വും (Ethics and Politics) എടുത്തു പറയേണ്ടവയാണ്. റോമാക്കാരുടെ ഇടയിൽ ഈ മണ്ഡലത്തിൽ പ്രവർത്തിച്ച പ്രമുഖപണ്ഡിതൻ വിശ്രുതതാത്വികനായ "മാർക്കസ് ടുളിയസ് സിസറോ*യാണ്. തൻെറ വിവിധകൃതികളിലൂടെ യഥാർത്ഥമായ സാമുദായികപഠനവും രാഷ്ട്രീയനൈതികവിജ്ഞാനവും അദ്ദേഹം പാശ്ചാത്യലോകത്തിനു പകർന്നുകൊടുത്തു.

റോമൻസാമ്രാജ്യകാലം കഴിയുമ്പോൾ നാം കാണുന്നതു സെൻറ് അഗസ്റ്റിനെയാണ് (354-430). വിശ്വവിഖ്യാതമായ "സ്വർഗ്ഗനഗരം" (De Civitate Dei) എന്ന തൻെറ ഗ്രന്ഥത്തിൽ, അക്കാലത്തെ സാമൂഹ്യനിലപാടുകളും ആശയാദർശങ്ങളും ചരിത്രത്തിൻെറ താത്വികവശവും അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. സെൻറ തോമസ് അക്വീനസ്സ് (1227-1274) "രാജാക്കന്മാരുടെ ഭരണം" (De Regimine Principum) എന്ന ഗ്രന്ഥത്തിലും ദൈവശാസ്ത്രസംഗ്രഹം (Sumna Theologica) എന്ന പുസ്തകത്തിൻെറ ചില ഭാഗങ്ങളിലുമായി മനുഷ്യൻ, സമൂഹം, സാമൂഹ്യപ്രശ്നങ്ങൾ മുതലായവയെപ്പററി സമഗ്രമായി ചർച്ച ചെയ്തിരിക്കുന്നു. തുടർന്ന്, തോമസ്മൂർ (1477-1535) പ്രസിദ്ധമായ "യുറോപ്യ" എഴുതി. സാമൂഹ്യശാസ്ത്രത്തിനു മുതല്ക്കൂട്ടിയ ആധുനികസാമൂഹ്യശാസ്ത്രജ്ഞന്മാരാണ്. വിട്ടോറിയ[1], സ്വാരസ്[2], ബെല്ലാർമിൻ[3], ഗ്രോഷ്യസ്[4] മുതലായവർ. ലോക്കും (Lock) റൂസ്സോയും പിന്നാലെ വന്നവരാണ്. ഇങ്ങനെയെല്ലാമാണെങ്കിലും ഇന്നത്തെ രീതിയിലുള്ള "സാമൂഹ്യശാസ്ത്രപഠനം" ഒരു നവീന ശാസ്ത്രവിഭാഗംതന്നെയാണ്.

1839-ൽത്തന്നെ, അഗസ്റ്റസ് കോംങ്ററ്, "സോഷ്യോളജി" എന്ന സംജ്ഞ പ്രയോഗിച്ചുതുടങ്ങിയെങ്കിലും 19-ാംശതാബ്ദത്തിൻെറ അന്ത്യംവരെ സാമൂഹ്യശാസ്ത്രത്തെപ്പററി സുലഭമായ ചർച്ചകളൊന്നുമുണ്ടായിട്ടില്ല. സാമൂഹ്യവസ്തുതകളുടെ നിരീക്ഷണം, വിവരണം, തരംതിരിക്കൽ തുടങ്ങിയവ നിർവ്വഹിക്കുന്ന ശാസ്ത്രവിഭാഗത്തെ

* Marcus Tullius Cicero.

1. Vittoria. 2. Suarez. 3. Bellarmin.

4. Grotius.

യാണ് കോംങ്ററ് തൻെറ നിമ്മാണകതത്വശാസ്ത്രത്തിൽ സാമൂഹ്യശാസ്ത്രമെന്നു നാമകരണം ചെയ്തതു്.

19-ാംനൂററാണ്ടിൻെറ അന്ത്യത്തോടെ, സാമുദായികശാസ്ത്രജ്ഞന്മാരുടെ ഒരു ഘോഷയാത്രതന്നെ ആരംഭിച്ചുവെന്നു പറയാം. അവരിൽ പ്രമുഖരായി പരിഗണിക്കപ്പെടുന്നതു ഫ്രാൻസിൽ, ലെപ്ലെ[1], എമിലി[2] – ഇംഗ്ലണ്ടിൽ, സ്പെൻസർ[3], വെസ്റ്റർമാക്ക്[4] – ജമ്മനിയിൽ, ജോർജ്ജ് സിമ്മൽ[5], ലെയോപ്പാൾഡ്[6] – അമേരിക്കയിൽ, ഗ്രഹാൻസ്[7], ലെസ്റ്റർവേഡ്[8] എന്നിവരാണ്.

നിർഭാഗ്യമെന്നു പറയട്ടെ, ആധുനികവ്യാജസാമുദായികശാസ്ത്രത്തിന്, ജഗൽപ്രസിദ്ധവും യുക്തിസുന്ദരവുമായ അരിസ്റ്റോട്ടിൽ—അകചിനാസ് താതചികരീതിയോടു കടുത്ത പുഛമാണ്. ക്രിസ്തുമതവിരോധികളെല്ലാം ആ വ്യാജശാസ്ത്രത്തിൻെറ പിറകേപോയി മനുഷ്യവർഗ്ഗത്തെ വഴിതെററിച്ചുകൊണ്ടിരിക്കുകയാണ്. വ്യാജസാമുദായികശാസ്ത്രം യുക്തിവാദത്തിലോ വെറും ഭൗതികവാദത്തിലോ, കമ്മ്യൂണിസത്തിലോ ഫ്രോയിഡ്യൻചിന്താഗതിയിലോ അധിഷ്ഠിതമാണ്.

ഇന്ത്യയിൽ ഇന്നോളം സാമുദായികശാസ്ത്രത്തിന് അതർഹിക്കുന്ന പ്രാധാന്യം ലഭിച്ചിട്ടില്ല. ബോംബെയിലെ "ധനതത്വ-സാമുദായികപഠനനിലയം" (School of Economic & Sociolegy) സാമുദായികപഠനത്തിനായി ഒരു പ്രത്യേകവിഭാഗം ഏർപ്പെടുത്തിയിട്ടുണ്ട്. ധനതത്വശാസ്ത്രാനുബന്ധം (Leftover Ecconomics), രാഷ്ട്രീയം, സാമുദായികമനശ്ശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയവയുടെ ഒരു സങ്കലിത സംഗ്രഹത്തിൻെറമേലാണു മററു സ്ഥലങ്ങളിൽ "സോഷ്യാളജി" എന്ന ലേബൽ പതിച്ചിട്ടുള്ളതു്. (Conf. Teaching of the Social Seience by UNESCO. 1954 Page 227.)

ശ്രീ. R. K. മുക്കർജി, K. M. കപല്യഹുമയൂൺ, ബൻസാര, ഖുറേ തുടങ്ങിയവരാണ് ഇന്നത്തെ ഇന്ത്യൻസാമുദായികശാസ്ത്രജ്ഞന്മാരിൽ പ്രമുഖന്മാർ. 'ടാററാകമ്പനി, ബോംബേ, ലക്നോ, ഡെൽഹി, ബറോഡാ എന്നിവിടങ്ങളിൽ നടത്തുന്ന സാമുദായികകേന്ദ്രങ്ങളാണ്

---

1. Le Play. 2. Emile. 3. Herbert Spenser.
4. Westermarck. 5. George Simmel.
6. Leopold Van Wiese. 7. Grahan Summe.
8. Lester Word.

ഇന്ത്യയിലിന്നു കാര്യമായി, സാമൂഹ്യക്ഷേമാഭിവൃദ്ധിക്കായി എന്തെങ്കിലും ചെയ്യുന്നതു്. ആഗ്രായിലെ "സോഷ്യൽ ഇൻസ്റ്റിററ്യൂട്ട്" മാന്യമായ മറെറാരിന്ത്യൻ സാമൂഹ്യനിലയമാണു്.

## 8. സാമൂഹ്യശാസ്ത്രത്തിൻെറ പ്രാധാന്യം:

കത്തോലിക്കസാമുദായികശാസ്ത്രം അഭ്യസിക്കുന്നതുകൊണ്ടു് ഒരു വിദ്യാത്ഥിക്കു കൈവരുന്ന നന്മകൾ നിരവധിയാണു്.

1. സാമുദായികജീവിതം ആശ്ലേഷിക്കുവാൻ അപ്രതിരോധകമായ മൌലികപ്രേരണയാൽ കടപ്പെട്ടിരിക്കുന്ന മനുഷ്യനെപ്പററി വ്യക്തമായ അറിവു് അവനതുവഴി ലഭിക്കുന്നു.
2. മൌലികസാമുദായികഘടകങ്ങളെപ്പററി വിശിഷ്യ, കുടുംബത്തേയും അതിൻെറ അവകാശധമ്മങ്ങളെയുംപററി സമഗ്രമായ ജ്ഞാനം അവൻ നേടുന്നു. ആരോഗ്യകരമായ ഒരു സാമുദായികക്രമത്തിൻെറ അപരിത്യാജ്യഘടകങ്ങളാണു് കുടുംബം, സ്വകാര്യസ്വത്തു്, മതം മുതലായവയെന്നുള്ളതിനു് അസന്നിഗ്ദ്ധമായ ലക്ഷ്യങ്ങളും സാമുദായികശാസ്ത്രത്തിൻെറ സാമാന്യപഠനംവഴി അവനു ലഭിക്കുന്നു.
3. സാമുദായികപരിഷ്ക്കരണം, കാർഷിക-വ്യാവസായിക സോഷ്യലിസം, ഭൂദാനപ്രസ്ഥാനം, കമ്മ്യൂണിസം, പരസ്പര സഹായസംഘങ്ങൾ, തൊഴിലാളിമുതലാളിബന്ധങ്ങൾ, ട്രെയ്ഡ്യൂണിയൻപ്രസ്ഥാനം തുടങ്ങിയവ ഓരോന്നിനും ശരിയായി വിലയിരുത്താനുള്ള ശക്തി സാമുദായികശാസ്ത്രംമാത്രം അവനു പ്രദാനം ചെയ്യുന്നു.

**9. പഠനപശ്ചാത്തലം:** സാമുദായികക്രമത്തേയും ശാശ്വതമൂല്യമുള്ള പ്രകൃതിനിയമങ്ങളേയും സംബന്ധിക്കുന്ന ദൈവശാസ്ത്രതത്വങ്ങളെ വേണ്ടവിധം കണക്കിലെടുത്തുകൊണ്ടുവേണം, നാം നമ്മുടെ സാമുദായികപഠനപശ്ചാത്തലമൊരുക്കുവാൻ. അങ്ങനെ കത്തോലിക്കസാമുദായികശാസ്ത്രാധിഷ്ഠാനത്തിൽ നിന്നുകൊണ്ടു് ഇന്ത്യൻപശ്ചാത്തലത്തിനൊത്തവണ്ണം പ്രശ്നങ്ങളെ കൈകാര്യം ചെയ്യണം. അതേസമയം ആധുനികേന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വേഗതയേറിയ വിവിധ സാമുദായികപരിവത്തനങ്ങളെ പരിഗണിച്ചുകൊണ്ടുകൂടിയായിരിക്കണം നമ്മുടെ പഠനം.

തങ്ങളുടെ സമൂഹത്തിലെ മാററങ്ങളെ വെറുക്കുന്ന ചിലരുണ്ടു്. ഭാവി പോകട്ടെ, 'വത്തമാന'കാലത്തിലൂടെയെങ്കിലും ചുററുപാടുകളെ

നോക്കാൻ മടിച്ച്, ഇന്നും ഭൂതകാലത്തിൻെറ കണ്ണാടിയിലൂടെ കാഴ്ച്ചകൾകണ്ടേയടങ്ങൂ എന്നു ശഠിക്കുന്ന ചില അഭ്യസ്തവിദ്യരുമുണ്ട്. എന്നാൽ എൻെറ അഭിപ്രായത്തിൽ നിശ്ചലമായി (Static) നിലകൊള്ളുന്ന ഒരു ഭാരതത്തിൻെറ സാമുദായികപ്രശ്നങ്ങളല്ല നാം പഠിക്കേണ്ടതു്. പ്രത്യുത അനുനിമിഷം മുന്നേറുന്ന "വളരുന്ന (dynamic) ഇന്ത്യ"യുടേതാണ്. നാം ജീവിക്കുന്നതു ആററംയുഗത്തിലാണെന്നും ഓൎമ്മിക്കുക. മററു രാഷ്ട്രങ്ങളുമൊത്തു് ഒരു സാൎവ്വദേശീയൈക്യത്തിനു കരുനീക്കിക്കൊണ്ടിരിക്കുന്ന അറേറാമിക്കുവിപ്ലവത്തിൽ ഇന്ത്യയും അകപ്പെട്ടുകിടക്കയാണെന്നു നാം കാണണം.

സാന്മാൎഗ്ഗികതത്വങ്ങളാകുന്ന നിത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ ചില സാമുദായികപ്രശ്നങ്ങളുണ്ടെന്നു സാമുദായികശാസ്ത്രവിദ്യാൎത്ഥികൾ ധരിച്ചിരിക്കേണ്ടതാണ്. വ്യക്തി, കുടുംബം, സമൂഹം ഇടങ്ങിയവയെ സംബന്ധിക്കുന്ന ധാൎമ്മിക--താത്വികസിദ്ധാന്തങ്ങളും അവശ്യം അചഞ്ചലങ്ങളായിരുന്നേ തീരൂ. ആകയാൽ 2000 കൊല്ലം മുമ്പ് അരിസ്റ്റോട്ടിലും 800 വർഷം മുമ്പ് സെൻറ് തോമസും സ്വീകരിച്ച അതേ മാററമററ ധാൎമ്മികതത്വങ്ങളാണു നാമും സ്വീകരിക്കുക; കാരണം അവ സ്ഥലകാലാതീതങ്ങളാണ്; എന്നാൽ സാമുദായികപ്രശ്നങ്ങൾ മാറിക്കൊണ്ടിരിക്കും; കാലത്തിന്നടുത്ത പല പ്രത്യേകതകളും ഈ പ്രശ്നങ്ങൾക്കുണ്ടായിരിക്കുകയും ചെയ്യും. അക്കാരണത്താൽ പുരോഗമനതത്വവും (dynamic trend) സാമുദായികശാസ്ത്രത്തിൻെറ ഒരു പ്രത്യേകതയായിരിക്കും.

ആധുനികഭാരതസംസ്കാരത്തിലും പാരമ്പര്യത്തിലും പാശ്ചാത്യചിന്താഗതികൾ കാൎയ്യമായ പ്രേരണ ചെലുത്തിയിട്ടുണ്ടെന്നതു് പരമാൎത്ഥമാണ്. വ്യക്തികൾമുതൽ ഇന്ത്യയുടെ സാൎവ്വദേശീയബന്ധം വരെ എല്ലാ സാമുദായികവശങ്ങളിലും ഈ പ്രേരണയുടെ വ്യക്തമായ വിരൽപ്പാടുകൾ കാണാം. പൗരാണികനിശ്ചലഭാരതം (Unchanging India) അനുനിമിഷം കറങ്ങിത്തിരിഞ്ഞു മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന രസാവഹമായ കാഴ്ചയാണ്, സാമുദായികശാസ്ത്രവിദ്യാൎത്ഥി ഇന്ത്യയിലെവിടെയും ഇന്നു കാണുക.

**10. ഈ പുസ്തകത്തിൻെറ ക്രമം:** ഇതിൽ രണ്ടു ഭാഗങ്ങളുണ്ടു്. ഒന്നാംഭാഗത്തിൽ സമുദായത്തിൻെറ സ്വഭാവവും സാമുദായികരാഷ്ട്രീയബന്ധങ്ങളും നാം പരിശോധിക്കുകയും വ്യക്തി, കുടും

ബം, രാഷ്ട്രം, സാർവ്വദേശീയസമുദായം എന്നീ മൗലികസാമുദായിക ഘടകങ്ങളെപ്പററി പഠനം നടത്തുകയും ചെയ്യുന്നു.

ആധുനികലോകത്തിലെ ജീവൽപ്രശ്നങ്ങളായ സാമുദായിക-സാമ്പത്തികപ്രശ്നങ്ങളാണ് രണ്ടാംഭാഗത്തിലെ പഠനവിഷയം. മൂലധനം, തൊഴിൽ, ഉല്പാദനം, കൂലി, ടെയ്ഡ്യൂണിയൻ തുടങ്ങിയ പ്രമുഖപ്രശ്നങ്ങളാണ് അവിടെ കൈകാര്യം ചെയ്യുക. സ്വകാര്യസ്വത്തിനെ വെല്ലുവിളിക്കുന്ന വിവിധ സോഷ്യലിസ്ററതത്വങ്ങളെ വിമർശിച്ചുകൊണ്ട് ധനത്തെ സംബന്ധിക്കുന്ന അടിസ്ഥാനതത്വങ്ങൾ അവിടെ വിവരിച്ചിരിക്കുന്നു. ധനതത്വശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്ന വിഷയവിഭജനം മനസ്സിൽ വച്ചുകൊണ്ട്, ഉല്പാദനം (Production) വിതരണം (Distribution) വിനിമയം (Exchange) എന്നീ മൂന്നു വിഭാഗങ്ങളിലാണ് ഈ വൻപ്രശ്നങ്ങളെല്ലാം അണിനിരത്തിയിരിക്കുന്നതു്.

സാമുദായികക്ഷേമത്തെപ്പററി അവസാനം ഒരനുബന്ധവും ചേർത്തിരിക്കുന്നു. ഇന്ത്യൻവിദ്യാർത്ഥികൾക്കായി എഴുതിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ, ഇന്ത്യൻപ്രശ്നങ്ങളെപ്പററിയുള്ള ചർച്ചകൾ സുലഭങ്ങളാണ്.

## ഗ്രന്ഥസൂചി.

**സമുദായശാസ്ത്രം: ആർ. ശേഷാദ്രിഅയ്യർ.**

Encyclopaedia of Social Sciences, 1933, Vol. 1. pp. 1—8.

Catholie Encyclopaedia, Seetion Sociology. Art. Society.

Jose M. Llovera, Sociologia Cristiana, Preliminares.

P. Marcellus, O. C. D., Philosophia Moralis et Socialis, De Jure Sociali, q. II. art. I.

Rev. Paul Glen, S. V. D., Sociology, Introduction.

Ross, E. J., A Survey of Sociology, Ch. I.

,, Basic Sociology — pp. 3. 19.

Lorenzo Dardano, The Elements of Social Science, p. 1-3.

Robinson and Christopher, The Introductory Sociology, Ch. I.

Murray, R. W. Introductory Sociology.

P. Gisbert, Fundamentals of Sociology, p. 6.

Timasheff and Facey, Sociology. Introduction, pp. ii—xii.

A. R. Wadia, Sociology and Social Sciences, Indian Jaurnal of Social Work, June 1955.

Luis Mendietay Nunez, La Ensenanza de Sociologia, in "Revista Internacional de Soeiologia." Enero-Marzo 1952.

# ഭാഗം ഒന്നു്

## 11. സാമൂഹ്യരാഷ്ട്രീയബന്ധങ്ങൾ:

സാമുദായികസംഘടനയെ രൂപപ്പെടുത്തുന്ന വിവിധ ഘടകങ്ങളെപ്പററി പഠിക്കുന്ന ഏതൊരുവനും കാണുവാൻ കഴിയും, വിവിധ ഘടകങ്ങൾ അഥവാ അംഗങ്ങൾ അവയുടെ വ്യക്തിത്വം നശിപ്പിക്കാതെ ഒരുമിച്ചുചേർന്നു ഒരു പൊതുസമൂഹമായിത്തീരുന്നതു്.

വ്യക്തിയാണു് ഇവയിൽ അസംയുക്തവും പ്രഥമവുമായ ഘടകം. പല വ്യക്തികൾചേന്നു പ്രഥമസംഘമായ കുടുംബവും പല കുടുംബങ്ങൾ ഒരു പ്രദേശത്തു് ഒരുമിച്ചുചേന്നു കമ്യൂൺ അല്ലെങ്കിൽ പഞ്ചായത്തുകളും ഉണ്ടാകുന്നു. പല പഞ്ചായത്തുകൾ ചേരുമ്പോൾ ജനതയും രാഷ്ട്രവുമായി; പല രാഷ്ട്രങ്ങൾ ചേർന്നു് അവസാനം, സാർവ്വദേശീയ സംഘടനയും. ആകയാൽ സാധാരണയിൽനിന്നും സങ്കീർണ്ണതയിലേയ്ക്കു ക്രമേണ ഉയർന്നു്, നമുക്കു് 1) വ്യക്തി, 2) കുടുംബം, 3) രാഷ്ട്രം, 4) സാർവ്വദേശീയസംഘടന എന്നിവയെപ്പററി യഥാക്രമം പഠിക്കുവാൻ ശ്രമിക്കാം,

# അദ്ധ്യായം 1

**12. വ്യക്തി:** സമുദായമാകുന്ന ആകെത്തുകയെ നിർദ്ധാരണം ചെയ്താൽ കിട്ടുന്ന അവിഭാജ്യഘടകമാണ വ്യക്തിയെന്നു നമുക്കു പറയാം. വ്യക്തികളുടെ കൂട്ടമാണ സമൂഹമെന്നു നാം കണ്ടുകഴിഞ്ഞിട്ടുള്ളതാണ്. ആകയാൽ സമുദായത്തിൻെറ പ്രകൃതി മനസ്സിലാക്കണമെങ്കിൽ മനുഷ്യസ്വഭാവത്തെപ്പററിയുള്ള അടിസ്ഥാനതത്വങ്ങൾ ആദ്യമെ നാം പഠിക്കണം. മനുഷ്യൻെറ ഉല്പത്തി, സ്വഭാവം, ജീവിതലക്ഷ്യം, മൗലികാവകാശം, കർത്തവ്യം എന്നിവയെ സംബന്ധിക്കുന്ന മൗലികതത്വങ്ങൾ ഇവിടെ സംക്ഷിപ്തമായി വിവരിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു കരുതുന്നു.

അതിനും പുറമെ മനുഷ്യനെ സാമുദായികമായി നിയന്ത്രിക്കുന്ന ചില പ്രധാനഘടകങ്ങളുമുണ്ട്. സാമുദായികപ്രശ്നങ്ങളെ ശരിക്കു മനസ്സിലാക്കുവാൻ ഇവയേപ്പററിയും കൃത്യമായ ജ്ഞാനം ആവശ്യകമായിരിക്കയാൽ തൽസംബന്ധമായി ഒരനുബന്ധവും ഈ അദ്ധ്യായത്തിനു കൊടുത്തിട്ടുണ്ട്.

## ഖണ്ഡിക 1. സാമാന്യതത്വങ്ങൾ.

**13. ആസ്തിക്യം:** സാമുദായികശാസ്ത്രത്തിൻെറ ഒന്നാമത്തെ അംഗീകൃതതത്വം ഒരു ദൈവമുണ്ടെന്നുള്ള വസ്തുതയാണ്. പ്രകൃതിരഹസ്യങ്ങൾ തുറന്നു കാണാനുള്ള താക്കോൽ ദൈവത്തിലത്രെ നാം കണ്ടെത്തുക. അവിടുന്നു മാത്രമാണ് സ്വയം അസ്തിത്വമുള്ള പരാശക്തി. മററുള്ളവയെല്ലാം അവിടുത്തെ ആശ്രയിക്കുകയാണ ചെയ്യുക, അസ്തിത്വത്തിനും നിലനില്പിനുമെല്ലാം! പ്രപഞ്ചത്തിൻെറ ആദികാരണനായ ആ ദിവ്യശക്തിയെ അവഗണിച്ചുകൊണ്ടു്, സമൂഹത്തിൻെറ സ്രഷ്ടാവും, സംരക്ഷകനും പാലകനുമായ അവിടുത്തെ വിസ്മരിച്ചുകൊണ്ട് സമൂഹത്തെക്കുറിച്ചു പ്രതിപാദിക്കുന്നതു് നിരർത്ഥകമാണ്. *

ഏകദൈവാരാധനയുടെ സാവ്വജനീനത്വം താഴെ പറയുന്നവയിൽനിന്നു വ്യക്തമാകും.

a) ആൎയ്യന്മാർക്കിടയിൽ: 1. ഹിന്ദുക്കളുടെ വേദങ്ങളിൽനിന്നു്.
2. പേർഷ്യാക്കാരുടെ ഇറാനിയൻരേഖകളിൽനിന്നു്.

---

*Conf: Ross. A Survey of Sociology. P. 532.

3. സ്വാഭാവികമതങ്ങളെ പിന്നിടുന്ന, ഗ്രീക്കുകാരുടേയും റോമാക്കാരുടേയും പുരാതനരേഖകളിൽനിന്നു്.

b) ഈജിപ്റ്റുകാരുടെയിടയിൽ: ക്രിസ്തുവിനു് 3000 കൊല്ലംമുമ്പു് അവർ ദൈവത്തെ സ്വയംഭൂവെന്നും "പരമൈക" നാഥനെന്നും വിളിച്ചു.

c) ചൈനാക്കാർക്കിടയിൽ: ഇന്നു് അവരുടെയിടയിലുള്ള 'പിതാമഹവന്ദന'ത്തിനുമുമ്പും അതിനുപരിയും 'ചാംങ്റ്റി' എന്ന പരമനാഥനെ അവർ ആരാധിച്ചിരുന്നതായി രേഖകളുണ്ടു്.

d) യഹൂദർക്കിടയിൽ:— ഇസ്രായേൽക്കാരുടെയും യൂദരുടെയും ഏകദൈവാരാധനയുടെ ഒരു നിരന്തരരേഖയാണു് വി. ഗ്രന്ഥം. (പഴയ നിയമം)

c) ഇന്നുള്ള ആദിമമനുഷ്യരിൽ: ഒരു പരാശക്തിയെ അവർ എല്ലാവരും അംഗീകരിക്കുന്നു.

**14. മനുഷ്യസൃഷ്ടി:** പരാശ്രിതനായ മനുഷ്യൻ സ്വയം ജന്മംപൂണ്ടവനല്ല. സ്വയംഭൂവായ ദൈവത്തിനല്ലാതെ മററാക്കും അവനു ജന്മംനൽകുക സാദ്ധ്യവുമല്ല. ദൈവികകരവേലയുടെ മനോഹരഫലമാണു് മനുഷ്യൻ. കത്തോലിക്കപ്രബോധനത്തിൻെറ അടിസ്ഥാനതത്വമാണിതു്; യുക്തി അതുതന്നെ സ്ഥിരീകരിക്കുന്നുമുണ്ടു്. ആസ്തിക്യവും, മനുഷ്യസൃഷ്ടിയും തത്വശാസ്ത്രം തെളിയിച്ചുകഴിഞ്ഞ രണ്ടു് അംഗീകൃതവസ്തുതകളായി നാം സ്വീകരിക്കുകയാണു്; അതുകൊണ്ടു് അതു് ഇവിടെ തെളിയിക്കുവാൻ ശ്രമിക്കുന്നില്ല.

ആകയാൽ, "പദാർത്ഥം സ്വയംഭൂവാണു്, ശാശ്വതമാണു്, ജീവൻ ഭൗതികപരിണാമഫലമാണു്" എന്നു തുടങ്ങിയ നിരീശ്വരവാദഗതിയും, മനുഷ്യൻെറ ഉത്ഭവത്തേയും പ്രകൃതിയേയുംപററി ഗവേഷണം ചെയ്യേണ്ടതില്ലെന്നു ശഠിക്കുന്ന അജ്ഞേയവാദികളുടെ സിദ്ധാന്തവും കത്തോലിക്കാവിശ്വാസത്തിനു വിരുദ്ധവും എത്രയും യുക്തിരഹിതവുമാണു്.

**15. മനുഷ്യപ്രകൃതി:** സാരാംശത്തിൽ ശരീരവും ആത്മാവും സംയോജിച്ചുണ്ടായ ഒരു ജീവിയാണു മനുഷ്യൻ. അതുകൊണ്ടു് അവൻ പൂർണ്ണനാകണമെങ്കിൽ ഈ രണ്ടു വശങ്ങളും ഒരുപോലെ

വളരണം. ആകയാൽ ആദർശസാമൂഹ്യശാസ്ത്രത്തിനു് ഇവയിൽ ഒന്നിനെ നശിപ്പിച്ച് മററതിനെ പൂർണ്ണതയിലേക്കു നയിക്കുവാൻ സാധിക്കുകയില്ല.

"ശാരീരികശക്തികളെ തകക്കുന്നതിനു് ആനുപാതികമായിരിക്കും മനുഷ്യൻെറ പരിപൂർണ്ണത, എന്നു് അതിരുകടന്ന ചില മിസ്റ്റിക്കുകൾ വാദിക്കാറുണ്ടു്. ഇതു് കത്തോലിക്കവിശ്വാസമല്ല; ഇതിനെ അടിസ്ഥാനപ്പെടുത്തിയല്ല കത്തോലിക്കസഭ ശരീരനിഗ്രഹം ഉപദേശിക്കുന്നതും. ഉത്ഭവപാപംനിമിത്തം ജഡം ആത്മാവിനു വിധേയമല്ലാതായി. പ്രസ്തുത വിധേയത്വം പുനഃസ്ഥാപിക്കണമെന്നതാണു് ക്രിസ്ത്യൻ ആധ്യാത്മികശാസ്ത്രത്തിൻെറ ലക്ഷ്യം." (Conf. Sociologia Christiana. Ch. II Art. II) ജഡം മാത്രം വളർത്തി, മനുഷ്യനെ ഒരു പരിപൂർണ്ണമൃഗമാക്കിയതുകൊണ്ടു് മനുഷ്യൻ പരിപൂർണ്ണതയിലെത്തുകയില്ല. പരമാത്മാവിനു വിധേയമായി ധാർമ്മികനിയമങ്ങളുടെ അനുശാസനങ്ങളനുസരിച്ച് ശരീരവും ആത്മാവും വളർന്നുവരുന്നതിലാണു് മനുഷ്യൻെറ പരിപൂർണ്ണത സ്ഥിതിചെയ്യുന്നതു്.

## 16. മനുഷ്യൻ സ്വതന്ത്രനായ ബുദ്ധിജീവി:

ബുദ്ധിയും മനസ്സുമാണു് മനുഷ്യൻെറ ഏററം മഹത്തായ രണ്ടു വിശിഷ്ടസിദ്ധികൾ. ബുദ്ധി, സത്യത്തിനുവേണ്ടിയും മനസ്സു് നന്മയ്ക്കുവേണ്ടിയും സൃഷ്ടമാണു്. ആകയാൽ തെററിനു സമ്മതം മൂളുന്നതും തിന്മയോടു് മനസ്സുചേർന്നുനിൽക്കുന്നതും പ്രകൃതിയുടെ ക്രമത്തിനു വിരുദ്ധമാണു്. മാറിമാറി വരുന്ന മാനുഷികചുററുപാടുകളെ ആശ്രയിച്ചല്ല സത്യവും നന്മയും സ്ഥിതിചെയ്യുന്നതെന്നും നാം ഓർക്കണം. മാററം–മറിച്ചിലുകൾക്കു് അധീനമല്ലാത്ത ചില ശാശ്വതനിയമങ്ങളുണ്ടു്. അവയോടു് ബുദ്ധിയും മനസ്സും ഇണങ്ങിച്ചേർന്നേ മതിയാവൂ. 'കാൻറു്' പറയുംപോലെ സത്യ-നന്മകളുടെ മാനദണ്ഡം മർത്യഹിതമല്ല. മനുഷ്യമനസ്സു് സ്വാതന്ത്രമാണു്. ഈ സ്വാതന്ത്ര്യം ധാർമ്മികനിയമങ്ങൾക്കു് അനുയോജ്യമായി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ഈ വീക്ഷണകോണത്തിലൂടെ നിരീക്ഷിക്കുമ്പോഴാണു് യുക്തിവാദം, മാനസികാ-സ്വാതന്ത്രവാദം, ഭൗതികവാദം (Rationalism, Psychological determinism. Materialism) എന്നിവ വെറും അബദ്ധസിദ്ധാന്തങ്ങളാണെന്നു് നമുക്കു ബോധപ്പെടുക.

a) യുക്തിവാദം: എമ്മാനുവൽ കാൻറു് ആണു് ഇതിൻെറ പ്രധാനപ്രണേതാവു്. അദ്ദേഹം പറയുന്നു: "മാനുഷികപ്രവൃ

ത്തികളിൽ യുക്തിയുടെ ശാസനമനുസരിച്ച് ചെയ്യുന്നതെല്ലാം, അക്കാരണത്താൽത്തന്നെ ശരിയാണ്; മററ വിധത്തിൽ ചെയ്യുന്നതെല്ലാം തെററും."

b) അസ്വതന്ത്ര്യതാവാദം:— അവയവങ്ങളുടെ ഘടനയനുസരിച്ച് മനുഷ്യൻ നിയന്ത്രിത (determined) നാകയാൽ, അവൻ സ്വതന്ത്രനോ അവൻെറ പ്രവൃത്തികൾക്ക് ഉത്തരവാദിയോ അല്ലെന്നാണ് അവരുടെ വാദം.

c) ഭൗതികവാദം: ആത്മാവിൻെറ അപദാർത്ഥതയെ നിഷേധിക്കുന്ന ഭൗതികവാദികൾ പറയും, മരണത്തോടെ അതിൻെറ കഥയും കഴിഞ്ഞുവെന്ന്. അതിനാൽ, "തിന്നാം! കുടിക്കാം! പനിർമുടികൾ ചൂടാം!; കാരണം, നാളെ നാം മരിച്ചിടും" എന്നു പാടുന്നതിന് അവർക്കു തെല്ലും മടിയില്ല.

**17. മനുഷ്യൻ അമർത്ത്യനാണ്:** മാനുഷികവൃത്തികൾ തെളിയിക്കുന്നതുപോലെ മനുഷ്യന് അനശ്വരവും അപദാർത്ഥവും തന്മൂലം അമർത്ത്യവുമായ ഒരാത്മാവുണ്ട്. എന്നാൽ അവൻെറ ശരീരം നശ്വരവും മൃത്യുവിൽ അഴിഞ്ഞുപോകുന്നതുമാണ്. എന്നാൽ ജഡം അഴിഞ്ഞു നശിക്കുമ്പോഴും ആത്മാവ് മരിക്കുന്നില്ല; അതിൻെറ ലോകാന്തരജീവിതം പിന്നെയും നിർബ്ബാധം തുടരുന്നു.*

ആകയാൽ താഴെ ചേർക്കുന്ന വാദങ്ങൾ അബദ്ധങ്ങളാണ്.

1. <u>ഉപയോഗവാദം:</u> വേദന മാററുവാനും, ആനന്ദം നൽകുവാനും ഏററം കൂടുതൽ സൗഭാഗ്യം പ്രദാനം ചെയ്യുവാനും പര്യാപ്തമായതെല്ലാം ധാർമ്മികനന്മ. അല്ലാത്തവ തിന്മ. അതാണവരുടെ വാദഗതി.

---

* ചൈനാക്കാരും ഈജിപ്ററുകാരും എസ്ത്രൂസാക്കാരും ഇന്ത്യാക്കാരും എല്ലാം അവരുടെ അമർത്ത്യതാവിശ്വാസത്തിൻെറ അനശ്വരസ്മാരകങ്ങൾ പടുത്തുയർത്തിട്ടുണ്ട്. ഇന്ത്യാക്കാരുടെ "ശ്രാദ്ധം" തന്നെ അതിന്നൊരു പ്രബലതെളിവാണ്. ശ്രാദ്ധത്തിന് രണ്ടു ലക്ഷ്യമുള്ളതായി പറയപ്പെടുന്നു. 1) ആത്മവാഹിയായ സൂക്ഷ്മശരീരത്തിൽനിന്നുള്ള പരേതൻെറ വിമോചനം. 2) ഭൂതപ്രേതാദികളുടെ ഇടയിൽ അലഞ്ഞുതിരിയാതെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് ഉയരുന്നതിന്.

(Conf. J. N. Farquhar. The Crown of Hinduism. P. (84-85)

2. എപ്പിക്കൂറ്യൻവാദം: ബുദ്ധിയുടേയോ ഇന്ദ്രിയങ്ങളുടേയോ ആനന്ദം മാത്രമാണ് ഇവരുടെ ധാർമ്മികമാനദണ്ഡം.

3. പുരോഗമനവാദം: ഇവർക്കു സംസ്കാരപരിഷ്ക്കാരപുരോഗതിയെ സഹായിക്കുന്നതെന്തും ധാർമ്മികം; അല്ലാത്തവ അധാർമ്മികം.

4. സ്റ്റോയിക്‌വാദം: ഇതു തിന്മയെ നിന്ദിക്കുന്നു, നന്മയെ പ്രകീർത്തിക്കുന്നു. എന്നാൽ തിന്മയുടെ ശിക്ഷ അതിൽത്തന്നെയുണ്ട്. സൽപ്രവൃത്തിയിൽത്തന്നെ അതിനുള്ള സമ്മാനവും കണ്ടെത്താവുന്നതാണ്. മറെറാരു വിധിയാളനോ, ശിക്ഷണരക്ഷണമോ ഇല്ല.

5) നിരീശ്വരസത്താവാദം: (Atheistic Existentialism) സ്രഷ്ടാവിനേയും മാനവപരമാന്ത്യത്തേയും നിരാകരിക്കുന്നു. ഈ ലോകജീവിതത്തിൽതന്നെ എല്ലാ പ്രശ്നങ്ങൾക്കും ഇതു പരിഹാരം അന്വേഷിക്കുന്നു.

## 18. മനുഷ്യൻ പ്രകൃത്യതീതമണ്ഡലത്തിൽ:

a) ദൈവം മനുഷ്യനെ മററു സൃഷ്ടികളിൽനിന്നു വിഭിന്നമായി, അവൻെറ പ്രാകൃതികനിലയിൽനിന്നും പ്രകൃത്യതീതമായ ഒരു മണ്ഡലത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. ദൈവത്തെ അഭിമുഖം കണ്ടാനന്ദിക്കുക മനുഷ്യനു പ്രകൃത്യാ ലഭിച്ചിരിക്കുന്ന കഴിവുകൾക്ക് അതീതമാണ്; ഇത് അതിസ്വാഭാവികമായ ഒരു കാര്യമാണ്; ഇതാണ് അവൻെറ പരമാന്ത്യം, ഇതു പ്രാപിക്കുവാനുള്ള ഉപാധിയായി, ഉന്നതതരമായ ജീവൻെറ ഉല്പത്തിസ്ഥാനമായി നിലകൊള്ളുന്നതും അതിസ്വാഭാവികമായ സൗഭാഗ്യത്തിന് അവകാശം നല്കുന്നതും, ഒരു വിധത്തിലും അവന് അർഹതയില്ലാത്തതുമായ വരപ്രസാദമെന്ന ദാനം അവന് നല്കിയിരിക്കുന്നു.

b) എന്നാൽ ആദിമനുഷ്യൻെറ പാപംമൂലം, മനുഷ്യരാശിക്കു മുഴുവൻ ഈ പ്രകൃത്യതീതദാനവും അവകാശവും നഷ്ടമായി. അവൻെറ സ്വാഭാവികമായ കഴിവുകൾപോലും ബാഹ്യമായിട്ടെങ്കിലും ഒടിഞ്ഞുതകർന്നു, ബുദ്ധി ഇരുണ്ടു,

മനസ്സു തളർന്നു, ബുദ്ധിയുടെ ഇന്ദ്രിയാധിപത്യം ശിഥില വുമായി.

c) എന്നാൽ ഈ ദയനീയനിലയിൽനിന്നും തൻെറ വത്സലസന്താനങ്ങളെ സമുദ്ധരിക്കുവാൻ കരുണാനിധിയായ ജഗദീശൻ തിരുമനസ്സായി. അവതീർണ്ണനായ ക്രിസ്തുവിലൂടെ, മർത്യനു നഷ്ടപ്പെട്ട ഈ അതിസ്വാഭാവികദാനം തിരിയെ കൊടുക്കുവാൻ ദൈവം നിശ്ചയിച്ചു. രക്ഷകനായ ക്രിസ്തുവിൻെറ യോഗ്യതകളാൽ മനുഷ്യൻ വരപ്രസാദം വീണ്ടെടുത്തു. അതുവഴി അതിസ്വാഭാവികാനന്ദത്തിനുള്ള അവകാശവും. എന്നാൽ, ക്ഷതപ്പെട്ട സ്വാഭാവികകഴിവുകൾ ഇന്നും പുനരുദ്ധരിക്കപ്പെട്ടിട്ടില്ല; അവയിന്നും വ്രണിതവും ദുർബ്ബലവുമാണ്. ദൈവികസഹായങ്ങളോടുള്ള സ്വതന്ത്രമനസ്സിൻെറ സഹകരണംവഴി ഈ കുറവു മനുഷ്യനു കുറെയൊക്കെ പരിഹരിക്കാം.

d) എന്നാൽ ഈ പുനരുദ്ധാരണപരിപാടിയുടെ പ്രായോഗികവശം ദൈവം ഒരു പരിപൂർണ്ണസമുദായമായ തിരുസ്സഭയെയാണു ഭാരമേല്പിച്ചിരിക്കുന്നതു്. അവളുടെ പ്രാഥമികലക്ഷ്യം മനുഷ്യൻെറ അതിസ്വാഭാവികാവശ്യങ്ങൾ സാധിച്ചുകൊടുക്കുകയാണല്ലോ. അതിനു് അവളുടെ അദ്ധ്യാപനവും, കൂദാശകളും, കല്പനകളും അവൾ മാർഗ്ഗമായി ഉപയോഗിക്കുകയും ചെയ്യുന്നു.

e) മനുഷ്യൻെറ സ്വാഭാവികവും അതിസ്വാഭാവികവുമായ അന്ത്യങ്ങൾ അഭേദ്യമാംവിധം ദൈവികപരിപാലനയിൽ ഒന്നു ചേരുന്നു. ആകയാൽ അവയിലൊന്നുമാത്രം, മറേറതു കൂടാതെ നേടുവാൻ ശ്രമിക്കുന്നതു തികഞ്ഞ മൗഢ്യമായിരിക്കും.

ഈ വാസ്തവങ്ങളുടെ വെളിച്ചത്തിൽ, താഴെ ചേർക്കുന്ന തത്വസംഹിതകൾ അബദ്ധങ്ങളാണെന്നു സ്പഷ്ടമാകുന്നു.

a) <u>പ്രകൃതിവാദം:</u> (Naturalism) അതിസ്വാഭാവികമണ്ഡലവും ലക്ഷ്യവും, ആദിമനുഷ്യൻെറ വീഴ്ചയും തത്ഫലമായ ജന്മപാപവും ഇവർ നിഷേധിക്കുന്നു. മനുഷ്യൻെറ ബലഹീനതയുടെ നേരെ കണ്ണടച്ചുകൊണ്ടു മനുഷ്യൻ പ്രകൃത്യാ തികച്ചും നല്ലവനാണെന്നു് അവർ വാദിക്കുന്നു.

THE KOTTAYAM PUBLIC LIBRARY No. 8278

b) ലൂതറൻ വാദം: (Lutheranism) പ്രകൃതിവാദികൾക്കുനേരെ എതിരാണിവർ. ജന്മപാപാനന്തരഫലങ്ങളെ അവർ അതിവർണ്ണനം ചെയ്യുന്നു. മനുഷ്യപ്രകൃതി ദൂഷിച്ച് ഇച്ഛാസ്വാതന്ത്ര്യംപോലും ഇല്ലാതായിരിക്കുന്നുവെന്നാണിവരുടെ വാദം.

c) നിഷ്പക്ഷതാവാദം: (Indifferentism) എല്ലാ മതങ്ങളും ഒന്നുപോലെ നല്ലതാണിവരുടെ ദൃഷ്ടിയിൽ. ക്രിസ്തുവിൻെറ സഭ നടത്തുന്ന അവകാശവാദങ്ങളെല്ലാം അവർ നിഷേധിക്കുകയും ചെയ്യുന്നു.

## ഗ്രന്ഥസൂചി.


E. J. Ross. A. Survey of Sociology, Chap. II.

Hull, Why Should I Be Moral? (Examiner press, Bombay).

Catholic Encyclopaedia, Art. Free Will, Immortality of the Soul.

D. Ferroli, S.J., Moral Science. Chap. I. Vol. I.

Muntch and Spalding. Introductory Sociology, Part II, Chap. II.

Jose M. LIovera, Sociologia Cristiana, Chap. II. Art. I.

Messenger, E.C., Evolution and Theology (The Macmillan Company; New York, 1932).

Charles C. Miltner. The Elements of Ethics, Part II, Chap. XIV,

J. N. Farquhar, The Crown of Hinduism. Chap. VI.

Higgings, Man as Man, pp. 12, 28.

Rommen, H.A., The State and Catholic Thought, pp. 57, 90.

Cronin, The Science, of Ethics, vol. I. pp. 46—85.


KOTTAYAM PUBLIC LIBRARY KOTTAYAM.

# ഖണ്ഡിക 2

## മൗലികാവകാശങ്ങളും കർത്തവ്യങ്ങളും.

സാമൂഹ്യശാസ്ത്രത്തിലെ പ്രധാന പഠനവിഷയം മനുഷ്യനാണ്; അതിസ്വാഭാവികമായ ഒരു അന്ത്യത്തിനുവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രകൃതിയോടുകൂടിയ ഒരാളാണ മനുഷ്യൻ. "പ്രകൃതിയിൽവച്ച് ഏററം പരിപൂർണ്ണനാണ് ആൾ" (Persona) ഇതരവസ്തുക്കളിൽനിന്നു വിഭിന്നമായി സ്വന്തമായ ഒരസ്തിത്വമുള്ള ബുദ്ധിജീവി. (Sum. Theol. 1, 29, 3).

ആധുനിക തത്വശാസ്ത്രജ്ഞരിൽ പ്രമുഖനായ "ജാക്വസ്മാരിടൈൻ" വ്യക്തിയെ വർണ്ണിക്കുന്നതു് ഇപ്രകാരമാണ്: "താൻ അധിവസിക്കുന്ന നഗരത്തിലെ പൌരനാകുന്നതിന്നു മുമ്പുതന്നെ മനുഷ്യൻ അനശ്വരജീവിതത്തിനായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ്. അവൻ രാഷ്ട്രത്തിൻെറ ഒരംഗമാകും മുമ്പ് കുടുംബത്തിലെ അംഗമായി കഴിഞ്ഞവനാണ്"—(The Person and Common Good p. 52.) ഈ യാഥാർത്ഥ്യത്തിലാണ്, രാഷ്ട്രം ബഹുമാനിക്കേണ്ടതായ പ്രാഥമികവും മൗലികവുമായ അവകാശങ്ങളുടെ ഉല്പത്തി. വ്യക്തിസേവനം രാഷ്ട്രം ആവശ്യപ്പെടുമ്പോൾ ഈ അവകാശങ്ങൾ ഒരിക്കലും ലംഘിച്ചുകൂടാ.

**19. മനുഷ്യവ്യക്തിത്വം:** (Human Personality.) അവകാശങ്ങളും കർത്തവ്യങ്ങളും ധാർമ്മികമൂല്യങ്ങളാണ്; ആകയാൽ ബുദ്ധിജീവികളായ മനുഷ്യർക്കു മാത്രമേ അവകാശങ്ങളും കർത്തവ്യങ്ങളുമുള്ളൂ, മൃഗങ്ങൾക്ക് അവകാശമൊന്നുമില്ല[1]. അതേ സമയം ഒരു മനുഷ്യനും, മററൊരു മനുഷ്യൻെറ അവകാശവിഷയമാകാൻ പാടില്ല. കാരണം എല്ലാ മനുഷ്യരുടേയും പ്രകൃതിയും പരമാന്ത്യവും ഒന്നുതന്നെയാണ്. ഇതിൽനിന്നും അടിമത്തത്തിൻെറ ന്യായവൈരുദ്ധ്യം സ്പഷ്ട

---

1. മൃഗങ്ങളെ ഉപദ്രവിക്കുന്നതു് അധാർമ്മികമാകുന്നതു്, അവയുടെ ഏതെങ്കിലും അവകാശം ധ്വംസിക്കപ്പെടുന്നതുകൊണ്ടല്ല, വിവേകബുദ്ധി അതിനെ വെറുക്കുന്നതുകൊണ്ടാണ്. മാത്രവുമല്ല, അത്തരം ക്രൂരത മനുഷ്യനെത്തന്നെ ക്രമേണ ക്രൂരനാക്കും. ജീവനോടെ ഇരിയ്ക്കേ തന്നെ കീറിമുറിക്കുന്നതും അതിൽത്തന്നെ ന്യായവിരുദ്ധമല്ലെങ്കിലും അത്യാവശ്യമോ, ഉപയോഗമോ ഇല്ലാതിരിക്കെ അങ്ങിനെ ചെയ്യുന്നതും ബുദ്ധിക്കു നിരക്കാത്തതാണ്; ആകയാൽ തിന്മയുമാണ്.

മാണല്ലോ. സെൻറ് തോമസ്സിൻെറ അഭിപ്രായത്തിൽ ഈ വ്യക്തി പ്രാഭവത്തിനു കാരണം അവനു ബുദ്ധിശക്തിയുണ്ടെന്നുള്ളതാണ്; അഥവാ ബുദ്ധിജീവിയാണെന്നുള്ളതും (Intellectualis Substantia) ദൈവസാദൃശ്യത്തിൽ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതും. (De Potentia, 9, II, Art. 5)

മനുഷ്യമാഹാത്മ്യം ഉടലെടുക്കുന്നതു് അവൻെറ അനശ്വരാത്മാവിൽ നിന്നാണ്. ദൈവസാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവനാണവൻ. ക്രിസ്തുവിൻെറ അമൂല്യരക്തത്താൽ അവൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. അന്ധകാരശക്തിയുടെ അടിമത്തത്തിൽനിന്നു മനുഷ്യനെ മോചിപ്പിക്കുന്നതിനു നല്കിയ മൂല്യം അനന്തമാണ്. ആകയാൽ ഓരോ മനുഷ്യാത്മാവും അനന്തവിലയുള്ളതാണ്. ഈ വിലതന്നെ ഓരോ വ്യക്തിക്കുമുണ്ട്, ഓരോ ആത്മാവിനുമുണ്ട്.

മനുഷ്യൻ നിത്യമായ ഒരന്ത്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വ്യക്തിയാകയാൽ അവനിൽനിന്നു് എടുത്തു മാററാൻ പാടില്ലാത്ത ദിവ്യമായ ചില അവകാശങ്ങളുണ്ട്. ഇവ രാഷ്ട്രത്തിനും നിഷേധിക്കാവുന്നതല്ല. ഒരു ലോകമഹായുദ്ധംതന്നെ ഒഴിവാക്കുന്നതിനായാൽപ്പോലും ഒരു നിരപരാധിയുടെ ജീവൻ നശിപ്പിക്കാൻ യാതൊരു രാഷ്ട്രത്തിനും അധികാരമില്ല. വ്യക്തികളെ രാഷ്ട്രത്തിൻെറ വെറും ഉപകരണങ്ങളായി ഒരിക്കലും തരംതാഴ്ത്തിക്കൂടാ; നേരെമറിച്ച് രാഷ്ട്രം വ്യക്തികളുടെ സുഖക്ഷേമത്തിനായി നിലകൊള്ളണം. വ്യക്തിപരമായ ചുമതലാബോധമില്ലാതെ വരികയാണെങ്കിൽ ഒരു രാഷ്ട്രം ശക്തിപ്പെടാൻ പോകുന്നില്ല.

**20. മനുഷ്യാവകാശവും ധർമ്മവും:** (Human rights and duties.) അവകാശത്തെ ഇങ്ങിനെ നിർവ്വചിക്കാം. "എന്തെങ്കിലും സ്വായത്തമാക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ, സമ്പാദിക്കുന്നതിനോ ഉള്ള മനുഷ്യൻെറ അലംഘനീയമായ ഒരു ധാർമ്മികശക്തി" യാണ് അവകാശം. സാമാന്യസന്ദർഭങ്ങളിൽ ആർക്കും എൻെറ ഈ അവകാശത്തിൽ കൈകടത്തിക്കൂടാ എന്ന അർത്ഥത്തിലാണ് അലംഘനീയമെന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. ഉദാഹരണമായി, സാമാന്യാവസരങ്ങളിലെല്ലാം എൻെറ വസ്തുവകകൾ വില്ക്കുവാനോ, ദാനം ചെയ്യുവാനോ എനിക്കവകാശമുണ്ട്; ആർക്കും എന്നെ തടഞ്ഞുകൂടാ. കർത്തവ്യം അഥവാ ധർമ്മം എന്നതു് എന്തെങ്കിലും ചെയ്യുവാനൊ ചെ

യ്യാതിരിക്കുവാനോ ചില കാര്യങ്ങൾ ഉപേക്ഷിക്കുവാനോ വ്യക്തികൾക്കുള്ള ധാർമ്മികചുമതലയാണ്. അവകാശവും ധർമ്മവും പരസ്പരം ബന്ധിതങ്ങളാണ്. ആകയാൽ A-യുടെ അവകാശം നേടുന്നതിൽ നിന്ന് അയാളെ തടയാതിരിക്കുവാൻ അയല്ക്കാരനായ B-യ്ക്കു കടമയുണ്ട്. എന്നാൽ ഈ അവകാശങ്ങളെല്ലാം എപ്പോഴും എല്ലാവരും നേടിക്കൊള്ളണമെന്ന് നിർബ്ബന്ധമില്ല. വിവാഹിതരാകുവാൻ എല്ലാവർക്കും അവകാശമുണ്ടെങ്കിലും എല്ലാവരും അങ്ങിനെ ചെയ്യേതീരൂ എന്നില്ല.

ധർമ്മാവകാശങ്ങളുടെ ഉറവിടം നിയമമാണ്. നിയമം സ്വാഭാവികമോ (Naturnal) നിർമ്മിതമോ (Positive) ആകാം. ആകയാൽ ധർമ്മാവകാശങ്ങൾക്കും ഈ ഇരുവിഭാഗങ്ങളുണ്ട്. മനുഷ്യന് ഒരു മനുഷ്യനെന്ന നിലയിൽ കൈവരുന്ന ധർമ്മാവകാശങ്ങൾ സ്വാഭാവികങ്ങളാണ്. തൻെറ ലക്ഷ്യം നേടുകയെന്നതു് മനുഷ്യപ്രകൃതിയുടെ അടിസ്ഥാനനിയമമാകയാൽ, അവൻെറ കായിക-ധാർമ്മിക-മാനസിക കഴിവുകളുടെ സംരക്ഷണവും പരിപോഷണവും അവൻെറ സ്വാഭാവികാവകാശവും ധർമ്മവുമാണ്. ദൈവികമോ, മാനസികമൊ ആയ നിർമ്മിതനിയമങ്ങളിൽനിന്നും ഉടലെടുക്കുന്ന കർത്തവ്യാവകാശങ്ങളെ—നിർമ്മിത ധർമ്മാവകാശങ്ങളെന്ന് നമുക്കു വിളിക്കാം. പൗരന്മാർക്കു സിവിൽനിയമം കൊടുക്കുന്ന അവകാശങ്ങൾ ഇത്തരത്തിൽ പെടുന്നു.

**21. മൗലികധർമ്മങ്ങൾ:** (Fundamental Duties) മനുഷ്യൻ തൻെറ അന്ത്യം നേടേണ്ടതു് സാമൂഹ്യജീവിതത്തിലൂടെയാണ്. ആകയാൽ അവൻെറ കടമകൾ (ധർമ്മങ്ങൾ) പ്രധാനമായി ദൈവത്തോടും, തന്നോടുതന്നെയും, സഹജീവികളോടുമാണ്.

a) <u>ദൈവത്തോടുള്ള കടമകൾ:</u> മനുഷ്യൻെറ പ്രഥമധർമ്മം അവൻെറ സ്രഷ്ടാവിനെ അറിഞ്ഞു് അവിടുത്തേക്കു് സേവനമനുഷ്ഠിക്കുകയാണ്. അതാണ് ചുരുക്കത്തിൽ മതം. ആകയാൽ മതാത്മകജീവിതമാണു മനുഷ്യൻെറ പ്രഥമവും പ്രധാനവുമായ കടമ. മനുഷ്യപ്രകൃതിയും ദൈവവും എന്നും എവിടെയും ഒന്നുതന്നെയാകയാൽ അവർ തമ്മിലുള്ള ബന്ധമായ മതവും എന്നും സ്ഥലകാലഭേദമെന്യേ ഒന്നുതന്നെയായിരിക്കും; ആരുടേയും ഇഷ്ടാനുസാരം അതിനെ മാററി മറിച്ചുകൂടാ.

മതത്തോടുള്ള മനുഷ്യന്റെ ഈ പ്രാഥമികധർമ്മം, നിറവേററി അവന്റെ ഭൗതികസ്ഥിതിഗതികൾ നിയന്ത്രിക്കുക അത്ര എളുപ്പമല്ല. ദൈവത്തോടുള്ള തന്റെ കടപ്പാടു മനുഷ്യൻ വിസ്മരിച്ചതാണ് എല്ലാ സാമൂഹ്യതിന്മകളുടേയും കാരണം. പ്ലാനും പദ്ധതികളും സിദ്ധാന്തങ്ങളുമെല്ലാം സർവ്വശക്തനെ അംഗീകരിക്കാത്തിടത്തോളംകാലം മാനവരാശിക്ക് ശാശ്വതസമാധാനമോ സുസ്ഥിതിയോ കൈവരുത്തുമെന്നു് ആരും ആശിക്കേണ്ട.

b) തന്നോടുതന്നെയുള്ള ചുമതലകൾ: ഒരുവനു തന്നോടുതന്നെയുള്ള കടമകളിൽ മൗലികമായി നിലകൊള്ളുന്നതു സ്വന്തം കായിക—മാനസിക—ധാർമ്മിക കഴിവുകളെ പരിപോഷിപ്പിച്ചു തന്റെ മൗലികലക്ഷ്യം നേടുകയെന്നതാണ്. ശരീരത്തെ സംബന്ധിച്ചിടത്തോളം അതിനെ സംരക്ഷിക്കുന്നതിനും മരണാപകടങ്ങളിൽനിന്നു മാറി നില്ക്കുന്നതിനും ഏവർക്കും കടമയുണ്ട്. ബുദ്ധിശക്തിയെ സംബന്ധിച്ചിടത്തോളം അതു വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും അവൻ ശ്രമിക്കണം. സത്യമാണു ബുദ്ധിയെ പരിപൂർണ്ണമാക്കുന്നതു്. തന്റെ അന്ത്യം പ്രാപിക്കുവാൻ ബുദ്ധിജീവിയായ മനുഷ്യൻ ചില സത്യങ്ങൾ അറിഞ്ഞേ തീരൂ. മററു പല സത്യങ്ങളെപ്പററി അങ്ങിനെ പറയേണ്ടതില്ല. ബുദ്ധിക്കു സത്യമെന്നപോലെയാണ് മനസ്സിനു നന്മ. മനുഷ്യനു ലഭിക്കാവുന്ന ഏററം വലിയ നന്മ സ്വർഗ്ഗസൗഭാഗ്യമാണ്. അതാണ് അവന്റെ പരമലക്ഷ്യം. പരമനന്മയായ ദൈവത്തെ പ്രാപിക്കുന്നതിലാണ് ഇതടങ്ങിയിരിക്കുന്നതു്. അവിടുത്തേക്കു മാത്രമേ അവന്റെ എല്ലാ ആശകളേയും സംതൃപ്തമാക്കാൻ കഴിയൂ. അവിടുത്തെ പ്രാപിക്കാനുള്ള മാർഗ്ഗം സുകൃതാഭ്യസനവും വികാരനിയന്ത്രണവുമാണ്. ആകയാൽ മനസ്സിന്റെ വളർച്ച സുകൃതാഭ്യാസങ്ങളിൽ കുടികൊള്ളുന്നുവെന്നു് വ്യക്തമാകുന്നു.

c) സഹജീവികളോടുള്ള കടമകൾ: മനുഷ്യരെല്ലാം ജന്മനാ സമന്മാരാണ്. എല്ലാവരുടേയും പരമാന്ത്യവും ഒന്നുതന്നെ. സർവ്വമനുഷ്യരുംകൂടി ഒരു കുടുംബമാണ് അഥവാ ഒരേ ഒരു കുടുംബം മാത്രമേ ആകൂ. മനുഷ്യപ്രകൃതിയുടെ ഈ സുദൃഢമായ ഐക്യത്തിലാണ് മാനവസാഹോദര്യം അധി

ഷ്ഠിതമായിരിക്കുന്നതു്. 'തന്നെപ്പോലെ തൻെറ അയൽക്കാരനെയും സ്നേഹിക്കുക'. "അന്യനേയൊ അവൻെറ വസ്തുവകകളേയൊ ഉപദ്രവിക്കരുതു്" എന്നീ കല്പനകൾ നമ്മുടെ സഹജീവികളോടു നമുക്കുള്ള കടമകൾ വ്യക്തമാക്കിത്തരുന്നു. പരസ്നേഹവും കൃതജ്ഞതയും വഴിയാണു നാം ഈ കടമ നിർവ്വഹിക്കേണ്ടതു്. (പരസ്നേഹധർമ്മവും (Duties of Charity) നൈതികധർമ്മവും (Duties of Justice) തമ്മിൽ വ്യത്യാസമുണ്ടു്. പരസ്നേഹധർമ്മം സ്വീകരിക്കുന്നവനു്, അതിനു യാതൊരു അവകാശവുമില്ല. വെറുമൊരപേക്ഷ (Claim) യേയുള്ളു. എന്നാൽ നൈതികധർമ്മത്തിനു് ആ അവകാശമുണ്ടു്. അതു നിർവ്വഹിക്കാഞ്ഞാൽ ഉത്തരിപ്പു കടം ബാക്കി നില്ക്കുകയും ചെയ്യും. ആംഗ്ലേയധാർമ്മികശാസ്ത്രജ്ഞർ ആദ്യത്തേതിനെ അപൂർണ്ണധർമ്മമെന്നും (Imperfect Duties) മററതിനെ സമ്പൂർണ്ണധർമ്മമെന്നും (Perfect duties) വിളിക്കുന്നു.

അവകാശങ്ങളും കടമകളും പരസ്പരം ബന്ധിതങ്ങളാകയാൽ കടമകളെക്കുറിച്ചു നാം പറഞ്ഞതു് അവകാശങ്ങളെക്കുറിച്ചും തികച്ചും പ്രസക്തമാണു്.

## 22. മൗലികാവകാശങ്ങൾ: (Fundamental Rights)

താഴെ പറയുന്ന വ്യക്തിപരമായ അവകാശങ്ങളെപ്പററി 12-ാംപീയൂസ് മാർപ്പാപ്പ തൻെറ പ്രബോധനങ്ങളിൽ ശക്തിപൂർവ്വം ഊന്നിപ്പറഞ്ഞിരുന്നു.

1. കായികവും മാനസികവും ധാർമ്മികവുമായ ജീവിതത്തെ നിലനിറുത്തുവാനും വളർത്തുവാനുമുള്ള അവകാശം. വിശിഷ്യ, മതാദ്ധ്യയനത്തിനും പരിശീലനത്തിനുമുള്ളതു്.
2. രഹസ്യവും പരസ്യവുമായ ഈശ്വരാരാധനക്കുള്ള അവകാശം.
3. വിവാഹം കഴിക്കുവാനും അതിൻെറ ലക്ഷ്യം നേടുവാനുമുള്ള അവകാശം.
4. സാമൂഹ്യപരിമിതിയോടെ കർത്തവ്യങ്ങൾക്കധീനമായി ഭൗതികസ്വത്തു് ഉപയോഗിക്കുവാനുള്ള അവകാശം.

---

* (Conf: Pius XII, The Rights of Man, 1942, pp. 15,16.

5. സമത്വത്തിനുള്ള അവകാശംകൂടി നമുക്കിവയോടു ചേർക്കാം. സംസാരസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും മൗലികാവകാശങ്ങൾതന്നെ. ഏറെക്കുറെ എല്ലാ ഭരണഘടനകളും ഈ അവകാശങ്ങൾ അനുവദിക്കുന്നു. ഭരണഘടനയിൽ ഇവ എഴുതപ്പെട്ടിട്ടുണ്ടെന്നതുകൊണ്ടുമാത്രം ഈ അവകാശങ്ങൾ രാഷ്ട്രങ്ങളാണ് മനുഷ്യർക്ക് നൽകുന്നതെന്നു തെററിദ്ധരിക്കരുത്. കാരണം ഇവ പ്രകൃതിദത്തങ്ങളാണ്– മനുഷ്യപ്രകൃതിയിൽനിന്നും ഉയിർകൊള്ളുന്നവ.

ഇതു വെറും വ്യക്തിവാദമല്ല. (Individualism) വ്യക്തിവാദം അബദ്ധത്തിൽ ചാടുന്നതു്, ഇപ്രകാരം വ്യക്തിമാഹാത്മ്യമോ അവകാശങ്ങളോ അംഗീകരിക്കുന്നതുകൊണ്ടല്ല; പ്രത്യുത മനുഷ്യന്റെ സാമൂഹ്യസ്വഭാവം വെറും യാദൃച്ഛികമോ ആഗന്തുകമോ (accidental) ആണെന്നു വാദിക്കുന്നതുകൊണ്ടാണ്. വാസ്തവത്തിൽ ഈ സാമൂഹ്യസ്വഭാവം അവന്റെ വ്യക്തിത്വത്തിൽ കാതലോളം അലിഞ്ഞുചേർന്നിട്ടുള്ളതും പരമപ്രാധാന്യമുള്ളതുമാണ്.

**23. സാമൂഹ്യാവകാശം: (Social Rights)** മൗലികാവകാശങ്ങൾക്കു പുറമെ സമുദായാംഗമെന്ന നിലയിലും മനുഷ്യനു ചില അവകാശങ്ങളുണ്ടു്. അവയിൽ ചിലതു താഴെ ചേർക്കുന്നു.

1. തൊഴിൽചെയ്തു ജീവനം നേടുവാനുള്ള അവകാശം.
2. വിശ്രമത്തിനും വിനോദത്തിനുമുള്ള അവകാശം. പ്രവൃത്തി ചെയ്തു തളരുമ്പോൾ മനുഷ്യനു് ഉല്ലാസം ആവശ്യമാണ്, ഉന്മേഷം വീണ്ടെടുക്കുവാൻ. മനുഷ്യൻ യന്ത്രമോ മൃഗമോ അല്ലല്ലോ?
3. തൊഴിൽപരവും വിജ്ഞാനപരവുമായ സംഘടനാസ്വാതന്ത്ര്യം.
4. പൌരനെന്ന നിലയിൽ വോട്ടുചെയ്യാനുള്ള അവകാശം.

വ്യക്തിവാദം വൈയക്തികാവകാശങ്ങളെ അനിവർണ്ണനം ചെയ്യുമ്പോൾ മാർക്സിസ്റ്റിനെപ്പോലെ മററുചിലർ സാമൂഹ്യാവകാശങ്ങളെ പർവ്വതീകരിക്കുന്നു. ഇതിന്റെ ഏററം ദുഷിച്ച രൂപമാണു കമ്മ്യൂണിസവും തൊഴിലാളിസേച്ഛാധിപത്യവും (Totalitarianism). അതിരുകടന്ന അന്ധമായ ദേശീയവാദവും (Nationalism) രാഷ്ട്രീയരൂപംകൊ

ള്ളപ്പോഠം ഇവയ്ക്കു സമമാണ്. ജാതി, ജനത, രാഷ്ട്രം തുടങ്ങിയ ആപേക്ഷിക (relative) ഘടകങ്ങഠംക്ക് അവർ പരമാധിപത്യസ്വഭാവം (absolute value) നൽകുന്നതാണ് തകരാറ്.

സ്വേച്ഛാധിപത്യത്തിനും വ്യക്തിവാദത്തിനും മദ്ധ്യേനിന്ന് ക്രൈസ്തവതത്വശാസ്ത്രം, വ്യക്തിമാഹാത്മ്യത്തേയും മനുഷ്യൻെറ പരിപൂർണ്ണതയ്ക്കുവേണ്ട സമുദായത്തിൻെറ ആവശ്യകതയേയും ഉയർത്തിപ്പിടിക്കുന്നു.

സാമുദായികസാമ്പത്തികരാഷ്ട്രീയമണ്ഡലങ്ങളിൽ വ്യക്തികഠംക്ക് അനിയന്ത്രിതസ്വാതന്ത്ര്യം വേണമെന്നു വാദിച്ച് വ്യക്ത്യാധിപത്യത്തിനു കളമൊരുക്കിയതാണ് വ്യക്തിവാദത്തിൻെറ തെററ്. 19-ാംനൂററാണ്ടിലെ ഭരണഘടനകഠം ഈ അബദ്ധത്തിലാണു ചെന്നു ചാടിയതു്. നേരെമറിച്ചു സർവ്വാധിപതിയായ രാഷ്ട്രം വാദിക്കുന്നതു്, സമുദായം വ്യക്തികഠംക്കു മുമ്പുതന്നേയുള്ള ഒരു യാഥാർത്ഥ്യമാണെന്നും രാഷ്ട്രം നൽകുന്നിടത്തോളം അവകാശങ്ങളേ വ്യക്തികഠംക്കുള്ളുവെന്നുമാണ്. സമൂഹം ലക്ഷ്യവും മനുഷ്യൻ മാർഗ്ഗം മാത്രവുമാണെന്നാണ് അവരുടെ വാദം. എന്നാൽ നമുക്കറിയാം, ക്രൈസ്തവതത്വശാസ്ത്രപ്രകാരം വ്യക്തികളുടെ സ്വാഭാവികവും അതിസ്വാഭാവികവുമായ ലക്ഷ്യം പ്രാപിക്കുന്നതിന് അവരെ സഹായിക്കാനുള്ള ഒരുപാധിമാത്രമാണ് സമുദായമെന്ന്; അതിനാൽ വ്യക്തിയുടെ യഥാർത്ഥമൂല്യവും അവനു നിശ്ചയിച്ചിരിക്കുന്ന അതിസ്വാഭാവികാന്ത്യവും നിഷേധിക്കുന്ന കമ്മ്യൂണിസവും സ്വേച്ഛാധിപത്യസിദ്ധാന്തങ്ങളും എത്രകണ്ട് അബദ്ധമാണെന്നും. സമുദായനന്മയെ ലക്ഷ്യമാക്കി അവതന്നെ കനിഞ്ഞരുളുന്ന അവകാശങ്ങഠം മാത്രമേ വ്യക്തികഠംക്കുള്ളുവെന്നാണ് ഈ സിദ്ധാന്തങ്ങളുടെ മൗലികതത്വം.

ക്രിസ്തീയതത്വശാസ്ത്രപ്രകാരം, മാനവലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗംമാത്രമാണ് സമുദായം. 11-ാംപീയൂസ് പാപ്പാ പറയുന്നു: "വ്യക്തിയുടെ പരിപൂർണ്ണവികാസത്തിനും സാമുദായികനേട്ടങ്ങഠംക്കുമായിട്ടാണ് ദൈവം സമുദായമുണ്ടാകണമെന്നു തിരുമനസ്സായിട്ടുള്ളതു്. തൻെറയും മററുള്ളവരുടെയും നന്മയ്ക്കായി മനുഷ്യൻ ഒരു ക്രയവിക്രയരീതിയിൽ അതിനെ ഉപയോഗിക്കണം. വ്യക്തിക്കു തനിയെ നേടാൻ കഴിയാത്ത ചില വൻകാര്യങ്ങഠംപോലും, കൃത്യമായി പരിശോധിക്കുന്നതായാൽ കാണാം, വ്യക്തിയുടെ സ്വാഭാവികവും അതിസ്വാഭാ

വികവുമായ വികസനത്തിനും സമ്പൂർണ്ണതയ്ക്കുംവേണ്ടി സ്രഷ്ടാവുതന്നെ വ്യക്തികൾക്കു കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളാണെന്ന്."[1] എന്നാൽ വ്യക്തികൾക്കുള്ള ഈ അവകാശങ്ങളെ പൊതുനന്മയ്ക്കായി സമുദായത്തിനു നിയന്ത്രിക്കാവുന്നതാണ്. എന്നാൽ ഈ പൊതുനന്മ എപ്പോഴും മനുഷ്യനന്മ തന്നെയായിരിക്കണം.[2]

## ഇന്ത്യൻ ഭരണഘടനയും വ്യക്തിസ്വാതന്ത്ര്യവും.

ഇന്ത്യൻഭരണഘടന സവിശേഷശ്രദ്ധയോടെ കൈകാര്യം ചെയ്യുന്ന രണ്ടു കാര്യങ്ങളാണ് വ്യക്തിമാഹാത്മ്യവും വ്യക്ത്യവകാശങ്ങളും. ഭരണഘടനയുടെ മുഖവുരയിൽത്തന്നെ ഇപ്രകാരം പ്രസ്താവിക്കുന്നു. "താഴെപ്പറയുന്ന കാര്യങ്ങളിൽ സുരക്ഷിതത്വം ഒരോ പൗരനും ഉണ്ടായിരിക്കുന്നതാണ്."

i) നീതി. (സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവും)
ii) സ്വാതന്ത്ര്യം. (ചിന്ത, അഭിപ്രായപ്രകടനം, ആചാരം, വിശ്വാസം, ആരാധന ഇവയ്ക്കു്)
iii) സമത്വം. (അന്തസ്സിലും, അവസരങ്ങളിലും)
iv) സഹോദര്യം. (വ്യക്തിമാഹാത്മ്യവും ദേശീയൈക്യവും സംരക്ഷിക്കുന്നതിന് പര്യാപ്തമായതു്)

ഇന്ത്യൻഭരണഘടന വ്യക്തികൾക്കുള്ള അവകാശങ്ങളെ ബഹുമാനിച്ചാദരിക്കുന്നതിൽ ബഹുദൂരം മുന്നേറുന്നുവെന്ന വാസ്തവം സാമൂഹ്യശാസ്ത്രജ്ഞന്മാർക്ക് ആഹ്ലാദകരമാണെങ്കിലും അമേരിക്കൻ ഭരണഘടന ചെയ്യുന്നതുപോലെ, ദൈവമാണ് എല്ലാ വൈയക്തികാവകാശങ്ങളുടെയും ഉറവിടം എന്ന്, അതു തുറന്നു പ്രഖ്യാപിച്ചിട്ടില്ല. ക്രൈസ്തവതത്വശാസ്ത്രം പറയുംപോലെ മനുഷ്യന്റെ ആദ്ധ്യാത്മികവും ധാർമ്മികവുമായ മഹത്വത്തിന്മേൽ അടിയുറച്ചതായിരിക്കണം മൗലികാവകാശങ്ങൾ എന്ന വസ്തുത ലോകം അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യട്ടെ, സർവ്വരും അറിഞ്ഞിരിക്കേണ്ട ഒരു പരമാർത്ഥമാണതു്.

---

1. Pius XI, Persecution of the Church in Germany (1937), p. 25
2. A Code of Social Principiles, pp. 16—18, Rev. T. J. O'Kane, A Catholic Catechism of Social Questions, Ch. XII. A Fonseca S. J., The Citizen and the State, Chapter "Rights and Duties." p. 20—26.

ഭരണഘടനയുടെ ഉപോദ്ഘാതത്തിൽ ഉറപ്പിച്ചിരുന്നിരിക്കുന്ന ഈ മൗലികാവകാശങ്ങൾക്കു പുറമെ വ്യക്തികൾക്കുള്ള മററു ചില മൗലികാവകാശങ്ങൾകൂടി ഭരണഘടനയിൽ നാം കാണുന്നുണ്ട്. അതിൻെറ 19-ാംവകുപ്പ് സംസാരസ്വാതന്ത്ര്യവും, സംഘടനാസ്വാതന്ത്ര്യവും, 25-ാംവകുപ്പ് മതസ്വാതന്ത്ര്യവും, മനസ്സാക്ഷിസ്വാതന്ത്ര്യവും, 31-ാംവകുപ്പ് യുക്തിയുക്തമായ കാരണത്തോടെ ഗവമ്മെൻറ സ്വകാര്യസ്വത്ത് ഏറെറടുക്കുമ്പോൾ നഷ്ടപരിഹാരവും വാഗ്ദാനം ചെയ്യുന്നു. എന്നാൽ നിർഭാഗ്യവശാൽ സ്വകാര്യ ഉടമസ്ഥയുള്ള ഈ അവകാശം ഒരു ഭേദഗതി മൂലം പാർലമെൻറ് ഭേദപ്പെടുത്തിയിട്ടുണ്ട്.

31-ാംവകുപ്പ് നല്കിയിരുന്ന സ്വകാര്യസ്വത്തിൻെറ അവകാശത്തിനു് 1955-ൽ, ലോകസഭ കാതലായ ഒരു ഭേദഗതി പാസ്സാക്കി. "പൊതുവായ ആവശ്യത്തിനല്ലാതെ ആരുടേയും സ്ഥലം നിർബ്ബന്ധപൂർവ്വം എടുക്കുകയോ, ആവശ്യപ്പെടുകയോ ചെയ്യരുതു. അങ്ങിനെ എടുക്കുന്ന വസ്തുവിനു പ്രതിഫലം നല്കണം. അതു നിയമാധികാരംവഴി ചെയ്യുകയും വേണം. പ്രസ്തുത നിയമമാകട്ടെ, പ്രതിഫലം നിശ്ചയിക്കുകയോ, നിശ്ചയിക്കേണ്ട തത്വങ്ങളും നല്കേണ്ട വിധവും തീരുമാനിക്കുകയോ ചെയ്യണം. മാത്രമല്ല, നിയമം നിശ്ചയിച്ചിരിക്കുന്ന പ്രതിഫലം അപര്യാപ്തമാണെന്ന കാരണത്താൽ, അത്തരം നിയമങ്ങളെ ആർക്കും കോടതിവഴി ചോദ്യം ചെയ്യാൻ അവകാശവുമില്ല."[1]

"വ്യക്തിമാഹാത്മ്യത്തിനു ചേരാത്ത പരമ്പരാഗതമായ വല്ല ഹൈന്ദവസിദ്ധാന്തങ്ങളോ, ചാച്ചിലുകളോ ഉണ്ടോ എന്നുകൂടി സാമൂഹ്യശാസ്ത്രജ്ഞന്മാർ പഠിക്കുന്നതു നന്ന്. ഹൈന്ദവസിദ്ധാന്തങ്ങളിൽ അന്തർലീനമായി കിടക്കുന്ന ഏകപദാർത്ഥവാദം (Monism) വ്യക്തിമാഹാത്മ്യത്തെ തകിടം മറിക്കുന്ന ഒന്നാണ്."[2]

കർമ്മപുനർജ്ജന്മവാദങ്ങൾ, സ്വപ്രയത്നത്താൽ സ്വന്തലക്ഷ്യം നേടുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നിഷേധിക്കുന്നു; ജന്മത്തിൽതന്നെ കർമ്മാനുസാരം അവൻെറ അന്ത്യം നിശ്ചയിക്കപ്പെട്ടുപോകുന്നു. പുനർജ്ജന്മവാദമനുസരിച്ചു മനുഷ്യാത്മാവിൻെറ വ്യക്തിത്വം നിഷേധിക്കപ്പെടുകയാണു ചെയ്യുന്നതു്; കാരണം മനുഷ്യാ

1. Cfr. C. H. Alexandrowics, Constitutional Developments in India, pp. 35—95

2. Cfr. M. Ruthnaswamy, The Making, of the State, pp. 96—98

ത്താവ് വേറൊരു ജന്മത്തിൽ ഒരു മൃഗത്തിനു ജീവൻ കൊടുത്തുവെന്നു വരാം. ആധുനികരിൽ ഇത്തരം സിദ്ധാന്തങ്ങൾക്കു വമ്പിച്ച പ്രേരണയൊന്നും ചെലുത്തുവാൻ സാദ്ധ്യമല്ലെങ്കിലും, സാധാരണ ഹൈന്ദവർ ഈ വിശ്വാസത്തിലും അന്തരീക്ഷത്തിലുമാണു ജീവിക്കുന്നതെന്നുള്ളതു പരമാർത്ഥം നാം മറക്കരുതു്.

പുനർജ്ജന്മവിശ്വാസത്തെ അടിസ്ഥാനമാക്കിയാകാം, മൃഗങ്ങൾക്കും മനുഷ്യതുല്യമായ ചില അവകാശങ്ങളുണ്ടെന്നു് ചില ഹിന്ദുക്കൾ വാദിക്കുന്നതു്. എന്നാൽ നമുക്കറിയാം, ബുദ്ധിജീവികളായ മനുഷ്യർക്കു സാരാംശത്തിൽ മൃഗങ്ങളിൽനിന്നും തികച്ചും വിഭിന്നമായ പ്രകൃതിയാണുള്ളതെന്നു്. മനുഷ്യൻ സൃഷ്ടികളുടെ രാജാവാണു്.

നൂററാണ്ടുകളായി ഹിന്ദുമതം അതിൻെറ അടിസ്ഥാനവ്യവസ്ഥയായി കരുതിപ്പോന്ന ജാതിസമ്പ്രദായത്തെ ഭരണഘടനയുടെ 15-ാംവകുപ്പ് നിറുത്തലാക്കിയിരിക്കുന്നു. കാരണം ഇതു് പൗരസമത്വം എന്ന മൗലികാവകാശത്തിനു് എതിരാണല്ലോ. എന്നാൽ ജാതി-മനഃസ്ഥിതി ഇതോടെ പാടെ ഓടിമറഞ്ഞുവെന്നു യാതൊരാളും വ്യാമോഹിക്കേണ്ട. തൊഴിൽ സംഘങ്ങൾ മുതൽ പാർലമെൻറു വരേയും ശാന്തമായി അന്തസ്സോടെ പ്രവർത്തിക്കുന്ന എല്ലാ സാമൂഹ്യസമിതികളിലും ഇന്നു ജാതിമനഃസ്ഥിതി അതിൻെറ തനിനിറം കാട്ടുന്നുണ്ടെന്നതാണു് പരമാർത്ഥം. ഭരണഘടനയുടെ മറെറാരു പ്രശംസനീയനേട്ടമാണു് അയിത്തോച്ചാടനം. ഏതെങ്കിലുംവിധം അയിത്തം ആചരിക്കുന്നതു് ശിക്ഷാർഹമായ ഒരു കുററമാണെന്നു 17-ാംവകുപ്പ് പ്രഖ്യാപിക്കുന്നു.

## ഗ്രന്ഥസൂചി.

J. Rickaby, S. J., Moral Philosophy, pp. 244-251
D. Ferroli, S. J., Moral Science. Vol. II, Ch. I, II, III
Mgr. H. Parkinson, A Primer of Social Science, pp. 17-25
G. Clnne, Christian Social Reorganization, Ch. X
Rev. P. Glen Ethics, Part II, Ch. I, II, III, IV
J. Messer, Social Ethics, pp. 6—37
M. Cronin, The Science of Ethics, Vol. I, pp. 660—680
Higginns, Man as Man, pp. 225—256
Rafael Gambra Ciudad, Las Implicationes Sociales de la Persona, Revista Internacional de Sociologia, Abril-Junio, 1952
The Essential of Human Rights: The Annals of the American Academy of Political and Social Science, 1946. Philadelphia, Introduction

## ഖണ്ഡിക 3.

# മനുഷ്യനും സംസ്കാരവും.

സാമൂഹ്യശാസ്ത്രത്തിലുടനീളം കൃത്യമായി കണക്കിലെടുക്കേണ്ട ഒരു പ്രധാന കാര്യമാണ് മാനവസംസ്കാരം. അതിനാൽ മനുഷ്യന്റെ സാംസ്കാരികവളർച്ചയെപ്പററിയാണ് ഈ ഖണ്ഡികയിൽപ്രതിപാദിക്കുവാൻ പോകുന്നതു്.

**24. സംസ്കാരമെന്നാലെന്തു്?** സംസ്കാരം എന്ന പദം പല അർത്ഥത്തിലും പ്രയോഗിക്കാറുണ്ടു്. വ്യക്തിയുടെ നേട്ടത്തെ കുറിക്കുവാൻ ഉപയോഗിക്കുമ്പോഴ് അതർത്ഥമാക്കുന്നതു് അവന്റെ വിവിധ കഴിവുകളുടെ ഏകയോഗമായ വികാസത്തെയാണു്. സാമൂഹ്യാർത്ഥത്തിൽ വർഗ്ഗസംസ്കാരത്തെ ഇങ്ങനെ നിർവ്വചിയ്ക്കാം: "മനുഷ്യന്റെ നേട്ടങ്ങൾക്കളോടുള്ള അവന്റെ സാമൂഹ്യപ്രതികരണത്തിന്റെ ആകെത്തുക"യാണതു്. (Sumtotal of man's social reactions to his achievements). ഈ പ്രതികരണങ്ങളാകട്ടെ, കുടുംബഘടന, കല, സാഹിത്യം, ശാസ്ത്രം, ധാർമ്മികബോധം എന്നീ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഈ അർത്ഥത്തിലാണു ചൈനാസംസ്കാരം, സൈന്ധവസംസ്കാരം എന്നെല്ലാം നാം പറയുന്നതു്.

**25. വിവിധ സാമൂഹ്യസംസ്കാരങ്ങൾ:** ആദ്യമായി സാമൂഹ്യസംസ്കാരങ്ങളെ രണ്ടായി തരം തിരിക്കാം.

1. <u>സത്താപരം:</u> മനുഷ്യപ്രകൃതിയിൽ നിന്നുതന്നെ ഉയിർക്കൊള്ളുന്നതും തന്മൂലം എവിടെയും ഒരുപോലെയിരിക്കുന്നതുമാണു സത്താപരമായ സംസ്കാരം. ഉദാഹരണം സ്വകാര്യസ്വത്തു്, കുടുംബം മുതലായവ.

2. <u>ആഗന്തുകം:</u> സത്താപരമായി നിലവിലുള്ളതോ, അല്ലാത്തതോ ആയ സാംസ്കാരികസ്ഥാപനത്തിന്റെ വിഭിന്നരൂപമോ അപവാദമോ ആണു് ആഗന്തുകസംസ്കാരം. ഉദാ: സ്വന്തം ഗോത്രത്തിനു പുറമേനിന്നും വിവാഹം കഴിക്കുന്ന സമ്പ്രദായം. സാമൂഹ്യശാസ്ത്രത്തിന്റെ സജീവശ്രദ്ധ പതി

യേണ്ടതു് ഇവയിൽ സത്താപരസംസ്കാരത്തിലാണെന്നു പറയേണ്ടതില്ലല്ലോ.

ഉന്നതസംസ്കാരമെന്നും (High Culture) അധമസംസ്കാരമെന്നും (Low Culture) സാമൂഹ്യസംസ്കാരത്തെ വീണ്ടും രണ്ടായി വിഭജിക്കാം ശാസ്ത്രം, കല, ധാർമ്മികബോധം എന്നിവയിൽ പുരോഗതി നേടിയ സംസ്കാരമാണു് ഉന്നതസംസ്കാരം അഥവാ നാഗരികത (Civilisation). യൂറോപ്യൻ സംസ്കാരം ഈ പേരിനർഹമാണെന്നു പറയാം, കാരണം അതു് ഈ മൂന്നു കാര്യങ്ങളിലും വളരെയേറെ മുന്നേറിയിട്ടുണ്ടു്. ഏതൊരു സംസ്കാരവും ഈ മൂന്നു കാര്യങ്ങളിൽ പുരോഗതി നേടാൻ ശ്രമിക്കണം. ധാർമ്മികബോധത്തെ അവഗണിച്ചു മററുള്ളവയിൽമാത്രം മുന്നേറുന്ന സംസ്കാരങ്ങൾ അപൂർണ്ണങ്ങളും നീണ്ടുനില്ക്കാൻ കഴിയാത്തവയുമാണു്. ഈ മൂന്നു കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിൽ സാംസ്കാരികാധഃപതനം ആരംഭിക്കാം. എന്നാൽ ഏററവും ദാരുണമായ അധഃപതനം ധാർമ്മികാധഃപതനമാണു്.

<u>അധമസംസ്കാരം: (Low Culture)</u> ഇതിൽ ഉന്നതസംസ്കാരത്തിൻെറ സാരാംശം മുഴുവനും സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ശാസ്ത്രം, കല, ധാർമ്മികബോധം എന്നിവയിൽ പുരോഗതി താരതമ്യേന കുറവായിരിക്കും. ഉദാഹരണം കാട്ടാളസംസ്കാരം. (കേരളത്തിലെ വനവാസികളുടെ സംസ്കാരം.) അധമസംസ്കാരത്തിലാണ്ടു കിടക്കുന്നവർ കല, ശാസ്ത്രം, ധർമ്മബോധം എന്നിവയിൽ പുരോഗമിക്കാതിരിക്കുന്നതു സാമുദായികശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്നു; അതുപോലെതന്നെ സാംസ്കാരികാധഃപതനത്തിനുള്ള കാരണങ്ങളും[1].

## 26. സാംസ്കാരിക പരിണാമം: (Cultural Evolution)

ജീവജാലങ്ങളുടെ ഇടയിലുണ്ടെന്നു പറയുന്ന പരിണാമവാദം സാമൂഹ്യപ്രസ്ഥാനങ്ങളിലേക്കു പ്രയോഗിക്കുന്നതാണു് സാംസ്കാരികപരിണാമവാദം. അപൂർണ്ണമായ ഒരാരംഭത്തിൽനിന്നു തുടങ്ങി പല നിലകളിലൂടെ മുന്നേറി, ഇന്നത്തെ പരിപൂർണ്ണതയെ കാലക്രമേണ നേടിയ ജൈവപരിണാമം (Organic Evolution) പോലെതന്നെ സാമൂഹ്യപ്രസ്ഥാനങ്ങളും വളർന്നുവന്നുവെന്നാണു് ഇവർ പറയുക; വിഗ്രഹാരാധനയിൽ തുടങ്ങി, ഏകാത്മതാവാദം (Monism) ബഹുദൈവവാദം

1. Cfr. Frans Boas, General Anthropology, pp. 146—237.

(Polytheism) ഇവയിലൂടെ ക്രമേണ മുന്നേറിയാണ്, മതം ഇന്നത്തെ ഏകദൈവവാദത്തിലെത്തിയതെന്നും. അതുപോലെ, കുടുംബവും അവരുടെ അഭിപ്രായത്തിൽ,സ്വതന്ത്രസംയോഗവ്യവസ്ഥ (Sexual Promiscuity) യിൽനിന്നു തുടങ്ങി, ബഹുഭാര്യാത്വത്തിലൂടെ മുന്നേറിയാണ് ഇന്നത്തെ ഏകഭാര്യാസമ്പ്രദായമുണ്ടായത്. സംസ്ക്കാരവും കലയും സ്വകാര്യസ്വത്തും എല്ലാം ഇവർക്കു സാമൂഹ്യപരിണാമത്തിൻെറ പരിണതഫലങ്ങളാണ്.*

**27. സാമൂഹ്യപരിണാമവാദഖണ്ഡനം:** ജൈവപരിണാമവാദത്തിന് ഇന്നും നരവംശശാസ്ത്രജ്ഞന്മാർക്കിടയിൽ നല്ല വിലയുണ്ടെങ്കിലും ഈ സാമൂഹ്യപരിണാമവാദം അവരും പുഛിച്ചു പുറംതള്ളുകയാണ്. അവരിൽ പ്രസിദ്ധനായ ഒരാൾപോലും ഈ വാദമിന്നു് അംഗീകരിക്കുന്നില്ല.

ആധുനികനരവംശശാസ്ത്രത്തിൻെറ ആവിർഭാവത്തോടെ സാമുദായികപരിണാമവാദത്തിൻെറ മരണമണി മുഴങ്ങി. ആധുനികരും പ്രാചീനരുമായ പ്രാകൃതവർഗ്ഗക്കാരുടെയിടയിൽ ഇവർ (നരവംശശാസ്ത്രജ്ഞർ) നടത്തിയ ശാസ്ത്രീയഗവേഷണങ്ങൾ, പരിണാമവാദികളുടെ ആശയങ്ങളുടെ പൊള്ളത്തരം ലോകത്തിനു വ്യക്തമാക്കിക്കൊടുത്തു. ഇക്കൂട്ടർ (പരിണാമവാദികൾ) ആദ്യമേ തങ്ങളുടെ, ഭാവനാവിലസിതസിദ്ധാന്തങ്ങൾ എഴുതി വെച്ചശേഷം യാഥാർത്ഥ്യങ്ങളെ ഈ സിദ്ധാന്തങ്ങളോടു "ചെത്തിച്ചേർക്കുവാൻ" ശ്രമിക്കുകയാണു ചെയ്തതു്. ഇങ്ങനെ മുൻവിധി രൂപപ്പെടുത്തിയ സങ്കല്പങ്ങളെ സംരക്ഷിക്കുവാൻ, സത്യത്തെ വളച്ചൊടിക്കുക അവർക്കു് ആവശ്യമായിത്തീർന്നു. എന്നാൽ ശാസ്ത്രരീതി അതല്ല. അതു് ആദ്യം വസ്തുതകൾ നിരത്തിവയ്ക്കുന്നു. പിന്നീടു് അവയുടെ വെളിച്ചത്തിൽ സിദ്ധാന്തം രൂപവൽക്കരിക്കുന്നു.

---

* 250 ലക്ഷം ആദിമവാസികളുണ്ടു് ഇന്ത്യയിൽ. ഗവണ്മെൻറും സാമൂഹ്യപ്രവർത്തകരും ഒരുപോലെ ഇവരുടെ സാംസ്കാരികനില ഉയർത്തുവാൻ കിണഞ്ഞു ശ്രമിക്കുകയാണ്. ആസ്സാമിലെ നാഗന്മാരുടെ ആക്രമണം ഈ പരിഷ്ക്കാരശ്രമത്തിനു വേണ്ട ഔചിത്യദീക്ഷയുടെ പരമപ്രാധാന്യത്തെ വിളംബരം ചെയ്യുന്നുണ്ടു്. ചില വർഗ്ഗക്കാരെ "കൊള്ള"ക്കാരാക്കി മുദ്രയടിക്കുവാനിടയാകുന്നതു ഗവണ്മെൻറുനയത്തിലുള്ള അപാകതയുടെ ദുരന്തഫലമാണ്.

KOTTAYAM PUBLIC LIBRARY KOTTAYAM

സാമൂഹ്യാധഃപതനം, വികസനം തുടങ്ങിയ വ്യക്തമായ സുപ്രധാന വസ്തുതകൾക്കുപോലും ഒരു വിശദീകരണം നല്കുവാൻ ഈ സാമൂഹ്യപരിണാമവാദികൾക്കു കഴിയുന്നില്ല എന്നതാണു പരമാർത്ഥം. പ്രാചീനരും ആധുനികരുമായ പ്രാകൃതരുടെയിടയിൽ ഏകഭാര്യാത്വം നടപ്പിലുണ്ട്. മററു വിവാഹവ്യവസ്ഥകളുണ്ടായിരുന്നുവെന്നതിനു യാതൊരു തെളിവുമില്ലതാനും. ഈ വസ്തുതയും ഇവൎക്കു നിഷേധിക്കുവാനോ വിശദീകരിക്കുവാനോ സാദ്ധ്യമല്ല. നേതൃത്വം, മതസ്വാധീനത, ഗോത്രക്കരാറുകൾ തുടങ്ങിയ പ്രമുഖവസ്തുതകളുടെ നേരെയും അവർ കണ്ണടക്കുകയാണ്.

ഈ വിഷയത്തിൽ ആധുനികനരവംശശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ താഴെ ചേർക്കുന്നവയാണ്.[1]

1. സ്പെൻസർ പ്രഭൃതികളുടെ നേതൃത്വത്തിൽ, 'പ്രാചീനസമൂഹങ്ങളിൽ സ്വതന്ത്രസംയോഗം ആയിരുന്നു വൈവാഹികസമ്പ്രദായം' എന്നു സ്ഥാപിക്കുവാൻ ഒരു ശ്രമം നടന്നുവെങ്കിലും, ഏകഭാര്യാത്വം എന്നും ഏതൊരു സമുദായത്തിലും നിലവിലിരുന്നുവെന്നു നമുക്കു സുവ്യക്തം തെളിയിക്കുവാൻ കഴിയും. പരിണാമവാദത്തിൻെറ മുൻവിധികളൊന്നും ഏശിയിട്ടില്ലാത്ത ഗവേഷകർ, പ്രാകൃതജനങ്ങളുടെ ജീവിതരീതിയിലും സംസ്കാരത്തിലും നടത്തിയിട്ടുള്ള പരിശോധനകളിൽനിന്നാണു നമുക്ക് ഈ അറിവു ലഭിക്കുന്നത്.

2. നരവംശഗവേഷണവുമായി നാം എത്ര ദൂരം പിന്നിട്ടാലും എത്ര തലമുറകൾ പരിശോധിച്ചാലും അവിടെയൊന്നും ഭാഷാസ്വാധീനമില്ലാത്ത ഒരു മനുഷ്യനേയും കാണുകയില്ല. ആകയാൽ, ഊമനായ പ്രാഥമിക മനുഷ്യൻ (Homo allatus) ഒരു കെട്ടുകഥ മാത്രമാണ്.

3. അറിയപ്പെട്ടിടത്തോളം വസ്തുതകൾവച്ചു പരിശോധിച്ചാൽ, അതിമാനുഷികത്വം (Superhumanism) സാൎവ്വജനീനമായ ഒരു പ്രതിഭാസമായിരുന്നുവെന്നു കാണാം. കണ്ടു

1. Cfr. Stephen Fuchs, Social Origins, pp. 5—12
Sierber and Muller, The Social Life and Primitive Man, pp. 21—26

പിടിക്കപ്പെട്ടിട്ടുള്ള ഏതൊരു വർഗ്ഗക്കാർക്കും ഏതെങ്കിലും തരത്തിലുള്ള മതബോധം ഉണ്ടായിരുന്നു.

4. സാമൂഹ്യപരിണാമവാദികൾക്ക തലവേദനയുളവാക്കുന്ന മറെറാരു പ്രശ്നമാണ് ആദിമകാലം മുതലേ മനുഷ്യൻ കലാവാസനയുള്ളവനായിരുന്നുവെന്നതു്. മനുഷ്യവർഗ്ഗത്തിൻെറ കലാപരിശ്രമങ്ങളുടെ ഏററം പുരാതനരൂപമാണ് ആദിമമനുഷ്യരുടെ ഗുഹാമുഖകലാവിലാസം. (The Cave Arts). അവയുടെ 'ടെക്നിക്' ശാസ്ത്രീയവും ആകാരസൗകുമാര്യം ചേതോഹരവുമത്രേ.

**28. സംസ്കാരം സാർവ്വജനീനം:** (1) ഏതു ജനപദത്തിലും—അവ എത്രതന്നെ പുരാതനമാവട്ടെ—സംസ്ക്കാരത്തിൻെറ അടിസ്ഥാനഘടകങ്ങൾ കാണാവുന്നതാണ് മതം, സ്വകാര്യസ്വത്തു് മുതലായ സാംസ്ക്കാരികമൂലഘടകങ്ങളെങ്കിലും മനസ്സിലാകാത്ത ജനപദങ്ങൾ ഉണ്ടായിരുന്നുവെന്നും, ഇന്നും ഉണ്ടെന്നുമുള്ള സങ്കല്പം വെറും കെട്ടുകഥയാണെന്ന് ആധുനിക നരവംശശാസ്ത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.[1]

(2) മൃഗത്തിനും മനുഷ്യർക്കുമിടയ്ക്കു് പകുതി മനുഷ്യനും പകുതി മൃഗവും ആയ ഒരു പ്രത്യേകജീവിയെ കണ്ടെടുക്കുവാനുള്ള ശ്രമം ഇന്നു പാടെ തകർന്നിരിക്കുകയാണ്. പ്രാകൃതരുടെ ഇടയിൽ ഇനിയും നടത്താവുന്ന ഗവേഷണങ്ങൾ പോലും നമ്മുടെ ഈ നിഗമനങ്ങളെ അടിസ്ഥാനപരമായി തിരുത്തിയെഴുതുമെന്നു ശങ്കിക്കേണ്ട. ചില ആധുനികഗവേഷണഫലങ്ങൾ താഴെ ചേർക്കുന്നു: പ്രാകൃതമനുഷ്യരും മററുള്ളവരെപ്പോലെ ചിന്താശീലരാണ്. അവരുടെ വികാരം, ധാർമ്മികബോധം, പ്രയത്നം ഇവയെല്ലാം സംസ്കൃതമർത്ത്യരുടേതുപോലെതന്നെ. ചിന്താശീലരെപ്പോലെ ജീവിതത്തിൻെറ അർത്ഥം അവരും മനസ്സിലാക്കിയിരുന്നു. പ്രപഞ്ചത്തേയും പ്രകൃതിയേയും അവർ ആസ്വദിച്ചിരുന്നു. ആധുനികരെപ്പോലെതന്നെയായിരുന്നു പ്രാചീനരുമെന്നു് ചരിത്രഗവേഷണവും തെളിയിക്കുന്നു. കാരണം ഭൂമുഖത്തു മനുഷ്യൻ പ്രത്യക്ഷപ്പെട്ടപ്പോൾ അവനുണ്ടായിരുന്ന മനുഷ്യപ്രകൃതി തന്നെയാണ് ഇന്നും അവനുള്ളതു്.

1. (Dawson Christopher, Religion and Progress, pp. 150—180 Muntsch Albert. Cultural Anthropology, pp. 17—44)

**29. ചിന്ത: സംസ്ക്കാരലക്ഷണം.** സംസ്കാരത്തിൻെറ അവശ്യകാരണം ബുദ്ധി അഥവാ വിചിന്തനം ആണ്. ബുദ്ധിശക്തി കൂടാതെ അഭിവൃദ്ധിയോ, സംസ്ക്കാരമോ ഉണ്ടാവുക സാദ്ധ്യമല്ല. വിശേഷബുദ്ധി തന്നെയാണ് മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിച്ചു, മാന്യമായ മണ്ഡലത്തിൽ പ്രവർത്തിക്കുവാൻ അവനെ പ്രാപ്തനാക്കുന്നതും. സംസ്ക്കാരത്തിൻെറ സത്തയേതെന്ന് കണ്ടറിഞ്ഞിട്ട്, അതു മൃഗങ്ങളിൽ കാണാത്തതിൻെറ കാരണമന്വേഷിച്ചാൽ, സാംസ്ക്കാരികഘടകമെന്ന നിലയിൽ ബുദ്ധിക്കുള്ള പരമപ്രാധാന്യം വ്യക്തമാകുന്നതാണ്. സംസ്ക്കാരത്തിൻെറ ഈ ബൗദ്ധികബന്ധംമൂലം കഴിഞ്ഞുപോകുന്ന തലമുറകളുടെ സംസ്ക്കാരവും പുരോഗതിയും പിന്നീടുവരുന്ന തലമുറകൾക്ക് ഒരമൂല്യനിധിയായി അവശേഷിക്കുന്നു. ബുദ്ധിഹീനമായ ജന്തുവർഗ്ഗത്തിന് അസാദ്ധ്യമായ ഒരു സുപ്രധാന സാംസ്ക്കാരിക സവിശേഷതയാണിത്.

നരവംശശാസ്ത്രത്തിലെ ഒരമൂല്യരത്നമായ തൻെറ ഒരു കൃതിയിലൂടെ Dr. C. E. Fox (ഫോക്സ്) വാദിക്കുന്നു, അപരിഷ്കൃതരുടേയും നമ്മുടേയും മാനസികപ്രവർത്തനങ്ങൾ വിഭിന്നങ്ങളാണെന്നു പറയുന്നതു തികച്ചും തെററാണെന്നും ഭൂമുഖത്തു് എവിടെയുമുള്ള മനുഷ്യപ്രകൃതി അടിസ്ഥാനപരമായി ഒന്നുതന്നെയാണെന്നും. അദ്ദേഹം പറയുന്നു: "അപരിഷ്കൃതരുടെ മനസ്സല്ല, അവരുടെ ചുററുപാടുകളും ചരിത്രവുമാണ് വിഭിന്നം."

**30. മൃഗങ്ങൾക്കു സംസ്ക്കാരമില്ല:** (1) ചില മൃഗങ്ങൾ മനുഷ്യതുല്യം ചിലതെല്ലാം പ്രവർത്തിച്ചുവെന്നു വരാം; മൃഗജീവിതത്തിൻെറ ചില വശങ്ങൾ മനുഷ്യജീവിതത്തിനു സദൃശമായിരിക്കാം; എന്നാൽ സൂക്ഷ്മപരീക്ഷണം തെളിയിക്കും ഈ സാമ്യങ്ങൾ കേവലം ബാഹ്യമാത്രമാണെന്ന്.

(2) ബുദ്ധിശക്തിയില്ലാത്തതുകൊണ്ടാണ് മൃഗങ്ങൾക്കിടയിൽ യഥാർത്ഥസംസ്ക്കാരമുണ്ടാകാത്തതു്. ചിന്താശക്തി മൃഗങ്ങൾക്കില്ല. തന്മൂലം അവയ്ക്കു ഭാഷയില്ല, കലയില്ല, പുസ്തകങ്ങളില്ല, സാഹിത്യമില്ല, ഉപകരണങ്ങളില്ല, പുരോഗതിയുമില്ല. എത്രയും മിടുക്കനായ കുരങ്ങിൻേറപോലും തലച്ചോറിൻെറ ഘടനതന്നെ ചിന്തിക്കുവാൻ പര്യാപ്തമായ തരത്തിലുള്ളതല്ല.

**31. സംസ്കാരത്തിൻെറ ഐകരൂപ്യം:** ലോകമെങ്ങുമുള്ള സംസ്കാരത്തിനു് എണ്ണമററ വ്യത്യാസങ്ങൾ ഉണ്ടാവാം. എങ്കിലും സാരാംശത്തിൽ അവയെല്ലാം ഒന്നുതന്നെ. ജനപദങ്ങൾ വിവിധ ഭാഷകൾ സംസാരിക്കുന്നു; പക്ഷെ, എല്ലാവർക്കും ഭാഷയുണ്ടു്. വിവിധ നിയമസംഹിതകളും വിവിധാചാരങ്ങളും അവരുടെ ഇടയിൽ പ്രാബല്യത്തിലിരിക്കുന്നു: പക്ഷെ, ധാർമ്മികസംഹിതയുടെ പ്രധാന ഘടകങ്ങൾ എവിടെയും ഒന്നുതന്നെ. സംസ്കാരമാതൃകകളാണു് അടിസ്ഥാനസാമൂഹ്യസ്ഥാപനങ്ങൾ.

## മതവും സംസ്കാരവും.

യഥാർത്ഥമതത്തിനേ യഥാർത്ഥസംസ്കാരം പുലർത്തുവാൻ കഴിയൂ. മതവികലതയായിരുന്നു പ്രാചീനസംസ്കാരങ്ങളുടെ ദൗർബ്ബല്യം. ബാബിലോണിയായിലേയും, ഗ്രീസിലേയും, റോമയിലേയും സംസ്കാരങ്ങൾ ഈ പരമാർത്ഥത്തിനു സാക്ഷ്യം വഹിക്കുന്നുവെന്നു ചരിത്രപഠിതാക്കൾക്കറിയാം. ഇവയ്ക്കും ഇവപോലുള്ള മററു സംസ്കാരങ്ങൾക്കും, പല നല്ലവശങ്ങളുമുണ്ടായിരുന്നു; എങ്കിലും അവരുടെ വികലമതങ്ങൾക്കു് അവരുടെ സംസ്കാരത്തെ നെടുനാൾ നിലനിറുത്തുവാൻ കഴിഞ്ഞില്ല.

## ഗ്രന്ഥസൂചി.


Frans Bosa, General Anthropology, pp. 146—237

A. L. Kroeber, Anthropology, pp. 180—194

Stephen Fuchs, Social Origins, pp. 5—12

Sierber and Mueller, The Social Life and Primitive Man, pp. 21—26

Ross Iva Jenny, Social Origins, Ch. V

Dawson Christopher, Religion and Progress, pp. 150—180

Muntsch Albert, Cultural Anthropology, pp. 17—44.

Dawson Christopher, Inquiries into Religion and Culture, pp. 47-70

R. M. Mac Iver, Society, pp. 463—493

D. M. Majumdar and T. N. Menon, An Introduction to Social Anthropology, pp. 15—34

C. B. Mamarie, Tribes in India, Indian Journal of Social Work, September, 1957

M. Hermanns, S. V. D., Hindusim and Tribal Culture, K. L. Fernandes. Bombay, 1957

## ഖണ്ഡിക 4

**32. മനുഷ്യനും സാഹചര്യവും:** മനുഷ്യജീവിതത്തിലും അവൻെറ സാമൂഹ്യനിലപാടിലും കാര്യമായ പ്രേരണാശക്തി ചെലുത്തുന്ന മറെറാരു ഘടകമാണു സാഹചര്യം.

നിർവ്വചനം: "മനുഷ്യനെ നിയന്ത്രിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന എല്ലാ ബാഹ്യശക്തികളുടേയും പ്രേരണകളുടെയും ആകെത്തുകയാണ് സാഹചര്യം. മനുഷ്യപ്രകൃതിക്കു മാററമില്ല; പാരമ്പര്യം ജനയിതാക്കളിൽനിന്നും നാം സ്വീകരിച്ചതുമാണ്. എന്നിരുന്നാലും സസ്യ-മൃഗജീവിതത്തിലെന്നപോലെ മനുഷ്യജീവിതത്തിലും സാഹചര്യപ്രത്യാഘാതം നമുക്കു കാണാം. പക്ഷെ, മൃഗസസ്യാദികളിൽ സാഹചര്യങ്ങൾ അവയുടെ സ്വഭാവം നിർണ്ണയിക്കുന്നുണ്ട്. മനുഷ്യനാകട്ടെ അവൻെറ ചുററുപാടുകളാൽ രൂപീകരിക്കപ്പെടുകയല്ല; അവയ്ക്കു രൂപം കൊടുക്കുകയാണ് ചെയ്യുക. അവൻ ധരിക്കുന്ന വസ്ത്രം, അവൻ ചേരുന്ന സംഘടനയുടെ രൂപം, അവൻെറ ആചാരമര്യാദകൾ, ആദർശവിശ്വാസങ്ങൾ, എന്നു വേണ്ടാ, അവൻെറ രോഗംപോലും ഈ ചുററുപാടുകളുടെ വമ്പിച്ച പ്രേരണയ്ക്കു വിധേയമാകുന്നുണ്ട്-കായികവും മാനസികവും, സാമൂഹ്യവും സാമ്പത്തികവുമായ പ്രേരണകൾക്ക്. താഴെ കൊടുക്കുന്ന ഉദാഹരണങ്ങൾ ഈ വസ്തുത വ്യക്തമാക്കും.

1. ഒരേ സംസാരശക്തിയോടെയാണ് എല്ലാ മനുഷ്യരും ജനിക്കുക. എന്നാൽ ആദ്യമെ പരിചയപ്പെട്ട ആളുകളുടെ ഭാഷയാണ് അവർ സംസാരിക്കുക; ആംഗ്ലേയർ ഇംഗ്ലീഷും, ഫ്രഞ്ചുകാർ ഫ്റഞ്ചും, മലയാളി മലയാളവും.

2. ഇന്ത്യാക്കാർ പരുത്തിവസ്ത്രവും, യൂറോപ്യന്മാർ രോമവസ്ത്രവും ധരിക്കുന്നതു് പരിതഃസ്ഥിതി (കാലാവസ്ഥ) യുടെ പ്രേരണ മൂലമാണ്. ആചാരമാണ് ഒരു കൂട്ടരെ മുണ്ടും മറെറാരു കൂട്ടരെ പാൻറും ധരിപ്പിക്കുന്നതു്.

3. ഇന്ത്യാക്കാർക്ക് വരുണാരുണന്മാർ ദേവന്മാരായതും ജപ്പാൻകാർക്കു ചക്രവർത്തിമാർ ആരാധ്യരായ സൂര്യവംശജ

രായതും സാംസ്കാരികപാരമ്പര്യത്തിൻെറയും സാമൂഹ്യ സാഹചര്യത്തിൻെറയും ഫലമായാണ്.

4. കേരളീയർ അരിഭക്ഷണം കഴിക്കുന്നതും, പഞ്ചാബികൾ ഗോതമ്പ് ഉപയോഗിക്കുന്നതും, മണ്ണ്, ജലസേചനം, കാലാവസ്ഥ തുടങ്ങിയ കാർഷിക സാഹചര്യങ്ങൾ മൂലമല്ലേ?

എന്നാൽ സാഹചര്യമല്ല, സംസ്ക്കാരം; സാഹചര്യങ്ങളോടുള്ള മനുഷ്യൻെറ പ്രതികരണങ്ങളുടെ പരിണതഫലമാണത്. സാഹചര്യം സംസ്ക്കാരത്തിൻെറ ഒരു ഭാഗികകാരണമേ ആകുന്നുള്ളു. എന്നാൽ സാഹചര്യവാദം (Environmentalism) സാമൂഹ്യജീവിതത്തിൽ ഈ ഘടകത്തിനു് അമിതപ്രാധാന്യം നല്കുന്നു. തന്മൂലം അതു മർത്ത്യസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു.

**33. വിവിധ സാഹചര്യങ്ങൾ:** വ്യാപകാർത്ഥത്തിൽ നാലുതരം സാഹചര്യങ്ങളെപ്പററി നമുക്കു പഠിക്കാം — സാമ്പത്തികം, സാമൂഹികം, മാനസികം, ഭൂമിശാസ്ത്രപരം.

1. <u>സാമ്പത്തിക സാഹചര്യം</u>: വമ്പിച്ച പ്രേരണാശക്തി മനുഷ്യനിൽ ചെലുത്തുന്ന ഒന്നാണിതു്. മാതാപിതാക്കളുടെ ദാരിദ്ര്യവും ഭക്ഷണദൗർല്ലഭ്യവും അവരുടെ മക്കളുടെ ജീവശക്തിയെ കുറയ്ക്കുന്നു, ശരീരത്തെ ദുർബ്ബലമാക്കുന്നു, മാനസിക കഴിവുകളെ ക്ഷയിപ്പിക്കുന്നു. നഗരബാലരേക്കാൾ ഗ്രാമീണബാലർ കായികശക്തിയിൽ മുന്നിട്ടു നില്ക്കുന്നു. വളർച്ചയ്ക്കാവശ്യാവശ്യമായ ആകുലരഹിതമായ ഒരന്തരീക്ഷം ദരിദ്രബാലകർക്കു ലഭിക്കുന്നില്ല. മാത്രവുമല്ല, വറുതിയിൽനിന്നും വിടുതി നേടുവാൻ അവൻ ശ്രമിയ്ക്കവേ, ചൂഷണമോഷണാദി തിന്മകളെ അവൻ ഉപയോഗിച്ചെന്നും വരാം. അങ്ങനെ്തിന്മയുടെ ഒരന്തരീക്ഷത്തിലല്ലാതിരിയ്ക്കത്തന്നെ അവൻ തിന്മയ്ക്കു പ്രേരിപ്പിക്കപ്പെടുന്നു. അസൂയ, വിദ്വേഷം, പക, നിരാശ ഉൽക്കർഷേച്ഛാരാഹിത്യം ഇങ്ങനെ പലതിനും ദാരിദ്ര്യം കളമൊരുക്കും. ഭവനദൌർല്ലഭ്യം, വൃത്തിഹീനമായ ചുററുപാടുകൾ, പരിഷ്കൃതജീവിതോപാധികളുടെ അഭാവം ഇവയെല്ലാം

ആജീവനാന്തം ഒരുവനെ ആരോഗ്യഹീനനാക്കാം; അസാന്മാർഗ്ഗികതയ്ക്കും, വഷളത്തരങ്ങൾക്കും കുട്ടികളെ പ്രേരിപ്പിച്ചുവെന്നും വരാം.

മാർക്സിസ്റ്റുകളുടെ വളക്കൂറേറിയ മണ്ണാണിതു്. കാരണം വയറിന്റെ പ്രശ്നമാണു് അവരുടെ സാംസ്ക്കാരിക സമരലക്ഷ്യം. സാമ്പത്തികശാസ്ത്രത്തിന്റെ നിർദ്ദാക്ഷിണ്യനിയമങ്ങളാണു് മനുഷ്യലക്ഷ്യംതന്നെ തീരുമാനിക്കുന്നതു്. കാട്ടാളത്തം മുതൽ മുതലാളിത്തത്തിന്റെ അടിമത്തം വരെയുള്ള മനുഷ്യപുരോഗതിയുടെ നീണ്ട യാത്രയിൽ വളരുകയും തളരുകയും ചെയ്ത വിവിധതരം സാമൂഹ്യസാമ്പത്തികവ്യവസ്ഥകളിൽ, തന്റെ ചുററുപാടുകളോടു് മനുഷ്യൻ നടത്തിയ ജീവിതസമരങ്ങളുടെ രണധ്വനി ആർക്കും കേൾക്കാം. അതുകൊണ്ടാണു്, സാമ്പത്തികനിർണ്ണായകത്വത്തിന്റെ പരിണാമദശയിലെ അന്തിമഫലവും പരിപൂർണ്ണസമൂഹവും കമ്മ്യൂണിസമാണെന്നു് അവർ വാദിക്കുന്നതു്.

എന്നാൽ, കഴിവററ സാമ്പത്തിക സാഹചര്യങ്ങൾ എപ്പോഴും ദോഷകരമാവണമെന്നില്ല അനേകരുടെ ആധ്യാത്മികവളർച്ചയ്ക്കും അതു വഴിയൊരുക്കിയിട്ടുണ്ടു്. അത്ഭുതാവഹമായ സ്വഭാവദാർഢ്യം, സഹനം, സഹാനുഭൂതി, ശാലീനത്വം, ദൈവാശ്രയത്വം, ദൈവഹിതവിധേയത്വം, നിത്യാനന്ദപ്രതീക്ഷ, ലോകഭോഗങ്ങളോടു വിരക്തി ഇവയെല്ലാം മനുഷ്യരിൽ വളർത്തിയെടുക്കുവാനും ദാരിദ്ര്യത്തിനു കഴിഞ്ഞിട്ടുണ്ടു്. ക്രിസ്തുവിന്റെയും അനേകം വിശുദ്ധരുടേയും ദാരിദ്ര്യസ്നേഹം ഓർത്തു നോക്കുക. വീണ്ടും ലോകോപകാരപ്രദങ്ങളായ എത്രയോ കണ്ടുപിടുത്തങ്ങൾക്കു പ്രചോദനമരുളാനും ദാരിദ്ര്യം സഹായിച്ചിട്ടുണ്ടു്. ഏററം എളിയ നിലയിൽനിന്നും അത്യുന്നതനിലയിലെത്തിയ മഹാന്മാരും പരിശ്രമശാലികളും ഏതു കാലത്തുമുണ്ടായിരുന്നിട്ടുണ്ടു്. *

2. ഭൂപരമായ സാഹചര്യം: ഈ സാഹചര്യമാണു് സമുദായവ്യവസ്ഥയെ മുഴുവൻ നിയന്ത്രിക്കുന്നതെന്നു വാദിക്കുന്നവരുമുണ്ടു്, Geographical Determinists. അവരുടെ അഭിപ്രായത്തിൽ, മനുഷ്യശക്തി, നേട്ടം, സ്നേഹബന്ധം, വർഗ്ഗം, മതം, കല, സാഹിത്യം, സ്വഭാവം, കുററം തുടങ്ങിയവ

* (Cfr.. Murray, R. W. Introductory Sociology, 1940, pp. 56 seq.)

യെല്ലാം സ്ഥലകാലാവസ്ഥയെ ആശ്രയിച്ചാണു രൂപം കൊള്ളുക. അവരുടെ പ്രധാന വാദങ്ങൾ ചുവടെ കാണുക.

പർവ്വതപ്രാന്തങ്ങളിലും, ദ്വീപുകളിലും, ചതുപ്പുനിലങ്ങളിലും, മരുഭൂമിയിലും വസിക്കുന്നവർക്കു ജീവനം തേടുവാൻ കഠിനയത്നം ചെയ്യേണ്ടി വരികയും തന്മൂലം കൂടുതൽ സ്വാശ്രയശീലരും സങ്കുചിതസ്വഭാവികളും ആത്മപ്രധാനരും ആയിത്തീരുകയും ചെയ്യുന്നു. നേരേമറിച്ച്, ഫലഭൂയിഷ്ഠമായ സമതലങ്ങളിൽ ജീവിക്കുന്നവർ ലളിതയത്നം ചെയ്യുന്നവരാകയാൽ കൂടുതൽ സുഖലോലുപരും ദുർബ്ബലരുമാകുന്നു. എന്നാൽ വ്യക്തിപരമായ അഭിവൃദ്ധിക്കും നേട്ടങ്ങൾക്കും ഇക്കൂട്ടർക്ക് കൂടുതൽ അവസരം ലഭിക്കുന്നു. അതുപോലെ നാവികസൗകര്യമുള്ള കടൽത്തീരത്തോ, പുഴമുഖങ്ങളിലോ നിവസിക്കുന്നവർ ക്രയവിക്രയവിദഗ്ധരും വ്യവസായപ്രമുഖരുമായിത്തീരുന്നു. വിദേശനാടുകളുമായി സമ്പർക്കം പുലർത്തി വിശാലവിശാലമനഃസ്ഥിതി ഇവർ രൂപീകരിക്കുന്നു. അങ്ങിനെ ധനവും അവസരവും സുലഭമായ ഇവർ ജീവിതസുഖവും സംസ്കാരവും വളർത്തുന്നു. *

3. സാമൂഹ്യസാഹചര്യം: നമ്മുടെ സഹജീവികൾക്കും നമ്മിൽ ശക്തിയേറിയ സ്വാധീനശക്തിയുണ്ട്. അങ്ങനെ മനുഷ്യരുടെ ഗ്രൂപ്പുകൾക്കും, ഗ്രൂപ്പംഗങ്ങൾക്കും, വ്യക്തികളുടെ മേലോ, ഗ്രൂപ്പിൻെറ മേലോ ഉള്ള സ്വാധീനശക്തിയുടെ ആകെത്തുകയാണ് സാമൂഹ്യസാഹചര്യം. സമൂഹത്തിലാണു മനുഷ്യൻ തൻെറ പൂർണ്ണവളർച്ചക്കുള്ള മാർഗ്ഗം കണ്ടെത്തുക. അവൻ ജീവിക്കുന്ന സമൂഹം അവൻെറ ജീവിതരൂപീകരണത്തിൽ പ്രധാന പങ്കു വഹിക്കുന്നു. പെരുമാററവിശേഷം, സന്മനോഭാവം, സമുന്നത ലക്ഷ്യങ്ങൾ, ആദർശങ്ങൾ എന്നിവയൊന്നും ദുഷിച്ച സാഹചര്യങ്ങളിൽ വളർന്ന ഒരുവനിൽ ഉണ്ടാകുക അത്ര എളുപ്പമല്ല. എന്നാൽ നല്ല സാഹചര്യങ്ങൾ എപ്പോഴും എല്ലാവരേയും നല്ലവരാക്കിക്കൊള്ളുമെന്നോ, ചീത്ത സാഹചര്യങ്ങൾ എല്ലാവരേയും വഷളന്മാരാക്കിക്കൊള്ളുമെന്നോ ഇതിനർത്ഥമില്ല. സാധാരണ മനുഷ്യപ്രകൃതി, ആയാസരഹിതമായ മാർഗ്ഗം തുടരുവാനും, പ്രയത്നംവിനാ സാമൂഹ്യപ്രവാഹത്തിനൊത്ത് ഒഴുകുവാനുമാണ് ആഗ്ര

* (Cfr. Goldenweiser, Early Civilisation, Ch. 14)

ഹിക്കുക. തന്മൂലം സാമൂഹ്യസാഹചര്യങ്ങൾ താനറി യാതെതന്നെ മനുഷ്യനെ രൂപപ്പെടുത്തിക്കൊണ്ടിരിക്കു ന്നു. കുടുംബം, സ്കൂൾ, സഭ ഇവയെല്ലാം അവയുടേതായ വ്യക്തിമുദ്രകൾ ഓരോ വ്യക്തിയിലും പതിക്കാറുണ്ട്.

എന്നാൽ ഇവയൊന്നും മനുഷ്യനേയൊ, സമൂഹത്തേയൊ രൂ പീകരിക്കുന്ന അവസാനനിർണ്ണായകഘടകങ്ങളല്ല; വെറും പരി തഃസ്ഥിതികൾ മാത്രമാണ്. ഏതു പരിതഃസ്ഥിതികൾക്കും ഉപരി ഉയർന്നു നില്ക്കുവാൻ മനുഷ്യനു കഴിയും; ചിലപ്പോഴൊക്കെ അങ്ങ നെ നില്ക്കുകയും വേണം. ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ച മന സ്സ്, ഏതു ദുഷിച്ച സാഹചര്യത്തേയും അതിജീവിച്ച് തൻെറ ജീവിത ലക്ഷ്യം നേടുവാൻ മനുഷ്യനെ സഹായിക്കും. *

## 34. സാഹചര്യങ്ങളെ സംബന്ധിച്ച അനുമാനങ്ങൾ:

1. സാഹചര്യം മാത്രമാണ് മനുഷ്യനെ കരുപ്പിടിപ്പിക്കുന്ന തെന്നു വാദിക്കുന്നവർ മനുഷ്യൻെറ ഒരുവശം മാത്രമെ ചിത്രീകരിക്കു ന്നുള്ളു. ഒരു ഖണ്ഡനനിരൂപണത്തെ അതിജീവിക്കുവാൻ ഈ വാദ ത്തിനു സാധിക്കുകയില്ല. ഇരട്ടപെററവരേയും സമാനകഴിവുള്ളവരേ യും വിവിധ സാഹചര്യങ്ങളിൽ വളർത്തി ഗവേഷണം നടത്തിയതിൻ ഫലമായി ഈ വാദഗതി ഇന്നു തകർന്നിരിക്കുകയാണ്. മനുഷ്യ സ്വാതന്ത്ര്യത്തിനും, മേധാശക്തിക്കും ഏതു സാഹചര്യത്തേയും അതി ജീവിക്കുവാൻ കഴിയും.

2. സാഹചര്യം മനുഷ്യനെ അസ്വതന്ത്രനാക്കുന്നില്ല; വമ്പി ച്ച സ്വാധീനശക്തി അവനിൽ ചെലുത്തുമെങ്കിലും അവൻെറ പൈതൃ കമായ മനുഷ്യശരീരപ്രകൃതിയും ദൈവദത്തമായ ആത്മാവും അതി ൻെറ ശക്തികളായ ബുദ്ധിമനസ്സുകളും അവൻെറ വളർച്ചയിലും മററു പ്രതികരണങ്ങളിലും സുപ്രധാന പങ്കു വഹിക്കുന്നുണ്ട്. അതുകൊണ്ടു സാഹചര്യങ്ങളെക്കുറിച്ച് എത്ര കൃത്യമായ അറിവുതന്നെ നമുക്കുണ്ടാ യിരുന്നാലും അതിൽ ഒരുവൻെറ പ്രതികരണമെന്തായിരിക്കുമെന്നോ അവനിൽ ഭവിക്കുന്ന അന്തരങ്ങൾ എന്തെല്ലാമായിരിക്കുമെന്നോ തീർത്തു പറയുവാൻ കഴിയുകയില്ല.

---

* Michael Dom, Our Social Environment, Orate Fratres, May 15, 1938

3. സാഹചര്യങ്ങളേയും, ജീവിതലക്ഷ്യത്തേയും യഥേഷ്ടം രൂപപ്പെടുത്തുവാൻ ചുരുങ്ങിയ തോതിലെങ്കിലും മനുഷ്യർക്ക കഴിവുണ്ട്. ഏററം ദൂഷിച്ച സാഹചര്യങ്ങളിൽപ്പോലും നല്ല മനുഷ്യരെ നാം കണ്ടെത്താറുണ്ട്.

4. ഒരു പ്രത്യേക പരിതഃസ്ഥിതി ഒരു പ്രത്യേക സംസ്കാരത്തെ കരുപ്പിടിപ്പിച്ചേ തീരൂ എന്നില്ല. ഉന്നതസംസ്കാരങ്ങൾ ഏററം പ്രതികൂല സാഹചര്യങ്ങളിലും വളർന്നിട്ടുണ്ട്. ഒരേ പ്രദേശത്തു് വിവിധ സംസ്കാരങ്ങൾ വളരുകയും, തളരുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ-ഗ്രീക്-റോമൻ–ബാബിലോണിയൻ സംസ്കാരങ്ങളെല്ലാം ഇതിനു മൂകസാക്ഷികളാണ്.

## ഗ്രന്ഥസൂചി.

Goldenweiser, Early Civilisation, New York, Knopf and Co., 1922

Michael Dom. Our Social Environment, Orate Fratres, May 15, 1938

P. Gisbert, Fundamentals of Sociology, pp. 229—230

Frantz Bosa, General Anthropology, Heath and Company, 1938

Mac Iver, Society, Macmillan & Co., London, 1937

Gram William Everett, Downward Descent of Man, Commonweal, December 1938

Jarret Bede, O. S. B., Age of Transition and the Age in "Catholic World" April 1937

Fitzpatric, E A, Philosophy of Education, chap. IX. on Environment

Murray R. W. Introductory Sociology, pp. 68—73

Macmillan, Encyclopedia of the Social Sciences, 1934, vol. V. art, Environmentalism, p. 561 seq.

# ഖണ്ഡിക 5

# പാരമ്പര്യം.

**85. കായിക പാരമ്പര്യമെന്നാൽ എന്ത്?** മാതാപിതാക്കൾ സന്താനങ്ങൾക്ക സമ്മാനിക്കാറുള്ള കായികശക്തികളുടെ ചില പ്രത്യേകതകളാണ പാരമ്പര്യമെന്ന പദംകൊണ്ടു വിവക്ഷിതമാകുന്നതു്. കണ്ണിൻെറ വർണ്ണം പാരമ്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. അത്തരം ചില വിശേഷങ്ങൾ മാതാപിതാക്കളിൽനിന്നു മക്കളിലേക്ക പകരുന്നു. ഉദാഹരണം: ചുരുളൻമുടി, മുണ്ടൻവിരൽ, നീണ്ടമൂക്ക് മുതലായവ.

**36. സാമൂഹ്യപാരമ്പര്യം:** (Social Heredity) പൈതൃകമായി സന്താനങ്ങൾക്ക ലഭിക്കുന്ന എന്തും സാമൂഹ്യപാരമ്പര്യത്തിൽപ്പെടുന്നു. അതു് പണമോ പറമ്പോ ആകാം, കുപ്രസിദ്ധിയോ സുപ്രശസ്തിയോ ആകാം; ചട്ടോ മുടന്തോ വിക്കോ വിറയലോ ആകാം.

തലമുറ തലമുറയ്ക്കു കൈമാറുന്ന സമസ്തവിജ്ഞാനസമ്പത്തിനേയും, സാമർത്ഥ്യത്തേയും, മനോഭാവത്തേയും കുറിക്കുവാനും, വിദ്യാഭ്യാസതത്വജ്ഞർ, "സാമൂഹ്യപാരമ്പര്യം" അഥവാ "സാമൂഹ്യപൈതൃകം" (Social Inheritance) എന്ന പദം ഉപയോഗിക്കുന്നു. ഈ അർത്ഥത്തിൽ സാമൂഹ്യനിയമങ്ങളും സാമൂഹ്യപാരമ്പര്യത്തിൻെറ ഭാഗം തന്നെ; അതുപോലെ തന്നെ "ഇന്ത്യൻ ജീവിതരീതി" "അമേരിക്കൻ രീതി" തുടങ്ങിയ "ജീവിതരീതി"കളും.

വിശാലാർത്ഥത്തിലുള്ള ഈ വിവിധ പ്രയോഗങ്ങളെ നമുക്ക പ്രതിഷേധിക്കാതിരിക്കാം. എന്നാൽ നിയതാർത്ഥത്തിൽ, കായികപ്രത്യേകതകളുടേയും കഴിവുകളുടേയും കൈമാററത്തെ കുറിക്കുവാൻ മാത്രമാണ് ശാസ്ത്രമണ്ഡലം ഈ പദം ഉപയോഗിക്കുക.

**37. സാമൂഹ്യശാസ്ത്രത്തിൽ പാരമ്പര്യത്തിൻെറ പ്രാധാന്യം:** (i) ഒരു സാമൂഹ്യഘടകമെന്ന നിലയിൽ പാരമ്പര്യത്തിനുള്ള പ്രാധാന്യത്തെപ്പററി നിഷ്കൃഷ്ടജ്ഞാനം നേടേണ്ട ആവശ്യം എത്ര വിവരിച്ചാലും അധികമാകയില്ല. പാരമ്പര്യത്തിൻെറ പ്രാ

ധാന്യം എത്രമാത്രമാണെന്നു തെളിയിക്കേണ്ട ആവശ്യമില്ല. വ്യക്തികളിലും വ്യക്തികൾ വഴി സമുദായത്തിലും അതു ചെലുത്തുന്ന സ്വാധീനശക്തിയുടെ ആഴവും, വ്യാപ്തിയും, സ്വഭാവവും അളന്നു തിട്ടപ്പെടുത്തുകയാണ് പ്രയാസമേറിയ സംഗതി. തത്സംബന്ധമായി കടകവിരുദ്ധമായ രണ്ടു് അഭിപ്രായഗതികളാണുള്ളതു്.

a) ഒരു സാമൂഹ്യശക്തിയെന്ന നിലയിൽ പാരമ്പര്യത്തെ പ്രച്ഛിച്ചു തള്ളുന്നവരാണ് ഒരു കൂട്ടർ. മെൻഡൽ (Mendel's law) തത്വത്തിൻെറ ആവിർഭാവംവരെ ഈ മനോഭാവത്തിനായിരുന്നു വിജ്ഞരുടെ ഇടയിൽ പ്രാബല്യം.

b) മററൊരു കൂട്ടർ പാരമ്പര്യത്തിൻെറ സാമൂഹ്യശക്തിയെ അതിവർണ്ണനം ചെയ്യുന്നു. പാരമ്പര്യത്തെപ്പററിയുള്ള മെൻഡൽ - തത്വപ്രചാരത്തിനുശേഷം ഈ മനോഭാവത്തിനാണ് എവിടെയും പ്രചാരം. ഈ അതിവർണ്ണനത്തിനുള്ള കാരണം പിന്നാലെ വ്യക്തമാക്കിക്കൊള്ളാം.

(ii) പാരമ്പര്യപ്രേരണക്കുള്ള പ്രാധാന്യം കുറയ്ക്കുകയെന്നതാണ് ആധുനിക പ്രവണത. നേർവഴിയിലേക്കുള്ള ഒരു കാൽവെപ്പാണിതു്. എന്നാൽ ഭൌതികവാദ മുൻവിധികളാൽ ഇരുൾപരന്ന നവീന സാമൂഹ്യശാസ്ത്രത്തിൽ, ഈ നേർവഴിക്കുള്ള ഗവേഷണപഠനങ്ങൾപോലും സമ്പൂർണ്ണസത്യത്തിലെത്തുമോയെന്നു സംശയിക്കണം.

(iii) മനുഷ്യസ്വഭാവത്തെപ്പററി ശരിയായ ജ്ഞാനമുള്ള കത്തോലിക്കസഭ സാമൂഹ്യശക്തിയെന്ന നിലയിൽ പാരമ്പര്യത്തിനുള്ള ശരിയായ സ്ഥാനം അംഗീകരിക്കുന്നു; കാരണം ആത്മാവിൻെറ ഉല്പത്തിയെപ്പററിയും മനുഷ്യൻെറ അഭൌതികവശത്തെപ്പററിയും അവൾക്കു നന്നായി അറിയാം.

(iv) ആത്മശരീരങ്ങളുടെ ആകെത്തുകയാണു മനുഷ്യനെന്നു നമുക്കറിയാം. പഞ്ചേന്ദ്രിയങ്ങൾ പിടിച്ചുകൊടുക്കുന്ന വിഷയങ്ങളിലാണു ബുദ്ധി പ്രവർത്തിക്കുന്നതു്. എന്നാൽ, ആത്മാവിൻെറ അമർത്ത്യതയും, അപദാർത്ഥതയും അതിൻെറ ശക്തികളും സ്കോളാസ്റ്റിക് താത്വികരൊഴികെ അധികമാരും അംഗീകരിച്ചു തരുന്നില്ല. അതിനാൽ ഭൌതിക സാമൂഹ്യശാസ്ത്രജ്ഞരും, ജനനശാസ്ത്രജ്ഞരും ബൌദ്ധികധാ

ത്മിക സവിശേഷതകൾ പോലും പാരമ്പര്യമായി ലഭിക്കുമെന്നു പറയുമ്പോൾ അവരുടെ ഭൗതികവാദത്തിൽ ഉറച്ചുനില്ക്കുക മാത്രമാണു് ചെയ്യുന്നതു്. ഈ വാദം അബദ്ധമെന്നു പണ്ടേ തെളിയിച്ചിട്ടുണ്ടു്.[1]

**38. പാരമ്പര്യനിയമം:** (The Laws of Heredity) "ജോർജ്ജ് മെൻഡൽ" (George Mendel) എന്ന അഗസ്റ്റീനിയൻ സഭാംഗമായ സസ്യശാസ്ത്രജ്ഞനാണു് (Botanist) ഈ നിയമങ്ങളുടെ പ്രണേതാവു്. മൃഗങ്ങളിലും സസ്യങ്ങളിലും അദ്ദേഹം നടത്തിയ നിരവധി പരീക്ഷണങ്ങളുടെ ഫലങ്ങളെ ഈ നിയമങ്ങൾ ക്രോഡീകരിക്കുന്നു. "മെൻഡേലുൻ പാരമ്പര്യനിയമങ്ങളെ" ഇങ്ങനെ സംക്ഷേപിക്കാം.

a) ആധിപത്യനിയമം: (The law of dominance) ഉരുളൻ പയറും, ചുളുക്കുള്ള പയറുംകൂടി സങ്കരം ചെയ്തു വളർത്തിയപ്പോൾ, ആദ്യതലമുറയെല്ലാം ഉരുളൻ പയറുകളായിത്തീന്നതായി മെൻഡൽ കണ്ടുപിടിച്ചു. ഈ പരീക്ഷണഫലംവഴി തൻെറ ആധിപത്യവാദവും "ആധിപത്യവാദ"ത്തിൽ ക്രോഡീകരിച്ചിരിക്കുന്ന മററു പാരമ്പര്യസവിശേഷതകളും അദ്ദേഹം തെളിയിച്ചു.

b) വിഭജനനിയമം: (The Law of Segregation) മുൻപറഞ്ഞ പരീക്ഷണംതന്നെ തുടന്നുകൊണ്ടു് ആദ്യതലമുറയിലെ ഉരുളൻപയറുവിത്തുകളെത്തന്നെ വീണ്ടും മെൻഡൽ, സങ്കരംചെയ്തു വളർത്തിനോക്കിയപ്പോൾ, അടുത്ത തലമുറയിൽ മുക്കാൽഭാഗംമാത്രം ഉരുളനും ബാക്കി 1/4 ഭാഗം ചുളുക്കുള്ളവയുമായി (Wrinkled) കാണപ്പെട്ടു. തൻെറ വിഭജനനിയമത്തിനു് ഈ വ്യതിരിക്തസവിശേഷതകളാണു മെൻഡലിനു് അവസരം നൽകിയതു്.

c) സ്വാതന്ത്ര്യവിഭജനനിയമം: (The law of independent assortment) മിശ്രസംയോഗത്താൽ പുതിയ സ്വഭാവവിശേഷങ്ങൾ ഉണ്ടാകുന്നതും അവ അനന്തരതലമുറകളിൽ നിലനിൽക്കുന്നതും മെൻഡൽ കണ്ടുപിടിച്ചു. ഇവ മെൻഡലിൻെറ ഈ തൃതീയനിയമത്തിനു വഴിതെളിച്ചു.[2]

1 Cfr. Rose E. J.
2 Conf: Halliday Sutherland, Laws of Life pp. 108—123

**39. മെൻഡൽനിയമം മനുഷ്യജീവിതത്തിൽ പ്രയോഗിക്കുന്നതിനുള്ള പ്രയാസം:** വളരെയേറെ സങ്കീർണ്ണകവും വിശദീകരണക്ഷമമല്ലാത്തതുമായ ഒരു മുന്നേററരീതിയാണ് മനുഷ്യപാരമ്പര്യത്തിനുള്ളത്. മെൻഡൽ പഠിച്ച സസ്യങ്ങളുടെയോ പുഷ്പങ്ങളുടെയോ പ്രാഥമികസ്വഭാവങ്ങളുടെ കൈമാററത്തേക്കാളും എത്രയോ കുഴപ്പംനിറഞ്ഞതും സങ്കീർണ്ണവും നിർദ്ധാരണാസാദ്ധ്യവുമായ ഒരു രീതിയിലാണ് മനുഷ്യൻ തൻെറ മക്കാംക്ക് സ്വഭാവവിശേഷതകാം കൈമാറുക. ചിലപ്പോാം രണ്ടോ മൂന്നോ തലമുറകാംക്കു ശേഷമാവും അവ പ്രത്യക്ഷപ്പെടുക.

മനുഷ്യനുള്ള മറെറാരു പ്രത്യേകത, അവൻെറ പ്രധാനാംശമായ ആത്മാവ് ഈ പാരമ്പര്യപ്രക്രീയകളിലൊന്നും ഒരുതരത്തിലും ഇടപെടുന്നില്ലെന്നതാണ്. ആകയാൽ ശരീരസവിശേഷതകളിൽ (Animal Traits) മാത്രമേ ഈ കായികപാരമ്പര്യനിയമങ്ങാംക്ക് മനുഷ്യനിൽ എന്തെങ്കിലും പ്രസക്തിയുള്ളൂ.

അതുപോലെതന്നെ സസ്യങ്ങളുടേയും മൃഗങ്ങളുടേയും സങ്കരപരീക്ഷണങ്ങാം നിയന്ത്രണസൗകര്യവും എളുപ്പവുമുള്ളതായിരിക്കെ, അവയേക്കാാം എത്രയോ ഉന്നതപ്രകൃതിയോടുകൂടിയ മനുഷ്യൻെറ കാര്യത്തിൽ ഇതേററം പ്രയാസകരമാണ്. ഏററം പരിമിതമായ തോതിൽമാത്രമേ അതു നടത്താനാവുകയുള്ളൂ.

**40. പാരമ്പര്യത്തിൻെറ പരിമിതികാം:** (Limitations of Heredity) ക്രിയാത്മകമായ (active) പാരമ്പര്യപ്രവൎത്തനത്തിൻെറ വിശദീകരണത്തിൽനിന്നും വ്യക്തമാകുന്നതുപോലെ ശിശുനിൎമ്മിതിയുടെ (ഗർഭോല്പാദനത്തിൻെറ) ആ പ്രഥമനിമിഷത്തിലേക്ക്, ഈ പ്രവൎത്തനങ്ങളുടെ സൎവ്വസ്വാതന്ത്ര്യ-നിയന്ത്രണശക്തികളും പരിമിതപ്പെടുത്തിയിരിക്കയാണ്. ആ നിമിഷം കഴിഞ്ഞാൽപിന്നെ ഇക്കാര്യത്തിൽ യാതൊന്നും ചെയ്യുക സാദ്ധ്യമല്ലല്ലോ. ജനനത്തിനുമുമ്പും ഗർഭധാരണത്തിനുശേഷവും ഉണ്ടാകുന്ന സ്വഭാവവികലതകാം ജനനത്തിനു മുമ്പുള്ള ചുററുപാടുമൂലം ഉണ്ടാകുന്നവയാണ്; ജനനശേഷമുണ്ടാകുന്നവ ജനനാനന്തരപരിതഃസ്ഥിതികാംമൂലവും.

മാതാവിൻെറയും പിതാവിൻെറയും സംഭാവന പാരമ്പര്യത്തിൽ അടങ്ങിയിരിക്കുന്നു, എന്നാൽ ഗർഭധാരണവികലതമൂലം മാത്രം ഭവിക്കുന്ന കെടുതികാം പാരമ്പര്യമെന്നു പറഞ്ഞുകൂടാ; മാതൃവികലതമാത്രമാണവ.

ആത്മാവ് ദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെടുന്നതിനാൽ ഈ പാരമ്പര്യപ്രക്രിയകൾക്കൊന്നും വിധേയമല്ല; അതുപോലെ അതിൻെറ ശക്തികളായ ബുദ്ധിയും മനസ്സും ഓർമ്മയും. ആകയാൽ അവയ്ക്കു് പാരമ്പര്യപൈതൃകങ്ങളുമായി യാതൊരു ബന്ധവുമില്ല; പൈതൃകമായി അവ ലഭിക്കയുമില്ല. എന്നാൽ പാരമ്പര്യവിധേയമായ ചില ശാരീരികാവയവങ്ങളുടെ വികലതയോ, വിശേഷതയോ അനുസരിച്ച് ഈ ആത്മശക്തികളുടെ പ്രവർത്തനവും നിയന്ത്രിക്കപ്പെട്ടേക്കാം. കാരണം ആത്മശരീരങ്ങൾ തമ്മിലുള്ള ബന്ധം അത്രയ്ക്കും സത്താപരമാണ്. തലച്ചോറിൻെറ വികലത ബുദ്ധിയുടെ പ്രവർത്തനത്തെ ബാധിക്കുമല്ലോ. മന്ദബുദ്ധികളുടെ പാരമ്പര്യക്കൈമാററത്തെ ഈ വസ്തുത വിശദമാക്കുന്നു. ജനനാൽത്തന്നെ തലച്ചോറിനുണ്ടായ വികലതനിമിത്തം മാതാപിതാക്കൾ മന്ദബുദ്ധികളാവാം. ഈ ബുദ്ധിമാന്ദ്യം തലമുറകൾക്കു കൈമാറാവുന്ന പ്രത്യേകതയുള്ളതുംകൂടിയായാൽ, മാതാപിതാക്കളുടെ ഈ വികലതയാൽത്തന്നെ മക്കളും മന്ദബുദ്ധികളാകും. ഇവിടെ ബുദ്ധിശക്തിയല്ലാ പൈതൃകമായി ലഭിച്ചതു്; അതിൻെറ പ്രവർത്തനത്തെ തകരാറിലാക്കിയ ശാരീരികവികലതയാണ്. അങ്ങിനെ നേരിട്ട് ശരീരത്തെ ബാധിച്ച ഈ തകരാറ്, ശരീരംവഴി ബുദ്ധിയേയും അകപ്പെടുത്തുകയാണ്; ബുദ്ധിയുടെ പ്രകൃതിയെയല്ല; പ്രവർത്തനത്തെ. ഈ സുപ്രധാനപരിമിതിയുടെ സുവ്യക്തജ്ഞാനരാഹിത്യംമൂലമാണ് പലരും പാരമ്പര്യത്തിൻെറ അമിതശക്തിയെ പാടിപ്പുകഴ്ത്തുന്നതു്.

**41. ആർജ്ജിതസിദ്ധികൾ പൈതൃകമല്ല:** ആർജ്ജിതസവിശേഷത (Acquired characteristics) കളും തലമുറയ്ക്കു കൈമാറാമോ എന്ന പ്രശ്നം ശാസ്ത്രലോകം വളരെ താല്പര്യപൂർവ്വം പഠിച്ചുനോക്കി. അതിൻെറ തെളിവിന്നായി അനേകായിരം പരീക്ഷണങ്ങളും നടത്തി. അത്തരം കൈമാററം സാദ്ധ്യമാണെന്ന പഴഞ്ചൻപരിണാമവാദികളുടെ സങ്കല്പം തെളിയിക്കുവാൻ ശാസ്ത്രീയമായ എത്രയോ പരീക്ഷണങ്ങൾ നടന്നുവെങ്കിലും ഇന്നോളം അവയുടെ ഫലങ്ങൾ തെളിയിക്കുന്നതു് അതസാദ്ധ്യമാണെന്നത്രേ. ഇന്നു് എല്ലാ പ്രമുഖശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്ന വസ്തുത ഇതാണ്: ഒരു വ്യക്തി സ്വജീവിതത്തിൽ നേടിയ സ്വഭാവപ്രത്യേകതകൾ – പൈതൃകമല്ലാത്തവ – അവൻെറ ബീജങ്ങളിൽ പ്രവേശിക്കയില്ല; തൽഫലമായി അവ തലമുറയ്ക്കു കൈമാറപ്പെടുകയുമില്ല. ഉദാ: മാതാപിതാക്കൾ സ്വന്തകുററംകൊണ്ടു വരുത്തിവച്ച അവരുടെ ഞരമ്പുരോഗം (Nervous defects) മക്കൾക്കു പാരമ്പര്യംവഴി ഒരിക്കലും പകരുകയില്ല.

**42. ചില പ്രത്യേക പ്രശ്നങ്ങൾ:** ആത്മാവും അതിൻെറ ശക്തികളും പൈതൃകമല്ലാതെ, ദൈവത്താൽ നേരിട്ടു സൃഷ്ടിക്കപ്പെടുന്നതിനാൽ പാരമ്പര്യനിയമങ്ങൾക്കു അവ വിധേയമല്ലെന്ന നമ്മുടെ തത്വത്തെ അക്രൈസ്തവ (Non-scholastic) സാമൂഹ്യശാസ്ത്രജ്ഞന്മാർ, അവഗണിക്കുന്നു, മനുഷ്യനിലുള്ള പാരമ്പര്യഘടകത്തെ വിശദീകരിക്കുമ്പോൾ. ആകയാൽ സാമൂഹ്യപ്രശ്നങ്ങളുടെ വിശകലനത്തിലും നിവാരണത്തിലും അവർ ഈ പാരമ്പര്യശക്തിക്ക് അമിതപ്രാധാന്യം നൽകുന്നു.

സാമൂഹ്യപ്രശ്നപഠനങ്ങളിൽ പാരമ്പര്യത്തിനുള്ള സ്ഥാനം താഴെ പറയുന്ന രണ്ടു തത്വങ്ങളാൽ നിയന്ത്രിതമാണ്.

i) മനുഷ്യൻ വെറും ഭൗതികവസ്തുവോ ജീവിയോ മാത്രം അല്ല. അമർത്യമായ ഒരാത്മാവും ഭൗതികമായ ഒരു ശരീരവും കൂടിച്ചേർന്നുണ്ടായതാണ് അവൻ.

ii) മനുഷ്യാത്മാവ് യാതൊരു തരത്തിലും - സത്തയിലോ ശക്തിയിലോ - പൈതൃകമല്ല; മനുഷ്യാത്മാവിൻെറ നിർമ്മിതിയിൽ മാതാപിതാക്കൾക്കു യാതൊരു പങ്കുമില്ല. അതിനാൽ പാരമ്പര്യം അതിനെ ഒരു തരത്തിലും ബാധിക്കുകയുമില്ല.

## ഗ്രന്ഥസൂചി.


Ross E. J., A Survey of Sociology, p. 56.

Halliday Sutherland, Laws of Life, pp. 108—123.

Mac Iver. Society. pp. 70—80.

Jennings H. S., Scientific Aspects of the Raee Problems.

P. Gisbert, Fundamentals of Sociology, Orient Longmans, 229-250.

Daniel Linehan, Catholic Yaching on Evolution, Cotholic Mind, 22nd April, 1938.

Conklin, Edwin G., Heredity and Environment in the Development of Men, p. 279, Princeton, Princeton University Press, 1922.

art. Heredity, pp. 328 seq.

Mecmillan and Co., Encyclopaedia of the Social Sciences, 1934.

KOTTAYAM PUBLIC LIBRARY KOTTAYAM

# ഖണ്ഡിക 6

# മതം.

**43. മതം:** വ്യക്തികളുടെയും സമൂഹത്തിൻെറയും ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ, മതങ്ങളെപ്പോലെ അത്രമാത്രം പ്രേരണാശക്തി ചെലുത്തിയ മററ സാമൂഹ്യഘടകങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. മതത്തിൻെറ അസ്തിത്വം ഇന്നാരുംതന്നെ നിഷേധിക്കുമെന്നു തോന്നുന്നില്ല. എല്ലാവക്കും ഈ പദം പരിചയമാണ്; പക്ഷെ പലരും ഇതിൻെറ അത്ഥവ്യാപ്തിയിൽ അവർ ഉൾപ്പെടുത്തുന്നുവെന്നുമാത്രം. പലരും ഇതെന്താണെന്നു ശരിക്കും മനസ്സിലാക്കിയിട്ടില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധമാണു മതമെന്നു ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നു. നാസ്തികർ മാത്രമേ പറയൂ "ദൈവമില്ല" എന്നു്. മതത്തിൻെറ അടിസ്ഥാനതത്വങ്ങൾ കീഴെ ചേക്കുന്നു:

i) പ്രപഞ്ചാധിനാഥനും ഭരണകത്താവുമായ ഒരു ദിവ്യശക്തിയുണ്ടു്.

ii) ബുദ്ധിയും മനസ്സുമുള്ള ഒരു വ്യക്തിയാണ് (person) ആ ദിവ്യശക്തി.

iii) സമസ്തസൃഷ്ടികളും അവിടുത്തെ ആശ്രയിച്ചിരിക്കുന്നു; അവിടുത്തെ സഹായം എല്ലാ സൃഷ്ടികൾക്കും ആവശ്യമുണ്ടു്.

iv) ഈ സമുന്നതവ്യക്തി (Supreme Being) യുമായി ആക്കും സ്നേഹബന്ധം പുലത്താം.

v) അവിടുന്നാണ് സവ്വസമ്പൂർണ്ണതകളുടെയും സൗഭാഗ്യത്തിൻെറയും ഉറവിടം.

ഏകദൈവത്തിൽ വിശ്വസിക്കുന്ന ഒരു മതത്തിൻെറ വിശകലനമാണു യഥാർത്ഥത്തിലിതു്. എന്നാൽ ബഹു ദൈവമതങ്ങളിലും (Polytheistic Religion) ഇവയിൽ ചില സത്യങ്ങളെങ്കിലും കാണും, കാരണം ബഹുദൈവങ്ങളിൽ ഒരാൾ പരമദൈവവും മററുള്ളവരുടെ അധിപനുമാകാം.

**44. മതപരിണാമവാദം:** ഒരു ദിവ്യശക്തിയിലുള്ള വിശ്വാസം പ്രഥമതഃ എങ്ങനെ രൂപമെടുത്തു എന്ന പ്രശ്നത്തിനു പല

ത്തം പലവിധമാണ് ഉത്തരം തരിക. പരിണാമവാദികൾ പറയും, ഏകദൈവവിശ്വാസം ഹീനവിശ്വാസങ്ങളിൽനിന്നും പരിണാമംവഴി വളർന്നുവന്നതാണെന്ന്; ആദ്യകാലങ്ങളിൽ പ്രകൃതിശക്തികളെ ആരാധിച്ചവർ ബഹുദൈവവിശ്വാസത്തിലൂടെ മുന്നേറി ഏകദൈവവിശ്വാസത്തിലെത്തിയതാണെന്ന്.

മാജിക്കിൽനിന്നും മന്ത്രവാദത്തിൽനിന്നുമാണ് മതം ഉത്ഭവിച്ചതെന്നാണ വേറെചില പരിണാമവാദികളുടെ വിചിത്രവാദം. "നമ്മുടെചുററും നമ്മുടെ കഴിവുകൾക്ക് അപ്പുറത്തല്ലാതെയും എതോചില ശക്തിവിശേഷങ്ങളുണ്ടെന്നും മറഞ്ഞിരിക്കുന്ന ആ ശക്തികൾക്ക്, നമ്മെ രക്ഷിക്കാനും സുഖപ്പെടുത്താനും ജീവിതാവശ്യങ്ങൾ നേടിത്തരുവാനും ഉപദ്രവങ്ങളെ ഓടിച്ചുകളയുവാൻപോലും കഴിയുമെന്നും പ്രാകൃതമനുഷ്യർ വിശ്വസിച്ചിരുന്നുവെന്നാണ് അവരുടെ അഭിമതം. ആ നിഗൂഢശക്തിയുടെ കണ്ടെത്തലാണ് നമ്മുടെ ഏററം വമ്പിച്ച നേട്ടം" (മതം ഇതാണപോലും!) *

എന്നാൽ ആത്മവാദി (Animists) കളുടെ നോട്ടത്തിൽ, സൂര്യചന്ദ്രാദിഗ്രഹങ്ങളും ഇടി കൊടുങ്കാററു തുടങ്ങിയ പ്രാകൃതികപ്രതിഭാസങ്ങളും മനുഷ്യനിലുയർത്തിയ പ്രതികരണങ്ങളിലാണ് മതബോധത്തിൻെറ അടിസ്ഥാനം തുടങ്ങുന്നതു്.

ഈ ഉഗ്രപ്രകൃതിശക്തികളെ അവൻ ഭയപ്പെടുകയും ആരാധിച്ചുതുടങ്ങുകയും ചെയ്തു. ഈ ആത്മാരോപണവാദത്തിൻെറ പ്രധാനപ്രണേതാവ് T. B. ടെയ്ലർ ആണ്. "പ്രാകൃതസംസ്കാരം" (Primitive Culture) എന്ന ഗ്രന്ഥം നോക്കുക.

ഹെർബെർട്ട് സ്പെൻസറിൻെറ ഭൂതവാദം (Ghost Theory) ആണ് മതോൽപ്പത്തിയെപ്പററിയുള്ള വേറൊരു വിചിത്രാഭിപ്രായം. മനുഷ്യവാദം (Manism) എന്നും അതിനെ വിളിക്കാറുണ്ട്. മനുഷ്യർ സ്വപ്നങ്ങൾകണ്ട രൂപങ്ങൾ തങ്ങളുടെ പൂർവ്വികരുടെ ആത്മാക്കളാണെന്ന് അവർ കരുതി; മൃത്യുവേളയിൽ ശരീരത്തിൽനിന്നും വേർപെട്ടുവെങ്കിലും ഇന്നും ജീവിക്കുന്ന ആത്മാക്കൾ (ഭൂതങ്ങൾ). കുറേ കഴിഞ്ഞു് അവരെ പ്രസാദിക്കുവാനും, പരലോകത്തിലും ഭക്ഷണാദികാണിക്കകൾ നൽകി അവരെ സംരക്ഷിക്കുവാനും അവർ തീരുമാനി

*Rt. Rev. A. Le Roy. The Religion of the Primitives. p. 218

ച്ചു. നാളുകൾ വീണ്ടും കഴിഞ്ഞപ്പോൾ, ഈ ആത്മാക്കളെ മൃഗങ്ങളിലോ സസ്യങ്ങളിലോ കുടിയിരുത്താമെന്നും, അങ്ങനെ അവയെ വ്യക്തികളെയോ ഗോത്രങ്ങളെയോ സംരക്ഷിക്കുന്ന "കുലദൈവ"ങ്ങളാക്കാമെന്നും അവർ കണ്ടുപിടിച്ചു. സ്പെൻസറുടെ അഭിപ്രായത്തിൽ, ഇപ്രകാരമാണ് പ്രകൃത്യാരാധന ഉടലെടുത്തതു്. ചില സ്ഥലങ്ങളിൽ ഈ പ്രകൃത്യാരാധന ഏകദൈവാരാധനയായി പുരോഗമിക്കുകയും ചെയ്തുവത്രെ!

ഈ വാദഗതിയുടെ പിന്നിലെ പ്രതിഭാശക്തി എത്രതന്നെ പ്രോജ്ജ്വലമായാലും ഒന്നു തീർച്ചയാണ്; സ്വപിതാമഹന്മാരെമാത്രം ദൈവങ്ങളായി ആരാധിച്ചു തൃപ്തിപ്പെട്ടിരുന്ന ഒരു പ്രാകൃതവർഗ്ഗക്കാരേയും ഇന്നോളം എങ്ങും കണ്ടെത്തിയിട്ടില്ല. ഇത്തരം ഉപാസനകളെ അവരുടെ മതവിശ്വാസാചാരങ്ങളിൽ ഒരു ഭാഗമായി മാത്രം കരുതാവുന്നതാണ്.

**45. മതബോധത്തിൻെറ യഥാർത്ഥമായ ഉത്ഭവം:** സാമൂഹ്യപരിണാമവാദംപോലെയുള്ള സാങ്കല്പികസിദ്ധാന്തങ്ങളെ അന്ധമായി സ്വീകരിക്കുന്ന അശാസ്ത്രീയങ്ങളായ "മുൻവിധി"വാദങ്ങൾക്കൊന്നും മതോല്പത്തിയെപ്പററി ഒരു ശാസ്ത്രീയവിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ല. അതിൻെറ ഉൽപത്തി കൃത്യമായി വിവരിക്കുവാൻ പരശാസ്ത്രസഹായമെന്യേ, നരവംശശാസ്ത്രത്തിനും കഴിഞ്ഞിട്ടില്ല. എന്നാൽ നമുക്കറിയാം, ആദിമവെളിപ്പെടുത്തൽ (Primitive Revelation) വഴി ഒരു പരമസത്ത (പരാശക്തി)യുടെ അസ്തിത്വം മാനവകുലത്തിനു് അറിയാമായിരുന്നുവെന്നു്. ആദിമാതാപിതാക്കളായ ആദാമിനും ഹവ്വായ്ക്കും ദൈവം ഒരു പ്രത്യേകദർശനം വഴി ഈ വസ്തുത വെളിപ്പെടുത്തിക്കൊടുത്തിരുന്നു. വാമൊഴി വഴി, തലമുറ തലമുറയ്ക്കു കൈമാറിവന്ന ഈ സത്യം, പഴയ നിയമത്തിൽ രേഖപ്പെടുത്തപ്പെടുകയും അങ്ങനെ ജനതതി അതെന്നും അറിഞ്ഞുപോരുകയും ചെയ്തു.

ബുദ്ധിശക്തിയുടെ സ്വഭാവത്തെപ്പററിയുള്ള ജ്ഞാനത്തിൽനിന്നും, ആവിഷ്കൃതദൈവികസത്യങ്ങളിൽനിന്നും ഈശ്വരാസ്തിത്വം നമുക്കു ഗ്രഹിക്കാം; ഗ്രഹിക്കുന്നുമുണ്ടു്; ഗ്രഹിച്ചിട്ടുമുണ്ടു്. "കാരണം ദൈവംതന്നെ അതവർക്കു വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്; ലോകസൃഷ്ടിമുതൽ അവിടുത്തെ അദൃശ്യപ്രാഭവങ്ങൾ സുവ്യക്തം നാം കാ

ണ്ടന്നുമുണ്ട്". (St. Paul) ദൈവത്തെപ്പററിയുള്ള വെളിപാടു ലഭിച്ചിട്ടില്ലാത്തവർ കാര്യകാരണബന്ധം പരിശോധിച്ച് ആസ്തിക്യബോധത്തിലെത്തിച്ചേരുന്നു.

**46. ആദിമമനുഷ്യരുടെ യഥാർത്ഥമതം:** "ആദിമ വെളിപാട്" (Primitive Revelation) എന്ന തൻെറ ഗ്രന്ഥത്തിൽ സ്മിത്ത് (Schmidt) പറയുന്നു; ആദിമമനുഷ്യരുടെ അസന്നിഗ്ദ്ധാടയാളം ഏകദൈവബോധമായിരുന്നുവെന്ന്. ഒരു പരാശക്തിയുടെ അസ്തിത്വം ആ ശക്തിയിലുള്ള ആശ്രിതത്വാംഗീകരണം, ആ ശക്തിയുടെ നിയമങ്ങൾ അനുസരിക്കുവാൻ അവർക്കുള്ള കടമ ഇവയെല്ലാമായിരുന്നു അവരുടെ മതത്തിൻെറ അടിസ്ഥാനതത്വങ്ങൾ.

ഈ ഏക പരാശക്തിയെക്കൂടാതെ വേറെയും ചില ദിവ്യശക്തികളിൽക്കൂടി അവർ വിശ്വസിച്ചിരുന്നുവെന്നാലും അവരുടെ മതം ഏകദൈവബോധത്തിലധിഷ്ഠിതമാണെന്നു നമുക്കു പറയാം. കാരണം അത്തരം അന്യശക്തികൾ ഈ പാരാശക്തിയുടെ സൃഷ്ടികളും അവരുടെ സിദ്ധികൾക്കെല്ലാം അവിടുത്തോടു കടപ്പെട്ടവരും ആണെന്നായിരുന്നു അവരുടെ സങ്കല്പം വീണ്ടും ആ പരാശക്തിതന്നെയാണ് അവർക്ക് അവരുടെ ജോലികൾ നിർദ്ദേശിച്ചുകൊടുത്തതും. അവിടുന്ന് അവരുടെ ഈ കർത്തവ്യനിഷ്ഠയെ നിയന്ത്രിക്കുകയും പരിശോധിക്കുകയുംക്കൂടി ചെയ്യുന്നുണ്ടുപോലും. ആകയാൽ ഈ സാമന്തശക്തികളെ ദൈവങ്ങളെന്നു വിളിച്ചുകൂടാ യഥാർത്ഥത്തിൽ. ആദിമമനുഷ്യരുടെ ഇടയിൽ ഇന്നും ഏകദൈവബോധമാണുള്ളത്; സ്വല്പം ദുർബ്ബലമാണെന്നുമാത്രം.

പരമദൈവത്തോടൊത്ത് വേറെ ദൈവങ്ങളില്ലെന്നു വിശ്വസിക്കുന്ന വർഗ്ഗക്കാരുണ്ട്: അഥവാ ഉണ്ടെങ്കിൽത്തന്നെ വളരെ കുറച്ചു ദേവന്മാരേയുള്ളുവെന്നു വിശ്വസിക്കുന്ന ആദിമനിവാസികളുമുണ്ട്. ആസ്ത്രേലിയയിലും ഫിലിപ്പൈനിലുമുള്ള നീഗ്രോകളും, പിഗ്മികളും ഇതിനുദാഹരണമാണ്. കാലിഫോർണിയായിലുള്ള ആദിമനിവാസികളെപ്പോലെ ചില വർഗ്ഗക്കാർ പരമദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും അവിടുത്തേക്കു വിധേയരുമായ സാമന്തദൈവങ്ങളിൽ വിശ്വസിക്കുന്നുണ്ട്. മാററമററ നന്മയായ പരമദൈവത്തിന് ബദ്ധവിരുദ്ധനും സകല തിന്മയുടെയും പ്രതിനിധിയുമായ ഒരു ഭൂതത്തിൽ മദ്ധ്യോത്തര കാലിഫോർണിയക്കാരും ആർട്ടിക്പ്രദേശക്കാരും വിശ്വസിക്കുന്നു.

ചന്ദ്രമാതൃപുരാണ (Matriarchal Moon Mythology) ത്തിൻെറയും അനന്തരസംസ്ക്കാരവിശേഷങ്ങളുടെയും ഫലമായി, കാലക്രമേണ ആദിമമനുഷ്യൻ, ദൈവത്തിനും, ഭാൎയ്യയും മക്കളുമുണ്ടെന്നു സങ്കല്പിക്കുവാൻ തുടങ്ങി. (ഉദാ: ആന്തമാൻ – സേമാംഗ് – വൎഗ്ഗക്കാർ). ഈ അനന്തരകാലസംസ്കാരികപ്രേരണകളുംമററും മാററിനിവത്തിയാൽ, ആദിമനിവാസികൾ ആദിയിൽ ഏകദൈവവാദികളായിരുന്നുവെന്നും, ഇന്നു കാണുന്ന പ്രകൃതിപുരാണങ്ങളും ഭൂതപ്രേതവിശ്വാസവും പൂർവ്വികോപാസനയുമെല്ലാം കാലാന്തരത്തിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങളാണെന്നും കാണുവാൻ കഴിയും. പരിണാമവാദക്കാർ പറയുന്ന പ്രകൃത്യോപാസനയും (തടി, കല്ല്, സസ്യം, മൃഗം എന്നിവയ്ക്കു ദിവ്യത്വമാരോപിച്ചു് ആരാധിക്കുക.) മററും ഇവർക്കജ്ഞാതമായിരുന്ന ആദ്യകാലങ്ങളിൽ, സംസ്ക്കാരപുരോഗതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളിൽ ഉണ്ടായിരുന്നവരെക്കാൾ വളരെക്കുറഞ്ഞതോതിൽമാത്രമേ ഇവർ മന്ത്രതന്ത്രാഭിചാരങ്ങൾ ഉപയോഗിച്ചിരുന്നുള്ളു. ഉപദ്രവകാരികളായ മാരണവിദ്യയെപ്പററി അവർ കേട്ടിരുന്നതേയില്ല. "രക്ഷ"കെട്ടലുംമററും പിന്നാലെ തുടങ്ങിയതുമാണ്. *

സർവ്വാധിനാഥനായ ഈ ഏകപരാശക്തിയിലുള്ള ആദിമമനുഷ്യരുടെ വിശ്വാസത്തിൽനിന്നും പരമപ്രാധാന്യമുള്ള ഒരു നിഗമനം നമുക്കെടുക്കാം–ഏകദൈവവിശ്വാസം പരിണാമഫലമല്ല എന്ന തത്വം. എന്നാൽ പരിണാമവാദികളുടെ അഭിപ്രായമനുസരിച്ചു്, മൃഗങ്ങളിൽനിന്നു സ്വല്പംമാത്രം വിഭിന്നരായ ആദിമമനുഷ്യരിൽ, അങ്ങിനെയൊരു വിശ്വാസമുണ്ടായിരുന്നുവെന്നു് പരിണാമവാദികൾ സമ്മതിച്ചുതരില്ല. പക്ഷെ, സമർത്ഥമായ ഉപകരണങ്ങൾ അവർ നിൎമ്മിച്ചു് ഉപയോഗിച്ചിരുന്നുവെന്നതിൽനിന്നും നമുക്കൂഹിക്കാം, അവർ കാര്യാകാരണബന്ധം അറിഞ്ഞിരുന്നുവെന്നു്. (ഈ തത്വമാണല്ലോ ഈശ്വരാസ്തിത്വത്തിനുള്ള പ്രബലാടിസ്ഥാനം.) വീണ്ടും, ഓരോരുത്തരും തങ്ങളുടെ കടമകൾ നിർവഹിച്ചും അവനവനു വേണ്ടതു സമ്പാദിച്ചും നിയന്ത്രിച്ചും കഴിഞ്ഞുപോന്നിരുന്ന, അവരുടെ ക്രമീകൃതമായ ദൈനംദിനജീവിതസ്വഭാവം പരിഗണിക്കുമ്പോൾ, ലോകത്തെ അരാജകത്വം നിറഞ്ഞ ഒരു വസ്തുവായി അവർ കരുതിയിരുന്നില്ലെന്നും മറിച്ചു്, ഏതോ വിദഗ്ദ്ധബുദ്ധിയാൽ ബോധപൂർവ്വം ക്രമീകരിച്ചു നിയന്ത്രിക്കുന്ന ഒന്നായിട്ടാണ് മനസ്സിലാക്കിയതെന്നും ന്യായമായി നമുക്കു് അനുമാനിക്കാവുന്നതാണ്. X

---

* Christopher Dawsom. The Age of the gods. p. 150—170.

**ഏകദൈവവിശ്വാസം:** (Monotheism) ആണ് ഏററം പരിപൂർണ്ണമായ മതം.

i) ഏകദൈവവിശ്വാസമാണ് വസ്തുതകളോട് ഏററം യോജിക്കുന്നത്. തത്വശാസ്ത്രവും ദൈവശാസ്ത്രവും ഏകദൈവതത്വത്തെ ശക്തിയുക്തം തെളിയിക്കുന്നു. ബഹുദൈവവാദം (Polytheism) തത്വശാസ്ത്രദൃഷ്ട്യാ അബദ്ധജടിലവും, അബദ്ധദൈവശാസ്ത്രങ്ങളുടെ ഓമൽസൃഷ്ടിയുമാണ്. ഏകദൈവവാദത്തിനു മാത്രമേ ബുദ്ധിയേയും ഹൃദയത്തേയും തൃപ്തിപ്പെടുത്താൻ കഴിയൂ.

ii) ഈ വാസ്തവങ്ങളാണ്, ആദിമമനുഷ്യരിൽപോലുമുള്ള അതിൻെറ പ്രചുരപ്രചാരത്തിനു കാരണം. അതുകൊണ്ടുതന്നെയാണ് അവരിൽ ബഹുഭൂരിപക്ഷത്തിൻെറയും മതം. പലതരം മതപ്പേക്കൂത്തുകൾക്കിടയിലും ഏകദൈവവിശ്വാസത്തിൽത്തന്നെ അധിഷ്ഠിതമായി നിന്നുപോന്നതും. ബഹുദൈവമതങ്ങളും ബാഹ്യമാത്രമായിട്ടേ അവ്വിധമായിരിക്കുന്നുള്ളുവെന്നു നിരീക്ഷിച്ചാൽ മനസ്സിലാക്കാം; അവയും സത്തയിൽ ഏകദൈവമതംതന്നെ. അതിമാനുഷശക്തിവൈഭവങ്ങൾ അവർ പല ദേവതകളിലാരോപിക്കുമെങ്കിലും യഥാർത്ഥ ദൈവികലക്ഷണങ്ങൾ ഏകദൈവത്തിലേ അവർ കണ്ടിരുന്നുള്ളു. *

ഇന്നും ആദിമമനുഷ്യൻ പൊതുവെ മതനിഷ്ഠയുള്ളവരാണ്. വാസ്തവമാണ്, പലയിടത്തും അവരുടെ മതം അന്ധവിശ്വാസം,

---

x Schmidst William, "The Origin and Growth of Religion, 1931, pp. 100—113.

Ross, E. J., "Survey of Sociology." Milwaukee, 1931, pp. 84-95
Frans Boas, "General Anthropology," Health and Company, 1938, pp, 627—665.

* Conf: The Science of Ethics, Gill and Son, Dublin, 1939, pp. 31—43,

"Hinduism and Tribal Cultures" M. Hermanns, S. V. D., K. L. Fernandez, Bombay, 1957, pp. 7—14.

THE KOTTA... KOTTAYAM.

മന്ത്രതന്ത്രങ്ങൾ, ഹീനമതാചാരങ്ങൾ ഇവയുമായി കൂടിക്കുഴഞ്ഞതാണ് സ്ഥിതിചെയ്യുക. എങ്കിലും അവർ മതനിഷ്ഠയുള്ളവർതന്നെ. *

**48. ക്രിസ്തുമതം ഒരു സാമൂഹ്യശക്തി:** (Christianity a great Social force) സാമൂഹ്യപുരോഗമനത്തിനും നവീകരണത്തിനും ക്രിസ്തുമതം മാത്രമാണ് ഏകകാരണമെന്നു നാം വാദിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ക്രിസ്തുമതം അപരിത്യാജ്യമായ ഒരു മഹാശക്തിയായിരുന്നുവെന്നത് ഏതൊരു സാമൂഹ്യചരിത്രവിദ്യാർത്ഥിയും സമ്മതിച്ചുകൊടുക്കണം. സാഹചര്യം, പാരമ്പര്യം, നേതൃത്വം തുടങ്ങിയ മററു കാര്യങ്ങളും സാമൂഹ്യപുരോഗതിക്ക് അത്യാവശ്യമാണെന്നു സമ്മതിക്കുന്നു. എന്നാൽ ക്രിസ്തുമതത്തെ മാററിനിറുത്തി ഈ ശക്തികൾ മാത്രം ഉപയോഗിച്ചാൽ അവ കഴിവററു തളന്നുമരവിക്കുന്നതു കാണാം. അക്രൈസ്തവജനതയുടെ ഞെട്ടിപ്പിക്കുന്ന സാമൂഹികദുരാചാരങ്ങളെ തുടച്ചുമാററിയതു് ക്രിസ്തുമതമാണെന്നു് ആരുതന്നെ സമ്മതിക്കയില്ല! അടിമത്തത്തിനു് അറുതിവരുത്തിയതു്, കുടുംബഭദ്രത കെട്ടിപ്പടുത്തതു്, പാവപ്പെട്ടവരുടെയും ദുർഭഗരുടെയും അവകാശങ്ങളും വ്യക്തിമാഹാത്മ്യവും ഉയർത്തിക്കാട്ടിയതു്, വേലയുടെ മാഹാത്മ്യം പഠിപ്പിച്ചതു്, തൊഴിലാളിമുതലാളിബന്ധങ്ങൾ നീതിബോധത്തോടെ നിയന്ത്രിച്ചതു്, സ്ത്രീകൾക്കു് സ്വാതന്ത്ര്യസമത്വങ്ങൾ അനുവദിച്ചതു്, മഹാവിജ്ഞാനകേന്ദ്രങ്ങളും ഗ്രന്ഥാലയങ്ങളും സ്ഥാപിച്ചതു്, കലാ–ശാസ്ത്ര വളർച്ചയ്ക്കു് വളമിട്ടതു് ഇവയെല്ലാം അവളുടെ സാമൂഹ്യസേവനത്തിന്റെ ഒരു ഭാഗികവിവരണം മാത്രമാണ്. ഇവയിൽ ചിലതിനെപ്പററിയെങ്കിലും ചുരുക്കമായി നമുക്കു പഠിക്കാം.

1) <u>അടിമത്തം നിറുത്തലാക്കിയതു്:</u> സഭ, റോമായിൽ കിളിർത്തുവന്ന ആദ്യകാലങ്ങളിൽ അടിമവ്യവസായം അതിന്റെ രൂക്ഷനിലയിലെത്തിയിരുന്നു അവിടെ. നിർഭഗരായ അടിമകളുടെ സ്ഥിതി പരമദയനീയമായിരുന്നു. അന്യോന്യം സ്വവർഗ്ഗത്തെ തിരിച്ചറിയാനിടയാക്കിയേക്കാവുന്ന വസ്ത്രങ്ങൾ ധരിക്കുവാൻപോലും നിയമം അവരെ അനുവദിച്ചിരുന്നില്ല. കാരണം അങ്ങനെ അവരുടെ എണ്ണം എത്ര വലുതെന്നു് മനസ്സിലാക്കി, സംഘടിതമായ

---

* Conf: Stephen Fuchs, Social Origins, Bombay, 1957, pp. 101–108.

വിപ്ലവത്തിനു് അവർ മുതിൎന്നെങ്കിലോ എന്നു് ഉടമകൾ ഭയന്നിരുന്നു. സകല മനുഷ്യരും ദൈവസുതന്മാരാണെന്നും സത്തയിൽ സമന്മാരാണെന്നും ഓരോരുത്തൎക്കും അവരുടെ വ്യക്തിസ്വാതന്ത്ര്യവും അവകാശധൎമ്മങ്ങളുമുണ്ടെന്നും ക്രിസ്തുവിന്റെ സുവിശേഷം ഉൽഘോഷിച്ചതു് ഓരോ അടിമയുടെയും ആത്മാവിൽ "മൃതസഞ്ജീവിനീതീർത്ഥ"ത്തിന്റെ ഫലമുളവാക്കി.

മനുഷ്യവ്യക്തിത്വത്തിന്റെ പാവനത്വവും ദൈവത്തിന്റെ പൈതൃകത്വവും മനുഷ്യവർഗ്ഗത്തിന്റെ സാഹോദര്യവും അവർക്കു് ആത്മാമൃതം പകൎന്ന പുത്തനാശയങ്ങളായിരുന്നു. ധനികനും ദരിദ്രനും, പ്രഭുവും ഭൃത്യനും, നാഥനും അടിമയും എല്ലാം ഈഷൽഭേദമെന്യേ ഒന്നിച്ചു മുട്ടുകുത്തി ഒരേ കൂദാശകൾ സ്വീകരിക്കുന്ന സഭാസ്വാതന്ത്ര്യം അവരെ കോൾമയിർകൊള്ളിച്ചു, ഹഠാദാകർഷിച്ചു. ചുരുക്കത്തിൽ കാലക്രമേണ അടിമത്തത്തിന്റെ അടിത്തറതന്നെ സഭ മാന്തിയെറിഞ്ഞുകളഞ്ഞു; ഒററയടിയ്ക്കു് ഒരു ദിവസംകൊണ്ടല്ല, ക്രമാനുഗതപ്രവൎത്തനംവഴി. അങ്ങിനെ ഈ സാമൂഹ്യശാപം തുടച്ചുനീക്കിയതു ക്രിസ്തുമതം മാത്രമാണു്. 18-ാംനൂററാണ്ടിൽ അതു വീണ്ടും ചിലേടങ്ങളിൽ പുനഃസ്ഥാപിതമായെങ്കിലും അതും സഭയുടെ ഉൽബോധനങ്ങൾക്കെതിരായിട്ടാണു്.

2) കുടുംബോദ്ധാരണം: (Restoration of the family) അക്രൈസ്തവ മതങ്ങൾ കുടുംബജീവിതത്തിന്റെ എല്ലാ വശങ്ങളും കളങ്കപ്പെടുത്തി തകൎത്തുകളഞ്ഞു. ഭാര്യയും കുട്ടികളും ഭർതൃഹിതാനുസാരം പന്താടാൻ കഴിയുന്ന കളിക്കോപ്പുകളായി അധഃപതിച്ചു. അവരുടെ ജീവന്റെ മേൽപോലും കുടുംബനാഥനു് അധികാരമുണ്ടായിരുന്നു. എന്നാൽ ക്രിസ്തുമതം പുരുഷനെ വീണ്ടും നിലയ്ക്കുനിൎത്തി; സ്ത്രീകളുടെയും കുട്ടികളുടെയും അവകാശാധികാരങ്ങളെ വിശദീകരിച്ചു പുനഃസ്ഥാപിച്ചു; വിവാഹത്തെ ഒരു ദിവ്യകൎമ്മ (Sacrament) മായി അംഗീകരിച്ചുയൎത്തി; ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു മഹനീയ സാമൂഹ്യപദവിയിലേക്കു് വിവാഹത്തെയും കുടുംബത്തെയും അവൾ ഉയൎത്തി മഹത്വപ്പെടുത്തി.

3) <u>പാവങ്ങളുടെ വിലനിർണ്ണയം:</u> (The new concept of the worth of the unfortunate) ദരിദ്രരേയും ഹതഭാഗ്യരേയും പററി അന്നോളംവരെ ജനതയ്ക്കുണ്ടായിരുന്ന അബദ്ധാഭിപ്രായം ക്രിസ്തു മാററിയെഴുതി. ധനികൻെറയും ലാസറിൻെറയും അന്യാപദേശംതന്നെ നോക്കുക. ഏതൊരു സമുദായത്തിൻെറയും ധാർമ്മികപുരോഗതിയുടെ മാനദണ്ഡമായി, അതിനു് ഈ അവശവിഭാഗത്തോടുള്ള മനസ്ഥിതി, കണക്കാക്കപ്പെടുന്നു. സാമൂഹ്യാവഗണനയ്ക്കുള്ള ചുരുപ്പുചീട്ടുകളായിരുന്നു, അക്രൈസ്തവവീണക്ഷത്തിൽ അംഗവൈകല്യവും നിർദ്ധനതവും. ക്രിസ്തുമതമാണു് ഈ അബദ്ധധാരണയും മാററിയതു്.

ഈ നിലയിൽ സാമൂഹ്യരംഗത്തു ക്രിസ്തുമതം ചെലുത്തിയ പ്രേരണാശക്തി അത്ഭുതാവഹമാണു്. അവളുടെ വൈരികൾപോലും ഇക്കാര്യത്തിൽ അവസാനം അവളെ അനുകരിച്ചു തുടങ്ങി. സഭാഭ്രഷ്ടനായ ജൂലിയൻചക്രവർത്തിതന്നെ, സഭയുടെ ഈ അപ്രതിഹതപ്രേരണാശക്തി നശിപ്പിക്കുവാൻ അഗതിമന്ദിരങ്ങളും ആതുരാലയങ്ങളും ആശുപത്രികളും പൊതുധനം മുടക്കി പണികഴിപ്പിച്ചിരുന്നു. ഇതിൽനിന്നും ഊഹിക്കാം, സഭയ്ക്കു് ഇക്കാര്യത്തിലുണ്ടായിരുന്ന സ്വാധീനതാശക്തി.

4) <u>തൊഴിലിൻെറ മാഹാത്മ്യം:</u> (Nobility of labour) ഗ്രീക്കുകാരും റോമാക്കാരും തൊഴിൽചെയ്യുക മേൽവർഗ്ഗക്കാർക്കു ഭൂഷണമായി കരുതിയിരുന്നില്ല. അങ്ങനെ തൊഴിലിനോടു പുഛം പുലർത്തിയവർ ജോലിയുടെ മാഹാത്മ്യം ("നിൻെറ നെററിയിലെ വിയർപ്പുകൊണ്ടു് നിൻെറ ജീവനം നേടുക" എന്ന വസ്തുത) ക്രിസ്തുമതം പഠിപ്പിച്ചു. വേലയുടെ മാന്യത ചില വിജാതീയമതങ്ങളും പാടിപ്പുകഴ്ത്തിയിട്ടുണ്ടെങ്കിലും ക്രിസ്തുമതമാണു് അതിൻെറ പരിപൂർണ്ണധാർമ്മികനിലയും വിലയും അതിനു നേടിക്കൊടുത്തതു്. തൊഴിലാളിയായ ക്രിസ്തുവിനേയും മരപ്പണിക്കാരൻ വി. യൗസേപ്പിനേയും സഭ തൊഴിലാളിമാതൃകകളായി ഉയർത്തിക്കാട്ടി, തൊഴിലിനെ വിശുദ്ധീകരിച്ചു മഹത്വപ്പെടുത്തി.

## ഗ്രന്ഥസൂചി.

Le Roy, Religion of the Primitives. P. 218.

Horzfield, K. F., Scientific Research of Rcligion, Commonweal, March 1929.

Dawsom Christopher, The Age of the Gods, pp. 150—170.

Schmidt William, The Origin and Growth of the Religion, pp. 100—113.

Ross E. J., Survey of Sociology, pp. 84—95.

Frans Boas, General Anthropology, pp. 623—665.

Stephen Fuchs, Social Origins, Gyanayatan Publicatinos, Bombay.

M. Hermmanns, S V. D., Hindusim and Tribal Culture, K. L. Fernandes, Bombay, 1957.

Cronin, The Science of Ethics, Vd. II, pp. 1—43.

Catholic Encyclopaedia, "Idolatry," VII, 636; "Occultism" XI, 797; "Religion" XII, 748.

Karrer, Otto, Religions of Mankind, pp. 84, 109, New York, Sheed and Ward, 1936.

Leibell, J. F. Readings in Ethics, pp. 433—449, Chicago, Loyola University Press, 1920.

St. Thomas, Summa Theologica, II—I, 81—100.

St. Thomas, Summa Contra Gentiles, III, 114—120.

Majumdar, D. N., Races and Cultures of India, Asia Publishing Hous, 1938, pp. 398—408.

# അദ്ധ്യായം II കുടുംബം.

**49.** ഏതൊരു രാഷ്ട്രത്തിൻെറയും മൂലഘടകമാണ് വ്യക്തി. എന്നാൽ വ്യക്തികൾ നേരെചേൎന്നു രാഷ്ട്രം ആവുകയല്ല, പ്രത്യുത കുടുംബമെന്ന പ്രാഥമികമൗലികസമൂഹമായി ആദ്യം അവർ സംഘടിക്കുകയും പിന്നീട് അവ ഒന്നുചേൎന്നു രാഷ്ട്രമാവുകയുമാണ്. മനുഷ്യശരീരത്തോടു സമുദായത്തെ ഉപമിച്ചാൽ, അതിലെ സജീവസെല്ലുകളാണു കുടുംബങ്ങളെന്നു പറയാം. ഈ അദ്ധ്യായത്തിൽ കുടുംബത്തെപ്പററി പ്രതിപാദിക്കുവാൻപോകുന്ന കാൎയ്യങ്ങൾ നാലാണ്. 1. കുടുംബത്തിൻെറ സ്വഭാവം. 2. ഗാർഹികസമൂഹം. 3. കുടുംബസംവിധാനം. 4. വിദ്യാഭ്യാസപ്രശ്നം.

# 1.

# കുടുംബം: സ്വഭാവം.

**50. നിർവ്വചനം:** ഏററം ചെറിയ മനുഷ്യസമൂഹവും എന്നാൽ അതേസമയം രാഷ്ട്രത്തിൻെറ മൂലമൗലികഘടകവും ആണ് കുടുംബം. മർത്ത്യവംശവർദ്ധനയും സംരക്ഷണവുമെന്നപോലെതന്നെ രാഷ്ട്രനിർമ്മിതിയും കുടുംബലക്ഷ്യംതന്നെ. മാർപ്പാപ്പാ ലെയോ പതിമൂന്നാമൻെറ "ഇമ്മോർത്താലെ ദേയി" (Immortale Dei) ഇതേ ആശയം വ്യക്തമാക്കുന്നതു കാണുക: "രാഷ്ട്രത്തിൻെറ പിള്ളത്തൊട്ടിലാണ് കുടുംബം; കുടുംബരംഗത്തുതന്നെയാണ് ഏറിയകൂറും രാഷ്ട്രത്തിൻെറ ഭാവി നിർണ്ണയിക്കപ്പെടുന്നതും." *

മാതാപിതാക്കളെ മാത്രമായിരുന്നു പുരാതനറോമക്കാർ "കുടുംബം"കൊണ്ടു് അർത്ഥമാക്കിയിരുന്നതു്. മദ്ധ്യയുഗങ്ങളിലാകട്ടെ, മാതാപിതാക്കൾക്കുപുറമെ, മക്കളും വേലക്കാർകൂടിയും "കുടുംബാം"ഗങ്ങളായി. എന്നാൽ ആധുനികകാലത്തു് മക്കളും മാതാപിതാക്കളും മാത്രംമതി "കുടുംബ"ത്തിനു്. ആ അർത്ഥത്തിലാണ് ഈ പദം നാമിവിടെ ചർച്ചയ്ക്കുപയോഗിക്കുന്നതു്.

---

* ഇന്ത്യൻഭരണഘടനയിൽ കുടുംബത്തെപ്പററി യാതൊന്നും പറഞ്ഞിട്ടില്ലെന്ന ഖേദകരമായ പരമാർത്ഥം ആരെയും അമ്പരപ്പിക്കും. കുടുംബത്തിനു് രാഷ്ട്രത്തോടോ, രാഷ്ട്രത്തിനുവേണ്ടിയോ യാതൊന്നും ചെയ്യുവാനില്ലാത്തതിനാൽ, യാതൊരുവിധ കുടുംബനയവും ഇന്ത്യാഗവണ്മെൻറിനു് ഇല്ലെന്നുതന്നെ പറയാം. ഇന്ത്യൻഭരണഘടന മാതൃകയായെടുത്ത ഐറിഷ് റിപ്പബ്ളിക് ഭരണഘടനയുടെ 14-ാംവകുപ്പ് ഒന്നു വായിച്ചുനോക്കുക: "എല്ലാ നിർമ്മിതനിയമങ്ങൾക്കും മേലായി മുൻഗണനയുള്ള, വിവിധ അലംഘനീയാവകാശങ്ങളുള്ള പ്രാഥമിക മൗലികസമൂഹമായും, സമുദായാടിസ്ഥാനഘടകമായും, ധാർമ്മികസമൂഹമായും കുടുംബത്തെ രാഷ്ട്രം അംഗീകരിക്കുന്നു". ആകയാൽ ഇന്ത്യൻപാരമ്പര്യത്തിനും മനസ്ഥിതിക്കുമെതിരായ ഈ ഉപേക്ഷ ഏററം വേദനാജനകമാണ്. കാരണം അതു് രാഷ്ട്രജീവിതത്തിൻെറ അടിത്തറയെത്തന്നെ അപകടപ്പെടുത്തുന്നു.

**51. കുടുംബത്തിന്റെ ഉത്ഭവം:** ഏകപക്ഷീയ പരിണാമവാദികൾ പറയും: ജൈവപരിണാമപരിണതഫലമാണ് കുടുംബം; ആദിമകാലങ്ങളിൽ മനുഷ്യരും മൃഗതുല്യം സ്വതന്ത്രമായി യാതൊരു നിയന്ത്രണവ്യവസ്ഥയുമില്ലാതെ സംയോഗം നടത്തിയിരുന്നു; ഇങ്ങനെ ക്രമീകൃതനിയന്ത്രിതവ്യവസ്ഥയൊന്നുമില്ലാതിരുന്ന ഒരവസ്ഥയിൽനിന്നും പരിണാമത്തിന്റെ പലേ ഘട്ടങ്ങളെ പിന്നിട്ടാണ് ഇന്നത്തെ പാവനവും ക്രമീകൃതവുമായ ആദർശസമൂഹമായ കുടുംബം ഉടലെടുത്തത് എന്നെല്ലാം. ആദ്യകാലങ്ങളിൻ ചില നരവംശശാസ്ത്രജ്ഞന്മാരും (Anthropologists) ഇതേ അഭിപ്രായക്കാരായിരുന്നു; L.H. മോർഗൻ[1], T.L. ലുബാക്[2], T.G. ഫ്രെയ്സർ[3] മുതലായവർ. മാനവസമുദായരൂപീകരണത്തിന്റെ ആദിമഘട്ടങ്ങളിൽ വിവാഹമോ കുടുംബജീവിതമോ ഇല്ലായിരുന്നുവെന്നും സ്വതന്ത്രസംയോഗം അന്നത്തെ സന്താനോല്പാദനസമ്പ്രദായമായിരുന്നുവെന്നും, യുഗങ്ങൾ പലതു കഴിഞ്ഞശേഷമാണ് കുടുംബം പ്രാദുർഭവിച്ചതുമെന്നുമാണ് ഇവരുടെ വാദം. ചാറത്സ് ഡാർവ്വിന്റെ പരിണാമവാദത്തോടു പൊരുത്തമുണ്ടായിരുന്നതിനാൽ, അതിന്റെ ആഭിമുഖ്യത്തിൽ ഈ വാദഗതിക്കും കുറെനാൾ പ്രചുരപ്രചാരംതന്നെ ലഭിച്ചു. എന്നാൽ പിൽക്കാലഗവേഷണങ്ങൾ തെളിയിച്ചു ഇതു വെറും സാങ്കല്പികകഥനം മാത്രമാണെന്ന്. വസ്തുയാഥാർത്ഥ്യം കണ്ടറിഞ്ഞവർ വ്യക്തമാക്കി, ഒരു ജനപദത്തിലും സ്വതന്ത്രസംയോഗം നിലനിന്നിരുന്നില്ലയെന്ന്. മിശ്രസങ്കരവർഗ്ഗക്കാരായ ആസ്ത്രേലിയായിലെ ഡീയറി (Dieri) കളെപ്പോലെ ചില പ്രാകൃതവർഗ്ഗങ്ങളും ഇല്ലെന്നില്ല. എങ്കിലും ഏകഭാര്യാകുടുംബങ്ങളായിരുന്നു പൊതുവെ പ്രചാരം നേടിയ കുടുംബവ്യവസ്ഥ. *

എന്നാൽ ഏററം സുപ്രധാനമായ വാസ്തവമിതാണ്: ഇന്നറിയപ്പെടുന്ന ഏററം പുരാതനവർഗ്ഗക്കാരായ, ആന്തമാൻ നിവാസികൾ, മലയൻ പിഗ്മികൾ, ഭക്ഷിണാസ്ത്രേലിയൻവർഗ്ഗക്കാർ മുതലായവരുടെയിടയിൽപ്പോലും സ്വതന്ത്രസംയോഗമോ, വർഗ്ഗവിവാഹമോ നിലവിലുണ്ടായിരുന്നുവെന്നതിന് യാതൊരു വ്യക്തമായ തെളിവു

---

[1] L.H. Morgan, [2] T.L. Lubback, [3] T.G. Fraser.

* Conf: Lowie, Primitive Society, London, Routledge and Kegan Paul, 1949, p. 124.

മില്ല. ഇവരുമായി ഇടപഴകി ജീവിച്ച നരവംശശാസ്ത്രജ്ഞന്മാർ തന്നെ ഈ വസ്തുത ഇന്നു തെളിയിച്ചിരിക്കുകയാണ്. സമുദായമൂല ഘടകം ക്രമീകൃതകുടുംബങ്ങളായിരുന്നുവെന്ന ആശയത്തെയാണ് അവരും ഇന്നു പിന്താങ്ങുന്നതു്. * 1

സ്വതന്ത്രസംയോഗവ്യവസ്ഥ ആദ്യകാലങ്ങളിൽ നടപ്പിലായിരുന്നുവെങ്കിൽ, ബഹുഭാര്യാത്വത്തിന്റെയോ, ഏകഭാര്യാത്വത്തിന്റെയോ ഘട്ടത്തിലെത്തുംമുമ്പ് ജനതതി പണ്ടേ നശിച്ചു മണ്ണടിയുമായിരുന്നു. കാരണം സ്വതന്ത്രസംയോഗം വന്ധ്യത്വത്തിനു വഴിതെളിക്കുന്നു. "എൽവിൻ"[1], "ഫ്യൂക്"[2] തുടങ്ങിയ വിശ്രുതനരവംശശാസ്ത്രജ്ഞന്മാർ പറയുന്നു. "മിശ്രസംയോഗം നടപ്പിലായിരുന്നിടത്തോളം കാലം ഇന്ത്യയിൽ ഒരു വർഗ്ഗവനിത (Tribal Girl) ചുരുക്കമായിട്ടേ ഗർഭവതിയായിട്ടുള്ളു". * 2

ഈ കുടുംബപരിണാമവാദത്തെ E. വെസ്റ്റർമാർക്കും[3] ശക്തിയായി എതിർക്കുന്നു. കാരണം ഏകഭാര്യാകുടുംബങ്ങളാണ് അദ്ദേഹം ആദിമമനുഷ്യരുടെ ഇടയിൽ എവിടെയും കാണുന്നതു്. മററവൈവാഹികക്രമങ്ങൾ വെറും അപവാദങ്ങളും ഒററപ്പെട്ട സംഭവങ്ങളും മാത്രമാണ്. അവതന്നെ വളരെ കക്ശമായി നിയന്ത്രിക്കപ്പെട്ടുമിരുന്നു. * 3

**52. വിവാഹം:** മർത്യവംശത്തിന്റെ വർദ്ധനയും സംരക്ഷണയും സന്താനോല്പാദനം വഴിയാണല്ലോ സാധിക്കുന്നതു്. ദൈവികപരിപാലനയുടെ വൈഭവക്രമത്തിൽ മനുഷ്യരും മൃഗതുല്യം വംശവർദ്ധന വർഗ്ഗസംയോഗംവഴി നേടണമെന്നാണു നിർണ്ണയം. ആകയാൽ ദമ്പതികളുടെ കുടുംബധർമ്മം, അവരുടെ പ്രകൃതിയേയും വിവാഹത്തിന്റെ പ്രാഥമികലക്ഷ്യമായ സന്താനോല്പാദനത്തേയും സന്താനങ്ങളുടെ വിദ്യാഭ്യാസത്തേയും അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നതു്.

---

1) * Lowie. op. cit., p. 75.

2) * Stephen Fuchs, "Social Origins," p. 43.

3) * Conf: The future of Marriage in Western civilisation, Macmillan, London, 1936, p. 8 seq.

Merjendar and Nadar, An Introduction to Social Authropology, Asia Publishing Company, Bombay, 1957, pp. 66.

1. Elwin[2]. Fuch[3]. 2. Westremark.

മൃഗങ്ങളിൽനിന്നും വിഭിന്നനിലയിൽ, വെറും ലൈംഗികപരസ്പരപൂരണത്തേക്കാറം ബുദ്ധിജീവികളായ മനുഷ്യരിൽ ദാമ്പത്യബന്ധം ധാർമ്മികവും ആത്മീയവുമായ ഒരു പരസ്പരപൂർത്തീകരണംകൂടി ലക്ഷ്യമാക്കുന്നുണ്ട്. അരിസ്റ്റോട്ടിൽ പറയുന്നു: "മനുഷ്യവിവാഹം, സന്താനോല്പാദനം മാത്രമല്ല ജീവിതസഹവാസവുംകൂടി ലക്ഷ്യമാക്കുന്നു. കാരണം സ്ത്രീപുരുഷന്മാരുടെ ജീവിതധർമ്മങ്ങറം വിഭിന്നവും വ്യത്യസ്തവുമാണ്. തങ്ങൾക്കു വെവ്വേറെയുള്ള നന്മകളെല്ലാം ഒരു പൊതുനിക്ഷേപത്തിലേക്കു ഒന്നിച്ചുചേർത്ത് പരസ്പരം അവർ പോരായ്മകളെ നികത്തുന്നു." (Conf: Ethicorum, VIII, xix, 7) വിവാഹലക്ഷ്യങ്ങറം നേടുവാൻ അവർതമ്മിലുള്ള ബന്ധം ശാശ്വതമായിരിക്കണം. ഈ വസ്തുതകറം മുൻനിറുത്തി വിവാഹത്തെ നമുക്കിപ്രകാരം നിർവ്വചിക്കാം: "സന്താനങ്ങളുടെ ഉല്പാദന-സംസ്കരണത്തിനായി ഒരുമിച്ചു ജീവിക്കുന്ന സ്ത്രീപുരുഷന്മാരുടെ അഭേദ്യ-ശാശ്വതബന്ധമാണ് വിവാഹം".

വിവാഹം ഒരുടമ്പടിയാണ്; അതിൻെറ പ്രാഥമികലക്ഷ്യം സ്വവംശവർദ്ധനയും സന്താനങ്ങളുടെ സംരക്ഷണവും വിദ്യാഭ്യാസവുമാണ്. അനന്തരലക്ഷ്യം മാത്രമാണ് പരസ്പരസഹായവും ദാമ്പത്യസുഖാസ്വാദനവുമെല്ലാം. എന്നാൽ ഒരു ക്രൈസ്തവന് അതൊരു കൂദാശകൂടിയാണ്. എന്നുപറഞ്ഞാൽ വൈവാഹികജീവിതത്തിൻെറ കർത്തവ്യനിർവ്വഹണത്തിനു സഹായിക്കുന്ന വിശുദ്ധീകരവരപ്രസാദവും താൽക്കാലികപ്രേരകവരപ്രസാദവും അവക്കു നേടിക്കൊടുക്കുന്ന ഒരു ദിവ്യകർമ്മമാണതു്.

വിവാഹത്തിൻെറ പ്രാഥമികലക്ഷ്യം വംശവർദ്ധനയും പരിപാലനയുമാകയാൽ കൃത്രിമമായോ ബോധപൂർവ്വപ്രവർത്തനംവഴിയോ ഗർഭധാരണത്തെത്തടയുന്നവർ പ്രകൃതിവിരുദ്ധമായ നീചകൃത്യമാണ് ചെയ്യുക. 1 എന്നാൽ ഈ പ്രാഥമികധർമ്മം ഏതെങ്കിലും ന്യായമായ കാരണത്താൽ അസാദ്ധ്യമാണെങ്കിൽ ദ്വിതീയലക്ഷ്യത്തിനു മാത്രംവേണ്ടിയും വിവാഹം സാധുതയോടെ നടത്താവുന്നതാണ്. കേവലം വംശവർദ്ധന മാത്രമല്ലല്ലോ വിവാഹലക്ഷ്യം.

1 കൃത്രിമജനനനിയന്ത്രണത്തെ G. K. ചെസ്റ്റർട്ടൺ പരിഹാസഗർഭമായി നിർവ്വചിക്കുന്നതു് "ഒട്ടും നിയന്ത്രണമില്ലായ്മയും കുറച്ചുമാത്രം ജനനവും" എന്നാണ് ("fewer births and no control"). വൈവാഹികകൃത്യത്തിൽനിന്നുമുള്ള അഭിനന്ദനീയവും അനുവദനീയവുമായ ചില കാലങ്ങളിലെ നിവർത്തനമല്ല അതർത്ഥമാക്കുന്നതു്.—

**53. വിവാഹവും ബ്രഹ്മചര്യവും:** ദാമ്പത്യബന്ധം (Conjuagal Society) പ്രകൃത്യനുസരണമെന്നു മാത്രമല്ല പ്രകൃതിയുടെ ഒരാവശ്യംകൂടിയാണ്, വംശവർദ്ധനവിനു്.

ആകയാൽ വിവാഹത്തിനുള്ള അവകാശം മൗലികവും അലംഘനീയവുമാണ് (Natural & Irrevocable). എന്നാൽ എല്ലാവക്കും വ്യക്തിപരമായി അപരിത്യാജ്യമായ ഒരു ബാദ്ധ്യതയാണതെന്ന് ഇതിൽനിന്നും അനുമിക്കുക ശരിയല്ല; വ്യക്തികൾക്കു വിവാഹം കഴിക്കാനോ കഴിക്കാതിരിക്കാനോ പൂർണ്ണസ്വാതന്ത്ര്യമുണ്ട്; യാതൊരാളും വിവാഹം കഴിക്കാൻ കടപ്പെട്ടിട്ടില്ല. മർത്ത്യവംശത്തിനു പൊതുവെ (Collectively) ബാദ്ധ്യതയുണ്ട്, വംശവർദ്ധനാപരിപാലനത്തിന്; തന്മൂലം വിവാഹത്തിനും. താൻ വിവാഹം ചെയ്തില്ലെങ്കിൽ മനുഷ്യവംശം സന്താനമററ് അതോടെ അവസാനിക്കും എന്ന നിലവന്നാൽ മാത്രമേ വ്യക്തികൾക്കു വിവാഹം ഒരു ബാദ്ധ്യതയാവൂ. ഒരിക്കലും സംഭവിക്കാൻപോകാത്ത ഒരു സ്ഥിതിവിശേഷമാണതു്. ആകയാൽ ഈ കടമ വർഗ്ഗത്തിൻെറ ഒരു പൊതുബാദ്ധ്യതയാണ്, വ്യക്തി അതിൽനിന്നും സ്വതന്ത്രനാണ്. ആത്മീയാഭിവൃദ്ധിക്കോ സാമൂഹ്യസേവനത്തിനോ ശാസ്ത്രനിരീക്ഷണപരീക്ഷണങ്ങൾക്കോ വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുന്നവരെ സംബന്ധിച്ചിടത്തോളം ബ്രഹ്മചര്യം വിവാഹത്തേക്കാൾ ഉൽകൃഷ്ടമാണ്; ഉപകാരപ്രദവും.

---

—ദമ്പതികൾ ജഡികസുഖം അനുഭവിച്ചുകൊണ്ട്, കായികമോ, കൃത്രിമമോ, ഔഷധപരമോ ആയ മാർഗ്ഗങ്ങളുപയോഗിച്ച്, വിവാഹക്രീയയുടെ സ്വാഭാവികപ്രാഥമികലക്ഷ്യത്തെ – സന്താനോല്പാദനത്തെ – തടയുകയാണ് ഈ ശിശുവധം. "പരസ്പരസ്വയംഭോഗം" എന്ന് J. B. ഷാ എററം ഗർഹണീയമായി വിശേഷിപ്പിക്കുന്ന, കോൺട്രാസെപ്ഷനാണ് ജനനനിരോധനം. "കാസ്തികൊന്നൂബി" (Casti connubii) എന്ന തൻെറ സുപ്രസിദ്ധ ചാക്രികലേഖനത്തിൽ പതിനൊന്നാംപീയൂസ് പാപ്പാ പറയുന്നു: സത്തയിൽ പ്രകൃതിവിരുദ്ധമായ യാതൊന്നും, എത്ര വമ്പിച്ച കാരണങ്ങളാലും, പ്രകൃത്യനുസരണമോ, ധാർമ്മികനന്മയോ ആകയില്ല. ആകയാൽ, ദാമ്പത്യവൃത്തിയുടെ പ്രഥമപ്രാകൃതികലക്ഷ്യം സന്താനോല്പാദനമാകയാൽ,. ആരെങ്കിലും ഈ പ്രവൃത്തിയിൽ ബോധപൂർവ്വം ഈ പ്രാകൃതികലക്ഷ്യത്തേയോ ശക്തിയേയോ നശിപ്പിക്കുന്നുവെങ്കിൽ, അവർ പ്രകൃതിവിരുദ്ധമായ പാപമാണു ചെയ്യുക; കാരണം അതിൽത്തന്നെ വഷളായ അതിനിന്ദ്യമായ ഒരു പ്രവൃത്തിയാണതു്. [Casti connubi, p. 96]

## 54. വിവാഹത്തിൻെറ പ്രത്യേകതകൾ:

1) അതു ശാശ്വത (Permanent) മായിരിക്കണം. സന്താനോല്പാദനം മാത്രമല്ല വൈവാഹികധർമ്മം. സന്താനങ്ങളുടെ വളർത്തലും വിദ്യാഭ്യാസവുംകൂടി അതിൻെറ പ്രാഥമിക മൗലികധർമ്മംതന്നെ. ദമ്പതികൾ ശിശുക്കൾക്കു ജന്മം നൽകിയാൽമാത്രം പോരാ; അവരുടെ കായിക-മാനസിക-ധാർമ്മിക വളർച്ച സാധിക്കുകകൂടി വേണം. ഈ കടമ വിജയപൂർവ്വം നിറവേററുവാൻ മാതാപിതാക്കളുടെ പരസ്പരസഹകരണവും നെടുനാൾ ദീർഘിക്കുന്ന ശ്രദ്ധയും സഹായവും ആവശ്യകമാണ്; അപരിത്യാജ്യവുമാണ്. അതുകൊണ്ടാണ് മാതാപിതാക്കളുടെ ഐക്യം അഥവാ വിവാഹം ശാശ്വതമായിരിക്കണമെന്നു പറയുന്നതു്.

2) ഏകഭാര്യാത്വം അനുപേക്ഷണീയമാണ്. സ്വതന്ത്രസംയോഗരീതിയിൽ മൃഗങ്ങളെപ്പോലെയാകാതെ, ബുദ്ധിജീവിയായ മനുഷ്യൻെറ മാഹാത്മ്യത്തിനു യോജിച്ചവിധം, മനുഷ്യർ – ഒരുവൻ ഒരുവളോടുകൂടി ("unus cum una") ജീവിക്കുവാൻ പ്രകൃതിനാഥൻ തന്നെയും ഏററം ആഗ്രഹിക്കുന്നു; കാരണം അതു മാനവമാഹാത്മ്യത്തിനും, കുടുംബഭദ്രതയ്ക്കും ദമ്പതിമാരുടെ സമാവകാശസംരക്ഷണത്തിനും ഏറെയേറെ ആവശ്യകവും സഹായകവുമാണ്. ആകയാൽ ഏകഭാര്യാത്വം വിവാഹത്തിൻെറ ഒരനുപേക്ഷണീയവിശേഷണമായിരിക്കണം.

## 55. വൈവാഹികൈക്യം: (Unity of Marriage)

സന്താനോല്പാദനസംസ്കരണത്തിനായി ഒരു പുരുഷനും സ്ത്രീയുംകൂടി "ഒന്നിച്ചു" ജീവിക്കുന്നതിനെയാണ് ഈ 'ഐക്യം' അർത്ഥമാക്കുന്നതു്. ഈ ഐക്യത്തിനെതിരായ അബദ്ധരീതികളാണ് ബഹുഭാര്യാത്വവും (Polygamy) ബഹുഭർതൃത്വവും (Polyandry) സ്വതന്ത്രസംയോഗവും (Promiscuity) മററും. യാതൊരു നിയന്ത്രണവുമില്ലാതെ ആരും ആരോടുചേർന്നും ദാമ്പത്യവൃത്തി നടത്തുന്നതാണ് സ്വതന്ത്രസംയോഗവ്യവസ്ഥ (Sexual Promiscuity)

സാമൂഹ്യശാസ്ത്രജ്ഞന്മാർ പൊതുവെ സമ്മതിക്കുന്നുണ്ടു് ഏകഭാര്യാത്വമാണ് ഏററം മഹത്തായ വിവാഹരീതിയെന്നു്. എന്നാൽ എക്കാലവും എല്ലാ സമുദായവും ഈ രീതി സ്വീകരിച്ചിരുന്നുവെന്നു

പറഞ്ഞുകൂടാ. ഏകഭാര്യാത്വത്തിനു നേരെ വിരുദ്ധമായ, സ്വതന്ത്ര സംയോഗരീതിയായിരുന്നു ആദിമമനുഷ്യരുടെ വിവാഹസമ്പ്രദായം എന്നുൽഘോഷിക്കുന്ന നരവംശശാസ്ത്രജ്ഞരും ഇല്ലാതില്ല. എന്നാൽ ഇതൊരിക്കലും ശാസ്ത്രീയമായി തെളിയിക്കാൻ അവർ മുതിർന്നിട്ടുമില്ല, തെളിയിച്ചിട്ടുമില്ല. നാളിതുവരെ, അങ്ങിനെയൊരു ജനപദം ജീവിച്ചിരുന്നതായി ഒരു ചരിത്രകാരനുപോലും അറിവില്ല. വാസ്തവം നേരെ മറിച്ചായിരുന്നുവെന്നും, ഒരപവാദമോ, അധഃപതനമോയെന്ന നിലയിൽ മാത്രമേ എവിടെയെങ്കിലും അങ്ങിനെയൊരു രീതി നിലവിലിരുന്നുള്ളുവെന്നും, ആധുനികനരവംശശാസ്ത്രജ്ഞന്മാർ ഇന്നു് ശാസ്ത്രീയ തെളിവുകളോടെ സ്ഥാപിച്ചിട്ടുണ്ടു്. അതുപോലെതന്നെ പ്രാഥമിക വിവാഹരീതി ബഹുഭാര്യാത്വമായിരുന്നുവെന്ന വാദവും അതിലും ദുർബ്ബലമാണു്. ചരിത്രം നൽകുന്ന വ്യക്തമായ തെളിവുകൾ പറയുന്നതു് ഏകഭാര്യാത്വം സാമാന്യനിയമവും ബഹു – ഭാര്യാ – ഭർത്തൃത്വങ്ങൾ അപവാദവും ആയിരുന്നുവെന്നാണു്. സെമിററിക്-ആര്യൻ വർഗ്ഗക്കാരുടെ ഇടയിലാണു് ബഹുഭാര്യാത്വം നിലവിലിരുന്നതു്. യൂദന്മാർ, ഈജിപ്റ്റുകാർ, മീഡ്സ്, റോമാക്കാർ, ഗ്രീക്കുകാർ ഇവരെല്ലാം ഈ വർഗ്ഗത്തിൽപ്പെട്ടും.[1] കേവലം അപരിഷ്കൃതവർഗ്ഗക്കാരിലാലായിരുന്നു അതിന്നു പ്രചാരം. എങ്കിലും ഈ രീതി ചില പ്രാകൃതരിൽ തീരെ കണ്ടിരുന്നുമില്ല. മുൻപ്രസ്താവിച്ച പരിഷ്കൃതവർഗ്ഗക്കാരിൽത്തന്നെ ബഹുഭാര്യാത്വം യഥാർത്ഥത്തിൽ സ്വീകരിച്ചിരുന്നവർ അംഗുലീപരിമിതരായിരുന്നു – രാജാക്കന്മാരും, ധനികരും പ്രഭുക്കളും അടങ്ങിയ ഒരു ന്യൂനപക്ഷംമാത്രം. ഇന്നും പൗരസ്ത്യനാട്ടുകളിൽ ഇതിന്നു പ്രാബല്യമുണ്ടു്. മുഹമ്മദുമതനിയമം ഇതനുവദിക്കുകയും ചെയ്യുന്നു.[2]

---

1) * Conf: i) Rt. Rev. A. Le Roy. The Religion of primitives, p. 252.
ii) Westerman, A short History of Human Marriage. p. 247.
iii) Catholic Encyclopaedia art. Family,

2) * ഖുറാനിലെ "സുന്നാനീസാ" (Sunanisa) പറയുന്നു: "അനാഥബാലികകളോടു് അവർ മര്യാദയോടെ പെരുമാറിയില്ലെങ്കിൽ–അങ്ങിനെ നീ ഭയപ്പെടുന്നുവെങ്കിൽ, നിനക്കിഷ്ടമുള്ള ഒന്നോ, രണ്ടോ, മൂന്നോ, നാലോ (അതിലധികം പാടില്ല) സ്ത്രീകളെ നീ വേറെ വിവാഹം ചെയ്തുകൊള്ളുക."

ബഹുഭർതൃത്വത്തിനു് ഒരിക്കലും ഒരിടത്തും പ്രചാരമുണ്ടായിരുന്നില്ല; പ്രത്യേകിച്ചും ഒരംഗീകൃതവിവാഹസമ്പ്രദായമെന്ന നിലയിൽ. ഒന്നുരണ്ടു ടിബററൻവർഗ്ഗക്കാരിലും നീലഗിരിയിലെ "തോഡരു"ടെയിടയിലും ദുർല്ലഭമായി ഈ പതിവു കണ്ടുവരുന്നു. ഇതേസംബന്ധിച്ചു് മി: ജി. ക്ളൂനി (G. Cluny) പറയുന്നു: "ഭാര്യാഭർത്താക്കന്മാർ തുല്യരാണെന്നും, കുടുംബനാഥനെന്ന നിലയിൽ മാത്രമേ ഭർത്താവിനു് അല്പം പ്രാധാന്യം കൂടുതലുള്ളുവെന്നും സമ്മതിച്ചുകഴിഞ്ഞാൽ, ബഹുഭാര്യാത്വം സ്ത്രീത്വത്തോടുള്ള കയ്യേററവും ഭാര്യമാരുടെ തരംതാഴ്ത്തലുമാണെന്നു വ്യക്തമാണു്. പ്രേമത്തിൽ പ്രഥമസ്ഥാനാർഹയാണെങ്കിൽ കൂടി മററു നാലോ അഞ്ചോ ഭാര്യമാരിൽ ഒരുവരംമാത്രമായ സ്ത്രീ ഭർത്താവിനേക്കാരം എത്രയോ താഴ്ന്ന പദവിയിലാണു ജീവിക്കേണ്ടിവരിക. യാതൊരു സമത്വത്തിനും അവിടെ അവസരമില്ല. ഇനിയും ഒന്നാംഭാര്യയല്ലെങ്കിൽ പദവി വീണ്ടും താഴുന്നു. അവളുടെ സ്ഥാനം എത്രാമത്തേതുമാകട്ടെ ഭാര്യയുടെ തുല്യപദവിയിൽനിന്നും അവരം ബഹുദൂരം തരംതാഴ്ത്തപ്പെടും എന്നതാണു് വാസ്തവം. ജീവിതരീതിയുടെ വീക്ഷണകോണത്തിൽ ഭർത്താവിനും ഒരുതരം അധഃസ്ഥിതി അനുഭവപ്പെടും. പകയും അസൂയയും ഭിന്നതയും ശണ്ഠയും കുടുംബത്തിലെ തീരാശാപങ്ങളാകുന്നു. ശാന്തിയും ഐക്യവും കണികാണാൻപോലും കഴിയുകയുമില്ല. [1]

സാമൂഹ്യഭദ്രതയ്ക്കും കുടുംബനന്മയ്ക്കും രാഷ്ട്രക്ഷേമത്തിനും ഏകഭാര്യാത്വമാണു് ഏററം നന്നു്. സാമൂഹ്യഭദ്രതയെ അപകടപ്പെടുത്തുന്ന നിരവധി ദുരുപയോഗങ്ങളെ വിജയപൂർവ്വം അതു് ഒഴിവാക്കുകതന്നെ ചെയ്യും. രാഷ്ട്രാസ്ഥിവാരം കുടുംബങ്ങളാകയാൽ കുടുംബങ്ങരം എത്ര ഭദ്രവും ആരോഗ്യകരവുമാകുമോ അത്രയ്ക്കും രാഷ്ട്രവും സുഭദ്രമായിരിക്കും. [2] ഗർഭധാരണത്തേയും പിതൃത്വത്തേയും കുഴപ്പത്തിലാക്കുന്ന സ്വതന്ത്രസംയോഗവും ബഹുഭാര്യാത്വവും വിവാഹത്തിൻെറ രണ്ടു പ്രാഥമികലക്ഷ്യങ്ങരംക്കും എതിരാകയാൽ പ്രകൃതിനിയമത്താൽതന്നെ നിഷിദ്ധങ്ങളാണു്. ബഹുഭാര്യാത്വം വിവാഹത്തിൻെറ പ്രാഥമികലക്ഷ്യത്തെ തടയുന്നില്ലെങ്കിലും വിവാഹംപോലുള്ള ഒരുടമ്പടിയിൽ ഭാര്യക്കു നല്കേണ്ട മാഹാത്മ്യത്തിനും തുല്യപദവിക്കും അതെതിരാണു്. മുൻപറഞ്ഞവിധം അതു കുടുംബഭദ്രതയെ തകർക്കും.

---

1 Christian Social Organization, Chap. p. 210.

2 Robinson & Christoph Introductory, Sociology, p. 92.

വിവാഹത്തിൽ അഭേദ്യത (Indissolubility) യേക്കാറ പ്രാധാന്യം ഏകഭാര്യാത്വത്തിനാണ് വിവാഹമോചനത്തേക്കാറ പ്രകൃതിനിയമം എതിക്കുക ബഹുഭാര്യാത്വത്തെയാണ്. ഹെൻട്രി എട്ടാമനേപ്പോലുള്ള രാഷ്ട്രമേധാവികറപോലും ഉടഞ്ഞുവീണതു് ബഹുഭാര്യാത്വത്തിൽ തട്ടിയാണ്.

ജാതിസങ്കീർണ്ണതമൂലം ഹിന്ദുക്കളുടെ വിവാഹരീതി ഇന്നതാണെന്നു് വ്യവച്ഛേദിച്ചുപറയുക അസാധ്യമാണ്. എങ്കിലും വൈദിക പാരമ്പര്യം ഏകഭാര്യാത്വത്തെയാണ് ഉപദേശിക്കുന്നതു്. പൊതുവെ ഹൈന്ദവമനസ്ഥിതിയും അതുതന്നെ. സവർണ്ണർക്കായി ബഹുഭാര്യാത്വം മനുവിൻെറ ധർമ്മശാസ്ത്രം അനുവദിക്കുന്നുവെന്നതും സ്മത്തവ്യമത്രെ. ദശരഥ–കൃഷ്ണന്മാരെ ഓർക്കുക. എന്നാൽ, ആധുനികകാലത്തു് ക്രൈസ്തവസംസ്കാരത്തിൻെറ ശക്തമായ സ്വാധീനതയാൽ ഏകഭാര്യാത്വമാണ് ഇന്നെവിടേയും ഹിന്ദുക്കറ അനുസരിക്കുന്നതു്. (Conf. "Modern Religious Movements in India" by T. N. Farquhar, p. 388) എങ്കിലും ജന്മികളും പണക്കാരും ഇന്നും അവിടെയും ഇവിടെയും ബഹുഭാര്യാത്വം പുലത്തുന്നുണ്ട്. സ്ത്രീകളേക്കാറ 800000 പുരുഷന്മാർ കൂടുതലുള്ള ഇന്ത്യയിൽ ബഹുഭാര്യാത്വത്തിനു് സാധ്യത കുറവുമാണ്.

**56. വിവാഹത്തിൻെറ അഭേദ്യത** (Indissolubility of Marriage) വിവാഹം ഒരു ഉടമ്പടിയാണ്. എന്നാൽ ഈ ഉടമ്പടിയുടെ ബാദ്ധ്യതകറ മററുള്ളവയുടേതിൽനിന്നു വളരെ വിഭിന്നമാണ്; അഭംഗുരവുമാണ്. മററുള്ളവ പരോക്ഷവ്യവസ്ഥകളനുവദിച്ചാൽ, ലംഘനസ്വാതന്ത്ര്യമനുവദിക്കുമ്പോറ, വിവാഹ ഉടമ്പടി ദൈവനിശ്ചയമനുസരിച്ചു് അഭേദ്യമായിത്തന്നെ നിലകൊള്ളുന്നു. വിവാഹബന്ധം തകർക്കുവാൻ യാതൊരു ലൗകികാധികാരത്തിനോ ഉഭയകക്ഷികളുടെ അന്യോന്യസമ്മതത്തിനുപോലുമോ സാദ്ധ്യമല്ല. ഒരു വിവാഹം നിലവിലിരിക്കെ, മറെറാന്നിനു ശ്രമിക്കുന്നതുപോലും അന്യായവും അസാധുവുമാണ്. "അപൂർണ്ണമോചന"മെന്നറിയപ്പെടുന്ന വേർപിരിഞ്ഞുള്ള ജീവിതമേ (Separatio a mensa et toro) അനുവദനീയമായുള്ളു. സ്വാതന്ത്ര്യത്തിൻേറയും നിയമത്തിൻേറയും പേരിൽ മനുഷ്യരുടെ അധമവികാരങ്ങളെ ന്യായീകരിക്കുവാനുള്ള ഒരു പരിഷ്കൃതമാർഗ്ഗംമാത്രമാണ് വിവാഹമോചനം. മധ്യമയുഗങ്ങളിൽ അങ്ങനെയൊന്നു് അറിയപ്പെട്ടിരുന്നേയില്ല. പ്രോട്ടസ്റ്റാൻറു നവീ

കരണഫലങ്ങളിൽ പ്രമുഖമാണതു്. ലൂതറൻ നവീകരണത്തിൻെറ "ഒരനുഗ്രഹ"മാണപോലും അതു്! പ്രോട്ടസ്റ്റാൻറ രാജ്യങ്ങളിൽനിന്നു മററ പടിഞ്ഞാററൻ നാടുകളിലേയ്ക്കും അതു പടൎന്നുപിടിച്ചു. രാഷ്ട്രഭദ്രതയെത്തന്നെ തകൎക്കുന്ന ഒരു സാമൂഹ്യമഹാമാരിയായി മാറിക്കഴിഞ്ഞിരിക്കുന്നു അതിന്നു്. 200000 വിവാഹമോചനങ്ങളാണു പ്രതിവൎഷം അമേരിക്കൻ ഐക്യനാടുകളിൽ നടക്കുന്നതു്. 1927-ൽ റഷ്യൻ തലസ്ഥാനമായ ലെനിൻഗ്രാഡിൽ 24000 വിവാഹങ്ങൾ നടന്നപ്പോൾ 16000 മോചനവും ഉണ്ടായിപോൽ! [1] വിവാഹമോചനനിരക്കു് ക്രമേണ ഉയരുകയാണു്. ജൎമ്മനിയിൽത്തന്നെ കഴിഞ്ഞ 30 കൊല്ലം മുമ്പുണ്ടായിരുന്നതിൻെറ നേരെ ഇരട്ടിയായി അതു വളൎന്നുകഴിഞ്ഞിരിക്കുന്നു. ഐക്യനാടുകളിൽ വൎഷന്തോറും കാൽ ദശലക്ഷം വിവാഹമോചനങ്ങളാണു നടക്കുന്നതു്; അതായതു് 16 ശതമാനം വിവാഹങ്ങൾ വിവാഹമോചനങ്ങളിൽ അവസാനിക്കുന്നുവെന്നുസാരം! [2] വിവാഹം അഭേദ്യമായിരിക്കണം എന്നതിനു് ഘനമുള്ള എത്രയോ കാരണങ്ങൾ നല്കുവാൻകഴിയും. വിവാഹലക്ഷ്യംതന്നെ ഒരു മതിയായ കാരണമാണു്. സന്താനോല്പാദനത്തിനും സംസ്കരണത്തിനുമാണല്ലോ വിവാഹം. തന്മൂലം കുട്ടികളുടെ കായികവും മാനസികവുമായ വളൎച്ച പൂൎണ്ണമാകുംവരെയെങ്കിലും മാതാപിതാക്കളുടെ സംരക്ഷണം അവൎക്കു ലഭിച്ചേ തീരൂ. വിവാഹശേഷം എല്ലാ മക്കളുടേയും സാമാന്യവിദ്യാഭ്യാസമെങ്കിലും പൂൎത്തിയാക്കുവാൻ കുറഞ്ഞതു് 30 വൎഷമെങ്കിലും വേണ്ടിവരും. പൊതുവെ മനുഷ്യൻെറ ജീവിതദൈൎഘ്യം പരിശോധിക്കുമ്പോൾ കാണാം, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള കാലമേ ജീവിതം നീണ്ടുനില്ക്കുന്നുള്ളുവെന്നു്. അഥവാ വല്ലവരും പിന്നെയും ജീവിക്കുന്നുണ്ടെങ്കിൽ അവർ വൃദ്ധരായിരിക്കും. ആ പ്രായത്തിൽ വിവാഹമോചനത്തെപ്പററി ചിന്തിക്കുന്നതു് പരിഹാസ്യമായിരിക്കും. [3]

ഇതിൽനിന്നു വ്യക്തമാകുന്നു, മക്കളുടെ ക്ഷേമത്തിനു മാതാപിതാക്കൾ മരണപൎയ്യന്തം അവരുടെ ബന്ധം സുദൃഢം പാലിക്കുക ഒരാവശ്യമാണെന്നും തന്മൂലം വിവാഹം അഭേദ്യമാണെന്നും. J. റിക്കാബി (Rickaby) ഇതേക്കുറിച്ചു പറയുന്നു: "പ്രകൃതിനിയമത്താൽതന്നെ അഭേ

1 conf. "Amor, Matrimonio familia" by William Schmidt P. 108.
2 Conf. Church History by Centuries by J. McSorley, p. 953.
3 Conf. J. Balmes, Filosofia Elemental, Etica. Cap. 17.

ദ്യത വൈവാഹികലക്ഷ്യമാകത്തക്കവിധം വിവാഹപ്രകൃതിയിൽതന്നെ അതലിഞ്ഞുകിടക്കുന്നു. തെളിവുകളിൽനിന്നു വിദ്യാൎത്ഥികൾക്കു് ഊഹിക്കാം, ഈ അഭേദ്യത അപവാദരഹിതമാംവിധം കർശനമാണോ അല്ലയോ എന്നു്" [1]

ഈ അഭേദ്യതയുടെ അടിസ്ഥാനകാരണം, പ്രാഥമികലക്ഷ്യമോ ദ്വതീയലക്ഷ്യമോ എന്ന കാര്യത്തിൽ കത്തോലിക്ക ദൈവശാസ്ത്രജ്ഞാന്മക്കിടയിൽ ഏകാഭിപ്രായമില്ലെങ്കിലും, അതു അഭേദ്യമായിരിക്കണമെന്നതു്, ദൈവികനിയമത്തിൻെറ ആധികാരികനിൎവ്വചനാനുസൃതമായ ഒരു ബാദ്ധ്യതയാണെന്നു് ഏകകണ്ഠമായി എല്ലാവരും സമ്മതിക്കുന്നു. [2] അവസാനമായി, എന്നാൽ ഏററം പ്രധാനമായി, നമ്മുടെ ദിവ്യരക്ഷകൻെറതന്നെ തക്കമററ തീരുമാനവും ഇക്കാര്യത്തിൽ നമുക്കുണ്ടു്. "ദൈവം യോചിപ്പിച്ചതു് മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ." (St. Mth. xix. 6) ക്രൈസ്തവക്കും അക്രൈസ്തവക്കും ഇതൊരു അവസാന തീർപ്പാണു്. ലോകത്തിൽ യാതൊരു ശക്തിക്കും ഫലമണിഞ്ഞ ഒരു യഥാൎത്ഥവിവാഹം (consummated & valid) അഴിച്ചുകൂടാ.

1956-ലെ "ഹിന്ദു വിവാഹനിയമം"വരെ സവൎണ്ണഹൈന്ദവരിൽ വിവാഹം അഭേദ്യവും വിവാഹമോചനം നിഷേദ്ധ്യവുമായിരുന്നു. എന്നാൽ എവിടെയെങ്കിലും അതിനംഗീകാരം ലഭിച്ചിരുന്നെങ്കിൽത്തന്നെ അതു് നൈയ്യാമികമായിരുന്നില്ല. ഭൎത്താവിനുമാത്രമേ അതിനവകാശമുണ്ടായിരുന്നുള്ളു. ഭാര്യക്കു് തത്തുല്യസ്വാതന്ത്ര്യം നിഷേധിച്ചിരുന്നു. ഉഭയസമ്മതത്തോടെ വിവാഹമോചനം നേടുക അധഃകൃതരുടേയും അവൎണ്ണരുടേയും ഇടയിൽ സാധാരണമാണു്.

## 57. മാതൃഗോത്രങ്ങളും പിതൃഗോത്രങ്ങളും:

(Matriarchate & Patriarchate) രണ്ടു പ്രധാന കുടുംബവ്യവസ്ഥകളാണിവ. മാതൃഗോത്രത്തിൽ മക്കൾ മാതാവിൽനിന്നു സ്വത്തു് അവകാശമായി സ്വീകരിക്കുന്നു. കേരളത്തിലേ നായർത്തറവാടുകൾ ഉദാഹരണമാണു്. പഴയ തിരുവിതാംകൂർ രാജാക്കന്മാരുടെയും തായ്‌വഴിക്രമം ഇപ്രകാരമായിരുന്നു. രാജാക്കന്മാരുടെ മക്കളായിരുന്നില്ല പ്രത്യുത അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരിയുടെ മൂത്ത മകനാ

1 Conf Moral Philosophy Sect. III chap. VI.

2 Conf. Church History by Centuries by J. McSorley, p. 952.

യിരുന്നു കിരീടാവകാശി. ഈ സമ്പ്രദായത്തിൽ വിവാഹശേഷം ഭർത്താവ് ഭാര്യാഗൃഹത്തിലേക്കു പോയി അവിടെ ജീവിക്കുന്നു. ചില ആദിവാസികളുടെയിടയിലും ഈ സമ്പ്രദായമുണ്ട്.

കുലമഹിമയും തറവാട്ടുഭദ്രതയും പാലിക്കുവാൻ ഈ വ്യവസ്ഥ സഹായിക്കുന്നു. സഹോദരീസന്താനങ്ങൾ എപ്പോഴും കുടുംബവുമായി രക്തബന്ധമുള്ളവരായിരിക്കുമല്ലൊ.

പൈതൃകഗോത്രം: വിവാഹിതനായ ജ്യേഷ്ഠപുരുഷൻെറ ഭരണത്തിൻകീഴിലുള്ള കൂട്ടുകുടുംബവ്യവസ്ഥയാണിത്. അപ്പനും മക്കളും അവരുടെ കുടുംബങ്ങളും ആശ്രിതരും എല്ലാം ഉൾക്കൊള്ളുന്ന ഒരു വമ്പിച്ച കുടുംബസമൂഹമായിരിക്കും ഇത്. പിതാവിൻെറ മരണശേഷം അതേ അധികാരാവകാശങ്ങളോടെ സീമന്തപുത്രൻ ഭരണം തുടരുന്നു. ഇന്ത്യയിൽ പൊതുവെ ഹൈന്ദവരുടെ ഇടയിൽ ഈ കൂട്ടുകുടുംബവ്യവസ്ഥയ്ക്കാണ് പ്രചാരമുള്ളതെന്നു പറയാം. കാർഷികരാജ്യമായ ഇന്ത്യയിലെ ഗ്രാമീണകാർഷികചുററുപാടുകളും സൗകര്യങ്ങളുമാവാം ഇതിനു കാരണം. കൃഷി ഇറക്കുന്നകാലത്ത് വളരെപ്പേർ ഒരുമിച്ചു ജോലിചെയ്യേണ്ടിവരുമല്ലൊ. അത്തരം സന്ദർഭങ്ങളിൽ കൂട്ടുകുടുംബവ്യവസ്ഥ സഹായകമായിത്തീരുന്നു. വ്യക്തിജീവിതത്തിലെ പരാജയങ്ങളെ തരണംചെയ്യാനും ഈസമ്പ്രദായം കൊള്ളാം. എന്നാൽ വ്യക്തിവിലാസത്തിനും അഭിവൃദ്ധിക്കും ഇവിടെചുരുങ്ങിയ അവസരവും സാധ്യതയുമേയുള്ളവെന്നും പറയേണ്ടിയിരിക്കുന്നു.

1956-ലെ ഹൈന്ദവപിന്തുടർച്ചാനിയമം: 1956-വരെ പൈതൃകസ്വത്തിനുള്ള അവകാശത്തിൽനിന്നും ഹൈന്ദവസ്ത്രീകൾ പുറംതള്ളപ്പെട്ടിരുന്നു. അവർക്കു സ്ത്രീധനമായോ മററോ ലഭിച്ചിരുന്ന വകകളിൽക്കൂടി അവർക്കു പൂർണ്ണാവകാശമുണ്ടായിരുന്നില്ല. എല്ലാ ഹൈന്ദവവിഭാഗങ്ങൾക്കും ഒരുപോലെ ബാധകമായ ഈ നിയമം ആദ്യമായി ഇപ്പോൾ, പെൺമക്കൾക്കുകൂടി, പൈതൃകസ്വത്തിന്മേൽ അവകാശം അനുവദിക്കുന്നു. സ്ത്രീസ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി, നീണ്ടുനിന്ന സമരത്തിൻെറ ഒരു വൻനേട്ടംതന്നെയാണിതെന്നു പറയാം. എന്നാൽ, അധികാരികൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട പല ദുർഘടസാമൂഹ്യപ്രശ്നങ്ങളും ഇതുമൂലം ആവിർഭവിച്ചിട്ടുണ്ട്. കൂട്ടുകുടുംബപാരമ്പര്യഭദ്രതയെ ഇതു പലപ്പോഴും താറുമാറാക്കുന്നുണ്ട്.

**58. വിവാഹമോചനം:** (The Divorce) പാശ്ചാത്യ രാജ്യങ്ങളിൽ വിപുലമായതോതിൽ നിലവിലുള്ള അനിയന്ത്രിത വിവാഹമോചനസ്വാതന്ത്ര്യം കുടുംബജീവിതത്തിനും സമുദായത്തിനും മനുഷ്യപ്രകൃതിക്കുതന്നെയും അപമാനകരമാണ്. പ്രകൃതിതന്നെ ഇതിനെതിരായി പലപ്പോഴും പ്രതികാരമെടുക്കുന്നുമുണ്ട്. മനുഷ്യസമുദായത്തിൻെറ അസ്തിത്വത്തെതന്നെ അപകടപ്പെടുത്താതെ, മർത്യജീവൻെറ അനുസ്യൂതമായ പ്രവാഹത്തെ ഇടയ്ക്കുവച്ചു തടയുക അസാദ്ധ്യമാണെന്നു പല രാഷ്ട്രചരിത്രങ്ങളും തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ചില രാജ്യങ്ങളിൽ ജനസംഖ്യ കുറഞ്ഞുപോകുന്നതിനു ജനനനിരോധനമെന്നതിനെക്കാൾ വിവാഹമോചനമാണു കൂടുതൽ കാരണമാകുന്നത്.

എന്നാൽ ആശ്രയററ അവസരങ്ങളിലെങ്കിലും വിവാഹമോചനം അനുവദനീയമല്ലേ? ദമ്പതിമാരുടെ ഒരുമിച്ചുള്ള ജീവിതം ഏററം അസഹ്യമാക്കുന്ന തീരാരോഗം, അവിശ്വസ്തത, ഭിന്നസ്വഭാവം തുടങ്ങിയ ദുർഘടഘട്ടങ്ങളിലെങ്കിലും? ഈ അവസരങ്ങളിൽ നാം വിവാഹത്തിൻെറ സ്വഭാവത്തിലേക്ക് ആഴമായി കടന്നുചിന്തിക്കണം. മൗലികമായ ഒരു സാമൂഹ്യവ്യവസ്ഥയാണല്ലൊ വിവാഹം. ഏതെങ്കിലും അവസരങ്ങളിൽ മൗലികലക്ഷ്യങ്ങൾ ഉപേക്ഷിക്കാമോ? പൊതുനന്മക്കുവേണ്ടി വ്യക്തികൾ സഹിക്കുകയല്ലേ ഭേദം? [2]

ചില സാഹചര്യങ്ങളിൽ വിവാഹമോചനം, അനുവദിക്കുന്ന നിയമത്തേക്കാൾ സമൂലം നിരോധിക്കുന്ന നിയമമാണ് ബുദ്ധിപൂർവ്വകം. കത്തോലിക്കസഭ പഠിപ്പിക്കുന്ന വിവാഹാഭേദ്യതാനിയമത്തെ ശരിവച്ചുകൊണ്ട് Balmes (ബാൽമെസ്) പറയുന്നു: "വികാരനിയന്ത്രണത്തിനു രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്ന് സമ്മതിച്ചു കീഴടങ്ങുക.

---

[1] Conf. 1) V. W. സുബ്രഹ്മണ്യയ്യർ. "Hindu Succession Act 1956" in Hindu Law, p. 303, Ernakulam, 1957. 2) ഡോ: ബി. കുപ്പുസ്വാമി: "Study of opinion regarding Marriago & Divorce, Asia Publisoing House, 1957.

[2] ആക്ഷേപങ്ങൾക്കുത്തരം സെൻറ് തോമസിൻെറ "Summa Contra. Gent., Supplementum 9, 67, a. I–ൽ കാണാം.

KOTTAYAM PUBLIC LIBRARY KOTTAYAM

രണ്ടു്, എതിർത്തുജയിക്കുക. ഇതിൽ രണ്ടാമത്തേതാണു് സഭയുടെ മാർഗ്ഗം. "സമ്മത"വാദികൾ അതിവേഗം അതിരുകടന്നു് അടക്കാൻ കഴിയാത്ത വിധം വികാരങ്ങളെ വളർത്തി അവയ്ക്കടിമപ്പെടുമ്പോൾ, "എതിർപ്പു" വാദികൾ, ആദ്യആക്രമണത്തിൽത്തന്നെ വികാരങ്ങളെ കീഴടക്കി, പിടിയിലൊതുക്കി, സൽക്കാര്യനിർവ്വഹണാർത്ഥം അവയെ ഉപയോഗിക്കുന്നു. സമ്മതംവഴി വികാരങ്ങളെ തൃപ്തിപ്പെടുത്താമെന്നു് ആദ്യത്തെ വാദം മിഥ്യാ ധരിക്കുമ്പോൾ, സംതൃപ്തി, വികാരങ്ങളെ തൃപ്തിപ്പെടുന്നതിലല്ല, കീഴടക്കുന്നതിലാണെന്നു് രണ്ടാമത്തെ വാദം ശരിയായി പ്രഖ്യാപിക്കുന്നു. വികാരങ്ങളെ തൃപ്തിപ്പെടുത്തുന്നവരിൽ, അനുദിനം അതഭിവൃദ്ധിപ്പെടുകയേയുള്ളു, മദ്യപൻെറ മദ്യപാനാസക്തിപോലെ. (ആശയാനുവാദം) *

**59. ഹിന്ദു വിവാഹനിയമം 1955:** വളരെയേറെ വാദപ്രതിവാദങ്ങൾക്കും പഠനപരിചിന്തനങ്ങൾക്കും ശേഷം ഇന്ത്യൻ പാർലിമെൻറ് "ഹിന്ദു വിവാഹനിയമം 1955" എന്നൊരു നിയമം പാസ്സാക്കിയിട്ടുണ്ടു്. ഏകഭാര്യാത്വം, വിവാഹാഭേദ്യത എന്നിവയെപ്പററിയുള്ള ഹൈന്ദവപാരമ്പര്യചിന്താഗതികൾക്കു പല മാററം മറിച്ചിലുകളും പരിഷ്കാരങ്ങളും ഇതു നിർദ്ദേശിക്കുന്നു. ഈ നിയമത്തിലെ 17-ാംവകുപ്പനുസരിച്ചു് ഒരു ഭാര്യ ജീവിച്ചിരിക്കേ, മറെറാരു വിവാഹത്തിനു് മുതിരുന്നവൻ ശിക്ഷാർഹനാകും. അത്രയും നന്നു്. എന്നാൽ വിവാഹമോചനകാര്യത്തിലാണു് ശോചനീയമായ വിധം അതു് പാരമ്പര്യത്തെ തകിടംമറിച്ചതു്. വിവാഹമോചനത്തെ സാധൂകരിക്കുന്ന ചില അവസരങ്ങൾ അതു അവതരിപ്പിക്കയും അംഗീകരിക്കുകയും ചെയ്യുന്നു. അന്നാൾവരെ അവർണ്ണർക്കിടയിൽ വിവാഹമോചനം നിലവിലിരുന്നെങ്കിലും സവർണ്ണർക്കതു നിഷിദ്ധമായിരുന്നു. ഈ നിയമം വന്നതോടെ മാത്രമാണു് സകല ഹൈന്ദവർക്കും നിയമസഹായംവഴി വിവാഹമോചനം നേടാമെന്ന നിലവന്നതു്. താഴെപറയുന്നവയാണു് വിവാഹമോചനത്തിനു് അപേക്ഷിക്കാവുന്ന അവസരങ്ങൾ:—

ഭാര്യാഭർത്താക്കന്മാരിൽ ആരുടെയെങ്കിലും 1) വ്യഭിചാരം.

2) മതപരിവർത്തനം.

3) മൂന്നുകൊല്ലത്തേയ്ക്കെങ്കിലും നീണ്ടുനിൽക്കുന്ന മാനസികവികലത.

---

* European Civilization, Chap. 25.

4) മൂന്നുകൊല്ലക്കാലമെങ്കിലും നീണ്ടുനില്ക്കുന്ന കൊടിയ പകർച്ചവ്യാധികൾ; ഉദാ:- കുഷ്ഠം, ഗുഹ്യരോഗങ്ങൾ മുതലായവ.
5) ലോകം ത്യജിച്ചുള്ള സന്യാസപ്രവേശനം.
6) ഏഴോ അതിലധികമോ വർഷം ജീവിച്ചിരിക്കുന്നതായി വിവരം ലഭിക്കാതിരിക്കുക.
7) വിവാഹാവകാശങ്ങൾ തിരിച്ചുകൊടുക്കാനോ, നിയമാനുസരണം വേർപെടാനോ കോടതി വിധി ഉണ്ടായ ശേഷം, രണ്ടുവർഷങ്ങൾക്കകം കൂട്ടുജീവിതത്തിനു സന്നദ്ധരാകാത്തവർ.

ഭർത്താവിനു് മററു ഭാര്യയോ ഭാര്യമാരോ ഉണ്ടായിരുന്നാൽ സ്ത്രീകൾക്കു് വിവാഹമോചനത്തിനു് അപേക്ഷിക്കാവുന്നതാണു്. അതുപോലെതന്നെ വിവാഹശേഷം മൂന്നുവഷ്ങ്ങൾക്കകം ഭർത്താവു് ബലാൽസംഗമോ, പുംമൈഥുനമോ, മൃഗസംഗമോ ചെയ്താലും ഭാര്യക്കു വിവാഹമോചനത്തിനു് അപേക്ഷിക്കാം.

വിവാഹശേഷം മൂന്നുവഷ്ങ്ങൾക്കകം ആക്കും വിവാഹമോചനത്തിനു് അപേക്ഷിച്ചുകൂടാ. അപ്പീൽക്കാലം കഴിയാതെയോ അപ്പീലിന്മേൽ തീരുമാനം ഉണ്ടാകാതെയോ വിവാഹമോചനാക്കല്പനക്കുശേഷം ഒരു വർഷത്തിനകമോ ആക്കും പുനർവിവാഹം നടത്തിക്കൂടാ. *

**60. ക്രിസ്തീയവിവാഹം:** കത്തോലിക്കരുടെ വിവാഹം അഭേദ്യമാണെന്നും അതു് എപ്പോഴും ഒരു കൂദാശയാണെന്നും തിരുസ്സഭ പഠിപ്പിക്കുന്നു. ക്രിസ്തു കൂദാശകളെ സംബന്ധിച്ച അധികാരം മുഴുവനും സഭയ്ക്കു നല്കിയിരിക്കുന്നതിനാൽ അവിടുത്തെ ഹിതാനുസാരം തിരുസ്സഭയുടെ അധികാരത്തിനു വിധേയമാവണം വിവാഹവും. വീണ്ടും അവിടുത്തേ സുവ്യക്തമായ പ്രബോധനാനുസാരം വിവാഹം ഏകവും അഭേദ്യവും ആയിരിക്കണം. "Unus cum una et pro semper" (ഒരുവൻ ഒരുവളൊന്നിച്ചു് അതും എന്നേയ്ക്കും). വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നു: "മാതാവിനേയും പിതാവിനേയുമുപേക്ഷിച്ചു പുരു

---

* Conf. [1] V. W. സുബ്രഹ്മണ്യയ്യർ: aforementionedct. [2] "രേണു ചക്രവർത്തി "The Law as it affects women," art. in "Women of India," P. 72-90. [3] ഡോ: ബി. കുപ്പുസ്വാമി, above quoted.

ഷൻ ഭാര്യയോടു ചേരുന്നു. അവരിരുവർ ഒരു ജഡമായിത്തീരുകയും ചെയ്യുന്നു." (സൃഷ്ടി ii–24) "ആകയാൽ അവർ ഇനിമേൽ ഇരുവരല്ല, ഒരു ജഡമാണ്; ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കാതിരിക്കട്ടെ." (St. Mt. xix. 6) "മൂശ, നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണു ഭാര്യമാരെ ഉപേക്ഷിക്കുവാൻ നിങ്ങളെ അനുവദിച്ചതു്. ആദ്യംമുതൽ അങ്ങിനെ ആയിരുന്നില്ല." (St. Mt. xix. 8)

വിവാഹത്തിന്റെ ഏകത്വനിയമത്തിനു (Law of Unity) യാതൊരു അപവാദവും അനുവദിക്കുന്നില്ല ക്രൈസ്തവനിയമം. എന്നാൽ അഭേദ്യതയിൽ താഴെപ്പറയുന്ന അവസരങ്ങളിൽ ഒഴിവനുവദിക്കുന്നുണ്ടു്.

1) ഉഭയകക്ഷികളിൽ ഒരാൾ സന്യാസവ്രതമെടുത്താൽ, ഉടമ്പടി നടത്തിയെങ്കിലും പൂർണ്ണമാകാത്ത വിവാഹം (Matrimonium ratum sed non consumatum) അഴിക്കപ്പെടുന്നു.

2) സംയോഗത്താൽ പൂർണ്ണമാകാത്ത വിവാഹം പ. സിംഹാസനത്തിന്റെ പ്രത്യേകാധികാരത്താൽ തക്കകാരണമുണ്ടെങ്കിൽ അഴിക്കാം.

3) വിവാഹിതരായ അക്രൈസ്തവരിൽ ഒരു കക്ഷിമാത്രം തിരുസ്സഭയെ ആശ്ലേഷിക്കുവാനിച്ഛിക്കുകയും ഇതരകക്ഷി ദൈവദൂഷണം കൂടാതെയും സമാധാനത്തോടുകൂടെയും ജീവിക്കുമെന്ന പ്രതീക്ഷ ഇല്ലാതിരിക്കുകയുമാണെങ്കിൽ അവരുടെ വിവാഹവും അഴിക്കപ്പെടാവുന്നതാണ്. ഇതാണ് പ്രസിദ്ധമായ "പൗളിൽ പ്രിവിലേജ്." (പൗലോസ്ശ്ലീഹാ അനുവദിച്ച പ്രത്യേകസൗജന്യം: I Cor. vii, 13-15.)

**61. വിവാഹവും രാഷ്ട്രവും:** (Marriage & Civil Authority) വിവാഹം ഒരു കൂദാശയല്ല, വെറുമൊരു സാമൂഹ്യച്ചടങ്ങുമാത്രമാണെന്നു ലൂതർ പ്രഖ്യാപിച്ചുവെങ്കിലും വൈദികസന്നിധിയിൽ എങ്കിലും നടത്തേണ്ട ഒരു ദിവ്യകർമ്മമായി ഇന്നും അതിനെ എല്ലാ പ്രൊട്ടസ്റ്റാൻറുവിഭാഗക്കാരും കരുതിപ്പോരുന്നു. ലൂതറൻ വീക്ഷണത്തിന്റെ പ്രേരണയാലും ഫ്രഞ്ചുവിപ്ലവത്തിന്റെ അനന്തരഫലമായും ഇന്നു സിവിൽവിവാഹങ്ങൾ പശ്ചാത്യനാടുകളിൽ സുലഭമാണ്, വിവാഹമോചനംപോലെ.

എന്നാൽ ക്രൈസ്തവേതരാനുസാരം രാഷ്ട്രത്തിന്, വിവാഹ കാര്യത്തിൽ നിയമനിർമ്മാണാധികാരം അവകാശപ്പെട്ടുകൂടാ. വിവാഹത്തിൻെറ സാമൂഹ്യവശത്തേയോ രാഷ്ട്രീയ പ്രതികരണങ്ങളേയോ നിയന്ത്രിക്കാം; അതിനധികാരവുമുണ്ട്. അക്രൈസ്തവരുടെ ഇടയിൽ ന്യായമായ മതാധികാരികളില്ലാത്തതിനാൽ അവക്കുവേണ്ടി വിവാഹനിയമങ്ങൾ രാഷ്ട്രം ഉണ്ടാക്കുന്നത് ഉപകാരപ്രദമാണ്. എന്നാൽ ഇത്തരം ഒരനുമതി നാം നല്കുന്നതു അതു രാഷ്ട്രത്തിൻെറ മൗലികാവകാശമായതുകൊണ്ടല്ല, പ്രത്യുത, സാമൂഹ്യഭദ്രതയ്ക്കു അതൊരാവശ്യമാകയാൽ മാത്രമാണ്. [1]

## 62. സദുല്പാദനശാസ്ത്രവും രാഷ്ട്രവും: (Eugenics in Marriage & State)

ജനനവും ജനസംഖ്യയും ഇന്നു പല രാഷ്ട്രനേതാക്കളുടെയും ചിന്താവിഷയമാണ്. തൽഫലമായി അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ള വേറൊരു കാര്യമാണു സദുല്പാദനവാദം (നല്ലവർമാത്രമെ ജനിക്കാവൂ എന്ന വാദം). ജനനത്തിൽത്തന്നെ ഒരു തെരഞ്ഞെടുപ്പു നടത്തി മനുഷ്യവർഗ്ഗത്തെ ആകമാനം സംസ്കരിക്കണമെന്നാണ് ഇവർ പറയുക. അയോഗ്യരുടെ വിവാഹം തടഞ്ഞുകൊണ്ടും കൃത്രിമോപാധികൾവഴി ജനനനിരക്കു നിയന്ത്രിച്ചുകൊണ്ടും ചില രാഷ്ട്രങ്ങൾ ഈ അഭിപ്രായം പ്രാവർത്തികമാക്കിത്തുടങ്ങിയിട്ടുണ്ട്. അവിടെയും സംഗതികൾ അവസാനിക്കാതെ ചില രാഷ്ട്രനേതാക്കൾ കുത്സിതദേശീയാന്ധതയിൽ മുങ്ങി വന്ധീകരണംപോലും ഇതിനായി നിർബ്ബന്ധമാക്കിത്തുടങ്ങിയിരിക്കുന്നു! ഭ്രാന്തരും, അപസ്മാരരോഗികളും കുററപ്പുള്ളികളും വിവാഹം കഴിക്കാൻ യോഗ്യരല്ലെന്നാണു ചില സ്ഥലങ്ങളിലേ നിയമം; അവരുടെ മക്കൾ രാഷ്ട്രത്തിനു ഒരു ഭാരമായിരിക്കുമെന്നാണ് കാരണം പറയുന്നതു്.

പ്രകൃതിനിയമങ്ങൾക്കോ നിർദ്ദേശങ്ങൾക്കോ എതിരാകാത്തിടംവരെ നമുക്ക് ഇവരുടെ ആദർശത്തോടു യോജിക്കാമെങ്കിലും അതിനപ്പുറം കടക്കുക പാപമാണ് പ്രകൃത്യാതന്നെ നിഷിദ്ധവുമാണ്. [2]

---

[1] Conf. Instruotion of the S. Congregation of Propagation of Faith 1821) Billot De Sacramentis, II, Thesis 17 ad. 5.

[2] വർഗ്ഗസംസ്കരണത്തിനായി ശിശുവിവാഹം തടയാവുന്നതാണ്. കാരണം അതു് വർഗ്ഗജീവനെത്തന്നെ നശിപ്പിക്കുന്നു. 1131-ലെ സെൻസസിൽനിന്നും ശിശുവിവാഹം ഇന്ത്യയിൽ എമ്മാത്രം പ്രച—

R. J. റോസ്സ് ഇതേക്കുറിച്ചു പറയുന്നു: "വന്ധീകരണം തികച്ചും പ്രകൃതി വിരുദ്ധമാണ്. ഭാവിതലമുറയ്ക്കു വന്നുപെട്ടേക്കാമെന്നു ഭയപ്പെടുന്ന സങ്കല്പതരമായ ഒരു കെടുതി തടയാൻ, ആരേയും വിവാഹത്തിനും കുടുംബജീവിതത്തിനുമുള്ള അവകാശത്തിൽനിന്നുംതടയാവുന്നതല്ല. ധനപരമോ മററോ ആയ വെറും ലൗകികനന്മയ്ക്കായി, ആവയവികപ്രവൎത്തനം (Function of Organs) പോലും നിരോധിക്കാൻ യാതൊരു വ്യക്തിയുടെ മേലും രാഷ്ട്രത്തിനു അധികാരമില്ല. അതുപോലെതന്നെ സ്വയരക്ഷയ്ക്കോ ശരീരസൗഖ്യത്തിനോ അപരിത്യാജ്യമായ അവസരത്തിലൊഴികെ യാതൊരാൾക്കും സ്വമേധയാപോലും ഒരവയവത്തിൻെറ പ്രവൎത്തനശക്തി നശിപ്പിച്ചുകൂടാ." [1]

പാരമ്പര്യരോഗികളെ വിവാഹത്തിൽനിന്നു പിൻവാങ്ങുവാൻ സഭ ഉപദേശിക്കുന്നു; എന്നാൽ ഒരിക്കലും നിരോധിക്കുകയില്ല. ചിത്തഭ്രമമുള്ളവർ നടത്തുന്ന ഉടമ്പടി അസാധുവാകയാൽ അക്കാരണത്താൽമാത്രം വിവാഹഉടമ്പടിയിൽനിന്നും ഭ്രാന്തന്മാരെ സഭ തടയുന്നു.

വൎഗ്ഗാധഃപതനത്തെ തടയുവാൻ രാഷ്ട്രത്തിനു നിയമനിൎമ്മാണം ചെയ്യാവുന്നതാണ്. എന്നാൽ ദൈവവും പ്രകൃതിയും നല്കിയ ശാരീരികപ്രവൎത്തനം നിരോധിക്കുവാൻ അതിന് യാതൊരവകാശവുമില്ല. പതിനൊന്നാംപീയൂസ് പാപ്പാ പറയുന്നു: "പ്രകൃതിലക്ഷ്യങ്ങൾക്കു ഉപയോഗിക്കുവാനല്ലാതെ, സ്വശരീരാവയവങ്ങളുടെമേൽ യാതൊരു അധികാരവും മനുഷ്യൎക്കില്ലെന്നുള്ളതു്, യുക്തിയുക്തവും സഭാപ്രബോധനവുമാണ്. സ്വരക്ഷയ്ക്കോ, പൂൎണ്ണശരീരസുരക്ഷിതത്വത്തിനോ അല്ലാതെ ആ അവയവങ്ങളിൽ ഒന്നിനെ അംഗഭംഗപ്പെടുത്തുവാനോ ഉപയോഗശൂന്യമാക്കുവാനോ ആൎക്കും സ്വാതന്ത്ര്യവുമില്ല. [2]

—രിച്ചിരുന്നുവെന്നു കാണാം. 15 വയസ്സിനു താഴെത്തന്നെ വിവാഹം കഴിച്ച പുരുഷന്മാർ 5,530,625-ം സ്ത്രീകൾ 12,247,595-ം ആണ്! മാതൃമരണങ്ങൾ വമ്പിച്ച നിരക്കിൽ വൎദ്ധിക്കുകയാണ് ഈ ശിശുവിവാഹങ്ങളുടെ ഒരു ദയനീയഫലം. ഇന്ത്യൻ മെഡിക്കൽ സൎവ്വീസിൻെറ ഡയറക്ടർജനറലായ "സർ ജോൺമേഗൻ" പറയുന്നു: 2000-ത്തോളം സ്ത്രീകൾ അവരുടെ ഓമൽക്കുടങ്ങളെ സമുദായത്തിനു കാഴ്ചവയ്ക്കുയിൽ അപമൃത്യു അടയുന്നുണ്ട്." (മദ്രാസ്മെയിൽ ഡിസ. 5. 1936.)

1 Conf. Survey of Sociology, Chap. XIX.

2 Conf. Casti et. Connubi.

**63. വ്യവസായവല്കരണം:** വ്യവസായവല്കരണവും ജനാധിപത്യതത്വങ്ങളുടെ പ്രചരണവുംവഴി വലിയ മാററങ്ങരം ഇന്ത്യയിലുണ്ടായിട്ടുണ്ട്. ഇന്ത്യയുടെ പാരമ്പര്യകൂട്ടുകുടുംബവ്യവസ്ഥിതി പാടെ തകരുകയാണ്. മാതാപിതാക്കളും മക്കളും മാത്രമുള്ള ഒററക്കുടുംബവ്യവസ്ഥയാണ് ആരും അഭിലഷിക്കുക. വ്യക്തികളുടെ സമഭാവനയ്ക്കും വളർച്ചയ്ക്കും ഒററക്കുടുംബമാണല്ലോ സഹായകം. കുടുംബൈക്യത്തിനും കാർഷികാവശ്യത്തിനും സാമ്പത്തികസ്വയംപര്യാപ്തതയ്ക്കും മുൻഗണന കൊടുത്തുകൊണ്ടായിരിക്കാം, ഇന്ത്യൻ ഗ്രാമീണ കർഷകകുടുംബങ്ങരം കൂട്ടുകുടുംബവ്യവസ്ഥസ്വീകരിച്ചുപോന്നത്. എന്നാൽ, വ്യവസായികാവശ്യങ്ങരംക്കായി ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്കുള്ള ഈ കുടുംബങ്ങളുടെ പ്രയാണത്തോടെ, പരമ്പരാഗതമായ ഹൈന്ദവകുടുംബവ്യവസ്ഥകരം തകരുകയും പ്രാധാന്യമേറിയ പല സാമൂഹികസാമ്പത്തികസാംസ്കാരിക പ്രശ്നങ്ങരം ഉയർന്നുവരികയുംചെയ്തു. ഇന്ന് ബോംബെ, കൽക്കട്ട തുടങ്ങിയ ചുരുക്കം ചില വ്യാവസായിക പ്രദേശങ്ങളെ മാത്രം ബാധിക്കുന്ന ഒരു കാര്യമാണിതെങ്കിലും, അടുത്ത അയ്യാണ്ടുപദ്ധതികരംവഴി ഇന്ത്യ, വ്യവസായവൽക്കരിക്കപ്പെടുമ്പോരം അതൊരു അഖിലേന്ത്യൻപ്രശ്നമായി വളരുക തന്നെ ചെയ്യും. ഇത്തരം കുടുംബശിഥിലീകരണത്തിൻെറ ദുരന്തഫലങ്ങളാണു അസന്മാർഗ്ഗികതവും, യുവജനങ്ങളുടെ ഇടയിലുള്ള ക്രിമിനൽ കുററങ്ങളും "വിവാഹമോചനവും ജനനനിരോധനവും കുത്തഴിഞ്ഞ കുടുംബങ്ങളും." എല്ലാമെല്ലാം. *

* Conf. Padmini Sengupta, Women in Trades & Profession, p. 256 - 261.

## 2.

# ഗൃഹസമൂഹം അഥവാ കുടുംബം

## Domestic Society or Home

**64. ഗൃഹം:** വിവാഹം സന്താനപുഷ്കലമാകുമ്പോൾ, ദാമ്പത്യം കുടുംബമായി മാറുന്നു. മാതാപിതാക്കളും മക്കളും ചേർന്ന് കുടുംബമുണ്ടാകുന്നു. നാമോരുത്തരും പിറന്നുവീണ്, മാതൃ–പിതൃ ലാളനയേററ്, വളർന്നുവന്ന മധുരഗേഹമാണ് കുടുംബം.

നിർമ്മലസ്നേഹം വഴിഞ്ഞൊഴുകി, ശാന്തമായ അന്തരീക്ഷത്തിൽ, വളർന്നുവന്ന ഒരു ക്രമീകൃതകുടുംബംപോലെ മനോഹരമായി മറെറാന്ന് ലോകത്തിലില്ലതന്നെ. അധികാരത്തോടു സ്നേഹാദരവ്, ബഹുമാനം, അനുസരണം, വിധേയരോട്ട് അതിരററ സ്നേഹവാത്സല്യം, ശുഷ്കാന്തി, പരിഗണന ഇവയെല്ലാം കുടുംബങ്ങളെ മധുരമനോഹരവും ശാന്തസുന്ദരവുമാക്കുന്നു. സ്നേഹസഹതാപാദികൾ അവിടെ പഠിപ്പിക്കപ്പെടുകയല്ല, പ്രാവർത്തികമാക്കപ്പെടുകയാണ്. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, ഇത്തരം ആദർശകുടുംബങ്ങൾ ഇന്ന് വല്ല നാട്ടിൻപുറങ്ങളിലുമല്ലാതെ നഗരങ്ങളിൽ കണികാണാൻ പോലും കിട്ടാനില്ല! മാതാവ്, പിതാവ്, മക്കൾ ഇവരാണല്ലോ കുടുംബാംഗങ്ങൾ. ആകയാൽ ഇവരിൽ ഓരോ ആൾക്കും ആദർശകുടുംബത്തിലുള്ള കടമകൾ, അവകാശങ്ങൾ, അന്യോന്യബന്ധം ഇവയെപ്പററി നമുക്കിനി പഠിക്കാം.

**65. പിതാവ്:** (Father) കുടുംബനായകനാണ് പിതാവ്. കുടുംബക്രമീകരണനിയന്ത്രണങ്ങൾ അയാളുടെ മുഖ്യചുമതലയും. കുടുംബം അയാളെ പൂർണ്ണമാക്കുന്നു; പ്രവർത്തനത്തിന് പ്രചോദനമരുളുന്നു. ഇവയെല്ലാം അയാൾക്കും ഭാര്യക്കും മക്കൾക്കും പൊതുവെ ഗുണകരവുമാണ്. സെൻറ് തോമസ് അക്വിനാസ് പറയുന്നതുപോലെ, കുടുംബം ഒരു സമ്പൂർണ്ണസമൂഹ (perfect society) മാകയാൽ അതിൻെറ അസ്തിത്വത്തിനും നിലനില്പിനും അവശ്യം ഒരധിപൻ കൂടിയേതീരൂ ഗൃഹസമൂഹത്തിൽ ഈ അധികാരം പ്രധാനമായും പിതാവിൽ കുടികൊള്ളുന്നു. അയാളാണല്ലോ സന്താനോല്പാദനത്തിലും

പ്രധാനകാരണം (active principle). സ്ത്രീകളേക്കാറം ഉപരിയായി കായികവും ധാർമ്മികവുമായ ശക്തി അയാറംക്കുണ്ടല്ലോ. കുടുംബാവശ്യങ്ങറം സാധിക്കുവാൻവേണ്ട ശക്തിയും പ്രാപ്തിയും അയാറംക്കാണല്ലോ കൂടുതലുള്ളതു്. എന്നാൽ അയാളുടെ ഭരണം സർവ്വാധിപത്യമോ ഭീകരഭരണമോ ആകരുതു്; പൈതൃകവും സ്നേഹമസൃണവും നിയന്ത്രിതവുമാകണം. തൻെറ സഹധർമ്മിണിയും വിശ്വസ്തോപദേഷ്ടാവുമായ ഭാര്യയുടെ ഉപദേശങ്ങളും സഹായവും അയാളുടെ ഭരണത്തെ മധുരതരമാക്കും. പിതാവു് കുടുംബത്തിൻെറ മനസ്സാണെങ്കിൽ മാതാവു് അതിൻെറ ഹൃദയമാണെന്നു പറഞ്ഞിട്ടുള്ളതു് എത്രയും വാസ്തവമാണു്.[1]

"അക്കാനംദിവിനേ" "Arcanum Divinae" എന്ന തൻെറവിശ്വലേഖനംവഴി ലേയോ പതിമൂന്നാമൻ ഈ ആശയം വ്യക്തമാക്കുന്നതു കാണുക: "ഈ വിധേയത്വം (ഭാര്യയുടെ) സ്വാതന്ത്ര്യത്തെ എടുത്തുകളയുകയോ നിഷേധിക്കുകയോ ചെയ്യുന്നില്ല. സഹപ്രവർത്തക, ഭാര്യ, മാതാവു് എന്നീ നിലകളിൽനിന്നോ അവളുടെ വ്യക്തിമാഹാത്മ്യത്തിൽനിന്നോ അവറം തരംതാഴ്ത്തപ്പെടുന്നുമില്ല. വീണ്ടും, ഏതെങ്കിലും ഭർത്താക്കന്മാർ സ്വകർത്തവ്യനിർവ്വഹണത്തിൽ അശ്രദ്ധരാകുകയാണെങ്കിൽ ഭാര്യമാർതന്നെ കുടുംബനിയന്ത്രണം ഏറെറടുത്തു നടത്തേണ്ടതുമാണു്."

പശ്ചാത്യനാടുകളിലും പൗരസ്ത്യദേശത്തും, പിതാവായിരുന്നു കുടുംബനായകൻ എന്നതു് ഒരു ചരിത്രവാസ്തവമാണു്. എന്നാൽ ആധുനികകാലത്തേ സമ്പൂർണ്ണസ്ത്രീസ്വാതന്ത്ര്യവാദം പരമ്പരാഗതമായ കുടുംബത്തെ തകർക്കുകയാണു്. സ്ത്രീയെ പുരുഷതുല്യം കണക്കാക്കി ഗൃഹസമൂഹത്തിൻെറ സ്വാഭാവികക്രമത്തെ അപകടപ്പെടുത്തുകയാണു്

---

[1] സ്ത്രീപുരുഷസ്ഥാനൗന്നത്യവാദം തികച്ചും ബാലിശമാണു്; അവരെ താരതമ്യപ്പെടുത്തുക സാധ്യമല്ല. സ്ത്രീക്കു് പുരുഷനില്ലാത്ത പ്രത്യേകതയുണ്ടു്; മറിച്ചു പുരുഷനും. പുരുഷൻ സ്ത്രീയുടെ പൂരകമാണു് (Compliment); സ്ത്രീ പുരുഷൻേറയും. ഇരുവരും അന്യോന്യം സമ്പൂർണ്ണരാക്കുന്നു. ഒന്നിലും അവർ തുല്യരല്ല; അന്യോന്യം "പൂർണ്ണമാക്കേണ്ടതു്" ചോദിച്ചുവാങ്ങുന്നതിലാണു് അവരുടെ സൗഭാഗ്യവും സമ്പൂർണ്ണതയും സ്ഥിതിചെയ്യുന്നതു്. (Conf. The Clergy Review, May 1943, Article on Marriage, pp. 220—221.)

ഈ വാദക്കാർ. പൈതൃകാധികാരം ചിലപ്പോഠം അതിരുകടന്ന അവസരങ്ങളും ഉണ്ടായിട്ടില്ലെന്നില്ല. മക്കളുടെ ജീവൻെറമേൽ പോലും പുരാതന റോമൻനിയമം പിതാക്കാംക്ക അധികാരം നല്കിയിരുന്നു. പെൺമക്കളുടെ വിവാഹം അഴിക്കുവാനും ഭാര്യയെ ഇഷ്ടംപോലെ ഉപേക്ഷിക്കുവാനും മരണത്തിനു വിധിക്കുവാൻപോലും അയാഠംക്കധികാരമുണ്ടായിരുന്നു. എന്നാൽ അനന്തരകാലങ്ങളിൽ റോമൻമാതാക്കാം വളരെയേറെ ബഹുമാനിക്കപ്പെട്ടുന്നതും നമുക്കു കാണാം.

ഹിന്ദുക്കളുടെയിടയിലും പുരാതനകാലംമുതൽക്കേ പൊതുവെ പൈതൃകാധികാരമാണ് നിലവിലിരുന്നതു്; മാതൃഗോത്രങ്ങളും അങ്ങുമിങ്ങുമുണ്ടായിരുന്നുവെങ്കിലും മനുവിൻെറ പ്രമാണംതന്നെ നോക്കുക: നിർഗ്ഗുണനും അന്യയിടങ്ങളിൽ ആനന്ദമന്വേഷിക്കുന്നവനും അറുപലക്ഷണനുമായിരുന്നാലും, സ്വഭത്താവിനെ വിശ്വസ്തഭാര്യ ദൈവതുല്യം വണങ്ങണം. (Manu V. 154)

**66. മതാവ്:** (The Mother) ഒരമ്മ തൻെറ മഹത്വവും, രാജ്യവും, സംരക്ഷണവും എല്ലാം കുടുംബത്തിലാണു കാണുക. ആദർശം തകർന്ന, സന്മാർഗ്ഗം നശിച്ച ഇക്കാലത്തു്, സ്ത്രീകാം അവരുടെ സുരക്ഷിതത്വവും സംരക്ഷണവും കണ്ടെത്തുക കുടുംബാശ്രമങ്ങളിൽ മാത്രമത്രെ. പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ മാനസികകുലീനത്വവും മധുരശാലീനതയുമെല്ലാം കളഞ്ഞുകുളിച്ച ഇക്കാലത്തു് അബലാമണികാം എവിടെയും അപകടത്തിലാണ്. മാനുഷികവികാരങ്ങളെ പരിഗണിക്കുമ്പോഠം സ്ത്രീകളെപ്പോഴും നഷ്ടപ്പെടുന്ന കക്ഷിയിലാണ്. പുരുഷന്മാരുടെ മൃഗീയാക്രമണങ്ങളിലും കാമക്രോധപ്രകടനങ്ങളിലും സ്ത്രീകാംക്ക് ആലംബം കുടുംബമാണ്. ഏകഭാര്യാത്വത്തിൻെറ പരിണതഫലമായ ഒരു ശാശ്വതകുടുംബം അതിൻെറ എല്ലാ ഗുണവിശേഷങ്ങളോടുകൂടി ഭാര്യയ്ക്കും മാതാവിനും ഒരാവശ്യമായിത്തീർന്നിരിക്കുന്നു. ആദർശമാതാക്കളില്ലെങ്കിൽ വർഗ്ഗംതന്നെ തകരും. അതിനാലാണ് മാതൃസേവനപരമായ എന്തും യഥാർത്ഥത്തിൽ സാമൂഹ്യസേവനമായിപ്പരിണമിക്കുന്നതു്, വിവാഹമോചനസാദ്ധ്യതയോടുകൂടി താൽക്കാലികവിവാഹങ്ങളിലും, ജനനനിരോധനം ഒരാദർശമായി സ്വീകരിച്ചിരിക്കുന്നവരുടെ വിവാഹങ്ങളിലും ഇപ്പറഞ്ഞ മാതൃസേവനത്തിനു സ്ഥാനമില്ല. സാമൂഹ്യമൂല്യമുള്ള കുടുംബങ്ങാം വാർത്തെടുക്കുവാൻ വിശ്വസ്തവും ശാശ്വതവുമായ വിവാഹങ്ങാംക്കേ കഴിയൂ.

ആകയാൽ കുടുംബത്തെ സംരക്ഷിക്കുവാനും അതിനെ ശക്തിപ്പെടുത്തുവാനും അതിൻെറ അവകാശങ്ങൾ ഉറപ്പിച്ചുകൊടുക്കുവാനും ചുമതലകൾ നിർവ്വഹിക്കുന്നതിനു് അതിനെ സഹായിക്കുവാനും രാഷ്ട്രത്തിനു കടമയുണ്ടു്. അങ്ങിനെ രാഷ്ട്രത്തിൻെറ അടിത്തറയായ കുടുംബങ്ങളെ സംരക്ഷിച്ചു ശക്തിപ്പെടുത്തുമ്പോൾ രാഷ്ട്രവും അതനുസരിച്ചു് അഭിവൃദ്ധിനേടും.

ആധുനികവ്യവസായയുഗത്തിലെ സാരതരമായ ഒരു ദുരന്തഫലമാണു് വിവാഹിതകൾ വീടുവിട്ടു പുറമെ ജോലിക്കു പോവുകയെന്നതു്. ശിശുപരിപാലനത്തിനും സംസ്കരണത്തിനും സമയം കിട്ടാത്തവിധം പുറംജോലിയിൽ പതിവായി ഏർപ്പെടുന്ന അമ്മമാരുടെ കുടുംബങ്ങൾ തകർച്ചയുടെ വക്കിലാണു്. കാരണം അവിടെ കുട്ടികൾക്കു് സംരക്ഷണമില്ല, മാധുര്യമേറുന്ന മാതൃസ്നേഹപരിലാളനമില്ല, ഭർത്താവിനു് ഭാര്യയുടെ സ്നേഹമസൃണസേവനമില്ല, ആകപ്പാടെ കുടുംബത്തെ ആനന്ദസന്ദായകവും ആകർഷകവുമാമാക്കുന്ന ആ മഹനീയവ്യക്തിയുടെ അഭാവത്തിൽ കുടുംബബന്ധം ശിഥിലമാവുകയും തകർച്ച അനിവാര്യമാകയും ചെയ്യുന്നു.

ഭർത്താവിൻെറ തുച്ഛമായ വേതനംനിമിത്തമോ, മററു കുടുംബകാര്യങ്ങൾ നടത്താൻ മാർഗ്ഗമില്ലാഞ്ഞിട്ടോ, ഭാര്യമാരും ഫാക്ടറിജോലി ചെയ്തേ മതിയാവൂ എന്ന നിലയാണു് ഇന്നു പല സ്ഥലങ്ങളിലുമുള്ളതു്. "മിനിമംവേജ്," "ഫാമിലിവേജ്" തുടങ്ങിയ കൂലിനിരക്കു് ഏർപ്പെടുത്തിക്കൊണ്ടു് രാഷ്ട്രംതന്നെ ഈ ഗുരുതരപ്രശ്നം പരിഹരിക്കണം. ക്രിസ്ത്യൻസാമൂഹ്യശാസ്ത്രജ്ഞന്മാർ ഇതിനായി ശക്തിപൂർവ്വം വാദിക്കണം. പതിനൊന്നാംപീയൂസ് പാപ്പായുടെ ഈ വാക്കുകൾ അവരെ അതിനു് ഉദ്ബുദ്ധരാക്കട്ടെ. "അമ്മമാർ അവരുടെ കുടുംബജോലിയിൽ വ്യാപൃതരാവട്ടെ. ഭർത്താക്കന്മാരുടെ ശമ്പളക്കുറവു പരിഹരിക്കാൻ വീടിനുപുറമേ വേതനത്തിനായി ജോലി ചെയ്യുവാൻ മതാക്കൾ നിബ്ബന്ധിക്കപ്പെടുന്ന വ്യവസ്ഥിതി ശോചനീയവും അസഹനീയവും സർവ്വശക്തിയോടുംകൂടെ ചെറുക്കപ്പെടേണ്ടതുമത്രെ." (Quadragesimo Anno, p. 24.)

**67. സന്താനങ്ങൾ:** (The Children) ശിശുവിനു് കുടുംബമുണ്ടായിരിക്കുകയെന്നതു് അതിൻെറ ഒരവകാശമാണു്. മാതാപിതാക്കളുടെ കരവലയങ്ങളിൽ അഭയവും രക്ഷണവും സംസ്കര

ണവും ആദ്യകാലങ്ങളിൽ അവൻ നേടുന്നു. എന്നാൽ മാതാപിതാക്കൾ വേർപിരിയാതെ വിശ്വസ്തതാപൂർവ്വം ഒരുമിച്ചുകഴിയുന്ന ഒരു കുടുംബത്തിലല്ലാതെ മറെറവിടെയാണ് ഇവയെല്ലാം അവനു് കണ്ടെത്തുവാൻ കഴിയുക? വിവാഹമോചനം, പരിത്യാഗം, അവിശ്വസ്തത ഇവമൂലം തകരുന്ന ദാമ്പത്യബന്ധങ്ങൾ സന്താനങ്ങൾക്കു വരുത്തിവയ്ക്കുന്ന വിനാശഫലങ്ങൾ ഭയങ്കരങ്ങളാണ്.

കുടുംബസംസ്കരണം ലഭിക്കാത്തവർ ഏററുപറയുന്നതുപോലെ, കുടുംബപരാജയം സന്താനപരാജയത്തിലാണ് അവസാനിക്കുക. ക്രിമിനൽപ്പുള്ളികളുടെ സ്ഥിതിവിവരക്കണക്കുതന്നെ ഈ വസ്തുത തെളിയിക്കുന്നു. സമുദായത്തിലെ ഒരു പൂർണ്ണ വ്യക്തിയാകുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉപാധികളും കുടുംബരഹിതനായ ഒരു ശിശുവിനു നഷ്ടപ്പെടുന്നു. ആകയാൽ സാമൂഹ്യപരിഷ്കരണമാഗ്രഹിക്കുന്ന ഏതൊരു സാമൂഹ്യസേവകൻെറയും സവിശേഷശ്രദ്ധ, മാതൃകാകുടുംബങ്ങളുടെ സംരക്ഷണത്തിലും അഭിവൃദ്ധിയിലും പതിയേണ്ടിയിരിക്കുന്നു. രാഷ്ട്രവും ഇക്കാര്യത്തിൽ അതിൻെറ കടമ നിർവ്വഹിക്കണം.

**68. യുവതിന്മകൾ:** (Juvenile Delinquency) യുവവിദ്യാഭ്യാസത്തിൻെറ ഒരു പ്രമുഖഭാഗമാണ്, യുവാക്കളുടെകുററങ്ങൾ കണ്ടുപിടിച്ച് അവയുടെ കാരണങ്ങൾക്കു ശാസ്ത്രീയ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക. എല്ലാ കുററവാളികളും തെററുചെയ്തു തുടങ്ങിയതു് പ്രായപൂർത്തിയെത്തുംമുമ്പുതന്നെയാണ്. ആകയാൽ ചെറുപ്പംമുതല്ക്കേ ഈ തെററുകൾ പൂർണ്ണമായി തിരുത്തുകയാണെങ്കിൽ ഭാവിതിന്മയുടെ സിംഹഭാഗംതന്നെ ഒഴിവാക്കാൻകഴിയും.

**69. കുററങ്ങളുടെ കാരണവും പരിഹാരമാർഗ്ഗങ്ങളും:** ജന്മപാപംമൂലം മാനവകുലം മുഴുവൻതന്നെയും പാപപ്രവണതയോടുകൂടിയാണ് ജനിക്കുന്നതു്. എന്നാൽ സ്വമേധയാ മനഃപൂർവ്വംചെയ്യുന്ന കുററങ്ങളുടെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും നമുക്കു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

1) മതപരവും സാന്മാർഗ്ഗികവുമായ വിദ്യാഭ്യാസത്തിൻെറ അഭാവമാണു പ്രധാനഹേതു; മതതത്വങ്ങളിലും ധാർമ്മികതത്വങ്ങളിലും മുറുകേ പിടിച്ചുനില്ക്കുന്നതാണ് പ്രധാന പരിഹാരമാർഗ്ഗവും.

2. തകർന്ന കുടുംബജീവിതം: ഇതു പല കാരണങ്ങളാലും സംഭവിക്കാം. സർവ്വപ്രധാനം മാതാപിതാക്കളുടെ

ദുർമ്മാതൃകയാണ്. ആത്മനിയന്ത്രണമില്ലാത്തവരും, അജ്ഞരും, അശ്രദ്ധരും വൈകാരികളും ദുർമ്മാർഗ്ഗികളും കുററവാളികളുമായ മാതാപിതാക്കാം കുട്ടികളെ സൽപഥങ്ങളിലേക്കു് ആനയിക്കുകയില്ല. പരിതസ്ഥിതികാംക്കുള്ള പ്രേരണാശക്തി പ്രത്യേകിച്ചു കുട്ടികളിൽ അപ്രതിഹതമാണ്.

പിതൃത്യക്തരും പിതൃരഹിതരുമായ മക്കളും ദുർമ്മാർഗ്ഗികളാവുക സാധാരണമാണ്. ദാരിദ്ര്യത്തിനും അതിൻേറതായ പങ്കുണ്ട്. പാന കാലത്തെ താന്തോന്നിത്തവും നിയന്ത്രണമില്ലായ്കയും ഇതിനെ വളത്തുന്നു. വിവാഹമോചനവും ഒരു പ്രധാന കാരണമാണ്. വിവാഹമോചനംമൂലം തകൻ കുടുംബങ്ങളിലെ മക്കാംക്കു് മാതാപിതാക്കളുടെ അധികാരത്തോടു് അവജ്ഞതോന്നുന്നു. കുടുംബനിയന്ത്രണവും മാതാപിതാക്കളുടെ സംരക്ഷണവും തന്മൂലം അസാദ്ധ്യമായിത്തീരുന്നു.

യുവകുററവാളികളുടെ തിരുത്തൽ എത്രനേരത്തെ തുടങ്ങാമോ അത്രയും നന്ന്. ഇംഗ്ലണ്ടാണ് ഇക്കാര്യത്തിൽ മാതൃകകാട്ടിയ പ്രഥമ രാഷ്ട്രം. 1847-ൽത്തന്നെ അവർ യുവകുററവാളികളെ തിരുത്തുവാൻ പ്രത്യേക നിയമമുണ്ടാക്കി. ഇന്നു് പല രാഷ്ട്രങ്ങളിലും യുവകുററാന്വേഷണക്കോടതികളുണ്ട്. ഐക്യനാടുകളിലാണ് അതേററവും പരിഷ്കൃതരീതിയിൽ നടത്തപ്പെടുന്നതു്.

ഇത്തരം കോടതികാംക്കു് പല വിഭാഗങ്ങളുമുണ്ട്. (1) കുററവാളികളേയും, അനാഥരേയും പരിത്യക്തരേയും "വളർത്തുംകേന്ദ്ര" (Foster Home) ങ്ങളിലാക്കുന്ന പ്രഥമവിഭാഗം. (2) ഇവരുടെ കുററങ്ങളെ അന്വേഷിച്ചു കണ്ടുപിടിച്ചു വിസ്തരിച്ച്, കുററപ്പുള്ളികളെ സംരക്ഷണഭവനങ്ങളിലോ സ്ഥാപനങ്ങളിലോ പരീക്ഷണാൎത്ഥം താമസിപ്പിച്ചുനോക്കുന്ന ദ്വിതീയവിഭാഗം.

യുവപദംകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് 16നും 18നും താഴെയുള്ള യുവാക്കളെയാണ്. പ്രായപൂൎത്തിയെത്തിയവരേക്കാം കരുണയോടെയാണ് ആ പ്രായംമുതൽ 21 വരെ പ്രായമുള്ളവരേയും വിധിക്കാറു്. യുവാക്കളെന്ന നിലയിൽ അവരിൽ പ്രത്യേക ശ്രദ്ധ ചെലുത്താറുമുണ്ടു്.

ഇത്തരം കോടതികളുടെ ശ്രദ്ധയിൽപ്പെടുന്ന കുട്ടികളെ വിചാരണയ്ക്കും തീരുമാനത്തിനുമായി കൊണ്ടുവരുംവരെ, കഴിയുന്നിടത്തോളം

വീടുകളിൽത്തന്നെ താമസിപ്പിക്കുന്നു. ഇതസാധ്യവും അപകടകരവുമെങ്കിൽ, ഒരുതരം പ്രത്യേകതടങ്ങലിൽ അവരെ താമസിപ്പിക്കുന്നു. പല സ്ഥലങ്ങളിലും ഇവരെ "വളർത്തുകേന്ദ്ര"ങ്ങളിലാക്കുന്നു. ഇതുകൊണ്ടു്, മുൻ തടങ്കൽപുള്ളികളുടെ ദുർമ്മാതൃകമൂലമുണ്ടാകുന്ന ദൂഷ്യങ്ങൾ ഇവരിൽ ഒഴിവാക്കാൻകഴിയുന്നു.

യുവകുററവാളികളുൾപ്പെടുന്ന ഒരു കേസ്സുകിട്ടിയാൽ, ആദ്യം അതിൻെറ സാമൂഹ്യപാശ്ചാത്തലത്തിൽ അതിനെ അവർ വിശകലനം ചെയ്തുനോക്കും. ആവശ്യമെന്നു തോന്നിയാൽ, കായികവും മനശ്ശാസ്ത്രപരവുമയ വിശകലനങ്ങളുംകൂടി നടത്തും. കായികമോ മാനസികമോ ആണു് തകരാറെന്നുകണ്ടാൽ അതിനുവേണ്ട പ്രതിവിധി ചെയ്യും. ഒരു പരീക്ഷണഘട്ടം നല്കിയോ, വളർത്തുകേന്ദ്രത്തിലാക്കിയോ സദാചാരനിഷ്ഠകളുമായി പൊരുത്തപ്പെടുവാൻ അവനെ അനുവദിക്കും. പരീക്ഷണഘട്ടമാണു് പലപ്പോഴും സ്വീകരിക്കാറു്. കാരണം അതുവഴി അവൻ സമൂഹത്തിനു് ഒരുഭാരമല്ലാതാവുകയും, ഒരു നല്ല ജീവിതം വീണ്ടെടുക്കുകയുംചെയ്യും.

പശ്ചാത്യനാടുകളിൽ കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ യുവകുററവാളികൾക്കു താമസിക്കുവാനും നല്ല ജീവിതം നയിക്കുവാനും സഹായകമായ പല സ്ഥാപനങ്ങളുണ്ടു്. വിശേഷമേൽനോട്ടത്തിൽ അവിടെ അവർ മാന്യസഹജീവികളുമായി പൊരുത്തപ്പെട്ടു സസന്തോഷം ജീവിക്കുന്നു. *

---

* 1955-ൽ ജനീവായിൽ സമ്മേളിച്ച അന്താരാഷ്ട്രീയ ക്രൈംകോൺഫ്രൻസിൽ സംബന്ധിച്ച ഇന്ത്യൻ പ്രതിനിധി മിസ്സ് കെ. എച്ച്. ഗാമ പറയുകയുണ്ടായി: ഇന്ത്യയിൽ പ്രതിവർഷം പതിനായിരത്തിലേറെ തെമ്മാടിപ്പിള്ളേരെ പിടിച്ചു കോടതിമുമ്പാകെ ഹാജരാക്കാറുണ്ടെന്നു്. പലരും പിടികൊടുക്കാതെ രക്ഷപെടുന്നുമുണ്ടു്. ഇത്തരം കുട്ടികൾ നഗരങ്ങളിലേക്കു് ആകർഷിക്കപ്പെടുകയും അവിടെ എല്ലാവക സാമൂഹ്യവിധ്വംസകപ്രവർത്തനങ്ങളിലും ഏർപ്പെട്ടു വളരുകയും ചെയ്യുന്നു. ഇന്ത്യയിലെ ഈ തെമ്മാടിക്കുട്ടികളും പിഴച്ചവരായി ജനിച്ചവരല്ല, യഥാർത്ഥ കുടുംബനിയന്ത്രണമില്ലായ്കയാൽ പിഴച്ചു നശിച്ചവരാണു്.

(Conf. Social Action, Poona, Oct, 1955.)

## ഗ്രന്ഥസൂചി.

Catholic Encyclopaedia, Art. The Family.
Ross, E. J., The Survey of Sociology, Chap. V.
Cronin, M., The Seience of Ethics, Vol. II Chaps. XIII & XIV.
Pius XI. "Casti et Connubi" (Christian Marriage)
Asgniach, A., O.S.B. "The Christian State," Chap. X.
Miltner, "The Elements of Ethics", Part II, Chap XIV.
V. Fallon, S. J., "Eugenics" (Burns, Oates) 1923.
Parkinson, "A Primer of Social Science", Part II & III.

# 3.

# കുടുംബസംവിധാനം

## The Family Planning

**70. സംവിധാനപ്രശ്നം:** പുരാതന ഗ്രീക്കതാത്വികരായ പ്ലേറേറാ അരിസ്റ്റോട്ടിൽ മുതലായവരുടെ കാലംമുതല്ലേ സമുദായത്തെ അലട്ടിത്തുടങ്ങിയ ഒരു പ്രശ്നമാണിതു്. ഈ താത്വികവിദഗ്ദ്ധന്മാർ പോലും രാഷ്ട്രോന്നമനത്തിനു് സന്താനനിയന്ത്രണം ആവശ്യമാണെന്നു വാദിച്ചിരുന്നു. ഭക്ഷ്യശേഖരത്തിൻെറ അനുപാതത്തിൽനിന്നും ജനസംഖ്യ ഏറരുതെന്നു അവർ അനുസാനിച്ചിരുന്നു. സന്താനബാഹുല്യം തടയുവാൻ ഗർഭഛിദ്രംപോലും പുരാതനഗ്രീക്കുകാർ നടത്തിക്കൊണ്ടിരുന്നു.

ജനസംഖ്യയെപ്പററി റോബർട്ടു് മാൽത്തൂസ് ഒരു പ്രബന്ധം എഴുതുകയുണ്ടായി. ആ പ്രബന്ധം ആത്മനിയന്ത്രണത്തിനു് ഒരാഹ്വാനമായിരുന്നു. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച ഭക്ഷ്യസാനനങ്ങൾ വദ്ധിക്കുന്നില്ലെന്നും മാൽത്തൂസ് വെളിപ്പെടുത്തി. തന്മൂലം അദ്ദേഹത്തിൻെറ പിൻഗാമികൾ ജനനനിയന്ത്രണം ഈ പ്രശ്നത്തിനു പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കുവാൻ തുടങ്ങി.

ഇന്നാകട്ടെ, സാമ്പത്തികന്യായങ്ങൾക്കുപുറമേ, മററു പല കാരണങ്ങൾക്കൂടി ജനനനിയന്ത്രണത്തിനു് അനുകൂലമായി തല്പരകക്ഷികൾ നല്കുന്നുണ്ടു്. സന്താനങ്ങളുടെ സംഖ്യ നിയന്ത്രിക്കുന്നതു വിവാഹിതക്കുതന്നെ നല്ലതാണെന്നാണു് ആധുനികവാദം. അവയിൽ ചിലതു താഴെ ചേക്കുന്നു:

1) തത്വശാസ്ത്രന്യായങ്ങൾ: വളരെ സന്താനങ്ങളുള്ള ഭാര്യ അടുത്തടുത്തുള്ള പ്രസവംമൂലം, അനാരോഗ്യയായിത്തീരുമെന്നതാണു് ഒരു ന്യായം. എന്നാൽ അമ്മതന്നെയാണു് പാലൂട്ടി കുട്ടിയെ വളത്തുന്നതെങ്കിൽ രണ്ടു വർഷക്കാലം ഒരു പ്രസവത്തിനു മതിയാകുമെന്നാണു് സാമാന്യവിശ്വാസം. അത്തരം അമ്മമാരുടെ ആരോഗ്യം എങ്ങും തകന്നുകാണുന്നുമില്ല. സ്ത്രീശരീരപ്രകൃതിതന്നെ ഗർഭധാരണവേളയിൽ അനുകൂലമായി പ്രവത്തിക്കുന്നതിനാൽ, അമ്മ

യുടെ ആ രോഗ്യത്തിന് അക്കാരണത്താൽമാത്രം യാതൊരു കുറവും സംഭവിക്കാറില്ല. ആരോഗ്യം അഭിവൃദ്ധിപ്പെടുന്നതായാണ് അനുഭവവും. ഗർഭധാരണംവഴിയല്ല ഒരു സ്ത്രീ ശോഷിക്കുന്നത്—പ്രത്യുത ശിശുപാലനംവഴിയാണ്.

2) സാമൂഹികകാരണം: അംഗസംഖ്യ കുറഞ്ഞ കുടുംബങ്ങൾ കൂടിയവയേക്കാൾ കൂടുതൽ സാമൂഹികവും സാമ്പത്തികവുമായ സൗകര്യങ്ങളും സുഖവും അനുഭവിക്കുന്നു: ഇതാണ് രണ്ടാമത്തെവാദം വർഗ്ഗസംസ്കരണവാദികൾ പറയും: ഊട്ടുവാനും ഉടുപ്പിക്കാനും പഠിപ്പിക്കുവാനും അസംഖ്യം അംഗങ്ങളുള്ള വൻകുടുംബങ്ങളാണ് ലോകദാരിദ്ര്യത്തിനുതന്നെ കാരണമെന്ന്; ശരി. എന്നാൽ അന്വേഷിച്ചുനോക്കൂ; ആരാണീ കുത്സിതവൃത്തി–ജനനനിരോധനം–അധികമധികം അഭ്യസിക്കുന്നതെന്ന്. വൻകിട വരുമാനമുള്ള, സന്താനങ്ങൾ വേണ്ടാത്ത സ്വാർത്ഥസുഖലോലുപർ. പാവങ്ങൾ പൊതുവെ ഇക്കാര്യത്തിൽ പരാങ്മുഖരാണ്. സമ്പന്നർ ഇങ്ങനെ ചെയ്യുന്നത് വർഗ്ഗസംസ്കരണത്തിനോ സന്താനസമുന്നതിയ്ക്കോ വേണ്ടിയാണെന്നും കരുതേണ്ട; വെറും സ്വാർത്ഥലാഭവും സുഖലോലുപതയുമാണ് അതിനവരെ പ്രേരിപ്പിക്കുന്നതെന്ന് സൂക്ഷ്മദൃക്കുകൾക്കു കാണുവാൻകഴിയും.

വീണ്ടും, അംഗസംഖ്യയേറിയ പാവങ്ങളുടെ വൻകുടുംബങ്ങളല്ലേ നാടിന്റെ നട്ടെല്ല്? ഒരു രാഷ്ട്രത്തിന്റെ കർമ്മശക്തിയും ധാർമ്മികധീരതയും പ്രതിരോധനനിരയും അവരിലല്ലേ കുടികൊള്ളുന്നത്? അവരിൽ നിങ്ങൾ ജനനനിയന്ത്രണവിദ്യ പ്രചരിപ്പിക്കുക: ആ രാഷ്ട്രത്തിന്റെ അധഃപതനവും അതോടെ ആരംഭിക്കുകയായി. ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ തുടങ്ങിയ വൻരാഷ്ട്രങ്ങളുടെ അനുഭവമിതാണ്. ഒരു ക്രമീകൃത കുടുംബത്തിൽ മക്കളും മാതാപിതാക്കളും അനുഭവിക്കുന്ന ധാർമ്മികനന്മയോടു തുലനംചെയ്യുമ്പോൾ, ജനനനിയന്ത്രണംവഴി ചില കുടുംബങ്ങൾനേടുന്ന സാമ്പത്തിക സാമൂഹ്യനന്മകൾ തീരെ നിഷ്പ്രഭങ്ങളാകുന്നു. അംഗസംഖ്യയേറിയ കുടുംബങ്ങളിൽ വിവാഹമോചനവും വളരെ വിരളമാണ്. സന്താനരഹിതരോ, ഒന്നോ രണ്ടോ സന്താനങ്ങൾമാത്രമോ ഉള്ള ദമ്പതികളാണ് പെട്ടെന്ന് പിണങ്ങിപ്പിരിയുക. ജനനനിയന്ത്രണപ്രചരണത്തോടെ ജനതാമദ്ധ്യേ നട

KOTTAYAM PUBLIC LIBRARY KOTTAYAM

മാടാവുന്ന അസന്മാർഗ്ഗികതയുടെ അഴിഞ്ഞാട്ടവും ഭീകരമായിരിക്കും. ആകയാൽ ഈ തിന്മകളെല്ലാം ഒഴിവാക്കാനുള്ള ഏകമാർഗ്ഗം, സാമാന്യ ജനങ്ങളുടെ സാമൂഹ്യസാമ്പത്തികകഴിവുകളും വികസിപ്പിക്കുവാൻ സർവ്വശ്രദ്ധയോടുംകൂടി ശ്രമിക്കുകയാണ്. *

3) സാമ്പത്തികകാരണം: സാമ്പത്തികകാരണമാണ് ഇതിന് മാൽത്തൂസ് ഉന്നയിച്ച പ്രമുഖവാദം. എന്നാൽ അദ്ദേഹത്തിൻെറ കണക്കുകൂട്ടലുകൾ പാശ്ചാത്യനാട്ടുകളിൽത്തന്നെ പരാജയപ്പെടുകയാണുണ്ടായതു്. ജനവർദ്ധനയോടൊപ്പം അവിടെ സാമ്പത്തികവരുമാനവും വളർന്നുകൊണ്ടേയിരുന്നു. അഥവാ അവർ വളർത്തിയുയർത്തിക്കൊണ്ടുവന്നു.

എന്നാൽ അവികസിതപ്രദേശങ്ങളിൽ സ്ഥിതിഗതികൾ മറിച്ചുതന്നെയാണ് ഇന്നും. ജനനനിരക്ക് അത്യധികവും സാമ്പത്തികനില അതിശോചനീയവും. ഇന്ത്യയിൽ ഈ പ്രശ്നം ഇന്നും അതിഗൗരവാവഹമാണ്. അമ്പരിപ്പിക്കുന്ന വേഗതയിൽ ഇന്ത്യൻ ജനസംഖ്യ 40 കോടിയോടടുക്കുകയാണ് 60 ലക്ഷംവീതം പ്രതിവഷം കൂടുന്നു. സാമൂഹ്യാഭിവൃദ്ധിക്കൊപ്പം ആയുർദൈർഘ്യവും ഏറിക്കൊണ്ടിരിക്കുന്നതിനാൽ ജനസംഖ്യ ഇനിയും വളർന്നുകൊണ്ടുതന്നെയിരിക്കും. എന്നാൽ സാമ്പത്തികനിലയോ? അമേരിക്കയിൽ അതു് 2000 ഡോളറാണെങ്കിൽ ഇന്ത്യയിൽ അതു് വെറും 60 ഡോളർ മാത്രം! ഭക്ഷ്യവിതരണം ഒരിടത്തും പര്യാപ്തമാകുന്നില്ല. ഒരു വമ്പിച്ച വിഭാഗം വേണ്ടത്ര ഭക്ഷണം ലഭിക്കാതെ ഇന്നും വലയുകയാണ്. ഇന്നത്തെ ജനനനിരക്ക് നിയന്ത്രിക്കാതിരുന്നാൽ എന്തു സംഭവിക്കുമെന്നുള്ളതു് ഒരു വൻകിട പ്രശ്നമാണ്.

കഴിഞ്ഞകാലങ്ങളിൽ ഇന്ത്യൻജനപ്പെരുപ്പം തടഞ്ഞിരുന്നതു് വറുതിയും മഹാമാരിയും മറവുമായിരുന്നു. എന്നാൽ പൊതുജനാരോഗ്യവകുപ്പിൻെറ സേവനംമൂലം, മരണത്തോതു്–സ്ത്രീ(മാതൃ) മരണവും ശിശുമരണവും പ്രത്യേകം – വളരെയേറെ ചുരുങ്ങിയിരിക്കുന്നു. പകർച്ചവ്യാധികളുടെ ജനസംഖ്യാനിയന്ത്രണശക്തിയും ഭാഗ്യവശാൽ

* Conf. A/Nevett: "Too many of us?" "Social Action" Indian Institute of Social Order, Poona. "The Ethics of Conception." "The Clergy Review, May 1934. pp. 368, 369.

കുറഞ്ഞിരിക്കുന്നു. അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ രാഷ്ട്രീയനേതാക്കാംക്കും വ്യവസായമേധാവികറംക്കും ഈ പ്രശ്നം ഒരു ഭയങ്കര വെല്ലുവിളിതന്നെയായിരിക്കും. ഇന്ത്യയുടെ ജനസംഖ്യപ്രശ്നം പരിഹരിക്കാൻ സുഗമമായ മാന്ത്രികമാർഗ്ഗമൊന്നുമില്ലതന്നെ.

ഒരു വിദഗ്ദ്ധഗവണ്മെൻറിനുമാത്രമേ ഈ പ്രശ്നം സമർത്ഥമായും ന്യായമായും കൈകാര്യംചെയ്യാൻ കഴിയൂ. വിഭവങ്ങറം കഴിയുന്നത്ര സർവ്വപ്രകാരേണയും കൂട്ടതൽക്കൂട്ടതൽ ഉല്പാദിപ്പിക്കുകമാത്രമാണ് പ്രധാനമായ പ്രതിവിധി. കൃഷിവ്യവസായവികസനം ഇതിന്നു് അപരിത്യാജ്യമാണ്. ഇന്ത്യയിൽ അതിനുവേണ്ട പ്രകൃതിസമ്പത്തും സൗകര്യങ്ങളും സുലഭമായുണ്ട്. "സമൃദ്ധിയുടെ നാട്ടിൽ വറതി അനുഭവിക്കുന്നു"വെന്നാണ് മറുനാട്ടുകാർ നമ്മെ കുററപ്പെടുത്തുക. അനേകകോടി ഏക്കർ "കന്യാഭൂമി"കളിൽ പുതുതായി കൃഷി തുടങ്ങുകയും ഉള്ളവയെ പരിഷ്കരിക്കുകയും, സകലവിധ അസംസ്കൃത സാധനങ്ങളുമുള്ള ഇന്ത്യയെ സമർത്ഥമായി വ്യവസായീകരിക്കുകയുംചെയ്താൽ, ഇന്ത്യൻ ജനപ്പെരുപ്പമല്ല, സാമ്പത്തിക-അവികസനമാണ് ഇന്ത്യയുടെ യഥാർത്ഥ പ്രശ്നമെന്നു് നമ്മുടെ നേതാക്കറംക്കു് ബോധപ്പെടും. അങ്ങിനെ അവർ ജനതയുടെ ജീവിതത്തോതു് ഉയർത്തട്ടെ. ജനപ്പെരുപ്പവും ക്രമേണ നിയന്ത്രിതമാകുന്നതു കാണാം. 20 വയസ്സെങ്കിലും വിവാഹപ്രായമാക്കി ഉയർത്തി, ശിശുവിവാഹങ്ങളെ പാടെ തടഞ്ഞാൽ അതും ജനവർദ്ധനവിനെ കാര്യമായി നിയന്ത്രിക്കും. ആത്മനിയന്ത്രണംവഴി ന്യായമായരീതിയിൽ നടത്താവുന്ന ജനനനിയന്ത്രണവുമുണ്ട്. ഇത്തരുണത്തിൽ, ഈ പ്രശ്നത്തിനു ചെസ്റ്റർട്ടൻ നല്കിയിരിക്കുന്ന ഫലിതാത്മകമായ ഒരു വിമർശനം പ്രത്യേകം ശ്രദ്ധേയമാണ്. ആറു തൊപ്പിവയ്ക്കാൻ ഏഴ് ആളുകളുണ്ടായിരിക്കെ, ചില പണ്ഡിതമ്മാന്യന്മാർ നിർദ്ദേശിക്കും, ഏഴാമൻെറ "തലവെട്ടി" പ്രശ്നം പരിഹരിക്കുവാൻ! എന്നാൽ ക്രൈസ്തവപരിഹാരമാർഗ്ഗമാകട്ടെ ഏഴാമതു് "ഒരു തൊപ്പികൂടി ഉണ്ടാക്കുക"യെന്നതായിരിക്കും.

ആററംശക്തിപോലും രാഷ്ട്രവികസനത്തിനുപയോഗിക്കുവാൻ നമ്മുടെ ദാസ്യവൃത്തിക്കായി കാത്തുനില്ക്കുന്ന ഇക്കാലത്തു്, ഉള്ള ലൗകികവിഭവങ്ങളെ, പ്രത്യേകം ആരാലും സ്പർശിക്കാതെകിടക്കുന്ന പ്രകൃതിസമ്പത്തുകളെ സംസ്കരിച്ച് ഉപയോഗിക്കുകയെന്നതാണ് നമ്മുടെ കർത്തവ്യം. വളരുന്ന തലമുറകറംക്കു് ഉണ്ണുവാനും ഉടുക്കുവാനും

വസിക്കുവാനും ഈ പ്രകൃതിവിഭവങ്ങളെ ഒരുക്കിക്കൊടുക്കുവാൻ സാമ്പത്തികധുരന്ധരന്മാർ ശ്രമിച്ചിരുന്നുവെങ്കിൽ! [1]

ഇൻറർനാഷനൽ ലേബർ ഓഫീസിൻെറ, ഡയറക്ടർ ജനറലായ മി. ഡേവിഡ് മോഴ്സ് പറയുന്നു: "അതിവേഗമേറുന്ന ജനപ്പെരുപ്പവും, അതാവശ്യപ്പെടുന്ന വിഭവോല്പാദനവും, ഉല്പാദനജോലിയും മനുഷ്യപ്രതിഭയെ വെല്ലുവിളിക്കുകയാണ്, പുതിയപുതിയ യാന്ത്രികോപകരണങ്ങൾ കണ്ടുപിടിക്കുവാനും, നവംനവങ്ങളായ സാമൂഹ്യസംവിധാനങ്ങൾ കെട്ടിപ്പടുക്കുവാനും. ഈ വെല്ലുവിളിയെ നാം ശരിക്കും സ്വീകരിക്കുന്നില്ലെങ്കിൽ, അതിനു നമുക്കു കഴിഞ്ഞില്ലെങ്കിൽ, ഈ ജനപ്പെരുപ്പം അപകടംനിറഞ്ഞ അണുബോംബായി മാറും. ഇന്നും അവികസിതരാജ്യങ്ങളായി അവശേഷിക്കുന്ന, ആഫ്രേഷ്യൻ, ലാററിൻ അമേരിക്കൻ നാടുകളിലാണ് ഈ പ്രശ്നം അതിരൂക്ഷമായിക്കാണുന്നതു്. ആകയാൽ നമ്മുടെ കാര്യമായ സഹായങ്ങൾ ഈ രാജ്യങ്ങൾക്കാണു നല്കേണ്ടതു്" എന്നു്. [2]

**71. ഇന്ത്യയും ജനനനിയന്ത്രണവും:** സാമ്പത്തിക കാരണങ്ങളുടെ പേരിൽ ഇന്ത്യാഗവണ്മെൻറും കൃത്രിമജനനനിയന്ത്രണം പ്രോത്സാഹിപ്പിക്കുകയാണ് കുറെ വർഷങ്ങളായിട്ടു്. ധാർമ്മികമൂല്യങ്ങളുടെ പേരിൽ മി. നെഹ്റു ഇതിനെ ഒരിക്കലും എതിർത്തതായി അറിവില്ല. അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ നടന്ന ഒരു സമ്മേളനത്തിലാണ്, "ദേശീയവികസനക്കമ്മററി" "വിലകുറഞ്ഞ കൃത്രിമ ജനനനിരോധനോപാധികൾക്ക് വമ്പിച്ച പ്രചാരം കൊടുക്കേണ്ടതു് ആവശ്യമാണ്" എന്ന പ്രമേയം കയ്യടിച്ചു പാസ്സാക്കിയതു്.

<u>നമ്മുടെ പണം കൊലപാതകങ്ങൾക്കു്!</u> 1957-ലെ ഇന്ത്യൻ ഔദ്യോഗികക്കണക്കുകൾ നോക്കുക: "ഒന്നാം പദ്ധതിക്കാലത്തു് കുടുംബസംവിധാനത്തിനു് അനുകൂലമായ പൊതുജനാഭിപ്രായരൂപീകരണത്തിനും അതിനുവേണ്ട പ്രചരണസേവനങ്ങൾ വർദ്ധിപ്പിക്കുവാനുമാണ് ശ്രമിച്ചിട്ടുള്ളതു്. 287 കുടുംബസംവിധാനക്ലിനിക്കുകൾ ഇതിനായി പുതുതായി തുറക്കപ്പെട്ടു. സ്റ്റേററുഗവണ്മെൻറുവക 164; സ്വകാര്യസംഘടനകളുടേതു് 90; പ്രാദേശികസംഘടനകളുടേതു് 33.

---

1 Conf. Sutherland Halliday. "Control of Life" pp. 57-68. More, E R. "The Case against Birth Control", London, 1931, pp. 108-123.

2 I. L. O. News Servics, August 14, 1959, New Delhi.

രണ്ടാംപദ്ധതിയിലാകട്ടെ കേന്ദ്രത്തിൽ 400 ലക്ഷവും സ്റ്റേററ കളിൽ 97 ലക്ഷവും ക.യാണ് ഇതിനായി മാററിവച്ചിരിക്കുന്നതു്! ഇതിൽ 14 ലക്ഷം ഒന്നാംപദ്ധതിക്കാലത്തു നിർമ്മിച്ച ക്ലിനിക്കുകളുടെ സംരക്ഷണത്തിനും 15·75 ലക്ഷം പലതരം പുതിയ പരിശീലന പരിപാടികൾക്കും വേണ്ടിയാണു മാററിവച്ചിരിക്കുന്നതു്. *

1959-ൽ ഫെബ്രുവരിമാസത്തിൽ ഡൽഹിയിൽ സമ്മേളിച്ച ആറാം സാർവ്വദേശീയകുടുംബസംവിധാന കോൺഫ്രൻസ് മി. നെഹറുവാണ് ഉൽഘാടനംചെയ്തതു്. യൂണിയൻ ഹെൽത്തു് ഗവ ണ്മെൻറിൻെറ പ്രസ്താവന കേൾക്കുക: "കുടുംബസംവിധാനസൗകര്യ ങ്ങൾ ഗവണ്മെൻ് എവിടെയും ഏർപ്പെടുത്തിവരികയാണ്. പൊതു ജനാരോഗ്യവകുപ്പ് പ്രവർത്തിക്കുന്നിടത്തെല്ലാംതന്നെ വന്ധീകരണ ത്തിനും ഗർഭഛിദ്രത്തിനും വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു കഴിഞ്ഞു." അതേ കോൺഫ്രൻസിൽവച്ചു മദ്രാസ് ജനസംഖ്യാ പഠനസമിതിയുടെ ഡയറക്ടറായ ഡോ. എസ്. ചന്ദ്രശേഖരൻ ഒരു പ്രസ്താവന ചെയ്തതും പ്രത്യേകം ശ്രദ്ധേയമാണ്: കൃത്രിമ ജനന നിരോധനത്തെ 50% ജനങ്ങളും അനുകൂലിക്കുന്നുവത്രെ! സാമ്പത്തിക സാമൂഹ്യ സംസ്കാരിക നിലവച്ചു നോക്കുമ്പോൾ, ഗ്രാമങ്ങളിൽ കൂടു തൽ പ്രായോഗികം, പുരുഷവന്ധീകരണം (Vasectomy) സ്ത്രീവന്ധീ കരണം (Solpingectomy) എന്നീ ശസ്ത്രക്രിയകളാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഇവയിൽത്തന്നെയും പുരുഷവന്ധീകരണ ത്തിനാണ് കൂടുതൽ പ്രാധാന്യവും പ്രചാരവും കൊടുക്കേണ്ടതെന്നും അദ്ദേഹം ശുപാർശചെയ്യുന്നു." ഇവയിൽനിന്നെല്ലാം വ്യക്തമാകു ന്നതു് ഇന്ത്യയിൽ ഈ വ്യാധി രാഷ്ട്രനേതാക്കളുടെ ആശീർവ്വാദാംഗീ കാരത്തോടെ സർവ്വത്ര പടർന്നുപിടിച്ചുകഴിഞ്ഞുവെന്നാണ്. എല്ലാ സാമൂഹ്യതലങ്ങളിലും അതിനു പ്രവേശനവും ലഭിച്ചിരിക്കുന്നു.

**72. ജനനനിരോധനത്തിൻെറ ധാർമ്മിക ദൈവ ശാസ്ത്രവശം:** ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൃത്രിമ ജനനനിയന്ത്രണത്തിനെതിരെയുള്ള ശക്തിയേറിയ വാദം അതു തിക ച്ചും പ്രകൃതിവിരുദ്ധവും അതിനാൽ ധാർമ്മികവിരുദ്ധവുമാണെന്നതാണ്. എന്നാൽ ഈ ധാർമ്മികവാദം അകത്തോലിക്കരെ വേണ്ടത്ര സ്പർശി ക്കുന്നില്ല.

* Conf. "India 1957", Gvt. Publications, p. 152-157.

എന്നാൽ പൊതുവെ ഇന്ത്യയിലെ പ്രബലസമുദായങ്ങളായ ഹിന്ദുക്കളും മുസ്ലീങ്ങളും ഇതിനെ എതിർക്കുകയാണ്. കുറഞ്ഞപക്ഷം പ്രോത്സാഹിപ്പിക്കാതെയെങ്കിലുമിരിക്കുന്നു. എന്നിരുന്നാലും അവരുടെ മതതത്വങ്ങളെ അടിസ്ഥാനമാക്കി നമുക്കീപ്രശ്നം ഒന്നു പരിശോധിക്കാം. മുഹമ്മദീയരെ സംബന്ധിച്ചിടത്തോളം കൃത്രിമോപാധികൾ വഴിയുള്ള ജനനനിയന്ത്രണം മതധാർമ്മികാടിസ്ഥാനത്തിൽ നിഷിദ്ധങ്ങളല്ല. ഗർഭഛിദ്രം, മുസ്ലീംമതം കർശനമായി തടയുന്നുവെങ്കിലും കൃത്രിമോപാധികൾ നിരോധിക്കുന്നില്ല; ജീവനാശം തടയുന്നുവെങ്കിലും ജീവനിഷേധനം (Prevention of life) നിരോധിക്കുന്നില്ല. ശിശുഹത്യ നിരോധിക്കുന്ന താഴെപ്പറയുന്ന ഖുറാൻ വാക്യാനുസാരമാണ് മുസ്ലീം പണ്ഡിതർ ഗർഭഛിദ്രം നിരോധിക്കുന്നത്, "ദാരിദ്ര്യം വരുമെന്നു ഭയന്ന് നിങ്ങളുടെ മക്കളെ നിങ്ങൾ കൊല്ലരുത്. അവർക്കും നിങ്ങൾക്കും വേണ്ടി ഞാൻ ഒരുക്കികൊള്ളാം." [1]

രാഷ്ട്രനന്മയ്ക്ക് കൃത്രിമജനനനിയന്ത്രണം അപകടകരമാണെന്ന് ഒരു രാഷ്ട്രം വിധിക്കുകയാണെങ്കിൽ, അതിൻെറ ലംഘനം അനുസരണമില്ലായ്മയാകും എന്ന നിലയിൽ മാത്രമെ, ഇത് മുസ്ലീങ്ങൾക്ക് അധാർമ്മികമാകൂ. എന്നാൽ ദാമ്പത്യവൃത്തിയുടെ പ്രാഥമികലക്ഷ്യത്തെ നശിപ്പിക്കുന്ന, കല്പിച്ചുകൂട്ടിയ ഒരു പ്രവൃത്തിയെന്ന നിലയിൽ ത്തന്നെ, അത് അധാർമ്മികമായിട്ടാണ് ക്രിസ്ത്യാനികൾ ഇതിനെ പരിഗണിക്കുന്നത്.

ഹൈന്ദവമതനിയമങ്ങൾ ഇതിനെപ്പററി എന്തുപറയുന്നുവെന്ന് ഖണ്ഡിതമായി പറയുക എളുപ്പമല്ല. എങ്കിലും മതധാർമ്മികാടിസ്ഥാനത്തിൽ അവരും ഇതിനെ എതിർക്കുന്നില്ലെന്നുവേണം ഊഹിക്കുവാൻ. ഒരു മകനെങ്കിലും ഉണ്ടാകണമെന്നു ശാഠ്യംപിടിക്കുന്ന ഹിന്ദുശാസ്ത്രങ്ങളിൽ കൃത്രിമജനനനിയന്ത്രണം തടയുന്ന യാതൊന്നും നാം കാണുന്നില്ല. ആകയാൽ ആധുനികപ്രവണതയുടെ വെളിച്ചത്തിൽ ഹൈന്ദവപണ്ഡിതർ ഈ പ്രശ്നം പഠിക്കുമ്പോൾ "വിലക്കപ്പെടാത്ത" ഒന്നായി ഇതിനെ അനുകൂലിക്കുവാനാണ് സാദ്ധ്യത. ആധുനിക മുസ്ലീംപണ്ഡിതർ ഏതാണ്ട് ഇതേഅഭിപ്രായമാണ് സ്വീകരിച്ചുവരുന്നതും.

---

[1] ഖുറാൻ സൂറാ, VI, 152.

[2] Conf. John R. Cavanagh, "Fundamental Marriage Counselling" p. 294.

എന്നാൽ കത്തോലിക്കരായ നമുക്കറിയാം, വന്ധീകരണമോ കൃത്രിമോപാധികളോവഴി ജനനനിയന്ത്രണത്തെ സഹായിക്കുക മാരകമായ പാപമാണെന്ന്. അക്രൈസ്തവക്ക് നമ്മുടെ വീക്ഷണഗതി ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്നുവരാം. ഇന്ത്യൻ ജനസംഖ്യാപ്രശ്നത്തെ ഭയന്ന് രാഷ്ട്രീയനേതാക്കളും സാമ്പത്തികശാസ്ത്രജ്ഞന്മാരും സുവിശ്വാസത്തോടെ ജനനനിയന്ത്രണത്തിനുവേണ്ടി വാദിക്കുന്നു. ഗർഭധാരണത്തെ തടയുന്നതും വന്ധീകരണവുംജനസംഖ്യാനിയന്ത്രണത്തിന് ഉത്തമമാർഗ്ഗങ്ങളായി അവർ കരുതുകയാണ്.

ഒരു സഹിഷ്ണുതാമനോഭാവമാണ് പ്രോട്ടസ്റ്റാൻറുകാർക്ക് പൊതുവെ ഇക്കാര്യത്തിൽ. കൃത്രിമോപാധികളെ പൂർണ്ണമായി നിരോധിക്കുന്ന ഒരു പ്രോട്ടസ്റ്റാൻറുവിഭാഗവുമില്ലെന്നുപറയാം. ദമ്പതികളുടെ സ്വകാര്യനിർണ്ണയത്തിന് ഇക്കാര്യം വിട്ടുകൊടുക്കുകയാണ് പല വിഭാഗങ്ങളും ചെയ്യുന്നത്. 1954 ജൂൺമാസത്തിൽ ചേന്ന ലൂതറൻ സഭയുടെ "അഗസ്ഥാനസമ്മേളനം" കുംബസംവിധാനത്തെ (Planned Parenthood) ഔദ്യോഗികമായി അംഗീകരിച്ചിട്ടുമുണ്ട്. [1]

സഭയ്ക്കു പുറമെയും ധാർമ്മികാടിസ്ഥാനത്തിൽത്തന്നെ ഇതിനെ ശക്തിപൂർവ്വം എതിർക്കുന്നവരുണ്ടെന്ന വസ്തുത ആഹ്ളാദകരമാണ്. നമ്മുടെ രഷ്ട്രപിതാവായ ഗാന്ധിജിയാണ് അവരിൽ പ്രമുഖൻ; അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കൃത്രിമോപകരണങ്ങൾവഴി ജനനനിന്ത്രണം തടയുന്നതിനെപ്പററി ഞാൻ വളരെ ശ്രദ്ധാപൂർവ്വം പഠിച്ചു. അനേകം പാശ്ചാത്യപണ്ഡിതന്മാരുമായിത്തന്നെ ഇതേപ്പററി ചർച്ചനടത്തി. തൽഫലമായി ഞാൻ എത്തിച്ചേന്ന ഉറച്ച തീരുമാനമിതാണ്; 'സാമൂഹ്യപരിഷ്ക്കർത്താക്കൾ നമുക്കു നിർദ്ദേശിച്ചുതരുന്ന ഈ കൃത്രിമോപാധികൾ – നമുക്കൊരു മരണക്കുടുക്കായി പരിണമിക്കു'ന്നാണ്. അവയുടെ പ്രചരണം ഇന്ത്യയ്ക്കു വരുത്തിവക്കുന്ന വിനാശങ്ങൾ അതിഭയങ്കരങ്ങളുമായിരിക്കും." [2]

**73. കത്തോലിക്കാവീക്ഷണത്തിൽ:** വിവാഹത്തിൻെറ ദൈവനിശ്ചിതവും സ്വാഭാവികവുമായ പ്രാഥമികലക്ഷ്യം സന്താനോല്പാദനസംസ്ഥരണങ്ങൾ ആണെന്ന് മുമ്പു നാം കണ്ടുവല്ലോ.

1 Conf. Erick W. Madcaan, The Christian Ceuntury, July, pp. 828—83-.

2 A Message of Mahatma Gandhi to "National Life" Dec. 1931.

ദമ്പതിമാരോരുത്തർക്കും ലഭിക്കുന്ന സുഖം കുററമററതും അനുവദനീയവുമാണെങ്കിലും അതു വിവാഹത്തിൻെറ രണ്ടാംലക്ഷ്യം മാത്രമാണ്. ഈ രണ്ടു കാര്യങ്ങളും നാം ഓർത്തിരിക്കേണ്ടതാണ്.

പരിശുദ്ധപിതാവ് പീയൂസ് 12–ാമൻ പറയുന്നു: "പ്രകൃതിയുടെ ഒരു സ്ഥാപനമായ വിവാഹം ഈശ്വരഹിതമനുസരിച്ച് ദമ്പതിമാരുടെ വ്യക്തിപൂർണ്ണതയ്ക്കല്ല പ്രഥമത: നിയോഗിക്കപ്പെട്ടിരിക്കുന്നതു് പ്രത്യുത സന്താനോൽപാദനത്തിനും സംസ്കരണത്തിനുമാണ്. വിവാഹത്തിൻെറ മററു ലക്ഷ്യങ്ങൾ സ്വാഭാവികമാണെങ്കിലും പ്രാഥമികലക്ഷ്യംപോലെ പ്രധാനമല്ല. അവയ്ക്കു് ഒരിക്കലും മുൻഗണന കൊടുത്തുകൂടാ." (ഇററാലിയൻ കത്തോലിക്കമിഡ്‌വൈഫ്മാരോടു ചെയ്ത പ്രഭാഷണത്തിൽനിന്നു്)

ദാമ്പത്യവൃത്തി പ്രകൃത്യാതന്നെ ഉൽപാദനാത്മകമാണ്. പല കാരണങ്ങളാലും ചിലപ്പോൾ അതു് ജീവോൽപ്പത്തിയിൽ പരാജയപ്പെടാം. എങ്കിലും അതു് നിർമ്മാണാത്മകമാണ്. പുംസ്ത്രീഘടകങ്ങൾ ഒരു പുതുജീവനിൽ ഒന്നിച്ചുചേന്നു് ഒരു മനുഷ്യവ്യക്തിയെ രൂപീകരിക്കുവാൻ പ്രകൃതിതന്നെ ആ പ്രവൃത്തിയെ നിയന്ത്രിക്കുന്നു. ആകയാൽ ദാമ്പത്യവൃത്തിയുടെ സജീവഘടകമാണ് ഈ നിർമ്മാണാത്മകത്വം. കൃത്രിമനിയന്ത്രണവാദികൾ ഈ തത്വം നിഷേധിക്കുന്നു. "ജനനം തടയുക, എന്നാൽ ആവോളം ജഡികാനന്ദം അനുഭവിക്കുക"യെന്നതാണ് കൃത്രിമനിയന്ത്രണവാദികളുടെ സകല തന്ത്രങ്ങളുടെയും ഉദ്ദേശ്യം. പ്രകൃതിയുടെ ഉദ്ദേശ്യം കൃത്രിമമായി തകക്കുന്നതു പ്രകൃതിനാഥനെതിരായ കൃത്യമാണ്, അഥവാ പാപമാണ്. സന്താനോൽപാദനത്തിനുള്ള സ്വാഭാവികമാഗ്ഗത്തിനു തടസ്സമുണ്ടാക്കുന്നതുകൊണ്ടാണ് കൃത്രിമനിയന്ത്രണം പാപമായിത്തീരുന്നതു്.

**74. സുരക്ഷിതകാലം:** (Safe period) ചില കത്തോലിക്കരടക്കം പലരും വാദിക്കാറുണ്ടു്. കൃത്രിമമായാലും സുരക്ഷിതകാലമുപയോഗിച്ചായാലും നിയന്ത്രണം ഒന്നുതന്നെയല്ലേ, പിന്നെന്തുകൊണ്ടു് സെയഫ്പീരിസ്നിയന്ത്രണം സഭ അനുവദിക്കുന്നുവെന്നു്? വളരെയേറെ കാതലായ (Essential) വ്യത്യാസങ്ങളാണ് ഇവതമ്മിലുള്ളതു്. സന്താനോൽപാദനത്തിനു് പ്രകൃത്യാ നിയോഗിക്കപ്പെട്ട പ്രവൃത്തികളെ അടിസ്ഥാനമാക്കിയുള്ള ഒരുടമ്പടിയാണല്ലോ വിവാഹം. എന്നാൽ കൃത്രിമോപാധികൾ ഈ പ്രവൃത്തിയെ അതിൻെറ ലക്ഷ്യം

നേടാൻ കഴിയാത്തതാക്കി മാററിക്കൊണ്ടു് പ്രകൃതിയെത്തന്നെ എതിർക്കുന്നു. എന്നാൽ സുരക്ഷിതകാലവൃത്തികൾ തികച്ചും പ്രകൃത്യനുസൃതവും ഉൽപാദനത്തിനു പര്യാപ്തവുമാണു്. അപ്പോൾ ഉൽപാദനം നടക്കുന്നില്ലായെങ്കിൽ പ്രകൃതിതന്നെയാണു് അതിനുത്തരവാദി. പ്രകൃതിയുടെ പ്രവർത്തനത്തെ നാമിവിടെ ബോധപൂർവ്വം ഒരിക്കലും തടയുന്നില്ല.

സുരക്ഷിതകാലനിയന്ത്രണത്തിനെതിരെ ഇനിയും എതിർപ്പുകളുണ്ടു്. ഉൽപാദനം തടയണമെന്നാണു് രണ്ടിൻെറയും ലക്ഷ്യം; അതിനാൽ രണ്ടും ഒരുപോലെ കുററകരമല്ലേ? എന്നാൽ നാം സുരക്ഷിതകാലത്തു യാതൊരു കൃത്രിമമാർഗ്ഗങ്ങളും പ്രകൃതിവിരുദ്ധമായി പ്രയോഗിച്ചല്ല ജനനം തടന്നതു്. (ജനനം സംഭവിക്കാൻ സാദ്ധ്യതയുമുണ്ടു്) ഇനി ജനനം നടക്കുന്നില്ലെങ്കിൽ അതുതന്നെ ഒരു പ്രാകൃതിക സംരക്ഷണമാണു്. അതിനാൽ ഇവിടെ പ്രകൃതിവിരുദ്ധമാർഗ്ഗത്തിലൂടെയല്ല പ്രത്യുത പ്രകൃതിയുടെ ഒരു പ്രത്യേകാവസ്ഥയെ പ്രാകൃതികമായിത്തന്നെ ഉപയോഗിച്ചാണു് ജനനനിയന്ത്രണം നടത്തുന്നതു്. ഈ സുരക്ഷിതകാലംതന്നെ മററവസരങ്ങളിൽ വിരക്തി ആവശ്യപ്പെടുന്നുമുണ്ടു്. ഇവ തമ്മിലുള്ള പരമവ്യത്യാസം ഇതിലാണു് അടങ്ങിയിരിക്കുന്നതു്:- കൃത്രിമജനനനിയന്ത്രണത്തിലേ നിരുൽപാദനലക്ഷ്യം പ്രകൃതിവരുദ്ധമാണു; സുരക്ഷിതകാലത്തേതോ പ്രകൃത്യാനുസരണവും പ്രകൃതിദത്തവും. വിവാഹാനുഭവം ഏതു കാലത്തിലും നടത്തുവാൻ ദമ്പതികൾക്കു ന്യായമായ അവകാശവും സ്വാതന്ത്ര്യവും ഉണ്ടു്. ആകയാൽ സുരക്ഷിതകാലത്തും അതിൻെറ ഉപയോഗം അനുവദനീയമത്രെ. എന്നാൽ ഏതു കാലത്തായാലും, വർഷത്തിലേ ഏതൊരു ദിവസംതന്നെയായാലും കൃത്രിമോപാധികളുടെ ഉപയോഗം അസാധ്യവും അതിനിന്ദ്യവുമാണു്. *

---

* Sutherland Halliday, Laws of Life, Sheed & Ward, 1938, pp. 48—70

## ഗ്രന്ഥസൂചി.

A Nevet, Too may of us?. The Indian Population Problem, pp 94-110.
Social Action, Sepfember, 1951, Poona, Indian Institute of Social Order.
Sutherland Halliday, Control of Life, pp. 57—68.
The Case against Birth Control, The CunturyCo., London, 1931.
India 1957, Reference Annual Government Publications.

# 4.

# വിദ്യാഭ്യാസം

**75.** കുടുംബത്തിൻെറ പ്രകൃതിയും മാതാപിതാക്കളുടെ അവകാശധർമ്മങ്ങളും മുൻ ഖണ്ഡികകളിൽ നാം കണ്ടുകഴിഞ്ഞു. അടുത്തതായി അവയുമായി ഏററമധികം ബന്ധപ്പെട്ട—സന്താനങ്ങളെ ജനനംമുതല്ലേ ബാധിക്കുന്ന—വിദ്യാഭ്യാസപ്രശ്നത്തെപ്പററി പ്രതിപാദിക്കാം. "മാതാപിതാക്കൾക്കാണോ രാഷ്ട്രത്തിനാണോ സ്വാഭാവികമായി മക്കളുടെ വിദ്യാഭ്യാസാവകാശമെന്നതാണ്" നമ്മുടെ പ്രധാന ചിന്താവിഷയം. ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള സ്വാഭാവികബന്ധവും രാഷ്ട്രവും കുടുംബങ്ങളും തമ്മിലുള്ള സാമൂഹ്യബന്ധവും നാം പരിഗണിക്കേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ അതിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസംതന്നെ എന്താണെന്നു നോക്കാം.

**76. വിദ്യാഭ്യാസമെന്താണ്?** അതു വെറും സ്കൂളിൽ പോകലല്ല; വിദ്യാർത്ഥികളിലെ വിലീനശക്തികളുടെയും കഴിവുകളുടെയും വികാസമാണതു്, — അവരുടെ കായിക-മാനസിക വികസനം. ആകയാൽ അവൻെറ കായികവും മാനസികവും സാന്മാർഗ്ഗികവുമായ വിദ്യാഭ്യാസത്തെ അതർത്ഥമാക്കുന്നുമുണ്ടു്.

1) ക്രമാനുസാരം ശാരീരികാരോഗ്യം സംരക്ഷിക്കുന്നതും വികസിപ്പിക്കുന്നതുമാണ് **കയികവിദ്യാഭ്യാസം.**
2) സത്യസന്ധനും സംസ്കാരചിത്തനുമാകുവാൻവേണ്ട തത്വങ്ങളേയും സത്യങ്ങളേയുംപററി അറിവുനല്കുന്നതാണു **മാനസികവിദ്യാഭ്യാസം.** ജീവിതം സുഖകരമാക്കുന്നതിനും മാനസികശക്തികൾ നന്നായി വളരുന്നതിനുമെങ്കിലും ആവശ്യമായ വിജ്ഞാനം വിദ്യാർത്ഥികൾക്കു ലഭിക്കേണ്ടതാണ്.
3) ദൈവത്തോടും സഹജീവികളോടും സമുദായത്തോടും തന്നോടുതന്നെയുമുള്ള കടമകൾ നിർവ്വഹിച്ച് നിത്യരക്ഷ നേടുവാൻവേണ്ട ശക്തി വിദ്യാർത്ഥികളുടെ മനസ്സിനും ഹൃദയത്തിനു നല്കുകയാണ് **സാന്മാർഗ്ഗികവിദ്യാഭ്യാസ**ത്തിൻെറ ലക്ഷ്യം.

ഏതൊരു വിദ്യാഭ്യാസരീതിയും മാനവാന്ത്യത്തെ ശ്രദ്ധാപൂർവ്വം ലക്ഷ്യമാക്കണം; ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിദ്യാർത്ഥികളുടെ ധാർമ്മികശക്തികളെ പരിപോഷിപ്പിക്കുകയുംവേണം. വിദ്യാഭ്യാസം ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗംമാത്രമാണെന്നു നാം മനസ്സിലാക്കണം. ആകയാൽ അതിൻെറ ലക്ഷ്യം എപ്പോഴും വിശദമായിരിക്കണം. എവിടെ ലക്ഷ്യം അവ്യക്തവും അപൂർണ്ണവുമായിരിക്കുന്നുവോ അവിടെയെല്ലാം വിദ്യാഭ്യാസം വഴിപിഴച്ചുപോകുന്നതു കാണാം. ഈ വസ്തുതകളെല്ലാം മുൻനിറുത്തിക്കൊണ്ട് "കാത്തലിക് എൻസൈക്ലോപേഡിയാ" വിദ്യാഭ്യാസത്തിനു് താഴെ ചേർക്കുന്ന നിർവ്വചനം നൽകിയിരിക്കുന്നു. "ഈലോകജീവിതത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനു് കുട്ടിയെ പ്രാപ്തനാക്കുവാനും, പരമാന്ത്യം പ്രാപിക്കുന്നതിനു് അവനെ ഒരുക്കുവാനുംവേണ്ടി അവൻെറ അവികസിതമായ കായികവും മാനസികവും ധാർമ്മികവുമായ ശക്തികളെ, സുശിക്ഷിതനേതൃത്വത്തിൽ, വിദഗ്ദ്ധോപാധികൾവഴി വളർത്തിയുയർത്തുന്ന ഒരു സാമൂഹ്യപ്രവർത്തനമാണ് വിദ്യാഭ്യാസം." ഈ ആശയംതന്നെ പതിനൊന്നാം പീയൂസിൻെറ "ദിവിനി ഇല്ലിയസ്സ്" എന്ന വിശ്വലേഖനത്തിലും ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതു കാണുക:— "ഏതൊരു ലക്ഷ്യപ്രാപ്തിക്കായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതു നേടുവാൻ, അവൻ എന്തുചെയ്യണമെന്നും എന്തായിരിക്കണമെന്നും പഠിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിൻെറ മുഖ്യലക്ഷ്യം,........മനുഷ്യനു തൻെറ അന്ത്യം പ്രാപിക്കുവാൻ സഹായകമായിരിക്കണം വിദ്യാഭ്യാസം. സത്യവും മാർഗ്ഗവും ജീവനുമായ തൻെറ ഏകജാതൻവഴി ദൈവംതന്നെ തന്നെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ക്രിസ്തീയവിദ്യാഭ്യാസമല്ലാതെ മററൊന്നും ആദർശാനുസാരം പരിപൂർണ്ണവിദ്യാഭ്യാസമാകയില്ല.

**77. മാതാപിതാക്കളും മക്കളുടെ വിദ്യാഭ്യാസവും:** മാതാപിതാക്കളുടെ വികാസമാണു മക്കൾ; ഉൽപാദനം വഴി അവരുടെ "മാംസത്തിൻെറ മാംസവും മജ്ജയുടെ മജ്ജയുമാണ്" മക്കൾ. സർവ്വ സൃഷ്ടികളും ദൈവത്തിൻേറതാകയാൽ, ദൈവത്തോടൊന്നിച്ച് സന്താനോൽപാദനത്തിൽ സഹകരിക്കുന്ന മാതാപിതാക്കൾക്കും ദൈവാധീനതയിൽ മക്കളുടെമേൽ അധീശത്വമുണ്ട്. ഉടമയില്ലുള്ള ഏതൊരു വസ്തുവിൻെറയും സംരക്ഷണമെന്നപോലെ മക്കളുടെസംരക്ഷണവുംഅവർ ആരുടെയാകുന്നുവോ,അവർക്കുള്ള അവകാശമാണ്. ആകയാൽ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം പ്രഥമതഃ

അധിഷ്ഠിതമായിരിക്കുന്നതു പൈതൃകതചത്തിലും ഉൽപാദനത്തിലുമാണെന്നു കാണാവുന്നതാണ്. ആകയാൽ മക്കളെ തീററിവളർത്താൻ മാതാപിതാക്കന്മാർ കടപ്പെട്ടിരിക്കുന്നതുപോലെ അവക്കു വിദ്യാഭ്യാസം നൽകാനുള്ള സചാഭാവികാവകാശവും ചുമതലയും അവക്കുള്ളതാണ്. പ്രകൃതിദത്തവും പൈതൃകവുമായ ഈ അവകാശത്തിൽ രാഷ്ട്രത്തിനാകട്ടെ മററു വ്യക്തികറംക്കാകട്ടെ, സാമുദായികഘടകങ്ങറംക്കാകട്ടെ, കൈവെക്കാൻ പാടുള്ളതല്ല. മതാപിതാക്കന്മാർ തങ്ങളുടെ ചുമതല നിവ്വഹിക്കാതിരിക്കുമ്പോറം മാത്രം രാഷ്ട്രത്തിനിടപെടാവുന്നതാണ്.

എന്നാൽ, കുട്ടികറംക്കു നല്കേണ്ട വിദ്യാഭ്യാസം ഏതുതരത്തിലുള്ളതായിരിക്കണമെന്നു നിർണ്ണയിക്കേണ്ടതു് ആരാണ് എന്ന പ്രശ്നം പലപ്പോഴും ഉന്നയിച്ചുകാണുന്നുണ്ട്. ചിലർ പറയും "രാഷ്ട്ര"മെന്നു്. ശരിയാണ് ഓരോ കുട്ടിയും രാഷ്ട്രത്തിന്റെ ഭാവിപൗരൻ കൂടിയാണ്; എന്നാൽ രാഷ്ട്രത്തിന്റെ അംഗമാകുംമുമ്പുതന്നെ അവൻ കുടുംബത്തിന്റെ അംഗമാണ്. കുടുംബത്തിന്റെ ഉല്പത്തിയും സചഭാവവും പരിഗണിക്കുകയാണെങ്കിലും രാഷ്ട്രത്തിനല്ല, കുടുംബത്തിനാണ് മുൻഗണന നല്കേണ്ടതു്. രാഷ്ട്രമല്ല കുടുംബമാണ് മക്കറംക്കു് അസ്തിതചമരുളിയതു്. അതിനാൽ കുടുംബത്തിനു് അഥവാ മാതാപിതാക്കറംക്കാണ് അവരെ വിദ്യ അഭ്യസിപ്പിക്കാനുള്ള കടമയും അവകാശവും. പ്രസ്തുത അവകാശം രാഷ്ട്രത്തിന്റേതിനു് അതീതമാണ്; രാഷ്ട്രത്തെ ആശ്രയിച്ചിരിക്കുന്നല്ല; രാഷ്ട്രത്തിനും മുമ്പുള്ളതാണ്. വാസ്തവത്തിൽ രാഷ്ട്രങ്ങറം സംഘടിപ്പിക്കുവാൻ മനുഷ്യൻ ഉദ്ദേശിക്കുന്നതിനു മുമ്പുതന്നെ കുട്ടികളും മാതാപിതാക്കന്മാരും ഉണ്ടായിരുന്നതാണ്. വ്യക്തികറംക്കും കുടുംബങ്ങറംക്കും ഒററയ്ക്കു നേടാൻ പാടില്ലാത്തതു് അഥവാ സമ്പൂർണ്ണമായി സമ്പാദിക്കാൻ കഴിയാത്തതു നേടുന്നതിനു് അവരെ സഹായിക്കുക മാത്രമാണ് രാഷ്ട്രധർമ്മം. ആകയാൽ കുടുംബങ്ങറംക്കോ വ്യക്തികറംക്കോ ഈ പ്രാഥമികധർമ്മം നിവ്വഹിക്കുവാൻ കഴിയാതെവരുമ്പോറം അവരെ സഹായിക്കുകയോ, എത്രകണ്ടു് അവശ്യമാണോ അത്രകണ്ടു മാത്രം മാതാപിതാക്കന്മാരുടെ സ്ഥാനംതന്നെ രാഷ്ട്രം ഏറെറടുക്കുകയോ ചെയ്യണം. എന്നാൽ മാതാപിതാക്കളുടെ അവകാശാധികാരങ്ങറം ഒരു രാഷ്ട്രവും ദുരുപയോഗിക്കരുതു്.

കൃത്യമായി പറഞ്ഞാൽ ഒരു കുട്ടി രാഷ്ട്രത്തിലെ പൗരനാകുന്നതു നേരിട്ടല്ല, അവൻ ജനിച്ച കുടുംബത്തിലെ ഒരംഗമെന്ന നില

ണ്ടാണ്. അതുകൊണ്ടാണ് "കുട്ടി മാതാപിതാക്കൾക്കു വിധേയനാവുന്നതും പ്രായപൂർത്തി നേടുവോളം അവരുടെ അധികാരസംരക്ഷണയിൽ കഴിയുന്നതും." [1] ലെയോ പതിമൂന്നാമൻപോപ്പ് പറയുന്നു: "മാതാപിതാക്കളെ തള്ളിനീക്കി, രാഷ്ട്രസംരക്ഷണയെ പകരം ഉപയോഗിക്കുന്ന സോഷ്യലിസ്റ്ററുകാർ, മൗലികനീതിയെ ലംഘിക്കുകയും, കുടുംബാസ്തിത്വത്തെതന്നെ ചോദ്യംചെയ്യുകയും ചെയ്യുന്നു." (Rerum Novarum)

വിദ്യാഭ്യാസത്തിൽ മതാപിതാക്കൾക്കുള്ള അവകാശത്തെപ്പററി കാനൻ നിയമംനല്കുന്ന നിർദ്ദേശമിതാണ്: "കഴിവനുസരിച്ച് മക്കൾക്കു മതപരവും ധാർമ്മികവും കായികവും രാഷ്ട്രീയവുമായ വിദ്യാഭ്യാസം നല്കുവാനും അവരുടെ ലൗകികസുസ്ഥിതി നേടിക്കൊടുക്കുവാനും മാതാപിതാക്കൾക്കു ഗൗരവതരമായ കടമയുണ്ട്." [2]

"ദിവിനി ഇല്ലിയ്യൂസ്" എന്ന വിശ്വലേഖനത്തിൽ പതിനൊന്നാം പീയൂസും ഇതേപ്പററി പ്രതിപാദിച്ചിട്ടുണ്ട്. പ്രസക്തഭാഗം താഴെ ഉദ്ധരിക്കാം: "കുടുംബങ്ങൾക്ക് ഈ അവകാശം ദൈവത്തിൽനിന്നു നേരിട്ടു ലഭിക്കുന്നു. ആകയാൽ, മക്കളെ വിദ്യ അഭ്യസിപ്പിക്കുക എന്ന ഈ കർശനമായ കടമയുടെ അവകാശം അലംഘനീയമത്രെ. ഏതൊരു സാമൂഹ്യഘടനയ്ക്കും രാഷ്ട്രത്തിനുതന്നെയും ഇല്ലാത്ത മുൻഗണന ഇക്കാര്യത്തിൽ കുടുംബങ്ങൾക്കുള്ളതിനാൽ ലോകത്തിലെ യാതൊരു ശക്തിക്കും ഈ അവകാശം ലംഘിച്ചുകൂടാ." ഇത്രയും പറഞ്ഞതിൽനിന്നും മാതാപിതാക്കൾതന്നെ നേരിട്ടു മക്കൾക്കു വിദ്യാഭ്യാസം നല്കണമെന്ന് അർത്ഥമാക്കരുത്. അവർക്കതു നേരിട്ടോ വിദഗ്ദ്ധരായ മററു വ്യക്തികളെ പകരം ഏർപ്പെടുത്തിയോ നിർവ്വഹിക്കാവുന്നതാണ്.

കുട്ടികളുടെ ഏററം സ്വാഭാവികവും പ്രധാനവുമായ പ്രഥമ വിദ്യാലയം കുടുംബംതന്നെയാണ്; വിശിഷ്യ, ഇളംപ്രായത്തിൽ. ശിശുകേന്ദ്രങ്ങളേക്കാളും സ്വകാര്യവിദ്യാലയങ്ങളേക്കാളും കുടുംബങ്ങൾതന്നെയാണ് ഇക്കാര്യത്തിനുത്തമം. എന്നാൽ, വളർന്നുവരുന്തോറും അവർക്കു ക്രമീകൃത സ്കൂൾജീവിതംതന്നെ ആവശ്യമായിവരുന്നു. അപ്പോൾ അവരെ എവിടെ, എങ്ങിനെ വിദ്യ അഭ്യസിപ്പിക്കണ

---

1 St. Thomas, Summa, II-II, q. 10-2, 12.

2 Canon Law, c. 1113.

മെന്നു തീരുമാനിക്കേണ്ടതും മാതാപിതാക്കളത്രെ. ഈ അവകാശം പരമവും (Absolute) ദൈവനിയമത്തിനുമാത്രം വിധേയവുമാണ്. മററൊരു നിയമവും ഇക്കാര്യത്തിൽ അവർ പരിഗണിക്കേണ്ടതില്ല. ആകയാൽ അദ്ധ്യാപകന്മാരേയും വിദ്യാലയങ്ങളേയും തെരഞ്ഞെടുക്കുവാൻ മാതാപിതാക്കാംക്കു് എപ്പോഴും സ്വാതന്ത്ര്യമുണ്ടായിരിക്കണം.[1]

## 78. രാഷ്ട്രവും കുടുംബവും വിദ്യാഭ്യാസത്തിൽ:

കുടുംബത്തെ ഒരു സ്വാഭാവികസംഘടനയായി അംഗീകരിക്കാതെയും അതിൻെറ മൗലികാവകാശങ്ങളെ മാനിക്കാതെയുമിരിക്കുവാനുള്ള അപകടകരമായ ഒരു പ്രവണത ഇന്നു സർവ്വത്ര ദൃശ്യമാണ്. ആകയാൽ രാഷ്ട്രാധികാരം വിദ്യാഭ്യാസകാര്യത്തിലേക്കും വ്യാപിപ്പിക്കുവാനും അതിനുള്ള മാതാപിതാക്കളുടെ മൗലികാവകാശത്തിൽ കൈവെക്കുവാനും ഇന്നു ചിലർ മടിക്കുന്നില്ല. സർവ്വാധിപത്യവും സ്വേച്ഛാധിപത്യവും പ്ലേറേറായുടെ കാലംമുതല്ക്കേ പഠിപ്പിച്ചുപോരുന്ന രണ്ടു സിദ്ധാന്തങ്ങളാണ്. ആധുനികകാലത്തു് "ഹെഗ്ഗൽ" ഈ ആശയഗതിയെ പുനരുജ്ജീവിപ്പിക്കുകയും രാഷ്ട്രാധികാരത്തിനു വ്യക്തികളും കുടുംബങ്ങളും പരിപൂർണ്ണവിധേയരാകണമെന്നു് ശഠിക്കുകയുംചെയ്തു. തന്മൂലം വിദ്യാഭ്യാസവും രാഷ്ട്രത്തിൻെറ കുത്തകയാവണമെന്നു് അയാാം വാദിച്ചു. സോഷ്യലിസ്ററുകളും ഫാസിസ്ററുകളും നാസികളും ഇതുതന്നെ പഠിപ്പിക്കുന്നു. ദൈവാസ്തിക്യം നിഷേധിക്കുന്ന ഏതൊരു തത്വശാസ്ത്രത്തിൻേറയും ഒരവശ്യഫലമാണ് ഈ പ്രവണതയെന്നു് തോന്നിപ്പോകുന്നു. കാരണം "രാഷ്ട്രാതീതമായ ഒരു പരാശക്തിയെ ദർശിക്കുവാൻ കഴിയാത്തവർക്കു രാഷ്ട്രംതന്നെയാണ് ദൈവം; അതുപോലെതന്നെ സാമൂഹ്യാഭിലാഷപൂർത്തിക്കു വ്യക്തിസ്വാതന്ത്ര്യം ബലികഴിക്കുക മതാത്മകമായ ഒരാവശ്യംപോലെയുമാണവർക്കു്."[2]

ഇനിയും, ലിബറൽ ഗവണ്മെൻറുകാം, റൂസ്സോയുടെയും ഹോബ്സിൻെറയും തത്വങ്ങളെ പിന്തുടൻകൊണ്ടു് വിദ്യാഭ്യാസം സാമൂഹ്യപ്രവർത്തനമാണെന്നും ആകയാൽ രാഷ്ട്രാധീനമായിരിക്കണമെന്നും ശഠിക്കുന്നു. കുട്ടി, രാഷ്ട്രത്തിൻെറ പൗരനാണെന്നും അവനു

1 Conf. A History of Education in India by Syed Nurullah & Naik, 1951.

2 Conf. Rev. R. E. Thomas "Divine Order in Human Society," p. 128,

പൗരത്വപരിശീലനം നല്കേണ്ടതു രാഷ്ട്രധർമ്മമാണെന്നുമാണ് അവരുടെ വാദം. വിദ്യാഭ്യാസത്തിന് രാഷ്ട്രത്തിന്റെ സാമ്പത്തികോന്നമനത്തിൽ മർമ്മപ്രാധാന്യതയുണ്ടെന്നും ആകയാൽ അതിന്റെ ഉത്തരവാദിത്വം രാഷ്ട്രം ഏറെറടുക്കണമെന്നുംകൂടി അവർ വാദിക്കും.

വിദ്യാഭ്യാസവ്യാപ്തീകരണവും അതിന്റെ ഫലോദയവും കൂട്ടിക്കുഴയ്ക്കുകയാണ്, ജനാധിപത്യമുദ്രാവാക്യങ്ങളുടെ മറവിൽ ആധുനികലോകം ചെയ്യുന്നതു്. മോൺ: ഫുംട്ടൻഷീൻ പറയുന്നതുപോലെ "തല്ലിനീട്ടി കനംകുറച്ച് അതിന്റെ ആഴത്തെ ബലികഴിക്കുകയാണവർ." വാസ്തവത്തിൽ ആധുനികലോകത്തിനു നേരിടേണ്ട ഏക പ്രശ്നമിതാണ്: "നീ ആരുടേതാകുന്നു?" ഇതിന്റെ പൂർണ്ണമായ ഉത്തരം കത്തോലിക്കവിദ്യാഭ്യാസത്തിനേ നല്കുവാൻകഴിയൂ. മോൺ. ഷീൻ തുടർന്നുപറയുന്നു: "മനസ്സാക്ഷിയെ നിങ്ങൾ നിഷേധിക്കൂ; പിന്നെ ഭൂരിപക്ഷം പ്രവർത്തിക്കുന്നതായിരിക്കും ശരി. മതം പഠിപ്പിക്കുന്ന ദിവ്യസത്യങ്ങൾ മാററാനോ മറിക്കാനോ പാടില്ലെന്നുള്ള വസ്തുത നിഷേധിക്കുക; പിന്നെ നന്മതിന്മയെ വിവേചിക്കുവാനുള്ള ഏക മാനദണ്ഡമായി അധികാരത്തെ സിംഹാസനത്തിൽ കയററുകയായിരിക്കും നിങ്ങൾ ചെയ്യുക. നിയമത്തിൻകീഴിൽ നിലകൊള്ളുന്ന സ്വാതന്ത്ര്യശിക്ഷണത്തെ അവഗണിക്കുക; നിയമരഹിതമായ സ്വാതന്ത്ര്യത്തെ, അതായതു് അരാജകത്വത്തെ നിങ്ങൾ മുടിചൂടിക്കുകയാവും ഫലം. സ്വാതന്ത്ര്യത്തിനു സ്ഥാനമില്ലാത്ത നിയമം അഥവാ സേച്ഛാധിപത്യം തേർവാഴ്ച ആരംഭിക്കുകയുംചെയ്യും. വഷളായ ഇച്ഛാശക്തിയിൽനിന്നും കിളിർത്തുപൊന്തുന്നവയാണു തിന്മകൾ എന്ന തത്വം അവഗണിക്കുക; ഇച്ഛാശക്തിയെ അവഗണിച്ചു ബുദ്ധിശക്തിയെമാത്രം വികസിപ്പിക്കുകയായിരിക്കും ഫലം. ദുരാശകളെ താലോലിച്ചുകൊണ്ടിരിക്കും അപ്പോൾ ബുദ്ധിശക്തി. ജന്മപാപപ്രത്യാഘാതങ്ങളുടെ ന്യൂനീകരണാനുപാതമനുസരിച്ചാണ് മനുഷ്യോന്നമനം സാധ്യമാവുക എന്നു തത്വം നിങ്ങൾ ഉപേക്ഷിക്കുക; യുദ്ധത്തിലും രക്തച്ചൊരിച്ചിലിലും മററു സംഘട്ടനങ്ങളിലും അവസാനിക്കുന്ന അന്ധമായ ഒരു പുരോഗമനമഹം എവിടെയും കളിയാടും ഉടനെ. മനുഷ്യൻ ആനന്ദത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന മതതത്വം അവഗണിച്ചു പണസമ്പാദനമാണു മാനവലക്ഷ്യമെന്നു് ഉൽഘോഷിക്കുക; ലാഭക്കൊതിയന്മാരുടെ ഒരു സമുദായം ഉടനടി ഉയിർക്കൊള്ളുന്നതു കാണാം. (Conf. Philosophies at War, page 101).

ഇത്തരുണത്തിൽ വിദ്യാഭ്യാസപരമായി രാഷ്ട്രത്തിൻെറ നില പാടെന്തായിരിക്കണമെന്നതു് കൃത്യമായറിയുന്നതു് സമുചിതമാണു്. ഇക്കാര്യത്തിൽ രാഷ്ട്രത്തിനും ചില പങ്കെല്ലാമുണ്ടെന്നതു് നമുക്കു നിഷേധിച്ചുകൂടാ. എന്നാൽ അതിൻെറ അധികാരാവകാശങ്ങൾ പ്രാഥമികങ്ങളല്ല; ദ്വിതീയങ്ങളാണു്. സത്താപരങ്ങളല്ല, സംപൂരകങ്ങളാണു്. വാസ്തവത്തിൽ കുടുംബം ഒരു സ്വയംസമ്പൂർണ്ണസമുദായമല്ല. അതിൻെറ വികാസത്തിനു വേണ്ടതെല്ലാം അതിൽതന്നെ ലഭിക്കുക സാധ്യമല്ല. ആകയാൽ കുടുംബത്തിൻെറ ഈ കുറവു് നികത്തേണ്ടതു് കുടുംബങ്ങളുടെയും വ്യക്തികളുടെയും പൊതുക്ഷേമം വളർത്തുവാൻ നിയുക്തമായിരിക്കുന്ന രാഷ്ട്രമാണു്. അതായതു് തങ്ങളുടെ മക്കൾക്കു വിദ്യാഭ്യാസം നല്കുവാൻ മാതാപിതാക്കന്മാർക്കു കഴിവില്ലാതെവരികയാണെങ്കിൽ ഈ കഴിവുകേടു പരിഹരിച്ചു് അവരുടെ ശ്രമങ്ങളെ വിജയിപ്പിക്കേണ്ടതു് രാഷ്ട്രത്തിൻെറ ധർമ്മമാണു്. ഇതേ പ്രശ്നത്തെപ്പററി "ദിവിനി ഇല്ലിയൂസ്" എന്ന വിശ്വലേഖനത്തിൽ നാം വായിക്കുന്നു: "കുടുംബങ്ങളോടു രാഷ്ട്രത്തിനുള്ള കടമ രണ്ടുതരമാണു്, സംരക്ഷണവും സമ്പുഷ്ടിപ്പെടുത്തലും. എന്നാൽ വ്യക്തികളെയോ കുടുംബങ്ങളെയോ ഇല്ലാതാക്കാനോ തൽസ്ഥാനത്തു രാഷ്ട്രത്തെത്തന്നെ പ്രതിഷ്ഠിക്കാനോ ഒരിക്കലും പാടില്ല. ആകയാൽ സന്താനങ്ങളുടെ ക്രിസ്ത്യൻവിദ്യാഭ്യാസത്തിനു കുടുംബങ്ങൾക്കു സ്വാഭാവികമായി ലഭിച്ചിരിക്കുന്ന പ്രാഥമികാവകാശങ്ങളെ നിയമനിർമ്മാണത്തിൽ സംരക്ഷിക്കേണ്ടതു് ഏതൊരു രാഷ്ട്രത്തിൻേറയും അവകാശമാണു്; കൃത്യമായിപ്പറഞ്ഞാൽ കടമതന്നെയാണു്. ഇക്കാര്യത്തിൽ സഭയ്ക്കുള്ള പ്രകൃത്യാതീതമായ അവകാശങ്ങളേയും രാഷ്ട്രം മാനിക്കുകതന്നെ വേണം. *

വിദ്യാഭ്യാസരംഗത്തു രാഷ്ട്രം ഇടപെടുന്നതിനെ സാധൂകരിക്കാവുന്ന ചില അവസരങ്ങൾ താഴെ ചേർക്കുന്നു:—

1) സാഹചര്യങ്ങളുടെ പ്രാതികൂല്യംനിമിത്തം മക്കൾക്കു വിദ്യാഭ്യാസം നല്കുവാൻ മാതാപിതാക്കന്മാർക്കു സാധിക്കാതെവരുമ്പോൾ, ഗവണ്മെൻറു സ്കൂളുകൾക്കു് കുടുംബങ്ങളുടെ സഹായത്തിനെത്താവുന്നതാണു്.

2. ഏതൊരുതരം അന്യായമായ ഇടപെടലിൽനിന്നും, വിദ്യാഭ്യാസകാര്യത്തിൽ കുടുംബത്തിനും സന്താനങ്ങൾക്കുമുള്ള പ്രാഥമികാവകാശം സംരക്ഷിക്കുവാൻ രാഷ്ട്രം സഹായിക്കണം.

---

* Divini Illius, p. 45.

3. പൊതുനന്മയ്ക്കാവശ്യമായ രാഷ്ട്രീയവിജ്ഞാനവും പൗരത്വപരിശീലനവും വിദ്യാർത്ഥികൾക്ക നല്കുവാൻ പര്യാപ്തമായ പാഠ്യപദ്ധതി തയാറാക്കുവാനും അതു നടപ്പിലാക്കുവാൻ നിർദ്ദേശിക്കുകയും നിഷ്കർഷിക്കുകയും ചെയ്യുവാനും രാഷ്ട്രത്തിനു് അവകാശമുണ്ടു്.

4) വിദ്യാഭ്യാസാഭിവൃദ്ധിയിൽ ശ്രദ്ധിക്കവേ, രാഷ്ട്രം ഒരിക്കലും സഭയുടെയോ കുടുംബങ്ങളുടെയോ ക്രൈസ്തവ വിദ്യാഭ്യാസത്തിനുള്ള അവകാശത്തെ അവഗണിക്കുകയോ അതിൽ കൈകടത്തുകയോ ചെയ്യരുതു്. [1]

2) സ്വകാര്യവിദ്യാലയങ്ങളെ രാഷ്ട്രം ആവുന്നത്ര പ്രോത്സാഹിപ്പിക്കണം. പ്രാഥമിക വിദ്യാഭ്യാസത്തിൽപ്പോലും വളരെ താണ നിലവാരം മാത്രമുള്ള ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ പ്രത്യേകിച്ചും. [2]

**79. ഗവണ്മെൻറു് സ്കൂളുകളും സ്വകാര്യവിദ്യാലയങ്ങളും:** വിദ്യാഭ്യാസകാര്യത്തിൽ രാഷ്ട്രധർമ്മം സ്വകാര്യവിദ്യാലയങ്ങളെ സഹായിക്കുകയാണെന്നു് പറഞ്ഞുവല്ലോ. എന്നാൽ സ്വകാര്യസ്ഥാപനങ്ങൾ ഒന്നുമില്ലെങ്കിൽ പിന്നെ സ്വാഭാവികമായി രാഷ്ട്രംതന്നെ സ്കൂളുകൾ ഏർപ്പെടുത്തേണ്ടതാണു്. എന്നാൽ ഇവിടെ ഒരു സജീവപ്രശ്നമുദിക്കുന്നുണ്ടു്. ഈ ഗവണ്മെൻറു് സ്കൂളുകൾക്കു് സ്വകാര്യവിദ്യാലയങ്ങളേക്കാൾ കൂടുതൽ ധനസഹായം നല്കാമോ? അവയ്ക്കു് മററുള്ളവയ്ക്കില്ലാത്ത ആനുകൂല്യങ്ങളും സൗകര്യങ്ങളും കൊടുക്കുന്നതു വിഹിതമാണോ? ജനതയിൽനിന്നും ഒരുപോലെ ഈടാക്കുന്ന നികുതി ഗ്രാൻറായി നല്കുമ്പോൾ വിതരണനീതി (Distributive justice) ആവശ്യപ്പെടുന്നു, അതു് എല്ലാ സ്കൂളുകൾക്കും, അംഗസംഖ്യയും പ്രാധാന്യവുംനോക്കി തുല്യാനുപാതത്തിൽ വിവേചനമൊന്നും കൂടാതെ നല്കണമെന്നു്. അല്ലാത്തപക്ഷം സ്വകാര്യസ്കൂൾ മാനേജർമാരോടുള്ള കടുത്ത ഒരനീതിയായിരിക്കും അതു്. കാരണം, രക്ഷകർത്താക്കൾ രണ്ടു നികുതി കൊടുക്കുവാൻ നിർബ്ബന്ധിക്കപ്പെടുന്നു വിദ്യാലയത്തിനും ഗവണ്മെൻറിനും. എല്ലാ പൗരന്മാരും

---

1 Conf. A. S. Osgniach, "The Chrisrian State" Part. III, chap. X.

2 ഇന്ത്യയിലെ സാക്ഷരതാശതമാനം ഇന്നും വെറും 17% മാത്രമാണു്–പരിഷ്കൃതരാജ്യങ്ങളിൽ അതു് 95%നത്തിലധികം വരുമ്പോൾ! ഇന്ത്യൻ ജീവിതനിലവാരമുയർത്തുവാനും വിദ്യാഭ്യാസം മാത്രമാണു് ഏകമാർഗ്ഗം.

നികുതികൊടുക്കുന്നതിനാൽ ഗവണ്മെൻറു–പ്രൈവറു വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകൾക്കും തുല്യാനുപാതത്തിൽ സഹായധനവിഹിതം ലഭിക്കുക നീതിമാത്രമാണ്.

എന്നാൽ ഇങ്ങനെ ധനസഹായം നല്കുന്ന സ്കൂളുകൾ പരിശോധിക്കുവാനും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻപോലും രാഷ്ട്രത്തിനു് അധികാരമുണ്ടായിരിക്കും. പൗരത്വപരിശീലനത്തിനും രാഷ്ട്രീയവിജ്ഞാനത്തിനുമാവശ്യമായ പാഠ്യപദ്ധതി നിശ്ചയിക്കുക, കെട്ടിടങ്ങളുടെ പഠനസൗകര്യക്ഷമത അന്വേഷിക്കുക, അധ്യാപകരുടെ പഠനയോഗ്യത നിർണ്ണയിക്കുക, ധനവിനിയോഗരീതി പരിശോധിക്കുക ഇവയെല്ലാം രാഷ്ട്രത്തിനു ചെയ്യാവുന്നതാണ്. എന്നാൽ ന്യായപൂർവ്വകമായ രാഷ്ട്രനിയമങ്ങൾ ഭഞ്ജിക്കാത്തിടത്തോളംകാലം അധ്യാപകനിയമനം തുടങ്ങിയ ആഭ്യന്തരകാര്യങ്ങളിൽ രാഷ്ട്രം ഇടപെടാതിരിക്കയാണു വേണ്ടതു്. *

---

* 1913 ജൂലൈമാസത്തിൽ കേരളഹൈരാർക്കി പുറപ്പെടുവിച്ച ഇടയലേഖനത്തിൽ കത്തോലിക്കാ സ്കൂളുകളും രാഷ്ട്രവും തമ്മിലുണ്ടായിരിക്കേണ്ട ബന്ധം വിവരിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്: "ക്രിസ്ത്യൻ മതതത്വങ്ങൾക്കും ആശയങ്ങൾക്കുമനുസരിച്ച് വിദ്യാലയങ്ങൾ നടത്തുവാനുള്ള സഭയുടെ അവകാശം അനിഷേധ്യവും, രാഷ്ട്രം അംഗീകരിക്കേണ്ടതുമാണ്. കത്തോലിക്കാസ്ഥാപനങ്ങൾ ഈ നാട്ടിൽ ചെയ്തുകൊണ്ടിരിക്കുന്ന മഹനീയസേവനങ്ങളെ അനുസ്മരിച്ചും അതുവഴി സമുദായം നേടുന്ന നന്മയെ കണക്കിലെടുത്തും, ഗവണ്മെൻറുകൾക്കു് ഈ തുറയിൽ അവ നല്കുന്ന വമ്പിച്ച സഹായം പരിഗണിച്ചും ഈ സ്ഥാപനങ്ങളെ ഉദാരമായി ഗവണ്മെൻറു് പൊതുഖജനാവിൽനിന്നും സഹായിക്കേണ്ടതാണ്. കത്തോലിക്കർതന്നെ വൻതോതിൽ നികുതി കൊടുത്തുകൊണ്ടിരിക്കയാണല്ലോ. മാത്രമല്ല, പൊതുനിധിയിൽനിന്നുമുള്ള ഈ വിദ്യാലയസഹായധനം കത്തോലിക്കാ വിദ്യാർത്ഥികളുടെമാത്രം ഉന്നമനത്തിനോ ഉപകാരത്തിനോ അല്ല ഉതകുന്നതു്; അകത്തോലിക്കവിദ്യാർത്ഥികളും അവയിൽനിന്നും മുതലെടുക്കുന്നുണ്ടു്. എന്നാൽ ഈ സഹായധനത്തിൻെറ പേരിൽ ഗവണ്മെൻറു് സ്വകാര്യവിദ്യാലയങ്ങളിൽ അനാവശ്യമായി ഇടപെടുകയോ അങ്ങനെ അവ ചെയ്തുവരുന്ന മഹനീയസേവനങ്ങളെ തകർക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുക ആശാസ്യമല്ല."

## 80. വിദ്യാഭ്യാസം രാഷ്ട്രത്തിൻെറ കുത്തകയോ?

ആധുനിക രാഷ്ട്രീയനേതാക്കളുടെ ഒരു പ്രത്യേക പ്രവണതയാണ് വിദ്യാഭ്യാസത്തെ രാഷ്ട്രസാൽക്കരിക്കുകയെന്നതു്. വെറും ഭൗതിക വിദ്യാഭ്യാസം മാത്രം നല്കുന്ന പൊതുവിദ്യാലയങ്ങൾകൊണ്ടു് തൃപ്തിപ്പെടാതെ ഇവർ, മാതാപിതാക്കളുടെ മൗലികാവകാശങ്ങളെ മറന്നു്, വിദ്യാഭ്യാസം തന്നെ അപ്പടി രാഷ്ട്രത്തിൻെറ കുത്തകയാക്കുവാൻ ശ്രമിക്കുകയാണു്. കേരളം ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിൽ നടന്ന എല്ലാ വിദ്യാഭ്യാസസമരങ്ങളും ഈയൊരു പ്രശ്നത്തെ കുറിച്ചുതന്നെയാണു്. ഒരു രാഷ്ട്രം അവകാശപ്പെടാവുന്ന ഏററം അപകടകരവും അന്യായവുമായ കുത്തക വിദ്യാഭ്യാസത്തിൻേറതാണു്. രാഷ്ട്രീയ-സാമ്പത്തികകുത്തകകൾ നമ്മുടെ ധനത്തെ മാത്രമേ ബാധിക്കൂ. എന്നാൽ വിദ്യാഭ്യാസകുത്തക നമ്മുടെ ആത്മാവിനെത്തന്നെ അപകടപ്പെടുത്തും. വിദ്യാഭ്യാസത്തിൻെറ പ്രത്യേക സ്വാധീനത ശക്തിയേറിയതാണു്. അതു തികച്ചും നമ്മുടെ അന്തരാത്മാവുമായിത്തന്നെ ബന്ധപ്പെട്ടുകിടക്കുന്നു. ആകയാൽ അതിന്മേൽ ചുമത്തുന്ന ഏതൊരു കുത്തകയും മനുഷ്യൻെറ മൗലികാവകാശങ്ങളായ ചിന്താസ്വാതന്ത്ര്യത്തേയും മനസ്സാക്ഷി സ്വാതന്ത്ര്യത്തേയും തകർക്കുക തന്നെ ചെയ്യും.

ഇങ്ങനെ വിദ്യാഭ്യാസരാഷ്ട്രസാൽക്കരണപ്രവണത വളരുന്ന ഇക്കാലത്തും, മാതാപിതാക്കളുടെ ഈ മൗലികാവകാശത്തെ, ഇംഗ്ലണ്ടിലെ നിയമസംഹിതയും, അമേരിക്കൻ സുപ്രീംകോടതിയും അംഗീകരിച്ചു കാണുന്നതു് ആശാവഹവും അഭിനന്ദനീയവുമാണു്. അമേരിക്കൻ കോടതിയുടെതന്നെ ഒരു വിധി നോക്കുക. "നമ്മുടെ യൂണിയനിലെ എല്ലാ ഗവർമ്മെൻറുകളും അടിസ്ഥാനമായി അംഗീകരിക്കുന്ന സ്വാതന്ത്ര്യം, 'വിദ്യാർത്ഥികളെയെല്ലാം ഒററഅച്ചിൽ വാക്കുവാൻ ശ്രമിക്കുന്ന പൊതുവിദ്യാലയങ്ങളിൽ മാത്രമേ അയക്കാവൂ' എന്നു നിർബ്ബന്ധിക്കുവാനുള്ള യാതൊരധികാരവും, യാതൊരു സ്റ്റേററിനും, അനുവദിക്കുന്നില്ല. കുട്ടികൾ രാഷ്ട്രത്തിൻെറ സൃഷ്ടിയല്ല. അവനെ വളർത്തി അവൻെറ ഭാവി ക്രമപ്പെടുത്തിക്കൊടുക്കുന്ന മാതാപിതാക്കൾക്കു് അവൻെറ ഇതരചുമതലകൾക്കായി അവനെ ഒരുക്കുവാനുള്ള കടമയും അവകാശവും കൂടി ഉണ്ടു്."[1]

---

1. Cfr. G. Clune, Christian Social Organisation, Chap. xiv.

സംസ്കാരത്തിൻേറയും പുരോഗതിയുടേയും കാഴ്ചപ്പാടിലൂടെ നോക്കിയാലും ഈ ഗവർമ്മെൻറകുത്തക അനഭിലഷണീയമാണെന്നു കാണാവുന്നതാണ്. വ്യക്തികൾക്കുള്ള നിർമ്മാണശക്തി നശിപ്പിച്ചു ഗവർമ്മെൻറസ്ഥാപനങ്ങൾ ഒരുതരം ശ്മശാനസമാനതയിലൂടെ ഇഴഞ്ഞുനീങ്ങുകയാണിന്നു്. ഒരേ അച്ചിൽ വാർത്ത കുറെ സ്റ്റാൻേറർഡ് പൗരന്മാരെ—വ്യവസായശാലകൾ പാത്രങ്ങൾ വാർത്തിറക്കുന്നതുപോലെ—ഈ ഗവർമ്മെൻറ വിദ്യാലയങ്ങൾ അനുവത്സരം പുറത്തിറക്കുകയാണ്. വിഭിന്നവ്യക്തികൾക്കു വളരാനുള്ള വൈവിധ്യം അവിടെ ലഭിക്കുകയില്ല. ആദ്യകാലങ്ങളിൽ ചില താല്ക്കാലിക നേട്ടങ്ങൾ രാഷ്ട്രത്തിനു് ഇതുകൊണ്ടുണ്ടാവാം. എന്നാൽ ക്രമേണ മനസ്സിലാകും, അതു നവീനാശയങ്ങളെ മുളയിൽത്തന്നെ നുള്ളിക്കളയുമെന്നു്, അഭിവൃദ്ധിയുടെ ആണിവേരായ വ്യക്ത്യന്മുഖതയെ അതു തകർക്കുമെന്നു്; നവീനപരീക്ഷണനിരീക്ഷണങ്ങളെ അതു നിരുത്സാഹപ്പെടുത്തുമെന്നു്; അങ്ങിനെ ജീവിതവൈരുദ്ധ്യങ്ങളുടെ ഏററമുട്ടലിൽനിന്നു് ഉയരുന്ന ഒരു ശ്മശാനൈകരൂപ്യം അതു അവസാനം സൃഷ്ടിക്കുമെന്നു്.

വിദ്യാഭ്യാസ രാഷ്ട്രസാല്ക്കരണത്തിൻെറ ചില ദുരന്തഫലങ്ങൾ കൂടി താഴെ ചേർക്കുന്നു.

1. വിദ്യാദാനസ്വാതന്ത്ര്യത്തിൻെറ തിരോഭാവം.
2. വിദ്യാലയങ്ങളുടെ മേലുള്ള ഗവർമ്മെൻറിൻെറ ഏകാധിപത്യനിയന്ത്രണം.
3. വിദ്യാഭ്യാസരംഗങ്ങളിൽ വ്യക്തികളുടെ സ്വർഗ്ഗശക്തിക്കു വരുന്ന തകർച്ച.
4. സ്ക്കൂളുകൾ രാഷ്ട്രീയരംഗമായി മാറുന്നു.
5. കാര്യക്ഷമത തെല്ലും വർദ്ധിക്കാതെ ചെലവു വർദ്ധിക്കുന്നു.
6. വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥവർദ്ധന.
7. വ്യക്തി, കുടുംബം, രാഷ്ട്രം എന്നിവയെത്തന്നെ അപകടപ്പെടുത്തത്തക്കവിധം ചില ഉദ്യോഗസ്ഥന്മാർ തങ്ങളുടെ വ്യക്തിപരമായ അഭിരുചിയനുസരിച്ചു ഡിപ്പാർട്ടുമെൻറിൽ തേർവാഴ്ച നടത്താനുമിടയാകുന്നു

**81. നിഷ്പക്ഷസ്കൂളുകളും രാഷ്ട്രവും.** (Neutral Schools and the State) മർത്ത്യമായ ശരീരവും അമർത്ത്യമായ ആത്മാവും ചേർന്നതാണല്ലോ മനുഷ്യൻ. ആകയാൽ കായികവിദ്യാഭ്യാസത്തോ

ടൊപ്പം ആത്മീയശിക്ഷണവും അപരിത്യാജ്യമാണ്. അതിനു ശാശ്വതപ്രാധാന്യവുമുണ്ട്. മനുഷ്യൻ അറിഞ്ഞിരിക്കേണ്ട പരമപ്രധാനമായ കാര്യം അവന്റെ പരമാന്ത്യവും അവിടെ എത്താനുള്ള മാർഗ്ഗങ്ങളുമാണ്. ആകയാൽ ദൈവനാമമോ, മതസത്യങ്ങളോ ഉച്ചരിച്ചു കൂടാത്ത "നിഷ്പക്ഷസ്കൂളു"കൾ വാസ്തവത്തിൽ നിരീശ്വരവിദ്യാലയങ്ങൾ തന്നെയാണ്.

ഒരു കത്തോലിക്ക രാഷ്ട്രത്തിൽ ഇത്തരം നിഷ്പക്ഷസ്കൂളുകൾ ഒരു തരത്തിലും അനുവദിച്ചുകൂടാ; കാരണം കാലക്രമേണ അവ നിരീശ്വരകേന്ദ്രങ്ങളാകും''. പ്രകൃതപ്രശ്നത്തെപ്പററി 11-ാം പീയൂസ് പറയുന്നു: "മതത്തെ നിഷ്ക്കാസനം ചെയ്തിരിക്കുന്ന ഈ നിഷ്പക്ഷസ്കൂളുകൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കു തന്നെ എതിരാണ്. ഇക്കാര്യത്തിൽ പീയൂസ് 9-ാമന്റേയും ലെയോ 13-ാമന്റേയും നിർദ്ദേശങ്ങളെത്തന്നെ നാം ഒരിക്കൽക്കൂടി ആവർത്തിച്ചുറപ്പിക്കുന്നു''. "കത്തോലിക്കവിദ്യാർത്ഥികളെ നിഷ്പക്ഷസ്കൂളുകളിലോ, മിശ്രസ്കൂളുകളിലോ [കത്തോലിക്കർക്കും, അകത്തോലിക്കർക്കും ഒരുപോലെ പ്രവേശനം നല്കുന്നവ] അകത്തോലിക്ക വിദ്യാലയങ്ങളിലോ അയയ്ക്കുവാൻ അനുവാദമില്ല. അങ്ങനെ വേണമെങ്കിൽ, വേണ്ട മുൻകരുതലോടെ പ്രത്യേക നിയന്ത്രിത സ്ഥലകാലങ്ങളിൽ മാത്രം, സ്ഥലത്തെ മെത്രാന്റെ അനുമതിയോടെ ചെയ്യേണ്ടതാണ്. ഈ വിശുദ്ധ കാനോനയും നാം ആവർത്തിച്ച് ഉറപ്പിക്കുന്നു." (Encycl, Divini Illius, p. 63) ഈ ചാക്രികലേഖനം ഇന്ത്യയിൽ നടപ്പിൽ വരുത്തുവാൻ അതായത്, പ്രാദേശിക പ്രത്യേകതകൾ പരിഗണിച്ച്, ഏതേതു സ്കൂളുകളിൽ തങ്ങളുടെ വിദ്യാർത്ഥികളെ അയയ്ക്കണമെന്നു നിശ്ചയിക്കേണ്ടതു് സ്ഥലത്തെ മെത്രാന്മാരുടെ ചുമതലയാണ്. അവർ അത്തരം നിർദ്ദേശങ്ങൾ നല്കികൊണ്ടിരിക്കുകയും ചെയ്യും.

ഇന്ത്യയെപ്പോലെ വിവിധ മതസ്ഥരധിവസിക്കുന്ന ഒരു രാജ്യത്തിൽ, വിദ്യാലയങ്ങളിലെ മതപഠനത്തേപ്പററി രാഷ്ട്രമെടുക്കേണ്ട നിലപാട് ഏററവും സങ്കീർണ്ണകമാണ്. ഇത്തരം രാജ്യങ്ങളിൽ കത്തോലിക്കർക്കു തങ്ങളുടെ മതാധ്യയനം പൊതുവിദ്യാലയങ്ങളിൽ നിന്നു പ്രതീക്ഷിച്ചുകൂടാ. അവിടെ നിഷ്പക്ഷസ്കൂളുകൾക്കുവേണ്ടി വാദിക്കുകയായിരിക്കും ബുദ്ധിപൂർവ്വകം. അല്ലെങ്കിൽ തങ്ങളുടെ സന്താനങ്ങൾ വിശ്വാസത്തിനെതിരായവ പഠിച്ച് മതബോധംത

ന്നെ നഷ്ടപ്പെടുത്താനായിരിയ്ക്കും കൂടുതൽ സാധ്യത. അങ്ങനെ നിഷ്പക്ഷസ്കൂളുകളിൽ പഠിക്കുന്നവർക്കു വീട്ടിൽവച്ച് മാതാപിതാക്കാംതന്നെ മതാധ്യയനം നല്കണം; അല്ലെങ്കിൽ സ്വകാര്യസ്കൂളുകളിൽ അവർക്കു മതാധ്യയനത്തിനു സൗകര്യമുണ്ടാക്കണം. 11–ാം പീയൂസിന്റെ വിശ്വലേഖനത്തിൽനിന്നു പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു: "എന്നാൽ പല വിശ്വാസങ്ങളുള്ള രാജ്യത്തിലേ സ്ഥിതി വിഭിന്നമാണ്. അവിടെ വന്ദ്യമെത്രാന്മാരുടെ നേതൃത്വത്തിൽ, സന്യാസവൈദികരുടേയും ഇടവക വൈദികരുടേയും സജീവസഹകരണത്തിൽ സ്വന്തം ചിലവിൽ തനി കത്തോലിക്കസ്കൂളുകാം നടത്തിക്കൊണ്ട് പോകുകയെന്ന ഭാരിച്ച ചുമതലയാണ് കത്തോലിക്കർ വഹിക്കേണ്ടി വരിക." *

വിഭിന്നമതസ്ഥരായ വിദ്യാർത്ഥികാം പഠിക്കുന്ന ഇന്ത്യൻ പബ്ളിക്സ്കൂളുകളിൽ യാതൊരു മതപ്രശ്നവും സ്പർശിക്കാതെ കഴിയ്ക്കുവാൻ അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ സാഹചര്യമനുവദിയ്ക്കുമെങ്കിൽ മതാധ്യയനത്തിനു മാററിവച്ച അവസരങ്ങളിലോ, ക്ലാസ്സു സമയത്തിനു പുറമെയോ മതബോധനം നല്കാൻ അവസരം നല്കുന്നതു നല്ലതാണ്. ഈ സ്കൂളുകളിൽ സ്വാഭാവികമതത്തിന്റെ അടിസ്ഥാനതത്വങ്ങളും യുക്തിയുക്തമായ തത്വശാസ്ത്രചിന്തകളും യാതൊരു പ്രത്യേക മതതത്വങ്ങളിലേയ്ക്കും കടക്കാതെ എല്ലാവരേയും ഒരുപോലെ അഭ്യസിപ്പിക്കുന്നതും പ്രയോജനകരമാണ്.

## 82. മിശ്രവിദ്യാഭ്യാസം മാതൃകാപരമോ?

വിദ്യാഭ്യാസസമ്പ്രദായങ്ങാംക്ക് ഏതൊരു വ്യക്തിയേയും പുരുഷ–സ്ത്രീ ഭേദമെന്യേ, വിദ്യാദാനസൗകര്യത്തിന്റെ വീക്ഷണകോണത്തിലൂടെ പഠനവിഷയമാക്കാവുന്നതാണ്. ലിംഗവ്യത്യാസങ്ങളെ അടിസ്ഥാനപ്പെടുത്തിയോ അല്ലാതെയോ ഓരോരുത്തരുടെയും കഴിവിന്റെയും പ്രാപ്തിയുടെയും നിലവാരമറിയുവാൻ വ്യക്തിവ്യത്യാസങ്ങാം പഠിക്കേണ്ടതും ആവശ്യകമാണ്.

എന്നാൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചുള്ള മിശ്രവിദ്യാഭ്യാസത്തെപ്പററി നമ്മുടെ അഭിപ്രായഗതി എന്തായിരിക്കണം? എന്തു പഠിപ്പിക്കണമെന്നും എങ്ങനെ വിദ്യാഭ്യാസം നല്കണമെന്നും

* Encycl, Divini Illius, p. 64

നിശ്ചയിക്കുവാൻ, ഓരോ വ്യക്തിയുടെയും സ്വഭാവവും സമുദായിക നിലയും പരിഗണിക്കണമെന്നുള്ള പ്രാഥമികതത്വത്തിനെതിരാണു്, എല്ലാവക്കും ഒരേവിദ്യാഭ്യാസം നല്കണമെന്നുള്ള വാദം. പുരുഷന്മാക്കായി പുരുഷന്മാരുണ്ടാക്കിയ വിദ്യാഭ്യാസരീതി നാം സ്ത്രീകളുടെ മേൽ അടിച്ചേല്പിക്കരുതു്. നമ്മുടെ "പുരോഗമിച്ച" ആധുനികസ്ത്രീകൾക്കുപോലും അതുപകാരപ്രദമാവുകയില്ല. അത്രയ്ക്കും സത്താപരമായവ്യത്യാസങ്ങളുണ്ടു് പുരുഷ–സ്ത്രീപ്രകൃതികൾക്കും അവരുടെ സാമൂഹ്യലക്ഷ്യങ്ങൾക്കും. ഏതു ഗ്രെയ്ഡിലുള്ള വിദ്യാലയങ്ങളിലും സ്ത്രീകൾ പുരുഷതുല്യം ബുദ്ധിശക്തി പ്രകടിപ്പിക്കുന്നുവെന്നു് വിദ്യാലയരേഖകൾ തെളിയിക്കുന്നുണ്ടെങ്കിലും, അവർ പരസ്പരാനുകരണത്തെ പററിയ മാതൃകകളല്ലെന്ന തത്വം, സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസരംഗത്തു് ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

ഒരേ സ്കൂളിൽ ഒരുമിച്ചു പഠിക്കുന്നതു് ഇതിൽനിന്നു വിഭിന്നമായ മറെറാരു പ്രശ്നമാണു്. ഈ പ്രശ്നം അതർഹിക്കുന്ന ശ്രദ്ധയോടും ഗൗരവത്തോടുംകൂടെ സനിഷ്കർഷം പഠിച്ചശേഷം റോമിലെ ''സന്യാസതിരുസംഘം'' 1957 ഡിസംബർ 8–ാംനു- താഴെ ചേക്കുന്ന നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു: (ബാലികാബാലന്മാർ ഒരുമിച്ചു പഠിക്കുന്ന സെക്കണ്ടറി സ്കൂളുകളെപ്പററിയാണു് പരാമർശം.)

1) സാമാന്യേന മിശ്രവിദ്യാഭ്യാസം അനുവദനീയമല്ല. ചില പ്രത്യേകനന്മകളതിനുണ്ടെങ്കിലും, നന്മകളെക്കാൾ കൂടുതൽ തിന്മകളാണു് ഫലം; താരുണ്യദശയിൽ പ്രത്യേകിച്ചും, എന്നാൽ ഇവയേക്കാൾ വലിയ തിന്മകളെ അകററാൻവേണ്ടി പ്രാദേശികപ്രത്യേകതകളെ പരിഗണിച്ചു് അത്രയുമപകടം ചിലപ്പോൾ അനുവദിച്ചുകൊടുക്കേണ്ടിവരും. ഉദാഹരണമായി സ്ത്രീകൾക്കും പുരുഷന്മാക്കും വെവ്വേറെ കത്തോലിക്കസ്കൂളുകളുണ്ടാക്കാൻ സാധിക്കാതെവരികയും പബ്ളിക്സ്കൂളുകളിൽ വിശ്വാസത്തിനു് അപകടമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ സഹവിദ്യാഭ്യാസം അനുവദനീയമായിത്തീരുന്നു.

2) ഇങ്ങനെ സഹവിദ്യാഭ്യാസം ഒരാവശ്യമായിവരുന്ന സ്ഥലങ്ങളിൽ സഭ അഭിലഷിക്കുക ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള രണ്ടു സ്കൂളുകൾ ഒരു

സ്ഥാപനമായി ഒരേ മാനേജരുടെ കീഴിൽ നടത്തുകയാണ്. വ്യത്യസ്തസമയങ്ങളിൽ ഉപയോഗിക്കത്തക്കവിധം ലൈബ്രറികളും ലാബറട്ടറികളും കളിസ്ഥലങ്ങളും മററും പൊതുവിലുണ്ടാക്കാവുന്നതുമാണ്.

3) താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേകം മുൻകരുതലുകൾ വേണം: ഇരുവിഭാഗക്കാരുടെയും സംഘാതപ്രവർത്തനങ്ങളിൽ ആത്മനിയന്ത്രണവും ശാലീനതയും പാലിക്കണം. ഒരിക്കലും ഒരുമിച്ചുള്ള കായികമത്സരങ്ങളോ കളികളോ നടത്തരുത്. മിശ്രബോർഡിംഗുകൾ യാതൊരു കാരണവശാലും അനുവദനീയമല്ല.

4) ക്ലാസ്സുമുറികളിലും മററുപോലുള്ള സ്ഥലങ്ങളിലും ആൺകുട്ടികളേയും പെൺകുട്ടികളേയും തിരിച്ചിരുത്തേണ്ടതും അത്യാവശ്യമാണ്. ജന്തുശാസ്ത്രത്തിലെ ചില പ്രത്യേകഭാഗങ്ങൾ, ശരീരശാസ്ത്രം, കായികപരിശീലനം, 6-ാം പ്രമാണത്തെപ്പററിയുള്ള പ്രബോധനം ഇവയെല്ലാം അവശ്യം വെവ്വേറെതന്നെ നടത്തണം. മാന്യമായി പെരുമാറാൻ അവരെ പരിശീലിപ്പിക്കുകയും വേണം.

5) അധ്യാപകരും ആധ്യാത്മികനേതാക്കളും അവരുടെ കർത്തവ്യപരിധിയ്ക്കപ്പുറം വിശിഷ്യ, പെൺകുട്ടികളോടു യാതൊരു പ്രത്യേക ബന്ധങ്ങളും പാലിക്കരുത്; പ്രത്യേക മമത വർജ്ജിക്കുകയുംവേണം. [1]

## 83. ഇന്ത്യൻ ഭരണഘടനയും വിദ്യാഭ്യാസവും:

നമ്മുടെ മതതത്വങ്ങളും മൗലികാദർശങ്ങളും ആവശ്യപ്പെടുന്നവയെല്ലാം ഇന്ത്യൻ ഭരണഘടന സാമാന്യേന അനുവദിച്ചു തരുന്നുണ്ടെന്നുള്ള കാരണത്താൽ ഇന്ത്യൻ കത്തോലിക്കർ കൃതാർത്ഥരായിരിക്കേണ്ടതാണ്. വിഭാഗീയ (സ്വകാര്യ) വിദ്യാലയങ്ങൾക്കും പൊതുഖജനാവിൽനിന്നും സഹായധനം ലഭിക്കുമെന്നുള്ളതുതന്നെ പ്രഥമകാര്യം. 31-ാംവകുപ്പു പറയുന്നു: "ധനസഹായം നല്കുന്നകാര്യത്തിൽ ജാതി-മത-വർഗ്ഗാദിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങളോട് യാതൊരു വേറുകൂറും കാണിക്കരുത്." [2]

---

1 Conf. Acta Apostolicae Sedis, March 11, 1958.

2 Article 31.

മതബോധത്തെപ്പററിയും ഭരണഘടന തീരുമാനമെടുത്തിട്ടുണ്ട്. യാതൊരു മതാധ്യയനവും പബ്ളിക് സ്കൂളുകളിൽ നിർബ്ബന്ധമാക്കരുതെന്നാണു നിശ്ചയം: "പൊതുഖജനാവിൽനിന്നും പൂർണ്ണമായി നടത്തപ്പെടുന്ന സ്കൂളുകളിൽ യാതൊരു മതാധ്യയനവും ഗവണ്മെൻറ നല്കുകയില്ല." ഇന്ത്യയിലേപ്പോലെ പല മതസ്ഥരുള്ള ഒരു രാജ്യത്ത് ഈ നിലപാട് ആദരണീയമാണ്.

എന്നാൽ, ജനകീയനിധികൊണ്ടു നടത്തപ്പെടുന്ന സ്വകാര്യ വിദ്യാലയങ്ങളിൽ മതബോധനം നടത്തുന്നതിനെ രാഷ്ട്രം നിയന്ത്രിക്കേണ്ടതില്ല. ഈ മൗലികാവകാശത്തെ ഭരണഘടനയും സമ്മതിച്ചിരിക്കുന്നു. 31-ാംവകുപ്പു നോക്കുക: "ഭിന്നഭാഷയോ ലിപിയോ തനതുസംസ്കാരമോ ഉള്ള ഏതു വിഭാഗം ഇന്ത്യൻ പൗരന്മാക്കും അവയെല്ലാം പരിരക്ഷിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും." എന്നാൽ സമ്പൂർണ്ണമതങ്ങൾപ്പോലെ ഏതൊരു ഘടകമാണ് സംസ്കാരത്തെ അത്ര വിഭിന്നവും വ്യതിരിക്തവുമാക്കുക? ആകയാൽ മതബോധനം ഇവിടെ പരോക്ഷമായി അംഗീകരിക്കപ്പെടുന്നു.

സ്വകാര്യവിദ്യാലയങ്ങളിൽ മതബോധനം ഭരണഘടന അനുവദിക്കുന്നുവെങ്കിലും അതല്പം നിയന്ത്രണത്തോടെയാണ്. ക്ലാസ്സ് സമയത്തിനു പുറമെ മാത്രമായിരിക്കണം. "പഠനസമയത്തിനുന്നമമെ, ഏതു മതവിഭാഗത്തിനും അവരുടെ വിദ്യാർത്ഥികൾക്കു് സ്കൂളുകളിൽ മതബോധനം നല്കാം. ഈ വകുപ്പിലെ യാതൊന്നും അതിനവരെ തടയുന്നില്ല." *

ഇതിൽനിന്നു നമുക്കു താഴെപ്പറയുന്ന അനുമാനങ്ങൾ സ്വീകരിക്കാം:

1) വിദ്യാലയങ്ങളിൽ എന്നുമാത്രം യാതൊ വിവേചനയുമില്ലാതെ പ്രയോഗിച്ചിരിക്കുന്നതിനാൽ, സ്വകാര്യവും പൊതുവും ആയ വിദ്യാലയങ്ങളിൽ (സ്കൂളുകളിലും കോളേജുകളിലും) എന്നു നമുക്കു വ്യാഖ്യാനിക്കാവുന്നതാണ്.
2) സ്കൂൾമുറിക്കുള്ളിലോ സ്കൂൾപരിസരങ്ങളിലോ മതബോധനം നടത്താം.
3) എന്നാൽ ക്ലാസ്സുസമയത്ത് ഇതു പാടില്ല.

---

*Article 32.

LIBRARY KOTTAYAM.

ദൈവത്തെപ്പററി മൗനംഭജിക്കുന്ന ഭരണഘടന വിദ്യാഭ്യാസത്തിൻെറയും അടിസ്ഥാനതത്വങ്ങളെന്തായിരിക്കണമെന്നു നിർണ്ണയിക്കാത്തതു നിർഭാഗ്യകരമാണ്. എന്നാൽ ഇന്ത്യൻ ഭരണഘടന അതിമാത്രം കടപ്പെട്ടിട്ടുള്ള ഐറിഷ്-അമേരിക്കൻ ഭരണഘടനകാം ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങാം നല്കുന്നുണ്ട്. "തങ്ങളുടെ പ്രാപ്തിയ്ക്കനുസരിച്ച സന്താനങ്ങാംക്ക് മതധാർമ്മികാധ്യയനം നല്കാനുള്ള മാതാപിതാക്കളുടെ അലംഘനീയമായ അവകാശവും കത്തവ്യവും" അവ അംഗീകരിക്കുന്നു. "ഗവണ്മെൻറ നടത്തുന്നതോ, ഗവണ്മെൻറംഗീകാരമുള്ളതോ, വ്യക്തികാം നടത്തുന്നതോ ആയ ഏതുതരം സ്കൂളുകളിലും സ്വസന്താനങ്ങളെ അയയ്ക്കുവാനുള്ള സ്വാതന്ത്ര്യവും" അവ മാതാപിതാക്കാംക്കു നല്കുന്നു. ജനായത്തതത്വങ്ങളെ ഉൽഘോഷിക്കുന്ന "ഇന്ത്യൻ സംവിധാന"മാകട്ടെ മാതാപിതാക്കളുടെ ഈ മൗലികാവകാശത്തെപ്പററി മൗനംഭജിക്കുകയാണ്.[1]

**84. ആധുനികേന്ത്യയിലെ വിദ്യാഭ്യാസം:** സ്വാതന്ത്ര്യസമ്പാദനം, ഇന്ത്യയിലെ ഓരോ വ്യക്തിയുടേയും ശിക്ഷണത്തിനുവേണ്ട വഴിയൊരുക്കുവാൻ വിദ്യാഭ്യാസപ്രവത്തകരെ നിർബ്ബന്ധിക്കുകയാണ്. സർ ഫിലിപ്പ് ഹാസ്ററാഗ് (Hastag) പറയുന്നതുപോലെ "ഇന്ത്യയിൽ ഏററം നവീനമായതും, ഏററം പുരാതനമായതും നാം ദർശിക്കുന്നു. അവിടെ പ്രാചിയും പ്രതീചിയും ഒന്നുചേരുന്നു, ലോകത്തിൽ മറെറങ്ങും സംഭവിക്കാത്തവിധം; ഒരു പക്ഷെ ഏററവും പുരാതനവിദ്യാഭ്യാസരീതിയും അവളുടേതാവാം."[2]

ഇന്ത്യൻ സംസ്കാരം: നമ്മുടെ വിദ്യാഭ്യാസപരിപാടിയുടെ ഒരു പ്രധാനഭാഗം ഇന്ത്യൻസംസ്കാരസംരക്ഷണമാവണം. അമൂല്യമായ ഒരു സംസ്കാരമാണ് ഇന്ത്യയ്ക്കുള്ളതു്. അതു സംരക്ഷിക്കുവാൻ സ്വതന്ത്രഭാരതത്തിനു കടമയുണ്ട്. വിദ്യാഭ്യാസത്തിനാണതു കഴിയുക. ഇതിനെ നിഷേധിച്ച "ഇന്നല"കളെപ്പററി ശ്രീ സീതാരാമയ്യ ന്യായപൂവ്വം വിലപിക്കുകയാണ്: "നമുക്ക് കലയോ ആലേഖനങ്ങളൊ ഇല്ലെന്നും കലാസംസ്കാരികവെളിച്ചം കിഴക്കിനില്ല, പടിഞ്ഞാറനിന്നു വരണം എന്നും കണ്ണുമടച്ചു വിശ്വസിക്കുവാൻ നാം പഠിപ്പിക്കപ്പെട്ടുപോന്നു."[3]

---

1 Conf. Thomas N. Sequeira, "Catholic Education in India" & S N. Mukerji Sha, History of Education in India,

2. Cfr. Some Aspects of Indian Education, Past and Present, London, 1939, p. 2.

3 Conf. പട്ടാഭി സീതാരാമയ്യ, "ഗാന്ധിയും ഗാന്ധിസവും" p. 412.

ഈ സാംസ്കാരികനവോത്ഥാനത്തിൻെറ പരമപ്രാധാന്യം നമുക്കല്പവും അവഗണിച്ചുകൂടാ. ഇത്ര സമ്പന്നമായ കലാനേട്ടങ്ങളുള്ള ഭാരതം, വിദ്യാലയങ്ങളിലൂടെ, ഈ മണ്ഡലത്തിൽ ചെയ്യേണ്ടതു ചെയ്യുന്നില്ല. കലാസാംസ്കരികമണ്ഡലങ്ങളിൽ കൗതുകം വളർത്തേണ്ടതു് അവളുടെ അതിപ്രധാനമായ ഒരു കടമയാണു്.

<u>നിർബ്ബന്ധവിദ്യാഭ്യാസം:</u> 1961-നകം 14 വയസ്സിൽ താഴെയുള്ള എല്ലാ ബാലികാബാലന്മാർക്കും നിർബ്ബന്ധവിദ്യാഭ്യാസം നല്കുവാൻ ഭരണഘടന സ്റ്റേററുകളെ അനുശാസിക്കുന്നുണ്ടു്. 1950-51ൽ, ആറുവയസ്സിനും പതിനൊന്നുവയസ്സിനുമിടയ്ക്കു പ്രായമുള്ള സ്കൂൾ കുട്ടികളുടെ എണ്ണം, ആകെയുള്ളതിൻെറ 40% മാത്രമായിരുന്നു. എന്നാൽ 1955-56 ആയപ്പോഴേക്കും അതു് 50% ആയി വർദ്ധിച്ചിരിക്കുന്നതു് ആഹ്ലാദകരമത്രെ. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തോടെ അതു് 62% ആയി വളരുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. *

<u>സ്ത്രീവിദ്യാഭ്യാസം:</u> സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അതിനു പ്രതിബന്ധങ്ങളായി നല്ക്കുന്ന അനേകം അന്ധവിശ്വാസങ്ങളും അബദ്ധാചാരങ്ങളും ഇനിയും മാറേണ്ടതായിട്ടാണിരിക്കുന്നതു്.

എന്നാൽ സ്ത്രീവയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾക്കു ഇന്ത്യയിൽ അടുത്തകാലങ്ങളിലുണ്ടായ വളർച്ച എത്രയും സ്വാഗതാർഹമാണു്. ഇന്ത്യൻഭരണഘടന സ്ത്രീകൾക്കും തുല്യവിദ്യാഭ്യാസത്തിനുള്ള എല്ലാ അവകാശങ്ങളും അനുവദിക്കുന്നു. 15-ാംവകുപ്പു പറയുന്നതു നോക്കുക: "ജനനസ്ഥലം, ജാതി, മതം, വർഗ്ഗം, ലിംഗം ഇവയെ അടിസ്ഥാനമാക്കിരാഷ്ട്രം യാതൊരു പൗരനോടും വേറുകൂറു കാണിച്ചുകൂടാ." ആകയാൽഭരണഘടനാപരമായി യാതൊരു സ്ത്രീക്കും വിദ്യാഭ്യാസം നിഷേധിച്ചുകൂടാ. എന്നാൽ ഏതുതരം വിദ്യാഭ്യാസമാണു് ഇന്ത്യൻ സ്ത്രീകൾക്കു് അവരുടെ സാമൂഹ്യനിലപാടിനെ മെച്ചപ്പെടുത്തുവാൻ ഉപകരിക്കുക എന്ന കാര്യത്തിൽ ഇന്നും ഏകാഭിപ്രായം ഉണ്ടായിട്ടില്ല.

രാഷ്ട്രസാല്കരണപ്രവണതയാണു് ഇന്ത്യൻ വിദ്യാഭ്യാസമണ്ഡലത്തിലെ അപകടംനിറഞ്ഞ ഒരു കാർമേഘം. പല യൂറോപ്യൻ രാജ്യങ്ങളിലും ഈ പ്രധാനപ്രശ്നത്തിൻെറ പേരിൽ ജീവന്മരണസമരങ്ങൾ

* Conf. India 1957, Government Annual Reference, p. 108.

തന്നെ നടക്കുകയും ഭരണകൂടങ്ങൾ തകരുകയും ഉണ്ടായിട്ടുണ്ട്. പല രാഷ്ട്രങ്ങളേയും ഈ പ്രശ്നം ഇളക്കിമറിച്ചിട്ടുണ്ട്; എല്ലാത്തരം വിദ്യാലയങ്ങളും രാഷ്ട്രസാല്ക്കരിക്കുവാൻ അവർ ശ്രമിച്ചപ്പോൾ. കമ്യൂണിസ്റ്റ് കിരാതവാഴ്ചയുടെ ആരംഭത്തിൽ അവർ ആദ്യം ആക്രമിച്ചു കീഴടക്കുന്നതും വിദ്യാലയങ്ങളെത്തന്നെയാണ്. ഐതിഹാസികമായ കേരള വിമോചനസമരവും മറ്റൊന്നിനെപ്പററി ആയിരുന്നില്ലല്ലോ.

ഈ പ്രശ്നത്തെപ്പററി ബിഷപ്പ് റെയ്മണ്ട് അഖിലേന്ത്യാ ബിഷപ്സ് കോൺഫ്രൻസിൽചെയ്ത പ്രസ്താവന ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കാം. "ബോധപൂർവ്വം തെററുപററാതെ പരിഗണിക്കേണ്ട പല പ്രവണതകളും ഇന്ത്യൻ ചിന്താമണ്ഡലത്തിൽ ഇടയ്ക്കിടെ ഉയരാറുണ്ട്. സ്വന്തം ജനതയുടെ ശ്രമം കൊണ്ടുമാത്രമേ നാടുനന്നാവൂ എന്ന ബോധത്തോടെ ഉന്നമനത്തെ ഉന്നംവച്ച് ഇന്നവർ മുന്നേറുകയാണ്. ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുകയാണ് അവരുടെ പ്രഖ്യാപിതലക്ഷ്യം. ഇതു വെറുമൊരു മുദ്രാവാക്യമല്ല; സ്വകാര്യതാല്പര്യങ്ങളെ ബലികഴിച്ചു കൊണ്ടു പൊതുതാല്പര്യങ്ങൾക്ക് പ്രാധാന്യംനല്കുന്ന ഒരു പ്രഖ്യാപനമാണതു്.

വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കുവാനാണ് അധികാരികൾ ആവശ്യപ്പെടുക. ഒരു ജനായത്തരാജ്യത്തിലെ വ്യക്തികളുടെ അവകാശാധികാരങ്ങൾ നിർമ്മാജ്ജനംചെയ്ത്, ഭരണകൂടത്തിനു പരമാധികാരം കൈയേല്പിക്കുകയാണതു്. അത്തരം അധീശബോധാന്ധതയിൽ, പുരോഗതിയുടെ ഏകവിധാതാക്കൾ തങ്ങളാണെന്ന മിഥ്യാബോധം ഭരണകർത്താക്കൾക്കുണ്ടാകുക അനിർവാര്യമാണ്: അപ്പോൾ, വിദ്യാഭ്യാസം ഒരു രാഷ്ട്രനിർമ്മാണപ്രവർത്തനമാകയാൽ അതിൻെറ എല്ലാ മണ്ഡലങ്ങളും അവർ സ്വാധീനിക്കുകയും മററുള്ളവർക്ക് എത്തിനോക്കാൻപോലും അവകാശമില്ലാത്ത കുത്തകഭൂമിയാക്കി അതിനെ അവർ കരുതുകയുംചെയ്യും, അവിടെ എതിർപ്പോ സമരമോ അവർ സഹിക്കുകയുമില്ല. അപ്പോഴാണ് മൗലികാവകാശധ്വംസനത്തിനു പോലുമുള്ള പ്രവണതയും അവരിൽ ഉയരുക." *

---

* Conf. C. B. C. I. Report, 1958. Page 60.

# ഗ്രന്ഥസൂചി.

Catholic Encyclopaedia, Art. Education, Right to Educate, Duty of Parents.

J. F. Noll, Our National Enemy No I: Education without Religion (Our Sunday Visitor Press, Huntington, 1942).

G. Clune, Christian Social Reorganization, Chap. XIV.

A. Osgniach, "The Christian State" Part III Chap. X.

Pius IX, "Providentissimus Deus" (Christian Education of Youth)

Pastoral Letter of the Bishops of Travancore and Cochin, 1944.

Hillaire Belloc, "Essay on Schools" (Sheed and Ward, London 1931)

Higgings, "Man as Man," 1950 pp. 417—420.

Aristotle, "Politics," Book VII 14.

St. Thomas "Summa Theologica" II - II, 101—104.

Cathrein Victor, "Philosophia Moralis" pp. 368—378.

Hass Francis, "Man & Society, pp. 108—152.

Edumund Fuller (editor) "The Christian Idea of Ecucation," Yale University Press, 1957.

Zellmer "Education in India", Chaps. I & II.

Hennessy T. "Indian Democracy and Education," Orient Longmans, pp. 9—40.

Sequeira, "The Education in India" Bombay, Oxford University press.

J. D. Redden & T. A. Ryan: "A Catholic Philosophy of Education" Milwaukee, 1951.

# അദ്ധ്യായം III. രാഷ്ട്രം.

**85** ഏററം വലിയ സാമൂഹ്യസ്ഥാപനമായ രാഷ്ട്രത്തെപ്പററി ഈ അദ്ധ്യായത്തിൽ പ്രതിപാദിയ്ക്കാം. വെറും വ്യക്തികളുടെ ആകെത്തുക മാത്രമല്ല രാഷ്ട്രം; പ്രത്യുത വിവിധ സാമൂഹ്യഘടകങ്ങളുടെ വിശിഷ്യ, കുടുംബങ്ങളുടെ ഒരു സമുച്ചയമാണതു്. വ്യക്തികൾ നേരിട്ടല്ല, അവർ ജനിച്ചുവളരുന്ന കുടുംബങ്ങൾ വഴിയാണു് രാഷ്ട്രത്തിൻെറ അംഗങ്ങളാകുന്നതു്. ("റേരും നോവാരും")

**86. രാഷ്ട്രമെന്നാൽ എന്തു്?** ഒരംഗീകൃത അധികാരത്തിനു കീഴിൽ അംഗങ്ങളുടെ പൊതുക്ഷേമം പുലർത്താൻ സംഘടിക്കുന്ന കുടുംബങ്ങളും മററു സാമൂഹ്യഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു പരിപൂർണ്ണസമൂഹമാണു് രാഷ്ട്രം.

രാഷ്ട്രം എന്ന പദം വ്യത്യസ്തമായ രണ്ടർത്ഥത്തിൽ പ്രയോഗിക്കാറുണ്ടു്. ഇന്ത്യാ, ചൈന എന്നിങ്ങനെ ഒരു സംഘടിതജനതയെന്നും രാജ്യത്തിൻെറ ഭരണചക്രം തിരിക്കുന്ന ഗവൺമെൻറു് എന്നും ഈ പദം അർത്ഥമാക്കുന്നു. ആദ്യത്തെ അർത്ഥത്തിലാണു് നാം ഈ പദം ഇവിടെ പ്രയോഗിക്കുക.

രാഷ്ട്രത്തിനു് ഇവിടെ നല്കിയ നിർവ്വചനം വ്യക്തമായി ഗ്രഹിക്കുവാൻ അതിന്റെ വിവിധ ഭാഗങ്ങളെ വിശദീകരിക്കാം.

i) രാഷ്ട്രം ഒരു "പരിപൂർണ്ണസമുദായ"മെന്നു പറഞ്ഞതു്, അതിനു് അപൂർണ്ണതയൊന്നുമില്ലെന്ന അർത്ഥത്തിലല്ല; അതിനാവശ്യമുള്ളതെല്ലാം ഉല്പാദിപ്പിക്കുവാൻ അതു സ്വയം പര്യാപ്തമാണെന്നും വിവക്ഷയില്ല. എന്നാൽ മറ്റേതെങ്കിലും ഒരു ലൗകികാധികാരിക്കു വിധേയമാകാതെ സ്വന്തലക്ഷ്യം സ്വയം പ്രാപിക്കുന്നതിനു കഴിവുണ്ടെന്നേ ഇതുകൊണ്ടു് അർത്ഥമാക്കുന്നുള്ളു. ദൈവത്തോടു മാത്രമേ അതിനു വിധേയത്വവും ആശ്രിതത്വവുമുള്ളു; സഭയോടും മററു രാഷ്ട്രങ്ങളോടും പരസ്പരാശ്രിതത്വവും.

ii) വ്യക്തികളും കുടുംബങ്ങളുമാണു് രാഷ്ട്രത്തിന്റെ നിർമ്മാണഘടകങ്ങൾ. രാഷ്ട്രശരീരത്തിന്റെ അവയവങ്ങളാണവ.

iii) രാഷ്ട്രത്തിന്റെ നിർമ്മാണരൂപം (Formal Element), വ്യക്തികളേയും കുടുംബങ്ങളേയും പൊതുക്ഷേമത്തിലേക്കു നയിക്കുന്ന ധാർമ്മികശക്തിയായ അധികാരമാണു്. സ്വപ്രവർത്തനപരിധിക്കുള്ളിൽ ഈ അധികാരം സ്വാതന്ത്ര്യവും പരമോന്നതവുമാണു്. രാഷ്ട്രത്തിനു്, നഗരസഭ, കുടുംബം മുതലായ മററു സാമൂഹ്യഘടകങ്ങളുമായുള്ള പ്രധാന വ്യത്യാസം ഇതാണു്. അതേസമയം രാഷ്ട്രം സ്വാഭാവികനിയമങ്ങളെ അവഗണിക്കുകയോ, മനസ്സാക്ഷി സ്വാതന്ത്ര്യമോ ആസ്തിക്യമോ നിഷേധിക്കുകയോ ചെയ്യുകയാണെങ്കിൽ രാഷ്ട്രം അതിന്റെ പ്രവർത്തനസീമയെ അതിലംഘിക്കുകയാവും ചെയ്യുക.

iv) അവസാനമായി, സാമൂഹികമായ ഈ അധികാരം അതിലെ അംഗങ്ങളുടെ പൊതുനന്മക്കു വേണ്ടിയാകയാൽ, പൊതുലക്ഷ്യത്തെപ്പററിയുള്ള വ്യക്തമായ ബോധം ഭരണീയരിലും ഭരണാധിപരിലും ഒരുപോലെ ഉണ്ടായിരിക്കണം. കൂടാതെ രാഷ്ട്രത്തിന്റെ ഭൗതികമേന്മ അതിന്റെ പരമാന്ത്യത്തിനു് അനുരൂപവുമായിരിക്കണം, ഭരണക്രമ

മെന്ന നിശ്ചിതവ്യവസ്ഥയിൽ അധികാരം കുടികൊള്ളുന്നു. സ്ഥലകാല പരിതോവസ്ഥകൾക്കനുസരണം ഏററം സമൎത്ഥമാംവിധം പൊതുജനലക്ഷ്യം സാധിച്ചുകൊടുക്കുന്ന ഭരണക്രമമായിരിക്കും ഏററവും നല്ല ഭരണക്രമം.

**87. വിഭജനം.** രാഷ്ട്രത്തിന്റെ യഥാൎത്ഥസ്വഭാവത്തെ മനസ്സിലാക്കുവാൻ അതിന്റെ നാലു താത്വികഘടകങ്ങളോ അഥവാ കാരണങ്ങളോ നമുക്കു പരിശോധിക്കാം. തുടർന്നു്, അതിന്റെ രൂപം, അധികാരം—ധൎമ്മം—ആജ്ഞാശക്തി മുതലായവയെപ്പററിയും പഠിക്കാം. ആകയാൽ ഈ അധ്യായത്തെ താഴെ കാണുന്നവിധം വിഭജിച്ചിരിക്കുന്നു.

i) രാഷ്ട്രത്തിന്റെ ഉത്ഭവം (efficient cause)
ii) „ സാമൂഹ്യഘടകങ്ങൾ (material cause)
iii) „ ലക്ഷ്യം (final cause)
iv) „ അധികാരം (formal cause)
v) വിവിധ ഭരണക്രമങ്ങൾ (Forms of Government)
vi) രാഷ്ട്രധർമ്മം (Functions of the Government)
vii) രാഷ്ട്രവിധേയത്വം (Obedience to State's authority)

# 1

# രാഷ്ട്രത്തിന്റെ ഉത്ഭവം.

**88.** രാഷ്ട്രത്തിന്റെ ഉത്ഭവം ഒരു സജീവപ്രശ്നമാണ്; സർവ്വപ്രധാനവും. കാരണം, രാഷ്ട്രലക്ഷ്യധർമ്മങ്ങൾ ഈ പ്രശ്നത്തിനു നാം നല്കുന്നഉത്തരത്തെ ആശ്രയിച്ചാണിരിക്കുന്നതു്. രാഷ്ട്രോല്പത്തി, സാമൂഹ്യഉടമ്പടി മൂലമാണെന്നും, അല്ലാ പ്രാകൃതികപരിണാമഫലമാണെന്നും വാദിക്കുന്നവരുണ്ടു്. ആ വാദങ്ങൾ ശരിയെങ്കിൽ ഒന്നുകിൽ വ്യക്തികൾ സർവ്വപ്രധാനരാകും (വ്യക്തിവാദം); അല്ലെങ്കിൽ രാഷ്ട്രം സർവ്വപ്രധാനമാകും (രാഷ്ട്രസർവ്വാധിപത്യവാദം). വിപരീതതത്വങ്ങളിൽനിന്നു് ഉത്ഭവിക്കുന്നവയാണെങ്കിലും ഈ രണ്ടു വാദഗതികളും ഒന്നുപോലെ മനുഷ്യരെ ദൈവത്തിൽനിന്നു ചീന്തി മാററുകയും അവരെ ഭൂരിപക്ഷത്തിന്റെ അടിമയാക്കി അവരുടെ വൈയക്തികാവകാശങ്ങളെ ചവുട്ടി മെതിക്കുകയും ചെയ്യുന്നു. ഈ അക്രൈസ്തവരീതിയിലുള്ള രാഷ്ട്രതത്വങ്ങളുടെ വിമർശനപാനം, "മനുഷ്യൻ ദൈവസൃഷ്ടി"യെന്ന തത്വത്തിൽ അധിഷ്ഠിതമായ നമ്മുടെ പരമ്പരാഗതമായ സമീപനരീതി സമർത്ഥിക്കുന്നതിനു സഹായിക്കും.

രാഷ്ട്രോല്പത്തിയെപ്പററി പഠിക്കുമ്പോൾ ഒരു പ്രത്യേക രാഷ്ട്രോത്ഭവത്തെപ്പററിയല്ല നാം പ്രതിപാദിക്കുക. മനുഷ്യന്റെ സാമൂഹ്യജീവിതലക്ഷ്യമെന്തെന്നു തന്നെ നാം അന്വേഷിക്കുന്നു; സമുദായത്തിന്റെ തന്നെ അസ്തിത്വത്തിനു നിദാനമായ പരമകാരണമെന്തെന്നും. ആകയാൽ ഏതെങ്കിലുമൊരു രാഷ്ട്രത്തിന്റെ ചരിത്രോല്പത്തിയെപ്പററിയല്ല പ്രത്യുത ഏതൊരു രാഷ്ട്രത്തിന്റെയും താത്വിക (നിർമ്മാണ-ലക്ഷ്യ) ഘട്ടങ്ങളെപ്പററിയാണു നാം ഇവിടെ പ്രതിപാദിക്കുക.

**89. വിവിധ വാദങ്ങൾ:** മൂന്നു വാദങ്ങളാണു് ഇതേപ്പററി പ്രധാനമായുള്ളതു്.

1. <u>സാമൂഹികക്കരാർവാദം</u>: മനുഷ്യന്റെ സ്വതന്ത്രാനുമതി മാത്രമാണ് സമസ്തസാമൂഹ്യഘടനകളുടേയും അടിസ്ഥാനം എന്നു വാദിക്കുന്ന തോമസ് ഹാബ്സിന്റേയും (1588-1679) ജെ ജെ.

No: 8229

റൂസ്സോയുടേയും (1712-1778) വാദഗതിയാണിത്. മനുഷ്യന്റെ സാമൂഹ്യപ്രവണതകൾക്ക് ഈ വാദഗതിയിൽ വെറും യാദൃശ്ചിക സ്വഭാവമേയുള്ളു; അവ സത്താപരമല്ല; അവന്റെ പരിപൂർണ്ണതയ്ക്കോ വികാസത്തിന്നോ അവ തെല്ലുമാവശ്യവുമല്ല.

2. പ്രാകൃതിക പരിണാമവാദം: ഹെഗലും സ്പെൻസറുമാണ് ഇതിന്റെ ഉപജ്ഞാതാക്കൾ: പ്രകൃതിയുടെ അപ്രശ്യപരിണാമഫലമോ അതിന്റെ അവസാനഘട്ടമോ ആണ് രാഷ്ട്രമെന്ന് അവർ അഭിപ്രായപ്പെടുന്നു.

3. പ്രകൃതിസ്ഥാപനവാദം: ദൈവം മനുഷ്യനെ സാമൂഹ്യജീവിയായി സൃഷ്ടിച്ചു. അവന്റെ സ്വാഭാവികാവശ്യങ്ങളിൽനിന്നും വാസനകളിൽനിന്നും ഉടലെടുത്തതാണ് രാഷ്ട്രം. പ്രകൃതിയുടെ ഒരു സ്ഥാപനമാണ് രാഷ്ട്രമെന്നുള്ള വാദം അതിന്റെ ധാർമ്മികാടിസ്ഥാനത്തെയും ഘടനയെയും സ്പഷ്ടമാക്കുന്നു.

## A സാമൂഹികക്കരാർവാദം (Social Contract Theory)

**90. ചരിത്രപശ്ചാത്തലം:** സാമൂഹികക്കരാറിനെക്കുറിച്ചുള്ള സൂചനകൾ പുരാതനഗ്രന്ഥകാരന്മാരിൽ കാണാവുന്നതാണ്. സിസറോയും ഹോറസും മാനവസമുദായത്തിന്റെ പ്രാരംഭദശയെ വിശദീകരിക്കുന്നതിങ്ങനെയാണ്: പ്രകൃതി നല്കുന്ന ഫലമൂലാദികളെമാത്രം ആശ്രയിച്ച്, ബുദ്ധിയേക്കാൾ കൂടുതലായി വാസനകളെ പിന്തുടർന്നു വന്യവും അസ്ഥിരവുമായ ഒരു ജീവിതമാണ് അന്നുള്ളവർ നയിച്ചിരുന്നത്. അന്യോന്യം ഉപദ്രവിക്കാതിരിക്കുവാനും വന്യമൃഗങ്ങളുടെ ആക്രമണങ്ങളെ സംഘാതമായി നേരിടുവാനും മനുഷ്യൻ നിർമ്മിച്ച ഏതാനും ഉടമ്പടികൾ മാത്രമാണ് പ്രകൃതിനിയമങ്ങൾ എന്ന് എപ്പിക്കൂറസും പ്രസ്താവിച്ചിരിക്കുന്നു. ബൈബിളിന്റെ സ്വകാര്യസ്വാതന്ത്ര്യവ്യാഖ്യാനം മൂലപ്രമാണമാക്കുന്ന പ്രോട്ടസ്റ്റാൻറുകാർ, "ജനകീയമനസ്സി"ന്നു സർവ്വനിർണ്ണയാധീശാത്വം നല്കിക്കൊണ്ട് സാമൂഹ്യോടമ്പടിവാദത്തെ സർവ്വഥാ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. റൂസ്സോയും ഹോബ്സുമാണ് ഇതിന്റെ പ്രണേതാക്കൾ എന്നു പറഞ്ഞുവല്ലോ. അവരിരുവരും, വിഭിന്നരീതിയിലെങ്കിലും, വാദിച്ചു, രാഷ്ട്രോല്പത്തിക്കുമുമ്പ് മനുഷ്യൻ ഒരുതരം പ്രാകൃതജീവിതം നയിച്ചുവെന്നും ഒരു

സാമൂഹ്യോടമ്പടിമൂലം മാത്രമാണ് രാഷ്ട്രങ്ങൾ ഉടലെടുത്തതെന്നും. ജോൺ ലോക്കിൻെറ (1632-1754) വാദം റൂസ്സോയുടേതിനു സദൃശമാകയാൽ ഇവിടെ ചേർക്കുന്നില്ല.

**91. തോമസ് ഹോബ്സ്:** സമുദായം സ്വാഭാവികസമൂഹമല്ല, തികിച്ചും കൃത്രിമമായ ഒന്നാണെന്ന് ആംഗ്ലേയപണ്ഡിതനായ ഹോബ്സു പ്രഖ്യാപിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മനുഷ്യൻ സ്വതവേ സമൂഹവിരുദ്ധനാണ്, വനേചരതുല്യമായിരുന്നു മനുഷ്യൻെറ ജീവിതരീതിയെന്നും പരസ്പരം മല്ലടിച്ചും രോഗ-മരണമുക്തി ആഗ്രഹിച്ചും സ്വാതന്ത്ര്യനിറഞ്ഞും അവൻ ജീവിച്ചുവെന്നുമാണ് അദ്ദേഹത്തിൻെറ അഭിമതം "മനുഷ്യർ അന്യോന്യം കീരിയും പാമ്പുംപോലെ കരുതി. സർവ്വാധീശത്വമുള്ള ഒരധികാരിയുടെ അഭാവത്തിൽ കൂട്ടജീവിതം ആനന്ദത്തേക്കാൾ കൂടുതൽ ദുഃഖമാണു നല്കിക്കൊണ്ടിരുന്നതു്. ആകയാൽ എല്ലാവരേയും ഭയപ്പെടുത്തി ഭരിക്കുന്ന ഒരു ശക്തിയില്ലാതിരിക്കെ മനുഷ്യർ പരസ്പരം മല്ലടിച്ചു ജീവിച്ചുപോന്നു." *

ഈ സാഹചര്യങ്ങളിൽ ജീവിതം ദുർവ്വഹമായിത്തോന്നുകയാൽ സ്വാർത്ഥോദ്ദേശ്യംമൂലംതന്നെ മററു മനുഷ്യരുമായി ഒരു സന്ധിക്കു മനുഷ്യൻ തയാറായി. പരസ്പരസഹിഷ്ണുതയും സമാധാനവും സ്ഥാപിക്കുകയായിരുന്നു അതിൻെറ ലക്ഷ്യം. വ്യക്തികളുടെ അവകാശങ്ങളെ സമൂഹത്തിനു അടിയറവുവച്ചുകൊണ്ടാണ് ഇതു സാധിച്ചതു്. സാമൂഹ്യക്കരാറിനു പ്രേരിപ്പിച്ച അതേ സ്വാർത്ഥതതന്നെ, അതിൻെറ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ ഒരധികാരത്തേയും ആവശ്യപ്പെട്ടു. അങ്ങനെ തങ്ങളെ ഭരിക്കുവാൻ അധികാരശക്തികളുള്ള ഒരാളെ അവർ സ്വീകരിച്ചു. തൽഫലമായി വ്യവസ്ഥാപാലനാർത്ഥം അധികാരികൾ ഉടലെടുത്തു. അവരുടെ അധികാരമാകട്ടെ പൊതുജനങ്ങളുടെ നിർണ്ണയശക്തിയുടെ ഒരു ബഹിർസ്ഫുരണമായിരുന്നു. തന്മൂലം അതു് നിസ്സീമവും പരമശക്തവുമായിരുന്നു.

ഇതാണു ചുരുക്കത്തിൽ ഹോബ്സിൻെറ രാഷ്ട്രോല്പത്തിവാദം. സാമൂഹ്യക്കരാറിനുമുമ്പ് എല്ലാ മനുഷ്യർക്കും എല്ലാ വസ്തുക്കളിന്മേലും പരമാധികാരമുണ്ടായിരുന്നതിനാൽ നീതി, അനീതി തുടങ്ങിയ ധാർമ്മികബോധമൊന്നും അന്നില്ലായിരുന്നു; തന്മൂലം നന്മതിന്മാവിവേ

---

* T. Hobbes, Leviathan chap. xxii,

ഗ്രന്ഥകാരന്റെ രാജ്യ ...



ചനത്തിനും സ്ഥാനമുണ്ടായിരുന്നില്ല. പൊതുജനമനസ്സിൻെറ പ്രകാശനമായ ഉടമ്പടിയുടെ ആവിർഭാവംശേഷം മാത്രമാണ് എല്ലാ സാമൂഹ്യ രാഷ്ട്രീയകടമകളും അവകാശങ്ങളും, നന്മതിന്മാബോധവും ഉടലെടുത്തതു്. അങ്ങനെ വ്യക്തികളെല്ലാം തങ്ങളുടെ അവകാശങ്ങൾ അധികാരത്തിനു അടിയറവുവയ്ക്കുകയും, ആ അവകാശാധികാരങ്ങളുടെ പരിണതഫലമായി അധികാരം രൂപംകൊള്ളുകയും ചെയ്തതിനാൽ, രാജാവിനേയോ അധികാരിയേയോ ആക്കും യാതൊരു കാരണവശാലും മാററിക്കൂടാ

രാജസർവ്വാധിപത്യത്തെ അഷ്ടഗന്ധമിട്ടുറപ്പിക്കുവാൻ ഹോബ്സിൻെറ ഈ വാദംപോലെ പറ്റിയ മറെറാന്നില്ല. രാജാവിനെ അധികാരഭ്രഷ്ടനാക്കുവാനോ എതിർക്കുവാനോ ചെയ്യുന്നതെന്തും സത്താപരമായി ഈ സാമൂഹികഉടമ്പടിയുടെ ലക്ഷ്യത്തിനും പ്രകൃതിക്കും കടകവിരുദ്ധമാണ്. ഇംഗ്ലണ്ടിലെ സ്ററുവാർട്ടു് രാജാക്കന്മാരുടെ തീക്ഷ്ണശാലിയായ സംരക്ഷകനായിരുന്നു ഹോബ്സ്. അതായിരിക്കാം, രാജസർവ്വാധിപത്യം പ്രഖ്യാപിക്കുന്ന ഈതത്വം ഇത്ര മുറുകെപ്പിടിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം.

**92. ജെ. ജെ. റൂസ്സോ:** "സാമൂഹ്യവിരുദ്ധനാണ് മനുഷ്യൻ" എന്നതായിരുന്നു ഹോബ്സിൻെറ വാദമെങ്കിൽ "സമൂഹാതീതനാണ് (Extrasocial) മനുഷ്യൻ" എന്നതായിരുന്നു റൂസ്സോയുടെ സിദ്ധാന്തം. സമുദായാംഗമാകാതെ, മനുഷ്യൻ ഒററപ്പെട്ടു ജീവിച്ചിരുന്നപ്പോൾ, അവൻ നിഷ്കളങ്കനും ഉത്തമനും സന്തോഷചിത്തനും സ്വതന്ത്രനുമായിരുന്നുപോലും! റൂസ്സോ ആദിമമനുഷ്യനെപ്പററി ഇപ്രകാരമെഴുതിയിരിക്കുന്നു: "ഓക്കുമരത്തണലിലിരുന്നു അതു നല്കിയിരുന്ന ഫലങ്ങൾ ഭുജിച്ചു്, അടുത്ത അരുവിയിൽനിന്നും ദാഹം ശമിപ്പിച്ചു്, ആ മരത്തണലിൽത്തന്നെ ശയ്യയൊരുക്കി സർവ്വാഭീഷ്ടസംതൃപ്തനായി കഴിഞ്ഞിരുന്ന ആദിമമനുഷ്യനെ ഞാൻ ഭാവനയിൽ ദർശിക്കുന്നു." [1]

എന്നാൽ, ആ ആനന്ദസുദിനങ്ങൾ അധികനാൾ നീണ്ടുനിന്നില്ല. സാമൂഹികാസമത്വങ്ങൾമൂലം ഉള്ളവരും ഇല്ലാത്തവരുംതമ്മിൽ സമരമായി. അതിനാൽ മനുഷ്യർ അവരെ നിയന്ത്രിച്ചു ഭരിക്കുന്ന, അധികാരമുള്ള ഒരു സമുദായത്തിൽ ഒരുമിച്ചുവസിക്കുവാൻ സമ്മതിച്ചു. ഇതനുസരിച്ചു ഭൂരിപക്ഷം പ്രകാശിപ്പിച്ച സംഘാതമനസ്സിനു് വ്യക്തി

1 Conf. Discourse... Part I, chap. 23.

കാം തങ്ങളുടെ പ്രത്യേകാവകാശങ്ങളും സ്വാതന്ത്ര്യവും അടിയറവെച്ചു. ഭൂരിപക്ഷപ്രാതിനിധ്യമുള്ള കാലത്തോളം ഈ അധികാരം തകർച്ചയറ്റതും ശാശ്വതവുമായിരിക്കും.

യൂറോപ്പിൽ വിശേഷിച്ച്, ഫ്രാൻസിൽ റൂസ്സോയുടെ സിദ്ധാന്തങ്ങാംക്ക് അഭൂതപൂർവ്വമായ സ്വാഗതമാണു ലഭിച്ചതു്. പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ വിനാശകരങ്ങളായ അനവധി ദുരന്തങ്ങാം സൃഷ്ടിക്കുവാൻ അതു സഹായിക്കുകയുംചെയ്തു. റൂസ്സോയുടെ ഈ സിദ്ധാന്തങ്ങളുടെ അന്ധമായ ഒരു പ്രയോഗമായിരുന്നു, അതിദാരുണവും ഭീകരവുമായ ഫലങ്ങാം പുറപ്പെടുവിച്ച ഫ്രഞ്ചുവിപ്ലവവും അതിലെ ഭീകര പൈശാചികക്രൂരതകളും. എന്നാൽ ഈ വാദത്തിൻെറ വെളിച്ചത്തിൽ, സമസ്താധികാരകേന്ദ്രവും പരമാധികാരികളുമായ ബഹുജനങ്ങളുടെ അവകാശസ്ഥിതീകരണത്തിൻെറ രക്തസാക്ഷിത്വമായിരുന്നു അതു്!

## 93. സാമൂഹ്യോടമ്പടിവാദത്തിൻെറ വിമർശനം:

ഹാബ്സിൻെറ തിയറിയെക്കാം റൂസ്സോയുടെ വാദം നമുക്കു കാര്യമായി വിമർശിക്കാം. കാരണം, വ്യക്തികാംക്കും കുടുംബത്തിനും സമുദായത്തിനും ഇതാണ് കൂടുതൽ ആപൽക്കരം. ഈ വാദം (i) അടിസ്ഥാനരഹിതമാണ്; (ii) അതിൽത്തന്നെ വൈരുദ്ധ്യംനിറഞ്ഞതാണ്; (iii) ദുരന്തഫലം ഉളവാക്കുന്നതുമാണ്.

i) <u>അടിസ്ഥാനരഹിതമാണ്:</u> ഈ വാദത്തിനു് അടിസ്ഥാനമായി ഒരൊററ ചരിത്രസംഭവമോ ഉദാഹരണമോ ഉദ്ധരിക്കുവാൻ റൂസ്സോയ്ക്കു കഴിഞ്ഞിട്ടില്ല; അദ്ദേഹം അതിനു ശ്രമിച്ചിട്ടുമില്ല. സ്വകപോലകല്പിതമായ ഈ പരിണാമക്രമവും വിശദീകരണവും, ചരിത്രപരമായി തെളിയിക്കുക സാധ്യമല്ലെന്നു തൽപ്രണേതാക്കാം തന്നെ സമ്മതിക്കുമെങ്കിലും, രാഷ്ട്രോല്പത്തിയുടെ ഏകവിശദീകരണമായി ഈ ഒരു വാദമേയുള്ളുവെന്നും അതിനാൽ അതു സ്വീകരിച്ചേ തീരൂ എന്നും അവർ ശഠിക്കുകയാണു ചെയ്യുക.

ഇന്നുള്ള ആദിമവാസികളെ നാം നിരീക്ഷിച്ചാലും, ഹാബ്സ് പറയുന്നതുപോലെ അവർ നിരന്തരം പടവെട്ടുകയോ, റൂസ്സോ അഭിപ്രായപ്പെടുന്നതുപോലെ വെറും കാടൻജീവിതം നയിക്കുകയോ ചെയ്തിരുന്നില്ലെന്നു കാണാം. ഉന്നതമതധാർമ്മികമൂല്യങ്ങാം പുലർത്തുന്നവർ അവരിൽ പലരുമുണ്ട്. (കുടുംബത്തെപ്പററിയുള്ള അദ്ധ്യായം കാണുക) വീണ്ടും, രാഷ്ട്രം ഒരു സാമൂഹ്യക്കരാറിൻെറ ഫല

മെങ്കിൽ ആ അധികാരശക്തിതന്നെ കാലക്രമത്തിൽ നശിച്ചുപോവാൻ ഇടയുണ്ട്. എന്നാൽ എക്കാലത്തും ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സംവിധാനം നിലവിലിരുന്നിട്ടുണ്ടെന്നു ചരിത്രപഠിതാക്കൾക്കറിയാം. ഇതിൽനിന്നു വ്യക്തമാകുന്നു, സാമൂഹ്യക്കരാറല്ല രാഷ്ട്രോത്ഭവകാരണമെന്നു്. അനുഭവവും തത്വശാസ്ത്രവും നമ്മെ പഠിപ്പിക്കുന്നു, യാദൃച്ഛികവും ബാഹ്യമാത്രവുമായവ താമസിയാതെ നശിക്കുമെന്നും സത്താപരവും പ്രാകൃതികവുമായവ മാത്രമേ നിലനില്ക്കുകയുള്ളൂ എന്നും.

ii) ഈ വാദം വൈരുദ്ധ്യാത്മകമാണ്: വ്യക്തികൾ മൌലികാവകാശങ്ങളും സ്വാതന്ത്ര്യവും സംഘാതമനസ്സിന് അഥവാ അധികാരത്തിന് അധീനപ്പെടുത്തുന്നുവെന്നു പറയുന്ന അതേ ശ്വാസത്തിൽത്തന്നെ അവർ പറയും, അങ്ങനെ അടിയറവച്ചശേഷവും അതേ അവകാശാധികാരങ്ങൾ ഓരോ വ്യക്തിക്കും, അലംഘനീയമാംവിധം ആസ്വദിക്കുവാൻ അവകാശമുണ്ടെന്നും. ഇതിൽപ്പരം വൈരുദ്ധ്യം എവിടെ കണ്ടെത്തുവാൻ കഴിയും? വ്യക്തികളുടെ പ്രകൃതിയിൽ കാതലോളം കലർന്നിരിക്കുന്ന ഈ അലംഘനീയാവകാശങ്ങളെ, ഒരിക്കലും തിരിച്ചെടുക്കാൻ പാടില്ലാത്തവിധം എങ്ങനെ ഈ സംഘാതമനസ്സിന് ഒന്നാകെ അടിയറവയ്ക്കും എന്നതും മനസ്സിലാക്കാൻ പ്രയാസമാണ്.

iii) ഘോരന്തഫലങ്ങളാണ് ഈ തത്വത്തിന്റെ അനന്തരഫലം: ഈ വാദമനുസരിച്ച്, സാമൂഹികമായ സർവ്വാധികാരവും ജനങ്ങളിൽനിന്നാണു പ്രവഹിക്കുക. അതു ഭരണാധിപരിൽ കേന്ദ്രീകരിക്കപ്പെടുന്നു; തന്മൂലം, അവരെ അധികാരഭാണ്ഡാഗാരങ്ങളെന്നു വിളിക്കാം. ഭരണാധികാരിയുടെ ശക്തി ഇപ്രകാരം ജനഹിതാഭിലാഷങ്ങൾക്കു വിധേയമാണ്. ന്യായമായ സാമൂഹികകാരണങ്ങൾ കൂടാതെതന്നെ ഭരണാധിപരെ ഇഷ്ടമുള്ളപ്പോൾ അവർക്കു പുറംതള്ളാം. ഫലമോ? രാഷ്ട്രം ഏതവസരത്തിലും അരാജകത്വത്തിനു വിധേയമാകുന്നു.

സമുദായത്തിനുവേണ്ടി ഓരോ വ്യക്തിയും അലംഘനീയങ്ങളായ മൗലികാവകാശങ്ങൾ ബലികഴിക്കണമെന്നും ഈ ഉടമ്പടിവാദം അനുശാസിക്കുന്നു. അങ്ങനെ രാഷ്ട്രം സമസ്താധികാരകേന്ദ്രമായിത്തീരുന്നു. റൂസ്സോ പറയുന്നു: "ആരെയെല്ലാം ജയിലിലിലടയ്ക്കണമെന്നും വധിക്കണമെന്നും നിർണ്ണയിക്കുക രാഷ്ട്രമാണ്." (നീതിമണ്ഡലമോ ധാർമ്മികനിയമമോ അല്ല എന്നു വ്യംഗ്യം.) ഇതിന്റെ

ഷേരു സുസംഘടിതസ്വേച്ഛാധിപത്യമെന്നല്ലെങ്കിൽ പിന്നെ എന്തായിരിക്കണം? വീണ്ടും, ഇവർ വിഭാവനംചെയ്യുന്ന സാമൂഹ്യക്കരാറിനു മുമ്പുള്ള പ്രാകൃതദശയിലും ഏതെങ്കിലും തരത്തിലുള്ള ഒരു സമൂഹത്തിലാവണം മനുഷ്യൻ ജീവിച്ചതു്. മാത്രമല്ല, സാമൂഹ്യക്കരാറിനുവേണ്ട ആശയങ്ങളും മനസ്സംസ്കരണവും അത്തരം ഒരു സമൂഹജീവിതത്തിൽ നിന്നല്ലാതെ സിദ്ധിച്ചിട്ടുണ്ടാകാൻ നിവൃത്തിയുമില്ല

നിഗമനങ്ങൾ: ഈ സിദ്ധാന്തത്തിൻെറ സ്വാഭാവികഫലങ്ങൾ താഴെപ്പറയുന്നവയായിരിക്കും:—

1) രാഷ്ട്രത്തിൽനിന്നുത്ഭവിക്കുന്നുവെന്നു് അവർ പറയുന്ന, സ്വകാര്യസ്വത്തുടമാവകാശം തുടങ്ങിയ എല്ലാ സാമൂഹ്യാവകാശങ്ങളുടേയും കേന്ദ്രസ്ഥാനം രാഷ്ട്രം മാത്രമായിരിക്കും.

2) വിദ്യാഭ്യാസാവകാശവും രാഷ്ട്രത്തിൻേറതുമാത്രമായിരിക്കും.

3) രാഷ്ട്രം നിർണ്ണയിക്കുന്ന വിശ്വാസസംഹിതയും ആരാധനാസമ്പ്രദായങ്ങളും സ്വീകരിക്കുവാൻ പൗരന്മാർ ബാധ്യസ്ഥരാകും.

## B. പരിണാമവാദം.

**94.** പരിണാമസിദ്ധാന്തം മൗലികമായി സാമൂഹ്യക്കരാറിനു നേരെ എതിരാണു്. കാരണം ആത്മീയ–ഭൗതികസത്തകളെല്ലാം അവശ്യം കടന്നുപോകേണമെന്നവർ വാദിക്കുന്ന പരിണാമത്തിൻെറ അവസാനത്തെ അവശ്യരൂപമാണു് രാഷ്ട്രം. അങ്ങനെ പ്രകൃതിയുടെ അവശ്യപരിണാമത്തിൻെറ അവസാനഫലമാണു് സമുദായവും രാഷ്ട്രവും മററു സാമൂഹ്യസ്ഥാപനങ്ങളും; അല്ലാതെ മനുഷ്യമനസ്സിൻെറ സ്വതന്ത്രസൃഷ്ടിയൊന്നുമല്ല. പരിണാമവാദമെന്ന പേരിൽ പല ചിന്താഗതികളുമുണ്ടു്. അവയിൽ ഏററവും പ്രധാനങ്ങളായ ഹെഗ്ഗലിൻേറയും, സ്പെൻസറുടേയും വാദഗതികളെമാത്രം നമുക്കിവിടെ ചർച്ച ചെയ്യാം.

**95. ഹെഗേലീയൻ പരിണാമവാദം:** ഹെഗലിൻെറ അഭിപ്രായത്തിൽ "അനന്തജ്ഞാന" (absolute idea) ത്തിൻെറ പരിണാമഫലമാണു ലോകം. അതിനാൽ, ഈ വാദത്തെ "വൈജ്ഞാ

നികവിശ്വദേവതാവാദം" (logical pantheism) എന്നു വിളിക്കാം. സുലളിതസത്തയായ പരമാശയത്തിൽനിന്നു വിവിധസത്തകളുടെ രൂപങ്ങളിലേക്കു "അനന്തജ്ഞാനം" വികസിക്കുന്നു. പിന്നീടതു സ്വയം ബാഹ്യരൂപം സ്വീകരിച്ചു പ്രകൃതിയായി പരിണമിക്കുന്നു. അനന്തജ്ഞാനം അതിൻെറ പൂർണ്ണത നേടുന്നതു് ഈ പരിണാമം അഥവാ, രൂപപ്പെടൽ വഴിയാണ്; ഈ വികാസത്തിൻെറ വിവിധ ഘട്ടങ്ങളാണ് പ്രപഞ്ചചരിത്രം. അങ്ങനെ ചരിത്രപരിണാമത്തിലെ മഹത്തായ ദശകളാണ് പൗരസ്ത്യ-യൗനായ-റോമൻ സംസ്കാരങ്ങളിൽ നാം കാണുക. എന്നാൽ, ആധുനിക ജർമ്മൻസംസ്കാരമാണ് ഈ പരിണാമത്തിൻെറ ഏററവും മഹത്തരവും അവസാനത്തേതുമായ ഘട്ടം അതുകൊണ്ടാണ് ഹെഗൽ ഉൽഘോഷിച്ചതു്, ജർമ്മൻ സംസ്കാരത്തിൻെറ അജയ്യശക്തിമൂലം അവരാം ലോകരാഷ്ട്രങ്ങളെയെല്ലാം അതിലംഘിക്കുമെന്നു്. *

വീണ്ടും, രാഷ്ട്രത്തിൽ നിന്നാണു വ്യക്തികൾക്കു് ആത്മീയ സത്തയും പ്രാധാന്യവും ലഭിക്കുക. തങ്ങൾ അവശ്യം ബന്ധപ്പെട്ടു നില്ക്കുന്ന രാഷ്ട്രശരീരത്തിൻെറ ഒരു ഘടകമെന്ന നിലയിലല്ലാതെ സ്വന്തമായ ഒരസ്തിത്വം വ്യക്തികൾക്കില്ല. വ്യക്തികൾക്കുമാത്രം ബാധകമാകുന്ന, സാധാരണ ധാർമ്മികനിയമങ്ങൾക്കും വിമർശനങ്ങൾക്കും അതീതമാണ് ദൈവികത്വമുള്ള രാഷ്ട്രം. ദിവ്യരാഷ്ട്രത്തിൻെറ മനസ്സു പ്രകൃത്യാ അപ്രമാദിത്വമുള്ളതുമായിരിക്കുമല്ലോ.[1]

**96. ഹെർബർട്ട് സ്പെൻസർ:** വ്യക്തമായ ഹെഗേലിയൻ പരിണാമവാദവും ഡാർവ്വിൻെറ ക്രിയാത്മക പരിണാമവാദവും സംയോജിപ്പിച്ചു് ഈ ആംഗ്ലേയപണ്ഡിതൻ ഭൗതികലോകത്തെസ്സംബന്ധിക്കുന്ന ഒരു സിദ്ധാന്തമുണ്ടാക്കി. അതനുസരിച്ചു്, ഇടതടവില്ലാതെ പുരോഗമിക്കുന്ന പരിണാമങ്ങളുടെ ഫലമായി, താഴ്ന്ന ഭൗതി

* Cfr. Collins J., A History of Modern European philosophy The Bruce Publishing Co., Milwaukee, 1956, pp. 600, 661, and Mascia Carmin, A History of philosophy, St. Anthony Press, New Jersey 1957, pp. 408—413.

1. Kilser and Ross, Western Social Thought, The Bruce Publishing Co., Milwaukee, 1954, art. Hegel, pp. 225—228. Also W. T. Stace, The philosophy of Hegel, Dover Publication, U. S. A. 1955, pp. 405—438.

കമണ്ഡലത്തിൽനിന്ന രൂപം കൊണ്ടുവരാണ് മനുഷ്യരും മററെല്ലാ വസ്തുക്കളും. തന്മൂലം, സ്പെൻസറുടെ വീക്ഷണത്തിൽ, അപൂർണ്ണവസ്തുക്കളിൽനിന്നും വിവിധ പരിണാമദശകൾ കടന്നു രൂപംപൂണ്ട ഒരു വൻപിച്ച സംഘടനയാണു രാഷ്ട്രം. സ്പെൻസർപ്രഭൃതികളുടെ ആശയഗതി നമുക്കിങ്ങനെ സംഗ്രഹിക്കാം:—

1) പരിണാമമാരംഭിക്കുന്നതു് ഹെഗൽ പറയുമ്പോലെ അനന്തജ്ഞാനത്തിൽ നിന്നല്ല, കേവലം പദാർത്ഥങ്ങളിൽനിന്നാണു്.

2) പരിണാമത്തിൽ മൂന്നു ഘട്ടങ്ങളുണ്ടു്—അജീവം, സജീവം, സാമൂഹികം, ഭൂമി ഉൾപ്പെടെയുള്ള ഗ്രഹങ്ങൾ രൂപം പൂണ്ടതു് ഒന്നാം ഘട്ടത്തിലാണു്. മനുഷ്യനടക്കം സസ്യവർഗ്ഗങ്ങളും മൃഗവർഗ്ഗങ്ങളും രണ്ടാം ഘട്ടത്തിലുണ്ടായി. മൂന്നാം ഘട്ടത്തിൽ സമൂഹങ്ങൾ രൂപം പൂണ്ടു. സാമൂഹ്യസ്വഭാവം സ്വീകരിക്കുവാൻ ആദിമമനുഷ്യനു വളരെക്കാലം വേണ്ടിവന്നു. അക്കാലത്തു് അവർ വൈവാഹികനിബന്ധനകളില്ലാതെ ജീവിച്ചുപോന്നു. ഏകഭാര്യാത്വരീതിയാണു് ഈ കാലഘട്ടത്തിൻെറ അവസാനം കുറിക്കുക. ഇങ്ങനെ വിവിധ പരിണാമഘട്ടങ്ങൾ കടന്നാണു രാഷ്ട്രം രൂപം പൂണ്ടതു്.

3) ജീവമണ്ഡലത്തിനും അതിജീവമണ്ഡലത്തിനും ഇടയ്ക്കുള്ള വിഭജനരേഖ കൃത്യമായി നിർണ്ണയിക്കുക ദുഷ്കരമാണു്. വളരെ സാവധാനത്തിലാണു് പ്രഥമമണ്ഡലത്തിൽനിന്നു ദ്വിതീയമണ്ഡലം സംജാതമായതു്. *

## C. പരിണാമവാദനിരൂപണം.

**97.** സാമൂഹ്യക്കരാറുവാദത്തിനെതിരെയുള്ള ഒരു പ്രതികരണമായി ഇതിനെ കണക്കാക്കാം. ഇതിനനുകൂലമായി നമുക്കു പറയാവുന്ന ഏകകാര്യം രാഷ്ട്രരൂപവത്കരണത്തിൽ പ്രകൃതിസഹജവും സ്വാഭാവികവുമായ ഒരു ഘടകം ഇതംഗീകരിക്കുന്നുവെന്നതാണു്.

* Herbert Spencer, The principles of Sociology, vol. I. pp. 3—104, Williams, London, 1957.

എന്നാൽ, അതിൻെറ ന്യൂനതകൾ ബഹുലങ്ങളാണ്; പോരാ, അതൊരർദ്ധസത്യംമാത്രമാണ്; അബദ്ധതത്വങ്ങളിൽ അധിഷ്ഠിതമാണ്; അബദ്ധതത്വങ്ങളിലേക്ക് നമ്മെ ആനയിക്കുന്നതുമാണ്.

1) അതൊരർദ്ധസത്യമാണ്: മനുഷ്യരിലെന്നപോലെ സമുദായത്തിലും പ്രകൃതിയുടെ ചില സ്ഥായിയായ നിയമങ്ങൾ അതിപ്രധാനമായ പങ്കുവഹിക്കുന്നു. അതിനാൽ സാമൂഹ്യോടമ്പടിക്കെതിരേ, കുടുംബത്തിൻേറയും സ്വകാര്യസ്വത്തിൻേറയും സ്ഥാപനം പ്രകൃതിയിൽനിന്നാണെന്ന പരിണാമവാദികളുടെ അഭിപ്രായം ശരിയാണ്. എന്നാൽ, ഓരോ രാഷ്ട്രത്തിൻെറയും രൂപവൽകരണത്തിൽ നേരിട്ടു പങ്കുവഹിക്കുന്ന ഒരു ഘടകമായി സ്വതന്ത്രമനസ്സിനെ പരിണാമക്കാർക്കെതിരെ നാം ഉയർത്തിക്കാണിക്കണം.

സാമൂഹ്യക്കരാറുകാരുടെ തെററ് പ്രകൃതിവാസനകളെ അവഗണിക്കുന്നതാണെങ്കിൽ, രാഷ്ട്രരൂപവൽകരണത്തിൽ ഒരു അവശ്യഘടകമായ സ്വതന്ത്രമനസ്സിനെ അവഗണിക്കുന്നതാണ് പരിണാമവാദത്തിൻെറ അബദ്ധം.

2) തെററായ സിദ്ധാന്തങ്ങളാണ് അതിൻെറ അടിസ്ഥാനം: ഉദാഹരണമായി, ഹെഗലിൻെറ വിശ്വദേവതാവാദവും സ്പെൻസറുടെ പരിണാമവാദവും അതു സ്വീകരിച്ചംഗീകരിക്കുന്നു. ഹെഗലിൻെറ വാദമനുസരിച്ച്, പരിണാമവിധേയനായ സർവ്വസമ്പൂർണ്ണനും മററു വസ്തുക്കളും ഒന്നുതന്നെ. ദൈവവും പ്രകൃതിയുംതമ്മിൽ സത്താപരമായുള്ള അന്തരം അങ്ങനെ നിഷേധിക്കപ്പെടുന്നു. വ്യക്തിത്വമുള്ള ഒരു ദൈവത്തേയും ഈ വാദം അവഗണിക്കുകയാണു ചെയ്യുന്നതു്.

3) സ്പെൻസറുടെ ഭൗതികപരിണാമവാദം ഒരു തെളിവല്ല: അന്തർലീനശക്തികളെ പ്രത്യക്ഷമാക്കിക്കൊണ്ട് അപൂർണ്ണഭൗതികരൂപങ്ങൾ ശ്രേഷ്ഠതരരൂപങ്ങളായി മാറുന്നുവെന്നു സ്പെൻസറിൻെറ സിദ്ധാന്തം പഠിപ്പിക്കുന്നു. എന്നാൽ, എല്ലാ പ്രകൃതിവസ്തുക്കളും ഇങ്ങനെ പരിണാമവിധേയമാകുന്നു എന്നതു് വെറുമൊരഭ്യൂഹംമാത്രമാണ്. നിർജ്ജീവവസ്തുക്കളിൽനിന്ന് മററിടപെടലൊന്നുംകൂടാതെ സ്വതവേ ജീവവസ്തുക്കളോ, മനുഷ്യജാതിയിൽനിന്നല്ലാതെ മനുഷ്യരോ ഉണ്ടാകുമെന്നതു് ഇനിയും തെളിയിക്കപ്പെട്ടിട്ടില്ല. ഒ. എസ്. "ഒന്യാച്ചി"ൻെറ വാക്കുകളുദ്ധരിക്കാം. "സ്പെൻസർ തൻെറ സിദ്ധാന്ത

ങ്ങറം കായീകപരിണാമങ്ങളിൽമാത്രം ഒതുക്കിനിറുത്തിയിരുന്നുവെങ്കിൽ അതു് ക്രിസ്ത്യൻ ചിന്താഗതിക്കു് വിരുദ്ധമാകയില്ലായിരുന്നു; തെളിയിക്കപ്പെടാത്ത വെറുമൊരഭ്യൂഹം മാത്രമാണതെങ്കിലും. സ്പെൻസറാകട്ടെ, മനുഷ്യന്റെ ബുദ്ധിപരമായ വശങ്ങറംപോലും പരിണാമപരിധിയിൽ പെടുത്തുന്നു ചുരുക്കത്തിൽ: ആദിയിൽ ബുദ്ധിയുള്ള മനുഷ്യനും ബുദ്ധിയില്ലാത്ത മൃഗങ്ങളും തുല്യരായിരുന്നു ക്രമേണ പരിണാമംമൂലമാണു മൃഗീയനിലയിൽനിന്നും ഇന്നത്തെ ബുദ്ധിമണ്ഡലത്തിലേക്കു മനുഷ്യൻ ഉയന്നതു്; വസ്തുപരമായി, മനുഷ്യരും മൃഗങ്ങളും തുല്യരാണു്. പരിണാമപുരോഗതിയുടെ അളവിൽ മാത്രമാണു് അവർ തമ്മിൽഭിന്നത.

ഈ അഭിപ്രായം തീർത്തും തെററാണു്; അംഗീകൃതമായ ഏതൊരു തെളിവിനും വിരുദ്ധവുമാണു്. അതിപുരാതനയുഗത്തിലെ ചരിത്രാതീതശാസ്ത്രം, നാഗരികതയുടെയും കലയുടെയും പുരോഗമനത്തിന്റെയും ശോഭായമാനമായ കാൽപ്പാടുകറം അവിടെ കണ്ടെത്തിയിരിക്കുന്നു. നരവംശശാസ്ത്രം, ചരിത്രാതീതകാലത്തിൽപോലും ഇന്നുള്ള മനുഷ്യരേക്കാറം നിലവാരംകുറഞ്ഞ ഒരു ജീവിയെപ്പററിയും യാതൊരു സൂചനയും തരുന്നില്ല. ശാരീരികമായല്ലാതെ ബുദ്ധിമേഖലയിൽ അതിന്റെ സത്താപരമായ പ്രവത്തനങ്ങളിൽ—ആധുനികമനുഷ്യനും പുരാതനമനുഷ്യരുംതമ്മിൽ യാതൊരു വ്യത്യാസവുമില്ല. *

ജീവിപരിണാമത്തിന്റെ കായികവശത്തെപ്പററിയുള്ള അഭ്യൂഹം. സാമൂഹ്യശാസ്ത്രജ്ഞന്മാർ പരക്കെ സ്വീകരിക്കുമെങ്കിലും സാമൂഹിക അഥവാ സാംസ്കാരികപരിണാമത്തെ അവരെല്ലാം തന്നെ നിഷേധിക്കുകയാണു്. ആധുനിക നരവംശശാസ്ത്രത്തിന്റെ പരീക്ഷണഗവേഷണങ്ങറം പുരോഗമിച്ചതോടെ സാംസ്കാരികപരിണാമവാദത്തിന്റെ മരണമണി മുഴങ്ങിത്തുടങ്ങി. ഈ വാദത്തിന്റെ അബദ്ധം, ആധുനികരും പ്രാചീനരുമായ ആദിമമനുഷ്യർക്കിടയിൽ നടത്തിയ നരവംശശാസ്ത്രഗവേഷണ പരീക്ഷണഫലങ്ങറം തെളിയിച്ചുകാട്ടി.

സാമൂഹ്യപരിണാമവാദികറംക്കു് പരിണാമത്തെയും വസ്തുങ്ങളുടെ നവ്യശക്തിയേയും സംബന്ധിക്കുന്ന പല പ്രധാന കാര്യങ്ങളും വിശദീകരിക്കുവാൻ സാധിക്കുന്നില്ല. വിവാഹത്തിന്റെ താഴ്ന്ന ഘട്ടങ്ങറം കൂടാതെയുള്ള, ഏകഭാര്യാത്വസമ്പ്രദായം ആധുനികരും

* A. J. Osgniach, The Christian State, Chap. I.

പ്രാചീനരുമായ ആദിമവാസികളിൽ നിലനില്ക്കുന്നുവെന്നു തുടങ്ങിയ വൻപ്രശ്നങ്ങൾക്ക് യാതൊരു വിശദീകരണവും നല്കുവാനും അവർക്കു സാധ്യമല്ല. നേതൃത്വം, മതപ്രേരണ, വസ്തുഉടമ്പടികൾ തുടങ്ങിയ വളരെ പ്രാധാന്യമുള്ള സാംസ്കാരികഘടകങ്ങളുടെ പ്രേരണാശക്തിയേയും ഇക്കൂട്ടർ അവഗണിക്കുകയാണ്.

സാമൂഹ്യപരിണാമവാദികളുടെ തെററിതാണ്: അവർ ആദ്യം ഒരു സിദ്ധാന്തം വിഭാവനംചെയ്യുന്നു; പിന്നെ ഈ സിദ്ധാന്തങ്ങളോടു കിട്ടാവുന്ന എല്ലാ വസ്തുതകളും വളച്ചൊടിച്ചുചേർത്ത് യോജിപ്പിച്ച് തെളിയിക്കാൻ ശ്രമിക്കുന്നു. അങ്ങനെ സ്വകപോലകല്പിതങ്ങളായ അഭ്യൂഹങ്ങൾക്ക് അവലംബം നല്കുവാൻ സത്യത്തെ അവർ വികൃതമാക്കുന്നു. എന്നാൽ ആദ്യം വസ്തുതകൾ പഠിച്ചശേഷം അവയുടെ താരതമ്യപഠനത്തിൽനിന്നും സിദ്ധാന്തങ്ങൾ രൂപീകരിക്കുകയാണ് ശരിയായ ശാസ്ത്രീയപഠനരീതി. അതിനേ ശാസ്ത്രീയമൂല്യം ഉണ്ടാകൂ.[1]

4) <u>സാമൂഹ്യശരീരം എന്ന പ്രയോഗം തെററാണ്:</u> സാമൂഹ്യഘടനയാണ് മനുഷ്യപരിണാമത്തിൻെറ അന്തിമഘട്ടമെന്നതും അബദ്ധകഥനമാണ്. സമുദായം അതിൻെറ സത്തയിൽ ഒരു ധാർമ്മികഘടകമാണ്, വസ്തുഘടകമല്ല. പ്രപഞ്ചം ഏകവസ്തുവല്ലാത്തതുപോലെ സമൂഹവും ഒരൊററ മനുഷ്യനല്ല. പല മനുഷ്യരെ ചേർത്തുണ്ടാക്കിയ ഒരൊററ വസ്തുവുമല്ല. സമുദായത്തെ ഏകഘടകമാക്കി വിവരിക്കുന്നതു് ഒരലങ്കാരപ്രയോഗം മാത്രമാണ്. ഒരു വസ്തുവിനു് സത്താപരമായ ഐക്യം ആവശ്യമാണ്. അതിൻെറ ഭാഗങ്ങൾക്ക് ആവസ്തുവിനുപുറമേ സ്വതന്ത്രമായ അസ്തിത്വം പാടില്ല; അല്ലെങ്കിൽ അതു ആവസ്തുവിൻെറ ഭാഗമല്ലാതാകും. അവയെല്ലാം വസ്തുവിൻെറ പൊതു അസ്തിത്വത്തിനും ക്ഷേമത്തിനുംവേണ്ടി പരസ്പരവിധേയത്വത്തോടുകൂടി ജോലിചെയ്യണം. എന്നാൽ സമൂഹം ഇത്തരമൊരു ഏകവസ്തുവല്ലെന്നു് പ്രഥമനിരീക്ഷണത്തിൽത്തന്നെ ആർക്കും മനസ്സിലാകുമല്ലോ?[2]

5) <u>അതു തെററായ നിഗമനങ്ങളിലേക്കു നമ്മെ നയിക്കുന്നു:</u> രാഷ്ട്രസർവ്വാധിപത്യവും, മാർക്സ്യൻ സോഷ്യലിസവും അനിർവാര്യമാണെന്ന തെററായ നിഗമനത്തിലേക്കാണ് ഹെഗൽ, ഡാർവിൻ, സ്പെൻസർ എന്നിവരുടെ വാദങ്ങൾ നമ്മെ നയിക്കുക. സാമൂഹ്യ

---

1 Stephen Fuchs, "Social Origins," Bombay 1957, pp. 7—8.
2 Conf. H. A. Rommen.

ശരീരപരിണാമത്തിൻെറ അവസാനഘട്ടത്തിൽ, രാഷ്ട്രം ഉടലെടുക്കുന്നുവെന്നാണ് അവരുടെ സിദ്ധാന്തം. ജീവികളുടെ ശരീരത്തിനു് അവയവങ്ങൾ കീഴ്പ്പെട്ടിരിക്കുന്നതുപോലെ വ്യക്തികൾ രാഷ്ട്രത്തിനു പൂർണ്ണമായും വിധേയരാവണം. സർവ്വാധിപതിയായ രാഷ്ട്രത്തിനു വ്യക്തികൾ തങ്ങളുടെ അവകാശാധികാരങ്ങളെല്ലാം അടിയറവെയ്ക്കണം; അങ്ങനെ കുടുംബം, സ്വകാര്യസ്വത്തു്, സംഘടനകൾ തുടങ്ങിയ എല്ലാ സ്വാഭാവികസാമൂഹ്യസ്ഥാപനങ്ങളേയും നശിപ്പിക്കുവാൻ രാഷ്ട്രത്തിനു ശക്തി കൈവരുന്നു. *

## D. രാഷ്ട്രത്തിൻെറ സ്വാഭാവികോത്ഭവവാദം.
## (Theory of Natural Origin of the State)

98. ഈ വാദമനുസരിച്ചു് രാഷ്ട്രം കൃത്രിമവും സ്വതന്ത്രവുമായി ഉണ്ടാക്കപ്പെട്ട ഒന്നല്ല, പ്രത്യുത മനുഷ്യപ്രകൃതിയുടെ അഥവാ സ്വാഭാവികപ്രവണതകളുടെ പരിണതഫലമാണ്. സംഘടനയിൽ മനുഷ്യർ തങ്ങളുടെ നൈസർഗ്ഗിക പ്രേരണകളനുസരിച്ചു സ്വതന്ത്രമായി പ്രവേശിക്കുന്നു. അങ്ങനെ മനുഷ്യപ്രകൃതിയിൽനിന്നുതന്നെ നിഷ്പദിച്ചതാണ് രാഷ്ട്രം. പരിശുദ്ധ പിതാവു് 13-ാം ലെയോൻ മാർപ്പാപ്പ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പ്രകൃതി, കുറെക്കൂടി സൂക്ഷ്മമായിപ്പറഞ്ഞാൽ, പ്രകൃതിനാഥനായ ദൈവം കല്പിക്കുന്നതു്, മനുഷ്യൻ ഒരു രാഷ്ട്രസമുദായത്തിൽ ജീവിക്കണമെന്നാണ്" (Encyclical Diuturnum).

മനുഷ്യപ്രകൃതിയെ ശരിക്കും അപഗ്രഥിക്കുന്ന ഒരുവനു കാണാൻ കഴിയും, അവൻെറ ശാരീരികവും, ബൌദ്ധികവും, ധാർമ്മികവുമായ പൂർണ്ണതനേടുവാനുള്ള പ്രവണതകൾ അവനിൽത്തന്നെ പ്രകൃത്യാ

---

* അരിസ്റ്റോട്ടലിൻെറ "രാഷ്ട്രീയജീവി" (Political Animal) എന്ന സംജ്ഞ മനുഷ്യൻെറ സാമൂഹ്യവശം പൂർണ്ണമായി വിവരിക്കുന്നില്ല എന്നു സെൻറ് തോമസ് കരുതുന്നു. പല സാമൂഹ്യപ്രവണതകളിൽ ഒന്നുമാത്രമാണു രാഷ്ട്രീയബോധം. അതിനാൽ രാഷ്ട്രീയബോധമുണ്ടാകുവാൻ ആദ്യം സാമൂഹ്യബോധം വേണം. മനുഷ്യകുലത്തിലേ ഒരംഗമാണു താനെന്നുള്ള സാമൂഹ്യബോധത്തിൻെറ പരിധിയാണ് രാഷ്ട്രീയബോധത്തിൻേറതിനേക്കാൾ വിശാലം. രാഷ്ട്രീയബോധം മനുഷ്യനെ ഏതെങ്കിലുമൊരു രാഷ്ട്രീയഘടനയുടെ അംഗമാകുവാനും ഗവണ്മെൻറ് എന്നറിയപ്പെടുന്ന സാമൂഹ്യസംഘടന രൂപീകരിക്കുവാനും പ്രേരിപ്പിക്കുന്നു. (Mary Concilia Obrien, Christian Social Principles, Chap. IX.,

നിർല്ലീനമാണെന്നു്. അതേസമയം അനുഭവം നമ്മെ പഠിപ്പിക്കുന്നു, മാനുഷികഴിവുകൾ സ്വാഭാവികമായി സംപുഷ്ടമാകുന്നതു് സാമൂഹ്യ ജീവിതംവഴി മാത്രമാണെന്നും. തൽഫലമായി, പ്രകൃതിനിർദ്ദിഷ്ടമായ മനുഷ്യൻെറ ഒരാവശ്യമാണു്, അവസ്ഥയാണു് സമുദായജീവിതം. മനുഷ്യൻ ഒരു രാഷ്ട്രീയ–സാമൂഹ്യജീവിയാണെന്നു പറഞ്ഞ അരിസ്റ്റോട്ടലാണു്, തന്മൂലം റൂസ്സോയേക്കാൾ വിജ്ഞൻ. സ്രഷ്ടാവായ ദൈവമാണു് മനുഷ്യനിൽ ഈ സാമൂഹ്യവാസനകൾ അഭിനിവേശിപ്പിച്ചതു്. അതിനാൽ പ്രകൃതിക്കും ദൈവത്തിനും രാഷ്ട്രനിർമ്മിതിയിൽ പങ്കുണ്ടു്, പ്രാഥമികമായും ആത്യന്തികമായും. ലിബറൽ പ്രോട്ടസ്റ്റാൻറുകാരുടെയും പ്രഷ്യൻ വിധ്വംസകരാജാക്കന്മാരുടെയും വക്കാലത്തുമായാണു് ഹെഗൽ പ്രത്യക്ഷപ്പെടുന്നതു്. സ്പിനോസാ, ഹോബ്ബ്സ് മക്കിയറലി തുടങ്ങിയവരെ പിന്തുടർന്നു്, ശക്തിയാണു് അവകാശം (Right is might) എന്ന വാദം അയാൾ അംഗീകരിച്ചതിനാൽ, രാഷ്ട്രത്തെ ദൈവമായി തുല്യപ്പെടുത്തുകകൂടി ചെയ്തു. ഈ ആശയഗതിയുടെ വികാസമാണു് മാർക്സിൻെറ റഷ്യൻ കമ്മ്യൂണിസത്തിലും മുസ്സലോനിയുടെ ഇററാലിയൻ ഫാസിസത്തിലും ഹിററ്ലരുടെ ജർമ്മൻ നാസിസത്തിലും നാം കാണുക.

ശാരീരികവും ധാർമ്മികവുമായ മനുഷ്യൻെറ ആവശ്യങ്ങൾ പരിശോധിക്കുമ്പോഴറിയാം, സാമൂഹ്യജീവിതത്തിലൂടെ മാത്രമേ പ്രകൃത്യാ ഉള്ള അവൻെറ പുരോഗതി സാധ്യമാകുവെന്നു്.

a) <u>ശാരീരികാവശ്യങ്ങൾ:</u> നൂററാണ്ടുകൾക്കു മുമ്പുതന്നെ സെൻറ് തോമസ് ഇപ്രകാരമെഴുതി: "മററു മൃഗങ്ങൾക്കു് കൊമ്പു്, പല്ലു് (തേററ) നഖം, ഓടി രക്ഷപെടാനുള്ള വേഗത തുടങ്ങിയ സ്വരക്ഷാമാർഗ്ഗങ്ങളും ഭക്ഷണവും പ്രകൃതിതന്നെ ഒരുക്കിക്കൊടുക്കുന്നു. എന്നാൽ ഈവിധമുള്ള യാതൊരു സംരക്ഷണവുംകൂടാതെയാണു് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. അവയ്ക്കുപകരം അവനു് ചിന്താശക്തിയുണ്ടു്. അതുവഴി സ്വരക്ഷയ്ക്കാവശ്യമായതെല്ലാം അവനു നേടാം. പക്ഷെ ഇതിനു മററുള്ളവരുടെ സഹകരണം അവനാവശ്യമാണു്. ആകയാൽ പ്രകൃത്യാ മനുഷ്യർ <u>സാമൂഹ്യജീവിയാണു്.</u> വീണ്ടും, നൈസർഗ്ഗികവാസനവഴി ആടുകൾ ചെന്നായെ തിരിച്ചറിയുന്നതുപോലെ, ഉപകാരപ്രദമായവ സ്വീകരിക്കുവാനും ഉപദ്രവകരമായവ പരിത്യജിക്കുവാനും മൃഗങ്ങൾക്കു് ആന്തരികപ്രവണതയുണ്ടു്. തങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു ആവശ്യമായ ഔഷധച്ചെടികൾ മൃഗങ്ങൾക്കു് സ്വാഭാവികവാസനയാൽത്തന്നെ കണ്ടെത്താൻകഴിയും.

എന്നാൽ മനുഷ്യനു് അത്തരം കഴിവില്ല. തന്മൂലം തന്റെ നില നില്പിനാവശ്യമായവ ഓരോന്നും അവൻ സാർവ്വത്രികതത്വങ്ങളിൽ നിന്നും നിഗമധംചെയ്തു പഠിക്കണം. തന്റെ ജീവിതത്തിനാവശ്യ മായ സംഗതികളെല്ലാം, ഓരോ മനുഷ്യനും പെട്ടെന്നു് എങ്ങനെ കണ്ടുപിടിക്കുവാൻ കഴിയും? അതിനാൽ അവർ ചിന്താശക്തിയും അനുഭവവും ഉപയോഗിച്ച് ഒരുമിച്ചു ജോലിചെയ്യുകയും, ഒരാൾ വൈദ്യശാസ്ത്രത്തിലും മറെറാരാൾ വേറൊരു വിഷയത്തിലും മൂന്നാമതൊരാൾ മൂന്നാമതൊരു വിഷയത്തിലും കണ്ടുപിടുത്തങ്ങൾ നടത്തുകയും അങ്ങനെ പരസ്പരം സഹായിക്കുകയും ചെയ്യുകയെന്നതു് മനുഷ്യർക്കു യോജിച്ചതാണു്." [1]

'ഹാറോൾഡ് ലാസ്കി എന്ന രാഷ്ട്രശാസ്ത്രവിശേഷജ്ഞൻ ഇതേ ആശയം വ്യക്തമാക്കുന്നതു നോക്കുക:' "തന്റെ സഹജീവികളുമായി ഒന്നിച്ചുജീവിക്കുവാനായി നൈസർഗ്ഗികവാസനയാൽ സമൂഹം പണിയുന്ന മൃഗമാണു് മനുഷ്യൻ. മരുഭൂമിയായ ദ്വീപിൽ (ഏകാകിയായിക്കഴിഞ്ഞ) "ക്രൂസ്സോയോ" സ്തംഭത്തിൽ (തപസ്സുചെയ്തു ജീവിച്ച) സെൻറു് സൈമൻ സ്റ്റിലൈററോ, മനുഷ്യനെ മനുഷ്യനാക്കുന്ന ഈ പ്രേരണ അവഗണിച്ചേക്കാമെങ്കിലും ബുദ്ധിജീവികളുടെ ബഹു ഭൂരിപക്ഷത്തിനും സംഘാതജീവിതം ഒരാവശ്യമാണു്." [2]

b) <u>ധാർമ്മികവും ബുദ്ധിപരവുമായ ആവശ്യങ്ങൾ:</u> സാമൂഹ്യ ജീവിതം കൂടാതെ മനുഷ്യനു വികസിക്കുക സാദ്ധ്യമല്ലെന്നു പറഞ്ഞുവല്ലോ. യാതൊരു സാമൂഹ്യബന്ധവുമില്ലാതെ കുട്ടികളെ ഏകാന്തതയിൽ വളർത്തി പരീക്ഷണം നടത്തിയിട്ടു മനസ്സിലായതു്, സാമൂഹ്യ ബന്ധമില്ലാത്ത മനുഷ്യൻ ബുദ്ധിപരമായി അജ്ഞനും ധാർമ്മികമായി അധഃപതിച്ചവനുമാകുമെന്നാണു്. കാരണം, മാനസികവും ധാർമ്മികവുമായ വികസനമുണ്ടാകാൻ അതിനുപററിയ സാഹചര്യങ്ങളുണ്ടായിരിക്കണം. സാമൂഹ്യജീവിതത്തിലേ ഈ സാഹചര്യങ്ങളുണ്ടാകുകയുള്ളു; അതിനാലാണു മനുഷ്യൻ സാമൂഹ്യജീവിതത്തെ അഭിലഷിക്കുന്നതും. [3] ഒരു രാഷ്ട്രത്തിൽ മനുഷ്യർ ഒന്നുചേരുന്നതും ഇതിനാൽത്തന്നെ. ആകയാൽ രാഷ്ട്രോല്പത്തിയെപ്പററി നമുക്കിങ്ങനെ പറയാം: കുടുംബജീ

1 De Regimine Principum, lib. I, chap. I.
2 Grammar of Politics, New Haven, Yale University Press, 1925, p. 17.
3 Conf. Balmes, Filosofia Elem., Ideologia, chap. xvi.

വിതത്തിനു വഴിതെളിക്കുന്ന ചില നൈസ്സർഗ്ഗികവാസനകഠം ദൈവം മനുഷ്യൎക്കു നല്കി. മനുഷ്യർ വർദ്ധിച്ചതോടെ, കുടുംബംതന്നെയും അതിൻെറ ലക്ഷ്യപ്രാപ്തിക്കു അപര്യാപ്തമായിത്തീരുകയാൽ കുടുംബങ്ങഠംതമ്മിൽ സഹകരിച്ചു. അങ്ങനെ ക്രമേണ, കുടുംബങ്ങഠംചേൎന്നു വർഗ്ഗങ്ങളും വർഗ്ഗങ്ങഠംചേൎന്നു രാഷ്ട്രവും ഉണ്ടായി. കുടുംബങ്ങളുടെ സമുച്ചയമാണു് രാഷ്ട്രം. ഇതാണു് വസ്തുതകളുടേയും അനുഭവങ്ങളുടേയും സാക്ഷ്യം. ഭൗതികവസ്തുക്കഠം ആകർഷണനിയമത്തിനു വിധേയമായിരിക്കുന്നതുപോലെ മനുഷ്യനു സാമൂഹികജീവിതം ആവശ്യകമാണു്. എല്ലാക്കാലത്തും എല്ലായിടത്തും മനുഷ്യൻ രാഷ്ട്രസമുദായത്തിൽ ജീവിക്കുന്നതായാണു് നാം കാണുന്നതു്. അതിൻെറ സാൎവ്വത്രികത്വവും, സൎവ്വകാലങ്ങളിലേ നിലനിൽപും തന്നെ അതിൻെറ ഉല്പത്തി ദൈവത്തിൽനിന്നും പ്രകൃതിയിൽനിന്നുമാണെന്നതിനു് തക്ക തെളിവാണു്. മാക്സ് മുള്ളർ പറയുന്നതു ശ്രദ്ധിക്കുക: "അപരിഷ്കൃതമെന്ന പദം നിശ്ചിതഗവണ്മെൻറും മതവും നിയമവുമില്ലാത്ത ജനങ്ങളെ ഉദ്ദേശിച്ചാണു് ഉപയോഗിക്കുന്നതെങ്കിൽ എവിടെപ്പോയാലും അത്തരമൊരു വർഗ്ഗത്തെ നിങ്ങഠം കണ്ടെത്തുകയില്ല." [1]

അതിനാൽ രാഷ്ട്രം ഒരു പ്രാകൃതികസ്ഥാപനമാണു്. പ്രകൃതി നേരിട്ടുനിൎമ്മിച്ചുവെന്ന അൎത്ഥത്തിലല്ല പ്രത്യുത, മനുഷ്യബുദ്ധിയുടേയും പ്രകൃതിയുടേയും നൈസ്സൎഗ്ഗികവാസനകളോടു് അനുയോജിക്കുന്നുവെന്നതിനാലും അവയുടെ ഒരാവശ്യമായി അതു രൂപംകൊള്ളുന്നുവെന്നതിനാലുമത്രെ. അങ്ങനെ രാഷ്ട്രത്തിൻെറ ഉത്ഭവം കൃത്രിമമോ, തന്നിഷ്ടമോ താൽക്കാലികമോ ഒന്നുമല്ല; പ്രകൃതിയുടെ ബുദ്ധിപരവും സ്വാതന്ത്ര്യവുമായ ഒരു സംസൃഷ്ടിയാണു്രാഷ്ട്രം. "സമുദായത്തിനു പുറമെജീവിക്കുന്ന മനുഷ്യൻ ഒന്നുകിൽ മൃഗമോ അല്ലെങ്കിൽ ദേവനോ ആയിരിക്കും" എന്ന അരിസ്റ്റോട്ടലിൻെറ പ്രസ്താവം ഏററവും യുക്തിയുക്തം തന്നെ. [2] ദൈവം മനുഷ്യപ്രകൃതിയുടെ സ്രഷ്ടാവാകയാലും സാമൂഹികജീവിതത്തിനുള്ള നൈസൎഗ്ഗികപ്രവണത അവനിൽ അഭിനിവേശിപ്പിക്കുന്നതിനാലും രാഷ്ട്രോല്പത്തി ആത്യന്തികമായി ദൈവത്തിൽനിന്നാണെന്നു് നമുക്കു സന്യായം പറയാം [3]

---

1 19th. Century......p. 114.

2 Politicorum, I. 9.

3 സഹജീവികളുമായി യാതൊരു സമ്പർക്കവുമില്ലാതെ തികഞ്ഞ ഏകാന്തജീവിതം നയിക്കുക മനുഷ്യൻെറ സാമാന്യശക്തിയ്ക്കതീതവും, ഏററം പ്രയാസകരവുമാണു്. സാമൂഹ്യസമ്പർക്കത്തിനുള്ള വെറുംമാനുഷികാവശ്യം, ആദിക്രൈസ്തവസഭയിലെ ഏകാകികളായ വനവാസികളെപ്പോലും ക്രമേണ സംഘാതജീവിതത്തിനു പ്രേരിപ്പിക്കുകയുണ്ടായി.

ധാർമ്മികവ്യവസ്ഥിതി ആവശ്യപ്പെടുന്ന ലക്ഷ്യംതന്നെ രാഷ്ട്രവും നിർദ്ദേശിക്കുന്നതുകൊണ്ട്, നിയമത്തോടും നിയമാനുസൃതമായ അധികാരത്തോടുമുള്ള അനുസരണം അതിൽത്തന്നെ ഏററവും നല്ലതാണ്. മാതൃഭൂമിയുടെ രക്ഷയ്ക്കും സംരക്ഷണത്തിനുമായി നല്കുന്ന അതിമഹത്തായ ജീവിതസമർപ്പണത്തിൻെറ അമോഘമൂല്യം മനസ്സിലാക്കുവാനും ഇതു നമ്മെ പ്രാപ്തരാക്കുന്നു.

## ഗ്രന്ഥസൂചി.

Jose M. Llovera, Sociologia Cristiana, Chap. I.
P. Marcellus, O.C.D., Philosophia Moralis et Socialis, pp. 669-680.
A. J. Osgniach, O.S.B., The Christian State, pp. 3—12.
D. Ferroli, S. J., Moral Science. Vol. III. Chap. III.
V. Cathrein, S. J., Philosophia Moralis, Part II, Chap. III. art. I.
Meyer, S. J., Institutiones Juris Naturae, Part II. Sect. III. Chap. I.
J. Rickaby, S. J., Moral Philosophy, Chap. VIII.
Catholic Encyclopaedia, art. Social Contract.
F. S. Haas, Man and Society, Chap. IX.
Windbe Bertram, C., Darwin and Darwinism (Paulist Press, New York).
Watt, L., S J., The State (Catholic Social Guild, Oxford, 1938).
Leduffe Francis, P., S. J., Misguided Evolutionists (America Press, New York, 1931).
Ross. E. J., Social Origins, pp. 30—65.
Kilser and Ross, Western Social Thought, art. Hegel, pp. 225, 228.
Stace, W. T., The Philosophy of Hegel, Dover Publications, U. S. A., 1955, pp. 405—438.
Collins. J., A History of Modern European Philosophy, 1956, pp. 600—601.
Mascia Carmin, A History of Philosophy, pp. 408—413.
Herbert Spencer, The Principles of Sociology, Vol. I., pp. 3—104.
Fuchs Stephen, Social Origins, pp. 7—8.
Schmidth, W., Primitive Man in European Civilisation, pp. 1—5.
Sieber and Mueller, The Social Life of Primitive Man, pp. 6—10.
Rommen, H. A., The State in Catholic Thought, pp. 123—153.
Schulwer, Catholic Social Theory, pp. 128—138.
Laski Harold, Grammar of Politics, p. 17.
M. Ruthnaswamy, The Making of the State, Williams and Nongate, Lon-Lon, 1932, pp. 361—385.
Appadorei, The Substance of politics, pp. 14—19.
Aristotle, Politics, Bk. I, cc. 1—2.
Cronin, Michael, The Science of Ethics, Vol. 2. pp. 491—502.
St. Thomas, Summa Theologica, II-II, 105.
Messner. T., Social Ethics, pp 463—504.

# 2

# രാഷ്ട്രനിർമ്മാണഘടകങ്ങൾ.

**99.** മുൻപ്രസ്താവിച്ചതുപോലെ, കുടുംബങ്ങളും മററു സാമൂഹ്യഘടകങ്ങളുമാണ് രാഷ്ട്രനിർമ്മിതിക്കുള്ള പദാർത്ഥങ്ങൾ. എന്നാൽ പ്രധാനമായി കുടുംബങ്ങളുടെ സംഘമാണ്, വെറും വ്യക്തികളുടെ സംഘമല്ല രാഷ്ട്രം. വ്യക്തികൾ ചേർന്നു കുടുംബങ്ങൾ സ്ഥാപിക്കാൻ പ്രകൃതിതന്നെ പ്രേരണ നല്കുന്നു; കുടുംബങ്ങൾ സംഘടിച്ചു രാഷ്ട്രമാവുകയുമാണ്; മറിച്ചു സംഭവിക്കുക സ്വാഭാവികമല്ല. വ്യക്തികൾ ചേർന്നു രാഷ്ട്രമുണ്ടാകുന്നുവെന്നു പറയുകയാണെങ്കിൽ, കുടുംബം പ്രകൃതിയുടെ ഒരു സ്ഥാപനമാണെന്നുള്ള വസ്തുത നിഷേധിക്കുകയായിരിക്കും ഫലം.

രാഷ്ട്രീയകടമകൾ പ്രഥമമായി കുടുംബനായകന്മാരുടേതാണ്; അവിവാഹിത സ്വതന്ത്രാംഗങ്ങൾക്കു സ്വതവേ കടമകൾ വന്നുചേരുന്നില്ല. കുട്ടികൾ നേരിട്ടു മാതാപിതാക്കന്മാർക്കും അവർ വഴിമാത്രം രാഷ്ട്രത്തിനും വിധേയരാകുന്നു. എന്നാൽ കുടുംബങ്ങൾക്കു പുറമേ, മനുഷ്യപ്രകൃതിയിൽനിന്നും മനുഷ്യാവശ്യങ്ങളിൽനിന്നും ഉടലെടുക്കുന്ന മററു പല സാമൂഹ്യഘടനകൾകൂടി രാഷ്ട്രത്തിൻെറ വളർച്ചയ്ക്കും സമ്പൂർണ്ണതയ്ക്കും ആവശ്യമുണ്ട്. ആ ഗണത്തിൽ പെടുന്ന, പഞ്ചായത്ത്, മുൻസിപ്പാലിററി സാമൂഹ്യവർഗ്ഗങ്ങൾ, സാമൂഹ്യസംഘടനകൾ, ജനത, വർഗ്ഗം, എന്നിവയെപ്പററി ഇതിനുപരി നമുക്കു പ്രതിപാദിക്കാം.

## A മുൻസിപ്പാലിററി (പഞ്ചായത്ത്)

**100. ഉല്പത്തി:** എവിടെയെങ്കിലും കുറെ കുടുംബങ്ങൾ ഒന്നിച്ചുകൂടിയാൽ, ധനസമ്പാദനം, സംസ്കാരസമുന്നതി എന്നീ ലക്ഷ്യങ്ങൾ നേടുവാൻ, അവർ സംഘടിക്കുക സ്വാഭാവികമാണ്. ഒററയ്ക്കൊററയ്ക്കു് അവർക്കു നേടുവാൻ കഴിയാത്ത പല പൊതുലക്ഷ്യങ്ങളും അനായാസേന നേടുവാൻ സംഘടന അവരെ സഹായിച്ചുംപോന്നു. അതുകൊണ്ടാവാം ഏതു നാട്ടിലും—പ്രാചീനാർവ്വാചീന ഭേദമെന്യേ—രാഷ്ട്രം ഉടലെടുക്കുംമുമ്പ് ഇത്തരം പ്രാദേശിക ഭരണഘടനകൾ രൂപം കൊള്ളുന്നതായി നാം കാണുന്നതു്. ഗ്രാമപഞ്ചായത്തുക

ളെന്ന പേരിൽ പ്രാചീനകാലം മുതൽക്കേ ഇത്തരം പ്രാദേശികസ്വയം ഭരണഘടകങ്ങൾ, ഇന്ത്യയിൽ പ്രചാരവും പ്രസിദ്ധിയും നേടിയിരുന്നു. അശോകന്റെ കാലത്തു് ഇത്തരം അനേകശതം ഗ്രാമപഞ്ചായത്തുകൾ ഇന്ത്യൻ ഗ്രാമങ്ങളെ വിദഗ്ദ്ധമായി ഭരിച്ചിരുന്നതായി ചരിത്രം തെളിയിക്കുന്നു.

**101. പ്രകൃതി:** കുടുംബങ്ങളെ "രാഷ്ട്രബീജ"മെന്നു വിളിക്കാമെങ്കിൽ, ഇത്തരം പഞ്ചായത്തുകളെ "രാഷ്ട്രശിശു"വെന്നോ "കുട്ടിരാഷ്ട്ര"മെന്നോ വിളിക്കാം. ഒരു പൊതുലക്ഷ്യം നേടുവാൻ ഒരു പ്രദേശത്തുള്ള കുടുംബങ്ങൾ സംഘടിച്ചാണു് ഇവയുണ്ടാകുന്നതു്. ഇതിനെ ഗ്രാമപ്പഞ്ചായത്തെന്നോ, കമ്മ്യൂണെന്നോ–നഗരസഭയെന്നോ–സ്ഥല–വിസ്താരഭേദമനുസരിച്ചു് വിളിക്കുന്നു. സത്താസവിശേഷതകൾ എല്ലാററിനും ഒന്നുതന്നെ.

ഈ പ്രാദേശികഘടനകൾ സ്വാഭാവിക സമൂഹങ്ങളാകയാൽ ആഭ്യന്തര ഭരണകാര്യങ്ങളിൽ അവയ്ക്കു് സ്വയംഭരണാവകാശം നല്കേണ്ടതാണു്. തന്മൂലം അവയെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെന്നും ചിലർ വിളിക്കാറുണ്ടു്. സമ്മതിദായകരോടു് ഉത്തരവാദിത്വമുള്ള ഇത്തരം സ്വയംഭരണസഭകൾ ബ്രി. ഭരണത്തിൻ കീഴിൽ ഉണ്ടായവയാണു്. പുരാതന ഗ്രാമപഞ്ചായത്തുകൾ പലയിടത്തും ജാതിയുടെയും പാരമ്പര്യത്തിന്റേയും അടിസ്ഥാനത്തിലായിരുന്നു സംഘടിപ്പിച്ചിരുന്നതു്. *

ഗ്രാമപഞ്ചായത്തുകളെന്നും നഗരസഭകളെന്നും ഇവയെ പൊതുവെ രണ്ടായി തരം തിരിക്കാം. വൻകിട നഗരങ്ങളിൽ അവ കോർപ്പറേഷൻസ് എന്നും സാമാന്യനഗരങ്ങളിൽ മുൻസിപ്പാലിററി എന്നുമാണു് വിളിക്കപ്പെടുക. നഗരങ്ങളല്ലാത്ത സ്ഥലങ്ങളുടെ ഭരണത്തിന്നായി ഗ്രാമങ്ങളിൽ പഞ്ചായത്തും താലൂക്കുകളിൽ താലൂക്കുബോർഡുകളും ജില്ലകളിൽ ജില്ലാബോർഡുകളുമുണ്ടു് ഇവ സംബന്ധിച്ചു് 1956–ലെ ഇന്ത്യയിലെ കണക്കു് താഴെ ചേർക്കുന്നു.

| | |
|---|---|
| കോർപ്പറേഷൻസ് | 12 |
| മുൻസിപ്പാലിററികൾ | 1,453 |
| ചെറുനഗരസഭകൾ | 383 |
| പ്രത്യേക പ്രാദേശികസഭകൾ | 82 |
| ജില്ലാ—താലൂക്കുസഭകൾ | 309 |
| ഗ്രാമപഞ്ചായത്തുകൾ | 123,670 |

* Simon Commission Report, Vol. I, 298.

ഗ്രാമപഞ്ചായത്തുകളുടെ വികസനം ഇന്ത്യൻ ഭരണഘടനയു ടെ പ്രഖ്യാപിതലക്ഷ്യമാണ് (Article 40). രണ്ടാം പഞ്ചവത്സരപ ദ്ധതി അവസാനിക്കുമ്പോഴേക്ക് ഇന്ത്യൻ പഞ്ചായത്തുകളുടെ എണ്ണം 244, 564 ആയി വളരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. [1] (അനുബന്ധം കാണുക)

**102. തദ്ദേശസഭകളുടെ അവകാശാധികാരങ്ങൾ:** 1) തദ്ദേശസ്വയംഭരണാവകാശം. 2) അവയുടെ ഭരണാധിപരെ സ്വതന്ത്രമായി തെരഞ്ഞെടുക്കുവാനുള്ള അവകാശം.

1. സ്വയംഭരണാവകാശം. സ്വന്തം നഗരത്തിന്റേയോ (ദേശത്തിന്റേയോ) ക്ഷേമാഭിവൃദ്ധിയിൽ സജീവതാല്പര്യമുള്ളവരും പ്രാദേശിക പ്രശ്നങ്ങൾ ശരിക്കും അറിയുന്നവരുമായ ജനപ്രതിനിധികൾ മൂലം ഭരണാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുവെന്നതാണ് ഇവയുടെ പ്രത്യേകത. ഭരണകാര്യങ്ങളിൽ പരിചയം നേടുവാനും പൗരന്മാരെ ഇവ സഹായിക്കുന്നു.

2. തെരഞ്ഞെടുപ്പവകാശം. ഇവയിലെ ഭരണാധികാരികൾ ജനപ്രതിനിധികളാകയാൽ അവരെ ഗവണ്മെൻറ് നിയമിക്കുകയല്ല, ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുകയാണ്. അതുകൊണ്ട് ഇവ ഗവണ്മെൻറിൻെറ വെറും കീഴ്ഘടകങ്ങളല്ല. അസാധാരണ സന്ദർഭങ്ങളിലൊഴികെ ഇവയുടെ ആഭ്യന്തരഭരണകാര്യങ്ങളിൽ ഇടപെടുവാൻ ഗവണ്മെൻറിന് അധികാരവും ഇല്ല.

ഇന്ത്യ ഗ്രാമങ്ങളുടെ നാടാണ്. വനം തെളിച്ച് കൃഷി നടത്താനും, ശത്രുവർഗ്ഗങ്ങളിൽനിന്ന് രക്ഷ നേടുന്നതിനും വേണ്ടി ജനങ്ങൾ ഒന്നുചേർന്നു ഗ്രാമങ്ങൾ നിർമ്മിച്ചു. ഗ്രാമപഞ്ചായത്തുകളെ സമുദ്ധരിക്കുവാനും പുതിയ നഗരസഭകൾ ഏർപ്പെടുത്തുവാനും നല്ല പരിശ്രമം നടക്കുന്നുണ്ട്. ദേശീയാഭിവൃദ്ധിക്ക് ഏററം പററിയ മാർഗ്ഗവും ഇതുതന്നെ; എന്നാൽ നിരക്ഷരത്വം, ഭിന്നവാസന, നിർദ്ധനത്വം, നികുതിഭയം മുതലായവമൂലം ഗ്രാമങ്ങളിൽ ഇവ വേണ്ടവിധം അഭിവൃദ്ധിപ്പെട്ടിട്ടില്ല. [2]

---

1 India 1957, Annual Reference Book.

2 Conf. Simon Commission Report, Vol. I page 347.

**103. പ്രവർത്തനമണ്ഡലം.** പൗരാവകാശസംരക്ഷണവും, സാമ്പത്തിക — സാംസ്കാരിക — ക്ഷേമാഭിവൃദ്ധിയുമാണ് ഇവയുടെ പ്രധാന പ്രവർത്തനലക്ഷ്യം. പൗരാവകാശസംരക്ഷണത്തിനായി തദ്ദേശപോലീസുവകുപ്പും കോടതിയും ഏർപ്പെടുത്തുന്നു. സാംസ്കാരികാഭിവൃദ്ധിക്കായി, പ്രാദേശികാവശ്യങ്ങളനുസരിച്ച് വിവിധതരം വിദ്യാലയങ്ങൾ, കോളേജുകൾ, ഗ്രന്ഥാലയങ്ങൾ, വായനശാലകൾ, മ്യൂസിയം (പ്രദർശനശാലകൾ) വിഹാരരംഗങ്ങൾ (Parks) കലാ–സാംസ്കാരിക–സാഹിത്യ–സംഘടനകൾ ഇവയെല്ലാം സ്ഥാപിക്കുന്നു. ജനക്ഷേമത്തിനായി നഗരശുചീകരണം, ഗതാഗതസൗകര്യം, ജലവിതരണം, വെളിച്ചം (വൈദ്യുത) വിതരണം, ആശുപത്രികൾ, അഴുക്കുചാലുകൾ, ആതുരാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, വിനോദസ്ഥലങ്ങൾ മുതലായവയെല്ലാം പ്രവർത്തിക്കുന്നു. ചുരുക്കത്തിൽ വിദ്യാഭ്യാസം, വൈദ്യസേവനം, പൊതുജനാരോഗ്യം, ഗതാഗതം, നിയമപാലനം, തുടങ്ങിയ വകുപ്പുകളെല്ലാം പ്രാദേശിക ഭരണസഭകൾക്ക് ഏറെറടുത്തു നടത്താവുന്നതാണ്.

ഇവയെല്ലാം ഏറെറടുത്തു നടത്തുവാനുള്ള പണം ലഭിക്കുവാൻ നികുതി ചുമത്തുവാനുള്ള അധികാരംകൂടി അവയ്ക്കുണ്ടായിരിക്കണം. കടമയും അവകാശവും അന്യോന്യം ബന്ധപ്പെട്ടുകിടക്കുന്നതിനാൽ, നികുതി ചുമത്തുവാനുള്ള അവയുടെ അവകാശത്തെ നമുക്കു ചോദ്യം ചെയ്യുകൂടാ.

ഇവയുടെ ഭരണം സുഗമമാക്കുവാൻ, അവർ പിരിക്കുന്ന നികുതികൂ പുറമെ ഗവണ്മെൻറും അവരെ സഹായിക്കേണ്ടിയിരിക്കുന്നു. വിദ്യാലയം, റോഡുനിർമ്മാണസംരക്ഷണം, ജലവിതരണം എന്നിവയ്ക്കു് സഹായധനം നല്കിയോ മററുവിധത്തിലോ ഇതു ചെയ്യാം. ഗ്രാമീണരുടെ അർത്ഥവത്തായ ഒരു ആരോപണമാണ്: അവർ കൊടുക്കുന്ന നികുതിയിൽ ഒരു ന. പൈ. പോലും അവർക്കു തിരികെ സഹായധനമായി തങ്ങളുടെ പ്രാദേശിക ഭരണസംഘടനകൾക്കു ലഭിക്കുന്നില്ലായെന്നതു്. ഇതിനു പരിഹാരമായി, പഞ്ചായത്തുകളിൽനിന്നും മുൻസിപ്പാലിററികളിൽനിന്നും പിരിക്കുന്ന നികുതികളുടെ നാലിലൊന്നോ മറേറാ ഗവണ്മെൻറ് അവയ്ക്കു കൊടുക്കണം എന്നു് ഏർപ്പാടു ചെയ്യുന്നതു നന്നായിരിക്കും. ഇന്ത്യയുടെ സുഭദ്രവും ക്രമോന്നതവുമായ രാഷ്ട്രീയ സാമ്പത്തിക വളർച്ചയ്ക്കു് ഈ തദ്ദേശഭരണസംഘടനകളുടെ വളർച്ച അത്യന്താപേക്ഷിതമാണ്. ആകയാൽ അവയെ സംരക്ഷി

ക്കുകയും സർവ്വഥാ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. "ഗ്രാമസ്വരാജ്" എന്ന നവീനാശയം ഈ ലക്ഷ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നതു്.

താഴെ പറയുന്നവയാണ് ഇവയുടെ സാമാന്യവരുമാനമാർഗ്ഗം.

1) വ്യവസായനികുതി, അതിർത്തിച്ചുങ്കം, റോഡുനികുതി മുതലായവ.

2) നിലനികുതി, വീട്ടുകരം മുതലായവ.

3) ആൾനികുതി, തൊഴിൽനികുതി, യാത്രാനികുതി, തീർത്ഥകനികുതി മുതലായവ.

4) വാഹനനികുതി—വിവിധതരം ലൈസൻസുകൾക്കുള്ള ചാർജ്ജ്–ഫീസുകൾ മുതലായവ. [1]

## B. സാമൂഹ്യവർഗ്ഗങ്ങളും സംഘടനകളും.

**104.** സാമൂഹ്യസംഘങ്ങളെന്നു നാം വിളിക്കുന്ന കുടുംബം, പഞ്ചായത്തു് എന്നിവയ്ക്കുപുറമെ ഏതൊരു ക്രമീകൃതസമൂഹത്തിലും സാമൂഹ്യവർഗ്ഗങ്ങൾ (Social Classes) എന്നൊരു ഘടനകൂടി നാം കാണുന്നു. മനുഷ്യന്റെ നൈസർഗ്ഗികപ്രേരണയുടെ ഫലമായി കുടുംബങ്ങളുണ്ടായതുപോലെ വ്യക്തികളുടെ ഇടയിലുള്ള ഉച്ചനീചത്വത്തിൽ നിന്നു സാമൂഹ്യവർഗ്ഗങ്ങൾ ഉടലെടുക്കുന്നു. പ്രത്യേക സാമൂഹ്യലക്ഷ്യങ്ങളും വർഗ്ഗരൂപീകരണത്തിനു വഴി തെളിച്ചേക്കാം. വൈദികർ, പ്രഭുക്കൾ, സാമാന്യജനങ്ങൾ ഇങ്ങനെ മൂന്നു സാമൂഹ്യവിഭാഗങ്ങൾ മദ്ധ്യയുഗങ്ങളിൽ യൂറോപ്പിലുണ്ടായിരുന്നു. തൊഴിൽപരമായ ജാതിവ്യത്യാസം ഇന്ത്യയിൽ ഇന്നും ഏറെക്കുറെ നിലവിലുണ്ടു്. വൈദികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ബ്രാഹ്മണരും രാജ്യപാലനത്തിൽ വ്യാപൃതരായിരിക്കുന്ന ക്ഷത്രിയരും കഷ്കരായവൈശ്യരും ദാസവൃത്തിയിൽ മുഴുകിയിരിക്കുന്ന ശൂദ്രരും വ്യത്യസ്തവർഗ്ഗങ്ങളായി നിലകൊള്ളുന്നു. ചില വർഗ്ഗങ്ങൾ പരമ്പരയാ ഉള്ളവയാണെങ്കിൽ മററു ചിലതു തൊഴിൽപരമായി ഉണ്ടാകുന്നവയാണ്. ഇന്ത്യൻജാതിഭേദം തൊഴിൽപരമായി തുടങ്ങിയെങ്കിലും ഇന്നതു് മതതാത്വികപശ്ചാത്തലമുള്ള ഒരു നൈസർഗ്ഗിക പാരമ്പര്യവ്യവസ്ഥയായി മാറിക്കഴിഞ്ഞിരിക്കുന്നു. [2]

---

1 Cfr. Jather and Beri—Elements of Indian Economics. P. 188.

2 Cfr. A Study of Hinduism by Fr. Zacharias, O. C. D. p. 100.

എന്നാൽ ക്രൈസ്തവയൂറോപ്പിൽ ആർക്കും ഏതൊരു തൊഴിലും സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ആർക്കും ഏതു തൊഴിലും സ്വീകരിക്കാമെന്നുള്ള യൂറോപ്യൻ സമ്പ്രദായം യൂറോപ്യൻ നാഗരികതയ്ക്കു വലിയൊരു താങ്ങാണിന്നും.

തൊഴിൽ ഗിൽഡുകളെന്ന പേരിൽ ഉണ്ടായിരുന്ന സാമൂഹ്യവർഗ്ഗങ്ങളെ ഫ്റഞ്ചുവിപ്ലവം തുടച്ചു മാററി, തൽസ്ഥാനത്തു വ്യക്തിവാഴ്ചയെ അഥവാ മുതലാളിത്തത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതിനാൽ ഒന്നു വ്യക്തമാകുന്നു. രാഷ്ട്രത്തെ എങ്ങനെ സംഘടിപ്പിക്കുകയാണെങ്കിലും അസമത്വത്തിൽനിന്നു രൂപമെടുക്കുന്ന ഏതെങ്കിലും വർഗ്ഗവ്യത്യാസം താമസിയാതെ വന്നുചേരാതിരിക്കയില്ല. നൈസർഗ്ഗികശക്തികളുടേയും ഉത്സാഹപരിശ്രമങ്ങളുടേയും ധനാദിനിമയരീതിയുടേയും സ്ഥിതിവ്യത്യാസങ്ങളനുസരിച്ചു് ചിലർ മററുള്ളവരെക്കാൾ ധനികരാകുക സ്വാഭാവികമാണു്. യാതൊരു രക്തമഹിമയും അനുവദിക്കാത്ത പരിപൂർണ്ണജനായത്തരാഷ്ട്രമെന്നു് അഭിമാനിക്കുന്ന അമേരിക്കയിൽപ്പോലും ഒരുതരം "ഡോളർ പ്രഭുത്വം" നമുക്കു കാണാം.

**105. സാമൂഹ്യസംഘടനകൾ:** ബുദ്ധിപരമോ സാമ്പത്തികമോ ആയ പൊതുലക്ഷ്യം നേടേണ്ടി വരുമ്പോൾ സംഘാതമായി പ്രവർത്തിക്കുക മനുഷ്യസഹജമാണു്. ചില ലക്ഷ്യപ്രാപ്തി അത്തരം സംഘടനകൾ വഴിയല്ലാതെ നേടുക അസാദ്ധ്യവുമാണു്. ഒററപ്പെട്ട പ്രവർത്തനങ്ങളേക്കാൾ സംഘാതപ്രവർത്തനങ്ങളാണല്ലോ എന്നും കൂടുതൽ വിജയകരം. ആകയാൽ എക്കാലത്തും—വിശിഷ്യാ സാമൂഹ്യബോധം വളർന്നു നില്ക്കുന്ന ആധുനികകാലത്തു്-വിവിധ സംഘടനകൾ അനുദിനമെന്നോണം രൂപം കൊള്ളുന്നു. സാമ്പത്തിക സംഘടന, സാംസ്കാരികസംഘടന, ശാസ്ത്രീയസമിതി, വ്യാവസായികസംഘം, വാണിജ്യസഖ്യം എന്നു വേണ്ടാ എന്തിനും എവിടേയും സംഘടനകൾ തന്നെ. ന്യായമായ ലക്ഷ്യത്തോടെ സംഘടിക്കുന്ന ഇത്തരം സമിതികൾക്കും, വ്യക്തികൾക്കെന്നതുപോലെ ന്യായമായ പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കണം. നിർമ്മിതമായവ്യക്തിത്വമേ അവയ്ക്കുള്ളവെങ്കിലും, വ്യക്തിസ്വാതന്ത്ര്യം പോലെതന്നെ, അവയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും മററു സംഘങ്ങളുടെ അവകാശസ്വാതന്ത്ര്യങ്ങൾമൂലവും പൊതുനന്മയുടെ പരിരക്ഷണവ്യഗ്രത മൂലവും നിയന്ത്രിക്കപ്പെടുന്നു. ഇവയിൽ തൊഴിലാളി സംഘടനകൾ ഇന്നു നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതിനാൽ അവയെപ്പററി പ്രത്യേകം പ്രതിപാദിക്കാം.

**106. തൊഴിൽ സംഘടനകൾകൊണ്ടുള്ള ഗുണങ്ങൾ:** 1) രാഷ്ട്രത്തിൻെറയും വിശിഷ്യാ, രാഷ്ട്രത്തിലെ ഏററവും പ്രധാന വിഭാഗമായ ഉല്പാദകവർഗ്ഗത്തിൻെറയും സാമ്പത്തികലക്ഷ്യം നേടുവാൻ ഇവ സഹായിക്കുന്നു.

2) ഒരു പ്രത്യേക തൊഴിൽവർഗ്ഗത്തിൽപ്പെട്ട തൊഴിലാളികളുടെ അവകാശസ്വാതന്ത്ര്യങ്ങൾ ഇവവഴി സംരക്ഷിക്കപ്പെടുന്നു.

3) ക്രിസ്തീയാദർശങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വാഭാവികവികസനം ഈ സംഘടനകൾവഴി സമുദായം നേടുന്നു. ഈ സംഘങ്ങൾ സിവിൽസമുദായത്തിൻെറ അവശ്യഘടകങ്ങളാണ്. അല്ലെങ്കിൽ അതിൻെറ സ്വാഭാവിക വികസനഫലമെങ്കിലുമാണെന്നു് പലരും കരുതുന്നു." *

എന്നാൽ ഉല്പാദകവർഗ്ഗമായ തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വർഗ്ഗസമരം സമുദായത്തിൻെറ ലക്ഷ്യങ്ങൾക്കും രാജ്യങ്ങളുടെ പാരമ്പര്യത്തിനും എതിരാണ്.

Action & reaction, Class struggle,

മദ്ധ്യയുഗങ്ങളിൽ ഏതെങ്കിലും പ്രത്യേകം തൊഴിലിലോ കലയിലോ ഏർപ്പെട്ടിരുന്നവർ ഒരുമിച്ച് തങ്ങളുടേതായ പ്രത്യേക സംഘടനകൾ രൂപവൽക്കരിച്ചിരുന്നു, "ഗിൽഡു"കളെന്ന പേരിൽ. ഈ ഗിൽഡുകമ്മററികളാണ നഗരാധിപരൊത്തു്, ജോലിസമയം, ഒഴിവുദിവസങ്ങൾ, കൂലിനിരക്ക് ഇവയെല്ലാം നിജപ്പെടുത്തിയിരുന്നതു്. ഇവ കാതലായ പല നന്മകളും ചെയ്തിട്ടുണ്ട്. ഗിൽഡംഗങ്ങളുടെ തൊഴിലവകാശസ്വാതന്ത്ര്യങ്ങൾ സർവ്വദാ സംരക്ഷിച്ചിരുന്നതും, ക്രൈസ്തവചൈതന്യത്തിൽ രാഷ്ട്രങ്ങൾ നയിക്കപ്പെട്ടിരുന്ന അക്കാലത്തു്, ഒരു ക്രൈസ്തവസംയുക്തഗവണ്മെൻറിനു് അടിത്തറയിടുവാൻ വേണ്ട നിയമങ്ങൾക്കു രൂപം നല്കിയതുംഎടുത്തു പറയത്തക്കവയാണ്. ഇക്കാലത്തെ അനുസ്മരിച്ചുകൊണ്ടു് "ഇമ്മോർത്താലെദേയി" പറയുന്നു: "സുവിശേഷതത്വങ്ങൾ നഗരങ്ങളെ ഭരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു" എന്നു്.

ആധുനികവ്യവസ്ഥിതികൾക്കു ചേർന്ന പരിഷ്ക്കാരങ്ങളോടെ ഈ ഗിൽഡുപ്രസ്ഥാനത്തെ, തൊഴിൽരംഗങ്ങളിലെങ്കിലും പുനഃസ്ഥാപിക്കുവാൻ ആധുനിക ക്രൈസ്തവ സാമൂഹ്യപരിഷ്ക്കർത്താ

* Cfr. Encycl. "Quadragesimo anno".

ക്കാം ഇന്നു പരിശ്രമിച്ചുവരുന്നു. എന്നാൽ ഗിൽഡുപ്രസ്ഥാനങ്ങാം ക്കു ദുർബ്ബലവശങ്ങളും ഇല്ലാതിരുന്നില്ല; തൊഴിൽ വിഭജനത്തിലുണ്ടായിരുന്ന തീരാത്തർക്കവും, സ്ഥാപിതതാല്പര്യക്കാരായ നേതാക്കളുടെ സ്വാർത്ഥലാഭത്തിനായി അവയെ ദുരുപയോഗിക്കുവാനുള്ള സാധ്യതയും പലപ്പോഴുംഅവയെ അധഃപതിപ്പിച്ചിരുന്നു.

വൈയക്തികാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സംഘടനകളേക്കാം, ക്രമീകൃതസമൂഹത്തിനു് ആവശ്യമായിരിക്കുന്നതു സ്വാഭാവികസാമൂഹ്യഘടകങ്ങളാണു്. അവയിൽ അതിപ്രധാനമായ സ്ഥാനം ഉല്പാദകസംഘടനകാംക്കാണു്. വിവിധ വസ്തുക്കളുടെ ഉചിതമായ ക്രമീകരണത്തിൽനിന്നും ഉയിർക്കൊള്ളുന്ന ഏകത്വമാണു് വി. അകുിനാസിൻെറ അഭിപ്രായത്തിൽ ക്രമം ആകയാൽ ആദർശസാമൂഹ്യക്രമത്തിനു് ഒരു പൊതുലക്ഷ്യത്താൽ ബന്ധിതമായ വിവിധ സാമൂഹ്യഘടകങ്ങളുണ്ടാകുക ആവശ്യമാണു്. ഈ പൊതുലക്ഷ്യവും പരസ്പരബന്ധവും രണ്ടു തരത്തിൽ സാധിക്കാം. 1) ഏതെങ്കിലും സേവനം അനുഷ്ഠിക്കാനോ പൊതുലക്ഷ്യം നേടുവാനോ തൊഴിലാളി–മുതലാളികാം ഒന്നുചേർന്നു പ്രവർത്തിച്ചുകൊണ്ടു്. 2) പരസ്പരം അനുരഞ്ജനയോടെ ഓരോ വിഭാഗവും അവരവരുടെ മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടു് നേടുന്ന പൊതുനന്മ വഴി. *

## C. ജനതയുംരാഷ്ട്രവും.

**107.** ഈ രണ്ടു പദങ്ങളും പലപ്പോഴും സമാനാർത്ഥത്തിൽ പ്രയോഗിക്കാറുണ്ടെങ്കിലും യഥാർത്ഥത്തിൽ അവ രണ്ടും ഒന്നല്ല. സ്വയംഭരണാവകാശമുള്ള ഒരു സ്വതന്ത്ര പൗരസംഘടനയാണു് രാഷ്ട്രം. എന്നാൽ തനിയെ ഒരു രാഷ്ട്രമാകാതെ തന്നെ, മറെറാരു രാഷ്ട്രത്തിനു് വിധേയമായി വർത്തിക്കുന്ന ഒരു സ്വാഭാവിക സാമൂഹ്യസംഘമാണു് ജനത. ക്രിസ്റ്റഫർ ഡാസൻ പറയുന്നു: "ജനത അനശ്വരമാണു്. നൈയാമികാംഗീകാരം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവ നില നില്ക്കുന്നു. എന്നാൽ രാഷ്ട്രങ്ങാം അങ്ങനെയല്ല; അവ ജനഹിതത്തെ മാനിച്ചും അല്ലാതെയും, ന്യായമായും അന്യായമായും നടത്തുന്ന യുദ്ധങ്ങളും വിപ്ലവങ്ങളുംവഴി വളരുകയോ തളരുകയോ രൂപം മാറുകയോ ചെയ്യുന്നു. പലപ്പോഴും ഒരു ജനതയെത്തന്നെ പല രാഷ്ട്രങ്ങളായി വിഭ

---

* Cfr. Encycl, "Quadragesimo anno."

ജിക്കാറുണ്ട്. ഐർലണ്ട്, ജർമ്മനി, കൊറിയ മുതലായവ ഉദാഹരണം. എന്നാൽ ഒരു രാഷ്ട്രത്തിൽത്തന്നെ, വിവിധ ജനതകൾ ഉണ്ടാകുകയും ആകാം. റഷ്യ, അമേരിക്ക, ഇന്ത്യ എന്നിവപോലെ. *

**108. ജനത. (Nationality)** പ്രകൃത്യാ, ജനമദ്ധ്യത്തിൽ ഉടലെടുക്കുന്ന കുടുംബങ്ങൾ ഒന്നുചേർന്നു പഞ്ചായത്തുകളും (ഗ്രാമങ്ങളിൽ) നഗരസഭകളും (നഗരങ്ങളിൽ) രൂപം കൊള്ളുകയും ഒരു പ്രത്യേകദേശത്തെ അത്തരം സാമൂഹ്യഘടനകൾ ഒന്നുചേർന്നു് (പല കാരണങ്ങളാലും) ജനതയായിത്തീരുകയും ചെയ്യുന്നു. ജനിക്കുക എന്നർത്ഥമുള്ള "Nascor" എന്ന ക്രിയയിൽനിന്നുംവരുന്ന "Natio" എന്ന ലത്തീൻ പദത്തിൽനിന്നാണു് നാഷണാലിററി (Nationality) പിറന്നതു്. നമ്മുടെ "ജനത"യ്ക്കും ജനനത്തോടു ബന്ധമുണ്ടല്ലോ. ഉല്പത്തിയുടെ ഐക്യമാണു് ജനതയുടെ രൂപമൂലകം. ഒരു പ്രദേശത്തുള്ളവരുടെ ഈ ഐക്യത്തിൻെറ കാരണമാവട്ടെ ബഹുവിധത്തിലാറാം; രക്തബന്ധം, ഏകഭാഷ, ഏകചരിത്രപാരമ്പര്യപശ്ചാത്തലം മുതലായവ

ഈ സവിശേഷതകളെല്ലാം ഒത്തിണങ്ങി ഒരു പ്രദേശത്തു് ഒരുമിച്ചു വസിക്കുന്നവരെ "ജനത"യെന്നു നമുക്കു നിരാക്ഷേപം വിളിക്കാം. എന്നാൽ ഇത്തരം "തനി ജനത"കൾ സുദുർല്ലഭമാണു്. തങ്ങളുടെ തന്മയിൽ അതിമാത്രം അഭിമാനിക്കുന്നവരുടെപോലും ജനതതികളും കലർപ്പററതാണെന്നു് അവർതന്നെ വാദിക്കുമെന്നു തോന്നുന്നില്ല. ഏറിയോ കുറഞ്ഞോ അന്യജനതയുടെ സങ്കരമില്ലാത്ത ജനതകൾ വിരളമാണു്. തനി ജനതയെന്നു് അഭിമാനിക്കുന്ന ഇംഗ്ലീഷ് ജനതയെ ഉദാഹരണമായി എടുക്കാം. പക്ഷെ, നോർമ്മൻ-ഡെയ്ൻ വർഗ്ഗക്കാരുടെ കലർപ്പ് അവരിൽ അങ്ങിങ്ങു കാണാം.

മുൻപറഞ്ഞ സവിശേഷതകളുടെ ഏകത സമ്പൂർണ്ണമായി പ്രകടിപ്പിക്കുന്ന ജനതയാണു് ഫ്രഞ്ചുകാർ. എന്നാൽ അവരിലും ബാസ്ക്ക്-ബ്രിട്ടൻ തുടങ്ങിയ വിദേശീയ ഗ്രൂപ്പുകൾ ഇടകലർന്നിരിക്കുന്നു.

ഇന്ത്യയിലെ ജനപദങ്ങൾക്കു് ഏകഭാഷയോ, ഏകരക്തബന്ധമോ അവകാശപ്പെട്ടുകൂടാ. അതിനാൽ ബഹുത്വം കുറിക്കുന്ന "ഇന്ത്യയിലെ ജനപദങ്ങൾ" (Peoples of India) എന്ന പ്രയോഗം സാധുവാണു്. ഇന്ത്യയുടെ ആർഷസംസ്കാരപാരമ്പര്യം മാത്രമാണു് ഇന്നും ഏകജനതയായി അവളെ സംഘടിപ്പിക്കുന്നതു്.

*Article European Unity and the League of Nations by Christopher Dawson, Tablet, 23-12-1939.

ജനതയുടെ നിർമ്മാണഘടകങ്ങൾ ഏതെന്ന കാര്യത്തിൽ സാമൂഹ്യശാസ്ത്രജ്ഞന്മാർക്കിടയിൽ ഏകാഭിപ്രായമില്ലാത്തതിനാൽ ജനതയ്ക്കൊരു നിർവ്വചനം നല്കുക ദുഷ്കരമാണ്. ചിലർക്കു ഈ നിർമ്മാണഘടകം രക്തബന്ധമാണ്. മററു ചിലർക്കു ചേതോവികാരങ്ങളുടെ ഏകരൂപം, ഇനിയുമൊരുകൂട്ടർക്കു് അതു് വെറും ഭാഷ മാത്രമാണ്. ഈ വിവിധ ഘടകങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ നമുക്കു പറയാം, വംശ (Race) മാണ് ജനതയുടെ അടിസ്ഥാനഘടകമെന്നു്. കാരണം വംശത്തിൽനിന്നും ഈ സവിശേഷതകളെല്ലാം പ്രവഹിക്കുന്നുണ്ടു്. [1]

## 109. ജനതയെപ്പററിയുള്ള സാമാന്യതത്വങ്ങൾ:

"ഒരു ജനതയ്ക്കു് ഒരു സ്വതന്ത്രഭരണകൂടം" എന്ന ആശയം ഇന്നൊരു മുദ്രാവാക്യമായിരിക്കുന്നു. പ്രബലരാഷ്ട്രങ്ങളുടെ സാമ്രാജ്യത്വവാഞ്ഛയും മർദ്ദനവുമാണ് ഈ ആശയത്തിന്റെ പിറവിയ്ക്കു പിന്നിലുള്ളതു്. പലരും ഈ ആശയത്തെ ചോദ്യം ചെയ്യുന്നുമുണ്ടു്.

വൈയക്തികാവകാശങ്ങളുടെ സുഭദ്രതയെ മാനിക്കുന്ന സാമൂഹ്യശാസ്ത്രജ്ഞന്മാർ ജനതയുടെ വ്യക്തിത്വത്തേ സംരക്ഷിക്കുന്നതിലും തല്പരരാണ്, വ്യക്തിഭേദമനുസരിച്ച് ഈ താല്പര്യം ഏററിയും കുറഞ്ഞും ഇരിക്കുമെങ്കിലും. "ജൽപോപ്പുളോ" എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധനായ "ഫെറാറി" (Ferrari) പറയുന്നു: "വൈയക്തികാവകാശങ്ങൾ അംഗീകരിച്ചുകൊണ്ടു് അതേ അവകാശങ്ങൾ ജനതയ്ക്കും നല്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്ന ക്രിസ്തീയാദർശത്തിന്റെ ഒരു സംസൃഷ്ടിയാണ് ഈ അധികാരാവകാശം" എന്നു്.

എന്നാൽ "കാത്രയി"ന്റെ അഭിപ്രായം വിഭിന്നമാണ്. "ഒരു പ്രത്യേക രാഷ്ട്രം കെട്ടിപ്പടുക്കുവാനുള്ള സാധ്യതയോ, ഏറിവന്നാൽ സൗകര്യമോ, മാത്രമാണ് ജനത നല്കുന്നതു്. എന്നാൽ വ്യവസ്ഥാപിതമായ ഒരു ഭരണകൂടത്തെ തകിടം മറിക്കുവാൻ ഈ സൗകര്യസാധ്യതകൾ മാത്രം മതിയായ കാരണമല്ല." [2]

താത്വികമണ്ഡലത്തിൽ ഇതേപ്പററി ഇത്രമാത്രം ഭിന്നതയുള്ളപ്പോൾ പ്രവർത്തനരംഗത്തെ കഥ പറയണമോ? സുവ്യക്തവും സുനിശ്ചിതവുമായ അവകാശങ്ങളോടുകൂടിയ വ്യക്തികളെപ്പോലെയല്ല

1. Cfr. E. Aranzadi, Nacion Vasca, Page II.

2. Cfr. V. Cathrein, Philosophia Moralis, page 511, ed: 16. Also Ruthnaswamy, M., The Making of the State, pp. 70—71.

സങ്കീർണ്ണതകളുടെ സമാഹാരമായ ജനത. ഓരോ ജനതയേയും അതിൻെറ വിശദാംശങ്ങളിൽ പഠിക്കണം. എന്തെല്ലാമായാലും സ്വാഭാവികനിയമങ്ങളെ അനാദരിക്കാതെ, ജനതയുടെ സ്വാഭാവിക വ്യക്തിത്വത്തെ അവഗണിക്കുക സാദ്ധ്യമല്ല. കാരണം, ഭാഷ, പാരമ്പര്യം, സംസ്കാരം തുടങ്ങിയ സ്വകീയമൂല്യങ്ങളെ പരിരക്ഷിക്കുന്നതിനും അങ്ങനെ സ്വന്തവ്യക്തിത്വം വളർത്തുന്നതിനും ഓരോ ജനതയ്ക്കുമുള്ള അവകാശം സ്വാഭാവികമാണ്, ജന്മായത്തമാണ്. ആകയാൽ വിസ്താരത്തിൽ ചെറുതെങ്കിലും, വ്യതിരിക്തമായ സ്വകീയതയുള്ള ജനതകളെ, സാമ്രാജ്യദുർമ്മോഹം മൂലവും മററും ചിതറിക്കുകയും, അവയുടെ സ്വാതന്ത്ര്യത്തേയും, വളർച്ചയേയും തടയുകയും ചെയ്യുന്ന വൻശക്തികൾ സാമൂഹ്യക്രമത്തിനെതിരായി മഹാപാതകമാണ് ചെയ്യുക.[1]

## D. രാഷ്ട്രങ്ങളിലെ വംശങ്ങൾ (Races in the State)

രാഷ്ട്രനിർമ്മാണഘടകങ്ങളിൽ സവിശേഷപരിഗണനയർഹിക്കുന്ന മററൊരു സാമൂഹ്യഘടകമാണു വംശം. മനുഷ്യകുലംതന്നെ വ്യതിരിക്തവ്യത്യാസങ്ങളോടുകൂടിയ വിവിധ വംശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. വെറും നാലടി ഉയരമുള്ള പിഗ്മികളും ആറടിയിലേറെ ഉയരമുള്ള പഞ്ചാബികളും, മഞ്ഞച്ചീനക്കാരനും കറുകറുപ്പൻ നീഗ്രോയും ഉദാഹരണങ്ങളാണ്. വംശവൈവിധ്യം രാഷ്ട്രവൈവിധ്യത്തിനു കാരണമാകുന്നു.

**110. നിർവ്വചനം:** വ്യക്തവും വ്യതിരിക്തവുമായ കായികവും പരമ്പരാഗതവും നാഗരികവുമായ സവിശേഷതകളാൽ, മററു വിഭാഗങ്ങളിൽനിന്നും സമൂലം വേർതിരിഞ്ഞു നില്ക്കുന്നതും രക്തബന്ധമുള്ളതുമായ ഒരു വിഭാഗം വ്യക്തികളെയാണു വംശം എന്നു പറയുന്നതു്. "വർഗ്ഗം" എന്ന പദവും ഇതേ അർത്ഥത്തിൽ പ്രയോഗിക്കാറുണ്ടു്. ഈ നിർവ്വചനത്തിൽനിന്നും വ്യക്തമാകുന്നതുപോലെ വംശത്തിനു താഴെ പറയുന്ന പ്രത്യേകതകൾ ഉണ്ടായിരിക്കും.

1. <u>സ്ഥിരത</u>. വംശാംഗങ്ങളുടെ പ്രത്യേകതകൾ ശാശ്വതവും സ്ഥിരവുമാകണം.

---

1. Cfr. Appadorai, The Substance of Politics, Vasanta Press, Madras, 1957. pp. 14—19.

2. വ്യക്തത. ഒരു വംശം വേറൊന്നിൽനിന്നു വേർതിരിക്കത്തക്കതായിരിക്കണം.

3. സാവ്വത്രികത്വം. ഒരു വംശത്തിനു സ്വകീയമായ ഗുണങ്ങളെല്ലാം അതിൻെറ എല്ലാ അംഗങ്ങൾക്കുമുണ്ടായിരിക്കണം. ആകയാൽ വംശം കായികഗുണങ്ങളിൽ അധിഷ്ഠിതമാണ്; ഗോത്രത്തിൽനിന്നും രാഷ്ട്രത്തിൽനിന്നും വിഭിന്നവുമാണ്. സമ്മിശ്രരക്തത്തോടുകൂടിയ കുടുംബങ്ങളുടെ സമൂഹമാണു ഗോത്രം (Tribe). പല വംശങ്ങൾ ഇണങ്ങിച്ചേർന്നിട്ടുള്ള സമൂഹമാണ് രാഷ്ട്രം.

**111. വർഗ്ഗവിഭജനം:** പ്രാഥമികവർഗ്ഗങ്ങളെന്നും, അപ്രാഥമികവർഗ്ഗങ്ങളെന്നും രണ്ടുവിധം. പ്രാഥമികവർഗ്ഗങ്ങളെ താഴെ ചേക്കുന്നു.

1. കാക്കാസുവർഗ്ഗം. ലോകജനതയിൽ പകുതിയിലധികം ഇവരാണ്. 50.5%. യൂറോപ്പ്, അമേരിക്കാ, മധ്യപൗരസ്ത്യദേശങ്ങൾ എന്നിവിടങ്ങളിൽ വസിക്കുന്നു.

2. മംഗോളിയർ. ലോകജനസംഖ്യയിൽ 39.3% ഇവരാണ്. അധിവാസകേന്ദ്രങ്ങൾ: വടക്കുകിഴക്കൻ ഏഷ്യാ, പൂർവ്വേഷ്യാ-ദ്വീപുകൾ, മലയാ, അമേരിക്കയിലെ ചില ഭാഗങ്ങൾ എന്നിവ.

3. നീഗ്രോവർഗ്ഗം. ലോകജനതയുടെ 6.4% വരും. അധിവാസസ്ഥലം ആഫ്റിക്കയും പൂർവ്വേഷ്യാദ്വീപുകളും.

**112. വർഗ്ഗോല്പത്തി:** വർഗ്ഗോത്ഭവത്തെപ്പററി പല അഭിപ്രായങ്ങളുമുണ്ട്.

a) ഏകകുലവാദം ആണ് സർവ്വപ്രധാനമായുള്ളത്. എല്ലാ വർഗ്ഗങ്ങളും ഒരേ സ്ഥലത്തുനിന്നും ഒരേ മാതാപിതാക്കളിൽനിന്നും ഉണ്ടായതാണെന്ന് ഇവർ വാദിക്കുന്നു. അസ്പഷ്ടമായ ദേശകാലപരിതഃസ്ഥിതികൾ വരുത്തിയ ശാരീരികഘടനാവ്യതിയാനങ്ങളാണ് വംശാന്തരങ്ങൾക്കു കാരണമായതു്.

b) ബഹുകുലവാദം: പല സ്ഥലങ്ങളിൽ പല മാതാപിതാക്കളിൽനിന്നും ഉണ്ടായവയാണു വിവിധ വർഗ്ഗങ്ങൾ. "ഗോബിനു"വിൻെറ അഭിപ്രായത്തിൽ, മഞ്ഞവർഗ്ഗവും, കറുപ്പുവർഗ്ഗവും, വെള്ളവർഗ്ഗവുമാണ് ലോകത്തിലെ പ്രധാന വർഗ്ഗങ്ങൾ.

c) സങ്കരവാദം. ആദിയിൽ ഏകവർഗ്ഗമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇവരിൽത്തന്നെ വൈവിധ്യം സ്വീകരിക്കുവാനുള്ള സാധ്യത കുടികൊണ്ടിരുന്നു. വിഭിന്നഭൂപരിതോവസ്ഥകളിൽ ഈ വൈവിധ്യം ഉരുത്തിരിയുകയും അനന്തരതലമുറകൾക്ക് അവ കൈമാറുകയും ചെയ്തുവരുന്നു.

**113. വർഗ്ഗസവിശേഷതകൾ:** ഉയരത്തിലും ശിരോസ്ഥിപ്രകൃതിയിലുമുള്ള വ്യത്യാസവും തലമുടി, നിറം, ചർമ്മം എന്നിവയുടെ രൂപവർണ്ണങ്ങളുമാണ് പ്രധാനമായവ. ഈ വർഗ്ഗവ്യത്യാസങ്ങൾക്ക കാരണമായി, വർഗ്ഗപരിണാമത്തെ ആധാരമാക്കിയുള്ളതോ വിശുദ്ധഗ്രന്ഥത്തിലെ ഏകകുലവാദത്തെ നിരസിക്കുന്നതോ ആയ യാതൊരു വാദഗതിയും നമുക്ക സ്വീകാര്യമല്ല. വീണ്ടും ബഹുകുലവാദികൾക്ക വൈവിധ്യമാർന്ന വർഗ്ഗവ്യത്യാസങ്ങൾക്ക തൃപ്തികരമായ വിശദീകരണം നല്കുവാൻ കഴിയുന്നുമില്ല. ആദാമിൽനിന്ന് ഉത്ഭവിച്ച ലോകജനതയുടെ ഏകത്വം നിഷേധിക്കുവാൻ വെമ്പുന്നവർ ദൈവപരിപാലന അവഗണിക്കുന്നവരാണെന്നും നാം അനുസ്മരിക്കണം.

**114. വർഗ്ഗവൈശിഷ്ട്യവാദം:** പൂർണ്ണമായോ ഭൂരിഭാഗികമായോ മനുഷ്യൻെറ സംസ്കാരപരിഷ്ക്കാരങ്ങൾ അവൻെറ വർഗ്ഗമൂല്യങ്ങളെ ആശ്രയിച്ചാണു രൂപം കൊള്ളുന്നതെന്ന വാദമാണിത്. ഈ വാദത്തിൻെറ ഉപജ്ഞാതാക്കൾ; സ്ലെജൽ ഗ്രണ്ടർ, മാക്സ്മുള്ളർ മുതലായവരാണ്. അവരുടെ പ്രധാന തത്വങ്ങൾ കീഴെ ചേർക്കുന്നു: ആദ്യകാലത്തു വെള്ള, കറുപ്പ്, മഞ്ഞ എന്നി മൂന്നു വർഗ്ഗവർണ്ണങ്ങളാണു പ്രധാനമായി ഉണ്ടായിരുന്നത്. ഇവരിൽ സർവ്വഥാ ഉൽകൃഷ്ടർ വെള്ളക്കാരായിരുന്നു അവരിൽത്തന്നെ സർഗ്ഗശക്തികൊണ്ടും, പ്രതിഭകൊണ്ടും മുന്നിട്ടുനിന്നിരുന്നവർ ആര്യന്മാരും ഫീഷേ (I. S. Fitche, 1712-1814)യുടെ ജർമ്മൻ മഹത്വവാദം ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. ലോകജനതയെ കഷ്ടതകളിൽനിന്നും സമുദ്ധരിക്കുവാൻ നിയുക്തരായിക്കുന്നവരാണ് ജർമ്മൻകാരെന്ന് അയാൾ കരുതി. ആര്യൻവർഗ്ഗമാണ് എല്ലാററിലും ഉന്നതം, അവരിൽത്തന്നെ ട്യൂട്ടോണിക (Teutonic) വർഗ്ഗം എല്ലാ സിദ്ധികളും നിറഞ്ഞവരാണ്. ആകയാൽ അവരെ കലർപ്പില്ലാതെ സംരക്ഷിക്കണം. ലോകജനതയുടെ മേലുള്ള ജർമ്മൻ മേധാവിത്വപ്രചരണത്തിനു ഈ ജർമ്മൻ വർഗ്ഗമാഹാത്മ്യവാദത്തെ, നാസികൾ പിന്നീടു പ്രയോഗിക്കുകയുണ്ടായി.

**115. വർഗ്ഗവൈശിഷ്ട്യവാദത്തിൻെറ നിരൂപണം:** തെളിയിക്കപ്പെടാത്ത സങ്കല്പങ്ങളിലും തെററായ നിഗമനങ്ങളിലുമാണ് വർഗ്ഗവൈശിഷ്ട്യവാദം അടിയുറച്ചിട്ടുള്ളതെന്നു സൂക്ഷ്മദൃക്കുകൾക്കു കാണുവാൻ കഴിയും. വൈരുദ്ധ്യാത്മകമായ ഒരു തത്വം അതിൽ അന്തർലീനമാണ്.

a) തെളിവില്ലാത്ത സങ്കല്പങ്ങൾ. വർഗ്ഗവിശേഷതകൾ സ്ഥിരവും അപവാദരഹിതവുമാണെന്ന വാദം ശരിയല്ല. സംസ്കാരവും പുരോഗതിയും തികച്ചും വർഗ്ഗപരമാണെന്ന വാദവും തെററാണ്. പ്രതിഭാശക്തി പാരമ്പര്യംവഴി തലമുറകൾക്കു കൈമാററാൻ കഴിയുകയില്ലെന്നു മുമ്പു തെളിയിച്ചിട്ടുണ്ട്.

b) തെററായ നിഗമനങ്ങൾ: വർഗ്ഗസങ്കരം വഴിയാണു സാംസ്കാരികാധഃപതനമുണ്ടാകുന്നതെന്ന വാദം തെററാണ്. വെള്ളക്കാരുടെ സൃഷ്ടിയാണു സർവ്വസംസ്കാരങ്ങളുമെന്ന വാദവും തെററുതന്നെ. തികച്ചും കറുത്ത വർഗ്ഗമായ ദ്രാവിഡരുടെ പുരാതന പ്രസിദ്ധമായ സൈന്ധവസംസ്കാരം ഇതിനു തെളിവാണ്. വെള്ളവർഗ്ഗക്കാരെ മാത്രമെ സംരക്ഷിക്കേണ്ടതുള്ളു, അതുവരെ മാത്രം തെരഞ്ഞെടുത്തു വളർത്തി പ്രചരിപ്പിക്കണം, വേണ്ടിവന്നാൽ, മററു വർഗ്ഗങ്ങളെയെല്ലാം തേജോവധം ചെയ്തും ഇവരുടെ സർവ്വാധിപത്യം സ്ഥാപിക്കണം. എന്നു തുടങ്ങിയ ഇവരുടെ വിചിത്രവാദങ്ങളെല്ലാം അബദ്ധജടിലങ്ങളുമാണ്.

**116. മനുഷ്യവർഗ്ഗത്തിൻെറ ഏകത്വം:** ബഹുലങ്ങളായ വർഗ്ഗസവിശേഷതകൾക്കിടയിലും അവയുടെ നിർമ്മാണഘടകങ്ങളിൽ കാതലായ ഒരേകത നമുക്കു കാണാൻ കഴിയും. എല്ലാ വർഗ്ഗങ്ങളിലും കണ്ടുവരുന്ന കുട്ടായമായ ആ നെട്ടായത്തവും കൈകാലുകളുടെ തുല്യദൈർഘ്യവും, തലച്ചോർ നിർമ്മിതിയിലുള്ള സത്താപരമായ തുല്യതയും തുല്യരീതിയിലുള്ള അസ്ഥിപഞ്ജരവും, അന്തരേന്ദ്രിയങ്ങളും നാഡീമണ്ഡലവും, ഹൃദയസ്പന്ദനവും ശ്വാസോച്ഛ്വാസരീതിയും, ശീതോഷ്ണനിലയും ഗർഭധാരണകാലവുമെല്ലാം ഇതിനു തെളിവുകളാണ്. സ്ത്രീകളുടെ വക്ഷസ്സിൻെറ ഘടന. ശരീരത്തിലെ രോമാവൃതസ്ഥാനങ്ങളുടെ ഐകരൂപ്യം, അധരാഗ്രനിമ്നോന്നതത്വം മുതലായി ബാഹ്യപ്രകൃതിയിൽപ്പോലും സർവ്വവർഗ്ഗങ്ങളിലും കാണുന്ന ഐകരൂപ്യം പ്രത്യേകം ശ്രദ്ധേയമാണ്. വർണ്ണത്തിലും ആകൃതിയിലും മാത്രമാണു ഭിന്നതയുടെ അടിസ്ഥാനം സ്ഥിതി ചെയ്യുന്നതു്.

വർഗ്ഗങ്ങൾ തമ്മിൽ അന്തരങ്ങളുണ്ടെന്നുള്ളതു ശരിതന്നെ; എന്നാൽ അവ നിർണ്ണായകവും അഭേദ്യവുമാണെന്നു പറയുവാൻ പാടില്ല. കാലാന്തരങ്ങളിൽ വർഗ്ഗീയപ്രത്യേകതകൾ ഒന്നിൽനിന്നു മററൊന്നിലേക്ക് അലിഞ്ഞുചേരുന്നതു കാണാവുന്നതുമാണ്. ആകയാൽ ഇന്നോളം വേർതിരിച്ചുവച്ചിട്ടുള്ള ഡസനിലധികം വർഗ്ഗങ്ങളെ സാർവ്വജനീനമായി സ്വീകരിക്കാൻ ആരും ഇന്നൊരുക്കമില്ല. വർഗ്ഗങ്ങളുടെ എണ്ണം കൂടുന്തോറും ഒരു കാര്യം സ്പഷ്ടമാകുന്നു. വർഗ്ഗവ്യത്യാസങ്ങൾ സത്താപരമല്ല; അവയെല്ലാം ഒരു കേന്ദ്രത്തിൽനിന്നുതന്നെ നിഷ്പദിച്ചവയായിരിക്കണം.

**117. ഇന്ത്യയിലെ വർഗ്ഗവ്യവസ്ഥ:** സർവ്വവർഗ്ഗക്കാരേയും ഇന്ത്യയിൽ കണ്ടെത്തുവാൻ കഴിയുമെന്നതു് ഒരു പ്രത്യേകതയാണ്. പ്രകടമായ ശാരീരികപ്രകൃതിയനുസരിച്ച് ഇവരെ അഞ്ചു തരക്കാരായി വിഭജിക്കാം.

1. <u>നീഗ്രോവർഗ്ഗം.</u> ആന്തമാൻദ്വീപുനിവാസികൾ മിക്കവരും ഈ വർഗ്ഗത്തിൽ പെടുന്നു. കറുപ്പുനിറം, കുറിയ ശരീരം, ഉരുണ്ട തല, പരന്ന മുഖം, പതിഞ്ഞ മൂക്ക്, കുരുമുളകുതിരിപോലെ ചുരുണ്ടിരിക്കുന്ന ഉരുണ്ട തലമുടി ഇവയെല്ലാം അവരുടെ പ്രത്യേകതകളാണ്. ആഫ്രിക്കൻ നീഗ്രോകളോട് ഇവർക്കു യാതൊരു ബന്ധവുമില്ല. മലയായിലെ "സമാൻഗ്" ന്യൂഗിനിയിലെ "പപ്പുവൻ" തുടങ്ങിയ ഏഷ്യൻ-ഓഷ്യാനിക്‌വർഗ്ഗക്കാരോടാണ് ഇവർക്കു കുലബന്ധം. തിരുക്കൊച്ചിയിലെ, കാടരും പുലയരും മലബാറിലെ ഇരുളരും, മലയരും, കുറിച്യരും പണിയരും, ആസ്സാം മലകളിലെ ആഗാമി നാഗന്മാരും കി. ബീഹാറിലെ രാജ്മഹൽക്കുന്നുകളിലെ ചില വർഗ്ഗക്കാരും ഈ സവിശേഷതകളുള്ളവരാണ്.

2) <u>വെഡ്ഡിവർഗ്ഗം.</u> (വേട്ടക്കാർ) ദക്ഷിണേന്ത്യയിലും മദ്ധ്യമേന്ത്യയിലുമുള്ള പല കാട്ടുവർഗ്ഗക്കാരും ഇക്കൂട്ടരിൽ പെടുന്നു. "സന്താള"രും "മുണ്ഡ"രും ഉദാഹരണം. പല സങ്കരവർഗ്ഗങ്ങളിലായി ഇന്ത്യൻ അധഃകൃതരിൽ ഇത്തരക്കാരെ കാണാം. കുറിയ ശരീരം, വട്ടമുഖം, പരന്ന നെററിത്തടം, പതിഞ്ഞ മൂക്ക്, വിടർന്ന നാസികദ്വാരങ്ങൾ, കുഴിഞ്ഞ താടിയെല്ല് ഇവയാണ് അവരുടെ ശാരീരികപ്രത്യേകതകൾ.

3) <u>മെലാനിഡ് വർഗ്ഗക്കാർ.</u> ഉൽപ്പത്തിയെ അടിസ്ഥാനപ്പെടുത്തി മെഡിററേനിയൻ വർഗ്ഗമെന്നും പറയും. അധിവാസ

കേന്ദ്രം: ദക്ഷിണേന്ത്യൻ സമതലങ്ങൾ. (തമിഴ് കർണ്ണാടകമലയാളപ്രദേശങ്ങൾ). ശാരീരിക സവിശേഷതകൾ: ഇടത്തരം ഉയരം, പരന്ന ചുണ്ട്; ഇരുണ്ട മുടി, കറുപ്പുനിറം എന്നിവ.

4. ഇൻഡീസ് വർഗ്ഗക്കാർ. ഇന്ത്യൻ ജനസംഖ്യയിൽ ഏറിയകൂറും ഇവരാണ്. പടിഞ്ഞാറെ തീരപ്രദേശങ്ങളിലും മധ്യഡക്കാൺദേശത്തും പ്രധാനമായി ഉത്തരേന്ത്യയിലും ഇവർ അധിവസിക്കുന്നു. നീണ്ട തല, നീണ്ടു ചെറുതായ മുഖം എന്നിവയാണ് അവരുടെ പ്രത്യേകതകൾ. ശരീരപ്രകൃതിയും ഉൽപ്പത്തിയും പരിശോധിച്ചാൽ കാണാം, അവർ ദക്ഷിണയൂറോപ്യൻ വർഗ്ഗങ്ങളുടെ ഒരു ഭാഗമാണെന്നു്.

5. മംഗോളിയർ. വടക്കുകിഴക്കേ ഇന്ത്യൻ പർവ്വതപ്രദേശങ്ങളിൽ അധിവസിക്കുന്നു. വിസ്താരമേറിയ മുഖം, തുടിച്ച കവിളെല്ല്, മഞ്ഞകലർന്ന ഇളംതവിട്ടുനിറം, മുഖത്തും ഉടലിലും വിരളമായ രോമം, കണ്ണുമൂക്കാലും മൂടുന്ന തുടുത്തുമറിഞ്ഞ കൺപോളകൾ എന്നിവ അവരുടെ പ്രത്യേകതകളാണ്.

ഈ വർഗ്ഗങ്ങളൊന്നും തന്നെ അവയുടെ തനി പുലർത്തുന്നുവെന്നു് പറഞ്ഞുകൂടാ. എല്ലാം അന്യോന്യം ഇടകലർന്നു് ഒരു സങ്കരവർഗ്ഗമായിട്ടാണു കഴിയുന്നതു്. പൊതുവെ പറഞ്ഞാൽ, ഉത്തരേന്ത്യയിൽ ഇൻഡീസുവർഗ്ഗവും ദക്ഷിണേന്ത്യയിൽ മെലനിഡുവർഗ്ഗവും പ്രധാന വർഗ്ഗമാണെന്നു പറയാം ഇവർക്കിടയിൽത്തന്നെ ഏററവും സുരക്ഷിതപ്രദേശങ്ങളിലെങ്ങാനും വർഗ്ഗസ്വഭാവം തനിനിറത്തിൽ പുലർത്തുന്നവരും ഉണ്ടാവാം.

**118. ജനസംഖ്യാനിർണ്ണയം:** ലോകരാഷ്ട്രങ്ങളിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്കുള്ളതു്. 1951-ലെ കാനേഷുമാരി അനുസരിച്ചു് ഇന്ത്യയുടെ ജനസംഖ്യ 35, 68, 79, 394 ആണ്. ജമ്മു-കാഷ്മീർ പ്രദേശവും ചില ആസ്സാം പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. (അനുബന്ധം കാണുക).

# ഗ്രന്ഥസൂചി.

V. Catherin, S.J., Philosophia Moralis, Liber II. Chap. III. art III.

Cahil. The Framework of a Christian State, Chap. 25—26 (H. Gill & Son, Dublin). 1932.

Lorenzo Dardano, The Elements of Social Science, Chap. IV-V.

Encycl. Immortale Dei (On Christian Constitution of States).

D. Ferroli, S.J., Moral Science, Vol. III, Appendix IV.

G. Clune, Christian Social Organisation, Chapts. II and XXI.

Jennings H. S. Scientific Aspects of the Race Problem.

Majumdar, D. N., Races and Cultures of India, pp. 20—68.

Aranzadi, E., Nacion Vasca · Bilbao, 1918.

Appadorai, The Substance of Politics, pp. 14—19.

Ruthnaswamy, M., The Making of the State, pp. 40—41.

Laski, H. T., A Grammar of Politics, pp. 219—220.

Report of the Indian Statutory Commission, 1930, Vol. I, p. 298 and 347. Encyclical Quadragesimo Anno.

India 1957, A Reference Annual, pp. 5—6.

Aristotle, Politics, Book VII, cc. 1— 12.

Guenechea, Joseph, S.J., Principia Iuris Politici, Vol. I, pp. 58—160.

La Farge, John International Justice, New York, America Press, 1937.

Le Buffe, Francis, P., S.J., Human evolutionists, America Press, New York, 1931.

Parson, Wilfred. Nationalism, Racism and the Church, Thought, March, 1939.

Messner, J, Social Ethics, pp. 321—396.



## 3.

# രാഷ്ട്രത്തിൻെറ ലക്ഷ്യം.

**119.** രാഷ്ട്രത്തിൻെറ പ്രകൃതി ശരിയായി മനസ്സിലാക്കുവാൻ അതിൻെറ ലക്ഷ്യമെന്തെന്നുകൂടി അറിഞ്ഞിരിക്കണം. കാരണം, ലക്ഷ്യമാണ് അതിൻെറ പ്രവൎത്തനങ്ങളേയും ക്രമീകരണത്തേയും നിയന്ത്രിക്കുന്നതു്. നമ്മുടെ വീക്ഷണകോണത്തിൽ ലക്ഷ്യപ്രാപ്തിമാത്രമാണു രാഷ്ട്രങ്ങൾക്കു അസ്തിത്വം നല്കുന്നതുതന്നെ.

കുടുംബങ്ങൾ, പഞ്ചായത്തുകൾ തുടങ്ങിയ സാമൂഹികഘടകങ്ങളുടെ വെറുമൊരു സമാഹാരമല്ല രാഷ്ട്രം. ചില പ്രത്യേകകുടുംബങ്ങളുടെ സമൃദ്ധിയുമല്ല അതിൻെറ ലക്ഷ്യം. എല്ലാ കുടുംബങ്ങളുടേയും പൊതുസമൃദ്ധിയും നന്മയും നേടുവാൻ സ്ഥാപിതമായ ഒരു സമ്പൂൎണ്ണ സമൂഹമാണതു്.

**120.** **രാഷ്ട്രത്തിൻെറ ഉദ്ദേശ്യം:** ഓരോ വ്യക്തിയും തൻെറ സുഖക്ഷേമങ്ങൾക്കു വേണ്ടതു നേടുവാൻ കടപ്പെട്ടിരിക്കുന്നു; കുടുംബനായകൻ കുടുംബങ്ങൾക്കു വേണ്ടതും. എന്നാൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും സ്വയം നേടാൻകഴിയാത്തതു ചെയ്തുകൊടുക്കുകയാണു രാഷ്ട്രത്തിൻെറ ധൎമ്മം. അതിനാൽ രാഷ്ട്രത്തിൻെറ ഉദ്ദേശ്യം അതിൻെറ അംഗങ്ങളുടെ പൊതുസുഖക്ഷേമവും സുരക്ഷിതത്വവും നേടിക്കൊടുക്കുകയാണ്. 13-ാം ലെയോൻ മാർപ്പാപ്പ ഇതേപ്പററി ഇങ്ങനെ പറയുന്നു: "മനുഷ്യൻെറ നൈസൎഗ്ഗികവാസന സാമൂഹികജീവിതത്തിനു അവനെ പ്രേരിപ്പിക്കുന്നു. കാരണം, ഒററതിരിഞ്ഞ ജീവിതത്തിൽ, മാനസികധാൎമ്മികവശങ്ങളെ വളൎത്തുവാനുള്ള മാർഗ്ഗങ്ങൾ അവനു ലഭിക്കുകയില്ല; ആകയാൽ സഹജീവികളുമൊരുമിച്ച് കായികമോ, സാമൂഹികമോ രാഷ്ട്രീയമോ ആയ ജീവിതം അവർ നയിക്കണമെന്നതു് ദൈവനിശ്ചയംതന്നെ. അവിടെമാത്രമേ അവൻെറ സാമൂഹികാവശ്യങ്ങൾ നിറവേററപ്പെടുകയുള്ളു." * അതിനാൽ, എല്ലാവർക്കും പൊതുവെയും ഓരോരുത്തനും പ്രത്യേകവും പൊതുനന്മ നേടിക്കൊടുക്കുകയാണു രഷ്ട്രത്തിൻെറ ലക്ഷ്യമെന്നു വ്യക്തമാകുന്നു.

---

* Encycl, "Immortale Dei"

സാമൂഹികപൊതുനന്മയ്ക്കു രണ്ടു പ്രധാന വശങ്ങളുണ്ട്: സംരക്ഷണവും, സുഖക്ഷേമസമൃദ്ധിയും. വിദേശീയമോ ആഭ്യന്തരമോ ആയ ആക്രമണങ്ങളിൽനിന്നു നാടിനെ രക്ഷിക്കുകയാണ് സംരക്ഷണച്ചുമതല. നീതിന്യായം നടത്തുകയും, സാമുദായികരംഗത്തു വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നാശംവരാതെ കാക്കുകയുംചെയ്യുക രാഷ്ട്രത്തിന്റെ ചുമതലയാണ്. ഈദൃശകാര്യങ്ങൾക്കെല്ലാം കഴിവുററ ഏക സാമൂഹികഘടകം രാഷ്ട്രം മാത്രവുമാണ്.

ജനതയുടെ സാമൂഹികവും സാമ്പത്തികവും, സാംസ്കാരികവും ധാർമ്മികവുമായ സമൃദ്ധി നേടിക്കൊടുക്കുവാനുള്ള കടമയാണു ക്ഷേമധർമ്മംകൊണ്ടു വിവക്ഷിക്കുന്നതു്. ഇതാണു രാഷ്ട്രത്തിന്റെ നിർമ്മാണാത്മകവശം. സംരക്ഷണമാകട്ടെ നിരോധാത്മകവും പ്രതിരോധാത്മകവുമത്രെ.

**121. പൊതുനന്മയുടെ സ്വഭാവം:** വ്യക്തികൾക്കു പ്രത്യേകവും മനുഷ്യർക്കു പൊതുവെയും സമ്പൂർണ്ണവികാസം നേടുവാനാവശ്യമായ നന്മകളുടെ സ്വഭാവത്തിൽനിന്നുവേണം പൊതുനന്മയുടെ പ്രകൃതി നിർണ്ണയിക്കുവാൻ. താത്വികസാമ്രാട്ടായ സെൻറ് തോമസ് പറയുന്നു: "ആദർശജീവിതത്തിനു രണ്ടു കാര്യങ്ങളാണാവശ്യം: സുകൃതജീവിതവും സമ്പത്സമൃദ്ധിയും. ഇവയിൽ സുകൃതജീവിതമാണു പ്രധാനം. കാരണം ഭൂമിയിൽ മനുഷ്യന്റെ സൌഭാഗ്യവും സുസ്ഥിതിയും സുകൃതജീവിതത്തിൽനിന്നാണു സമുത്ഭൂതമാകുന്നതു്. അറിവും ധാർമ്മികനന്മയും ഉൾക്കൊള്ളുന്നതാണു സുകൃതം. അതുകൊണ്ടു സുകൃതജീവിതത്തിനു മാനസികവികാസവും ധാർമ്മികവളർച്ചയും ആവശ്യമാണ്." [1]

"സാമ്പത്തികസ്വായം പര്യാപ്തതയും മനുഷ്യജീവിതത്തിനാവശ്യമാണ്. എന്നാൽ ഇതു ലക്ഷ്യത്തിലേക്കുള്ള പ്രാഥമികമാർഗ്ഗങ്ങളല്ല; സുകൃതജീവിതമാകുന്ന ലക്ഷ്യത്തിനുവേണ്ട ഉപാധികൾ മാത്രമാണ്.[2]" ആകയാൽ, രാഷ്ട്രങ്ങളും ജനതയുടെ ധാർമ്മികനിലവാരമുയർത്തുകയും മനുഷ്യന്റെ പൊതുനന്മയ്ക്കു് ഉപകരിക്കുന്ന നല്ല ആചാരമുറകൾ സംരക്ഷിക്കുകയും ചെയ്യണം. മാനസികവികാസവും ലൌകികക്ഷേമവും മനുഷ്യന്റെ പരിപൂർണ്ണതയ്ക്കു് ആവശ്യമാകയാൽ അവയെ പ്രോത്സാ

1 In Politicorum, Lib. III, lect. 7.
2 In Politicorum, Lib. III, lect. 5.

ഹിപ്പിക്കുവാനും പുഷ്ടിപ്പെടുത്തുവാനും രാഷ്ട്രത്തിനു കടമയുണ്ട്. സെൻറ് തോമസ് തുടന്നു പറയുന്നു: "സാമ്പത്തികസമൃദ്ധിക്കും സന്തുഷ്ടിക്കു മാവശ്യമായതെല്ലാം ജനങ്ങാംക്കു നേടിക്കൊടുക്കുവാൻ കഴിവെഴുന്നതിനാലാണു രാഷ്ട്രത്തെ സ്വയംസമ്പൂർണ്ണസമൂഹമെന്നു വിളിക്കുന്നതു്. അക്കാരണത്താൽത്തന്നെ അതു എല്ലാ സമൂഹങ്ങളുടെയുമിടയിൽ പ്രഥമസ്ഥാനം വഹിക്കുന്നു; അതു് മറെറാരു സമൂഹത്തിനും വിധേയമല്ല." [1] ആകയാൽ, സർവ്വ പൗരന്മാർക്കും അവരുടെ സാമൂഹിക ലക്ഷ്യം നേടത്തക്കവിധം സാമൂഹികവ്യവസ്ഥിതികാം ക്രമീകരിച്ചു നിയന്ത്രിക്കുക ഓരോ രാഷ്ട്രത്തിൻെറയും കടമയും അവകാശവുമാണ്. [2]

എന്നാൽ സാമാന്യപരിതസ്ഥിതിയിൽ, ക്രമീകൃതസാമൂഹ്യസംഘടനകളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ രാഷ്ട്രത്തിനു അവകാശമില്ല. കുടുംബജീവിതത്തിൻെറ പരിപാവനരംഗങ്ങളിൽ അതു ഇടപെടരുതു്. അതിനുള്ള ദുഷ്പ്രവണതകാം വളരുന്ന ഇക്കാലത്തു് ഇക്കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ചുരുക്കത്തിൽ പൊതുജനക്ഷേമം താഴെപ്പറയുന്നതെല്ലാം ഉാംക്കൊള്ളുന്നു:—

1) ധാർമ്മികസുസ്ഥിതി: ഒരു പ്രത്യേകമതവും അടിച്ചേല്പിക്കാതെ മതാഭ്യസനവും സുകൃതജീവിതവും പ്രോത്സാഹിപ്പിക്കുക.
2) സംസ്കാരസുസ്ഥിതി: വിദ്യാഭ്യാസത്തിനും മാനസിക സംസ്കരണത്തിനുമുള്ള സൗകര്യം നല്കുക.
3) സാമ്പത്തികസുസ്ഥിതി: തൊഴിൽചെയ്തു മാന്യമായ ജീവനംനേടുവാൻവേണ്ട സാഹചര്യം സൃഷ്ടിക്കുക.
4) സുരക്ഷിതത്വം: സ്വാഭാവികവും രാഷ്ട്രീയവും ധാർമ്മികവുമായ കടമകാം യാതൊരു ആക്രമണഭീതിയും കൂടാതെ നിർവ്വഹിക്കുവാനുള്ള സുരക്ഷിതത്വം പാലിക്കുക.

---

1 Summa Theol, I-II, q. 90, a. 2.

2 പുരാതന ഭാരതീയചിന്തകന്മാർ ഈ ധാർമ്മികചുമതല ശരിക്കും മനസ്സിലാക്കിയിരുന്നു. മഹാഭാരതം പറയുന്നതു നോക്കുക: രാഷ്ട്രം ധർമ്മസംരക്ഷകയാവണം, ജനങ്ങളുടെ ധാർമ്മികജീവിതത്തെ അതു നയിക്കണം, നിയന്ത്രിക്കണം, തിരുത്തണം; ഭൂമി അവർക്കു അധിവാസയോഗ്യവും ആശ്വാസപ്രദവുമാക്കണം. Conf. "അപ്പാദൊരൈ" Substance of Politics, p. 42, & "വേണീപ്രസാദ്" The State in Ancient India p. 98.

**122. ഭൂരിസുഖം പൊതുക്ഷേമം:** രാഷ്ട്രലക്ഷ്യം പൊതുക്ഷേമമാകയാൽ, രാഷ്ട്രത്തിലേ എല്ലാ പൗരന്മാർക്കും അതു ലഭിക്കുവാൻ കഴിയണമെന്നതു് അനുക്തസിദ്ധമാണു്. കുടുംബത്തിൽ ഓരോ കുട്ടിക്കുമെന്നതുപോലെ രാഷ്ട്രം ഓരോ പൗരനും സാമ്പത്തിക സുസ്ഥിതി നേടിക്കൊടുക്കണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. പ്രത്യുത, ഓരോ പൗരനും സാമൂഹികസൗകര്യങ്ങളുപയോഗിച്ചു സ്വന്തം പരിശ്രമംകൊണ്ടു് മാന്യമായി ജീവിക്കുവാൻവേണ്ട പരിതസ്ഥിതി രാഷ്ട്രം സൃഷ്ടിക്കണമെന്നേയുള്ളു. രാഷ്ട്രം അങ്ങനെ ചെയ്തതിനുശേഷം വ്യക്തികൾ സ്വന്തം പരിശ്രമത്തിൽ പരാജയപ്പെട്ടാൽ അതിനു രാഷ്ട്രത്തെ കുറ്റപ്പെടുത്തിക്കൂടാ.

ഖണ്ഡിതമല്ലാത്ത ഒരർത്ഥമാണു് പൊതുക്ഷേമത്തിനുള്ളതു്. അതു നിർവ്വചിക്കുക പ്രയാസമാണു്. അതിനാൽ പൊതുനന്മയെ ലാക്കാക്കുന്ന രാഷ്ട്രം സ്ഥലകാലസാഹചര്യങ്ങളനുസരിച്ചു നയം മാറിമാറി സ്വീകരിച്ചുകൊണ്ടിരിക്കണം. പൊതുനന്മയെ ലാക്കാക്കി പ്രവർത്തിക്കുന്ന രാഷ്ട്രം പാവങ്ങളുടേയും പണിക്കാരുടേയും അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും പരിയത്നിക്കണം. "രാഷ്ട്രം നല്കുന്ന അഭയമല്ലാതെ അവർക്കു മറ്റൊന്നും കാണുകയില്ലല്ലോ."[1]

പൊതുജനക്ഷേമവും സമാധാനവും അപകടപ്പെടുത്തുന്ന വിഭാഗീയചിന്തയോ പക്ഷപാതമനസ്ഥിതിയോ രാഷ്ട്രത്തിനു ഒരുനാളും ഭൂഷണമല്ല. വിതരണനീതിയുടെ തത്വങ്ങളെ മുറുകെപ്പിടിച്ചു ഓരോരുത്തന്റേയും അർഹതയനുസരിച്ചും പൊതുജനക്ഷേമത്തിന്റെ ആവശ്യാനുസാരവും രാഷ്ട്രം സഹായധനവിതരണം നടത്തണം. എന്നാൽ രാഷ്ട്രം തൊഴിലാളികളുടെമാത്രം സാമ്പത്തികതാല്പര്യസംരക്ഷണം നടത്തിയാൽ മതിയെന്നുള്ളതാണു സോവ്യറ്റ തത്വം. തത്ഫലമായി ഗവണ്മെന്റിന്റെ സാമ്പത്തികപിന്തുണ താഴെ പറയുന്നവർക്കു നിഷേധിച്ചിരിക്കുന്നു:

1) ചെയ്യുന്ന ജോലിക്കു് ആനുപാതികമായതിലധികം വരുമാനമുള്ളവർ:
2) കച്ചവടക്കാർ, വ്യാവസായികഏജൻറന്മാർ തുടങ്ങിയ ഇടത്തരക്കാർ.
3) സന്യാസികളും പുരോഹിതരും,

1 Leo XIII, Encycl, Rerum Novarum.
2 സോവ്യറ്റ ഭരണഘടന 69-ാംവകുപ്പ്.

പക്ഷപാതമനസ്ഥിതിയോടെ ഇങ്ങനെ ഒരു പ്രത്യേക പാർട്ടിക്കോ ജാതിക്കോ വർഗ്ഗത്തിനോ പരിഗണന നല്കുന്നതു വിഹിതമല്ല എന്നാൽ പൊതുനന്മയെ മുൻനിറുത്തി ഇന്ത്യയിലെ പട്ടികജാതിക്കാരെപ്പോലെ പ്രത്യേക സഹായം ആവശ്യപ്പെടുന്ന വർഗ്ഗക്കാർക്കു് ആനുകൂല്യങ്ങളും സൗജന്യങ്ങളും അനുവദിക്കാവുന്നതാണു്. മററവസരങ്ങളിലെല്ലാം സർവ്വജനക്ഷേമമാവണം രാഷ്ട്രത്തിന്റെ മുദ്രാവാക്യം: "ലോകാസമസ്താ സുഖിനോ ഭവന്തി"! "ബാൽമസി" ന്റെ ഒരു പ്രസിദ്ധ ഉദ്ധരണി പ്രകൃതത്തിൽ തികച്ചും യോജിക്കുന്നു: "പൊതുജനക്ഷേമത്തെ താഴെപ്പറയുംവിധം സമർത്ഥമായി നിർവ്വചിക്കാം: "ഏററം കൂടുതൽ പേർക്ക്, ഏററം മഹത്തായ സംസ്കാരവും ഉന്നതമായ ധാർമ്മികനിലവാരവും ഏററം കൂടുതൽ സാമ്പത്തികസമൃദ്ധിയും" കൈവരുത്തുകയാണതു്. [1]

**123.** വ്യക്തിയുടെ പരിപൂർണ്ണതയും സമൂഹത്തിന്റെ പരിപൂർണ്ണതയും തമ്മിലെന്നപോലെതന്നെ വ്യക്തിയുടെ നന്മയും സമൂഹത്തിന്റെ നന്മയുംതമ്മിലും സാരമായ അന്തരമുണ്ടു്. വ്യക്തിയും സമുദായവുംതമ്മിലുള്ള അന്തരംതന്നെയുണ്ടു് അവതമ്മിൽ. സമൂഹത്തിന്റെ നന്മ വ്യക്തിയുടെ നന്മയ്ക്കു് എത്രയും ഉപരിയാണു്. വ്യക്തിനന്മയാകട്ടെ, വ്യക്തിത്വം ലക്ഷ്യമായെടുത്താൽ ഒരുപരിസാമൂഹികകാര്യവും. (Supra-Social) സാമൂഹികപരിശ്രമഫലമെന്ന നിലയിൽ പൊതുനന്മ, എല്ലാ സമൂഹാംഗങ്ങളും പങ്കുപററുന്ന ഒരു പൊതുക്കാര്യവും അക്കാരണത്താൽ വ്യക്തിനന്മയേക്കാൾ പ്രാധാന്യമുള്ളതാണു്........ചുരുക്കത്തിൽ പൊതുനന്മയുടെ ലക്ഷ്യം മനുഷ്യക്ഷേമമാണെങ്കിൽ വ്യക്തിനന്മയുടെ ലക്ഷ്യം മനുഷ്യവ്യക്തിത്വമാണു്. രണ്ടും സത്താപരമായ വ്യത്യാസങ്ങളുള്ളതും, എന്നാൽ അന്യോന്യസംബന്ധിതവുമാണു്. [2]

**124. അബദ്ധസിദ്ധാന്തങ്ങൾ:** രാഷ്ട്രലക്ഷ്യത്തെപ്പററി പല അബദ്ധസിദ്ധാന്തങ്ങളുമുണ്ടു്:

1) <u>വ്യക്തിസ്വാതന്ത്ര്യവാദികൾ:</u> വ്യക്തിസ്വാതന്ത്ര്യത്തിൽ ഇടപെടാതിരിക്കുക, സാമൂഹികസമാധാനം പാലിക്കുക ഇതാണിവർ രാഷ്ട്രത്തിനു കല്പിക്കുന്ന ലക്ഷ്യം. നന്മയ്ക്കായാലും തിന്മയ്ക്കായാലും, വ്യക്തികളുടേയും സാമൂഹികസംഘങ്ങളുടേയും പ്രവർത്തനങ്ങളിൽ

1 Phil. Elem., Ethica, N. 172.
2 Mesner, Social Ethics, p. 137.

ഇടപെടാതെ പൊതുനന്മയ്ക്കുവേണ്ടി മാത്രം രാഷ്ട്രം പ്രവർത്തിക്കണമെന്നാണ് ഇവരുടെ അഭിമതം. ജനങ്ങളുടെ പരസ്പരഇടപാടുകളിൽ പൗരന്മാരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിച്ചു സാമൂഹികക്രമം പാലിക്കുകയാണു രാഷ്ട്രത്തിൻെറ കർത്തവ്യമെന്നു് അവർ വാദിക്കുന്നു.

2) ഹേഗലിൻെറ സർവ്വാധിപത്യവാദം: ഇതു വ്യക്തിവാദത്തിനുനേരെ കടകവിരുദ്ധമാണ്. എല്ലാം രാഷ്ട്രത്തിനു് അടിമപ്പെടണം. ഈ ഫാസിസ്റ്റ് സർവ്വാധിപത്യവാദപ്രകാരം എത്രതന്നെ ഉയർന്ന സമ്പൂർണ്ണമൗലികസാമൂഹികഘടകങ്ങളും രാഷ്ട്രത്തിൻെറ പരമാധികാരത്തിനും ലക്ഷ്യത്തിനും വിധേയമായി വർത്തിച്ചുകൊള്ളണം. രണ്ടു പ്രധാന സംഗതികളാണ് ഈ വാദം ആവശ്യപ്പെടുക:

1) വ്യക്തികളുടെ നന്മ ഒരു പ്രാഥമികകാര്യമല്ല; അപ്രധാനമായ ഒന്നുമാത്രം. എങ്ങിനേയും രാഷ്ട്രത്തിൻെറ ഉദ്ദേശ്യം സാധിച്ചാൽമാത്രം മതി.

2) വ്യക്തികളുടെ അസ്തിത്വംതന്നെ രാഷ്ട്രനന്മക്കുവേണ്ടി മാത്രമാണ്.

മേൽപ്രസ്താവിച്ചതിൽനിന്നു രാഷ്ട്രത്തിൻെറ നില രണ്ടു മറുകോടികളിലാകാമെന്നു സ്പഷ്ടമാണ്: മനുഷ്യരുടെ സ്വകാര്യപ്രവർത്തനങ്ങളിൽ അങ്ങേയററം ഇടപെടുക; അല്ലെങ്കിൽ തെല്ലും ഇടപെടാതിരിക്കുക. വ്യക്തിയാണ് സർവ്വപ്രധാനമെന്നും വ്യക്തിസ്വാതന്ത്ര്യത്തിൽ രാഷ്ട്രം ഇടപെടുന്നതു നീതിയാണെന്നും ഒരുകൂട്ടർ വാദിക്കുമ്പോൾ മറുകൂട്ടർ മുറവിളിക്കുകയാണ്: "രാഷ്ട്രമാണ് ദൈവം; സർവ്വവും രാഷ്ട്രത്തിൻെറ നിയന്ത്രണത്തിലാണ്; വ്യക്തിതന്നെ രാഷ്ട്രത്തിനുവേണ്ടിയാണ്."

എന്നാൽ ഇരുകൂട്ടരും അതിർവിട്ടുപോകുന്നുവെന്നതാണു പരമാർത്ഥം. രാഷ്ട്രം ക്രമംപാലിക്കുകയും ബാഹ്യവും ആന്തരികവുമായ വിപത്തുകൾ വിപാടനംചെയ്തു പൗരന്മാരെ സംരക്ഷിക്കുകയുംമാത്രം ചെയ്താൽപ്പോരാ; വ്യക്തികളുടേയും കുടുംബങ്ങളുടേയും മററു സാമൂഹികഘടകങ്ങളുടേയും പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയുംകൂടി വേണം. അഥവാ, 11-ാംപീയൂസ് മാർപ്പാപ്പ പ്രസ്താവിച്ചിട്ടുള്ളപോലെ "സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ചു രാഷ്ട്രം നേതൃത്വം നല്കുകയും സൂക്ഷിക്കുകയും പ്രോത്സാഹനങ്ങൾ നല്കുകയും നിയന്ത്രണം ചെലുത്തുകയുംവേണം." (Quadragesimo anno)

എന്നാൽ "കുളിപ്പിച്ചുകുളിപ്പിച്ചു കുട്ടി ഇല്ലാതാവുന്ന" തരത്തിലാവരുതു രാഷ്ട്രത്തിന്റെ ഈ ഇടപെടൽ. ഒരിക്കലും വ്യക്തികളുടേയും കുടുംബാദിസാമൂഹികഘടകങ്ങളുടേയും അസ്തിത്വംതന്നെ അതു വിഴുങ്ങിക്കളയരുതു്. ഇടപെടൽ നിയന്ത്രിതവും അവയുടെ അഭിവൃദ്ധിയ്ക്കുപയുക്തവുമാകണം. അവരുടെ ചിലവിൽ രാഷ്ട്രമാവരുതു് അഭിവൃദ്ധിപ്പെടുന്നതു്. അവരുടെ അവകാശാധികാരങ്ങളെ രാഷ്ട്രം കൈയടക്കുകയോ രാഷ്ട്രാധികാരത്തിൽ ലയിപ്പിക്കുകയോ അരുതു്. അതുപോലെതന്നെ മനുഷ്യന്റെ സ്വാഭാവികങ്ങളും അതിസ്വാഭാവികങ്ങളുമായ അവകാശങ്ങളെ അതു നിഷേധിക്കുകയുംചെയ്യരുതു്.

പൊതുനന്മയ്ക്കായി വ്യക്തിനന്മ എത്രത്തോളം ബലികഴിക്കാമെന്നു് അളന്നുപറയുക സുകരമല്ല. സർവ്വവും പൊതുനന്മയ്ക്കു് എന്നന്നതാണു സോഷ്യലിസ്റ്റു്. തത്വംവ്യക്തികളെ അവർ സമൂഹത്തിനുവേണ്ടി ബലിചെയ്യുന്നു. യാഥാസ്ഥിതികമായി വീക്ഷിക്കുന്നവർ മനുഷ്യനെ തൊഴിലാളിയോ മുതലാളിയോ ആയിട്ടല്ല ദർശിക്കുന്നതു് പ്രത്യുത, മനുഷ്യൻതന്നെയായിട്ടാണു്. വ്യക്തികളെ അമിതമായി ദ്രോഹിക്കാതെ അവരുടെ അവകാശങ്ങൾതന്നെ ബലിചെയ്യുന്നു. സാധാരണ മനുഷ്യനു സാമ്പത്തികസുസ്ഥിതി കൈവരുത്താൻ ശ്രമിക്കുന്നതും പൊതുനന്മയ്ക്കുവേണ്ട നിയന്ത്രണങ്ങൾ ചെലുത്തുന്നതുമായിരിക്കും സ്വീകാര്യമായ മാർഗ്ഗം. *

## 125. രാഷ്ട്രത്തിന്റെ പ്രവർത്തനമണ്ഡലം:

ജനങ്ങളുടെ ഭൗതികപുരോഗതി മാത്രമാണു രാഷ്ട്രത്തിന്റെ സ്വകീയ പ്രവർത്തനമണ്ഡലം. മനുഷ്യാത്മാവിന്റെ സുസ്ഥിതി പുലർത്തുവാൻ ഒരു സഭ സ്ഥാപിക്കുകയും അതിനു തന്റെ ദൈവികാധികാരം നല്കുകയും ചെയ്ത ക്രിസ്തുവാണു്, രാഷ്ട്രാധികാരം ഇത്ര തിട്ടമായി ഭൗതികമണ്ഡലത്തിൽ ഒതുക്കിനിറുത്തിയതു്. "ദൈവത്തിന്റേതു ദൈവത്തിനും സീസറിന്റേതു സീസറിനും" അതാണവിടുത്തെ അനുശാസനം. ആധ്യാത്മികമണ്ഡലത്തിൽ രാഷ്ട്രംതന്നെയും സഭയ്ക്കു വിധേയമാകണം. അങ്ങനെ ചെയ്യാതെ സഭാകാര്യങ്ങളിൽ തലയിട്ടു്, അവളുടെ അധികാരങ്ങളെ എതിർക്കുകയോ പുച്ഛിച്ചുതള്ളുകയോ ചെയ്യുമ്പോൾ രാഷ്ട്രം അവളുടെ അതിരുവിട്ടു അക്രമം പ്രവർത്തിക്കുകയായിരിക്കും ചെയ്യുക. ആകയാൽ സഭയുടെ ദൈവികദൗത്യനിർവ്വഹണത്തിനുള്ള ഈ അധികാരത്തെ രാഷ്ട്രങ്ങൾ മാനിക്കണം.

* Conf. Part II, chap. II, Art. III.

പഴയതും പുതിയതുമായ പേഗൻ ചിന്താഗതികൾ വ്യക്തികളെ രാഷ്ട്രത്തിന്റെ കളിപ്പാവകളാക്കുമ്പോൾ, യഥാർത്ഥ തത്വശാസ്ത്രംമാത്രം അവന്റെ വ്യക്തൃവകാശത്തിനായി വാദിക്കും. വ്യക്തിസേവനത്തേക്കാൾ സാമൂഹികസേവനത്തിനു്, സേവനമണ്ഡലത്തിൽ അവർ പ്രാധാന്യം നല്കുകയും ചെയ്യും.

## ഗ്രന്ഥസൂചി.


A Osgniach, O. S. B., The Christian State, Chap IV.

Virgil Michael, O S. B., Christian Social Reconstruction, Appendix (Bruce Publishing Co., Milwaukee, 1937).

Meyer, S. J., Institutiones Juris Naturae, pp. 266—300.

Oswald Von Nell-Breuning. S.J., Reorganization of Social Economy, Chap. X.

Messner, J., Social Ethics, 1937, p. 137.

Balmes, J., Filosofia Elemental, Ethica, N. 172. Biblioteca Balmes, Bareelona 1927.

Leo XIII, Encyclieal, Rerum Novarum.

Pius XI, Encyclical, Quadragesimo Anno.

Aristotle, Book III, ch. 5.

St. Thomas, Summa Theologica, I-II, q. 90, a. 2.

Appadorai, The Substance of Politics, pp. 42—51.

Laski, H. J., A Grammar of politics, Ch. I.

Guenechea Joseph, Principia Juris Politici, Vol. I, pp. 5—133.

Ryan Boland, Catholic Principles of politics, pp. 102—107.

# 4

# രാഷ്ട്രധർമ്മത്തെപ്പററിയുള്ള ചില അബദ്ധസിദ്ധാന്തങ്ങൾ.

രാഷ്ട്രത്തിൻെറ പരമലക്ഷ്യം, പൊതുജനക്ഷേമം സാധിക്കുക യാണെന്നു സ്പഷ്ടമായിട്ടുള്ളതാണല്ലോ. ഭരണകൂടത്തിൻെറ മൂന്നു പ്രധാന പ്രവർത്തനങ്ങളായ നിയമനിർമ്മാണം, ഭരണനിർവ്വഹണം, നീതിന്യായ പാലനം എന്നിവവഴിയാണ രാഷ്ട്രം ഈ ലക്ഷ്യം നേടുന്നതു്. എന്നാൽ ഇതിന്നുപരി പ്രസ്താവിച്ചിട്ടുള്ളതുപോലെ, വ്യക്ത്യാധിപത്യവാദം, രാഷ്ട്രസർവ്വാധിപത്യവാദം എന്നിങ്ങനെ അതിരു കടന്നതും പരസ്പരവിരുദ്ധങ്ങളുമായ രണ്ടു വാദങ്ങളാണ് ഈ ലക്ഷ്യത്തെ നിഷേധിക്കുന്നതു്. ആകയാൽ അവയെപ്പററി ഇനി നമുക്കു ചുരുക്കമായി ചർച്ച ചെയ്യാം.

## A. വ്യക്ത്യാധിപത്യവാദം.

**126.** രാഷ്ട്രം പൊതുനന്മ സാധിക്കേണ്ടതു നന്മയ്ക്കായാലും, തിന്മയ്ക്കായാലും ശരി, വ്യക്തികളുടേയും സമൂഹങ്ങളുടേയും കാര്യങ്ങളിൽ ഏററവും കുറച്ചുമാത്രം ഇടപെട്ടുകൊണ്ടായിരിക്കണമെന്നാണ വ്യക്ത്യാധിപത്യവാദികൾ പറയുന്നതു്. സാമൂഹികക്രമം പാലിക്കുകയും, പരസ്പര ഇടപാടുകളിൽ, വ്യക്തികളുടെ അവകാശ സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുകയും മാത്രമേ രാഷ്ട്രം ചെയ്യേണ്ടതുള്ളു. ബാക്കിയെല്ലാം വ്യക്തികളുടെ ഇഷ്ടത്തിനു വിട്ടുകൊടുക്കണം. വ്യക്തികളുടെ കാര്യങ്ങളിൽ രാഷ്ട്രം ഇടപെടുകയുമരുതു്. "ഏററവും കുറച്ചു 'ഭരിക്കുന്ന' ഗവണ്മെൻറാണ ഏററവും നല്ലതു്" എന്നതാണ ഇവരുടെ അംഗീകൃതമുദ്രാവാക്യം. അതിനാൽ ഈ വാദത്തെ, "വെറും പോലീസു രാഷ്ട്രസിദ്ധാന്തം" എന്നും സാമ്പത്തികരംഗത്തു് "ഇടപെടാതിരിക്കൽ സിദ്ധാന്ത"മെന്നും വിളിച്ചുവരുന്നു. ഈ സിദ്ധാന്തത്തിൻെറ അടിസ്ഥാനം ഭാഗികമായി തത്വശാസ്ത്രപരവും ഭാഗികമായി ധനതത്വപരവുമാണു്.

**127. താത്വികമായ വ്യക്തിവാദം. (Philosophical Liberalism)** താത്വികരംഗത്തു് ഈ വാദത്തിൻെറ പ്രമുഖ പ്രണേതാ

ക്കൾ കാന്റും സ്പെൻസറുമാണ്. വ്യക്തിയെപ്പററി കാന്റ പറയുന്നു: "ഒരു സാർവ്വത്രികനിർണ്ണയത്തിനു വിധേയനായി, താങ്കളുടെ പ്രവർത്തനം മററുള്ളവരുടെ സ്വാതന്ത്ര്യവുമായി ഒത്തിണങ്ങി പോകത്തക്കവിധം ബാഹ്യമായി വ്യാപരിച്ചുകൊള്ളുക"[1] രാഷ്ട്രത്തിന്റെ ഏക ധർമ്മം, സ്വാതന്ത്ര്യം അനുഭവിക്കത്തക്കവിധം വഞ്ചനയ്ക്കും ബലപ്രയോഗത്തിനുമെതിരെ ജനങ്ങളെ കാത്തു രക്ഷിക്കുക മാത്രമാണ്. വ്യക്തികളുടെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളെയും പററി കാന്റ് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ ഹെർബർട്ട് സ്പെൻസറിന്റെ സിദ്ധാന്തങ്ങളിൽനിന്നു വ്യത്യസ്തമല്ല. "മററു വ്യക്തികളുടെ സമാനസ്വാതന്ത്ര്യത്തിൽ കൈകടത്താത്തിടത്തോളംകാലം ഇഷ്ടമുള്ളതെന്തും ചെയ്യുവാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്", സാന്മാർഗ്ഗികതത്വങ്ങൾ എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം തത്വോപദേശം ചെയ്യുകയാണ്. (വാല്യം 2. പേജ് 46 കാണുക). രാഷ്ട്രധർമ്മത്തെപ്പററി സ്പെൻസറിന്റെ അഭിപ്രായവും കാന്റിന്റേതുതന്നെ. അവകാശങ്ങളും സാന്മാർഗ്ഗികനിയമങ്ങളും തമ്മിൽ വ്യക്തമായ വ്യത്യാസങ്ങളുണ്ടെന്നാണു കാന്റിന്റെ അഭിമതം. ബലപ്രയോഗത്തിനു വിധേയമാകാവുന്ന ബാഹ്യപ്രവർത്തനങ്ങൾ മാത്രമെ അവകാശത്തിന്റെ പരിധിയിൽപ്പെടുന്നുള്ളുവെന്നും സന്മാർഗ്ഗത്തിന്റെ പരിധിയിലാവട്ടെ, ബാഹ്യവും ആന്തരികവുമായവകൂടി ഉൾപ്പെടുന്നുവെന്നുമാണ് അദ്ദേഹത്തിന്റെ വിശദവിവേചനം. മററുള്ളവരുടെ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്താതെ, അവയുമായി ഒന്നിച്ചുപോകുന്ന വൈയക്തികസ്വാതന്ത്ര്യത്തിന്റെ എല്ലാ ബാഹ്യപ്രവർത്തനങ്ങളും അവകാശാനുസാരം ഉള്ളവയാണെന്നും അദ്ദേഹം വാദിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തെ പൊതുസ്വാതന്ത്ര്യവുമായി പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുവാൻ ബലപ്രയോഗം ആവശ്യകമാകയാൽ അധികാരികൾ ബലം പ്രയോഗിക്കുന്നതു നീതിപൂർവ്വകമാണെന്നാണു കാന്റിന്റെ സിദ്ധാന്തം.[2]

**128. വിമർശനം.** സാന്മാർഗ്ഗികനിയമത്തിൽനിന്നും അവകാശങ്ങളെ വേർതിരിക്കുന്നതിനാലും, ബലപ്രയോഗത്തിനു വിധേയമാകുന്ന ബാഹ്യപ്രവർത്തനങ്ങളെമാത്രം ബാധിക്കുന്നതാണ് അവകാശം എന്നു പറയുന്നതിനാലും കാന്റിന്റെ സിദ്ധാന്തം അബദ്ധമാണ്. ഈ സിദ്ധാന്തപ്രകാരം രാഷ്ട്രവുമായുള്ള നമ്മുടെ പ്രവർത്തന

---

1. Meyer, Institutiones Juris Naturae, Vol. II, Chap. 3.
2. Cathrein, Philosaphia Moralis, Part I, Ch. VIII,

ത്തിൽ മനസ്സാക്ഷിക്ക് അല്പവും സ്ഥാനമില്ലെന്നു മാത്രമല്ല, അതു രാഷ്ട്രത്തെതന്നെ വെറും 'പോലീസ്സമൂഹ'മായി തരം താഴ്ത്തുകയും ചെയ്യുന്നു. വീണ്ടും കാൻറും സ്പെൻസറും ധരിച്ചിരിക്കുന്നതു രാഷ്ട്രത്തിൻെറ ഏകപ്രവർത്തനം വെറും ബലപ്രയോഗം മാത്രമാണെന്നാണ്. അവകാശം സംരക്ഷിക്കുകയും അനീതി തടയുകയുമല്ലാതെ രാഷ്ട്രത്തിനു മറെറാരു പ്രവർത്തനവും പാടില്ലപോലും! വാസ്തവത്തിൽ ഏതാനും രാഷ്ട്രീയഗ്രന്ഥകാരന്മാരല്ലാതെ ഒരു ഗവണ്മെൻറും ഈ തത്വം അംഗീകരിക്കുകയില്ല. എന്നാൽ താത്വികമണ്ഡലത്തിൽ വളരെപ്പേരിൽ സ്വാധീനതാശക്തി ചെലുത്തുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്.

**129. രാഷ്ട്രീയവ്യക്തിവാദം: (Political Liberalism)** യൂറോപ്യൻ നാട്ടുകളിൽ നിലവിലിരുന്ന സീമയററ വ്യക്തിസ്വാതന്ത്ര്യനിയന്ത്രണങ്ങളുടെ ഒരു തിരിച്ചടിയായിട്ടാണ് ഈ വാദം ഉയർന്നുവന്നതു്. സ്ഥാപിതവർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കായി വ്യക്തിസ്വാതന്ത്ര്യം ബലി കഴിക്കപ്പെട്ടിരിക്കുന്നു. കാൻറ്യൻ സിദ്ധാന്തത്തിലടിയുറച്ചു വിശ്വസിച്ചിരുന്ന ഈ വാദക്കാരുടെ അഭിപ്രായത്തിൽ വ്യക്തികൾക്ക് എന്തു ചെയ്യാനും സ്വാതന്ത്ര്യമുണ്ടാകണം. ആ സ്വാതന്ത്ര്യത്തിൽ രാഷ്ട്രം കൈകടത്തരുതു്. എല്ലാ മനുഷ്യരും തുല്യരാകയാൽ എല്ലാവർക്കും തുല്യാവകാശമുണ്ട്. ഏററം കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുവാൻ ഓരോ വ്യക്തിക്കും സൗകര്യമുണ്ടായിരിക്കണം. മററുള്ളവരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ആവശ്യമുള്ളിടത്തോളം മാത്രമേ വ്യക്തിയുടെ സ്വാതന്ത്ര്യം രാഷ്ട്രം നിയന്ത്രിക്കാവൂ ആകയാൽ താഴെ പറയുന്ന കാര്യങ്ങളിൽ മാത്രമേ രാഷ്ട്രം ശ്രദ്ധിക്കേണ്ടതുള്ളു.

1) വ്യക്തികൾ തമ്മിൽ നടത്തിയ ന്യായമായ കരാറുകളിൽ നീതി നടത്തുക
2) വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുക, തുറന്ന മത്സരം അനുവദിക്കുക.
3) ജീവനും ആരോഗ്യവും സ്വത്തും സ്വാതന്ത്ര്യവും സംരക്ഷിക്കുക. പക്ഷെ, അതു് അന്യരുടെ അവകാശങ്ങളിൽ ഇടപെടാതെ വേണം.

**130. വിമർശനം:** 19-ാംനൂററാണ്ടിൽ ഈ സിദ്ധാന്തം സ്വീകരിച്ചു പ്രവർത്തിച്ച യൂറോപ്യൻ രാഷ്ട്രങ്ങൾ വരുത്തിവച്ച, സാമ്പത്തികവും, വ്യാവസായികവും മതപരവുമായ കെടുതികൾ തന്നെയാ

ണ് ഈ സിദ്ധാന്തത്തിൻെറ ഏററവും നല്ല ഖണ്ഡനം. പൌരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, അവയ്ക്കെതിരായ ഏതൊരു കയ്യേററത്തേയും ശിക്ഷിക്കുന്നതിനും രാഷ്ട്രത്തിനു തീർച്ചയായും കടമയുണ്ട്. പക്ഷെ, ഗവണ്മെൻറ് തങ്ങളുടെ അധികാരം ഇതിനായിമാത്രം എന്തിനു് ഒതുക്കിനിറുത്തുന്നു? എല്ലാവർക്കും എത്രയും പ്രയോജനകരങ്ങളായ അവശ്യാവശ്യസംഗതികളുടെമേൽ എന്തുകൊണ്ടു രാഷ്ട്രത്തിനു് അതിൻെറ അധീശത്വം വികസിപ്പിച്ചുകൂടാ? പൊതുജനാരോഗ്യം പുലർത്തുവാനും പകർച്ചവ്യാധികൾ തടയുവാനും രാഷ്ട്രം പരിശ്രമിക്കരുതെന്നോ? വ്യക്തിസ്വാതന്ത്ര്യത്തിൽ ഇടപെടുകയാമോ എന്നു ഭയന്നു്, ആശുപത്രികളും, ആതുരാലയങ്ങളും, അഗതിമന്ദിരങ്ങളും ഭ്രാന്താലങ്ങളും പണിയുന്നതിൽനിന്നും രാഷ്ട്രം വിരമിപ്പിക്കണമെന്നോ? ചില പ്രത്യേക സാഹചര്യങ്ങളിലും പൊതുവിപത്തുകളിലുമൊഴികെ, മനസ്സാക്ഷിയില്ലാത്ത മത്സരക്കാരുടെ കുതന്ത്രങ്ങൾക്കും പൂഴ്ത്തിവയ്പിനും സ്വേച്ഛാവിളയാട്ടത്തിനുമായി സാമ്പത്തിക വ്യവസായികരംഗങ്ങൾ വിട്ടുകൊടുക്കുക സ്വധർമ്മത്തെപ്പററി ഉത്തമബോധമുള്ള ഒരു രാഷ്ട്രത്തിനും സാധ്യമല്ല. ദേശീയപ്രാധാന്യമുള്ള പ്രവർത്തനങ്ങളുടെയോ അനേകരുടെ ധാർമ്മികമോ ലൌകികമോ ആയ അവശതാപരിഹാരത്തിൻേറയോ പൊതുപ്രശ്നമുദിക്കുമ്പോൾ രാഷ്ട്രം കൈകെട്ടിയിരിക്കുക വിഹിതമല്ല. അതിനാൽ നൈയ്യാമിക സംരക്ഷണത്തിനുവേണ്ടിമാത്രം നിലകൊള്ളുന്ന ലിബറലിസം യുക്തിഹീനവും അസന്മാർഗ്ഗികവുമെന്നു മാത്രമല്ല, അതിമാത്രം ക്രൂരവും നിന്ദ്യവും കൂടിയാണു്. ജന്മനാ സാമൂഹികജീവിയായ മനുഷ്യനു സമുദായത്തിലൂടെവേണം അഭിവൃദ്ധിപ്പെടാനും ആവശ്യങ്ങൾ നേടുവാനും. ആകയാൽ "നിയമം വ്യക്തമായും പ്രധാനമായും പൊതുജനക്ഷേമത്തെ വ്യക്തമാക്കുന്നു" എന്ന സെൻറ് തോമസ്സിൻെറ അഭിപ്രായം സർവ്വാദരണീയമാണ്.[1]

## 131. സാമ്പത്തികവ്യക്തിവാദം: (Economic Liberalism)

18-ാംനൂററാണ്ടിൽ യൂറോപ്യൻ നാടുകളിൽ, വളർച്ചയെ തടയുന്നവിധം നിരവധി നിയന്ത്രണങ്ങൾ വ്യവസായവാണിജ്യങ്ങളുടെമേൽ ചുമത്തിയിരുന്നു. ആ നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഭയാനകങ്ങളായ പല പ്രതികരണങ്ങളും ഈ നിയന്ത്രണങ്ങൾക്കെതിരെ ഉയർന്നു. ഫ്രാൻസിൽ ഈ നിയന്ത്രണങ്ങൾക്കെതിരെ ഫിസിയോക്രാററുകളും (നിലം

1. Sum. Theol., I. II. q. 2, a. 90 ad 3.

മാത്രമാണ് ആദായത്തിനുള്ള ഏകമാർഗ്ഗം എന്നു വാദിക്കുന്നവർ) ഇംഗ്ലണ്ടിൽ ആഡംസ്മിത്തും [1] തുലികാസമരം പ്രഖ്യാപിച്ച ഈ സാമ്പത്തികലിബറലിസത്തിന്റെ വ്യാവസായികസംഭാവനയാണ് മുതലാളിത്തത്തിന്റെ സ്വാധീനതയും താല്പര്യങ്ങളും മററും. "ഇടപെടാതിരിക്കൽനിയമം" (Laissez Fair Policy) മിക്ക ഗവണ്മെൻറുകളും സ്വീകരിക്കത്തക്കവിധം ഗവണ്മെൻറ്-നിയമനിർമ്മാണരംഗങ്ങളിൽ സുശക്തമായ പ്രേരണ ചെലുത്തുവാൻ മുതലാളികൾക്ക് ഇതുമൂലം കഴിഞ്ഞു. മുതലാളി ത്തത്തിന്റെ പാഷണ്ഡതയാണ് ചുരുക്കത്തിൽ ഈ ലിബറലിസത്തിന്റെ അനന്തരഫലം. [2]

**132. വിമർശനം:** ജീവിതത്തിന്റെ എല്ലാ രംഗത്തും വിശിഷ്യാ, സാമ്പത്തികരംഗത്തു ലിബറലിസത്തിന്റെ ദൂഷ്ഫലങ്ങൾ ഇന്നും നാം അനുഭവിക്കുകയാണ്. അവയെ പതിനൊന്നാം പീയൂസ് പാപ്പാ വ്യക്തമായി ഇങ്ങിനെ സംക്ഷേപിക്കുന്നു. "അഴുക്കു നിറഞ്ഞ ഒരുറവയിൽ നിന്നെന്നവിധം ഇതിൽനിന്നാണു വ്യക്തിപ്രധാന സാമ്പത്തികചിന്താസരണിയുടെ മിക്ക അബദ്ധതത്വങ്ങളും പ്രവഹിക്കുന്നത്. വ്യക്തിവാദികൾ അജ്ഞതകൊണ്ടോ, ഓർമ്മക്കുറവുകൊണ്ടോ സാമ്പത്തികശാസ്ത്രത്തിന്റെ സാമൂഹികവും ധാർമ്മികവുമായ വശത്തെ നശിപ്പിച്ചുകളയുന്നു; സമ്പൽവിനിമയം രാഷ്ട്രീയാധികാരത്തിന്നു കീഴ്പ്പെട്ടിട്ടില്ലെന്നു വാദിക്കുകയും ചെയ്യുന്നു. സ്വതന്ത്രമായ കൈമാററവും കിടമത്സരവും മാത്രം, മാനുഷികബുദ്ധിയേക്കാൾ മെച്ചമായി വേണ്ട നിയന്ത്രണം സാധിച്ചുകൊള്ളുമെന്നാണ് അവർ പറയുന്ന കാരണം." അവിടുന്ന് ഇങ്ങിനെ തുടരുന്നു: "ലാഭക്കൊതിയെ അനിയന്ത്രിതമായ സ്വേഛാപ്രവർത്തനങ്ങൾക്കുള്ള അഭിലാഷം പിന്തുടരുന്നു. അങ്ങിനെ പൈശാചികമായ രീതിയിൽ സാമ്പത്തികജീവിതം മുഴുവനും അനിയന്ത്രിതവും കഠിനവും ദുരുപദിഷ്ടവുമായിത്തീർന്നിരിക്കുന്നു." [3]

**133. ചുരുക്കത്തിൽ:** ഈ വിഷയത്തെപ്പററിയുള്ള ക്രൈസ്തവപ്രബോധനം ഇങ്ങിനെ സംഗ്രഹിക്കാം.

1. രാഷ്ട്രത്തിന്റെ ലക്ഷ്യം പൊതുവായ ക്രമസമാധാനം പുലർത്തുക മാത്രമല്ല, പ്രത്യുത നിർമ്മാണാത്മകമായി പൊതുജനക്ഷേമം കൈവരുത്തുക കൂടിയാണ്.

---

1. Adam Smith, The Wealth of the Nations, Book IV, Chap IX
2. Ingram, History of Political Economy, pp. 89—93,
3. Encycl. Quadragesimo anno.

2. സാമ്പത്തികനീതിയും സമത്വവും പുലർത്തുവാനും രാഷ്ട്രത്തിനു കടമയുണ്ട്.

3. ഓരോ പൗരനും ധാർമ്മികവും ഭൗതികവുമായി അഭിവൃദ്ധി നേടുവാൻ കഴിവുള്ളതെല്ലാം രാഷ്ട്രം അവർക്കു ചെയ്തുകൊടുക്കണം. ഇതിനു ധാമ്മികമായ കടമ തന്നെ രാഷ്ട്രത്തിനുണ്ട്.

## B. രാഷ്ട്രസർവ്വാധിപത്യം. (State Absolutism)

**134. സർവ്വാധിപത്യവാദം:** രാഷ്ട്രീയലിബറലിസ്സംവാദത്തിനുനേരെ കടകവിരുദ്ധമായ വാദഗതിയാണിതു്. രാഷ്ട്രമാണു മനുഷ്യൻെറ പരമലക്ഷ്യമെന്നും, വ്യക്തികൾ, കുടുംബങ്ങൾ, മുൻസിപ്പാലിററികൾ തുടങ്ങിയ എല്ലാ സാമൂഹികഘടകങ്ങളുടെയും പ്രവൎത്തനങ്ങളിൽ സ്വേച്ഛാപരമായ കൈകടത്തൽ രാഷ്ട്രത്തിനാകാമെന്നുമാണ് ഇക്കൂട്ടരുടെ അവകാശവാദം. രാഷ്ട്രത്തിൽനിന്നാണു വ്യക്തികൾക്കു് അവകാശങ്ങൾ ലഭിക്കുക; കാരണം രാഷ്ട്രമാണു സർവ്വാവകാശകേന്ദ്രം. ആകയാൽ രാഷ്ട്രദത്തമല്ലാത്തവ യാതൊരാൾക്കും അനുഭവിച്ചുകൂടാ. ഈ സിദ്ധാന്തമനുസരിച്ചു്, കൃഷി, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, സന്മാർഗ്ഗം തുടങ്ങിയവയെല്ലാം നിർബ്ബന്ധപൂർവ്വം രാഷ്ട്രത്തിനു വിധേയമായിരിക്കണം. കാരണം അവയെല്ലാം രാഷ്ട്രത്തിൻെറ പ്രവൎത്തനോപാധികളാണു്. രാഷ്ട്രത്തിനു സ്വന്തമായ ഒരു ലക്ഷ്യമുണ്ടു്. അല്ലാതെ അതു ലക്ഷ്യത്തിലേക്കുള്ള ഒരു ഉപാധിയല്ല. ഈ രാഷ്ട്രസർവ്വാധിപത്യത്തിൻെറ നാലു രൂപഭേദങ്ങളെപ്പററി ഉപരി പ്രതിപാദിക്കാം.

1. <u>പ്രാചീനരാഷ്ട്രസർവ്വാധിപത്യം:</u> ഒട്ടുമിക്ക പ്രാചീനതത്വശാസ്ത്രജ്ഞന്മാരും രാഷ്ട്രസർവ്വാധിപത്യം അംഗീകരിച്ചിരിക്കുന്നു. പ്ലാറേറായുടെ അഭിപ്രായത്തിൽ വ്യക്തികളെ സമുദായത്തിൽ ലയിപ്പിക്കാഞ്ഞാൽ സമൂഹംതന്നെ കെട്ടിപ്പടുക്കുക അസാദ്ധ്യമത്രെ. അദ്ദേഹത്തിനു രാഷ്ട്രം സമസ്തവുമായിരുന്നു; സകല അവകാശങ്ങളുടേയും ഉത്ഭവസ്ഥാനം തന്നെയായിരുന്നു. ഒരു പരിധിവരെ അരിസ്റ്റോട്ടിലും വ്യക്തിയെ രാഷ്ട്രത്തിനു വിധേയനാക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു: സ്വകാര്യാവകാശങ്ങളിൽ കൈകടത്താതെ രാഷ്ട്രതാല്പര്യങ്ങൾ, നേടുവാൻ വ്യക്തികളെ യഥേഷ്ടം ഉപയോഗിക്കാമെന്നു്. എന്നാൽ പൗരന്മാരുടെ വെറും ലൗകികാവകാശങ്ങൾ മാത്രമല്ല, മാനസികസാ

ന്മാർഗ്ഗികസമുന്നതികൂടി രാഷ്ട്രം ലക്ഷ്യമാക്കണമെന്ന് അദ്ദേഹം എടു ത്തു പറയുന്നുണ്ട്. രാഷ്ട്രം സമസ്താവകാശകേന്ദ്രമാണെങ്കിലും ചില പൗരസ്വാതന്ത്ര്യങ്ങൾ അലംഘനീയമാണെന്നും അദ്ദേഹം പഠിപ്പിച്ചി രുന്നു. "രാഷ്ട്രത്തിന്റെ ക്ഷേമമാണു പരമമായ നിയമം" എന്ന റോമൻ മുദ്രാവാക്യം അവരുടെ രാഷ്ട്രസർവ്വാധിപത്യപ്രവണത പ്രകട മാക്കുന്നുണ്ട്. ഇങ്ങിനെ ലോകത്തിൽ പുരാതനരാഷ്ട്രങ്ങൾ സർവ്വപ്ര ധാനങ്ങളും വ്യക്തികൾ അപ്രധാനരുമായിരുന്നു. എങ്കിലും ഒരു പ്ര ത്യേക പരിധിവരെ പുരാതന ഗ്രീസിലും റോമിലും വ്യക്തിസ്വാത ന്ത്ര്യം അനുവദിച്ചിരുന്നു. ഉദാഹരണമായി ആതൻസ്നിവാസികൾ ക്കു രാഷ്ട്രീയകൈകടത്തലിനെതിരെ, സർവ്വരാലും അംഗീകൃതവും സുഭ ദ്രവുമായ പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്നു. *

2. <u>വിശ്വദേവതാ-സർവ്വാധിപത്യം.</u> രാഷ്ട്രമാണു സർവ്വ പ്രധാനമെന്നും സമസ്താവകാശകേന്ദ്രമെന്നും വാദിച്ചു കഴിഞ്ഞ നൂററാ ണ്ടുകാരനായ ഹേഗലിന്റേതാണ് ഈ വാദം. ഈ വാദമനുസരിച്ചു സർവ്വ വൈയക്തികാവകാശങ്ങളും മാനുഷികപ്രാഭവങ്ങളും സർവ്വ ശക്തയായ രാഷ്ട്രദേവതയ്ക്കു വ്യക്തികൾ ബലി കൊടുക്കണം. ലോക ത്തിൽ നിവസിക്കുന്ന ദിവ്യചൈതന്യവും, ലോകത്തിന്റെ യഥാർത്ഥ ശാരീരികരൂപത്തിൽആത്മസംസ്കരണംനേടുന്ന ദൈവികചിത്തവുമാണു രാഷ്ട്രം. തന്മൂലം ദൈവതുല്യം രാഷ്ട്രത്തെ നാം ആരാധിക്കണം; സർവ്വശക്തയായ ഈ ദേവതയുടെ അന്തസ്സാവശ്യപ്പെടുന്നു, വ്യക്തി കൾക്കു യാതൊരവകാശവും പാടില്ലെന്നും കടമകൾ മാത്രമെ ഉണ്ടായിരിക്കാവൂ എന്നും. ഈ തത്വപ്രകാരം സമസ്തവും രാഷ്ട്രാധി കാരികളുടെ കുചേഷ്ടിതങ്ങൾക്കും കുത്സിതവികാരങ്ങൾക്കും വിധേയ മായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. രാഷ്ട്രത്തെപ്പററി നില വിലുള്ള എല്ലാ സർവ്വാധിപത്യസിദ്ധാന്തങ്ങളും വിശിഷ്യാ, ജർമ്മൻ നാസിസവും ഹേഗലിന്റെ ഈ ദിവ്യസർവ്വാധിപത്യത്തിൽ അധി ഷ്ഠിതമാണ്. നാസികൾ പ്രഘോഷിച്ച ജർമ്മൻ വർഗ്ഗശ്രേഷ്ഠത ഈ ഹെഗേലിയൻ ചിന്തയിൽനിന്നും രൂപംപൂണ്ട ഒരു ഭൗതിക-മതമാ ണ്. വർഗ്ഗവും രക്തവും നാസിജർമ്മനിയിൽ ദൈവമായി ആരാധി ക്കപ്പെട്ടു പോന്നു.

3. <u>സമഷ്ടിവാദം:</u> ഈ സിദ്ധാന്തമനുസരിച്ചു ഭരണവർഗ്ഗം അതായതു തൊഴിലാളിവർഗ്ഗമാണ് എല്ലാ അവകാശങ്ങളുടെയും കേന്ദ്രം

---

* Sabine, G. W., A History of Political Theory, New York, Henry Holt, 1950 Chap. 35.

വ്യക്തി, കുടുംബം, സംഘടനകൾ എന്നിവയെല്ലാം യാതൊരവകാശവും സ്വാതന്ത്ര്യവും ഇല്ലാത്തവയാണ്. ഇവയെല്ലാം സർവ്വാധിപതിയായരാഷ്ട്രത്തിന് അഥവാ സംയുക്തജനതക്കു കീഴ്പ്പെടണം. പതിനൊന്നാം പീയൂസ് പാപ്പയ്ക്കാണ് ഈ തത്വം ആരെക്കാളും വിശദമായി വിശദീകരിക്കുവാൻ കഴിയുക: "കമ്മ്യൂണിസം വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നു. മാനവമാഹാത്മ്യത്തെ തകർക്കുന്നു; അന്ധമായ പ്രചോദനങ്ങളുടെ പ്രവാഹത്തെ തടയുന്ന എന്തിനേയും ത്തെറിഞ്ഞു കളയുന്നു. സമൂഹത്തോടുള്ള ബന്ധത്തിൽ വ്യക്തിയുടെ യാതൊരവകാശവും അംഗീകരിക്കുന്നില്ല; മനുഷ്യവ്യക്തിക്കു യാതൊരു നൈസർഗ്ഗികാവകാശവും അതനുവദിക്കുന്നുമില്ല. വ്യക്തി കമ്മ്യൂണിസ്റ്റു വ്യവസ്ഥിതിയിലെ ഒരു ചക്രം മാത്രമാണ്. വൈയക്തികക്ഷേമത്തെപ്പററി അന്വേഷിക്കാതെ അവരെ സമൂഹത്തിൻെറ ജോലിക്കായി നിയമിക്കുവാനുള്ള അവകാശം അഥവാ അനിയന്ത്രിതമായ വിവേചനം കമ്മ്യൂണിസം സമൂഹത്തിനു നല്കുന്നു. തന്മൂലം ഉദ്യോഗസ്ഥന്മാരെ, അവരുടെ മനസ്സിനെതിരെ സമ്മതിപ്പിക്കുവാൻ പ്രയോഗിക്കുന്ന ബലപ്രയോഗംപോലും അവർക്കു നീതിപരമാണ്." (ദിവിനീ റെഡംപ്തോരിസ്) റഷ്യയിലെ ബോൾഷെവിക്കുകൾ ഈ ആശയങ്ങളെല്ലാം പ്രാവർത്തികമാക്കി പരീക്ഷിച്ചുനോക്കുകയാണിന്നു്.

4. സ്വേച്ഛാധിപത്യം: ഇന്നുള്ള സ്വേച്ഛാധിപത്യരാഷ്ട്രങ്ങളിലെല്ലാം രാഷ്ട്രസർവ്വാധിപത്യവാദത്തിൻെറ ആധുനികരൂപം നമുക്കു കാണാം. സ്വേച്ഛാധിപത്യരാഷ്ട്രത്തിൻെറ അംഗീകൃതനിർവ്വചനമിങ്ങനെയാണ്: "രാഷ്ട്രത്തിനുപരി ഒന്നുമില്ല, പുറമെ ഒന്നുമില്ല, എതിരായും ഒന്നുമില്ല. ഉള്ളതെല്ലാം രാഷ്ട്രാധീനമാണ്. രാഷ്ട്രത്തിനു വേണ്ടിയുമാണ്." സങ്കല്പിക്കുവാൻ കഴിയുന്ന ഏതൊരു സാമൂഹികഘടകത്തേയും കുരുതി കഴിച്ചുകൊണ്ടു രാഷ്ട്രത്തെ ദൈവമായി പൂജിക്കുക എന്നതാണ്, സാക്ഷാൽ സ്വേച്ഛാധിപത്യത്തിൻെറ സിദ്ധാന്തപരമായ അർത്ഥം. മാർക്സിൻെറ ഭൗതികവാദമനുസരിച്ചോ ഹേഗലിൻെറ ഭൗതികവാദപ്രകാരമോ, രാഷ്ട്രത്തെ ഒരു പരമോന്നതസത്തയാക്കി രൂപമാററുന്നു. ദൈവികസ്വഭാവമില്ലാത്തതായിരുന്നുവെങ്കിലും, ഇററലിയിൽ ഫാസിസ്റ്റുകൾ സ്ഥാപിച്ചതും രാഷ്ട്രസർവ്വാധിപത്യം തന്നെയായിരുന്നു. [1]

1 Milzer and Ross, Western Social Thought, Nazism, Fascism, pp. 300—318.

**135. വിമർശനം:** സർവ്വാധിപത്യവാദത്തിൽ പ്രധാനമായി രണ്ടു് അംശങ്ങളാണുള്ളതു്.

1. രാഷ്ട്രമാണു പരമനിർണ്ണായകാധികാരം.
2. സമസ്താവകാശങ്ങളുടേയും കേന്ദ്രവും ഉല്പത്തിസ്ഥാനവും രാഷ്ട്രമാണു്.

a) <u>രാഷ്ട്രം പരമനിർണ്ണയകാധികാരിയല്ല</u>: ഈ പ്രസ്താവനയുടെ സാരം ഗ്രഹിക്കുവാൻ ആദ്യമായി പരമവും ആപേക്ഷികവുമായ നിർണ്ണായകാധികാരങ്ങൾതമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. പരമാധികാരരാഷ്ട്രങ്ങൾക്കിടയിലും പരസ്പരം, ആന്തരികവും സത്താപരവുമായുള്ള അനാശ്രിതഭാവമാണു് ആപേക്ഷിക നിർണ്ണായകത്വം. യാതൊരു സത്തയുമായിട്ടും യാതൊരു വിധേയവുമില്ലാത്ത പരമസ്വാതന്ത്ര്യം രാഷ്ട്രങ്ങൾക്കു് അനുവദനീയമല്ല. കാരണം, രാഷ്ട്രമോ അതിന്റെ സ്രഷ്ടാക്കളായ മനുഷ്യരോ സ്വയം അസ്തിത്വം ഉള്ളവരല്ല. സൃഷ്ടികളെല്ലാം സത്താപരമായി അവരുടെ സ്രഷ്ടാവിനോടു് അവശ്യം ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രം സൃഷ്ടികളുടെ സൃഷ്ടിയാകയാൽ അതിനുമുണ്ടു് ഈ ബന്ധവും വിധേയത്വവും. സൃഷ്ടികൾ പരമസ്വതന്ത്രരെന്ന വാക്യംതന്നെ വിരോധാഭാസമാണു്. സൃഷ്ടികർമ്മത്തിൽനിന്നുള്ള ഉത്ഭവംതന്നെ സൃഷ്ടികൾക്കു സ്രഷ്ടാവിനോടു സത്താപരമായ ബന്ധം സ്ഥാപിക്കുന്നു. ആകയാൽ രാഷ്ട്രവും സൃഷ്ടികളുടെ സൃഷ്ടിയാകയാൽ മറേറതൊരു സൃഷ്ടവസ്തുവുംപോലെ സത്താപരമായി ദൈവത്തോടു ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ സാമൂഹ്യപ്രവർത്തനങ്ങളേയും സംഘടിപ്പിച്ചു നിയന്ത്രിക്കുകയെന്ന ദൈവദത്തമായ ഒരു ലക്ഷ്യം ഓരോ രാഷ്ട്രത്തിനുമുണ്ടു്. ഈ ലക്ഷ്യംമൂലമാണു ഭരണീയരും അധികാരികളും ചുമതലയുടേയും കടമയുടേയും നുകത്തിൻകീഴിൽ ബന്ധിക്കപ്പെടുന്നതും പൊതുക്ഷേമത്തിന്നായി യത്നിക്കുവാനുള്ള ധാർമ്മികചുമതല അവർക്കുണ്ടാകുന്നതും. ആകയാൽ ഈ കടമ ഉടലെടുക്കുന്നതു പൊതുക്ഷേമം പുലർത്തുവാൻ കടമപ്പെട്ട രാഷ്ട്രത്തിൽനിന്നല്ല, പ്രത്യുത രാഷ്ട്രത്തിനപ്പുറം പ്രകൃതിനാഥനായ സ്രഷ്ടാവിൽ നിന്നത്രെ. തന്മൂലം രാഷ്ട്രം സത്താപരമായി മാത്രമല്ല, അധികാരവിനിയോഗത്തിലും ദൈവത്തോടു കടമപ്പെട്ടിരിക്കുന്നുവെന്നു വ്യക്തമാണു്. ഈ പരാശ്രയം രാഷ്ട്രഭിന്നമായ ഒരു മനസ്സിൽനിന്നു് ഉത്ഭവിക്കുന്ന ബാഹ്യമായ ഒരു പരിമിതിയാണു്. തന്നിമിത്തം, രാഷ്ട്രത്തിനുപരിയായി ദൈവത്തിന്റെ ശാശ്വതനിയ

മങ്ങളിൽ അധിഷ്ഠിതമായ ഒരു നീതിമണ്ഡലമുണ്ടെന്നും ആ മണ്ഡലത്തിനു മനുഷ്യരെപ്പോലെതന്നെ അവരുടെ സൃഷ്ടിയായ രാഷ്ട്രവും വിധേയമാകണമെന്നും വ്യക്തമാകുന്നു.[2]

b) രാഷ്ട്രം എല്ലാ അവകാശങ്ങളുടേയും ഉറവിടമല്ല. ഇത്തരമൊരു അവകാശവാദം രാഷ്ട്രം മുഴക്കുന്നതു തെററാണെന്നു മുൻപ്രസ്താവിച്ചവയിൽനിന്നും തെളിയുന്നുണ്ട്. രാഷ്ട്രം സ്വയംഭൂവല്ലാതെ ആത്യന്തികമായി ദൈവത്തിൽ നിന്നാണെങ്കിൽ അതിൻെറ അവകാശങ്ങളും ദൈവത്തിൽ നിന്നാവണം. രാഷ്ട്രത്തിനു് അധികാരവും അവകാശവുമുണ്ടെന്നു സമ്മതിക്കണം; എന്നാൽ ഈ അവകാശാധികാരങ്ങൾ അതിനു ലഭിക്കുന്നതു പൊതുജനക്ഷേമം പുലർത്തുവാനുള്ള അതിൻെറ ചുമതലയിൽ നിന്നാണ്. എന്നാൽ ഈ ചുമതല രാഷ്ട്രത്തിൻെറ ആന്തരികനിർമ്മാണത്തിൻെറ നൈസർഗ്ഗികഫലമാണെങ്കിൽ രാഷ്ട്രത്തിനു തന്നിൽനിന്നുതന്നെ തൻെറ പ്രവർത്തനലക്ഷ്യമായി ഈ അവകാശങ്ങൾ ലഭിച്ചുവെന്നു സമ്മതിക്കണം. രാഷ്ട്രം സ്വയം ഏറെറടുത്തവയാണ് ഇവയെങ്കിൽ അതു സത്താപരമല്ലെന്നും കേവലം യാദൃച്ഛികമാണെന്നും നാം സമ്മതിക്കേണ്ടി വരും. അതു യുക്തിവിരുദ്ധവുമാണല്ലോ. ഇതിൽനിന്നും വ്യക്തമാകുന്നു, രാഷ്ട്രലക്ഷ്യം കുറിച്ച ദൈവികമനസ്സിൽനിന്നാണ് അതിൻെറ സത്താപരമായ ഒരു സ്വാഭാവിക സവിശേഷതയായി ഈ ചുമതല രാഷ്ട്രം സ്വീകരിച്ചിട്ടുള്ളതെന്നു്. രാഷ്ട്രം ഒരു യാന്ത്രികസംഘടനയല്ല, മറിച്ച് പൊതുക്ഷേമവും പരസ്പരസഹായവും തേടി ബുദ്ധിജീവികൾ പ്രകൃത്യാ രൂപവത്കരിക്കുന്ന സംഘമാണ്. ഈ സാമൂഹികഐക്യം ഗ്രഹിക്കുന്നതിനു്, രാഷ്ട്രത്തിനു വിധേയമല്ലാത്ത ഒരുന്നതനിയമത്തിൽനിന്ന് ഉത്ഭവിക്കുന്ന ധാർമ്മികകടമകൾ നാം അംഗീകരിച്ചേ മതിയാവൂ. രാഷ്ട്രത്തേയും വ്യക്തികളേയും ബന്ധിപ്പിക്കുന്ന ഒരാന്തരികശൃംഖലയുടേയും പരിപൂർണ്ണവിധേയത്വം ആവശ്യപ്പെടുന്ന ഒരു സാർവ്വത്രികക്രമത്തിൻേറയും ഫലമായിരിക്കണം ആ ധാർമ്മികകടമകൾ. മേല്പറഞ്ഞ ഉന്നതനിയമത്തിൻെറ അഭാവത്തിൽ രാഷ്ട്രത്തിൻെറ നിലപാടുപോലും അഗ്രാഹ്യമാണ്. അതുകൊണ്ടായിരിക്കണം പെടോൺ പണ്ടേ ഇപ്രകാരം എഴുതിയിട്ടുള്ളതു്. "അവകാശങ്ങളെ രാഷ്ട്രത്തിൻെറ കലർപ്പററ ഒരു ലളിതനിർമ്മിതിയായി

2. Rommen, H. A., The State in the Catholic Thought, pp. 359—370.

കണക്കാക്കുന്ന പ്രകൃതിവാദി, 'അവകാശത്തിൽനിന്നു വിഭിന്നമായ രാഷ്ട്രം രാഷ്ട്രമേയല്ല, പ്രത്യുത പരസ്പരബന്ധമില്ലാത്ത ജനങ്ങളുടെ ഒരു സംഘം മാത്രമേ ആകു' എന്നും, 'രാഷ്ട്രത്തിൽനിന്നു് അവകാശം ലഭിക്കുന്നുവെന്നു പറയുന്നതു് അവകാശത്തിൽനിന്നു രാഷ്ട്രം ജനിക്കുന്നുവെന്ന വസ്തുത മുൻകൂട്ടി കണ്ടതുകൊണ്ടാണെന്നു്, ഗ്രഹിക്കുവാൻ മറക്കുന്ന"തെന്നു്.

## ഗ്രന്ഥസൂചി.

Osgniach, O. S. B., The Christian State, pp. 116—178.
Cornin, The Science of Ethics, Vol. II, p. 676.
St. Thomas, Summa Theologica, I-II, pp. 90—98.
Catholic Encyclopaedia, Art; Justice; Right; Duty.
Pius XII, Darkness Over the Earth.
Douglas Herrold, The Future of Freedom, p. 114 (Sheed and Ward Oxford, 1938).
Ryan and Boland, Catholic Principles of Politics, pp. 108—126, and 161—168.
Ingram, History of Political Economy, pp. 89—93.
Herbert Spencer, Principles of Ethics. Vol II, Chap. 3.
The Catholic Encyclopoedia, art, Liberalism.
Sabine, G. W., A History of Political Theory, Chap. 35.
Kilzer and Ross, Western Social Thought, pp. 300—318.
Romen, H. A., The State in the Catholic Thought, pp. 359 –370.
Schwer. W., Catholic Social Theory, pp. 149—158.

# 5.

# രാഷ്ട്രത്തിൻെറ അധികാരം.

**136.** രാഷ്ട്രത്തിൻെറ നിർമ്മാണഘടകങ്ങളും സമൂഹികവിഭാഗങ്ങളും ഏവയെന്നു നാം കണ്ടുകഴിഞ്ഞു. ഇനി അതിനു് ഐകരൂപ്യം നല്കുന്ന അധികാരത്തെപ്പററി ചിന്തിക്കാം. ഈ ഘടകമാണു അതിൻെറ അംഗങ്ങളുടെ സാമൂഹികലക്ഷ്യത്തിലേക്കു അവരെ നയിക്കുന്നതും. പൊതുലക്ഷ്യം നേടുവാൻ സമുദായാംഗങ്ങളെ കർമ്മനിരതരാക്കുന്ന ധാർമ്മികശക്തിയാണു് അധികാരം. ഇതാണു് സമുദായത്തിൻെറ പ്രധാന ഘടകം (constituent element). വിധേയരോടു് ആജ്ഞാപിക്കുവാനുള്ള അവകാശം ഇതുവഴി അധികാരികൾക്കു ലഭിക്കുന്നു. അധികാരം ആരിൽ കുടികൊള്ളുന്നുവോ അയാളെ അധികാരി എന്നും, അയാളെ അനുസരിക്കുവാൻ കടപ്പെട്ടവരെ വിധേയരെന്നും വിളിക്കാം. രാഷ്ട്രീയാധികാരത്തിൻെറ ആവശ്യം, ഉത്ഭവം അതു കൈകാര്യം ചെയ്യുന്നവർ എന്നിവയെപ്പററി ഈ ഖണ്ഡികയിൽ പ്രതിപാദിക്കാം.

## A. രാഷ്ട്രീയാധികാരത്തിൻെറ ആവശ്യം.

**137.** പൂർണ്ണതനേടുവാൻ മനുഷ്യപ്രകൃതിക്കു രാഷ്ട്രീയസമുദായത്തിൻെറ ആവശ്യമുണ്ടെന്നു നാം കണ്ടതാണു്. രാഷ്ട്രീയസമുദായത്തിനു് അധികാരംകൂടി ആവശ്യകമാണെന്നു് ഇപ്പോൾ നമുക്കു കാണാം. സ്വാർത്ഥത മറന്നു്, പൊതുലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ വ്യക്തികളെ നിർബ്ബന്ധിക്കുന്ന ഒരു നിയന്ത്രണശക്തിയുടെ പ്രേരണകൂടാതെ, വിവിധ സാമൂഹികസംഘടനകൾ ഒന്നുചേർന്ന യാതൊരു സമൂഹവും ഏറെ നാളത്തേയ്ക്കു് പൊതുലക്ഷ്യത്തിനുവേണ്ടി യോജിപ്പോടെ പ്രവർത്തിക്കുമെന്നു പറഞ്ഞുകൂടാ. *

---

* അധികാരം അനിവാര്യഘടകമാണെന്നു ക്രൈസ്തവഗ്രന്ഥകാരന്മാരെല്ലാം ഒന്നുപോലെ സമ്മതിക്കുന്നു. എന്നാൽ, ഈ ആവശ്യത്തിൻെറ അളവു് എന്മാത്രമായിരിക്കണമെന്നതിൽ ഏകാഭിപ്രായമില്ല, അവർക്കിടയിൽ. കാത്രയിൻെറ നേതൃത്വത്തിൽ ചിലർ വാദിക്കും, അധികാരം സത്താപരമല്ലെന്നും അതിനാൽ അതു് കാതലായ ഘടമല്ലെന്നും. മനുഷ്യമനസ്സുകളുടെ ഐക്യമാണു് അവർക്കു കാതലായ ഘടകം. എന്നാൽ, പെഷ് പ്രഭൃതികൾ പറയും: അധികാരം രൂപഘടകമാകയാൽ അതു സത്താപരമാണെന്നും മനൈക്യം നേടുവാൻ ആദ്യമായി അവയെ പൊതുലക്ഷ്യത്തിലേക്കു സംഘടിപ്പിക്കുന്ന അധികാരം തന്മൂലം ആവശ്യമാണെന്നും.

രാഷ്ട്രാധികാരത്തെപ്പററി വി. അക്വിനാസിൻെറ അഭിപ്രായമിതാണ്: "സമുദായത്തിൽ ജീവിക്കുക മനുഷ്യനു സ്വാഭാവികമായിരിക്കുന്നതുപോലെ, സമുദായത്തെ ഭരിക്കുവാൻ ഒരധികാരമുണ്ടായിരിക്കുകയെന്നതും അവശ്യാവശ്യകമാണ്. മനുഷ്യരിൽ അവരുടെ ശാരീരികാവയവങ്ങളുടെ പൊതുസുരക്ഷിതത്വം നിയന്ത്രിക്കുവാൻ ഒരു നിയന്ത്രകശക്തി ഉള്ളതുപോലെ സമൂഹത്തിലും, താന്താങ്ങളുടെ മാർഗ്ഗം പിന്തുടന്നു സ്വാർത്ഥംമാത്രം നോക്കുന്ന വിവിധ വ്യക്തികളെ സമുദായത്തിൻെറ പൊതുലക്ഷ്യത്തിലേക്കു തിരിച്ചു നയിക്കുന്ന ഒരധികാരി ആവശ്യകമാണ്. ഈ ആശയം കൺമുമ്പിൽ കണ്ടുകൊണ്ടാണു സോളമൻ പറഞ്ഞതു്: "എവിടെ അധികാരി ഇല്ലയോ അവിടെ ജനങ്ങൾ ചിതറിപ്പോകുന്നുവെന്നു്." *

ഇങ്ങനെ രാഷ്ട്രീയാധികാരത്തിനു വ്യക്തികളെ ഏകീകരിച്ചുകൊണ്ടുപോകുവാനും നിയന്ത്രിക്കുവാനും ആജ്ഞാപിക്കുവാനുമുള്ള ശക്തിയുണ്ടായിരിക്കണം. സമൂഹത്തിൽ ഒരുമിച്ചുജീവിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനാൽ അതു് ഏകീകരണശക്തിയാണ്; പൊതുലക്ഷ്യത്തിലേക്കു ജനങ്ങളെ നയിക്കുന്നതിനാൽ അതു നിയന്ത്രണശക്തിയാണ്. ന്യായമായ അധികാരത്തെ അനുസരിക്കുവാൻ ആജ്ഞാപിക്കുന്നതിനാൽഅതു് അവസാനമായി ആജ്ഞാപനശക്തിയുമാണ്.

വ്യക്തികളുടെ സാമൂഹികലക്ഷ്യവും അതിനുള്ള മാർഗ്ഗങ്ങളും കൃത്യമായി നിർണ്ണയിക്കപ്പെട്ടിരുന്നുവെങ്കിൽ, രാഷ്ട്രീയാധികാരത്തിൻെറ ഇത്രവലിയ ആവശ്യമുണ്ടാകുമായിരുന്നില്ല. എന്നാൽ, നമ്മുടെ അനുഭവം നേരെ വിപരീതമാണ്. സ്വാർത്ഥതയും, വ്യക്തിവ്യത്യാസവും അത്യാഗ്രഹവും അസൂയയും മററു സ്ഥാപിതതാൽപര്യങ്ങളും മനുഷ്യരാശിയെ നയിക്കുന്ന ഇക്കാലത്തു് ഒരധികാരികൂടി ഇല്ലെങ്കിൽ, ഈ അനീതികളെ ആരു തുടച്ചുനീക്കും? എങ്ങനെ ഒരു രാഷ്ട്രം നിലനില്ക്കും? എങ്ങനെ അതഭിവൃദ്ധിപ്പെടും?

## B. രാഷ്ട്രാധികാരത്തിൻെറ ഉത്ഭവം.

**138. സാമൂഹികോടമ്പടിവാദവും അതിൻെറ ഖണ്ഡനവും:** സമുദായത്തിൻെറ ഉല്പത്തിയെപ്പററി പ്രതിപാദിച്ചപ്പോൾ, മനുഷ്യരുടെ ഉടമ്പടിയുടെ ഫലമായാണു രാഷ്ട്രം ഉടലെ

---

* St. Thomas, De Reg. Princ., Lib. I. I.

ടുത്തതെന്ന ഹാബ്സ്-റൂസ്സോ പ്രഭൃതികളുടെ അഭിപ്രായം എത്രമാത്രം അബദ്ധജടിലമാണെന്നു നാം വ്യക്തമാക്കുകയുണ്ടായി. ആകയാൽ ഈ സിദ്ധാന്തത്തിൽനിന്നു് ഉടലെടുക്കുന്ന മററുചില അബദ്ധതത്വങ്ങൾ മാത്രമേ ഇവിടെ ചൂണ്ടിക്കാട്ടേണ്ടതുള്ളു: (1) വ്യക്തികളുടെ മനസ്സിനെ അഥവാ അവകാശാധികാരങ്ങളെ ഏകവ്യക്തിയിൽ നിക്ഷേപിച്ചാണു ഇവിടെ രാഷ്ട്രാധികാരം നിർമ്മിതമാകുന്നതു്. (2) സ്വതന്ത്രമായി കൊടുത്ത ഈ അവകാശാധികാരങ്ങൾ അയാളിൽനിന്നു തോന്നുമ്പോഴെല്ലാം ജനങ്ങൾക്കു പിൻവലിക്കാവുന്നതാണു്. തന്മൂലം, രാഷ്ട്രാധികാരം തികച്ചും അസ്ഥിരവും മാനുഷികവുമാണു്. അതായതു്, മനുഷ്യനപ്പുറത്തുള്ള യാതൊരു ശക്തിക്കും അതിൽ ബാദ്ധ്യതയില്ലെന്നു സാരം.

ഈ വാദം അംഗീകരിച്ചാൽ അരക്ഷിതാവസ്ഥയും അരാജകത്വവുമായിരിക്കും അതിൻെറ അനന്തരഫലം. കാരണം, മനുഷ്യമേധയുടെ സ്വേച്ഛാനുസാരം എടുക്കുകയോ കൊടുക്കുകയോ ചെയ്യാവുന്ന ഒന്നായിമാത്രമേ അധികാരത്തെ ഇവർ പരിഗണിക്കുന്നുള്ളവല്ലോ. എന്നാൽ നാം തെളിയിച്ചുകഴിഞ്ഞു, എല്ലാ വ്യക്തികളേയും നിയന്ത്രിക്കുവാനും നയിക്കുവാനും ആജ്ഞാപിക്കുവാനും കഴിയുന്ന ഒരധികാരശക്തി ഏതൊരു സമുദായത്തിനും പ്രകൃത്യാ ആവശ്യകമാണെന്നു്. തന്നിമിത്തം സമൂഹനിർമ്മാതാക്കളായ മനുഷ്യരുടെ പ്രകൃതിയിൽനിന്നും ആത്യന്തികമായി ഈ മനുഷ്യപ്രകൃതിയുടെ ഉടയവനായ ദൈവത്തിൽനിന്നുമായിരിക്കണം അതു പിറക്കുക.

ഇതുതന്നെ നിയമനിർമ്മാണാധികാരത്തെപ്പററിയും പറയാം: രാഷ്ട്രീയനിയമങ്ങൾക്കു് ആജ്ഞാപനശക്തി എവിടെനിന്നാണു ലഭിക്കുക? വെറുമൊരു ഉടമ്പടിയിൽനിന്നു് ആജ്ഞാശക്തി ഉണ്ടായെന്നു കരുതാൻപാടില്ല. എന്തെന്നാൽ, കാര്യം കാരണത്തെക്കാൾ വലുതായിരുന്നുകൂടാ എന്ന സാമാന്യതത്വം ഇവിടെ ലംഘിക്കപ്പെടും. ഉടമ്പടി വ്യക്തിപരവും പ്രത്യേകവും, മറിച്ചു്, ആജ്ഞാശക്തിയും ബാദ്ധ്യതയും പൊതുവും സാർവ്വത്രികവുമാണല്ലോ. വീണ്ടും, വ്യക്തികളുടെ ഒരുടമ്പടിക്കു് എല്ലാവരുടെയുംമേൽ അധികാരമുള്ള ഒരു രാഷ്ട്രീയാധികാരം രൂപവത്കരിക്കുക സാദ്ധ്യമല്ല. സാമൂഹിക ഉടമ്പടിവാദം ഇക്കാര്യത്തിലും സ്വീകാര്യമല്ല.

രാഷ്ട്രീയ പ്രോട്ടസ്റ്റൻറവാദമാണു് റൂസ്സോയുടെ സാമൂഹികവാദമെന്നു പറയാം. "സാമൂഹികോടമ്പടിയുടെ വ്യവസ്ഥകളിൽ

TTAYAM PUBLIC LIBRARY

അനുസരണത്തെസ്സംബന്ധിച്ച യാതൊരു ബാദ്ധ്യതയുമില്ല; ഉണ്ടായിരിക്കുകസാദ്ധ്യവുമല്ല. തൻെറതന്നെ അധികാരാവകാശമുപയോഗിച്ച് ഒരുവൻ മററുള്ളവരിൽനിന്നു വിധേയത്വമാവശ്യപ്പെട്ടാൽ അയാൾ തികഞ്ഞ സ്വേച്ഛാധിപതിയാണ്. കാരണം, തനിക്കില്ലാത്ത അധികാരം മററുള്ളവരുടെമേൽ ഉണ്ടെന്നു് അയാൾ നടിക്കുകയാണ്. അതേ കാരണത്താൽ സമൂഹത്തിലേ വളരെപ്പേർ, വേണ്ടാ, ഭൂരിപക്ഷം തന്നെ, സംഖ്യാബലത്തിൻെറമാത്രം പേരിൽ ഇങ്ങനെ വിധേയത്വം മററുള്ളവരിൽനിന്നാവശ്യപ്പെട്ടാലും അവരും സ്വേച്ഛാധിപതികൾ തന്നെയായിരിക്കും. കാരണം, സംഖ്യാബലം നല്കുന്ന ശക്തി കള്ളന്മാരുടേയും കൊള്ളക്കാരുടേയും "കൈയ്യൂക്കിൻെറ" ശക്തിമാത്രമാണ്. അത്തരം അധികാരത്തെ, "ശത്രു"വെന്നു വിളിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല." *

**139. രാഷ്ട്രാധികാരം ദൈവത്തിൽനിന്നുതന്നെയാണ്:** മനുഷ്യൻെറ സ്വേച്ഛാവിഹിതമായ ഒരുടമ്പടിയിൽനിന്നല്ല രാഷ്ട്രാധികാരം ഉടലെടുക്കുന്നതെന്നു വ്യക്തമാക്കിക്കഴിഞ്ഞു. ആകയാൽ, എല്ലാ മനുഷ്യരിലും അധീശത്വമുള്ള ഒരു ശക്തിയിൽനിന്നാവണമതു്. സ്കോളാസ്റ്റിക് ചിന്തകരും കത്തോലിക്കസാമൂഹികശാസ്ത്രജ്ഞന്മാരും പറയും, അതു് ആത്യന്തികമായി ദൈവത്തിൽനിന്നാണെന്നു്. താഴെക്കാണുന്ന വിവിധ വാദഗതികൾ അതിനു ഉപോൽബലകമായി അവർ ഉന്നയിക്കുന്നു:

1) രാഷ്ട്രം ഒരു സ്വാഭാവികസമൂഹമാണ്; കാരണം, മനുഷ്യൻെറ സ്വാഭാവികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ സ്വഭാവികപ്രവണതകളെ പിന്തുടൻകൊണ്ടു മനുഷ്യൻ രാഷ്ട്രം രൂപവത്കരിക്കുന്നു. തന്മൂലം, മനുഷ്യസ്വഭാവത്തിൻേറയും സ്വാഭാവികപ്രവണതകളുടേയും സ്രഷ്ടാവായ ദൈവംതന്നെയാണു രാഷ്ട്രത്തിൻേറയും സ്ഥാപകൻ. അധികാരം രാഷ്ട്രത്തിൻെറ നിമ്മാണ-രൂപ-ഘടകമാകയാലും അതുകൂടാതെ രാഷ്ട്രത്തിനസ്തിത്വമില്ലായ്കയാലും ഈ രാഷ്ട്രാധികാരവും, രാഷ്ട്രസ്ഥാപകനായ ദൈവംതന്നെ അതിനു കൊടുത്തതാകണം.

2) രാഷ്ട്രശക്തി യാഥാത്ഥ്യമായിരിക്കണമെന്നതു് സ്വാഭാവികംമാത്രമാണ്. വേണ്ടിവന്നാൽ മരണശിക്ഷ നല്കി

* John Ireland, സഭയും ആധുനികസമുദായവും പേജ് 16.

പ്പോലും കററവാളികളെ ശിക്ഷിക്കുവാൻ രാഷ്ട്രത്തിനു സാധിക്കണം. എന്നാൽ, എല്ലാ മനുഷ്യരും തുല്യരാകയാൽ യാതൊരാൾക്കും മററൊരാളുടെ ജീവൻെറമേൽ യാതൊരധികാരവുമില്ല. ജീവദാതാവായ ദൈവത്തിനുമാത്രമേ ഈ അധികാരം ഉള്ളൂ. അതിനാൽ, ഇത്തരം അധികാരം യഥാൎത്ഥത്തിൽ രാഷ്ട്രത്തിനുണ്ടാകണമെങ്കിൽ അതു ദൈവത്തിൽനിന്നുതന്നെ ലഭിച്ചിരിക്കണം.

3) എല്ലാവരേയും അനുസരിക്കുവാൻ കടപ്പെടുത്തുന്ന നിയമങ്ങൾ നിർമ്മിക്കുവാനും അനുസരിപ്പിക്കുവാനും രാഷ്ട്രത്തിന് അവകാശമുണ്ട്. എല്ലാ മനുഷ്യരുടെമേലും അധീശത്വമുള്ള സ്രഷ്ടാവിൽനിന്ന് അധികാരം പ്രാപിക്കാതെ ഇത്തരമൊരവകാശം മററെങ്ങുനിന്നും രാഷ്ട്രത്തിനു ലഭിക്കുക സാധ്യമല്ല. ഇക്കാരണങ്ങളെല്ലാം രാഷ്ട്രശക്തി ആത്യന്തികമായി ദൈവത്തിൽനിന്നുതന്നെയാകുന്നെന്നു വ്യക്തമാകുന്നു. *

**140. സൂചന:** രാഷ്ട്രാധികാരം ദൈവത്തിൽനിന്നാണെന്നു നാം പറയുമ്പോൾ അർത്ഥമാക്കുക ഇത്രമാത്രമാണ്: മനുഷ്യൻെറ സ്വാഭാവികാവശ്യങ്ങൾ സാധിക്കുന്നതിന് ആവശ്യകമായ കഴിവുകളും മാർഗ്ഗങ്ങളും അവനു ദൈവം നല്കിയിരിക്കുന്നു; അത്തരം മാൎഗ്ഗങ്ങളിൽ പരമപ്രധാനമായ ഒന്നാണ്, രാഷ്ട്രലക്ഷ്യമായ പൊതുക്ഷേമത്തിനുവേണ്ടി വ്യക്തിപ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനുള്ള അധികാരം. അതുകൊണ്ടാണ് ഈ രാഷ്ട്രാധികാരം ദൈവത്തിൽനിന്നെന്നു

---

* "De Regimine Principum" ("ദെ റെജിമിനെ പ്രിൻചിപ്പും") എന്ന ഗ്രന്ഥത്തിൽ സെൻറ് തോമസ്, ദൈവത്തിൽനിന്നും മനുഷ്യനു അധികാരം ലഭിക്കുന്നതു മൂന്നു വിധത്തിലാണെന്നു വിവരിച്ചിരിക്കുന്നു: ഒരു സത്തയെന്ന നിലയിലും, ആദിനായകനെന്ന നിലയിലും, പരമലക്ഷ്യമെന്ന നിലയിലും. Balmes ഈ ആശയം ഇങ്ങനെ സംഗ്രഹിക്കുന്നു: "പ്രഥമത എല്ലാ ശക്തികളും ദൈവത്തിൽനിന്നു വരുന്നു, കാരണം ശക്തിക്ക് അസ്തിത്വമുണ്ട്; അസ്തിത്വമുള്ള സമസ്തവും ദൈവത്തിൽനിന്നു വരുന്നു. ശക്തി അധീശത്വമാണ്, ദൈവമാണ് സർവ്വനാഥൻ, സമസ്തവസ്തുക്കളുടേയും ഉടയവൻ. ശക്തി അവകാശമാണ്, ദൈവമാണ് സർവ്വാവകാശകേന്ദ്രം. ശക്തി ധാൎമ്മികചലനമാണ്, ദൈവമാണ് സർവ്വ ചലനങ്ങളുടെയും ആദ്യനായകൻ. ശക്തി ഒരു പരമലക്ഷ്യത്തിലേക്കു കുതിക്കുന്നു; ദൈവമാണ് സർവ്വസൃഷ്ടികളുടെയും പരമലക്ഷ്യം." (European Civilization, Chap. 48)

പറയുന്നതു്. ഇതിൽനിന്നു ഭരണാധിപരെ ദൈവംതന്നെ നേരിട്ടു നിയമിക്കുന്നുവെന്നോ, രാജാക്കന്മാർ കുററംചെയ്യുകയില്ലെന്നോ ആരും അർത്ഥമാക്കേണ്ടതില്ല. "രാജാക്കന്മാക്കു് അപ്രമാദിത്വമുണ്ടെന്ന വാദം" കത്തോലിക്കതത്വങ്ങൾക്കു വിരുദ്ധവും അബദ്ധജടിലവുമാണു്. "കാനോസാ ദുർഗ്ഗത്തിനുപുറമെ മകരമഞ്ഞിൽ തപസ്സുചെയ്തു വിറയ്ക്കുന്ന ഹെൻറി നാലാമനും, തൻെറ വിവാഹമോചനാഭ്യർത്ഥനയെ മാർപ്പാപ്പ നിരസിക്കയിൽ കോപംകൊണ്ടു വിറയ്ക്കുന്ന ഹെൻറി എട്ടാമനും, രാജാക്കന്മാർ കുററംചെയ്യുമോ എന്ന പ്രശ്നത്തെപ്പററി സഭ എന്തു ചിന്തിക്കുന്നുവെന്നതിനു് ഉത്തമോദാഹരണങ്ങളാണു്.

ചിലർ വൃഥാ ഭയപ്പെടുന്നതുപോലെ, രാഷ്ട്രാധികാരത്തിൻെറ ദൈവികോല്പത്തി, അതിനെ സർവ്വാധിപത്യത്തിലേക്കു നയിക്കുകയില്ലെന്നു മാത്രമല്ല, അധികാരികളുടെ ക്രൂരഭരണത്തെ അതു സമർത്ഥമായി തടയുകയുംകൂടി ചെയ്യും. ദൈവദത്തമാണു തനിക്കുള്ള അധികാരമെന്നു ബോധമുള്ള ഒരധികാരി, ആ അധികാരവിനിയോഗത്തിനായി ദൈവനിശ്ചിതങ്ങളായ സത്യം, നീതി തുടങ്ങിയ ചില പരിധികളെക്കൂടി പരിഗണിച്ചു്, അവയ്ക്കുള്ളിൽനിന്നേ പ്രവർത്തിക്കൂ. കാരണം,വ്യക്തിസ്വാതന്ത്ര്യങ്ങളിലിടപെടാതെ പൊതുക്ഷേമം പുലർത്തുവാനാണു് ഈ അധികാരം തങ്ങൾക്കു ലഭിച്ചിരിക്കുന്നതെന്നും, അല്ലാതെ തങ്ങളുടെ സ്വേച്ഛാവിലാസത്തിനല്ലെന്നും, അവക്കു് ഉത്തമബോധംകാണും.

## C. രാഷ്ട്രാധികാരം ആരിൽ നിക്ഷേപിക്കണം?

**141.** രാഷ്ട്രാധികാരം ആത്യന്തികമായി ദൈവത്തിൽനിന്നാണെങ്കിലും, ഒരു ഭരണസമിതിയിലോ രാജാവിലോ അതു നിക്ഷിപ്തമാകാതെ നിവൃത്തിയില്ല. എന്നാൽ, ഈ അധികാരനിക്ഷേപരീതിയെപ്പററിയും അധികാരികൾ തെരഞ്ഞെടുക്കേണ്ട ഗവണ്മെൻറിൻെറ രൂപത്തെപ്പററിയും കത്തോലിക്കപണ്ഡിതർ ഏകാഭിപ്രായക്കാരല്ല. ഇക്കാര്യനിർണ്ണയത്തിനു് ചില അംഗീകൃതതത്വങ്ങൾ അനുസരിക്കുക ആവശ്യകമാണു്.

**142. വിവിധാഭിപ്രായങ്ങൾ:** ഇംഗ്ലണ്ടിലെ ഒന്നാം ജയിംസ്‌രാജാവു്, ബോസ്വേ, മയിസ്റ്റർ തുടങ്ങിയവരുടേതെന്നു പറയുന്ന "ദൈവികരാജാധികാരവാദം" ഇങ്ങനെ സംഗ്രഹിക്കാം: മനു

ഷ്യരുടെ യാതൊരിടപെടലുംകൂടാതെ ദൈവം രാജാക്കന്മാർക്കു നേരിട്ടു രാഷ്ട്രാധികാരം നല്കുന്നു. ഇസ്രായേലിനെ ഭരിക്കുവാൻ സാവൂളിനെ ദൈവം നേരിട്ടു തിരഞ്ഞെടുത്തതുപോലെ ഇപ്പോഴും ദൈവികമനസ്സു നേരിട്ടു ഭരണാധികാരം രാജാക്കാംക്കു നല്കുന്നുവെന്നായിരുന്നു ഇവരുടെ വാദം.

<u>സ്വാഭാവികനീതിവാദം:</u> ഇതനുസരിച്ചു പ്രഥമത: അധികാരം കുടുംബനാഥന്മാരിലും, ക്രമേണ, കുടുംബം വികസിച്ചു വർഗ്ഗമോ ഗോത്രമോ ഉണ്ടായപ്പോഠം തദധിപരിലും നിലവിലിരുന്നു. വാദങ്ങളും വഴക്കുകളും കേട്ടു തീരുമാനിച്ചിരുന്നതു് ഇവരാണല്ലോ. അങ്ങനെ കുടുംബാധിപന്മാർ വളർന്നുവളർന്നു രാഷ്ട്രാധിപരാവുകയാണുണ്ടായതു്.

<u>പൊതുസമ്മതവാദം:</u> ബെല്ലാർമിൻ, സ്വാരസ് മുതലായ ആധുനികചിന്തകരാണു് ഇതിൻെറ ഉപജ്ഞാതാക്കന്മാർ. ഈ വാദമനുസരിച്ചു ഭരണാധികാരിയേയോ ഭരണകൂടരൂപമോ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും അധികാരവും ജനങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു. തന്മൂലം, അവരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സമ്മതത്തിലാണു് ഇവയുടെ നിർണ്ണായകത്വം കുടികൊള്ളുക. ഇവർക്കു ജനതയുടെ പ്രത്യക്ഷസമ്മതം മതി, അധികാരിയുടെയോ ഭരണകൂടത്തിൻെറയോ നിർണ്ണയം സാധുവാകുവാൻ. *

**143. ഈ പൊതുസമ്മതവാദം യുക്തിയുക്തമാണ്.** ഭരണക്രമനിയന്ത്രണത്തിനോഭരണാധിപനിയമനത്തിനോ സാവൂളിൻെറ തിരഞ്ഞെടുപ്പുപോലുള്ള പ്രത്യക്ഷമായ യാതൊരു

---

* രാഷ്ട്രത്തിൻെറ ദൈവികോല്പത്തിയുടെ ചില സൂചന "മഹാഭാരതത്തിലും കാണാം. രാജ്യത്തിൽ അരാജകത്വമുണ്ടായപ്പോഠം ജനങ്ങഠം ദൈവത്തോടു പരിഹാരമാർഗ്ഗം ചോദിച്ചുവെന്നും 'മനു'വിനെ ഭരണകർത്താവായി ദൈവം നിയമിച്ചുവെന്നും അതു പറയുന്നു. ദൈവം രാഷ്ട്രം സ്ഥാപിച്ചുവെന്നു മാത്രമല്ല, ദൈവഹിതം ഭരണാധിപന്മാക്കു പ്രത്യക്ഷമായോ പരോക്ഷമായോ വെളിപ്പെടുത്തിക്കൊടുക്കുന്നുവെന്നും അവരുടെ ദൈവികാധിപത്യസിദ്ധാന്തം പഠിപ്പിക്കുന്നു. എന്നാൽ, ദുർഭരണാധികാരികളെ അനുസരിക്കാൻ ആക്കും കടമയില്ല. കാരണം, ശിഷ്ടരായ രാജാക്കന്മാർ ദൈവികാംശമാണു് അവരെ അനുസരിക്കേണ്ടതുമാണു്; ദുഷ്ടരാജാക്കന്മാർ പിശാചിൻെറ അംശമാണു്; അവരെ ബഹിഷ്ക്കരിക്കാവുന്നതും വധിക്കാവുന്നതുമത്രേ!! (A History of Hindu Political Theories, pp. 219.)

ദൈവിക ഇടപെടലും ഇന്നില്ലാത്തതിനാലും, പ്രകൃത്യാതന്നെ, കുടുംബങ്ങളിലെന്നപോലെ ഇവ നിർണ്ണയിക്കപ്പെടാത്തതിനാലും, ഈ പൊതുസമ്മതവാദം തികച്ചും യുക്തിയുക്തമാണ്. പൈതൃകാധികാരവികാസമാണ രാഷ്ട്രാധികാരമെന്ന വാദത്തിലും അല്പമാത്രമായ ; പരമാത്ഥമുണ്ടെങ്കിലും പല സ്ഥലങ്ങളിലും പൈതൃകാധികാരം, ഗോത്ര-രാഷ്ട്രാധികാരങ്ങളായി വാസ്തവത്തിൽ വികസിച്ചിട്ടുണ്ട്—ഇതു രാഷ്ട്രാധികാരത്തിൻെറ ഉത്ഭവകാരണമാണെന്നു പറഞ്ഞുകൂടാ. വീണ്ടും വ്യക്തികളെ ഘടകങ്ങളാക്കിയുള്ള ഒരു മഹാകുടുംബമായി രാഷ്ട്രത്തെ മാററിക്കൊണ്ടു കുടുംബസമൂഹത്തെയും രാഷ്ട്രസമൂഹത്തെയും അവർ ഒന്നാക്കുന്നു. പിന്നെയും, ഈ വാദം രാഷ്ട്രത്തിൻെറ വൈയക്തികവീക്ഷണകോണത്തെ മുഴപ്പിച്ചുകാണിക്കുകയും ചെയ്യുന്നു.

ആകയാൽ നമ്മുടെ അന്തിമമായ നിഗമനമിതാണ്: "ജനങ്ങളുടെ പൊതുസമ്മതമാണ ഭരണക്രമത്തേയും ഭരണാധിപനേയും നിണ്ണയിക്കുക." തീർച്ചയായും ഈ പൊതുസമ്മതം ബുദ്ധിപൂവ്വകവും ന്യായയുക്തവുമായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

വീണ്ടും, രാഷ്ട്രം എന്നതു ഭരണാധിപരും ജനസമൂഹവും തമ്മിലുള്ള ഐക്യമാണ്. ഈ ഉഭയകക്ഷികളുടേയും സമ്മതമില്ലെങ്കിൽ അവർതമ്മിൽ ഐക്യം എങ്ങനെ സാദ്ധ്യമാകും? തന്മൂലം പൊതുജനസമ്മതി രാഷ്ട്രാധികാരത്തിനു കൂടിയേതീരൂ എന്നും സിദ്ധിക്കുന്നു.

പുരാതനകാലത്തും, ആധുനികകാലത്തുപോലും ഇങ്ങനെ ഭരണാധിപ-ഭരണക്രമനിർണ്ണയത്തിൽ വ്യക്തവും പ്രത്യക്ഷവുമായ പൊതുജനസമ്മതി ദൃശ്യമല്ലാതിരിക്കാം. എങ്കിലും സാമൂഹ്യക്രമവും പൊതുജനക്ഷേമവും അവരുടെ രാഷ്ട്രീയാവശ്യനിവ്വഹണത്തിനു് ഒരു പൊതുപരമാധികാരിയെ സ്വാഭാവികമായി ആവശ്യപ്പെടുകയും അത്തരം പരമാധികാരികളെ ജനങ്ങൾ ആ സംഭവത്താൽത്തന്നെ പരോക്ഷമായി അംഗീകരിക്കുകയുമാണു ചെയ്തുപോന്നതു്. *

റൂസ്സോയുടെ 'സാമൂഹികഉടമ്പടി'വാദവും ഈ സിദ്ധാന്തവുമായുള്ള വ്യത്യാസം ഇവയിൽനിന്നെല്ലാം വളരെ വ്യക്തമാണ്. ഇവിടെ തിരഞ്ഞെടുപ്പു ജനങ്ങളിൽനിന്നാണെങ്കിലും അധികാരം പ്രകൃതിയുടെ ദാനമായിട്ടാണ ഭരണാധിപക്ക ലഭിക്കുന്നതു്. തന്മൂലം

*Conf. Zigliara, Jus Nat., Chap II, a. 3; and Cathrein Phil, Mor, Part II, c. III, a. 1—3.

വ്യക്തിയുടെ സ്വെച്ഛാധികാരമുപയോഗിച്ച് ന്യായപൂർവ്വകമായ കാരണങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ അല്ലാതെ ഈ അധികാരം തോന്നും പടി മാററിമറിക്കാൻ പാടില്ല. [1] ഇപ്പറഞ്ഞതിൽനിന്നും അധികാരമെല്ലാം ജനങ്ങളുടെ സ്വന്തമാണെന്നും ഭരണാധിപർ വെറും പ്രതിനിധികളാണെന്നും ഊഹിക്കരുതു്. അതുപോലെ, ജനഹിതം ധാർമ്മിക നിയമാടിസ്ഥാനമായും എടുക്കരുതു്. കാരണം, ഭൂരിപക്ഷഭരണം രാഷ്ട്രരംഗത്തു ന്യായീകരിക്കപ്പെട്ടാലും ധർമ്മശാസ്ത്രത്തിൽ ഈ ഭൂരിപക്ഷം ഒരിക്കലും നിർണ്ണായകമാനദണ്ഡമല്ല. [2]

---

[1] ഭരണാധികാരികൾക്കു് അധികാരംലഭിക്കുന്ന രീതിയെപ്പററി സ്കോളാസ്റ്റിക്ചിന്തകരിൽ ഏകാഭിപ്രായമില്ല. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഭരണാധിപതിയിൽ അയാൾ തെരഞ്ഞെടുക്കപ്പെടുന്നതോടെ, ദൈവം നേരിട്ടധികാരം നിക്ഷേപിക്കുന്നു എന്ന അഭിപ്രായമാണു ടാപ്പറല്ലി, സില്ലിയാര, ലെയോ XIII–ാമൻ മുതലായവർക്കുള്ളതു്. ഈ തിരഞ്ഞെടുപ്പു ബാലററുമൂഖേനയോ മററു വഴിക്കോ ആകാം. എന്നാൽ ബെല്ലർമിൻ, വിക്ടോറിയാ, സ്വാരസ് തുടങ്ങിയവർക്കു വേറൊരഭിപ്രായമാണുള്ളതു്. അതിനാണു കൂടുതൽ സാർവ്വത്രികത്വം. അവരുടെ അഭിപ്രായപ്രകാരം ആത്യന്തികമായി അധികാരം ദൈവത്തിൽനിന്നെങ്കിലും നേരിട്ടു ഭരണാധിപതികൾക്കു് അതു ലഭിക്കുന്നതു ജനസമുദായത്തിൽനിന്നാണു്. ദൈവം മനുഷ്യരിലൂടെ അധികാരം ഇവർക്കു നല്കുന്നു. * (Marcellus, Philosophia Moralis, p. 719.)

[2] പൊതുക്ഷേമത്തിന്റെ സേവകനാണു ഭരണാധിപൻ. അല്ലാതെ അവരുടെ അഭീഷ്ടങ്ങളുടെ ഭൃത്യനല്ല. ജനാഭീഷ്ടമെന്തെന്നു വിധിക്കുവാൻ ജനങ്ങൾതന്നെയാണു ശരിയായ വിധിയാളന്മാർ. ജനങ്ങളുടെ അഭീഷ്ടം പൊതുക്ഷേമത്തിന്റെ ഒരു സൂചനയാണു്. ജനഹിതത്തിനെതിരായി ജനങ്ങൾക്കു നന്മചെയ്യുക സാധ്യമല്ലല്ലോ.

## ഗ്രന്ഥസൂചി.


Catholic Encyclopaedia, Art. Civil Authority.

Has, F. j., Man and Society, Chap. IX.

Muntsch and Spalding, Introductory Sociology, Part 3.

Meyer, S. J., Institutiones Juris Naturae, Pars. II, Sect III, e. II.

P. Marcellus, O. C. D., Philosophia Moralis et socialis, p. 706—729.

Robinson and Christophcr, Introductory Sociology, Chap. 9.

Osgniach, A. J., O. S. B., The Christian State, Chap. II.

Zigliara —Jus Naturae, Chap. II, 3.

Appadorai, The Substance of Politics, p. 53—55.

Ryan and Boland, Catholic Principles of Politics, p. 43—55.

Rommen, H. A., The State in Catholic Thought, p. 371—388.

St. Thomas, De Regimine Principum, Lib III, c. 1—3.

Balmes, J., European Civilisation, Chap. 48.

John Ireland, The Church and Modern Society, p. 10—40.

Schmandt Steinbicker, Fundamentals of Government, 1954, p. 110—128.

Bellarmine, St. Robert, A Treatise on Civil Government, New York, 1928.

Encyclopaedia of Social Science, Macmillan and Co., New York, Vol 1930, p. 30—65.

6

# ഗവണ്മെൻറിൻെറ വിവിധ രൂപങ്ങൾ

സിവിൽസമൂഹങ്ങൾക്കു് അധികാരമുണ്ടായിരിക്കണമെന്ന താണ സ്വാഭാവികനിയമമെങ്കിലും, ഈ അധികാരം പ്രയോഗിക്കുന്ന ഗവണ്മെൻറ് ഏതു രൂപത്തിലുള്ളതായിരിക്കണമെന്നതു സംബന്ധിച്ച പ്രകൃതിനിയമമൊന്നുമില്ല. പ്രകൃതി ഒന്നേ ആവശ്യപ്പെടുന്നുള്ളൂ, അതായതു് എന്തിനു് അധികാരം പ്രദാനംചെയ്തിരിക്കുന്നുവോ ആ ലക്ഷ്യം പ്രാപിക്കത്തക്കവിധം പ്രവർത്തിക്കുവാൻ കഴിയുന്നതായിരിക്കണം ഓരോ ഗവണ്മെൻറും എന്നു്.

**144. രാജവാഴ്ച—പ്രഭുഭരണം—ജനാധിപത്യം:** വിവിധ ഭരണക്രമങ്ങൾ ഇന്നു നിലവിലുണ്ടു്. ഓരോ രാജ്യവും അതിലെ നിവാസികളുടെ പാരമ്പര്യത്തിനും സ്വഭാവത്തിനും ചിന്താഗതിക്കും അനുരൂപമായ ക്രമം സ്വീകരിക്കുന്നു. ആ വിവിധ ക്രമങ്ങളിൽ പ്രമുഖമായ മൂന്നെണ്ണംമാത്രം താഴെ വിവരിക്കാം. അരിസ്റ്റോട്ടലിൻെറ അഭിപ്രായമനുസരിച്ചുള്ള വിഭജനമാണിതു്. *

1) <u>രാജവാഴ്ച:</u> ഈ ക്രമത്തിൽ സർവ്വാധികാരവും ഏകവ്യക്തിയിൽ നിക്ഷിപ്തമായിരിക്കും. ഈ അധികാരം ദൈവികവും സ്വാഭാവികവുമായ നിയമങ്ങളാലല്ലാതെ മറെറാന്നിനാലും നിയന്ത്രിക്കപ്പെടുന്നില്ലെങ്കിൽ അതിനെ "അനിയന്ത്രിതരാജാധിപത്യം" (Absolute Monarchy) എന്നു വിളിക്കുന്നു. അപ്പോഴും നീതിയും വിവേകവുമനുസരിച്ച രാജ്യംഭരിക്കുവാൻ രാജാവിനു കടമയുണ്ടു്. എന്നാൽ "നിയന്ത്രിതരാജവാഴ്ച" (Limited Monarchy) യിൽ ഭരണഘടനകളും നിയമങ്ങളും രാജാധികാരത്തെ നിയന്ത്രിക്കുന്നു. വീണ്ടും, പ്രഭുഭരണവും ജനാധിപത്യവുമൊരുമിച്ചുള്ള രാജവാഴ്ച നടപ്പിലുള്ള രാജ്യങ്ങളുമുണ്ടു്. ഇംഗ്ലണ്ടിലെ രാജവാഴ്ച യഥാക്രമം 1688 മുതൽ 1830 വരെയും, അന്നുമുതൽ ഇന്നുവരെയും ഇവ രണ്ടിനുമുള്ള ഉദാഹരണങ്ങളാണു്. ഇന്നു യാതൊരു യൂറോപ്യൻനാട്ടിലും അനിയന്ത്രിതരാജവാഴ്ച നടപ്പി

---

* Politicorum, II, 4.

ലില്ല; രാജവാഴ്ചയുള്ള സ്ഥലങ്ങളിൽത്തന്നെ ഭരണഘടനയാൽ രാജാക്കന്മാർ നിയന്ത്രിക്കപ്പെടുന്നു. അവിടങ്ങളിലെ ഭരണരീതി മിക്കവാറും മുൻപറഞ്ഞ മൂന്നുതരം ഭരണക്രമങ്ങളുടേയും സങ്കലനമാണ്.

2) പ്രഭുഭരണം: പൊതുജനങ്ങളോ കുലീനർമാത്രമോ തിരഞ്ഞെടുക്കുന്ന ഏതാനും ചില വ്യക്തികളുടെ ഭരണമാണിതു്. മദ്ധ്യയുഗത്തിൽ വെനീസിലും പീസായിലും ഇതു നിലവിലിരുന്നു. [1]

3) ജനാധിപത്യം: അബ്രാഹം ലിങ്കൻെറ നിർവ്വചനമനുസരിച്ച് ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ നടത്തുന്ന ജനങ്ങളുടെ ഭരണമാണിതു്. തനി ജനാധിപത്യത്തിൽ ജനങ്ങൾതന്നെ നേരിട്ടോ മററുവിധത്തിലോ നിയമനിർമ്മാണം ചെയ്യുന്നു. പുരാതന "ആതൻസു" നഗരത്തിൽ ഇപ്രകാരമുള്ള ഭരണമുണ്ടായിരുന്നു. പ്രാതിനിധ്യജനായത്തമാണ് ഇന്നു് എവിടേയും നിലവിലുള്ളതു്. ജനാവലിതന്നെ നിശ്ചിതമാർഗ്ഗത്തിലൂടെ ഭരണചക്രം നിയന്ത്രിക്കുന്നുവെന്നതാണു ജനാധിപത്യത്തിൻെറ പ്രത്യേകത. അവരിൽത്തന്നെയാണ് അവസാനമായി അധികാരം കുടികൊള്ളുക. വ്യക്തിസ്വാതന്ത്ര്യത്തിനും മാഹാത്മ്യത്തിനും മനുഷ്യസമത്വത്തിനും അവർ പ്രാധാന്യം നല്കുന്നു. എങ്കിലും "ജനാധിപത്യം"പോലെ ഇത്രയധികം ദുരുപയോഗിച്ച ഒരു പദമുണ്ടെന്നു തോന്നുന്നില്ല. അതിൻെറ മധുരിമയുടെ മറവിൽ എന്തെന്തക്രമങ്ങൾ, കൂട്ടക്കൊലകൾ നീതീകരിക്കപ്പെട്ടിട്ടില്ല!

**145. പാർലമെൻററി രാജവാഴ്ച:** ആധുനികകാലത്തെ "നിയന്ത്രിതരാജവാഴ്ച"കളിൽ പ്രമുഖം "ജനായത്ത-രാജവാഴ്ച" യാണ്. സാർവ്വത്രികവോട്ടവകാശത്തിൽ അന്തർലീനമായിക്കിടക്കുന്ന ജനങ്ങളുടെ പരമാധികാരത്തിൽ അധിഷ്ഠിതമാണ് ഈ ഭരണക്രമം. പ്രകൃത്യാ ഇതു ജനാധിപത്യംതന്നെ. താഴെപ്പറയുന്നവയാണ് ഇതിൻെറ സാമാന്യഘടകങ്ങൾ:

1) രാജ്യത്തിൻെറ അടിസ്ഥാനനിയമങ്ങളുൾക്കൊള്ളുന്ന ഭരണഘടന. (Constitution)

2) നിയമനിർമ്മാണത്തിനുള്ള ഇരുപാർലമെൻററി സഭകൾ: സാമാന്യജനങ്ങളുടെ പ്രതിനിധികൾ രൂപവത്കരിക്കുന്ന സാമാന്യസഭയും (The Lower House) പ്രത്യേക വിഭാഗക്കാരുടെ ഉന്നതസഭയും (Upper House).

---

1 Conf. Defects and merits of Aristocracy. see in Appadorai, The Substance of Politics, p. 139—143.

3) മന്ത്രിസഭയും രാജാവും കൂടിയ നിർവ്വാഹകസമിതി: (The Executive) അധികാരവിനിമയം രാജാവിനല്ല, മന്ത്രിസഭയ്ക്കാണ്. മന്ത്രിമാർക്ക് ഇരുസഭയോടും ഉത്തവാദിത്വവുമുണ്ട്. എന്നാൽ രാജാവാണ പാർലമെൻറ വിളിച്ചുകൂട്ടുന്നതും നിറുത്തിവയ്ക്കുന്നതും പിരിച്ചുവിടുന്നതും. രാജാവിൻെറ അംഗീകാരംകിട്ടാതെ ഒരു ബില്ലും നിയമമാകയില്ല; എങ്കിലും സാമാന്യേന മന്ത്രിസഭയുടെ നിർദ്ദേശം രാജാവു സ്വീകരിക്കുകയാണ പതിവ്. അതുകൊണ്ടാണ "രാജാവു വാഴുന്നെങ്കിലും ഭരിക്കുന്നില്ലാ"യെന്നു പറയുന്നതു്.

ഈദൃശഭരണം ജനഹിതത്തോടു യോജിച്ചുപോകുന്നുവെന്നു പറയാം. സാധാരണമായി ഓരോ കക്ഷിയാണ ഭരണം നിർവ്വഹിക്കുന്നതു്. കക്ഷികഠം മാറിമാറിക്കൊണ്ടിരുന്നേക്കും. എപ്പോഴെങ്കിലും ഗവണ്മെൻറിലുള്ള ജനവിശ്വാസം നശിച്ചാൽ പുതിയൊരു തെരഞ്ഞെടുപ്പു നടത്തുന്നു.

ക്രിസ്തീയസംസ്കാരത്തിൽനിന്നു് ഉരുലെടുത്തതാണ ജനാധിപത്യമെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

## 146. സംവിധായക ഗവണ്മെൻറുകഠം: (Constitutional Government)

പ്രൊഫസർ "മാക്ഇൽവെയിൻ" (Mac-Ilwain) പറയുന്നു: "സംവിധായക ഭരണക്രമത്തിനു് ഇങ്ങനെയൊരു പ്രത്യേക ഗുണമുണ്ടു്: ഗവണ്മെൻറുകളെ നിയമംകൊണ്ടതു നിയന്ത്രിനിയന്ത്രിക്കുന്നു; ഭരണകർത്താക്കളുടെ തോന്നിയവാസത്തെ തടയുന്നു. സംവിധായക ഗവണ്മെൻറിൻെറ എതിരാണ സ്വേച്ഛാധിപത്യം—നിയമത്തിൻെറ ഭരണമല്ല, തന്നിഷ്ടത്തിൻെറ ഭരണം." *

എന്നാൽ ഭരണഘടനയിൽ ഒന്നുപറഞ്ഞു്, പ്രവർത്തനരംഗത്തു മറെറാന്നു പ്രവർത്തിക്കുന്ന റഷ്യൻ ജനാധിപത്യം ആ പേരിനു ഒരു വിധത്തിലും അർഹമല്ല.

സംവിധായക ഗവണ്മെൻറുകളുടെ പ്രത്യേകത അവയുടെ നിയന്ത്രിതസ്വഭാവമാണ്. രാഷ്ട്രീയാധികാരത്തെ ഇഷ്ടംപോലെ അമ്മാനമാടാതെ സുനിശ്ചിത തീരുമാനമനുസരിച്ചു നടത്തുന്ന നിയമത്തിൻെറ ഭരണമാണതു്. മൗലികാവകാശങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങഠംവരുമ്പോഠം ഒരിക്കലും ഭരണഘടനയെ അവഗണിക്കുകയോ മാററിയെഴുതുകയോ അരുതു്. കാരണം, അവയെ പ്രത്യക്ഷത്തിൽ

* Constitution, Ancient and Modern, p. 14.

പാർലമെൻറുതന്നെയാണ് അംഗീകരിക്കുന്നതെങ്കിലും യാഥാർത്ഥ്യത്തിൽ അവ ദൈവദത്തങ്ങളും അതിനാൽ അലംഘനീയങ്ങളുമാണ്. അമേരിക്കൻജനത ഈ തത്വം അവരുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ അംഗീകരിക്കുന്നതു നോക്കുക: "എല്ലാ മനുഷ്യർക്കും ദൈവം അലംഘനീയമായ ഏതാനും അവകാശങ്ങൾ നല്കിയിരിക്കുന്നു." *

## 147. വിവിധതരം ഭരണകൂടങ്ങൾ ന്യായപൂർവ്വമോ?

ജനക്ഷേമമാണല്ലോ ഭരണകൂടങ്ങളുടെ ലക്ഷ്യം. തന്മൂലം ഏതുതരം ഭരണക്രമമായാലും, ലക്ഷ്യം സമർത്ഥമായി നേടുവാൻ അതു പര്യാപ്തമാണെങ്കിൽ അതു ന്യായപൂർവ്വമാണ്, നല്ലതുമാണ്. നാം മുൻവിവരിച്ച എല്ലാ രീതികളും ലക്ഷ്യപ്രാപ്തിക്കുതകുന്നവയാകയാൽ, അവ ധാർമ്മികമായി പ്രാവർത്തികമായിരിക്കുവോളംകാലം, നല്ലതും സ്വീകാര്യവുമാണ്. ചരിത്രം പറയുന്നു, തനി ജനായത്തഭരണം "ആതൻസിൽ" ഒരു വിജയമായിരുന്നുവെന്നു്; വെനീസ്സിലും മററു പല ഇററാലിയൻ രാജ്യങ്ങളിലും പ്രഭുഭരണം ദീർഘനാൾ നിലനിന്നിട്ടുള്ളതാണ്. യൂറോപ്പിൽ വിപ്ലവങ്ങളേയും സാമൂഹിക പ്രക്ഷോഭണങ്ങളേയും നേരിട്ടു വിജയപൂർവ്വം ഭരിച്ച എത്രയോ രാജാധിപത്യങ്ങളുണ്ട്. ആകയാൽ, ഭരണക്രമം ഏതായാലും ലക്ഷ്യപ്രാപ്തിയിലെ വിജയാപജയങ്ങളാണ് അവയുടെ സ്വീകരണമാനദണ്ഡമായി ജനതതി കണക്കാക്കുക. ഇക്കാര്യത്തിൽ സഭയുടെ നിലപാട് "ഇമ്മോർത്താലെ ദേയി" എന്ന 13-ാം ലെയോൻ മാർപ്പാപ്പായുടെ ചാക്രികലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്, "ഏതുതരം ഭരണക്രമവും-രാജഭരണമോ, പ്രഭുഭരണമോ, ജനഭരണമോ ഏതും-ധാർമ്മികവും സ്വീകാര്യവുമാകുന്നതു ജനതയുടെ ചരിത്രത്തോടും സ്വഭാവപ്രകൃതികളോടും അതിനുള്ള പൊരുത്തമനുസരിച്ചാണ്. അതിനാൽ വിവേകത്തിനും ധാർമ്മികനിയമങ്ങൾക്കും ഭരണഘടനയ്ക്കും അനുസരിച്ചുള്ള ഏതു ഭരണക്രമവും ധാർമ്മികവും സ്വാഭാവികവുമാണ്." പ്രായോഗികമല്ലാത്തതും നീതിവിരുദ്ധവും ഏതെങ്കിലും ന്യൂനതകളുള്ളതുമായ ഭരണക്രമം മാത്രമേ നിഷിദ്ധമാകയുള്ളു. വ്യക്തികളുടെ സ്വാഭാവികാവകാശങ്ങൾ നിഷേധിക്കുന്ന കമ്യൂണിസം അത്തരമാണ്.

എന്നാൽ ഏതു നല്ല ഭരണക്രമവും ദുഷിപ്പിക്കുവാൻ ആർക്കും കഴിയും. അങ്ങനെ ദുഷിക്കുമ്പോൾ രാജവാഴ്ച സ്വേച്ഛാധിപത്യവും (Tyranny) പ്രഭുഭരണം, ദുഷ്പ്രഭുത്വവും (Oligarchy) ജനാധിപത്യം അരാജകത്വവും (Anarchy) ആയി അധഃപതിക്കുന്നു.

---

* Conf. "Fundameutals of Government" p. 205—236.

## 148. ഏതു രൂപത്തിന്ന മുൻഗണനകൊടുക്കണം?

ജനസ്വഭാവത്തിന്നും പരമ്പര്യത്തിന്നും അനുയോജ്യമായതു സ്വീകരിക്കണമെന്നു പറഞ്ഞുവല്ലോ. ഓരോ ജനതയ്ക്കും അവരവരുടെ ദേശീയ സ്വഭാവമുണ്ട്, ചരിത്രമുണ്ട്. ഒരുദിവസത്തെ ശിക്ഷണംകൊണ്ടു തുടച്ചുമാററാവുന്ന ബാലചാപല്യമൊന്നുമല്ലവ. ജനതയുടെ ചിന്താഗതിയിലും മനശ്ശാസ്ത്രത്തിലും അടിയുറച്ചതാണവ; പാരമ്പര്യ പരിതോവസ്ഥകളിലും. ചക്രവർത്തിയെ കാണപ്പെട്ട ദൈവമായി ആരാധിക്കുന്ന ജപ്പാൻകാർ രാജവാഴ്ചയാണു സാമാന്യേന ഇഷ്ടപ്പെടുകയെങ്കിൽ, വ. അമേരിക്കക്കാർ ഒരിക്കലും, മരിച്ചാലും അതു സ്വീകരിക്കാനൊരുങ്ങുകയില്ല. അതിനാൽ, പൊതുവേ ജനതയുടെ ചരിത്രം, പാരമ്പര്യം, ആചാരമര്യാദകൾ, ചിന്താഗതി, മനശ്ശാസ്ത്രം ഇവയെല്ലാമാണ് അവയ്ക്കുചേർന്ന ഗവണ്മെൻറിൻെറ രൂപനിർണ്ണയത്തിന്നു മാനദണ്ഡം സ്വീകരിക്കേണ്ടു.

എന്നാൽ ഭരണാധികാരികളുടെ സത്യസന്ധതയും കഴിവുമാണ് ഏതൊരു ഭരണക്രമത്തേയും വിജയത്തിലെത്തിക്കുക. അതിനാൽ ഒരു ഗവണ്മെൻറിൻെറ വിജയം അതിൻെറ ക്രമത്തേക്കാളേറെ ഭരണാധിപരുടെ ഗുണഗണങ്ങളെയാണാശ്രയിക്കുന്നതു്. അരിസ്റ്റോട്ടലും ഇതുതന്നെ പറയുന്നു: "മുൻപറഞ്ഞ മൂന്നു ക്രമങ്ങളിൽ നല്ല ഭരണാധിപർ നടത്തുന്ന ഭരണമാണ് ഏററം ഉത്തമം. ആകയാൽ നാം ഒരു പെരിക്ലിസ്സിനെ കണ്ടെത്തിയാൽ ഭരണാധികാരമെല്ലാം അയാളെ ഏല്പിക്കുന്നതാണു നല്ലതു്." *

## 149. പ്രതിനിധിഭരണക്രമം: (Representative form of Government)

സങ്കരഭരണക്രമങ്ങളിൽ പാശ്ചാത്യജനതയുടെ പ്രീതി നേടിയ ഒന്നാണു രാജ–പ്രഭു–ജന–ഭരണക്രമങ്ങളുടെ ഒരു സങ്കലനം. ജനപ്രതിനിധികളെ സാർവ്വത്രികവോട്ടുസമ്പ്രദായമനുസരിച്ചു ജനങ്ങൾ തിരഞ്ഞെടുക്കുന്നു. രാജവാഴ്ചയോ റിപ്പബ്ളിക്ക് ഭരണമോ ആകാമതു്. മാർക്സ്യൻ ജനാധിപത്യത്തിൽനിന്നു് ഇതിനെ വേർതിരിക്കാൻ "പാശ്ചാത്യ ജനാധിപത്യ"മെന്നു് ഇതിനെ വിളിക്കാറുണ്ട്.

ഈ ഭരണക്രമം യൂറോപ്യൻനാടുകളിൽ ഒരു വിജയമായിരുന്നുവോ? സംശയിക്കണം. ഇററലിയിലും സ്പെയിനിലും ഫ്രാൻസിലും അതു ചിലപ്പോഴൊക്കെ പരാജയപ്പെട്ടിട്ടുണ്ട്. ഇംഗ്ലണ്ടിൽ മാത്രമേ

---

* Politicorum, III, 12.

ഈ ക്രമം ഏതാണ്ട വിജയിക്കുന്നുള്ളവെന്നു പറയാം. ഇംഗ്ലണ്ടിൽ അതിൻെറ വിജയത്തിന്നു പല കാരണങ്ങളുമുണ്ടതാനും. ഒന്നു്: അവരുടെ പ്രത്യേക പ്രകൃതി. രണ്ടു്: സാമ്രാജ്യത്വം പുലത്തുവാൻ എല്ലാ പാർട്ടിക്കും എല്ലാ ജനങ്ങൾക്കും ഒന്നുപോലുള്ള അഭിലാഷം. വീണ്ടും, ജനാധിപത്യത്തിൻെറ പിള്ളത്തൊട്ടിലായ ഇംഗ്ലണ്ടിൽ, പാർട്ടിസമ്പ്രദായം അവരുടെ ചരിത്രത്തിൻേറയും പാരമ്പര്യത്തിൻേറയും സാമൂഹ്യ വളർച്ചയുടേയും പരിണതഫലം കൂടിയാണു്; അതിനാൽ അവക്കതു് ഏതാണ്ട നൈസർഗ്ഗികവും. ഇങ്ങനെയൊക്കെ ആയാലും പല രാജ്യങ്ങളിലും ഈ ഭരണക്രമം പരാജയപ്പെട്ട എന്ന ഏകകാരണത്താൽ ഇതു തെററാണെന്നോ മോശമാണെന്നോ വിധിച്ചുകൂടാ.

ജനായത്ത ഭരണക്രമത്തിൻെറ അടിസ്ഥാനതത്വം ഇതാണു്: ഗവണ്മെൻറിൻെറ സർവ്വപ്രവർത്തനങ്ങൾക്കും ജനത മുഴുവനോടും അതിന്നു് ഉത്തരവാദിത്വമുണ്ടു്. രാജ്യത്തിൽ നടക്കുന്ന ഏതുകാര്യത്തിനും ഗവണ്മെൻറ ജനങ്ങളോടു് ഉത്തരം പറയണം. വീണ്ടും, ഒരു ഗവണ്മെൻറിൽ ജനങ്ങൾക്കു് അവിശ്വാസമോ അതൃപ്തിയോ തോന്നിയാൽ അതിനെ പിരിച്ചുവിട്ട മറെറാന്നു രൂപവത്കരിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയിലുണ്ടായിരിക്കും. ഗവണ്മെൻറചെയ്തികളെപ്പററി പരസ്യമായി ചർച്ചചെയ്യുവാനും പത്രങ്ങൾമുഖേന വിമർശിക്കുവാനും വേറെ പാർട്ടികൾ രൂപവത്കരിക്കുവാനും അവസാനമായി മറവപാധികൾ പരാജയപ്പെടുമ്പോൾ, തെരഞ്ഞെടുപ്പുവഴി ഗവണ്മെൻറിനെ നീക്കുവാനും ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടു്. ആകയാൽ "ജനാധിപത്യത്തിനുവേണ്ടി" എന്ന ഗ്രന്ഥത്തിൽ തത്കർത്താവു് അതിനു നല്കുന്ന നിർവ്വചനം തികച്ചും അത്ഥസമ്പൂർണ്ണമാണു്. "പൊതുനന്മയ്ക്കുവേണ്ടി ജനങ്ങൾ മുഴുവനും സ്വതന്ത്രമായി പങ്കുവഹിക്കുന്ന ഒരു രാഷ്ട്രീയ സാമൂഹികക്രമമാണതു്." *

ഒരു ജനതയിൽ ജനാധിപത്യം നിലനിന്നുപോരണമെങ്കിൽ പൊതുതാൽപര്യബോധ (Public spirit) മുണ്ടായിരിക്കണം; അതായതു് രാഷ്ട്രത്തിൻെറ പ്രവർത്തനങ്ങൾ പൗരന്മാരുടെ കാര്യമാണെന്നും, എല്ലാ പൗരന്മാക്കും അതിൽ ഉത്തരവാദിത്വമുണ്ടെന്നും പൊതുസേവനഭാരം വഹിക്കുവാൻ ഏവരും സന്നദ്ധരായിരിക്കണമെന്നുമുള്ള ബോധം. ഈ നിലയിൽ വിവിധ രാജ്യങ്ങളിലെ പൗരന്മാരുടെ നിലവാരം പലതരത്തിലാവാം. എന്നാൽ ഒന്നുറപ്പിച്ചുപറയാം, ഈ ദേശീയ

---

* Conf. For Democracy, 1939.

ബോധത്തിന്റെ പ്രാഥമികപദവിവരെയെങ്കിലും വളർച്ചയെത്താത്ത ഒരു രാജ്യത്തു ജനാധിപത്യം വിജയിക്കുവാൻ പോകുന്നില്ല. എങ്കിലും, ഏതൊരു രാജ്യവും എത്തിച്ചേരുവാൻ അഭിലഷിക്കേണ്ട ഒരുത്തമ ലക്ഷ്യമാണിതു്; പ്രത്യേകിച്ചും ആധുനികയുഗത്തിൽ.

ജനാധിപത്യം ഒരു ഭരണക്രമത്തിനുപുറമേ ഒരു ജീവിതാദർശംകൂടിയാണു്. വർഗ്ഗവിവേചനാരാഹിത്യവും നിയമത്തിൻ മുമ്പാകെ എല്ലാ വർഗ്ഗക്കാർക്കും തരക്കാർക്കുമുള്ള തുല്യതയുമാണു് ഈ ആദർശത്തിന്റെ പ്രത്യേകതകൾ. ഇങ്ങനെ പരിഗണിക്കുമ്പോൾ വർഗ്ഗരഹിതമായ ഒരു സമുദായമാണു് അതിന്റെ ലക്ഷ്യമെന്നു കാണാം. ഭരണക്രമമെന്ന നിലയിൽ പൊതുജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ഭരണമാണതു്. ജനസ്വഭാവമനുസരിച്ച് പല രാജ്യങ്ങളിലേയും ജനാധിപത്യം പലതരത്തിലാണു്. ഇംഗ്ലണ്ടിൽ അതിനിന്നും പഴയ പ്രഭുഭരണത്തിന്റേയും ജന്മിവ്യവസ്ഥ (Feudalism) യുടേയും ചുവയുണ്ടു്. ഫ്രാൻസിൽ അതു തൊഴിലാളികളേയും മുതലാളികളേയും തകർത്തുകൊണ്ടു് ഇടത്തരക്കാരെ ഉയർത്തുവാൻ ശ്രമിക്കുമ്പോൾ, മുതലാളികളേയും സാധാരണക്കാരേയും ഒന്നുപോലെ വളർത്തുവാനാണു് അമേരിക്കയിൽ അതു ശ്രമിക്കുക. ആസ്ട്രേലിയായിലും ന്യൂസിലണ്ടിലും മററും അതിനു മുതലാളിമാരോടുള്ള ഉഗ്രവൈരം നിമിത്തം അത്തരക്കാർക്കു് ഒരു ജനപ്രതിനിധിയാവുക ഇന്നസാദ്ധ്യമായിത്തീർന്നിരിക്കയാണു്.

KOTTAYAM PUBLIC LIBRARY, KOTTAYAM

**150. പ്രായോഗികതടസ്സങ്ങൾ:** പല രാജ്യങ്ങളിലും ജനാധിപത്യങ്ങൾ തകരുന്നതിനു്, സെൻറ് അഗസ്റ്റിൻ ഏതാനും കാരണങ്ങൾ പറഞ്ഞുതരുന്നുണ്ടു്: "സ്വന്തതാല്പര്യത്തേക്കാൾ പൊതുജനനന്മയെ ആദരിച്ചു്, ജനസേവനമനുഷ്ഠിക്കുവാൻ തയ്യാറുള്ള ഒരു ജനതയിലേ ജനാധിപത്യം വിജയിക്കു. എന്നാൽ, സ്വാർത്ഥപ്രിയരും കുടിലമതികളുമായവർ, ദുരുദ്ദേശ്യത്തോടെയോ സ്വകാര്യതാല്പര്യത്തിനുവേണ്ടിയോ വോട്ടുവിററോ ഭരണജോലി തങ്ങളെപ്പോലുള്ള പ്രതിനിധികളെ ഭരമേല്പിക്കയാണെങ്കിൽ, ആ നാട്ടിൽ സച്ചരിതനായ ഒരു മനുഷ്യനുണ്ടെങ്കിൽ അയാൾ ആ ഭരണം മുഴുവനും ഒററയ്ക്കു് ഏറെറടുക്കുന്നതായിരിക്കും ഉത്തമം." * ആകയാൽ, ജനാധിപത്യങ്ങൾ നശിക്കുന്നതു ജനങ്ങളുടെ പെരുമാററദോഷം നിമിത്തമാണു്. സമ്മതിദാനം ഉത്തരവാദിത്വമില്ലാതെ നിർവ്വഹിക്കുകയും പാർട്ടികൾ സ്വാർത്ഥ

* De libero, Chap. VI.

താല്പര്യം നോക്കുകയും ചെയ്യുമ്പോഠം, ജനങ്ങളുടെ പ്രതിനിധികളെ യല്ല, പാർട്ടിയുടെ പ്രതിനിധികളെയാണു നമുക്കു ലഭിക്കുക. താദൃശ സാഹചര്യങ്ങളിൽ ജനാധിപത്യം തകരാതിരിക്കുക അസാധ്യമാണ്. അവിടെ പൊതുനന്മയേക്കാഠം കക്ഷിയുടെ നന്മമാത്രമേ ലക്ഷ്യമാകയുള്ളു. അത്തരം ദൂഷിച്ചസന്ദർഭങ്ങളിൽ ഒരു താല്ക്കാലിക ഉപശാന്തിയെന്ന നിലയിൽ സ്വേച്ഛാധിപത്യംപോലും നീതിപൂർവ്വകമാകാവുന്നതാണ്.

**151. സംയുക്തപ്രാതിനിധ്യം:** (Corporate representation) സാധാരണ നടക്കുന്ന പൊതുതിരഞ്ഞെടുപ്പു (Universal individual suffrage) രീതിക്കു പുറമേ മററു തിരഞ്ഞെടുപ്പുരീതികഠം വഴിയും പ്രതിനിധിഗവണ്മെൻറുകഠം രൂപവത്കരിക്കാവുന്നതാണ്. ക്രിസ്തീയ ജനാധിപത്യത്തിനു് ഏററം യോജിച്ച മറെറാരു രീതിയാണു സംയുക്തപ്രാധിനിത്യം. ഓരോരോ തൊഴിൽക്കാരും തങ്ങളുടെ പ്രതിനിധികളെ നിയമസഭയിലേക്കു തിരഞ്ഞെടുത്തയയ്ക്കുന്നുവെന്നതാണ് ഇതിൻെറ പ്രത്യേകതയും വൈശിഷ്ട്യവും. അങ്ങനെ നാടൊട്ടുക്കുമുള്ള കൃഷിക്കാർ, കച്ചവടക്കാർ, വ്യവസായികഠം, കൈത്തൊഴിൽക്കാർ, വക്കീലന്മാർ, സാഹിത്യകാരന്മാർ, കലാകാരന്മാർ, സൈനികർ തുടങ്ങിയ എല്ലാ വർഗ്ഗക്കാർക്കും തങ്ങളുടെ പ്രതിനിധികളെ വർഗ്ഗവലുപ്പവും പ്രാധാന്യവുമനുസരിച്ചു നിയമസഭയിലേക്കു തിരഞ്ഞെടുത്തു് അയയ്ക്കാം. അതിനാൽ, സാമാന്യപ്രതിനിധികളെക്കാഠം ഇവർ നാടിൻെറ വിവിധ താല്പര്യങ്ങളേയും ആവശ്യങ്ങളേയും വസ്തുനിഷ്ഠമായും സഭാമുമ്പാകെ കൊണ്ടുവരുന്നു. വർഗ്ഗതാല്പര്യപ്രേരണയുള്ളതിനാൽ തിരഞ്ഞെടുപ്പും കൂടുതൽ ഉത്തരവാദിത്വത്തോടെ ഗൗരവപൂർവ്വം നടക്കുന്നു. അനാവശ്യമത്സരങ്ങഠം അതൊഴിവാക്കും. ഉത്തമരും കഴിവുള്ളവരുംമാത്രം പ്രതിനിധികളാവും. രാഷ്ട്രത്തിൻെറ സംഘടനാസംവിധാനത്തോടും സാമൂഹികക്രമങ്ങളോടും ഈ പ്രാതിനിധ്യവ്യവസ്ഥ ഏററം യോജിക്കുകയും ചെയ്യും.

സ്പെയിനിലും പോർച്ചുഗലിലും ഇത്തരം വ്യവസ്ഥകളാണു തിരഞ്ഞെടുപ്പിനു സ്വീകരിച്ചിരിക്കുന്നതു് എന്നാൽ, രാഷ്ട്രമേർപ്പെടുത്തിയ ഏകാധിപത്യത്തിൻകീഴിൽ അവ പ്രവർത്തിക്കുന്നതിനാൽ അവിടങ്ങളിൽ അവ സമ്പൂർണ്ണമാണെന്നു പറഞ്ഞുകൂടാ കൂടുതൽ ജനകീയരീതിയിൽ ഇതിനെ വികസിപ്പിക്കാവുന്നതാണ്; എന്നാൽ, തൊഴിലനുസരിച്ചു രാജ്യംമുഴുവനും വിഭജിച്ചു ക്രമപ്പെടുത്തുക ജനാധിപത്യത്തിൽ ദുഷ്കരമാണ്.

സർവ്വാധിപത്യച്ചട്ടക്കൂട്ടിൽ വാർത്തെടുക്കുന്ന ഈ സംയുക്തപ്രാതിനിധ്യരീതിയോടു ജനാധിപത്യവിശ്വാസികളായ പല കത്തോലിക്ക സാമൂഹികപരിഷ്കർത്താക്കൾക്കുപോലും അവജ്ഞയാണുള്ളത്. എന്നാൽ, പൊതുജനസേവനസഹകരണത്തിനു തയ്യാറുള്ള ബെൽജിയം, ഹോളണ്ട് തുടങ്ങിയ കത്തോലിക്കരാജ്യങ്ങളിൽ, സ്വമേധയാ തൊഴിൽവർഗ്ഗങ്ങൾ സംഘടിക്കുന്ന ഒരു സ്വതന്ത്രസംയുക്തവ്യവസ്ഥയാണ് അവിടത്തെ നേതാക്കൾ ഇന്നഭിലഷിക്കുന്നത്. പക്ഷേ, അവയ്ക്കു പാർലമെൻററി പ്രവർത്തനം വേണമെന്ന് അവർ ആഗ്രഹിക്കുന്നുമില്ല. സാർവ്വത്രിക സമ്മതിദാനംവഴി തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ പാർലമെൻററിൽ പങ്കെടുക്കുന്നതാണ് അവർക്കിഷ്ടം. പക്ഷേ ഇത്തരമൊരു തൊഴിൽവർഗ്ഗസംയുക്തസമിതിയുടെ ദേശീയക്കമ്മററി രാജ്യത്തിൻെറ എല്ലാ പ്രശ്നങ്ങളിലും നിയമസഭയെ ഉപദേശിക്കുവാനും നിയന്ത്രിക്കുവാനും ഉണ്ടാകുന്നത് ഏററം അഭിലഷണീയമാണെന്നും അവർ കരുതുന്നു.

അവസാനമായി, ഈ ക്രമം വിജയിക്കുവാൻ അതു സ്വതന്ത്രമായി ജനങ്ങളിൽനിന്നുതന്നെ ഉയർന്നുവരണം; ഗവണ്മെൻറിൻെറ പ്രചോദനങ്ങളും കൈകടത്തലും എത്രയും തുച്ഛമായിരിക്കയും വേണം.

**152. ഭൂരിപക്ഷതത്വം:** ഭൂരിപക്ഷാടിസ്ഥാനത്തിൽ കാര്യങ്ങൾ നിർണ്ണയിക്കുകയെന്നതു് എല്ലാ ജനാധിപത്യരാജ്യങ്ങളിലേയും അംഗീകൃതതത്വമാണ്. കേവലഭൂരിപക്ഷത്തിന് അംഗസംഖ്യയിൽ പകുതിയും ഒന്നുംകൂടി ഉണ്ടായാൽ മതി. ഈ കണക്കുകൂട്ടൽ ഫ്രഞ്ചുവിപ്ലവകാലം മുതലാണു തുടങ്ങിയതു്. അതിൽപിന്നെ ഏതൊരു കാര്യവും, എത്ര പരമപ്രാധാന്യമുള്ളവയായിരുന്നാലും, ഈ കേവലഭൂരിപക്ഷംകൊണ്ടു തീരുമാനിക്കയാണു പതിവ് വെറും ഒന്നിൻെറ ഈ ലഘുഭൂരിപക്ഷം മതി നിയമനിർമ്മാണത്തിനും ധർമ്മാധർമ്മവിവേചനത്തിനും എന്നതാണ് ഇന്നത്തെ നിലപാട്. മനുഷ്യൻതന്നെയാണു നിയമങ്ങളും ധാർമ്മികമൂല്യങ്ങൾപോലും നിർണ്ണയിക്കേണ്ട പരമാധികാരി എന്ന വിപ്ലവതത്വമാണ് ഇതിൻെറയെല്ലാം അടിയിൽ കിടക്കുന്നതു്.

മദ്ധ്യയുഗങ്ങളിൽ ഈ ലഘുഭൂരിപക്ഷം നിർണ്ണായകമായിരുന്നില്ല, അന്നുണ്ടായിരുന്ന അസംബ്ളികളിൽ. ജനതയുടെ ബഹുഭൂരിപക്ഷത്തിനേ ജനഹിതം ശരിക്കും വെളിപ്പെടുത്താനാവൂ എന്നായിരുന്നു അവരുടെ ബോധം. മൂന്നിൽ രണ്ടുഭാഗമെങ്കിലുമുള്ള ബഹുഭൂരിപക്ഷത്തിൻെറ തീരുമാനങ്ങളേ അവർ സ്വീകാര്യമായി കരുതിയിരുന്നുള്ളു.

ഭൂരിപക്ഷതീരുമാനം എങ്ങനെയാണ സ്വീകരിക്കേണ്ടതെന്ന തിനെപ്പററി ക്രിസ്ത്യൻ, ലിബറൽ, കമ്യൂണിസ്റ്റ്, ജനാധിപത്യവാദി കളുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

ക്രിസ്തീയജനാധിപത്യത്തിൽ: മനുഷ്യൻ സാന്മാൎഗ്ഗികനിയമ ങ്ങൾക്ക വിധേയനാണ്. പ്രസ്തുത വിധേയത്വം പാലിച്ചുകൊണ്ടു ഭൂരിപക്ഷമെടുക്കുന്ന തീരുമാനമേ ക്രിസ്ത്യൻ ജനാധിപത്യം അംഗീകരി ക്കുകയുള്ളൂ.

ലിബറൽ വ്യവസ്ഥയിൽ: യാതൊന്നിനാലും നിയന്ത്രിക്ക പ്പെടാതെ—പുരുഷനെ സ്ത്രീയാക്കാൻമാത്രം കഴിവില്ല എന്നതൊഴികെ— എന്തും ചെയ്യാൻ ഭൂരിപക്ഷത്തിൻെറ തീരുമാനം മതിയെന്നാണ ലിബറൽ തത്വം. ഭൂരിപക്ഷം എന്തുനിശ്ചയിച്ചാലും അതു ശരിതന്നെ എന്നാണ് അവർ പറയുന്നതു്. ഭൂരിപക്ഷം സ്വകാര്യഉടമ വേണ്ടെന്നു വച്ചാൽ അതും ശരി, വേണമെന്നുവച്ചാൽ അതും ശരി. ഈ ഭൂരിപക്ഷ തത്വം ഇന്ത്യയിലും സ്വീകരിച്ചിട്ടുള്ളതാണ്; അതു രുചിക്കാതായ പ്പോഴാണ ജിന്നാ പാക്കിസ്ഥാൻവാദം സമാരംഭിച്ചതു്.

കമ്യൂണിസ്റ്റ് വ്യവസ്ഥയിൽ: കമ്യൂണിസസംസ്ഥാപനത്തിനു സഹായകമാകുവോളം ഏതു ഭൂരിപക്ഷത്തേയും കമ്യൂണിസം മാനിക്കും. എന്നാൽ, ഒരിക്കൽ അധികാരത്തിലേറിക്കഴിഞ്ഞാൽ, പിന്നെ സ്വരം മാറുകയായി. പാർട്ടിയുടെ തത്വങ്ങൾ അഭേദ്യസത്യങ്ങളായി. അവയെ ആക്കും ചോദ്യംചെയ്തുകൂടാ; എതിർത്തുകൂടാ. കമ്യൂണിസ്റ്റ് രീതി മാററുന്നതോ അതിനെ എതിർക്കുന്നതോ ആണ പ്രശ്നമെങ്കിൽ ഭൂരിപക്ഷമുണ്ടായാലും അതിനെ പരിഗണിക്കില്ല; പോരാ അടിച്ചമ ൎത്തുകതന്നെചെയ്യും.

## 153. ജനാധിപത്യഭരണത്തിൻെറ ഗുണദോഷങ്ങൾ:

ഗുണവശങ്ങൾ:

1) എല്ലാവക്കും ഭരണത്തിൽ പങ്കെടുക്കുവാൻ അവസരം തുറന്നു കൊടുക്കുന്നതിനാൽ തങ്ങൾതന്നെയാണ നാടു ഭരിക്കുന്ന തെന്ന സംതൃപ്തി ജനങ്ങൾക്കുണ്ടാകുന്നു. എന്നാൽ, പല പ്പോഴും ഈ സംതൃപ്തി വെറും ഭാവനാത്മകമാണ്.

2) ഗവണ്മെൻറിൻെറ ഉത്തരവാദിത്വത്തിൽ ഭാഗഭാഗിത്വം നല്കിയും നിയമസമക്ഷം സമത്വം നല്കിയും സാധാരണ പൗരന്മാരിൽ അഭിമാനബോധം പുലർത്തുന്നു.

3) ജനങ്ങൾക്ക അവരുടെ പ്രതിനിധികൾമൂലം തങ്ങളുടെ പ്രാദേശികാവശ്യങ്ങളും താല്പര്യങ്ങളും ഗവണ്മെൻറിനെ വ്യക്തമായി അറിയിക്കുന്നതിനും പരിഹാരം നേടുന്നതിനും മറേറതൊരു വ്യവസ്ഥയിലേക്കാൾ ഇവിടെ സൗകര്യമുണ്ട്.

4) സാധാരണജനങ്ങൾക്ക ഭരണവിശേഷങ്ങൾ ഗ്രഹിക്കുവാൻ അവസരം ലഭിക്കുന്നു; അതോടൊപ്പം പൗരത്വബോധവും.

5) അവിശ്വാസം രേഖപ്പെടുത്തി ഭരണാധികാരികളെ നീക്കം ചെയ്യാവുന്നതാകയാൽ ദുർഭരണം തടയാൻ സാധിക്കുന്നു.

ഈ ദൃശ്കാരണങ്ങൾ ജനാധിപത്യം പൊതുജനങ്ങളെ അത്യധികം ആകർഷിക്കുന്നതായിക്കാണുന്നു.

ദോഷവശങ്ങൾ:

1) പൊതുജനക്ഷേമവാഞ്ഛയും പൗരത്വം, വ്യക്തിമാഹാത്മ്യം എന്നിവയെപ്പററി വ്യക്തമായ ബോധവും എല്ലാവർക്കുമുണ്ടായിരുന്നാലേ ജനാധിപത്യം വിജയപ്രദമാകയുള്ളു. എന്നാൽ എല്ലാ പൗരന്മാരിലും ഈ ഗുണഗണങ്ങൾ ഉണ്ടായെന്നുവരില്ല.

2) എല്ലാവർക്കും ഭരണകാര്യങ്ങളിൽ പങ്കെടുക്കാനുള്ള തുല്യാവകാശമാണ ജനാധിപത്യം പ്രദാനംചെയ്യുന്നതു്. എന്നാൽ ഒരേ വടിവിൽ ഉണ്ടാക്കിവെച്ചിരിക്കുന്ന ഇഷ്ടികപോലെയല്ലല്ലോ മനുഷ്യർ. വൈവിധ്യമാർന്ന സ്വാഭാവികസിദ്ധികളും സ്വാർജ്ജിതശക്തികളും മനുഷ്യരെ വ്യത്യസ്ഥരാക്കുന്നു. തന്മൂലം വോട്ടവകാശപ്രയോഗത്തിലുള്ള ഈ സമാവകാശവും, ഏതു് "അണ്ടനും അടകോടനും" ഭരണസാരഥ്യം നേടി ഏതു വകുപ്പും കൈകാര്യംചെയ്യാമെന്ന വ്യാമോഹവും അപകടകാരികളാണ്.

3) സങ്കീർണ്ണതനിറഞ്ഞ സാമൂഹികസാമ്പത്തികകാര്യങ്ങളെപ്പററി പൊതുജനങ്ങൾക്ക വലിയ പരിജ്ഞാനമൊന്നും ഉണ്ടാവുക സാധാരണമല്ല. തന്നിമിത്തം കുത്സിതരാഷ്ട്രീയക്കാരുടേയും സ്ഥാപിതതാല്പര്യക്കാരുടേയും കെണിയിൽനിന്നൊഴിയുക അവർക്ക പൊതുവേ ദുഷ്കരമാണ്.

4) ജനാധിപത്യവിജയത്തിനു സ്വാർത്ഥതാല്പര്യം വെടിഞ്ഞു പൊതുതാല്പര്യം പുലർത്തുവാനുള്ള സന്മനസ്സുണ്ടാകണം. എന്നാൽ, പ്രശാന്തരും പൊതുക്ഷേമത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധതയുള്ളവരുമായ ആളുകളെ എല്ലാ രാജ്യങ്ങളിലും കണ്ടുകിട്ടുക അത്ര എളുപ്പമല്ല.

**154. സ്വതന്ത്രജനാധിപത്യത്തിൻെറ രാഷ്ട്രീയ തത്വങ്ങൾ:** പാശ്ചാത്യരാജ്യങ്ങളിൽ നിലവിലുള്ള സ്വതന്ത്രജനാധിപത്യത്തിൻെറ തത്വങ്ങൾ താഴെ ചേക്കുന്നു. അവയ്ക്കു ശരിയായ ഒരു വിശദീകരണം ആവശ്യമാണ്; തെററിദ്ധാരണകൾ ഒഴിവാക്കുവാൻ.

1) സാർവ്വത്രിക സമ്മതിദാനംവഴി പ്രകാശിതമാകുന്ന ജനങ്ങളുടെ പരമാധികാരം.
2) വിവേചനാരഹിതമായ നിയമസമത്വം.
3) നിയമസമക്ഷമുള്ള സർവ്വമതസമത്വം.
4) അഭിപ്രായപ്രകടനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, പ്രസിദ്ധീകരണസ്വാതന്ത്ര്യം.

1) ജനങ്ങളുടെ പരമാധികാരം: ദൈവശാസ്ത്രജ്ഞന്മാരായ ബെല്ലാർമിൻ–സ്വാരസ് പ്രഭൃതികൾ വ്യാഖ്യാനിക്കുന്നതുപോലെ മനുഷ്യൻ ദൈവദത്തമായ അധികാരമാണു വിനിയോഗിക്കുന്നതെന്നു മനസ്സിലാക്കുകയാണെങ്കിൽ ഇതു സ്വീകാര്യമാണ്. ദൈവത്തെ വിസ്മരിച്ചുകൊണ്ടു മനുഷ്യനിൽനിന്നുതന്നെ സകല അധികാരവും നിഷ്പദിക്കുന്നുവെന്നു ലിബറലിസ്ററവാദികൾ ശഠിക്കുന്നതുപോലെ കാര്യം ഗ്രഹിക്കുകയാണെങ്കിൽ ഇതു തെററാണ്.

2) സാർവ്വത്രികസമ്മതിദാനം: സമ്മതിദാനങ്ങൾ സംഖ്യാവലുപ്പമാണു പ്രധാനമായെടുക്കുന്നതെങ്കിൽ ഗുണവിശേഷത്തിനു പകരം സംഖ്യാശക്തിയും ബുദ്ധിക്കുപകരം തലയോടുകളും തിരഞ്ഞെടുക്കുകയായിരിക്കും ചെയ്യുന്നതു്. എന്നാൽ, എല്ലാ താല്പര്യങ്ങളേയും പ്രതിനിധാനംചെയ്യാനുള്ള ഒരു തിരഞ്ഞെടുപ്പുരീതിയെന്ന നിലയിൽ മഹനീയമായ ഒരാദർശമാണതു്. പക്ഷെ പണത്തിനും പ്രചാരണത്തിനും വിധേയരാകുന്ന ഒരു സാമാന്യജനതയുടെ മുമ്പിൽ അതൊരുതരം പ്രഹസനമായി തരംതാഴും. നിയമസഭകൾ പലപ്പോഴും ദുഷിക്കുന്നതും നിരുത്തരവാദപരവും അവിശ്വസനീയവുമാവുന്നതും അങ്ങനെയാണ്. "മാർഷൽ സ്മട്ട" പറയുന്നതുപോലെ "ഒരു ഭരണകൂടത്തിൻെറ സുഭദ്രവും ശാശ്വതവുമായ അടിത്തറ ഭരിക്കപ്പെടുന്നവരുടെ സമ്മതിദാനമാണ്. എന്നാൽ അതു സർവ്വതന്ത്രസ്വതന്ത്രമായിരുന്നേ മതിയാവൂ.

3) നിയമസമത്വം: നിയമസമക്ഷമുള്ള സർവ്വസമത്വം പലപ്പോഴും അപ്രായോഗികമാണ്.; ആദർശത്തിൽ അതൊരു സുന്ദരതത്വമാണെങ്കിലും ആനുപാതികസമത്വമേ സാധിക്കൂ. മനുഷ്യരെല്ലാം

മുൻപറഞ്ഞതുപോലെ തുല്യനീളം വീതിയിലുള്ള മരക്കഷണങ്ങളല്ലല്ലോ? വിഭിന്നധർമ്മങ്ങളും ഉത്തരവാദിത്വവുമുള്ളവരാണല്ലോ സമുദായാംഗങ്ങളെല്ലാം പിതാവും പുത്രനും, ജനറലും ഭടനും, അധ്യാപകനും വിദ്യാർത്ഥിയും എല്ലാം വ്യത്യസ്തകടമകളും അവകാശങ്ങളുമുള്ളവരല്ലേ? ആകയാൽ നിയമസമക്ഷംമാത്രം അവരെങ്ങനെ തുല്യരാവും? പണം മുടക്കി തലപുകഞ്ഞു പഠിച്ചവനും കാളകളിച്ചു നടന്നവനും ഒരേ യോഗ്യത കല്പിക്കുക നീതിയാണോ? "ആർക്കും പ്രത്യേകതയില്ല" എന്ന വാദം തികച്ചും ശരിയാണോ? ഉന്നതവിദ്യാഭ്യാസത്തിന്നു പ്രത്യേകപരിഗണന വേണ്ടെന്നോ? കൃതജ്ഞതാനിയമം ഉപേക്ഷിക്കണമോ? നിയമലംഘനങ്ങൾക്കെല്ലാം ശിക്ഷ ഒരുപോലെ എന്ന തത്വം സ്വീകരിക്കയാണെങ്കിൽ നിയമസമക്ഷം അവകാശസമത്വം നീതികരിക്കാവുന്നതാണ്.

4) <u>അഭിപ്രായപ്രകടനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, പ്രസിദ്ധീകരണസ്വാതന്ത്ര്യം:</u> ഇവയെല്ലാം അവയുടെ അർഹമായ പരിധികളിൽ അവശ്യാവശ്യവും അഭിലഷണീയവുമാണ്. എന്നാൽ, അതിരുവിട്ടാലോ? സെൻറ് അഗസ്റ്റിൻ ഉത്തരംപറയട്ടെ: "തിന്മയ്ക്കുള്ള സ്വാതന്ത്ര്യത്തേക്കാൾ വലിയനാശമുണ്ടോ ആത്മാവിന്?" (Ep. 166) "തന്നിഷ്ട-ധാർമ്മികത്വത്തിൽ പര്യവസാനിക്കുന്ന പ്രവർത്തനസ്വാതന്ത്ര്യത്തെ നിങ്ങൾ അവഹേളിക്കുകയില്ലേ? സത്യത്തിൽനിന്നും കാടുകയറുന്ന ചിന്താസ്വാതന്ത്ര്യം ആരഭിലഷിക്കും? സത്യം തീണ്ടാത്ത പ്രസിദ്ധീകരണത്തിനുള്ള സ്വാതന്ത്ര്യവും ആർക്കെന്തു നന്മ ചെയ്യും? നീതിക്കു നിരക്കാത്ത സംഘടനകൾക്കുള്ള സ്വാതന്ത്ര്യം സമുദായവിധ്വംസകസ്വാതന്ത്ര്യമല്ലേ? ആകയാൽ ലിബറലിസ്റ്റുകൾ പറയുമ്പോലെ ഈവക കാര്യങ്ങളിൽ നിയന്ത്രണംവിട്ട സ്വാതന്ത്ര്യം അവകാശപ്പെടുന്നതും പിടിച്ചെടുക്കുന്നതും അതിനുവേണ്ടി മുറവിളിമുഴക്കി, സമരം പ്രഖ്യാപിക്കുന്നതുമെല്ലാം അനർത്ഥങ്ങളാണ്."*

## ഇന്ത്യയിലെ ജനാധിപത്യവളർച്ച.

**155.** ഇന്നു് ഇന്ത്യയിൽ നിലവിലുള്ള ജനാധിപത്യക്രമം ബ്രിട്ടീഷുകാരുടെ ഒരു സംഭാവനയാണെന്നു പറയാം. 50 കൊല്ലത്തെ വളർച്ചയേ അതിനുള്ളൂ എന്നാൽ, പുരാതനഭാരതത്തിലെ ഗ്രാമപ്പഞ്ചായത്തുകളും മററും തികഞ്ഞ ജനായത്തസ്വഭാവമുള്ള ഭരണസ്ഥാപനങ്ങളായിരുന്നുവെന്നതും സ്മരണീയമാണ്.

*ഫുൾട്ടൺ ഷീൻ "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം."

1892-ൽ ഇന്ത്യൻ കൗൺസിൽനിയമം, പ്രൊവിൻഷ്യൽ കൗൺസിലുകളിലേക്ക് ഏതാനുംപേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ചെയ്യതോടെ ഇന്ത്യൻ ജനാധിപത്യക്രമത്തിൻെറ അകാരാദി കുറിക്കപ്പെട്ടുവെന്നു പറയാം. എന്നാൽ 1909-ലെ "മിൻേറാ-:മാർലി" പരിഷ്കരണമാണ് അതിൻെറ അടിത്തറ പണുതതു്. അതനുസരിച്ച് കൗൺസിലുകൾക്ക് ഒരു ജനാധിപത്യരൂപംതന്നെ സിദ്ധിച്ചു; തെരഞ്ഞെടുപ്പിനു നൈയാമികാംഗീകാരം ലഭിച്ചു; അനുദ്യോഗസ്ഥ ഭൂരിപക്ഷമുണ്ടായി; ധനവിനിമയ ബില്ലുകൾപ്പെടെ ഏതു പ്രധാനകാര്യത്തിലും പ്രമേയമവതരിപ്പിച്ചു കാര്യങ്ങൾ തീരുമാനിക്കുവാനുള്ള അധികാരമുണ്ടായി. — ഇങ്ങനെ കൗൺസിലുകളുടെ അധികാരപരിധി വർദ്ധിച്ചു ജനായത്തരീതിയിൽ.

1909-ൽ സ്ഥാപിച്ച ഈ അടിത്തറയിൽ, ജനാധിപത്യസ്തംഭം വീണ്ടും പണിതുടങ്ങിയതു് 1919-ലെ (പാർലമെൻറ) നിയമമാണ്. കേന്ദ്രനിയമസഭയ്ക്കു രണ്ടു സഭകളുണ്ടായി ഇരുസഭകളിലും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു ഭൂരിപക്ഷവും ലഭിച്ചു. സംസ്ഥാന നിയമസഭകളും ഈ നിയമംവഴി വിപുലപ്പെടുത്തി. തിരഞ്ഞെടുത്ത ജനപ്രതിനിധികൾക്ക് അവിടെയും ഭൂരിപക്ഷം ലഭിച്ചു. ഒരു പ്രത്യേക ന്യൂനപക്ഷത്തിൽനിന്നും വിപുലമായ നിലയിലേക്കു തിരഞ്ഞെടുപ്പവകാശവും വികസിപ്പിച്ചു. ഇങ്ങനെ അനുക്രമം വളർന്നുയർന്ന ഈ ജനായത്തഭരണസ്തംഭത്തിൻെറ പണിക്കുറവു തീർത്തതു് 1935-ലെ "ഭരണ"നിയമമാണ്. സംസ്ഥാനഗവണ്മെൻറിലെ ഓരോ വകുപ്പും ഓരോ ജനകീയമന്ത്രിയുടെ ഉത്തരവാദിത്വത്തിൽ വിട്ടുകൊടുത്തുകൊണ്ടു ഭരണം ജനങ്ങളുടെ കൈകളിലേക്കു കൈമാറി. വോട്ടവകാശമുള്ളവരുടെ സംഖ്യ നാന്നൂറു ലക്ഷമാകത്തക്കവിധം സമ്മതിദാനയോഗ്യത നിശ്ചയിച്ചു.

രണ്ടാം ലോകമഹായുദ്ധത്തോടെ ഇന്ത്യയുടെ രാഷ്ട്രീയമുഖമാകപ്പാടെ മാറിപ്പോയി. 1947-ൽ "കാബിനററ മിഷനെ" അയച്ചുകൊണ്ടു് ഇന്ത്യൻ ഭരണാവകാശം മുഴുവൻ ഇന്ത്യൻ ജനതയ്ക്കു വിട്ടുകൊടുക്കുവാൻ ബ്രിട്ടൻ തീരുമാനിച്ചു. അങ്ങനെ 1947 ആഗസ്റ്റ് 15-നു് ഇന്ത്യ സ്വതന്ത്രയായി; ബ്രി. കോമൺവെൽത്തിലെ അംഗത്വം തുടർന്നുകൊണ്ടു പോകുവാൻ തീരുമാനിച്ചുകൊണ്ടുതന്നെ. ഇന്ത്യൻ ജനാധിപത്യവളർച്ചയിൽ ബ്രി. ഗവണ്മെൻറിൻെറ ചെയ്തികളാണ് ഇവിടെ വിവരിച്ചതു്; നൂററാണ്ടു നീണ്ട ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ വിശദാംശങ്ങളിലേക്ക് ഇവിടെ പ്രവേശിക്കേണ്ട ആവശ്യ

മില്ലല്ലോ. തുടർന്ന് കോൺസ്റ്റിററ്വൻറ് അസംബ്ളി സമ്മേളിച്ച ഭരണഘടന നിർമ്മിക്കുകയും 1950 ജനവരി 26-നു്, ഇന്ത്യ അവളുടെ വിശ്വമഹത്തരമായ രാഷ്ട്രസംവിധാനം പ്രസിദ്ധപ്പെടുത്തിക്കൊണ്ടു് ഒരു മതേതര-ജനാധിപത്യ-പരമാധികാര റിപ്പബ്ളിക്കായി സ്വയം പ്രഖ്യാപിക്കയും ചെയ്തു.

1951-52-ൽ, ഇന്ത്യയിലെ ഒന്നാമത്തെ ജനകീയപൊതുതിരഞ്ഞെടുപ്പു നടന്നു. സാർവ്വത്രിക വോട്ടവകാശം നൽകിക്കൊണ്ടു ലോകത്തിലാദ്യം നടന്ന തിരഞ്ഞെടുപ്പായിരുന്നു ഇതു്. കേന്ദ്രത്തിലും സംസ്ഥാനത്തിലും പുതിയ ജനകീയഗവണ്മെൻറുകൾ ഭരണഘടനപ്രകാരം ആദ്യമായി രൂപംകൊണ്ടു. ഡോക്ടർ രാജേന്ദ്രപ്രസാദ് ഇന്ത്യയുടെ ഒന്നാമത്തെ രാഷ്ട്രപതിയായി; പണ്ഡിററ് ജവഹർലാൽ നെഹറു ആദ്യത്തെ പ്രധാനമന്ത്രിയും. *

അന്നുമുതൽ ഇന്നോളം ഇന്ത്യ അവളുടെ വിവിധ മണ്ഡലങ്ങളിൽ നേടിയ വളർച്ചയും നേട്ടങ്ങളും അത്ഭുതാവഹവും അഭിനന്ദനീയവുമാണു്. ഒരു രാഷ്ട്രചരിത്രത്തിൽ ഈ വെറും പതിന്നാലു വർഷങ്ങൾ ഒരു നിസ്സാരകാലഘട്ടമാണെന്നും സ്മരിക്കുക.

എണ്ണിയാലൊടുങ്ങാത്ത നാട്ടുരാജ്യങ്ങളും മററും ഇന്നത്തെ സംവിധാനമനുസരിച്ച് പതിനാറോളം സംസ്ഥാനങ്ങളായി ചുരുങ്ങി, ഒരൊററ സുശക്തസുസംഘടിതരാഷ്ട്രമായി. വീണ്ടും, ഭാഷാടിസ്ഥാനത്തിലുണ്ടായ വിഭജനവും മററും സാംസ്കാരികവളർച്ചയ്ക്കും ഐക്യത്തിനും സഹായകമാണു്. അങ്ങനെ ആകെക്കൂടി നോക്കിയാൽ, ജനതയുടെ അഭിലാഷങ്ങളുടേയും രാഷ്ട്രത്തിൻെറ ജനകീയസ്വാതന്ത്ര്യങ്ങളുടെ മഹനീയ പാരമ്പര്യങ്ങളുടെയും ശ്രീകോവിലാണു നമ്മുടെ ഭരണഘടനയെന്നു പറയാം.

എന്നാൽ, ഏതൊരു വിശിഷ്ട ജനാധിപത്യക്രമവും വളരുവാനും അഭിവൃദ്ധിപ്പെടുവാനും ജനങ്ങളും നേതാക്കളും വളരെയേറെ ചെയ്യേണ്ടതായിട്ടുണ്ടു്. അക്കമിട്ടു ചേർക്കുന്ന വ്യവസ്ഥകൾ അവശ്യം പാലിക്കേണ്ടവയാണു്: (1) സൗമനസ്യം അഥവാ ആന്തരികനിർമ്മലത. (2) സമഗ്രനേതൃത്വം. വിവരിക്കാം:—

1) സാമൂഹിക ധാർമ്മികനിലവാരവും പൊതുജന സേവനതീക്ഷ്ണതയും കരുപ്പിടിപ്പിക്കുന്ന സംസ്കാരനിലവാരത്തിനു മനോ - ഹൃദയ - നിർമ്മലത്വത്തിനു-സാമൂഹികക്രമത്തിൽ

* Rama Sharma, A Constitutional History of India, Macmillan & Co., 1955, pp. 233—259.

കാതലായ പ്രേരണാശക്തിയുണ്ട്. അതിൻെറ ഉറപ്പും ഭദ്രതയുംതന്നെ ഇതിനെ ആശ്രയിച്ചിരിക്കുന്നുവെന്നു പറയാം. സ്വാർത്ഥപ്രേരണയുടെ കലർപ്പററ സ്വതന്ത്രചിന്തയും പൊതുജനസേവനാസക്തിയും ഇതിന്നാവശ്യമാണ്. പൊതുനന്മയ്ക്കായി സ്വാർത്ഥതാത്പര്യങ്ങൾ ബലികഴിക്കുവാനുള്ള സന്നദ്ധതയാണ് സർവ്വപ്രധാനം. മററുള്ളവരുടെ വ്യക്തിത്വത്തെ മാനിക്കുകയെന്ന ശീലം സ്വാഭാവികമാകണം ഇവയെല്ലാം നേടുവാൻ നാം ആദ്യമായി നമ്മുടെ കുപ്രസിദ്ധമായ ജാതിവ്യത്യാസവും അസ്പൃശ്യതയും മനുഷ്യനു മനുഷ്യനുമായി ഇടപഴകുവാൻ അനുവദിക്കാത്ത എല്ലാ സാമൂഹികതിന്മകളും ദുരാചാരങ്ങളും വെറുത്തുപേക്ഷിക്കണം മനുഷ്യസ്വാതന്ത്ര്യം പ്രസംഗപീഠങ്ങളിൽനിന്നും അനുദിനജീവിതത്തിലേക്കു-പ്രായോഗികജീവിതത്തിലേക്ക് ഇറങ്ങിവരണം. എന്നാൽ ഈ ജനകീയഗുണങ്ങൾ ഭാരതത്തിൽ എത്ര ശതമാനത്തിനുണ്ട്? എന്നുണ്ടാകും? അന്നുവരെ നമ്മുടെ ജനാധിപത്യത്തിൻെറ ഗതിയെന്താവും? രാഷ്ട്രനേതാക്കളും സാമൂഹികപരിഷ്കർത്താക്കളും ഉണർന്നു ചിന്തിക്കണം.

2) ശരിയായ ജനനേതൃത്വവും ജനാധിപത്യ വിജയത്തിന് അനിർവാര്യമാണ്. ജനതയെ അവരുടെ പൊതുതാത്പര്യ സംരക്ഷണത്തിനും പൊതുധാർമ്മികനിർവ്വഹണത്തിനും ഉണർത്തിവിടേണ്ട ജനനേതാക്കളുടെ കടമ പ്രയാസമുള്ളതാണ്, ഭാരമേറിയതാണ്. ഓരോ സമൂഹത്തിനും അന്നന്ന് അത്യാവശ്യമുള്ള ഉത്തമസംഗതികളേവയെന്നും അവ നേടുവാനുള്ള ഉചിതമാർഗ്ഗമെന്തെന്നും നേതാക്കൾ അറിഞ്ഞിരിക്കണം. അതവർക്കു ലളിതമായി-ആകർഷകമായി വിവരിച്ചുകൊടുക്കണം. അങ്ങനെ അതു നേടുവാൻവേണ്ട ജനസ്വാധീനത അവർ സമ്പാദിക്കണം.

സാധാരണ ജനനേതാക്കൾ എം. എൽ. എ. മാരും മന്ത്രിമാരും മററുമാണല്ലോ. എന്നാൽ, പൊതുജനാഭിപ്രായം രൂപപ്പെടുത്താനും നാടിൻെറ സമൃദ്ധിക്കും മേന്മയ്ക്കുമായി അവരെ ഉണർത്തി വളർത്തി അണിനിരത്താനും ആത്മാർത്ഥമായി ശ്രമിക്കേണ്ടവരാണ് പ്രാസംഗികരും പാർട്ടിനേതാക്കളും പത്രപ്രവർത്തകരുമെല്ലാമെല്ലാം. സാഹിത്യകാരന്മാരും അധ്യാപകരുമെല്ലാം വളരുന്ന ഒരു ജനതയുടെ നേതൃത്വം വഹിച്ചേ മതിയാവൂ.

THE KOTTAYAM PUBLIC LIBRARY KOTTAYAM.

## ഗ്രന്ഥസൂചി.

Rickady, S. J., Moral Philosophy, P. 319.

St. Thomas, Summa Theol., I-II, q. 105, art. I.

V. Cathrein, S. J., Philosophia Morails, pp. 483 —488.

Lorenzo Dordano, Elements of Social Science, Part I, Ch. VII.

A. Appadorai, Democracy in India (Oxford Pamphlets on Indian Affairs, No. 5).

Ryan, John A., Catholic Principles of Politics, pp. 105—110.

Cahill, E., S. J., The Framework of a Christian State (M. H. Gill & Son., Dublin, 1932).

Aristotle, Policorum, Book II, 4.

Garner, Introduction to Political Science, Chapt. VI.

Appadorai The Substance of Politics pp. 137—148.

Leo XIII, Encyclical Immortale Dei.

McIlwain, Constitution, Ancient and Modern p. 14.

Schmandt and Steinbicker, Fundamentals of Government, pp. 205-7.

Ram Sharma, A Constitutional History of India, Macmillan and Co., 1955, pp. 233—259.

Sheen; Fulton, Liberty, Equality an Fraternity, University Press, Washington, 1929.

# 7.

# ഇന്ത്യൻ സംവിധാനം.

## (The Constitution of India)

ഇന്ത്യൻ ജനതയുടെ "മാഗ്നാകാർട്ട" (അവകാശപട്ടയം) ആണ് ഇന്ത്യൻ സംവിധാനമെന്നു പറയാം. അവരുടെ ജനകീയാവകാശങ്ങളുടേയും സവിശേഷസൗജന്യങ്ങളുടേയും സമാഹാരമാണതു്. അവരുടെ ഭരണത്തിൻെറ ചട്ടക്കൂടാണതു്. ഭരണാധികാരികളുടെ അധികാരങ്ങളും അവകാശങ്ങളും കടമകളും അതു നിർവ്വചിക്കുകയും ചെയ്യുന്നു.

**155. സംവിധാനനിർമ്മാണം:** 1947-ലാണു കോൺസ്റ്റിറ്റ്യുവെൻറ് അസംബ്ളി (ഭരണഘടനാനിർമ്മാണസമിതി) അതിൻെറ പ്രഥമസമ്മേളനം ചേർന്നതു്. 1950 ജനുവരി 26-നു വിവിധ ഘട്ടങ്ങളെ വിജയപൂർവ്വം പിന്നിട്ടു്, ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ ഈ വിദഗ്ദ്ധസംഘം നടത്തിയ അത്യുദ്ധ്വാനശ്രമം മകുടമണിഞ്ഞു. ലോകോത്തരമായ തൻെറ "സംവിധാനം" പ്രസിദ്ധീകരിച്ചുകൊണ്ടു് ഇന്ത്യ, അന്നു് ഒരു മതേതരസ്വതന്ത്ര-ജനാധിപത്യ-പരമാധികാര റിപ്പബ്ളിക്കായിത്തീർന്നു.

ഇന്ത്യൻ സംവിധാനതത്വങ്ങളുടെ ഉത്പത്തിസ്ഥാനങ്ങൾ വിവിധങ്ങളാണു്. പാർലമെൻററി വ്യവസ്ഥ ബ്രിട്ടൻേറതാണു്; അവിടത്തെ രാജാവിനുപകരം ഇവിടെ ഭരണാധിപതിയായി നമുക്കു "രാഷ്ട്രപതി" (President) ആണെന്നൊരു വ്യത്യാസംമാത്രം. ഭരണനിർവ്വഹണാധികാരം മന്ത്രിസഭയ്ക്കാണു്. പാർലമെൻറിനു് ഇരുസഭകൾ ഉണ്ടായിരിക്കും.

ജർമ്മനി, ആസ്ത്രിയാ, യുഗോസ്ലാവ്യാ മുതലായ രാജ്യങ്ങളുടെ മാതൃകയിലാണു് സംസ്ഥാനഭരണം സംവിധാനംചെയ്തിരിക്കുന്നതു്. 1935-ലെ ഇന്ത്യാഗവണ്മെൻറ് ആക്ടിൽനിന്നു പലതും സ്വീകരിച്ചിട്ടുമുണ്ടു്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഭരണബന്ധങ്ങളും നിയമനിർമ്മാണാധികാരവിഭജനവും മററും ഇത്തരത്തിൽപ്പെടുന്നു. നൂററമ്പതുകൊല്ലത്തെ ബ്രി. ഭരണം ഇന്ത്യൻ രാഷ്ട്രീയമണ്ഡലത്തിൽ ഗുണകരമായ ചില ക്രമീകരണങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത നാം സമ്മതിച്ചുകൊടുക്കണം.

രണ്ടു പ്രധാനകാര്യങ്ങളിലാണു നമ്മുടെ സംവിധാനം അമേരിക്കൻ (U. S. A.) ഭരണഘടനയെ അനുകരിക്കുന്നതു്. മൗലികാവകാശങ്ങളിലും ഫെഡറൽ വ്യവസ്ഥയിലും. പ്രാക്തനപ്പവിത്ര്യങ്ങളായ പല നല്ല പാരമ്പര്യങ്ങളും സ്വാതന്ത്ര്യങ്ങളും ഇംഗ്ലീഷുകാർക്കുണ്ടായിരുന്നുവെങ്കിലും അമേരിക്കൻ അർത്ഥത്തിലുള്ള–നിയമനിർമ്മാണം കൊണ്ടു് എടുത്തുകളയുവാനോ നിയന്ത്രിക്കാനോ കഴിയാത്ത–ചില മൗലികാവകാശങ്ങൾ അവർക്കു് അജ്ഞാതമായിരുന്നു. മൗലികാവകാശപ്രഖ്യാപനത്തോടൊപ്പംതന്നെ അവ നടപ്പിലാക്കുവാനുള്ള വ്യവസ്ഥകളും സംവിധാനം, ജുഡീഷ്യൽ "റിട്ട്"കൾവഴി ഏർപ്പെടുത്തിയിരിക്കുന്നു. *

**156. ആമുഖം:** (The Preamble) ഇന്ത്യൻ ജനതയുടെ പൊതുലക്ഷ്യം വിശദീകരിച്ചുകൊണ്ടു് സംവിധാനത്തിന്റെ ആമുഖം താഴെക്കാണുംപ്രകാരം ഭംഗിയായി ആവിഷ്കരിച്ചിരിക്കുന്നു.

**ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ ഇന്ത്യയെ സമ്പൂർണ്ണാധികാരവും ജനാധിപത്യരീതികവുമായ ഒരു റിപ്പബ്ളിക്കായി,**

സംവിധാനംചെയ്യാനും തത്പൗരന്മാർക്കെല്ലാം, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ........**നീതിയും**

ചിന്തയ്ക്കും ആശയപ്രകാശനത്തിനും ഉത്തമവിശ്വാസത്തിനും ആരാധനയ്ക്കുമുള്ള....................................**സ്വാതന്ത്ര്യവും**

പദവിയിലും അവസരത്തിലുമുള്ള........**സമത്വവും**

സംപ്രാപ്യമാക്കാനും അവർക്കെല്ലാമിടയിൽ വ്യക്തിമഹിമയ്ക്കും ദേശീയൈക്യത്തിനും ഉറപ്പുകൊടുത്തുകൊണ്ടു.......................................**സാഹോദര്യം**

പുലർത്താനും സഗൗരവം തീരുമാനപ്പെടുത്തിക്കൊണ്ടു് ഞങ്ങളുടെ— **സംവിധാനസഭയിൽ**

ഈ 1949 നവംബർ 26-ാംതീയതി, **ഇതിനാൽ ഈ സംവിധാനത്തെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും ഞങ്ങൾക്കുതന്നെ പ്രദാനംചെയ്യുന്നു.** (ഗവ: തർജ്ജമ)

**157. മൗലികാവകാശങ്ങൾ:** സംവിധാനത്തിന്റെ മൂന്നാംഭാഗം (12 മുതൽ 35 വരെ വകുപ്പുകൾ) മൗലികാവകാശങ്ങളെ

* Conf. C. L, Anand, The Constitution of India; Saraswati Publications, New Delhi, 1957, pp. 20—21.

വിവരിക്കുന്നു. മതം, സംസ്കാരം, വിദ്യാഭ്യാസം, സമ്പത്ത്, സമത്വം ഇവയെല്ലാമുള്ള അവകാശങ്ങൾ ഈ വകുപ്പിൽപ്പെടുന്നു.

നീതിക്കുമുമ്പിലുള്ള സമത്വവും, മതം, ജാതി, വർഗ്ഗം, ലിംഗം, ജനനസ്ഥലം മുതലായവയെ അടിസ്ഥാനമാക്കിയുള്ള വേറുകൂറ നിരോധനവുമാണു സമത്വാവകാശത്തിലുള്ളത്. ഗവണ്മെൻറുജോലിക്കുള്ള അവസരസമത്വവും അസ്പൃശ്യതയുടെ നിരോധനവും വഴി സാമൂഹ്യസമത്വം സുഗമമാക്കിയിരിക്കുന്നു. മൗലികസ്വാതന്ത്ര്യസംരക്ഷണാർത്ഥം വേറെ മൂന്നു അടിസ്ഥാനതത്വങ്ങൾകൂടി സംവിധാനം അംഗീകരിക്കുന്നു.

1) ഒരേ കുററത്തിനു് ഒന്നിലധികം പ്രാവശ്യം യാതൊരു പൗരനും ശിക്ഷിക്കപ്പെടുകയോ ദണ്ഡിക്കപ്പെടുകയോ ചെയ്തുകൂടാ.

2) കുററാരോപിതരായ ആരുംതന്നെ തങ്ങൾക്കുതന്നെ എതിരായി സാക്ഷിപറയുവാൻ നിർബ്ബന്ധിക്കപ്പെട്ടുകൂടാ.

3) നീതിന്യായക്കോടതിവഴിയല്ലാതെ യാതൊരു പൗരൻേറയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ നിഹനിച്ചുകൂടാ.

ഈ തത്വങ്ങളിൽനിന്നെല്ലാം ഒന്നു വ്യക്തമാണ്. രാഷ്ട്രീയ പൗരാവകാശങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സംവിധാനത്തിൻെറ ഒരു മഹനീയ നേട്ടമാണ് അതിൻെറ ഈ ജനാധിപത്യസ്വഭാവം. എന്നാൽ 31-ാം വകുപ്പുപ്രകാരമുണ്ടായിരുന്ന സ്വകാര്യസ്വത്തിനുള്ള അവകാശത്തിനു 1955-ൽ പാർലമെൻറ പാസ്സാക്കിയ ഒരു ഭേദഗതി ഈ സ്വാതന്ത്ര്യത്തെ വളരെയധികം പരിമിതപ്പെടുത്തി. ഗവണ്മെൻറ് ഏറ്റെടുക്കുന്ന വസ്തുക്കളുടെ പ്രതിഫലനിർണ്ണയം സംസ്ഥാന (States) ങ്ങളാണു നിർണ്ണയിക്കുക. ഈ നിർണ്ണയം അതൃപ്തികരമെന്നു തോന്നിയാൽ കോടതിവഴിപോലും അതു ചോദ്യംചെയ്യപ്പെടുവാനുള്ള അവകാശവും നിഷേധിച്ചിരിക്കുന്നു. ഉടമസ്ഥാവകാശം അങ്ങനെ സംസ്ഥാനനയത്തിനു വിധേയമാക്കിയതു മൗലികാവകാശത്തിന്മേലുള്ള ഒരു കൈയേററമായിട്ടുണ്ട്.

**158. സംസ്ഥാന ഭരണതത്വങ്ങൾ:** സംസ്ഥാന ഭരണത്തെ നിയന്ത്രിക്കുന്ന തത്വങ്ങൾ, കോടതിവഴി വാദിച്ചു നടത്തിക്കാവുന്ന സംഗതികളല്ലെങ്കിലും രാജ്യഭരണത്തിൻെറ ഒരടിസ്ഥാനതത്വമായി അംഗീകരിച്ചിരിക്കുന്നു. ഈ സംസ്ഥാനഭരണക്രമം പൊതുജീവിതത്തിലെ എല്ലാ സ്ഥാപനങ്ങളിലും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയനീതി പുലർത്തിക്കൊണ്ടു്, ആരോഗ്യകരമായ ഒരു സാമൂഹിക

രീതി, സമത്ഥമായി സ്ഥാപിച്ചു സംരക്ഷിക്കുവാനും അതുവഴി ജനക്ഷേമം വളർത്തുവാനും സഹായിക്കുന്നു "തുല്യജോലിക്കു തുല്യവേതനം" എന്ന തത്വമംഗീകരിച്ചു മാന്യമായ ജീവനംനേടുവാൻ പൗരന്മാക്കുള്ള അവകാശം സുരക്ഷിതമായിരിക്കത്തക്കവിധം സംസ്ഥാനങ്ങൾ (ഗവണ്മെൻറുകൾ) നിയമനിമ്മാണം ചെയ്യണമെന്നും ഈ തത്വങ്ങൾ അനുശാസിക്കുന്നു. വീണ്ടും, ഗവണ്മെൻറുകളുടെ കഴിവും വികാസവുമനുസരിച്ചു വിദ്യാഭ്യാസവും ജോലിയും പൗരന്മാർക്കു നല്കുവാനും തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം തുടങ്ങിയ നിസ്സഹായാവസ്ഥകളിൽ ധനസഹായം ചെയ്യുവാനും ഗവണ്മെൻറുകളോട് ഇവ ആവശ്യപ്പെടുന്നു തൊഴിലാളികൾക്കു മാന്യമായ വസതികളും തൊഴിൽ വ്യവസ്ഥകളും ജീവിതനിലവാരവും സാമൂഹിക-സാംസ്കാരിക സൗകര്യങ്ങളും ഉല്ലാസവും വിശ്രാന്തിയും എല്ലാം ലഭിക്കുവാനും രാഷ്ട്രം ശ്രദ്ധിക്കണം. വിപുലങ്ങളും വിവിധങ്ങളുമായ ഈ രാഷ്ട്രനയങ്ങളിൽ വിദ്യാഭ്യാസം, ഭൂപരിഷ്ക്കാരം, പരസ്പര സഹായസംഘങ്ങൾ, ദേശീയ വികസനം, തൊഴിൽ, നീതിന്യായം, ഭരണനിർവഹണകാര്യം തുടങ്ങിയ പല കാര്യങ്ങളിലും ഈ നിർദ്ദേശങ്ങൾ പ്രായോഗികമാക്കിത്തുടങ്ങിയിരിക്കുന്നു.

## A. ഇന്ത്യാ യൂണിയൻ

**159. നിവ്വാഹകമണ്ഡലം:** (The Executive) സംവിധാനത്തിൻെറ 5-ാംഭാഗമനുസരിച്ച്, രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയും ചേർന്നതാണു യൂണിയൻ നിവ്വഹണമണ്ഡലം (The Union Executive).

രാഷ്ട്രപതി: (President) പാർലമെൻറിലെ ഇരുസഭകളിലേ അംഗങ്ങളും സംസ്ഥാനനിയമസഭാംഗങ്ങളും കൂടിയാണു രാഷ്ട്രപതിയെ തിരഞ്ഞെടുക്കുക. അദ്ദേഹത്തിൻെറ ഭരണകാലാവധി അഞ്ചുവഷമാണ്. അഞ്ചു വർഷത്തേക്ക് അവകാശവുമുണ്ട്.

എല്ലാ പ്രധാന നിയമനങ്ങളും അദ്ദേഹമാണു നടത്തുക: ഗവർണർമാർ, സുപ്രീംകോടതി-ഹൈക്കോടതി ജഡ്ജിമാർ, അറേറാർണി ജനറൽ, ഓഡിററർ ജനറൽ, ഡിപ്ലോമാക്കാർ മുതലായവരെയെല്ലാം. പാർലമെൻറു സമ്മേളിക്കാത്ത അവസരങ്ങളിൽ "പ്രശാസന"ങ്ങൾ (Ordinance) നല്കി നിയമനിമ്മാണം ചെയ്യുവാനും അദ്ദേഹത്തിനു

അധികാരമുണ്ടായിരിക്കും. അടിയന്തിരഘട്ടങ്ങളിലും സംസ്ഥാന ഗവണ്മെൻറുകൾ ഭരണഘടനാവിരുദ്ധമാകുമ്പോഴും അവിടെ ഇടപെടുവാനും ആവശ്യംവന്നാൽ പിരിച്ചുവിട്ട് അവയുടെ ഭരണം കേന്ദ്രത്തിൻെറ നേരിട്ടു കീഴിലാക്കുന്നതിനുംകൂടി, രാഷ്ട്രപതിക്ക് സവിശേഷാധികാരമുണ്ട്.

ഉപരാഷ്ട്രപതി: (Vice President) ഇദ്ദേഹം രാജ്യസഭയുടെ ഔദ്യോഗികാദ്ധ്യക്ഷനായിരിക്കും. രാഷ്ട്രപതി മരിക്കുകയോ, രാജിവയ്ക്കുകയോ, നീക്കംചെയ്യപ്പെടുകയോ, സ്ഥലത്തില്ലാതിരിക്കുകയോ, രോഗാധീനനാവുകയോ ചെയ്യുമ്പോൾ ഉപരാഷ്ട്രപതി അദ്ദേഹത്തിനു പകരം ആ സ്ഥാനം ഏറെറടുക്കുന്നു.

**160. മന്ത്രിസഭ:** (Council of Ministers) പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയാണു രാഷ്ട്രപതിയുടെ കർത്തവ്യനിർവ്വഹണത്തിനുവേണ്ട നിർദ്ദേശങ്ങൾ നല്കുക (Art. 77) പ്രധാനമന്ത്രിയെ നേരിട്ടും മററു മന്ത്രിമാരെ പ്ര. മന്ത്രിയുടെ നിർദ്ദേശപ്രകാരവും രാഷ്ട്രപതി നിയമിക്കുന്നു. ഇന്ത്യാഗവണ്മെൻറിൻെറ എല്ലാ കാര്യനിർവ്വഹണപ്രവർത്തനങ്ങളും രാഷ്ട്രപതിയുടെ നാമത്തിലാണു നടത്തപ്പെടുക. യൂണിയൻെറ ഭരണകാര്യങ്ങളേയും മന്ത്രിസഭയുടെ അതതുകാലത്തെ പ്രവർത്തനത്തേയും പ്രധാനമന്ത്രി, രാഷ്ട്രപതിയെ യഥാവസരം ധരിപ്പിക്കുന്നു. ഓരോ മന്ത്രിയും ഒന്നോ അതിലധികമോ വകുപ്പുകളുടെ മേൽനോട്ടം വഹിക്കുന്നു. വകുപ്പില്ലാത്ത സ്വതന്ത്രമന്ത്രിമാരുമുണ്ട്.

**161. പാർലമെൻറ്: (കേന്ദ്ര നിയമസഭ)** രാജ്യസഭ, ലോകസഭ എന്നീ ഇരുസഭകളുള്ള ഒരു നിയമസഭ യൂണിയനു് ഉണ്ടായിരിക്കുന്നതാണ്. (Art. 79) വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്ന 500-ൽ കവിയാത്ത അംഗങ്ങളുള്ള സഭയാണു ലോകസഭ. 750,000 വോട്ടർമാർക്ക് ഒരു നിയോജകമണ്ഡലം എന്ന തോതിൽ സംസ്ഥാനങ്ങളെ ഇതിനായി വിഭജിക്കുന്നു. 5 വർഷമാണു ലോകസഭയുടെ കാലാവധി, അതിനുമുമ്പു പിരിച്ചുവിടപ്പെടാത്തപക്ഷം.

രാജ്യസഭ: പ്രസിഡണ്ടു നാമനിർദ്ദേശം ചെയ്യുന്ന 12 അംഗങ്ങളും ആനുപാതികപ്രാതിനിധ്യവ്യവസ്ഥയിൽ സംസ്ഥാനനിയമസഭകൾ തിരഞ്ഞെടുത്തയയ്ക്കുന്ന 238-ൽകവിയാത്ത മററു സംസ്ഥാന പ്രതിനിധികളും ഉൾക്കൊള്ളുന്നതാണു രാജ്യസഭ.

രാജ്യത്തിനുവേണ്ട നിയമനിർമ്മാണം മററു ഭരണകാര്യങ്ങളുടെ, വിശിഷ്യാ, ധനവിനിയോഗബില്ലിൻെറ വിമർശനം, നിയന്ത്രണം എന്നിവയാണു പാർലമെൻറിൻെറ പ്രധാന പ്രവർത്തനങ്ങൾ. ഇരുസഭകളും പ്രതിവർഷം രണ്ടു തവണയെങ്കിലും സമ്മേളിക്കണം. രണ്ടു സമ്മേളനങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടം ആറു മാസത്തിലേറിക്കൂടാ. എല്ലാ തീരുമാനങ്ങൾക്കും ഭൂരിഭക്ഷസമ്മതിയാണു നിർണ്ണായകമാനദണ്ഡം.

**162. യൂണിയൻ ജൂഡീഷ്യറി: (കേന്ദ്ര നീതിമണ്ഡലം)** ഈ മണ്ഡലം നയിക്കുന്നതു് ഇന്ത്യയുടെ സുപ്രീംകോടതിയാണു്. ഇന്ത്യൻ പ്രസിഡണ്ടു നേരിട്ടു നിയമിക്കുന്ന ഒരു പ്രമുഖ ജഡ്ജിയും (Chief Justice) പ്രമുഖജഡ്ജിയുമായി ആലോചിച്ചു നിയമിക്കുന്ന ഏഴിൽ കുറയാതെയും 10-ൽ കവിയാതെയും മററു ജഡ്ജിമാരും ഉൾക്കൊള്ളുന്നതാണു് ഈ കോടതി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള കേസുകളിൽ ഈ കോടതിക്കു തനതധികാരവും (Original Jurisdiction) സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിൽനിന്നുള്ള ക്രിമിനലും സിവിലുമായ കേസ്സുകളുടെ അപ്പീലധികാരവും ഉണ്ടായിരിക്കും. പ്രത്യേക കേസ്സുകൾ തീർക്കുവാൻവേണ്ട അധികാരവും ഈ കോടതിക്കു് നല്കാൻ പാർലമെൻറിനു് അവകാശമുണ്ടു്. ചില പ്രധാന നിയമങ്ങളേയോ വസ്തുതയേയോ സംബന്ധിച്ചു് രാഷ്ട്രപതി ഈ കോടതിയുടെ ഉപദേശവും തേടാറുണ്ടു്. (Art. 143)

## B. സംസ്ഥാനങ്ങൾ.

**163. നിർവ്വാഹകമണ്ഡലം:** സംവിധാനത്തിൻെറ 6-ാംഭാഗത്തിൽ വിവരിക്കുന്ന സംസ്ഥാന ഭരണവ്യവസ്ഥ, കേന്ദ്രഭരണക്രമത്തോടു് ഏതാണ്ടു തുല്യമാണു്. മുഖ്യമന്ത്രി തലവനായ മന്ത്രിസഭയും ഗവർണ്ണറും കൂടിയതാണു സംസ്ഥാന നിർവ്വഹണമണ്ഡലം.

ഗവർണ്ണർ: ഇന്ത്യൻ രാഷ്ട്രപതിയാണു ഇദ്ദേഹത്തെ നിയമിക്കുന്നതു്. ഭരണകാലാവധി അഞ്ചു വർഷമായിരിക്കും. മന്ത്രിസഭ നൽകുന്ന നിർദ്ദേശമനുസരിച്ചു് അദ്ദേഹം പ്രവർത്തിക്കുന്നു. കേന്ദ്രത്തിലേപ്പോലെതന്നെ മുഖ്യമന്ത്രിയെ നേരിട്ടും, മററു മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശാനുസരണവും ഗവർണ്ണർ നിയമിക്കുന്നു. നൈയാമിക നിർദ്ദേശങ്ങൾ ഗവണ്മെൻറിനു നല്കുന്ന അഡ്വൊക്കററു് ജനറലിനെയും ഗവ

ണ്ണർ ആണ നിയമിക്കുന്നതു്. നിയമസഭ വിളിച്ചുകൂട്ടാനും, പിരിച്ചുവിടുവാനും ഇടയ്ക്കു സമ്മേളനം നിറുത്തിവയ്ക്കുവാനും ഗവർണ്ണർക്കു് അധികാരമുണ്ടു്. പ്രയോഗത്തിൽ മന്ത്രിസഭയുടെ നിർദ്ദേശാനുസരണമേ അദ്ദേഹം പ്രവർത്തിക്കുകയുള്ളു.

**164. സംസ്ഥാന മന്ത്രിസഭ:** ഭരണകാര്യങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നല്കുവാൻ കേന്ദ്രത്തിലെപ്പോലെതന്നെ ഓരോ സംസ്ഥാനത്തും ഓരോ മന്ത്രിസഭ ഉണ്ടായിരിക്കും (Art. 163) മന്ത്രിസഭാതലവനായ മുഖ്യമന്ത്രി സാധാരണ ഭൂരിപക്ഷ കക്ഷിക്കാരനായിരിക്കും. (കൂട്ടുകക്ഷി ഗവണ്മെൻറുകളാണെങ്കിൽ മററു കക്ഷിനേതാക്കൾക്കും മുഖ്യമന്ത്രിമാരാകാം.) മുഖ്യമന്ത്രി അയാളുടെ സഹമന്ത്രിമാരെ തിരഞ്ഞെടുക്കുന്നു. സംസ്ഥാന ഭരണകാര്യങ്ങൾ മുഖ്യമന്ത്രി യഥാവസരം ഗവർണ്ണറെ അറിയിച്ചുകൊണ്ടിരിക്കണം.

**165.** എല്ലാ സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണസഭയുണ്ടായിരിക്കണം ബീഹാർ, ബോംബെ, മധ്യപ്രദേശ്, മദ്രാസ്, മൈസൂർ, പഞ്ചാബ്, പശ്ചിമബംഗാൾ, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വിധാൻ പരിഷത്ത് (Legislative Council) വിധാൻ സഭ, (Legislative Assembly) എന്നീ ഇരുസഭകളും, കേരള, ആന്ധ്റ, രാജസ്ഥാൻ, ആസാം, ജമ്മു-കാഷ്മീർ എന്നിവിടങ്ങളിൽ അസംബ്ളി എന്ന ഏക നിയമസഭയുമാണുള്ളതു്.

നിയമസഭ (വിധാൻസഭ): 17-ാംവകുപ്പുപ്രകാരം സംസ്ഥാനങ്ങളിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽനിന്നും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന 500-ൽ ഏറാതെയും 60-ൽ കുറയാതെയും പ്രതിനിധികളുൾക്കൊള്ളുന്ന നിയമനിർമ്മാണസഭയാണിതു്. 75,000 ജനങ്ങൾക്കു് ഒരു പ്രതിനിധിയെവീതം നിറുത്തുന്നു. സഭയുടെ കാലാവധി ഇടയ്ക്കു പിരിച്ചുവിടപ്പെടാത്തപക്ഷം അഞ്ചു വർഷമായിരിക്കും.

നിയമസമിതി (വിധാൻ പരിഷത്) 48-ൽ കുറയാതെയും അസംബ്ളിയുടെ നാലിലൊന്നിൽ അധികമാകാതെയും അംഗങ്ങളുണ്ടാവണം. ഇതിൻെറ മൂന്നിലൊരുഭാഗം മുനിസിപ്പാലിററി, പഞ്ചായത്തു് തുടങ്ങിയ പ്രാദേശിക സ്വയംഭരണ സംഘടനകളുടെ പ്രതിനിധികളായിരിക്കും.

**166. നിയമസഭാപ്രവർത്തനം:** സംസ്ഥാനത്തിൻെറ നന്മയ്ക്കാവശ്യമായ നിയമനിർമ്മാണമാണു മുഖ്യജോലി. കേന്ദ്രത്തിലെ

പ്പോലെതന്നെ സംസ്ഥാനങ്ങളിലും ധനവിനിയോഗബില്‍ നിയമസഭയുടെ ഇരുസഭകളിലും സമർപ്പിക്കണം. മന്ത്രിസഭയുടെ പ്രവൎത്തനങ്ങളേയും നിയമസഭ നിയന്ത്രിക്കുന്നു. ചോദ്യോത്തരങ്ങളും പ്രമേയങ്ങളും തീരുമാനങ്ങളും വഴിയാണു സഭാംഗങ്ങൾ നിർവ്വാഹകസമിതിയെ നിയന്ത്രിക്കുന്നതു്.

സംസ്ഥാനനീതിമണ്ഡലം: അതാതവസരങ്ങളിൽ രാഷ്ട്രപതിക്കു യുക്തമെന്നു തോന്നുന്നവിധം നിയമിക്കുന്ന ജഡ്ജിമാരും ചീഫ്ജസ്റ്റീസും ഉൾക്കൊള്ളുന്ന ഓരോ ഹൈക്കോടതി എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടായിരിക്കണം. ഹൈക്കോടതിവക്കീലായോ മററു നീതിമണ്ഡലങ്ങളിലോ പത്തു കൊല്ലത്തെ പരിചയം നേടിയവരെ മാത്രമേ ജഡ്ജിയായി നിയമിക്കൂ.

## C. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധം.

**167.** പരിതസ്ഥിതിയനുസരിച്ചു ഒന്നായിത്തീരുകയോ വിവിധ സംസ്ഥാനങ്ങളുടെ ഒരു സംഘടനയായി വൎത്തിക്കുകയോ ചെയ്യാവുന്ന പ്രത്യേകസ്വഭാവമാണ് ഇന്ത്യൻ സംവിധാനത്തിനുള്ളതു്. സാധാരണ സന്ദർഭങ്ങളിൽ അതിൻെറ സ്വഭാവം സംയുക്തസംഘടന (Federal Constitution) ആയിരിക്കും. എന്നാൽ, അടിയന്തിരഘട്ടങ്ങളിൽ അതിന്നു് ഏക ഭരണകൂടമായി മാറാവുന്നതാണു്. ഒരു സംസ്ഥാനത്തിനു മുഴുവനുവേണ്ടിയോ ഒരു ഭാഗത്തിനുമാത്രം വേണ്ടിയോ നിയമനിൎമ്മാണംചെയ്യുവാൻ കേന്ദ്രത്തിനു് അധികാരമുണ്ടു്. എന്നാൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഭരണസൗകര്യാൎത്ഥം ഭരണവിഷയങ്ങളിൽ ഒരു വിഭജനം നടത്തിയിരിക്കുന്നു. അതിനായി നിയമനിൎമ്മാണം ചെയ്യേണ്ട വിഷയങ്ങളുടെ മൂന്നുപട്ടിക തയ്യാറാക്കിയിട്ടുണ്ടു്: സംസ്ഥാനങ്ങൾക്കു സ്വയം നിയമനിൎമ്മാണം ചെയ്യാവുന്ന കാര്യങ്ങളുടെ ഒരു സംസ്ഥാനലിസ്റ്റു്, കേന്ദ്രത്തിനുമാത്രം ചെയ്യാവുന്നവയുടെ ഒരു കേന്ദ്രലിസ്റ്റു്, ഇരുകൂട്ടർക്കും ചെയ്യാവുന്നവയുടെ ഒരു പൊതുലിസ്റ്റു്.

കേന്ദ്രലിസ്റ്റിൽ ഇന്ത്യയ്ക്കു പൊതുവേ ബാധകമാകുന്ന കാര്യങ്ങളാണുള്ളതു്. അവ താഴെ കൊടുത്തിരിക്കുന്നു:—

രാജ്യരക്ഷാവകുപ്പ്. (കടൽസൈന്യം, കരസൈന്യം, വിമാനസേന) വിജ്ഞാനഗവേഷണകേന്ദ്രമണ്ഡലം, വിദേശകാര്യം, ആഭ്യന്തരകാര്യം, റെയിൽവേ, കമ്പിത്തപാൽവകുപ്പ്, ഇൻഷ്വറൻസ്,

റിസേർവ്വ് ബാങ്ക്, എണ്ണ, ഖനനസംരക്ഷണം, തൊഴിൽനിയമം, മത്സ്യബന്ധനം, ഫിലിംനിയന്ത്രണം. വ്യാപാരത്തക്കങ്ങൾ, കാനേഷു മാരി, സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും അധികാര പരിധിനിർണ്ണയം, രാജ്യാന്തരകുടിയേററം, ദൽഹി, അലിഗാർ, ബനാറസ് എന്നീ സർവ്വകലാശാലകളുടെ ഭരണം എന്നിവ സംസ്ഥാന ലിസ്റ്റിൽ അസംബ്ളികൾക്ക നിയമനിർമ്മാണം ചെയ്യാവുന്ന 66 കാര്യങ്ങൾ കൊടുത്തിട്ടുണ്ട്: പ്രധാനമായവ താഴെ ചേർക്കുന്നു:

പോലീസ് വകുപ്പ് – നീതിന്യായപരിപാലനം – ജയിൽ- പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ-പൊതുജനാരോ ഗ്യവും ശുചീകരണവും—വനസംരക്ഷണം—മത്സ്യബന്ധ നം—കൃഷി—ജലസേചനം-വ്യവസായം-വികസനപദ്ധ തികൾ—വിദ്യാഭ്യാസം മുതലായവ.

പൊതുലിസ്റ്റിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും നിയന്ത്ര ണാവകാശമുള്ള കാര്യങ്ങളാണുള്ളത്. ക്രിമിനൽനിയമം, വിവാഹവും വിവാഹമോചനവും, സാമ്പത്തിക സാമൂഹികപദ്ധതികൾ, ട്രെയ്ഡു യൂണിയനുകൾ, സാമൂഹ്യഭദ്രത, ധർമ്മസ്ഥാപനങ്ങൾ, ഫാക്ടറികൾ, തൊഴിൽശാലകൾ, വിദ്യുച്ഛക്തി മുതലായവ.

ഈ ലിസ്ററുകളിൽപ്പെടാത്ത ബാക്കി എല്ലാ കാര്യങ്ങളിലും നിയമനിർമ്മാണനിയന്ത്രണാധികാരം കേന്ദ്രത്തിനാണ്. ഈ അധികാ രത്തിനു നിക്ഷിപ്താധികാരം (Residuary) എന്നു പറയുന്നു. സംസ്ഥാന നിയമങ്ങളുമായി സംഘട്ടനങ്ങളുണ്ടാകുമ്പോഴെല്ലാം കേന്ദ്രനിയമങ്ങൾ ക്കാണു പ്രാമാണ്യത. അവസാനമായി, ഏതെങ്കിലും സംസ്ഥാനത്തെ ഭരണകൂടം തകരുമ്പോൾ ഭാഗികമായോ പൂർണ്ണമായോ ആ ഭരണം രാഷ്ട്രപതിയ്ക്കു് ഏറെറടുക്കാവുന്നതുമാണ്. (Art. 356)

## ഗ്രന്ഥസൂചി.

Ram Sharma, Constitutional History of India, pp. 295—325.

Anand, L. L, The Constitution of India.

India 1959, An Annual Reference, pp. 52—64.

Fonseca, A., The Citizen and the State, Institute of Social Order, Poona, 1955, pp. 169—195.

Lahiri and Banerjee, New Constitution of India, Politics Club, London 1936.

Banerjee and Chatterjee, A Survey of the Indian Constitution, Mukerjee & Co., Calcutta, 1957.

Alexandrowicz, C. H, Constitutional Development in India, Oxford University Pless, 1957.

8

# അധികാരവിനിമയം.

**168.** സമുദായങ്ങളുടെ സുഖസമൃദ്ധിയാണല്ലോ ഭരണകൂടങ്ങളുടെ ലക്ഷ്യം. നീതിനിർവ്വഹണം (Judiciary), നിയമനിർമ്മാണം (Legislative), കാര്യനിർവ്വഹണം (Executive), എന്നീ ത്രിവിധ പ്രവൃത്തനങ്ങൾ വഴിയാണ് ഇതു നിർവ്വഹിക്കുക. മോൺടിസ്ക്യൂ എന്ന മഹാനാണ് ഈ വിഭജനത്തിൻെറ ഉപജ്ഞാതാവ്. എന്നാൽ, അരിസ്റ്റോട്ടിലും അക്വീനാസും ഇതേ ആശയം മററു വാക്കുകളിൽ വിവരിക്കുന്നുണ്ട്. *

സമുദായത്തിൻെറ പൊതുലക്ഷ്യങ്ങൾ നേടുവാൻ എല്ലാവരേയും കടപ്പെടുത്തുന്ന ഒരു ധാർമ്മികശക്തിയാണ് അധികാരം (authority). ഇതു താഴെ പറയുന്നവ ആവശ്യപ്പെടുന്നു:

1) സമൂഹത്തിൻെറ ലക്ഷ്യത്തിലേയ്ക്കു തംഗങ്ങളെ നയിക്കുവാൻ, അവരുടെ അവകാശങ്ങളും ധർമ്മങ്ങളും നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമനിർമ്മാണാധികാരം.

2) സമുദായാംഗങ്ങൾ തമ്മിലുണ്ടാകാവുന്ന തർക്കങ്ങളും വഴക്കുകളും നിയമാനുസാരം കോടതികൾവഴി വിസ്തരിക്കുവാനും തീരുമാനിക്കാനുമുള്ള നീതിനിർവ്വഹണാധികാരം.

3) ഈ നടപടികൾ യഥാവസരം നിർവ്വഹിച്ചു സാമൂഹികനീതി പുലർത്തുവാനുള്ള കാര്യനിർവ്വഹണാധികാരം. നിയമങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കുവാനുള്ള അധികാരവും ഇതിലുൾപ്പെടുന്നു.

**169. നിയമനിർമ്മാണാധികാരം:** സമുദായത്തെ അതിൻെറ ലക്ഷ്യത്തിലേയ്ക്കെത്തിക്കുന്നതു നിയമങ്ങളാകയാൽ നിയമനിർമ്മാണം അധികാരത്തിൻെറ സമുന്നതവും പ്രധാനവുമായ പ്രവൃത്തിയാണ്. നിയമസഭകളാണ്, വേണ്ട നിയന്ത്രണത്തോടെ ജനായത്തനാടുകളിൽ നിയമനിർമ്മാണം ചെയ്യുന്നതു്.

---

* Sum. Theol., II-II. q. 49, a. 6 ad. 3 and Aristotle, Politicorum IV, 14.

ഇംഗ്ലണ്ടിൽ് നിയമനിർമ്മാണസഭയുടെമേൽ രാജാവിനു "വീറേറാ" എന്ന നിയന്ത്രണാധികാരമുണ്ട്. എന്നാൽ, ഇരുസഭകളും പാസ്സാക്കിയ ഒരു ബില്ലിനെതിരെ അദ്ദേഹമതു് ഒരിക്കലും പ്രയോഗിക്കാറില്ല. ഒരു പ്രത്യേക പ്രശ്നത്തെസംബന്ധിച്ചാണു കോമൺസ് സഭയിലേക്കു തിരഞ്ഞെടുപ്പു നടത്തിയതെങ്കിൽ, ആ സഭയുടെ തീരുമാനത്തിനെതിരായി രാജാവു വീറേറാ പ്രയോഗിക്കയില്ല. അമേരിക്കൻ പ്രസിഡണ്ടിനും ഈ വീറേറാ അധികാരമുണ്ട്. എന്നാൽ, പാർലമെൻറിൻെറ മൂന്നിൽ രണ്ടുഭാഗം ഭൂരിപക്ഷത്തിനു് ഈ വീറേറായെ ദുർബ്ബലമാക്കാം. ഇത്തരം വീറേറാ അധികാരമില്ലെങ്കിലും പുനഃപരിശോധനയ്ക്കായി ബില്ലുകൾ തിരിച്ചയയ്ക്കാൻ ഇന്ത്യൻ പ്രസിഡണ്ടിനും അധികാരമുണ്ട്. (കേരള വിദ്യാഭ്യാസബില്ല്, ഭൂനയബില്ല് മുതലായവ മടങ്ങിയതു സ്മരിക്കുക.) ചുരുക്കത്തിൽ നിയമനിമ്മാണാധികാരം ജനസഭയുടെ അവകാശമാണെന്നു,വ്യക്തം. *

**170. നിയമം:** അധികാരത്തിൻെറ ഏതൊരു പ്രവത്തനവുമെന്നപോലെ, നിയമനിമ്മാണവും, വ്യക്തി, കുടുംബം, പ്രാദേശിക ഭരണഘടനകൾ എന്നിവയുടെ സാമൂഹികാവശ്യങ്ങളാൽ നിയന്ത്രിതമാണ്. അവകാശങ്ങൾക്കുവേണ്ടി തക്കമുണ്ടാകുമ്പോൾ തീരുമാനം ചെയ്യേണ്ടതു് അധികാരമാണ്. നിയമനിമ്മാണാധികാരത്തിൻെറ പ്രവർത്തനഫലമാണു നിയമങ്ങൾ. നിയമനിമ്മാണാധികാരത്തിൽ പ്രഥമതഃ പരിഗണിക്കേണ്ടതു് അതു പൊതുനന്മയെ ലാക്കാക്കിവേണമെന്ന വസ്തുതയാണ്; നിയമം ചില വ്യക്തികളുടെമാത്രം സംരക്ഷകനായി മാററരുതു്. ജനപ്രതിനിധികളുടെ കൈയിലാണല്ലോ അവരുടെ താത്പര്യങ്ങളും സുസ്ഥിതിയും സ്ഥിതിചെയ്യുന്നതു്. തന്മൂലം അവയ്ക്കായി വേണ്ടതു ചെയ്യാൻ മനസ്സാക്ഷിക്കടുത്ത ഒരു കടമ അവക്കുണ്ട്. എന്നാൽ, സാമൂഹികലക്ഷ്യത്തിലേയ്ക്കു വ്യക്തികളുടേയും സമൂഹങ്ങളുടേയും പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന, നിയമനിമ്മാണം വഴിയേ ഇത്തരം പൊതുജനക്ഷേമം പുലത്തുവാൻ കഴിയൂ. ഈ ലക്ഷ്യത്തിൽനിന്നു നോട്ടംതെററിയാൽ, ഏതൊരു നിയമവും ദുരുപദിഷ്ടവും സ്വേച്ഛാപ്രമത്തവുമാകും. വി. അകിനാസ് പറയുന്നു: "രാജ്യം രാജാവിനുവേണ്ടിയല്ല, രാജാവു രാജ്യത്തിനുവേണ്ടിയാണ്; ദൈവം ഭരണാധികാരികളെ (Kings) ഏർപ്പെടുത്തിയിരിക്കുന്നതു് ഭരണം നടത്തുവാനും നീതി പാലിക്കുവാനുമാണ്; അതാണു ഭരണക്കൂടത്തിൻെറ

* Appadorai, The Substance of Politics, pp. 272—282.

ലക്ഷ്യവും. ആകയാൽ മറിച്ച പ്രവൎത്തിച്ചാൽ, സ്വാൎത്ഥപൂൎത്തിക്കായി ആരെങ്കിലും രാജ്യംഭരിച്ചാൽ അവർ രാജാക്കളല്ല, സ്വേച്ഛാധിപതികളാണ്." *

സിവിൽനിയമങ്ങൾ എപ്പോഴും സ്വാഭാവികനിയമങ്ങൾക്ക് അനുസൃതമായിരിക്കണം. പ്രത്യേകസാഹചര്യങ്ങളിൽ സ്വാഭാവികനിയമം ആവശ്യപ്പെടുന്നതെന്തെന്ന വിശദമാക്കുന്നതും നിൎണ്ണയിക്കുന്നതും അംഗീകരിച്ചുറപ്പിക്കുന്നതുമായാരിക്കണം സിവിൽനിയമം. ധാൎമ്മികശാസ്ത്രജ്ഞന്മാർ നിയമഗുണങ്ങളെ വിവരിച്ചുകൊണ്ടു പറയുന്നു: അവ നീതിപരവും, സത്യസന്ധവും സാധ്യവുമായിരിക്കണം.

സിവിൽനിയമങ്ങൾ ഒരു മുനിസിപ്പാലിററിക്കോ, ഡിസ്ട്രിക്റ്റിനോ, സംസ്ഥാനത്തിനോ വേണ്ടി ആവാം. ഈ ഓരോ ഘടകങ്ങളുടേയും ആവശ്യങ്ങളെ ആത്മാൎത്ഥമായി പരിഗണിച്ചുകൊണ്ടു വേണം നിയമനിൎമ്മാണം ചെയ്യുവാൻ. ജനശബ്ദം പ്രതിധ്വനിക്കാത്ത യാതൊരു നിയമവും പ്രായോഗികമോ പ്രയോജനകരമോ ആവുകയില്ല.

**171. വൎഗ്ഗപ്രാതിനിധ്യം:** ഗവണ്മെൻറ് ജനാധിപത്യമോ രാജാധിപത്യമോ എന്തുമാവട്ടെ, അതിൻെറ നിയമനിർമ്മാണമണ്ഡലം ജനതയുടെ ആവശ്യങ്ങൾ അവശ്യം അറിഞ്ഞേ തീരൂ. വിവിധ തൊഴിൽവൎഗ്ഗങ്ങളുടെ പ്രാതിനിധ്യംവഹിക്കുന്ന നിയമസഭകൾക്കാണ് ഈ സൗകര്യമുണ്ടാകുക. അവരുടെ ഈ പ്രാതിനിധ്യനിൎണ്ണായകശക്തി വെറും ഉപദേശംമാത്രമായാൽ മതിയോ അതോ തീൎത്തും നിൎണ്ണായകംതന്നെ ആയിരിക്കണമോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടാകാം. എന്നാൽ, എല്ലാ ജനവിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിയമസഭയെ വിശദമായി അറിയിക്കുവാൻ തൊഴിൽ തിരിച്ചുള്ള പ്രാധിനിധ്യം അത്യുത്തമമാണെന്നതിൽ പക്ഷാന്തരമുണ്ടാവാൻ ഇടയില്ല.

**172. നീതിനിർവ്വഹണാധികാരം:** പൗരന്മാരുടെ സാമൂഹികബന്ധങ്ങളിലും ഇടപാടുകളിലും നീതിപുലർത്തുകയാണ് ഇതിൻെറ ലക്ഷ്യം. വൈയക്തികവും വസ്തുപരവുമായ അവകാശത്തർക്കങ്ങൾ തീൎക്കുവാൻ ഏതൊരു പരിഷ്കൃതരാജ്യത്തിലും നീതിന്യായക്കോടതികൾ നിലവിലുണ്ട്. തുല്യനീതി എല്ലാവർക്കും

* De Regimine Principium, Lib. I, c. II,

ലഭിക്കുമാറാക്കുകയാണ് ഇവയുടെ ധർമ്മം. കുററംചെയ്യുന്നവരെ ശിക്ഷിക്കുവാൻ ഇവയ്ക്കുപുറമേ ക്രിമിനൽ കോടതികളും ഉണ്ട്. നീതി നിർവ്വഹണാധികാരം ഏല്പിച്ചുകൊടുക്കുന്ന വ്യക്തികൾ, പ്രഗത്ഭമതികളും നിയമനിഷ്ണാതരും മനുഷ്യമനസ്സുകളിലേയ്ക്കു ചുഴിഞ്ഞിറങ്ങുവാൻ കഴിയുന്ന മനശ്ശാസ്ത്രവിചക്ഷണരുമായിരിക്കണം, സർവ്വോപരി ധാർമ്മികനിഷ്ഠയുള്ളവരും.

പാവങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വാദം നടത്തുവാൻ ഒരു ഗവ: പ്ലീഡറേയോ വക്കീലിനേയോ ഏർപ്പെടുത്തുന്ന പതിവ് പരിഷ്കൃതനാടുകളിലുണ്ട്. ചെറുകിട കുററങ്ങളുടെ വിസ്താരവും വിധിയും നടത്തുക മജിസ്ത്രേട്ടുമാരും മുൻസിഫുമാരുമാണ്. ചിലപ്പോൾ ജൂറിമാരുമുണ്ടായിരിക്കും; അവരുള്ളപ്പോൾ ജഡ്ജി മദ്ധ്യസ്ഥനായി ഇരുന്നുകൊണ്ട്, ഇരുകക്ഷിക്കാരുടേയും വാദം വ്യവസ്ഥാപിതമായി ഉന്നയിക്കുകയായിരിക്കും ചെയ്യുക. കുററപ്പുള്ളികൾക്കു ജഡ്ജിയാണു ശിക്ഷവിധിക്കുക.

എന്നാൽ, ചിലപ്പോൾ ജഡ്ജിമാർക്കു തെററുപററാം. ജൂറിമാർ തെററിദ്ധരിപ്പിക്കപ്പെടാം; അവർ നീതിനിർവ്വഹണത്തിൽ പരാജയപ്പെടാം. അത്തരം സന്ദർഭങ്ങളിൽ നീതിലഭിക്കാൻവേണ്ടി മേൽക്കോടതികളിൽ അപ്പീൽകൊടുക്കാവുന്നതാണ്.

നീതിനിർവ്വഹണത്തിൽ വരുന്ന അസാമാന്യ കാലതാമസം ഒരുതരത്തിലും അനുവദയനീയമല്ല. മാന്യമായ പെരുമാററം പൗരന്മാരിൽ വളർത്തണം; പണത്തിൻെറ ദുഷ്പ്രേരണാശക്തി അവസാനിപ്പിക്കണം. സാംസ്കാരികപുരോഗതിയുടെ ഫലമായി ഇന്നു കുററവാളികളുടെ നേരെ മൃദുലമായ ശിക്ഷണനടപടികളാണു സാധാരണ സ്വീകരിക്കുക. തെളിവുലഭിക്കുവാനായി മർദ്ദനമേല്പിക്കുകുന്ന സമ്പ്രദായം ഒരു ''പഴയ ഓർമ്മ''മാത്രമായിട്ടുണ്ടു പരിഷ്കൃതനാടുകളിൽ. എങ്കിലും കമ്മ്യൂണിസ്ററുമർദ്ദനരീതി ഇതിൻെറ പൈശാചിക പരിധിയും കടക്കുക പതിവാണ് ഇന്നും.

## 173. ന്യായാധിപതികളുടേയും അഭിഭാഷകരുടേയും കടമകൾ:

നിയമം അനീതിപരമല്ലാത്തപ്പോഴെല്ലാം വിധി നിയമാനുസൃതമാകണം. നിയമപ്രകാരമുള്ളതിൽ കൂടുതൽ

---

* Coonin M., The Science of Ethics, Vol. II, pp. 414-418, and Meyer, Jus Naturae, Sectio III, Chap. V.

ശിക്ഷനല്കുന്നതു പരിഹാരക്കടമുള്ള പാപംതന്നെയാണ്. സ്വകാര്യ വിശദീകരണമനുസരിച്ചല്ല, പൊതുവിവരണമനുസരിച്ചാണു–വാദവും തെളിവുമനുസരിച്ചാണു വിധി–പ്രസ്താവിക്കേണ്ടതു്. േ കാടതിയിൽ തെളിയിക്കാൻ കഴിയാത്ത ഒരു കുററം സ്വകാര്യബോധനംമൂലം ശിക്ഷിക്കുന്നതു ക്രിമിനൽകേസുകളിൽ മഹാപാപംതന്നെയാണ്. കുററത്തെപ്പററി സംശയമുണ്ടെങ്കിൽ പ്രതിയോടാണ് ജഡ്ജി ആനുകൂല്യം കാട്ടേണ്ടതു്. ഒരാളുടെ ഉടമാവകാശം തെററാണെന്നു തെളിയിക്കപ്പെടുന്നതുവരെ സംശയകരമായ സിവിൽകേസുകളിൽ കൈവശക്കാരൻെറ ഉടമാവകാശം തുടരുവാൻ അനുവദിക്കേണ്ടതാണ്.

അനീതിപരമെന്നു സ്വയം അറിവുള്ള സിവിററംകേസുകറം വക്കീലന്മാർ വാദത്തിനു ഏറെറടുക്കരുതു്. എന്നാൽ, ക്രിമനൽ കേസ്സുകളിൽ ഇങ്ങനെ ചെയ്യാവുന്നതാണ്. പക്ഷെ കുററപ്പുള്ളിയുടെ സംരക്ഷണത്തിനായി ചതിയോ വഞ്ചനയോ ഒരിക്കലും പ്രയോഗിക്കരുതു്. കനത്ത ഫീസുകിട്ടുവാൻ കേസ്സുകറം നീട്ടിക്കൊണ്ടുപോകുന്നതു ഘനമായ "ഉത്തരിപ്പുകട"മുള്ള മഹാപാപമാണ്.

**174. മരണശിക്ഷ:** പൗരസഞ്ചയത്തിൻെറ വെറം ലൗകികക്ഷേമത്തെ ലാക്കാക്കി, കുററപ്പുള്ളികറംക്കു മരണശിക്ഷ നല്കുവാനുള്ള ഗവണ്മെൻറിൻെറ അധികാരത്തെ "ബെക്കാറിയോ", "അഫ്രൻസ്" മുതലായവർ നിഷേധിക്കുകയാണ്. എന്നാൽ, ഈ നിഷേധം തികച്ചും ശരിയാണെന്നു തോന്നുന്നില്ല. മനുഷ്യവികാരങ്ങളെ നിയന്ത്രിച്ചുനിറുത്തി, പൗരസഞ്ചയത്തിൻെറ ജീവനും സ്വത്തും സംരക്ഷിക്കുവാൻ, ക്രൂരകൃത്യങ്ങറം ചെയ്യുന്നവർക്കു വധശിക്ഷതന്നെ നല്കുവാനുള്ള അധികാരം രാഷ്ട്രത്തിനുണ്ടെങ്കിലേ സാധിക്കു എന്നതാണു പരമാർത്ഥം.

ഈ വിഷയത്തെപ്പററിയുള്ള സഭയുടെ പാരമ്പര്യപാഠം സെൻറ് തോമസ് ഇങ്ങനെ സംഗ്രഹിക്കുന്നു: "മുഴുവനു (whole) വേണ്ടിയാണ് ഓരോ ഭാഗവും; പൂർണ്ണമായതിനു് അപൂർണ്ണമെന്ന പോലെ. തന്മൂലം സ്വാഭാവികമായി, ഓരോ ഭാഗവും പൂണ്ണമായതിനുവേണ്ടിയാണ്. ഇക്കാരണത്താൽ........ശരീരത്തിലെ ഒരവയവം നശിക്കയോ മററുള്ളവയ്ക്കു് ഉപദ്രവകാരി ആവുകയോ ചെയ്യുമ്പോറം, അതു ഛേദിച്ചുകളയുക പ്രയോജനപ്രദവും പ്രശംസനീയവുമാണ്. പൂണ്ണതയ്ക്കു ഭാഗങ്ങറംപോലെയാണു സമുദായത്തിനു വ്യക്തികറം

അതുകൊണ്ട് ഒരു വ്യക്തി അപകടകാരിയോ സമുദായത്തിനു് ഉപദ്രവകാരിയോ ആകുമ്പോഠം ആ കുററത്താൽ അയാളെ സമുദായ നന്മയെപ്രതി ഇല്ലായ്മചെയ്യുന്നതു് ഉപകാരപ്രദമാണ്." [1]

"സമുദായത്തിൻെറ പൊതുനന്മയ്ക്കായി ഒരു ഭീകരകുററവാളിയ്ക്കു വധശിക്ഷ നല്കുന്നതു ന്യായയുക്തമാണ്. എന്നാൽ പൊതുനന്മയുടെ സംരക്ഷണം പൊതുഅധികാരികളെ ഏല്പിച്ചിരിക്കയാൽ അവർക്കല്ലാതെ യാതൊരു സാധാരണ വ്യക്തിക്കും ഒരാളെ വധശിക്ഷക്കു വിധിക്കുവാൻ അധികാരമില്ല."[2] വധശിക്ഷയേക്കാഠംതാണ ശിക്ഷകഠംകൊണ്ടുമാത്രം ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കാവുന്ന ഒരു കാലം വരികയാണെങ്കിൽ വധശിക്ഷ നിറുത്തിവയ്ക്കാവുന്നതാണ്. മുമ്പു സാധാരണ വധശിക്ഷ നല്കിയിരുന്ന പല കുററങ്ങഠംക്കും പരിഷ്കൃതരാജ്യങ്ങളിൽ ഇന്നു അതു നല്കാറില്ല. [3]

**175. കാര്യനിർവ്വഹണാധികാരം:** നിയമങ്ങഠം പ്രയോഗിക്കുവാൻ അധികാരമില്ലെങ്കിൽ നിയമനിർമ്മാണംകൊണ്ടുമാത്രം ഫലമൊന്നുമുണ്ടാവുകയില്ലല്ലോ. അതുകൊണ്ടാണു ഗവണ്മെൻറുകളുടെ ഒരു അവശ്യാധികാരമായി ഇതു കരുതപ്പെടുന്നതു്. കാര്യനിർവ്വഹണാധികാരമെന്നു പറയുന്നതു നിർമ്മിച്ച നിയമങ്ങളെ പ്രാവർത്തികമാക്കാനുള്ള അധികാരമാണ്. ആധുനിക ജനാധിപത്യരാജ്യങ്ങളിൽ കാര്യനിർവ്വഹണമേധാവിക്കുള്ള അധികാരം ഉന്നതവും പദവി വലുതുമാണ്. ഇന്ത്യാ, ജർമ്മനി മുതലായ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും, അമേരിക്ക തുടങ്ങിയ നാടുകളിലെ പ്രസിഡണ്ടന്മാരും ഇത്തരക്കാരിൽപ്പെടുന്നു.

രാഷ്ട്രത്തിൻേറയും ഒരു രാഷ്ട്രീയപ്പാർട്ടിയുടേയും നേതൃത്വവും, ഭരണനയരൂപവത്കരണവും ആ നേതൃസ്ഥാനത്തോടു ബന്ധപ്പെട്ടുകിടക്കുന്നു. "നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ പൗരസ്വാതന്ത്ര്യവും സ്വതന്ത്രതിരഞ്ഞെടുപ്പും വഴിയാണു നമ്മുടെ ഭരണാധികാരികളെ ഏററം നന്നായി നിയന്ത്രിക്കുവാൻ കഴിയുക. എല്ലാ കാര്യങ്ങളിലും അവരെ അങ്ങനെ നമുക്കു് ഉത്തരവാദിത്വമുള്ളവരാക്കാം. ഭരിക്കുവാനും ഭരിക്കപ്പെടുവാനുമുള്ള കഴിവിലാണു ജനാധിപത്യവിജയം കുടികൊള്ളുക." [4]

---

1 Summa Theol. II-II, q. 64, a. 2.
2 Ibid., II-II, q. 64, a. 3.
3 Conf. Ross E. J., A Survey of Sociology, p. 426.
4 M. Burne and J. W. Peltason, Government by the People, New York, Prentice-Hall, 1952, p. 578.

കാര്യനിർവ്വഹണമണ്ഡലത്തിൻെറ പ്രധാന കർത്തവ്യങ്ങഠം താഴെ ചേർക്കുന്നു:-

1) നിയമസഭ നിർമ്മിച്ച നിയമങ്ങളും കോടതി വിധികളും നടപ്പാക്കുക.

2) സമുദായത്തിലെ വിധ്വംസകാംഗങ്ങളുടെ അക്രമങ്ങളെ തടഞ്ഞു സമൂഹത്തിൽ ശാന്തിയും ക്രമവും പാലിക്കുക.

എന്നാൽ, നിയമസമാധാനപാലകർക്ക് ഇതു് അസാധ്യമാകുമ്പോഴേ, ഗവൺമെൻറ് ഇക്കാര്യത്തിലിടപെടേണ്ടതുള്ളു. സാമാന്യസന്ദർഭങ്ങളിൽ പോലീസും കോടതിയും ഇതു നിർവ്വഹിച്ചുകൊള്ളും.

3) വിദേശാക്രമണങ്ങളിൽനിന്നും നാടിനെ സംരക്ഷിക്കുക. അന്യരുടെ ആക്രമണത്തിൽനിന്നും സ്വയം രക്ഷനേടുവാൻ വ്യക്തികഠംക്കെന്നപോലെതന്നെ രാഷ്ട്രത്തിനും അവകാശമുണ്ട്. "രാജ്യത്തിൽ സമാധാനം പാലിക്കാനും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രാജ്യത്തെ രക്ഷിക്കാനും ഏതൊരുരാജ്യത്തിനും സൈന്യശക്തി ആവശ്യമാണ്."* കരസൈന്യം, കടൽസൈന്യം, വ്യോമസേന ഇവരാണ് ഇക്കാര്യം നിർവ്വഹിക്കുക.

സംരക്ഷണമൊഴികെ മററു കാര്യനിർവ്വഹണങ്ങഠം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥമണ്ഡലമാണു നടത്തുന്നതു്. ഉദാ:

1) ഓരോ വകുപ്പിലേയും കാര്യങ്ങഠം അതാതു വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ആ വകുപ്പിൻെറ നേതൃത്വം വഹിക്കുന്ന മന്ത്രിയുംകൂടി നടത്തുന്നു.

2) പോലീസും സൈന്യവും ചേൎന്നു ആഭ്യന്തരവും ബാഹ്യവുമായ ക്രമസമാധാനപാലനം നടത്തുന്നു.

3) ഗവൺമെൻറിൻെറ ഭരണചിലവുകഠംക്കായി നികുതി പിരിക്കുന്നതു റവന്യൂ (നികുതി) വകുപ്പാണ്. ഇതിൽ ഒന്നാമത്തെ വിഭാഗത്തെ "ഭരണവിഭാഗ"മെന്നും (Governative power) രണ്ടാമത്തെ വിഭാഗത്തെ, "നിയന്ത്രകശക്തി" (Coercetive power) യെന്നും മൂന്നാംവകുപ്പിനെ "പരിപാലന" (Administrative power) വകുപ്പെന്നും നമുക്കു നാമകരണം ചെയ്യാം.

**176. നികുതിപിരിവ്:** റവന്യൂവകുപ്പിൻെറ മുഖ്യ ജോലി നികുതിപിരിക്കുകയാണ്—ഭരണകൂടത്തിൻെറ ചിലവിനു കരംപിരിവ് ആവശ്യമാണെന്നതു വ്യക്തം. തങ്ങഠംക്കു ഗവൺമെൻറ

* St. Thomas, De Regim. Princip. Lib. IV c. XXV.

ചെയ്യുന്ന ബഹുവിധസേവനങ്ങൾക്ക നികുതിയായി പണംകൊടു ക്കേണ്ടതാണെന്നു സമൂഹത്തിനറിയാം. നികുതി രണ്ടുവിധമുണ്ട്. പ്രത്യക്ഷവും പരോക്ഷവും. വ്യക്തികളിൽനിന്നു നേരിട്ടുപിരിക്കു ന്നതു പ്രത്യക്ഷനികുതി. ഉദാ: നിലനികുതി, വീട്ടുനികുതി, ആദായ നികുതി ആദിയായവ. മൂന്നാമതൊരാളിൽനിന്നും ഇടാക്കുവാൻ അനുമതി നല്കികൊണ്ടു വ്യാപാരികളിൽനിന്നും മററും വാങ്ങുന്ന നികുതിയാണു പരോക്ഷനികുതി. ഉദാ: വിവിധതരം വില്പനനികു തികൾ; പുകയില, മദ്യം, മുതലായവയുടെ ചുങ്കം.

നിത്യോപയോഗവസ്തുക്കളുടെമേൽ നികുതിചുമത്തുക ജനാധി പത്യവിരുദ്ധവും അന്യായവുമാണ്; വിശിഷ്യാ ആഡംബരവസ്തുക്കളും അവശ്യസാധനങ്ങളും തമ്മിൽ യാതൊരു വിവേചനവുമില്ലാതെ നികുതിചുമത്തുമ്പോൾ, നിത്യോപയോഗവസ്തുക്കളെ മൂന്നായി തരം തിരിക്കാം. 1. അവശ്യജീവനോപാധികളായ ഭക്ഷ്യസാധനങ്ങളും (അരി, കറി മുതലായവ) വസ്ത്രവും (സാധാരണ) 2. സാധാരണാ വശ്യങ്ങൾ (Accessory needs) പഞ്ചസാര, സാമാന്യപാനീയങ്ങൾ മുതലായവ. 3. വെറും ആഡംബരവസ്തുക്കൾ. (mere luxuries) ഉദാ: പരിമളവസ്തുക്കൾ, വിലയേറിയ പട്ടുവസ്ത്രങ്ങൾ, അസുലഭ ഭക്ഷ്യ പേയങ്ങൾ (കുടി പുകവലി മുതലായവ)[1]

ഇവയിൽ അവശ്യസാധനങ്ങളുടെമേൽ കഴിയുന്നത്ര കുറച്ചും ആഡംബരവസ്തുക്കളുടെമേൽ ഏററം കൂടുതലും നികുതി ചുമത്താനാണു ഗവണ്മെൻറ ശ്രമിക്കേണ്ടതു്; അല്ലെങ്കിൽ പണക്കാരും പാപങ്ങളും ഒരുപോലെ നികുതി കൊടുക്കേണ്ടിവരും. ഒരുദാഹരണംകൊണ്ടു വിശദീകരിക്കാം: ആൎക്കും അപരിത്യാജ്യവസ്തുവായ ഉപ്പിനു വമ്പിച്ച നികുതി ചുമത്തുന്നുവെന്നു കരുതുക. ധനികനും ദരിദ്രനും ഒരുപോലെ നികുതികൊടുക്കേണ്ടിവരും. അതത്ര സമീചീനമല്ലെന്നു വ്യക്തമല്ലേ? എന്നാൽ, ഉപ്പിനു അല്പനികുതിയും ആഡംബരവസ്തുക്കളായ പരിമള ദ്രവ്യങ്ങൾക്കും പട്ടുടുപ്പുകൾക്കും കാറിനും മററും വമ്പിച്ച നികുതിയും ചുമത്തിയാൽ അതു് എത്രയും സമുചിതമായിരിക്കും. ഇതിനെയാണു ക്രമോന്നതനികുതി അഥവാ Progressive taxation എന്നു പറയുന്നതു്. എന്നാൽ, ഗവണ്മെൻറ വീക്ഷണകോണത്തിൽ ഈ അവശ്യവസ്തു ക്കളിന്മേലുള്ള നികുതി ഏററം പ്രായോഗികമാണ്. പിരിച്ചെടുക്കൽ പെട്ടെന്നു നടക്കും; ഏററം നിസ്സാരതോതിലായാലും നല്ലൊരു തുക തുക ലഭിക്കയുംചെയ്യും. പുകവലിക്കാർ മുതലായവർ ഈ നികുതി അറിയാതെതന്നെ കൊടുത്തുപോകുന്നു.

1 Conf. Messner J., Social Ethics, pp. 636—639.

ആദായനികുതിയുടെ കാര്യത്തിലും ഇപ്പറഞ്ഞതു് ഏററം ശരിയാണ്. "ആനുപാതികനികുതി" (Proportional tax) "ക്രമോന്നത നികുതി" എന്ന രണ്ടുതരം നികുതികഠം ഈ വിഷയത്തിൽ പരിഗണനീക്കേണ്ടതായിട്ടുണ്ടു്. ആനുപാതികനികുതിയെന്നാൽ ആദായത്തിൻെറ ഇത്ര ശതമാനം നികുതിയെന്ന വ്യവസ്ഥയാണു്. ആദായം എത്ര വലുതോ ചെറുതോ ആയിക്കൊള്ളട്ടെ നിരക്കു് എപ്പോഴും തുല്യമായിരിക്കും. ഉദാ: 6% നിരക്കുവച്ചു് 1000/-ക.യ്ക്കു് 60/-ക.യും 10,000/-കയ്ക്കു് 600/-ക.യും ആയിരിക്കും നികുതി. എന്നാൽ, ഈ ആയിരം രൂപാമേലുള്ള 60/-ക. പതിനായിരം രൂപാമേലുള്ള 600/-ക. യേക്കാഠം ദുർവ്വഹമാണെന്നു പറയണമെന്നില്ലല്ലോ. അതേകാരണത്താൽ ചെറുകിടവരുമാനമുള്ളവർക്കു് ഈ ആനുപാതികനികുതി അന്യായമാണു്. ആകയാൽ, ഒരു പ്രത്യേക പരിധിവരെ ക്രമോന്നത നികുതി (Progressive taxation) ആവശ്യമാണു്. എന്നാൽ ഇതു ബഹുദൂരം നീട്ടിക്കൊണ്ടുപോയാൽ അവിടെയും തകരാറുപിണയും. നികുതി വരുമാനത്തെത്തന്നെ വിഴുങ്ങിക്കളയും. ഉദാഹരണം: ആയിരത്തിനു 2 ക. നിരക്കിലാരംഭിച്ചു് അടുത്ത ഓരോ ആയിരത്തിനും 2 ക.വീതം ക്രമേണ കൂട്ടിക്കൂട്ടി നികുതി ചുമത്തുന്നുവെന്നു കരുതുക. അപ്പോഠം ആദ്യത്തെ ആയിരത്തിനു് 2 ക. രണ്ടാമത്തെ ആയിരത്തിനു് 4 ക. മൂന്നാമത്തെ ആയിരത്തിനു 6 ക. 5-ാമത്തേതിനു് 10 ക. 10-ാമത്തേതിനു് 20 ക. 100-ാമത്തേതിനു 200 ക. ഇങ്ങനെ ക്രമേണ വർദ്ധിക്കുന്നു. അങ്ങനെ പോയാൽ ആയിരാമത്തെ 1000/=നു് 2000 ക. നികുതി (ആയിരം രൂപയ്ക്കു 2000 ക. നികുതി!) എന്ന ഗതികേടിലാണു നാമെത്തുക. ആ നിരക്കുവച്ചു് 10,00,000 ക.യുടെ നികുതികൊടുക്കേണ്ടയാഠം ആദായംമുഴുവൻ നികുതികൊടുത്ത ശേഷം വീണ്ടും കുറെ കടംകൂടി വാങ്ങേണ്ടിവരും നികുതിതീർക്കുവാൻ! ആകയാൽ ഈ വിഷമസന്ധി ഒഴിവാക്കുവാൻ ഇത്തരം ക്രമോന്നത നികുതികഠം വിലോമാനുപാതത്തിൽ വേണം വർദ്ധിപ്പിക്കുവാൻ; ആയിരങ്ങഠം കൂടുന്തോറും നികുതിനിരക്കു കുറച്ചുകുറച്ചുകൊണ്ടുവരണം.

## ഗ്രന്ഥസൂചി.


St. Thomas De Regimine Principum, Lib. I, C. ii

Meyer, S. J., Institutiones Juris Naturae Pars. II, Sectio. III, c. V.

Lorenzo Dardano, Elements of Social Science, P. 84

J. A. Ryan, The Catholic Church and Citizen (Burns & Oates, London, 1928).

Cronin, Michael, The Scicnce of Ethics, Vol. pp. 599—630.

Higgins, Man as Man pp. 474—490.

Messner, J., Social Ethics, pp. 636—639.

Appadorai, The Substance of Politics, pp. 272—282.

Aristotle, Politicorum, IV, 14.

Ross, E., J., A Survey of Sociology, p. 426.

J. M. Burns and J. W. Peltason, Government by the people, p. 578.

# 9

# രാഷ്ട്രത്തോടുള്ള അനുസരണം.

**177.** എല്ലാ അധികാരങ്ങളും—സാമൂഹികാധികാരങ്ങളടക്കം ആത്യന്തികമായി സർവ്വനാഥനായ ദൈവത്തിൽനിന്നാണു ലഭിക്കുന്നത്. തന്മൂലം ന്യായമായ നിയമങ്ങളെല്ലാം ദൈവത്തിൽനിന്നുതന്നെ വരുന്നതായി പരിഗണിക്കുകയും ദൈവനിയമംപോലെ തന്നെ നാം അനുസരിക്കുകയും ചെയ്യണം. ആകയാൽ യഥാർത്ഥ സാമൂഹികാധികാരികളുണ്ടാക്കുന്ന നീതിപൂർവ്വകമായ നിയമങ്ങൾ അനുസരിക്കാനുള്ള ബാധ്യത സ്പഷ്ടമാണ്. അതുകൊണ്ടു നിയമലംഘനങ്ങൾ "എമ്മാനുവൽ കാൻറ" പറയുന്നതുപോലെ വെറും നൈയ്യാമികകുററം മാത്രമല്ല. അവ ധാർമ്മികകുററംകൂടിയാണ്. ഈ ക്രൈസ്തവാദർശം സെൻറ് പോൾ ഇപ്രകാരം വിവരിക്കുന്നു: "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല. ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കയും ചെയ്യുന്നു. തന്മൂലം അധികാരത്തോട് എതിർത്തുനില്ക്കുന്നവൻ ദൈവത്തിൻെറ കല്പനയോട് എതിർത്തുനില്ക്കുന്നു. അവയോട് എതിർത്തുനില്ക്കുന്നവർ ശിക്ഷാവിധി പ്രാപിക്കുകയും ചെയ്യും........ഇതിനാൽ കോപത്തെക്കുറിച്ചു മാത്രമല്ല, നമ്മുടെ മനസ്സാക്ഷിയെക്കുറിച്ചുകൂടെയും കീഴ്പ്പെടുവാൻ നമുക്കു ആവശ്യമാകുന്നു." [1]

ഇതേക്കുറിച്ചുതന്നെ പോപ്പ് ലേയോ 13-ാമൻ പറയുന്നതു കേൾക്കുക: "അയോഗ്യനായ ഒരു വ്യക്തിയാൽ പ്രയോഗിക്കപ്പെട്ടപ്പോൾപ്പോലും, ലൗകികാധികാരത്തെ, ക്രിസ്ത്യാനികൾ ദൈവിക പ്രാഭവത്തിൻെറ ഒരു പ്രതിരൂപമോ സാദൃശ്യമോ എന്ന വിധം പരിശുദ്ധമായി പരിഗണിക്കുന്നു. ഭീഷണിയോ ശക്തിപ്രയോഗമോ കൂടാതെ ധാർമ്മികാവബോധത്തിൽനിന്നും അവർ ഈ നിയമങ്ങൾക്ക് അർഹവും ന്യായവുമായ ബഹുമാനം നല്കുന്നു. ദൈവം അവർക്കു ഭയത്തിൻെറ അരൂപിയല്ലല്ലോ നല്കിയിരിക്കുന്നത്." [2]

---

1 St. Paul, Rom., XIII, 1, 2, 5.
2 Encycl. Sapientiae Christianae.

### 178. മനസ്സാക്ഷിക്കടമുള്ള സിവിൽനിയമങ്ങൾ:

യഥാർത്ഥ സിവിൽനിയമങ്ങൾ സ്വാഭാവിക നിയമങ്ങളുടെ നിഗമനമോ പ്രയോഗമോ ആയിരിക്കും. സ്വാഭാവിക നിയമത്തിൽ അവ്യക്തവും സുവ്യംഗ്യവുമായതിനെ ഇവ വ്യക്തവും ഖണ്ഡിതവുമാക്കുന്നു. അങ്ങനെ രാഷ്ട്രാധികാരം സ്വാഭാവികനിയമത്തെ മുറുകെപ്പിടിച്ചുകൊണ്ട് അതിൻെറ നാമത്തിലാണു നിയമങ്ങൾ നിർമ്മിക്കുന്നത്. തന്മൂലം അതിനുള്ള (സ്വാ. നി.) മനസ്സാക്ഷിബന്ധനശക്തി ഇതിനും കൈമാറുന്നു. ക്രൈസ്തവധാർമ്മികശാസ്ത്രജ്ഞരിൽ പ്രമുഖനായ "സ്വാരസ്" പറയുന്നു: "ദൈവത്തിൻെറ ഒരു കാര്യസ്ഥനെന്ന നിലയിലാണു രാഷ്ട്ര നിയമനിർമ്മാതാവു നിയമങ്ങളുണ്ടാക്കുന്നത്. സ്വാഭാവികനിയമങ്ങൾ അങ്ങനെ ചെയ്യുവാൻ അവരോട് ആവശ്യപ്പെടുന്നു. ഈ അധികാരവും അതിൻെറ പ്രവർത്തനങ്ങളും പൊതുനന്മയ്ക്കു ആവശ്യമാണ്." * ഇതിൽനിന്നു സിവിൽ നിയമങ്ങൾ അനുസരിക്കുവാൻ മനസ്സാക്ഷിക്കടുത്ത കടമുണ്ടെന്നു സ്പഷ്ടമാണല്ലോ?

ചില നിയമങ്ങൾ പൊതുനന്മയ്ക്കു് അവശ്യാവശ്യമാണ്; എന്നാൽ, മററുചിലവ ഉണ്ടെങ്കിൽ ഉപകാരപ്രദമാണെന്നേയുള്ളു. ഇരുതരം നിയമങ്ങളും നമ്മുടെ അനുസരണം ആവശ്യപ്പെടുന്നു. എന്നാൽ, ഇനിയും ചിലവ വെറും "ശിക്ഷാനിയമങ്ങ"ളും (Penal laws) മററുചിലവ മിശ്രനിയമങ്ങളു (Mixed law) മാണ്. നിയമലംഘനം കണ്ടുപിടിച്ചു, ശിക്ഷനല്കിയാൽ അതു സ്വീകരിക്കുവാൻകടമുണ്ട് എന്ന നിലയിൽമാത്രം മനസ്സാക്ഷിയെ കടപ്പെടുത്തുന്നവയാണു ശിക്ഷാനിയമങ്ങൾ. വെറും ശിക്ഷാനിയമങ്ങൾ മനസ്സാക്ഷിയെ നേരിട്ടു ബന്ധിക്കുന്നില്ല. ഇത്തരം നിയമങ്ങളുടെ അസ്തിത്വം എല്ലാവരും സമ്മതിക്കുന്നുണ്ട്. സന്യാസസഭകളിലെ (പ്രത്യേക) നിയമങ്ങൾ പലതും ഇത്തരത്തിലുള്ളതാണ്. എന്നാൽ, നേരിട്ടു മനസ്സാക്ഷിയെ ബന്ധിക്കുന്ന സിവിൽനിയമങ്ങൾ ഏതെല്ലാമാണെന്ന കാര്യത്തിൽ ഇന്നും പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമില്ല.

ആധുനികനിയമനിർമ്മാതാക്കൾ, ചില നിയമങ്ങൾക്കു മനസ്സാക്ഷിബാധ്യതയുണ്ടെന്നു പ്രഖ്യാപിക്കാതിരുന്നാലും (അങ്ങനെ ഒരു ബാധ്യതയേപ്പററിത്തന്നെ അവരിലെത്രപേക്ക് അറിവുകാണും!) സാമുദായികനന്മയെ കാര്യമായി ബാധിക്കുന്നവയാണവയെങ്കിൽ,

* De Legibus, Lib. III, Chap. 21.

അവ അനുസരിക്കുവാൻ നമുക്കു മനസ്സാക്ഷിക്കടമുണ്ട്. ഗവണ്മെൻറിനു ചില പ്രത്യേക നികുതികൊടുക്കുവാനുള്ള നിയമം ഇത്തരത്തിൽപ്പെടുന്നു. ധാർമ്മിക—ശിക്ഷാനിയമങ്ങളെപ്പററി പറയുകയിൽ "വെർമീർഷ്" എന്ന താത്വികൻ പറയുന്നു: "വളരെ സ്വാതന്ത്ര്യമായ ഒരു വ്യാഖ്യാനമാണ് ആധുനികകാലത്തു സിവിൽനിയമങ്ങൾക്കു നല്കാവുള്ളതു്. പൊതുനന്മ ഭദ്രമാക്കുവാൻ ഈ കടമ ആവശ്യമുള്ളതുമാത്രമേ അവ മനസ്സാക്ഷിക്കടമുള്ള ധാർമ്മികനിയമങ്ങളാകയുള്ളൂ." * മററെല്ലാനിയമങ്ങളും വെറും ശിക്ഷാനിയമങ്ങളാണ്. അദ്ദേഹം തുടർന്നുപറയുന്നു: നിയമലംഘകർ പിഴ അടയ്ക്കുകയോ ജയിൽശിക്ഷ അനുഭവിക്കുകയോ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നുവെന്നിടത്തോളമേ ഇവയ്ക്കു മനസ്സാക്ഷിക്കടമുള്ളൂ; അതും ജഡ്ജിയുടെ ശിക്ഷാവിധിക്കുശേഷംമാത്രം. ഇത്തരം നിയമങ്ങൾക്കുദാഹരണമാണു വാഹനഗതാഗതനിയമങ്ങൾ, മീൻപിടുത്തം നായാട്ടു മുതലായവ തടയുന്ന നിയമങ്ങൾ, കടത്തുചുങ്കങ്ങൾ, മുതലായവ. ചുരുക്കത്തിൽ പൊതുവേ മിക്ക സിവിൽനിയമങ്ങളും ശിക്ഷാനിയമങ്ങളാണെന്നു പറയാം.

പ്രായോഗികസൗകര്യത്തിനായി സിവിൽനിയമങ്ങളെ നമുക്കു താഴെ കാണുംവിധം തരംതിരിക്കാം:–

1) സ്വാഭാവികനിയമങ്ങളെ പ്രായോഗികരൂപത്തിൽ അവതരിപ്പിക്കുന്നവ. ഇവ അനുസരിക്കുവാൻ നമുക്കു മനസ്സാക്ഷിയിൽ കടമുണ്ട്. ഉദാ: കൊല്ലരുതു്, മോഷ്ടിക്കരുതു് മുതലായവ. നമ്മുടെ പത്തു കല്പനകളിൽപ്പറയുന്നവ എല്ലാംതന്നെ ഉദാഹരിക്കാം.

2) സാമൂഹികക്രമപാലനത്തിനു് അവശ്യാവശ്യമായവ: ഇവയ്ക്കും മനസ്സാക്ഷി ബാധ്യതയുണ്ട്. അടിയന്തിരഘട്ടങ്ങളിലെ അനുശാസനങ്ങൾ, പൊതുവെയുള്ള നികുതികൾ ഇവ ഈ ഇനത്തിൽപ്പെടും.

3) പൊതുനന്മയ്ക്കു് ഉപയോഗപ്രദമായവ—എന്നാൽ, അവശ്യാവശ്യമല്ലാത്തവ: വെറും ശിക്ഷാനിയമങ്ങളായി ഇവയെ കണക്കാക്കാവുന്നതാണ്. ഉദാ: വാഹനനിയന്ത്രണനിയമങ്ങൾ മുതലായവ.

---

* Theologia Moralis, Vol. I, n. 178. Universitas Gregoriana Romae, 1947.

പോലീസും നീതിന്യായവകുപ്പുംവഴി നിയമപാലനത്തിൽ, കാര്യക്ഷമമായ നിയന്ത്രണം പാലിക്കുവാൻ ഇക്കാലത്തു നിയമദാതാക്കൾക്കു കഴിയുന്നതിനാൽ, "അവശ്യാവശ്യ" (Necessary) നിയമങ്ങളൊഴികെ ബാക്കിയെല്ലാം വെറും ശിക്ഷാനിയമങ്ങളായി കരുതാവുന്നതാണ്.

## 179. സിവിൽഅധികാരത്തിൻെറ പരിമിതി:

ജനതയുടെ ലൗകികാഭിവൃദ്ധി നേടുവാനാണല്ലോ രാഷ്ട്രാധികാരം സ്ഥാപിതമായിരിക്കുന്നതു്. തന്മൂലം പൗരാവലിയുടെ സുഖക്ഷേമസമാധാനത്തിനു വേണ്ട നിയമനിർമ്മാണത്തിനു് അവർക്കധികാരവുമുണ്ടു്. എന്നാൽ, ഈ പരിധിക്കപ്പുറം അവർ പോയാൽ അവരുടെ നിയമങ്ങൾ അന്യായവും അസാധുവുമാകും. തന്മൂലം കുടുംബങ്ങളുടേയോ വ്യക്തികളുടേയോ അവകാശങ്ങളെ ലംഘിക്കുന്നതും അവരുടെ സ്വാതന്ത്ര്യത്തെ ധ്വംസിക്കുന്നതുമായ നിയമങ്ങളുണ്ടാകാതാരിക്കുവാൻ സിവിൽ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കണം. സന്താനോൽപാദനത്തിനും വിദ്യാഭ്യാസത്തിനും സത്യാന്വേഷണത്തിനും ജീവിക്കുവാനും വിവാഹംകഴിക്കുവാനും ഉള്ള അവകാശങ്ങൾ അലംഘനീയവും മൗലികവുമാണ്. അവ രാഷ്ട്രങ്ങളുടെ സൗജന്യദാനമല്ല. അത്തരം അവകാശങ്ങൾ നിരോധിച്ചു നിയമനിർമ്മാണംചെയ്യുവാൻ അവയ്ക്കധികാരവുമില്ല.

## 180. സ്വേച്ഛാധികാരത്തോടുള്ള എതിർപ്പ്:-

എതിർപ്പു മൂന്നുതരത്തിലാവാം: 1) നിവൎത്തനസമരം., 2) പ്രവൎത്തനസമരം., 3) സായുധസമരം.

1) <u>നിവർത്തനസമരം:</u> നിയമങ്ങൾ പാലിക്കാതെയുള്ള നിസ്സഹകരണമാണിതു്. എന്നാൽ നിയമങ്ങൾ നീതിപരമാണെങ്കിൽ അവ അനുസരിക്കാതിരിക്കുക ധാർമ്മികതിന്മയാണ്. എങ്കിലും നിവൎത്തനസമരം അനുവദനീയമാണ്. ദൈവികനിയമങ്ങൾക്കെതിരായവ, രാഷ്ട്രനിയമങ്ങൾ അനുശാസിക്കുകയാണെങ്കിൽ ഈ ദ്വന്ദസമരം ഒരാവശ്യംതന്നെ ആയിത്തീരുന്നു. "ദൈവത്തെയാണ നമ്മൾ മനുഷ്യരേക്കാൾ കൂടുതൽ അനുസരിക്കേണ്ടതു്." [1]

2) <u>പ്രവൎത്തനസമരം:</u> ഭരണഘടനാപരവും നൈയ്യാമികവുമായ സമരമാണിതു്. അതിനാൽ ഇതു തികച്ചും ന്യായയുക്തമാണ്;

1 Act. V. 29.

കാരണം ലക്ഷ്യം നല്ലതും മാർഗ്ഗം നീതിപരവും ധാർമ്മികവുമാണ്. കൂടുതൽ കുഴപ്പത്തിലേക്കു രാജ്യത്തെ വലിച്ചിടാതെ, വിജയസാധ്യത മിക്കവാറും തീർച്ചയുള്ളപ്പോൾ ഈ സമരം സർവ്വഥാ സമാദരണീയവുമാണ്.

3) സായുധസമരം: നിയമനിർവ്വഹണത്തേയും അധികാരത്തേയും ആയുധമുപയോഗിച്ച് എതിർക്കുന്ന സമരം: ക്രൂരസ്വേച്ഛാധിപത്യത്തിനെതിരെയാണ് ഈദൃശസമരം നടത്തേണ്ടിവരിക. ആകയാൽ ക്രൂരസ്വേച്ഛാധികാരി ക്രൂരസ്വേച്ഛാധിപത്യം (Tyrrony) എന്നിവ എന്തെന്നു നമുക്കു നോക്കാം. പൊതുനന്മയെ അപകടപ്പെടുത്തുന്നവിധം തങ്ങളുടെ അധികാരം പതിവായി ഗൗരവാവഹമായ കാര്യങ്ങളിൽ ദുരുപയോഗിക്കുന്ന രാജാവോ ഭരണാധിപതികളോ ആണു സ്വേച്ഛാധികാരികൾ. പൊതുജനക്ഷേമത്തിൽ അല്പംപോലും ശ്രദ്ധപതിപ്പിക്കാതെ രാജ്യത്തെ നാശത്തിലേക്കു നയിക്കുകയാണിവർ ചെയ്യുക. അത്തരം അവസരങ്ങളിൽ സ്ഥിതിഗതികൾ നേരെയാക്കുവാനുപയോഗിച്ച മററുമാർഗ്ഗങ്ങളെല്ലാം പരാജയപ്പെടുമ്പോൾ, ഈ ഭരണാധിപതികൾക്കെതിരെ സായുധസമരം നടത്താമോ? അതു ന്യായപൂർണ്ണമാണോ? "ബോസ്വെ"യേപ്പോലുള്ള ശാന്തശീലരായ ചിന്തകർ പറയും, ഒരിക്കലും ഒരു സായുധവിപ്ലവം അനുവദനീയമല്ലെന്ന്: "സ്വേച്ഛാധിപതികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ച് പ്രയാസങ്ങൾ സഹിക്കുക"യാണ് ജനങ്ങൾ ചെയ്യേണ്ടതെന്ന്.

എന്നാൽ, സെൻറ് തോമസ്, ബെല്ലാർമിൻ, സ്വാരസ് തുടങ്ങിയ പ്രഖ്യാതദൈവശാസ്ത്രവിദഗ്ദ്ധന്മാരുടെ ആധികാരികപ്രബോധനത്തിൽ അധിഷ്ഠിതമായ പൊതുചിന്താഗതി, "സ്വയരക്ഷയ്ക്കും സ്വേച്ഛാധിപമർദ്ദനത്തിനുമെതിരെ സായുധസമരംതന്നെ വേണ്ടിവന്നാൽ ആകാമെന്നാണ്." എന്നാൽ, അതു നീതികരിക്കപ്പെടണമെങ്കിൽ താഴെ പറയുന്ന നാലു വ്യവസ്ഥകൾ അവശ്യം നിറവേറിയിരിക്കണം:

1) ദീർഘകാലസ്വേച്ഛാധിപത്യത്തിനെതിരെയാവണമതു്; അതായതു്, ജനതയെ ദീർഘകാലമായിട്ടു ദ്രോഹിക്കുകയായിരുന്നിരിക്കണം.
2) സമരം തുടങ്ങുന്നതിനുമുമ്പായി നിവർത്തനസമരമുൾപ്പെടെ എല്ലാ ന്യായമായ മാർഗ്ഗങ്ങളും പരീക്ഷിച്ചു പരാജയമടഞ്ഞിരിക്കണം.

3) സായുധവിപ്ലവം വിജയപ്രദവും ജനങ്ങൾക്ക ഗുണപ്രദവു മാകുമെന്ന ഉറച്ച ശുഭപ്രതീക്ഷയുണ്ടായിരിക്കണം.

4) ഗവണ്മെൻറ സ്വേച്ഛാധിപതിയാണെന്ന തീരുമാനം ബഹുഭൂരിപക്ഷത്തിൻേറതാവണം; ഒരു പ്രത്യേകപാർട്ടിയോ ഏതാനും വ്യക്തികളോ മാത്രം അങ്ങനെ വിധിച്ചാൽ പോരാ.[1]

മാന്യവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പുകൾ ഇടയ്ക്കിടെ നടത്തുവാൻ സൗകര്യമുള്ള നാടുകളിൽ ഇത്തരമൊരു സായുധസമരത്തിൻേറയും അധികാരക്കൈമാററത്തിൻേറയും ആവശ്യം അപൂർവ്വമായേ ഉണ്ടാകൂ. അവസാനമായി, ലഹളയും സമരവും തമ്മിലുള്ള വ്യത്യാസവുംകൂടി നന്നായി നാം മനസ്സിലാക്കണം. തെററുചെയ്യാത്ത ഒരു ഗവണ്മെൻറിൻെറനേരെ തക്ക കാരണമില്ലാതെ നടത്തുന്ന ആക്രമണമാണ ലഹള (Rebellion). മുൻവിവരിച്ചവിധം തുടരുവാൻ അധികാരമില്ലാത്തവിധം ദുഷിച്ച ഗവണ്മെൻറിനെതിരെയുള്ള പൗരാവലിയുടെ ന്യായപൂർവ്വമായ സമരമാണ സായുധസമരം.[2]

**181. 'നിയമവിരുദ്ധമായ' (Non De Jure) ഭരണകൂടങ്ങളെ എതിർക്കാമോ?** "ഒരു സംഗതി സംഭവിച്ചുവെന്നതുകൊണ്ടുമാത്രം അതു ന്യായപൂർവ്വമായിത്തീരുന്നില്ല" എന്നതു ധാർമ്മികശാസ്ത്രത്തിലെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ്. അല്ലെങ്കിൽ, ഏതു കളവും കൊള്ളയും അവ സംഭവിച്ചു എന്ന കാരണത്താൽ ന്യായീകരിക്കപ്പെടേണ്ടിവരുമായിരുന്നു! ഈ തത്വത്തെ രാഷ്ട്രീയമണ്ഡലങ്ങളിലേക്ക പ്രയോഗിച്ചാൽ രസാവഹമായ ഒരു ഒരു പ്രശ്നമുയരും. ക്രോംവെൽ വിജയപൂർവ്വം ഐർലണ്ടിൽ നടത്തിയ യുദ്ധം, 'അതു വിജയകരമായിരുന്നു' എന്ന ഏക കാരണത്താൽമാത്രം

---

1 ഹൈന്ദവ ധാതാത്വികമണ്ഡലത്തിൽ 'നാരദൻ' സ്വേച്ഛാഭരണത്തിനെതിരെ നിർദ്ദേശിക്കുന്നതു സമ്പൂർണ്ണസമരരാഹിത്യമാണ്. എന്നാൽ, മററു ഹൈന്ദവപണ്ഡിതർ ദുഷ്ടരാജാക്കന്മാരെ പിശാചുക്കളായി വിശേഷിപ്പിക്കുകയും അവരുടെ സ്ഥാനഭ്രംശനവും വധം തന്നെയും, ശരിവെയ്ക്കുകയുമാണ ചെയ്യുന്നതു്. Conf. അപ്പദൊരൈ, The Substance of Politics. P. 53.

2 Conf. 1) P. Marcellus, O. C. D., Philo., Sdho., Vol. III p. 449-450.
2) Meyer, S. J., Instit. Juris Nat., Vol. II, nn. 531-532.
3) V. Cathrein, S. J., Phil., Mor., nn. 612-616.

The Substance of Politics

ഐറിഷുകാരെ അടക്കിഭരിക്കുവാനുള്ള അവകാശം ഇംഗ്ലീഷുകാർക്കു നല്കുന്നുണ്ടോ? അപ്പോഠം വെറും വിജയത്തിനു പുതിയ അവകാശങ്ങഠം സൃഷ്ടിക്കുവാൻ സാധ്യമല്ലെങ്കിൽ ഉണ്ടായിരുന്നവയെ നശിപ്പിക്കുവാനും സാധ്യമല്ല. ഒരു രാജ്യം മറെറാരു രാജ്യത്തെ അന്യായമായി ആക്രമിച്ചു കീഴടക്കിയതുകൊണ്ടുമാത്രം പരാജിതരുടെ സ്വയംഭരണാവകാശം നഷ്ടമാകുന്നില്ല. ഈ തത്വം മറെറാരു പ്രശ്നത്തിലേക്കാണ് ഉടനെ വിരൽചൂണ്ടുക. അത്തരം ഒരു രാജ്യത്തേ പരാജിതപൗരന്മാർ അക്രമികളുടെ ഈ അന്യായഭരണകൂടങ്ങളുടെ നിയമങ്ങഠം അനുസരിക്കണമോ? ഒരിക്കലും വേണ്ട. അനുസരിക്കാനുള്ള കടമ, കല്പിക്കാനുള്ള ന്യായ്യപൂർവ്വമായ അധികാരവുമായി പരസ്പരബന്ധിതമാകയാൽ നിയമവിരുദ്ധമായ ഒരധികാരത്തെ അനുസരിക്കുവാൻ അവർക്കു സ്വതവേ കടമയില്ല. അധികാരമില്ലാത്തവർ ആജ്ഞാപിച്ചാൽ അനുസരിക്കുവാൻ ആർക്കുണ്ടു കടമ? വന്നുപെട്ട ആ ഭരണകൂടത്തെ പൊറുപ്പിച്ചുകൊണ്ട് ജനങ്ങഠം തൽക്കാലം അവരെ അനുസരിച്ചാലും, അതു് അത്തരം അക്രമികളുടെ അവകാശത്തിന്റെ അംഗീകരണമായി ഒരിക്കലും വ്യാഖ്യാനിച്ചുകൂടാ. ന്യായാനുസൃതമായ തങ്ങളുടെ ഗവണ്മെൻറിനോടു കൂറും വിധേയത്വവും പുലർത്തിക്കൊണ്ട് ഇത്തരം കൈയേററക്കാരെ വേണമെങ്കിൽ അനുസരിക്കാമെന്നുമാത്രം.

എന്നാൽ, ഒന്നു പ്രത്യേകം ശ്രദ്ധിക്കണം: "ഇവരുടെ നിയമങ്ങഠം പാലിക്കുവാൻ ജനങ്ങഠംക്കു 'സ്വതവേ' (Per se) കടമയില്ല. 'സ്വതവേ' എന്നു പ്രയോഗിച്ചതു മനഃപൂർവ്വമാണ്. ഇവർതന്നെ രാജ്യക്ഷേമകരങ്ങളായ നിയമങ്ങഠം അവതരിപ്പിച്ചാൽ-അതു് അവർ നല്കി എന്ന വീക്ഷണകോണത്തിലല്ല-അതു പൊതുജനക്ഷേമകാരിയാണ് എന്ന കാരണത്താൽ, അനുസരിക്കുവാൻ ജനങ്ങഠംക്കു മററു വിധത്തിൽ (സ്വതവേയല്ല; Per accidens) കടമയുണ്ട്.[1] ഇപ്രകാരം; ജർമ്മൻകാർ നല്കിയ നിയമങ്ങഠം അനുസരിക്കുവാൻ ബൽജിയംകാരെ കർഡിനൽ മേഴ്സിയർ ഒന്നാം ലോകമഹായുദ്ധക്കാലത്തു് ഉപദേശിക്കുകയുണ്ടായി. അതേ തത്വപ്രകാരം, അക്രമികഠംക്കായാലും സ്വന്തരാജ്യത്തിലേ സിവിൽ സൈനികച്ചിലവുകഠംക്കായി നികുതി കൊടുക്കുവാനും പൗരന്മാർക്കു കടമയുണ്ട്. അതും മുമ്പു വിവരിച്ചതുപോലെ, അക്രമികഠം ആവശ്യപ്പെട്ടതുകൊണ്ടല്ല, അവ രാജ്യനന്മയ്ക്കാ

1 Conf, Francisco Vitoria, Relect, De Potestate Civili., n. 2.

വശ്യകമായതുകൊണ്ടാണ്.* എന്നിരുന്നാലും, അവസരംവരുമ്പോൾ അക്രമികൾക്കെതിരെയുള്ള വിമോചനസമരത്തിൽ ചേരുവാനും അന്യായഭരണകൂടത്തെ മറിച്ചിടുവാൻ നേതാക്കളോടൊത്തു സമരം നടത്തുവാനും അവർക്ക് അവകാശമുണ്ട്.

---

* കാലം ഒരു സംഭവത്തേയും ന്യായ്യീകരിക്കുകയില്ല. പക്ഷേ, പൊതുനന്മ ആവശ്യപ്പെടുന്നുവെങ്കിൽ രാഷ്ട്രീയമണ്ഡലങ്ങളിൽ ചില "കാലഹരണങ്ങൾ" (quasi-prescription) അനുവദിക്കേണ്ടിവരും. കാലം കടന്നുപോകുന്നതോടെ പല തലമുറകൾക്കുശേഷം ഇത്തരം ഗവണ്മെന്റുകൾ പുതുരൂപംകൊള്ളുകയോ പുതു രാജാധിപത്യങ്ങൾ ആരംഭിക്കുകയോ ചെയ്യുമ്പോൾ, സമാധാനപൂർവ്വം ശരിയായി സ്ഥാപിതമാകുന്ന അത്തരം ഭരണകൂടങ്ങളെ പൊതുനന്മയ്ക്കുവേണ്ടി ന്യായ്യീകരിക്കേണ്ടിവരും. കാരണം, ന്യായ്യപൂർവ്വമായ ഒരു നേതൃത്വമില്ലാതെ ഒരു ജനതയ്ക്കും ദീർഘനാൾ നിലനില്ക്കുവാനോ അഭിവൃദ്ധിപ്പെടുവാനോ കഴിയുകയില്ല.

## ഗ്രന്ഥസൂചി.

P. Marcellus. O C.D., Philosophia Morails et Socialis, pp. 787—790.

V. Cathrein, S. J., Philosophia Moralis, pp. 475—480.

F. Rickaby, S. J. Moral Philosophy, p. 338.

Meyer, S. J., Institutiones Juris Naturae, Vol. II pp. 480– 535.

J. Balmes, European Civilization, Chap. 54.

Milner, Elements of Ethics, Chap. XVII.

Appadorai, The Substance of Politics, pp. 52—82.

Sturzo, L , The Inner Laws of Society, Kenedy & Sons, New York 1944, pp. 161—195.

Ryan and Boland, Catholic Principles of Politics, pp, 179—193. edit. Vives, Paris.

Suarez, F. Dc Legibus, III. Chap. 21.

Vermeersch, Theologia Moralis, Vol I, n. 2.

Ruthnaswamy, M., The Political Philosophy of Mr. Gandhi, pp. 25—28.

Francisco Vitoria, Rejectiones, De Potestate Civili, n. 2.

Leo XIII, Encyclical, Sapientiac Christianae.

Cronin Michael, The Science of Ethics, Vol. II, pp. 538—544.

Messner, Social Ethics, pp. 533—539.

Higgins, F. J. Man as Man, pp. 474—491.

Hass, Francis, Man and Society, pp. 195—215.

അദ്ധ്യായം IV

# സാർവ്വദേശീയസമുദായം.

## 1

## ആമുഖം.

**182. ഉത്ഭവം:** വ്യക്തികൾ തങ്ങളുടെ അവശ്യാവശ്യങ്ങൾ നിവ്വഹിച്ച പരിപൂർണ്ണത നേടുവാൻ സമൂഹമായി സംഘടിക്കുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. അതേ ലക്ഷ്യത്തെ മുൻനിറുത്തി സമൂഹങ്ങൾതന്നെ എങ്ങനെ ഒരു സവ്വലൗകികസമൂഹമായി സംഘടിക്കുന്നുവെന്ന് അടുത്തതായി നമുക്കു പരിശോധിക്കാം. സമൂഹങ്ങളുടെ ഉത്ഭവകാരണം മനുഷ്യന്റെ സാമൂഹികപ്രവണതയല്ലാതെ വേറൊന്നുമല്ല. സമൂഹചരിത്രത്തെക്കുറിക്കുന്ന രേഖകളൊന്നും നമുക്കു ലഭിച്ചിട്ടില്ലെന്നതു വാസ്തവം; എന്നാൽ, ഒരു സ്വതന്ത്ര്യഉടമ്പടിയിൽനിന്നു സമൂഹം സംജാതമായി എന്ന റൂസ്സോപ്രഭൃതികളുടെ "ഉടമ്പടിവാദം" ഇന്നും ചരിത്രപരമായി തെളിയിക്കപ്പെട്ടിട്ടില്ല. മനുഷ്യൻ ആദിമുതലേ സാമൂഹ്യപ്രവണതയുള്ളവനാണ് എന്നതാണ പരമാത്ഥം.

പിതൃകുലങ്ങളായിരുന്നു (Patriarchal Society) ആദ്യകാലത്തു രാഷ്ട്രീയസംഘങ്ങൾ. കാലക്രമേണ ഇന്നുള്ളമാതിരി വൻരാഷ്ട്രങ്ങൾ രൂപംകൊണ്ടു. വ്യക്തികൾക്ക് ഒററപ്പെട്ടു ജീവിച്ചു ജീവിതം വിജയിപ്പിക്കുക അസാധ്യമായതുപോലെതന്നെ രാഷ്ട്രങ്ങൾക്കും ഇന്നു് ഒരു സാർവ്വലൗകികസംഘടനയുടെ അംഗമാകാതെ വിജയപൂർവ്വം പുരോഗമിക്കുക ഏതാണ്ടു് അസാധ്യമായിത്തീർന്നിരിക്കുകയാണ്. രാഷ്ട്ര സംവിധാനം എത്രത്തോളം ഉന്നതമായിരിക്കുമോ അത്രയ്ക്കും രാഷ്ട്രങ്ങൾ തമ്മിലുള്ള പരാശ്രിതത്വവും പരസ്പരസഹായത്തിനുള്ള ആവശ്യവും വർദ്ധിച്ചുകൊണ്ടിരിക്കും. പണ്ടുകാലങ്ങളിൽ ഈ പരാശ്രിതത്വം ഇത്രയ്ക്കും ബഹുമുഖമോ സങ്കീർണ്ണമോ അപരിത്യാജ്യമോ ആയിരുന്നില്ല. എന്നാൽ, ഒരു ആധുനികരാജ്യത്തിനു വ്യവസായികവും വാണിജ്യപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും അന്യരാജ്യങ്ങളുമായി അവശ്യം ബന്ധം പുലർത്തേണ്ട ഒരു നിലയിലേക്കു് ഇന്നു ലോകം പുരോഗമിച്ചിരിക്കുന്നു. അതിനാൽ, അത്തരം പ്രശ്നങ്ങളെക്കുറിച്ചുള്ള ഈ പഠനം കാലോചിതമാണ്. പതിനഞ്ചും പതിനാറും നൂററാണ്ടുമുതല്ലേ, സാർവ്വദേശീയ ബന്ധം യൂറോപ്യൻനാടുകളിൽ ഉടലെടുത്തുതുടങ്ങി. പാരമ്പര്യവും ഭാഷയും മറന്നു് അന്നു, പല യൂറോപ്യൻരാജ്യങ്ങളും ഐക്യത്തിൽ കഴിഞ്ഞുപോന്നു. എന്നാൽ, 1648-ലെ "വെസ്റ്റ്ഫാലിയാ'' ഉടമ്പടിക്കുശേഷമാണ്, സ്വയം ഭരണാവകാശവും സമത്വവും പരസ്പര ബന്ധം പുലർത്തുവാനുള്ള അവകാശവും ലഭിച്ച യൂറോപ്യൻനാടുകൾ ഈ സാർവ്വദേശീയബന്ധത്തിനു് ഔപചാരികമായ അംഗീകാരം നല്കിയതു്. [1]

**183. സാർവ്വദേശീയനിയമം:** മധ്യശതകങ്ങളിൽത്തന്നെ സെൻറ് തോമസ്സിനെപ്പോലെ ചില സ്കോളാസ്റ്റിക് തത്വശാസ്ത്രജ്ഞന്മാർ രാഷ്ട്രൈക്യചർച്ചയിൽ, അന്താരാഷ്ട്രീയബന്ധത്തെപ്പററി പ്രാസംഗികമായി പ്രതിപാദിച്ചുകാണുന്നുണ്ടു്. കാലം മുന്നേറിയതോടെ പ്രഗത്ഭനിയമജ്ഞരായ വിട്ടോറിയാ, (1480-1566) സ്വാരസ്, (1548-1617) ഗ്രോഷ്യസ്സ്, (1583-1645) മുതലായവർ സ്വാഭാവികനിയമങ്ങളും സാർവ്വജനീനാചാരങ്ങളും അന്തരാഷ്ട്രീയ മണ്ഡലങ്ങളിൽക്കൂടി പ്രയോഗിക്കുവാൻതുടങ്ങി. "De Jure Belli Pacis"

1 Conf. A. C. F. Beales, 'The Catholic Church and International Order', Chap. II and Eppstain, p. 48.

(1625) "സമര-സമാധാനധർമ്മം" എന്ന തന്റെ ഗ്രന്ഥംവഴി അന്താരാഷ്ട്രീയനിയമങ്ങളെ പ്രകടമായ രീതിയിൽ ക്രോഡീകരിച്ചുകൊണ്ട്, ഗ്രോഷ്യസാണു കാര്യമായി ഈ പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോയതു്. അന്നുമുതൽ അന്താരാഷ്ട്രീയനിയമങ്ങളുടെ നിർമ്മാണം പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കയാണ്. വെസ്റ്റ്ഫാലിയാ സഖ്യത്തിലും വിയന്നാ ഉടമ്പടിയിലും, രാഷ്ട്രങ്ങൾ അന്തർദ്ദേശീയനിലയിൽ അനുസരിക്കേണ്ട ചില നിയമങ്ങൾ—സമുദ്രസഞ്ചാരനിയമം, രാജ്യപ്രതിനിധിനിയമം—പൊതുവെ സ്വീകരിക്കുകയുണ്ടായി. സർവ്വരാഷ്ട്രങ്ങളും ഒരുപോലെ അനുസരിക്കേണ്ട ഒരു അന്താരാഷ്ട്രീയനിയമസംഹിത ഇനിയും നമുക്കു ലഭിച്ചിട്ടില്ലെങ്കിലും, നിയമനിർമ്മാണരംഗത്തും സ്വാഭാവികനിയമങ്ങളെ പ്രയോഗിക്കുന്നതിൽ ലോകജനത ബഹുദൂരം മുന്നേറിയിരിക്കുന്നുവെന്ന വസ്തുത ആശാവഹമാണ്.[1]

**184. നിർവ്വചനം:** അന്താരാഷ്ട്രനിയമങ്ങളെ ഇപ്രകാരം നിർവ്വചിക്കാം: "സ്വാഭാവികനിയമങ്ങളിൽനിന്നും പരസ്പര ഉടമ്പടികളിൽനിന്നും ഉത്പന്നമായതും തങ്ങളുടെ പരസ്പരബന്ധങ്ങളിലും ഇടപാടുകളിലും രാഷ്ട്രങ്ങൾ അനുസരിക്കേണ്ടതുമായ നിയമങ്ങളുടെ സമുച്ചയമാണതു്." ഉഭയസമ്മതമില്ലാതെതന്നെ, സ്വാഭാവിക നിയമത്താൽമാത്രം ബന്ധിക്കുന്നവയാണ് അവയിൽ ചില നിയമങ്ങൾ. ആഭ്യന്തരസമൃദ്ധി, സ്വയസംരക്ഷണം മുതലായവ ഉദാഹരണം. യുദ്ധകാലത്തും സമാധാനകാലത്തും പാലിക്കുന്നതിനായി രാഷ്ട്രങ്ങൾ പരസ്പരം സമ്മതിച്ചു നടത്തുന്ന രാഷ്ട്രീയ വ്യാവസായികഉടമ്പടികളുമുണ്ട്. മേൽവിവരിച്ചതരത്തിലുള്ള നിയമങ്ങളുടെ സമാഹാരമാണ് അന്താരാഷ്ട്രീയനിയമസംഹിത.

മഹാനായ ബീൽസ് പറയുന്നതുപോലെ അന്താരാഷ്ട്രീയബന്ധത്തിൽ പരിഗണനാർഹമായിട്ടുള്ളതു രണ്ടുകാര്യമാണ്: സമരത്തേയും സമാധാനത്തേയും പററിയുള്ള തത്വങ്ങൾ എന്നാൽ എത്രയും പ്രാധാന്യമുള്ള കാര്യം നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ക്രമമാണ്. അവകൂടാതെയുള്ള സമാധാനം വെറും പകൽകിനാവാണ്."[2]

---

1 Conf. A. C. F. Beales, 'The Catholic Church and International Order', page 98.

2 Conf. F. B. Scott, 'Catholic Conception of International Law', Chap. II.

## 185. അന്താരാഷ്ട്രീയനിയമങ്ങളുണ്ടോ?

റൂസ്സോ, ഹോബ്ബ്സ് പ്രഭൃതികളുടെ ആധുനികശിഷ്യന്മാർ, മനുഷ്യർ സാമൂഹികവിരുദ്ധരാണെന്നു ശഠിക്കുന്നു. തന്മൂലം, സാമൂഹിക ബന്ധങ്ങളിൽ അനുസരിക്കേണ്ട യാതൊരു സ്വാഭാവികകടമകളും അവർക്കു സ്വീകാര്യമല്ല. രാഷ്ട്രനിർമ്മിതനിയമങ്ങൾക്കുമാത്രമേ അവർ നിയമബാധ്യത കല്പിക്കുന്നുള്ളു. തന്മൂലം വെറും സ്വാഭാവികനിയമങ്ങളിൽ അധിഷ്ഠിതമായ അന്താരാഷ്ട്രീയനിയമങ്ങൾ അനുസരിക്കുവാൻ, എങ്ങനെ രാഷ്ട്രങ്ങൾ കടപ്പെടുന്നുവെന്നാണ് അവർ ചോദിക്കുന്നതു്. ഈ ചോദ്യത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ ജോർജ്ജ് റെനാർഡിന്റെ ഒരു പരിഹാസപ്രസ്താവന ആരും ഓർത്തുപോകും. "ദേശീയവും സാർവ്വദേശീയവുമായ അരാജകത്വമാണു റൂസ്സോയുടെ വാദഗതി."[1] എന്നാൽ, ഇതിലും കടന്ന നിലയിലുള്ളതാണു ഹേഗൽ പ്രഭൃതികളുടെ രാഷ്ട്രസർവ്വാധിപത്യവാദം. അതനുസരിച്ചു രാഷ്ട്രത്തിന്റെ ലക്ഷ്യവും കടമയുമെല്ലാം നിർണ്ണയിക്കാനുള്ള അവകാശം രാഷ്ട്രത്തിന്റെ സ്വേച്ഛയാണ്.

വാസ്തവത്തിൽ അന്താരാഷ്ട്രീയചുമതലകളും കടമകളും ആർക്കും നിഷേധിച്ചുകൂടാ. മനുഷ്യപ്രകൃതി പഠിക്കുന്നവർക്കറിയാം അവൻ സാമൂഹികപ്രവണതയുള്ളവനാണെന്നു്. ദൈവത്തോടുള്ള പരമകർത്തവ്യങ്ങൾക്കു പുറമേ അവൻ സഹജീവികളോടും പലതരത്തിലും കടപ്പെട്ടിരിക്കുന്നു; വിശിഷ്യാ, നീതിക്കും പരസ്നേഹത്തിനും. ധാർമ്മികജീവിയായ മനുഷ്യനു മററുള്ളവരുമായി ധാർമ്മികബന്ധങ്ങളും അനിവാര്യമാണ്; തന്മൂലം അവരോടു ധാർമ്മികകടപ്പാടുകളുമുണ്ടായിരിക്കും. രാഷ്ട്രം നിയമാനുസരണം രൂപവത്കൃതമായിക്കഴിയുമ്പോൾ അതു് ഇതരരാഷ്ട്രങ്ങളോടു ബന്ധംപാലിക്കേണ്ട ഒരു ധാർമ്മിക ഘടകമായിത്തീരുന്നു. വ്യക്തികൾക്കു് ഉള്ളതുപോലെ രാഷ്ട്രങ്ങൾക്കും ചില അവകാശങ്ങളുണ്ടു്; ഇതരരാഷ്ട്രങ്ങളോടു ചില ചുമതലകളുമുണ്ടു്. തന്മൂലം ഒരു അന്താരാഷ്ട്രീയ സമൂഹത്തിന്റെ ആവശ്യകതയും ചുമതലകളും ജനപദങ്ങൾ ഇന്നു പൊതുവേ അംഗീകരിച്ചുതുടങ്ങിയിട്ടുണ്ടു്. ധാർമ്മികനിയമപാലനത്തിനു വ്യക്തികൾക്കു കടമയുള്ളതുപോലെതന്നെ രാഷ്ട്രങ്ങൾക്കുമുണ്ടു്. ആകയാൽ അന്താരാഷ്ട്രീയമണ്ഡലത്തിലും ഈ നിയമങ്ങൾ

1 Conf, Tablet, October 31, 1942.

ക്കനുസരിച്ചാകണം രാഷ്ട്രങ്ങളുടെ പ്രവൃത്തികളെ വിമർശിക്കുന്നതും വിധിക്കുന്നതും [1]

വീണ്ടും, വ്യക്തികളോട്ട് അക്രമങ്ങൾ പ്രവർത്തിക്കുവാൻ മടിക്കുന്ന ഗവണ്മെൻറധികാരങ്ങൾ ഇതരരാഷ്ട്രങ്ങളോടു വ്യാജം പറയുവാനും അവയെ അപഹരിക്കുവാനും വിദേശീയരെ വധിക്കുവാനും തൽപരരായിക്കാണുന്നതു് അത്ഭുതാവഹമായിരുന്നു. ഇതരരാഷ്ട്രങ്ങൾ വ്യക്തികളെപ്പോലെ സജീവമായിക്കാണാത്തതായിരിക്കാം കാരണം. ഒരു സമൂഹമെന്ന നിലയിൽ അവയ്ക്കുള്ള വ്യക്തിത്വം അപൂർണ്ണവും അവ്യക്തവുമായിത്തോന്നുന്നതിനാലും ഇങ്ങനെ വരാം ഒരു പുരുഷനോടോ സ്ത്രീയോടോ സംസാരിക്കുന്നതുപോലെ ഒരു രാഷ്ട്രത്തോടു സംസാരിക്കുവാൻ സാധ്യമല്ലല്ലോ.

---

1. അന്താരാഷ്ട്രീയനിയമങ്ങൾക്കുള്ള ആജ്ഞാശക്തി മനുഷ്യരുടെ സമ്മതത്തിൽനിന്നുണ്ടാകുന്നതല്ല. അവയും യഥാർത്ഥ നിയമങ്ങളാണ്, പ്രപഞ്ചനാഥൻെറ അധികാരത്തിൽ അവയും അധിഷ്ഠിതമാകയാൽ ഒരു രാജ്യത്തിനും അവയ്ക്കു വഴങ്ങിക്കൊടുക്കാതിരിക്കുവാൻ അവകാശമില്ല ” Vitoria: De Potestatc Civili, n. 28.

KOTTAYAM PUBLIC LIBRARY
KOTTAYAM.

## 2.

# സമാധാനകാലത്തും സമരകാലത്തുമുള്ള സാമാന്യധർമ്മങ്ങൾ.

**186. നീതിയുടേയും പരസ്നേഹത്തിൻേറയും കടമകൾ:** ഒരു സമൂഹത്തിലുള്ള വ്യക്തികളുടെ ചുമതലകൾ സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമാണല്ലോ; അതുപോലെ രാഷ്ട്രങ്ങൾക്കു പരസ്പരമുള്ള ധർമ്മങ്ങളും ചുമതലകളും നീതിയിലും പരസ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം. "ഓരോരുത്തൻേറതു് അവനവനു്" (To each one his own) എന്നതാണു നീതിയുടെ മൂലപ്രമാണം. ഓരോ രാഷ്ട്രത്തിനും സ്വാഭാവികവും മനുഷ്യനിർമ്മിതവുമായ നിയമങ്ങളനുസരിച്ചു ചില അവകാശങ്ങളുണ്ടു്: സ്വന്തനിലനില്പിനും സ്വയസംരക്ഷണത്തിനും മററും. അവകാശങ്ങളെല്ലാം കടമകളുമായി പരസ്പരബന്ധമുള്ളവയാകയാൽ ഓരോ രാഷ്ട്രത്തിനും മററു രാഷ്ട്രങ്ങളുടെ ഈ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുവാനും പാലിക്കുവാനും കടമയുണ്ടു്.

നീതിധർമ്മങ്ങളുടെ പൂരകമായിട്ടാണു് പരസ്നേഹധർമ്മങ്ങൾ വരിക; എന്നാൽ, സ്നേഹം നീതിയേക്കാൾ വളരെയേറെ മുന്നേറുന്നു. "മററുള്ളവർ നിനക്കു് എന്തു ചെയ്യുതരണമെന്നാഗ്രഹിക്കുന്നുവോ അതു നീ മററുള്ളവർക്കും ചെയ്തുകൊടുക്കുക" എന്ന തത്വം വ്യക്തികൾക്കെന്നപോലെ രാഷ്ട്രങ്ങൾക്കും ബാധകമാണു്. നീതിയെന്നും പരസ്നേഹമെന്നും നാം പറയുമ്പോൾ മനസ്സിലാക്കുക, വെറും പോലീസ്നീതിയോ, താണതരം വിശ്വസൗഹൃദമോ അല്ല; ദൈവികവും സ്വാഭാവികവുമായ നിയമങ്ങളിൽ അധിഷ്ഠിതവും, ക്രൈസ്തവതത്വങ്ങളാൽ പ്രചോദിതവുമായ നീതിയും സാഹോദര്യവുമാണു്.

**187. ഉടമ്പടികൾ അനുസരിക്കണം:** രാഷ്ട്രങ്ങളോ ജനപദങ്ങളോ തമ്മിലുള്ള പൊതുഉടമ്പടികളാണു സഖ്യം, അഥവാ കരാർ (treaty). അന്താരാഷ്ട്രീയമായ ഉടമ്പടികൾക്കും, വ്യക്തികൾ സാമൂഹികജീവിതത്തിൽ നടത്തുന്ന കരാറുകൾക്കുള്ളതുപോലെതന്നെ നിയമബാധ്യതയുണ്ടു്; അതേവിധം അവ പാലിക്കുകയുംവേണം.

ക്രമീകൃതസമൂഹത്തിലെ പൗരബന്ധം നിയമാധിഷ്ഠിതമായിരിക്കുന്നതു പോലെ, അന്താരാഷ്ട്രീയനിയമബാധ്യതയും രാഷ്ട്രങ്ങൾതമ്മിലുള്ള ഉടമ്പടികളിൽ പരക്കെ സ്വീകരിക്കുന്നതു വലിയ പുരോഗമനമായിരിക്കും. ഇവയുടെയെല്ലാം വിജയത്തിന്, ഇത്തരം രാഷ്ട്രീയസഖ്യങ്ങളെ അന്താരാഷ്ട്രീയനിയമസംഹിതയുടെ ഭാഗമായിസ്വീകരിക്കുന്ന, സുസംഘടിതമായ ഒരു സാർവ്വദേശീയസഖ്യം അവശ്യാവശ്യമാണ്. സ്വതന്ത്രരാജ്യങ്ങളെല്ലാം അവയ്ക്കുപരിയും അപ്പുറവുമുള്ള മനുഷ്യബന്ധങ്ങളിൽ നിയമവും ക്രമവും പാലിയ്ക്കപ്പെടുവാൻ സുശക്തമായ ഒരു സാർവ്വലൗകികസംഘടനയ്ക്കു തങ്ങളുടെ പരമാധികാരത്തിൽ ഒരു പങ്കു വിട്ടുകൊടുക്കണം. പരമാധികാരം സ്വന്തമായുള്ള പൗരന്മാർ അവരുടെ ആ അധികാരങ്ങളിൽ ചിലതെല്ലാം സ്വന്തനന്മയ്ക്കായി രാഷ്ട്രത്തിനനുവദിച്ചുകൊടുക്കുന്നതുപോലെ, രാഷ്ട്രങ്ങളും, യുദ്ധങ്ങളേയും അന്തർദ്ദേശീയ രാഷ്ട്രബന്ധങ്ങളേയും നിയന്ത്രിക്കുവാൻ കഴിവെഴുന്ന അന്താരാഷ്ട്രീയസംഘടനയ്ക്കു തങ്ങളുടെ പരമാധികാരത്തിൽ ഒരു ഭാഗം വിട്ടുകൊടുക്കുന്നതു അവയുടെതന്നെ നന്മയ്ക്കു ഇന്നൊരാവശ്യമായിത്തീർന്നിരിക്കുന്നു. എന്നാൽ, ശാശ്വതസമാധാനത്തോടെ അത്തരമൊരു സംഘടന ഭരിച്ചുവിജയിക്കുവാൻ അതിൻെറ നയം ക്രൈസ്തവതത്വങ്ങളിൽ കെട്ടിപ്പടുത്തെങ്കിലേ സാധിക്കൂ. കാരണം ദൈവത്തിൻെറ പിതൃത്വത്തിൻകീഴിൽ, വിവിധ രാഷ്ട്രങ്ങളെ സോദരകുടുംബങ്ങളായി പരിഗണിക്കുവാൻ അപ്പൊഴേ അവർക്കു കഴിയൂ.

**188. സമാധാനം:** അന്താരാഷ്ട്രീയബന്ധത്തിൻെറയെല്ലാം ലക്ഷ്യം സമാധാനമായിരിക്കണം. സെൻറ് അഗസ്റ്റിൻ സമാധാനത്തെ നിർവ്വചിക്കുന്നതു്, "ക്രമത്തിൽനിന്നുളവാകുന്ന പ്രശാന്തത" (Tranquility of order) എന്നാണ്. സെൻറ് തോമസിൻെറ അഭിപ്രായത്തിൽ ഈ പ്രശാന്തത അധിഷ്ഠിതമാകേണ്ടതു മനോരമ്യതയിലും അന്യോന്യമുള്ള യോജിപ്പിലുമാണ്. എന്നാൽ, ഈ മനോരമ്യത ഭയത്തിൽനിന്നോ നിർബ്ബന്ധത്തിൽനിന്നോ ഉടലെടുത്തതാകരുതു്; കാരണം അങ്ങിനെ അനുഭവപ്പെടുന്ന ശാന്തിയും ക്രമവും യഥാർത്ഥസമാധാനമായിരിക്കയില്ല. സമാധാനം വേണമോ, ക്രമീകരണം നേടിയേ തീരൂ. വ്യവസ്ഥ ഉണ്ടാകണമെങ്കിലോ നീതി പാലിക്കുകയും വേണം. പരസ്നേഹചൈതന്യം കൂടാതെ നീതി സാധ്യവുമല്ല.

"നീതിയുടെ പരിണതഫലമാണ സമാധാനം; എന്നാൽ, പരോക്ഷമായിമാത്രം; അയായത്ത പരസ്പരധാരണയ്ക്കും പരസ്നേഹബന്ധത്തിനുമുള്ള വിലങ്ങുതടികഠം അതു് എടുത്തുനീക്കുന്നുവെന്നിടത്തോളം മാത്രം. എന്നാൽ, പരസ്നേഹമാണ യഥാർത്ഥ സമാധാനത്തിൻെറ ജനയിത്രി; കാരണം പ്രകൃത്യാ അതു സമാധാനദായിനിയാണ. സ്നേഹത്തിനുമാത്രമേ ഐക്യം പാലിക്കാൻ പൂർണ്ണ കഴിവുള്ളൂ" [1]

പ്രൊഫസർ മഡാര്യാഗ പറയുന്നു: "സമാധാനം സമുദായത്തിൻെറ ആരോഗ്യമാണ്. ആരോഗ്യം ആശിച്ചുകൊണ്ടുമാത്രം ഇരിക്കേണ്ട ഒന്നല്ല; അതു വാസ്തവത്തിൽ ഉണ്ടായിരിക്കണം. സാർവ്വലൗകികസമുദായം ശാന്തിപനടണമെങ്കിൽ എല്ലാഭാഗങ്ങളിൽനിന്നുമുള്ള ശക്തി അവയുടെയെല്ലാററിൻേറയും ഏകസംഘടനയിലേക്ക തടസ്സമെന്യേ ഒരുമിച്ചൊഴുകണം." [2] ദൈവികവും, സ്വാഭാവികവുമായ നിയമങ്ങളെ ലോകസമാധാനത്തിന് അടിത്തറയായി സ്വീകരിക്കുകയാണ ലോകസംഘടനയ്ക്കു് ഇക്കാര്യത്തിൽ ചെയ്യുവാനുള്ളതു്. അതുകൊണ്ടാണ പീയൂസ് പന്ത്രണ്ടാമൻ ഇങ്ങനെ പ്രഖ്യാപിച്ചതു്: "ദൈവികനിയമങ്ങളുടേയും സ്വാഭാവികനിയമങ്ങളുടേയും അവകാശങ്ങളെ അംഗീകരിക്കാതെ, സമാധാനസന്ധികഠക്കോ ഉടമ്പടികഠക്കോ, അന്താരാഷ്ട്രീയസമ്മേളനങ്ങഠക്കോ രാഷ്ട്രനേതാക്കളുടെ മഹനീയവും നിസ്വാർത്ഥവുമായ പ്രവർത്തനങ്ങഠക്കപോലുമോ, ശാശ്വതസമാധാനം സംസ്ഥാപിക്കുവാൻ സാധ്യമല്ല" [3]

മനുഷ്യപ്രകൃതി എത്രയും തീക്ഷ്ണമായി ആഗ്രഹിക്കുന്ന ഒരു കാര്യമാണ സമാധാനം. ആകയാൽ, മനുഷ്യപ്രകൃതിയുടെ സാമാന്യാവസ്ഥതന്നെ സമാധാനമാണ്. "നമ്മുടെ സമാധാന"മായി [4] അവതരിച്ച ക്രിസ്തുവിൻെറ നിയമങ്ങളും പ്രബോധനങ്ങളും സമാധാനംതന്നെയാണ ലക്ഷ്യമാക്കുന്നതും.

യുദ്ധത്തെ മഹത്വീകരിച്ചുകാണിക്കുന്ന ചില തത്വശാസ്ത്രജ്ഞരുണ്ടു്; കാരണം യുദ്ധത്തിനു സ്വല്പം വീരാത്മകത്വമുള്ളതുതന്നെ. "യുദ്ധം മനുഷ്യൻെറ ചില മഹനീയവശങ്ങളെ, ധീരത, ശക്തി, സ്വയപരിത്യാഗം, സഹനം മുതലായവയെ മുൻപന്തിയിലേക്ക ഉണർത്തി

1 St. Thomas, Summa Theol., II-II, 29, 3, ad. 3.
2 Anarchy of Hierarchy, p. 199.
3 Encycl. Caritate Christi compulsi, May 3, 1932.
4 Eph. II, 14.

നയിക്കുന്നു; യുദ്ധം കണ്ടുപിടുത്തങ്ങൾക്കു പ്രേരണനല്കുന്നു; ബുദ്ധിശക്തിയെ വിപുലമാക്കുന്നു." ഇങ്ങനെ പോകും അവരുടെ യുദ്ധസ്തുതിഗീതികൾ. എന്നാൽ, ആധുനികയുദ്ധങ്ങളിൽ അനുഭവപ്പെട്ട മാരകദുരന്തഫലങ്ങളും നാശനഷ്ടങ്ങളും മാത്രംമതി, മററു യാതൊരുതെളിവും കൂടാതെ ഇവരുടെ ഈ ഹൃദയശൂന്യവാദങ്ങളെ തകർത്തുതരിപ്പണമാക്കുവാൻ. സങ്കീർണ്ണവും സങ്കുചിതവുമായ ആധുനിക രാഷ്ട്രീയബന്ധങ്ങൾമൂലം ലോകത്തെവിടെ ഒരു യുദ്ധമുണ്ടായാലും അതിൻെറ ഫലം ആഗോളവ്യാപകമായിരിക്കും.

**189. യുദ്ധം:** സമാധാനത്തിൻെറ എതിരാണല്ലോ യുദ്ധം. ലക്ഷ്യമെന്തായാലും അന്യോന്യബന്ധങ്ങൾ തകർത്തുകൊണ്ടു രാഷ്ട്രങ്ങൾ പരസ്പരം ആയുധമെടുക്കുമ്പോഴാണല്ലോ യുദ്ധമെന്നു പറയുക. സ്വയസംരക്ഷണത്തിനുവേണ്ടിയുള്ള യുദ്ധത്തെ "സംരക്ഷണയുദ്ധ"മെന്നും അനീതിക്കു പകരംവീട്ടാനോ വെറുംകയ്യേററമായോ നടത്തുന്ന യുദ്ധങ്ങളെ "ആക്രമണയുദ്ധ"മെന്നും നമുക്കു വിളിക്കാം.

**190. യുദ്ധങ്ങളുടെ ന്യായാന്യായത:** യുദ്ധമെന്ന ആശയംതന്നെ മനുഷ്യവികാരങ്ങൾക്കു വിരുദ്ധമാണ്. ജനപദങ്ങളിലുണ്ടായിരിക്കേണ്ട ഐക്യബന്ധങ്ങളെ അതു തകൎക്കുന്നു. സെൻറ് തോമസ് യുദ്ധത്തിൻെറ ന്യായാന്യായതയെക്കുറിച്ച് അത്ഥഗർഭമായി ഇങ്ങനെ ചോദിക്കുന്നു: "യുദ്ധം എപ്പോഴും പാപകരമാണോ?" സെൻറ് അഗസ്റ്റിനോടു യോജിച്ചുകൊണ്ട് എല്ലാ സഭാപിതാക്കളും ക്രൈസ്തവതാത്വികരും സമ്മതിക്കുന്നുണ്ട്, ന്യായപൂർവ്വമായ യുദ്ധങ്ങൾ ഉണ്ടാകാമെന്ന്. എന്നാൽ, ഗൗരവാവഹവും ന്യായപൂർവ്വവുമായ കാരണങ്ങൾ അവശ്യം കൂടിയേതീരൂ.

സ്വയരക്ഷയ്ക്കുള്ള യുദ്ധങ്ങൾ തത്വത്തിൽ എപ്പോഴും ന്യായമായ യുദ്ധങ്ങളായിരിക്കും. വ്യക്തികൾക്കെന്നപോലെതന്നെ രാഷ്ട്രങ്ങൾക്കും സ്വയരക്ഷയ്ക്കായി അന്യായാക്രമണം നടത്തുന്ന ശത്രുവിന്നെതിരെ പോരടിക്കാവുന്നതാണ്. എന്നാൽ, രാഷ്ട്രം ഇടപെടാത്തപ്പോൾമാത്രമേ വ്യക്തികൾക്കു വ്യക്തികൾക്കെതിരെ സ്വയരക്ഷയ്ക്കുവേണ്ടിയും ആക്രമണം നടത്താവൂ. അതുപോലെ സംഭവം നടന്നുകഴിഞ്ഞാൽ, പ്രതികാരത്തിൽനിന്നും സംരക്ഷണം നേടുവാൻ അവർ രാഷ്ട്രത്തിൻെറ സഹായം തേടുകയുംവേണം. എന്നാൽ, രാഷ്ട്രങ്ങൾ തമ്മിലുള്ള ഇത്തരം സമരങ്ങളിൽ, അവർക്കുപരി, മറെറാരു സാർവ്വലൗകിക സമൂഹമില്ലാത്തതിനാൽ (ഉള്ളതിനു സംപൂർണ്ണാധികാരമില്ലാത്തതിനാൽ) ഈ പരിമിതിയില്ല.

വിറേറാറിയായുടെ ഒരു വിദശ്ധാഭിപ്രായം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. "സ്വയസംരക്ഷണത്തിനും, തൻെറയോ തന്നിവാസികളുടേയോ, നാശനഷ്ടങ്ങൾക്ക പകരംചോദിക്കുവാനും രാഷ്ട്രങ്ങൾക്ക് അവകാശമുണ്ട്." അരിസ്റ്റോട്ടിലിൻെറ വാദം ഇതിന്ന് ഉപോദ്ബലകമാണ്. "രാഷ്ട്രവിജ്ഞാനീയം" മൂന്നാംപുസ്തകത്തിൽ അദ്ദേഹം പറയുന്നു: "ഓരോ രാഷ്ട്രവും സ്വയം പര്യാപ്തമായിരിക്കണം. എന്നാൽ, ആക്രമണകാരികൾക്കെതിരെ നടപടിയെടുക്കുവാനും നാശനഷ്ടങ്ങൾക്ക പരിഹാരംചോദിക്കുവാനും അതിന്നു കഴിഞ്ഞില്ലെങ്കിൽ....പൊതുജനക്ഷേമസംരക്ഷണത്തിന്നു അതു പര്യാപ്തമെന്നു പറഞ്ഞുകൂടാ. ആകയാൽ, പൊതുക്കാര്യനിർവ്വഹണത്തിന്ന് ഇത്തരം അധികാരം രാഷ്ട്രങ്ങൾക്ക നല്കേണ്ടതു് അത്യന്താപേക്ഷിതമാണ്." [1]

എന്നാൽ, ആക്രമണപരമായ യുദ്ധം തികച്ചും വ്യത്യസ്തമാണ്; അതിൻെറ നീതികരണം ഏററം ദുർവ്വഹവും. അന്യരാഷ്ട്രത്താൽ അതിനീചമായി ആക്രമിക്കപ്പെട്ട ഒരു രാഷ്ട്രത്തിന്ന് അതിൻെറ നഷ്ടപരിഹാരം നേടുവാൻ, ആശ്രയിക്കാവുന്ന ഒരു സാർവ്വലൗകിക സംഘടനയില്ലായ്കയാൽ മററു സമാധാനശ്രമങ്ങൾ വിഫലമാകുമ്പോൾ ശക്തിഉപയോഗിച്ചുതന്നെ, ആക്രമിക്കപ്പെട്ട അവകാശങ്ങൾ പിടിച്ചുവാങ്ങാവുന്നതാണ്. ഇതു സ്വാഭാവിക നീതിമാത്രമാണ്. സെൻറ് അഗസ്റ്റിനെ ഉദ്ധരിച്ചുകൊണ്ടു സെൻറ് തോമസ് പറയുന്നു: "അനീതികൾക്ക പകരംചോദിക്കുന്ന യുദ്ധങ്ങൾ ന്യായയുദ്ധങ്ങളാണ്. ഉദാഹരണത്തിന്നു സ്വപൗരന്മാരുടെ തെററുകൾ ശിക്ഷിക്കാതിരിക്കുകയോ അന്യായമായി സമ്പാദിച്ചതു തിരിച്ചുകൊടുക്കാതിരിക്കയോ ചെയ്യുന്ന നഗരത്തെയോ രാഷ്ട്രത്തേയോ ശിക്ഷിക്കേണ്ടിവരുമ്പോൾ യുദ്ധം നീതിപരമാണ്." [2]

താഴെപ്പറയുന്ന സാഹചര്യങ്ങളിൽമാത്രമേ ഒരു യുദ്ധം ന്യായമായിരിക്കയുള്ളു:—

1) ന്യായമായ കാരണമുണ്ടാകണം. ശത്രു കൃത്യമായും തീർച്ചയായും അവകാശലംഘനം നടത്തിയിരിക്കണം.
2) യുദ്ധമൊഴിവാക്കാനുള്ള എല്ലാ ശ്രമങ്ങളും പ്രയോഗിച്ചു പരാജയപ്പെട്ടിരിക്കണം. അഥവാ അവയ്ക്കു കഴിവില്ലാതിരിക്കണം.

---

1 Conf. De Jure Belli, relat. 15.

2 Summ, Theol., I-II, q. 40, a. I.

3) വിജയപ്രതീക്ഷ സുനിശ്ചിതമായിരിക്കണം. ഉടനെതന്നെയോ ഭാവിയിലോ യുദ്ധഫലങ്ങൾ പൗരന്മാൎക്കു ഗുണകരമായിരിക്കണം.

4) പരിഹരിക്കാൻ ആഗ്രഹിക്കുന്ന തിന്മകളെക്കാൾ വലിയ ഭീകരതിന്മകൾ യുദ്ധംമൂലം ഉണ്ടാകരുതു്.

5) ഭരണാധികാരികളിൽനിന്നുവേണം യുദ്ധപ്രഖ്യാപനമുണ്ടാകുവാൻ.

No. 8229

6) സർവ്വോപരി ലക്ഷ്യം ഉത്തമമായിരിക്കണം. *

**191. യുദ്ധകാരണങ്ങൾ:** സെൻറ് അഗസ്റ്റിൻ തൻെറ 'ദൈവനഗരം' (City of God) എന്ന പുസ്തകത്തിൽ രാഷ്ട്രീയം, സാമ്പത്തികം, ധാൎമ്മികം എന്നിങ്ങനെ മൂന്നുതരം കാരണങ്ങൾ വിവരിക്കുന്നുണ്ടു്. [1]

1) രാഷ്ട്രീയകാരണം: ഭരണാധിപന്മാരുടെ അത്യാഗ്രഹവും ആക്രമണാസക്തിയുമാണ് ഇതിൻെറ പ്രമുഖപ്രേരണ. ജനതയുടെ പരാക്രമപ്രധാനതയും പ്രകൃതിയുടെ ഉന്മത്തതയും വഴിതുറന്നുകൊടുക്കുവാനും യുദ്ധങ്ങൾ നടത്താറുണ്ടു്.

2) സാമ്പത്തികകാരണം: ലൗകികസമ്പത്തിനായുള്ള അമിതമായ ആഗ്രഹമാണു പ്രധാന കാരണം. വ്യവസായവും വാണിജ്യവും പുരോഗമിച്ചിരിക്കുന്ന ഇക്കാലത്തു മിക്ക യുദ്ധങ്ങളുടേയും കാരണം സാമ്പത്തികമാണ്. പീയൂസ് പന്ത്രണ്ടാമൻ പറയുന്നതു ശ്രദ്ധിക്കുക: "ഐന്ദ്രിയമായ ലൗകികസുഖഭോഗങ്ങളുടെ പിന്നാലെ അതിദ്രമോഹത്തോടെ പരക്കംപായുന്ന ഒരു ജനതയിൽ, യഥാൎത്ഥസമാധാനം പുലൎത്താമെന്ന പ്രത്യാശ അബദ്ധമാണു്. ലൌകികധനം പരിമിതമാകയാൽ, ആരും അതിൽ സിംഹഭാഗം കൈക്കലാക്കിയില്ലെങ്കിലും (അങ്ങനെ ആശിക്കുകതന്നെ പ്രയാസം) ആരേയും സമ്പൂൎണ്ണമായി തൃപ്തിപ്പെടുത്തുവാൻ അവയ്ക്കു കഴിവില്ല. തന്മൂലം അസൂയാലുക്കളിലും അത്യാഗ്രഹികളിലും അവശ്യമെന്നോണം അവ ഛിദ്രവും കലഹവും സൃഷ്ടിച്ചുകൊണ്ടേയിരിക്കും. [2]

---

* 'നന്മ പുലൎത്തുക തിന്മ വൎജ്ജിക്കു'കയെന്ന ഉത്തമ ലക്ഷ്യത്തോടെ യഥാൎത്ഥാധികാരികൾ പ്രഖ്യാപിക്കുന്ന യുദ്ധംപോലും യുദ്ധം നയിക്കുന്നവരുടെ ദുരുദ്ദേശ്യംമൂലം അന്യായയുദ്ധമായിത്തീരാറുണ്ടു്; (Summa Theol , II-II, 40—1).

1 Bk. III, Chap. 14.

2 Encycl. Pax Christi.

3) <u>ധാർമ്മികകാരണം:</u> അന്ധമായ ദേശീയബോധവും അഹന്തയുമാണു പ്രധാന കാരണം. ഈ ദുർഗ്ഗുണങ്ങൾ, അന്യരാജ്യങ്ങളോടു പുച്ഛവും, അസഹിഷ്ണുതയും തീരാവൈരവും പുലർത്തുവാൻ കാരണമാക്കുന്നു. ദേശീയമഹിമയ്ക്കു കളങ്കംപററിയോയെന്ന വെറും സന്ദേഹങ്ങൾപോലും ചിലപ്പോൾ യുദ്ധത്തിനു കാരണമാകാറുണ്ട്! രാഷ്ട്രം ധാർമ്മികനിയമങ്ങൾക്കതീതവും, അതിനപ്പുറം വേറൊരു ലക്ഷ്യം അതിനില്ലെന്നുള്ള അബദ്ധവിശ്വാസവും ഏതുതരം യുദ്ധത്തിനും പ്രേരണനല്കാറുണ്ട്. വ്യക്തികൾക്കു നിഷിദ്ധമായ പലതും രാഷ്ട്രത്തിൻെറ സാങ്കല്പിക സാർവ്വശക്തിത്വത്തിൽ, അതിന് അനുവദനീയമാണെന്ന വാദവും അവർ ഉപോൽബലകമായി ഉന്നയിക്കും.

**192. അണുസമരം:** യുദ്ധങ്ങളിലെ അണ്വായുധപ്രയോഗങ്ങൾ, ധാർമ്മികശാസ്ത്രത്തിലെ ഒരു വിഷമസങ്കീർണ്ണപ്രശ്നമാണ്. ഇന്നും ധാർമ്മികവിചക്ഷണർ അവയുടെ ന്യായാന്യായതയെപ്പററി അവസാനനിർണ്ണയം ചെയ്തുകഴിഞ്ഞിട്ടുമില്ല. ഏററംവേഗം യുദ്ധമവസാനിപ്പിക്കുവാനുള്ള പ്രായോഗികമാർഗ്ഗമെന്ന നിലയിൽ 'ആററംപ്രയോഗം' അനാശാസ്യമല്ല എന്ന് ഒരുകൂട്ടർ വാദിക്കും. തൽഫലമായുണ്ടാകാവുന്ന ശതക്കണക്കിനു നിർദ്ദോഷികളുടെ മരണം അതിൽ തന്നെ ആഗ്രഹിച്ചതല്ലെന്നും യുദ്ധവിജയമെന്ന പ്രധാനലക്ഷ്യത്തെ ലാക്കാക്കി അനുവദിക്കുന്ന ഒരു തിന്മമാത്രമേ അതാകുന്നുള്ളുവെന്നും അവർ പറയും. എന്നാൽ, വിഷവാതകപ്രയോഗം, കിണറുകളിൽ വിഷംകലർത്തൽ തുടങ്ങിയ രാസശാസ്ത്രയുദ്ധങ്ങൾ ഏതൊരു കാരണങ്ങളാൽ നിഷേധ്യമാണോ അതേകാരണങ്ങളാൽത്തന്നെ അണുസമരവും നിഷേധിക്കേണ്ടതാണെന്നാണ് എതിർവാദക്കാരുടെ അഭിപ്രായം. വേറൊരുകൂട്ടർ, വിജനപ്രദേശങ്ങളിൽ (സമുദ്രമദ്ധ്യത്തിലും പർവ്വതപ്രദേശങ്ങളിലും മററും) ഉള്ള സൈന്യവിഭാഗങ്ങളെ നശിപ്പിക്കുവാൻ മാത്രം ഇതിൻെറ ഉപയോഗം ശരിവയ്ക്കുകയും ജനനിബിഡമായ വ്യവസായകേന്ദ്രങ്ങളിലും മററും ഇതു നിരോധിക്കുകയും ചെയ്യുന്നു.

ഈ വാദങ്ങളിൽനിന്ന് ഒന്നു സ്പഷ്ടമാണ്: അണുബോംബുപ്രയോഗത്തിൻെറ ധാർമ്മികവശം അതിൻെറ പ്രയോഗത്തേക്കാൾ അതെവിടെ പ്രയോഗിക്കുന്നുവെന്നതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ജനതതി തിങ്ങിപ്പാർക്കുന്ന ഒരു നഗരത്തിൽ അണുബോംബിട്ടാൽ, പതിനായിരക്കണക്കിനു കുററമററവരുടെ കൂട്ടക്കൊലയാവും ഫലം. യുദ്ധത്തിൻെറ ശീഘ്രപര്യവസാനത്തിനെന്നാലും മതിയായ

ന്യായീകരണമല്ല. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കയില്ലല്ലോ! എല്ലാ ക്രൈസ്തവജനതയും സമാധാനകാംക്ഷികളായ ഏവരും ഒന്നു പോലെ അഭിലഷിക്കുന്നതു് ഇത്തരം മാരകായുധങ്ങളുടെ പ്രയോഗം അന്താരാഷ്ട്രീയമായ ഒരുടമ്പടിമൂലം തടയണമെന്നതാണു്.

വീണ്ടും, മനുഷ്യാസ്തിത്വത്തെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കുവാൻ അണ്വായുധങ്ങൾക്കു കഴിയുമെന്നിരിക്കെ പ്രകൃതിനിയമംതന്നെ അതിന്റെ പ്രയോഗത്തെ നിരോധിക്കുന്നുണ്ടു്. എന്നാൽ, അന്തർദ്ദേശീയമായ ഒരു ഉടമ്പടിയിൽ എല്ലാ രാഷ്ട്രങ്ങളും ഏകോപിച്ചു അതിന്റെ പ്രയോഗം നിരോധിക്കുകയും ആ നിരോധനം ആത്മാർത്ഥമായി പാലിക്കാമെന്നു സമ്മതിക്കുകയും ചെയ്യുന്നതുവരെ, അണ്വായുധനിർമ്മാണം ഒരു സംരക്ഷണമുൻകരുതൽ എന്ന നിലയിൽ, നിരോധിക്കുക ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഇരുകക്ഷിക്കാർക്കും ഇവ കൈവശമുണ്ടു് എന്നറിയാമായിരുന്നതുകൊണ്ടുതന്നെയാണു വിഷവാതകപ്രയോഗത്തിൽനിന്നും കഴിഞ്ഞ യുദ്ധത്തിൽ രണ്ടു പക്ഷക്കാരും പിന്മാറിയതു്.

**193. സമാധാനവ്യവസ്ഥകൾ:** ന്യായമായ യുദ്ധത്തിൽ വിജയിയായ രാഷ്ട്രം ആ യുദ്ധത്തിൽ സഹിച്ച നഷ്ടത്തിനു പരാജിതരാഷ്ട്രത്തോടു പരിഹാരം ആവശ്യപ്പെടുന്നതു ന്യായയുക്തമാണു്. എന്നാൽ, പരാജിതരുടെ മൗലികാവകാശധ്വംസകമായ നിലയിൽ അതാവശ്യപ്പെടുക അന്യായവുമാണു്. "ജീവിക്കുക, ജീവിക്കുവാൻ അനുവദിക്കുക" (Live & let Live) ഈ തത്വമാണു നീതിയും സ്നേഹവും ആവശ്യപ്പെടുക. എന്നാൽ, രാഷ്ട്രമോ ഗവണ്മെൻറാ ചെയ്ത തിന്മയുടെ അളവനുസരിച്ചായിരിക്കണം ശിക്ഷ. ഒരു കാര്യം അനുസ്മരിക്കേണ്ടിയിരിക്കുന്നു: ശിക്ഷ അതിൽത്തന്നെ ഒരു ലക്ഷ്യമാക്കരുതു്; നീതിസമാധാനസംസ്ഥാപനത്തിനുള്ള ഒരു മാർഗ്ഗംമാത്രമാകണമതു്. നീതിനിയമമനുസരിച്ചായിരിക്കണം കോടതി നടപടികൾ; ജഡ്ജിമാർ തികഞ്ഞ നിഷ്പക്ഷത പാലിക്കണം. പ്രതിക്കു തന്റെ നില വിശദമാക്കുവാൻ അവസരം നല്കുകയുംവേണം. പരാജിതരെ എന്തുതന്നെയായാലും ശിക്ഷിക്കണമെന്നതു പഴഞ്ചൻ 'കാട്ടാളത്തര'മാണു്. എന്നാൽ, അന്യായയുദ്ധം നടത്തിയവരെ ശിക്ഷിക്കേണ്ടതുമാണു്. *

* Conf. Vitoria, De Jure Belli, n. 19.

2-ാം ലോകമഹായുദ്ധാനന്തരമുണ്ടായ 'നീറംബർഗ്' വിധിയിൽ ജഡ്ജിമാർ വ്യക്തമാക്കുകയുണ്ടായി, പരിഷ്കൃതനാടുകളിലെ ക്രിമിനൽ നടപടിക്രമം യുദ്ധാനന്തരവിസ്താരത്തിനുപയോഗിക്കുവാൻ അധികാരംനല്ലുന്നതായ യാതൊരു സാർവ്വലൗകികനിയമവുമില്ലെന്ന്. ഉള്ളവതന്നെ, യുദ്ധാനന്തരസന്ധിയുടെ വിവിധ കക്ഷികളായ രാജ്യങ്ങളുടെ പൊതുധാരണയനുസരിച്ച് ഉണ്ടാക്കിയവയുമാണ്. അതിനാൽ അവർതന്നെ അങ്ങനെ ഉടമ്പടിയുണ്ടാക്കി. ആ നിയമങ്ങളനുസരിച്ച് വ്യക്തികളെ വിധിക്കുക ശരിയല്ല. എന്നാൽ, പ്രകൃതിനിയമത്തിൽ അധിഷ്ഠിതമായ "ജാതീയനീതി" (Jus gentium) മൂലം അക്രമികളുടെ ശിക്ഷ ശരിവയ്ക്കാമെന്ന വിറേറാറിയ – സ്വാരസ്[1] പ്രഭൃതികളുടെ അഭിപ്രായമാണ് മററു ചിലർ ഉന്നയിച്ചതു്.

ഈ അവസാനംപറഞ്ഞ അഭിപ്രായമാണു "നീറംബർഗ്" കോടതിയിൽ സ്വീകരിക്കപ്പെട്ടതു്. അങ്ങനെ അവർ അന്നോളം നിലനിന്ന പഴയ നടപടിക്രമം വിട്ട് അന്താരാഷ്ട്രീയമണ്ഡലത്തിൽ ഒരു നവീന നീതിനിർവ്വഹണക്രമം സമാരംഭിച്ചു.

**194. ദേശീയബോധം, അന്താരാഷ്ട്രീയത്വം, രാജ്യഭക്തി:** കുലപാരമ്പര്യത്തിൻെറ ആസ്ഥാനമെന്നവണ്ണം രാജ്യത്തെ കരുതി സ്നേഹിക്കുന്നതിലാണു ദേശീയബോധം അടങ്ങിയിരിക്കുന്നതു്; രാജ്യത്തോടുള്ള വിശ്വസ്തതയാണിതു്. ഇതു് ഉൽകൃഷ്ടവുമാണ്; കാരണം അതു കായികമായി രക്തബന്ധത്തിലും, ധാർമ്മികമായി നാടിനോടുള്ള കടപ്പാടിലും കുടികൊള്ളുന്നു. ദേശീയസംസ്കാരങ്ങളോടും ധാർമ്മികപാരമ്പര്യത്തോടുമുള്ള ബഹുമാനം വളർത്തുന്നതും ഈ ദേശീയബോധമാണ്. "ആർനോൾഡ് ടോയിൻബി" പറയുന്നു: "സാമൂഹികാവസ്ഥ ജനതയുടെ ആത്മാവായിക്കരുതി ധാർമ്മികാദർശമൂല്യങ്ങളെ ആദരിക്കുവാനും നടപ്പിലാക്കുവാനുമുള്ള പരിശ്രമമാണു ദേശീയബോധം."[2]

ക്രമീകൃത ദേശീയബോധംതന്നെയാണു രാജ്യഭക്തി. എന്നാൽ, അതിരുകടന്നാൽ അതു "ദേശീയാന്ധത"യായി മാറും. മാതാപിതാക്കളോടുള്ള ഭക്തിപോലെ നീതിയും സ്നേഹവുമായിരിക്കണം രാജ്യഭക്തിയുടേയും അടിസ്ഥാനം. ആകയാൽ വെറും നിയമപാലനം

1 Suarez, De Legibus, Lib. II. caput 18 n. 9 on Jus Gentium,—Conf. Messner, J., Social Ethics, pp. 446—447 and Alf Ross, A Text of International Law, pp. 28—30.

2 Conf. The New Europe, p. 248.

കൊണ്ടുമാത്രം ഒരു ദേശഭക്തൻ തൃപ്തനാവുകയില്ല; പ്രത്യുത അവസരം വരുമ്പോഠം തൻേറതായ സർവ്വവും സംത്യജിച്ച് പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാനും അയാഠം സന്നദ്ധനായിരിക്കും.

എന്നാൽ, ആരോഗ്യകരമായ ഒരു അന്താരാഷ്ട്രീയബോധത്തിലേക്കു വികാസംലഭിക്കാത്ത സങ്കചിതരാജ്യഭക്തി പലപ്പോഴും അപകടകാരിയാണ്. ഉത്തമദേശഭക്തർ, സ്വദേശസ്നേഹം വളർത്തുന്നതോടൊപ്പം, അയൽരാജ്യങ്ങളോടും അവിടത്തെ ജനങ്ങളോടും ആദരബഹുമാനങ്ങഠം പുലർത്തുകയും ചെയ്യും. അന്യരാജ്യങ്ങളിലെ ജനങ്ങളോട് വൈകാരികബന്ധം പുലർത്തുവാൻ രാഷ്ട്രങ്ങഠംതന്നെ മുൻകൈയെടുത്തു പ്രവർത്തിക്കണം. കാരണം, മനുഷ്യൻ പ്രകൃത്യാതന്നെ, കടുംബത്തിൻേറയും രാഷ്ട്രത്തിൻേറയും സങ്കചിതപരിധിയ്ക്കപ്പുറം വിശ്വരാഷ്ട്രത്തിൻേറതന്നെ ഒരംഗമാണ്. ചുരുക്കത്തിൽ അവർ ഒരുവിശ്വപൗരനാണ്.

3

# ക്രമികൃത അന്താരാഷ്ട്രിയ സമുദായം.

**195. അന്താരാഷ്ട്രീയ സംഘടന:** ദേശീയനിയമങ്ങളിലും നീതിയിലും അധിഷ്ഠിതമായ ഒരു പൊതുവ്യവസ്ഥയിൽ ഒരു അന്താരാഷ്ട്രീയസംഘടന പടുത്തുയർത്തുന്നതു് എല്ലാ രാഷ്ട്രങ്ങൾക്കും ഒന്നുപോലെ നല്ലതാണു്. അതിൻെറ എല്ലാ അംഗങ്ങളുടേയും അവകാശധർമ്മങ്ങൾ തിട്ടപ്പെടുത്തുവാൻ അന്താരാഷ്ട്രീയ ബന്ധങ്ങളെ നിർണ്ണയിക്കുന്ന ഒരു പൊതുനിയമസംഹിതയും അതിനുണ്ടായിരിക്കണം. ജനങ്ങൾതന്നെ അവരുടെ ഭരണകൂടം കെട്ടിപ്പടുക്കുന്നതുപോലെ, രാഷ്ട്രങ്ങൾതന്നെ വേണം, നീതിയുടേയും പരസ്നേഹത്തിൻെറയും തത്വങ്ങൾ അവഗണിക്കാതെ ഇത്തരമൊരു സംഘടന പടുത്തുയർത്തുവാൻ.

ഉത്തമക്രൈസ്തവതത്വങ്ങളിൽ അടിത്തറ പാകിയാലേ ഇത്തരമൊരു സംഘടന വിജയിക്കൂ. കാരണം, "ഈ അന്താരാഷ്ട്രീയബോധം ഇന്നറിയപ്പെടുന്നമാതിരി ഉടലെടുത്തതുതന്നെ യൂറോപ്യൻ നാഗരികതയിൽനിന്നാണു്; ആ സംസ്കാരത്തിൻെറ എല്ലാ നല്ലവശങ്ങളും ക്രൈസ്തവാദർശങ്ങളിൽനിന്നും ഉയിർപൂണ്ടവയുമാണു്. ആ തത്വഷ്ളാകട്ടെ ജഗൽപിതാവിൻെറ വിശ്വപൈതൃകത്വത്തിലും വ്യക്തികളുടെ വിശ്വസാഹോദര്യത്തിലും വിശ്വസിക്കുകയും ചെയ്യുന്നു. അഭൗതികമായ ഒരു മണ്ഡലത്തിലും അതിനു വിശ്വാസമുണ്ടു്. വ്യക്തികളും രാഷ്ട്രങ്ങളും ഒന്നുപോലെ അനുസരിക്കേണ്ട സ്വാഭാവികനിയമങ്ങൾക്കും ദൈവികനിയമങ്ങൾക്കും പൂർണ്ണവിധേയത്വം അവ ആവശ്യപ്പെടുകയും ചെയ്യുന്നു." *

**196. അന്താരാഷ്ട്രീയാധികാരം:** അന്താരാഷ്ട്രീയസംഘടനയ്ക്കു വേണ്ടത്ര അധികാരം കൂടിയേതീരൂ. പരസ്പരം യോജിച്ചു തീരുമാനിച്ച നിയമങ്ങൾ അനുസരിപ്പിക്കുവാനുള്ള അധികാരംകൂടി രാഷ്ട്രങ്ങൾ അന്യോന്യം സമ്മതിച്ചു് അതിനു നല്കണം. ഈദൃശാ

* Conf, Christopher Dawson, The Judgement of the Nations, p. 91.

നുസരണം ഒരു രാഷ്ട്രത്തിൻേറയും അധികാരങ്ങളെ ബാധിക്കുകയില്ലെന്നുമാത്രമല്ല പരിപൂർണ്ണമാക്കുകകൂടി ചെയ്യും. എന്നാൽ, വ്യക്തികൾക്കു രാഷ്ട്രത്തിലുള്ളതുപോലെ ഇതിലും എല്ലാ രാഷ്ട്രങ്ങൾക്കും തുല്യാവകാശം ഉണ്ടാകണം. നിയമത്തിൻെറ മുമ്പിലുള്ള തുല്യാവകാശമാണ് ഇവിടെ വിവക്ഷിക്കുന്നതു്. മറെറാരു സമത്വം സാധ്യവുമല്ലല്ലോ. ഉദാഹരണമായി നിയമത്തിൻെറ മുമ്പിൽ എല്ലാ വ്യക്തികളും തുല്യരാണെങ്കിലും സാമൂഹികജീവിതത്തിൽ വിവിധ കാരണങ്ങളാൽ സമത്വമുണ്ടാകുക ദുഷ്കരമാണ്. ഇക്കാര്യത്തിൽ സഭയുടെ നിലപാട് "ഒബ്സർവത്തോരെ റൊമാന" (റോമൻ നിരീക്ഷകൻ) എന്ന പത്രത്തിൻെറ വാക്കുകളിൽ ശ്രവിക്കുക: "'ശക്തിക്കനുസരിച്ച് അവകാശവും' എന്ന തത്വശാസ്ത്രം, ഭൗതികശക്തിയുടെ സമ്മർദ്ദംകൂടാതെ തന്നെ, മനുഷ്യമനസ്സാക്ഷികളെ ബന്ധിക്കുവാനുള്ള ധാർമ്മികമൂല്യങ്ങളുടെ സാർവ്വത്രികശക്തിയെ തകർക്കുകയാണു ചെയ്യുക. മററു യാതൊരു ശക്തിക്കും കീഴ്പ്പെടുത്താനാവാത്ത ഒരു സ്വകീയശക്തി ഏതൊരവകാശത്തിനും, ധാർമ്മികമണ്ഡലത്തിനുമുണ്ട്. ആക്രമിക്കപ്പെടുകയോ മർദ്ദിക്കപ്പെടുകയോ ചെയ്യുന്തോറും ഉത്തരോത്തരം ഈ ധാർമ്മികശക്തി ഉജ്ജ്വലിക്കുകയേയുള്ളൂ. ഭൗതികശക്തിയാവട്ടെ യാന്ത്രികമായ ഒരു ശക്തിമാത്രമാണ്; അതിനു ധാർമ്മികമൂല്യമൊന്നുമില്ല." *

**197. ഇടപെടലിനുള്ള അവകാശം:** നിയമം ലംഘിക്കുന്ന ഒരു വ്യക്തിയുടേയോ ഡിസ്റ്റ്രിക്റ്റിൻേറയോ പ്രോവിൻസിൻേറയോ കാര്യത്തിൽ രാഷ്ട്രങ്ങൾക്ക് ഇടപെടുവാനുള്ള അവകാശം ഏവരും സമ്മതിക്കും. ഈ അവകാശം മാത്രമല്ല രാഷ്ട്രങ്ങൾക്കുള്ളതു്, അവ നടപ്പാക്കുവാനുള്ള മാർഗ്ഗങ്ങളുമുണ്ട്: പോലീസും കോടതിയും.

ഈ ഇടപെടലധികാരം രാഷ്ട്രങ്ങളുടെ രാഷ്ട്രമായ അന്താരാഷ്ട്രീയ സംഘടനയ്ക്കുണ്ടായിരിക്കണമോ? എല്ലാ രാഷ്ട്രങ്ങളുടേയും അവയുടെ നിയമങ്ങളുടേയുംമേൽ അധികാരവും അവകാശവും ഉള്ള ഒരു അന്താരാഷ്ട്രീയശക്തി ഉണ്ടായിരിക്കണമെങ്കിൽ അതിന്ന് ഈ അവകാശം ഉണ്ടായിരുന്നേ മതിയാവൂ. ഒരു വ്യക്തിയെ മറെറാരു വ്യക്തി ആക്രമിക്കുമ്പോൾ അവനെ സഹായിക്കുവാൻ മൂന്നാമതൊരു വ്യക്തിക്ക് അവകാശമുള്ളതുപോലെ രാഷ്ട്രങ്ങളുടെ കാര്യത്തിലും ആകാവുന്നതാണ്. എന്നാൽ, മൂന്നാമതൊരു രാഷ്ട്രത്തിൻെറ അത്തരം

* From an article in the Osservatore Romano of January 4, 1942.

ഇടപെടലിനെ നിയമജ്ഞന്മാർ പൊതുവേ അംഗീകരിച്ചിരുന്നില്ല; കാരണം അതു മററു രാഷ്ട്രങ്ങൾക്കു സംശയത്തിനു കാരണം കൊടുക്കുകയും കൂടുതൽ കലാപങ്ങൾക്കു വഴിതെളിക്കുകയും ചെയ്തിരുന്നു. അതിനാൽ ഈ അവകാശം ന്യായപൂർവ്വമെങ്കിലും അപകടകാരിയാണ്. ഈ വിഷമസന്ധിക്കുള്ള ഏകപരിഹാരമാർഗ്ഗമാണ് ഒരു അന്താരാഷ്ട്രീയസംഘടന ഉണ്ടാക്കുക. അതിൻെറ ഇത്തരം ഇടപെടൽ ആർക്കും സംശയകാരണമാവുകയില്ലല്ലോ.

# 4

# ലീഗ് ഓഫ് നേഷൻസ്.

(അന്തർദ്ദേശീയസഖ്യം)

## The League of Nations

**198. രാഷ്ട്രങ്ങളുടെ സംഘടന:** 1919-ൽ ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞയുടനെ നടന്ന "വാഴ്സാ" ഉടമ്പടി പ്രകാരം സ്ഥാപിതമായ വിവിധ ജനപദങ്ങളുടെ ഒരു സംഘമാണ "ലീഗ് ഓഫ് നേഷൻസ്." എന്നാൽ, ജനതകളുടെ എന്നതിനേക്കാൾ അതു ഗവണ്മെൻറുകളുടെ ഒരു സംഘടനയായിരുന്നു വാസ്തവത്തിൽ.

എല്ലാ ജനതകളും (Nations) ഓരോ രാഷ്ട്ര (State) മാകുന്നില്ല. ഒരു സ്വാഭാവിക സമുദായമാണ ഉനത. രാഷ്ട്രമാകട്ടെ കൃത്രിമ സമുദായവും. വിവിധ ജനതകളെ താല്ക്കാലിക താത്പര്യങ്ങളുടെ ദുർബ്ബലതന്തുവിൽ കോർത്തിണക്കിയാണ രാഷ്ട്രങ്ങൾ ഉടലെടുക്കുക. ആ ദുർബ്ബലതന്തു ഏതുനേരവും തകരാം. ആകയാൽ ഒരു സാർവ്വദേശീയസമൂഹം, രാഷ്ട്രങ്ങളുടേതിനേക്കാൾ ജനതകളുടേതാവണം. ഗവണ്മെൻറുകൾ നിയമവും സമാധാനവും പാലിക്കുവാൻമാത്രം ശ്രദ്ധിച്ചാൽ മതി. *

**199. ജനീവാസഖ്യം:** ഒന്നാം ലോകമഹായുദ്ധത്തിൻെറ (1914-1919) അവസാനത്തിലെങ്കിലും, അത്തരം മഹാവിപത്തുകൾ ഭാവിയിലെങ്കിലും ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ട

---

* പല രാഷ്ട്രങ്ങളിലും അവരുടെ അതിർത്തിക്കുള്ളിൽത്തന്നെ ചില ദേശീയന്യൂനപക്ഷങ്ങളുണ്ടായിരിക്കും. അത്തരം ന്യൂനപക്ഷങ്ങളുടെ ദേശീയാവകാശങ്ങളായ, ഭാഷ, ആരാധന, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ സമ്പൂർണ്ണമായ സമാദരവും സംരക്ഷണവും ഈ രാഷ്ട്രങ്ങൾ നല്കണമെന്നാണ് സഭയുടെ പ്രബോധനം. ഇന്നോളം ഇത്തരം ന്യൂനപക്ഷങ്ങൾക്ക വളരെ നിന്ദ്യമായ പെരുമാററമാണ ലഭിച്ചിട്ടുള്ളതു്. വെറും സമരം മാത്രമായിരുന്നു ഇവരുടെ ഏകരക്ഷാമാർഗ്ഗം. എന്നാൽ, ഒരു അന്തർദ്ദേശീയസംഘടന ഉണ്ടായിരുന്നവെങ്കിൽ, അവരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാനുള്ള ഒരു സുഗമമാർഗ്ഗം അതുവഴി അവക്കു തുറന്നു കിട്ടുമായിരുന്നു.

തിൻെറ ആവശ്യകത ലോകജനതകൾക്ക ബോധപ്പെട്ടു. തൽഫലമായി വാഴ്സാ ഉടമ്പടിയുടെ ഒരു പ്രധാന വകുപ്പായി ഒരു അന്തർദ്ദേശീയസഖ്യം രൂപീകരിക്കണമെന്ന നിർദ്ദേശവും അംഗീകരിച്ചു.

സമാധാനധ്വംസകങ്ങളായ എന്തും തടയുകയും അന്താരാഷ്ട്രീയസൗഹൃദം വളർത്തുകയുമായിരുന്നു ലീഗിൻെറ പ്രധാന ലക്ഷ്യം. അനാക്രമണനയം, ന്യൂനപക്ഷബഹുമാനം, സഖ്യത്തോടുള്ള വിശ്വസ്തത ഇവയായിരുന്നു അതിൻെറ അംഗത്വത്തിനുവേണ്ട വ്യവസ്ഥകൾ. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ച 1939-ൽ ഇതിനു് 55 അംഗരാജ്യങ്ങളുണ്ടായിരുന്നു. സ്വിററ്സർലാണ്ടിലെ ജനീവ ആയിരുന്നു ലീഗിൻെറ ആസ്ഥാനം. ലീഗിൻെറ സംവിധാനം ഇങ്ങനെയായിരുന്നു: ഒരു നിയമസഭ, (Assembly) ഒരു സമിതി, (Council) ഒരു കാര്യാലയം (Secretariate) ഇവ മൂന്നുമുൾക്കൊള്ളുന്ന ഒരു അന്താരാഷ്ട്രീയ ഭരണകൂടം.

1) (ലീഗ്) അസംബ്ളി: ഒരു ലോകപാർലമെൻറായിരുന്നു അതു്. എല്ലാ അംഗരാജ്യങ്ങളിൽനിന്നും പ്രതിനിധികൾ തുല്യാവകാശത്തോടെ ഇതിൽ അംഗങ്ങളായിരുന്നു. ഓരോ രാഷ്ട്രത്തിനും മൂന്നു പ്രതിനിധികളെ അയയ്ക്കാം. അതിനാൽ ചെറുരാഷ്ട്രങ്ങൾക്കുപോലും ഒരുതരം "വലിമ" തോന്നിയിരുന്നു. സമാധാനപ്രശ്നചർച്ച, ആയുധനിയന്ത്രണം, ഉടമ്പടികൾ, അന്താരാഷ്ട്രീയനിയമം രാഷ്ട്രനന്മയെ ബാധിക്കുന്ന മററു പ്രശ്നങ്ങൾ ഇവയെല്ലാമാണു് ഈ അസംബ്ളിയിൽ ചർച്ചാവിഷയമായിരുന്നതു്. പൊതുജനങ്ങൾക്കും ഇവരുടെ യോഗങ്ങളിൽ പ്രവേശനമുണ്ടായിരുന്നു.

2) (ലീഗ്) കൗൺസിൽ: ഒരു നിർവ്വാഹകസമിതിക്കു തുല്യമായിരുന്നു ഇതു്. അസംബ്ളിയുടെ തീരുമാനങ്ങൾ കൗൺസിലായിരുന്നു നടപ്പിലാക്കിയിരുന്നതു്. 14 അംഗങ്ങളടങ്ങിയ ഈ സമിതിയിൽ ബ്രിട്ടൻ, ഫ്രാൻസ്, ഇററലി, ജർമ്മനി, ജപ്പാൻ എന്നീ അഞ്ചു രാഷ്ട്രങ്ങളുടെ പ്രതിനിധികൾ (5 പേർ) സ്ഥിരാംഗങ്ങളായിരുന്നു. ബാക്കി ഒമ്പതുപേരെ, (ഓരോ കൊല്ലം 3 പേരെ വീതം) അസംബ്ളിയാണു തിരഞ്ഞെടുത്തിരുന്നതു്. ഇവക്കു രാഷ്ട്രങ്ങൾ തമ്മിലുള്ള തക്കങ്ങൾ തീർക്കുവാനും അധികാരമുണ്ടായിരുന്നു.

3) കാര്യാലയം: വിവിധ രാജ്യങ്ങളിൽനിന്നുള്ള സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ ഒരു സംഘമാണിതു്. അവർ പല വകുപ്പുകളായി വിഭജിക്കപ്പെട്ടിരുന്നു: രാഷ്ട്രീയപ്രശ്നങ്ങൾ, ആരോഗ്യം, തൊഴിൽ, സാമൂഹികപ്രശ്നങ്ങൾ, നടപടികൾ, ന്യൂനപക്ഷം, വാർത്താവിതരണം എന്നിങ്ങനെ.

**200. സഖ്യത്തിൻെറ പ്രവത്തനം:** യുദ്ധപ്രശ്നമായിരുന്നു ഏതൊരു സഖ്യത്തിനും അന്നു കൈകാര്യം ചെയ്യേണ്ടിയിരുന്ന പ്രമുഖപ്രശ്നം ജനീവാസഖ്യംയുദ്ധത്തെ ഒരു അന്താരാഷ്ട്രീയ തിന്മയായി പ്രഖ്യാപിച്ചു. തന്മൂലം എവിടെയെങ്കിലും സംഘട്ടനമുണ്ടായാൽ, തക്കം തീക്കുംമുമ്പ് ആദ്യം അവർ ചെയ്യുക, ആക്രമണകാരി ആരെന്നു കണ്ടുപിടിക്കുകയായിരുന്നു. അവരുടെ നടപടിക്രമം ഏതാണ്ടിങ്ങനെ വിവരിക്കാം: ആദ്യമായി ഒരു യുദ്ധവിരാമസന്ധിണ്ടാക്കും; പിന്നെ യുദ്ധപ്രകൃതിയേയും ആക്രമണകാരിയേയുംപററി പഠിക്കുകയായി; അവസാനം ശിക്ഷാനടപടികളെടുക്കും. ശിക്ഷാവിധികഠം രണ്ടു വിധമുണ്ടായിരുന്നു: ഒന്നു സാമ്പത്തികം, രണ്ട് സൈനികം. ഇവയിൽ ആദ്യത്തേതിനുമാത്രമേ നിർബ്ബന്ധസ്വഭാവമുണ്ടായിരിക്കു. അക്രമിരാഷ്ട്രവുമായുള്ള എല്ലാവിധ സാമ്പത്തികബന്ധങ്ങളും നിറുത്തലാക്കി, മററു രാഷ്ട്രങ്ങഠം അതിനോടു തികഞ്ഞ നിസ്സഹകരണം പാലിക്കുകയാണ് ഈ സാമ്പത്തികശിക്ഷ. അങ്ങനെ വാണിജ്യപരവും, സാമ്പത്തികവുമായ നിസ്സഹകരണംവഴി അതിൻെറ ശക്തി തളത്തുക എന്നതായിരിക്കും ഈ ശിക്ഷയുടെ ലക്ഷ്യം. സൈനികസഹായം നല്കുന്ന കാര്യത്തിൽ ഓരോ രാഷ്ട്രത്തിനും പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നു. കൗൺസിലിൻെറ തീരുമാനം ഓരോ രാജ്യത്തിനും പരിഗണിച്ചു യഥേഷ്ടം സൈനികസഹായം അയക്കുകയോ അയക്കാതിരിക്കുകയോ ചെയ്യാമായിരുന്നു. എന്നാൽ, ലീഗിനുവേണ്ടി സൈന്യം അയക്കാൻ ഒരു രാജ്യം തീരുമാനിക്കുകയാണെങ്കിൽ അതിൻെറ യാത്രയ്ക്കും പ്രവത്തനങ്ങഠംക്കും വേണ്ട ഒത്താശകഠം എല്ലാ രാജ്യങ്ങളും നല്കേണ്ടിയിരുന്നു.

പല തക്കങ്ങളിലും ലീഗിനു പ്രശസ്തമായ വിജയങ്ങഠം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. 1920-ൽ വിയന്നായിൽ നടത്തിയ ജനഹിതപരിശോധന, 1925-ൽ ഗ്രീക്കുകാരും ബഠംഗേറിയാക്കാരും തമ്മിലുണ്ടായ യുദ്ധം അവസാനിപ്പിച്ചതു്, എന്നിവ അവയിൽ പ്രമുഖമായ രണ്ടെണ്ണമാണ്. എന്നാൽ, 1939-ലെ ജപ്പാൻകാരുടെ "മഞ്ചുക്കോ" ആക്രമണവും 1935-ലെ ഇററലിയുടെ "അബ്സീനിയൻ" ആക്രമണവും തടയുവാൻ ലീഗിനു സാധിച്ചില്ല. അബ്സീനിയൻ ആക്രമണത്തിൽ ഇററലിക്കെതിരെ സഖ്യം പ്രയോഗിച്ചതു സാമ്പത്തിക നിസ്സഹകരണമായിരുന്നു. ഒരു വമ്പിച്ച ആഘാതംതന്നെ അതു് ഇററലിയെ ഏല്പിച്ചെങ്കിലും, യുദ്ധത്തിൽ ഇററലി വിജയിച്ചതോടൊപ്പം ലീഗിൻെറ ആദ്യപരാജയം കുറിക്കപ്പെട്ടുവെന്നു പറയാം. ഇത്തരം

സാമ്പത്തികശിക്ഷ വിലയില്ലാത്തതായി. 1939 സെപ്റ്റംബറിൽ രണ്ടാം ലോകമഹായുദ്ധം തുടങ്ങിയതോടെ ലീഗു ദുർബ്ബലമായി. ഫിൻലാണ്ടിനുനേരെയുള്ള സോവ്യററ് ആക്രമണശേഷം 1939 ഡിസംബർ 11-ാംതീയതി സമ്മേളിച്ച അസംബ്ളി, റഷ്യയുടേമേൽ കുററമാരോപിച്ച് അതിനെ ലീഗിൽനിന്നും പുറംതള്ളി. അതോടെ ലീഗ് അതിൻെറ രാഷ്ട്രീയപ്രവർത്തനവും അവസാനിപ്പിച്ചു. ലീഗിൻെറ ബാക്കി സ്ഥാപനങ്ങളും കാര്യാലയവും 1941-ൽ കാനഡായിലേക്കു മാററപ്പെട്ടു. 26 കൊല്ലത്തെ പ്രവർത്തനങ്ങൾക്കുശേഷം 1946 ഏപ്രിൽ 18-ന് ഈ അന്തർദ്ദേശീയസഖ്യം ഔദ്യോഗികമായി പിരിച്ചുവിടപ്പെടുകയും ചെയ്തു.

**201. സഖ്യത്തിൻെറ പരാജയം:** ഒരു യുദ്ധം തടയാൻ ശ്രമിക്കുന്ന ഏതൊരു സഖ്യത്തിനും നേരിടേണ്ടിവരുന്ന രണ്ടു വമ്പിച്ച വിലങ്ങുതടികളുണ്ട്: വേണ്ടത്ര അധികാരമില്ലായ്മയും, ആക്രമകാരിയായ ഒരു ശാക്തികരാഷ്ട്രത്തിനെതിരെ ഫലപ്രദമായ ശിക്ഷണനടപടികൾ എടുക്കുവാനുള്ള കഴിവില്ലായ്മയും.

അന്താരാഷ്ട്രീയാധികാരമുണ്ടാകുവാൻ വേണ്ടിയിരുന്നതു് ലീഗിനെ വിപുലപ്പെടുത്തുകയായിരുന്നു; അയായതു പ്രധാനപ്പെട്ട രാജ്യങ്ങളെയെല്ലാം അതിൻെറ അംഗങ്ങളാക്കുക. അക്കാര്യത്തിൽ ലീഗു വിജയിച്ചില്ല; അതു് ഒരു സർവ്വരാജ്യസംഘടന ആയിരുന്നില്ല. U. S. A-യുടെ പ്രസിഡൻറായിരുന്ന വിത്സനായിരുന്നു അതിൻെറ സ്ഥാപകനെങ്കിലും, അമേരിക്ക അതിൽ അംഗത്വം സ്വീകരിക്കുവാൻ വിസമ്മതിക്കുകയാണുണ്ടായതു്. അതിനാൽ ആദ്യംമുതല്ക്കേ അതിൻെറ അധികാരം ഏററം ദുർബ്ബലമായിരുന്നു. കുറെക്കഴിഞ്ഞു ജർമ്മനിയും ജപ്പാനുംകൂടി അവരുടെ അംഗത്വം പിൻവലിച്ചു; അതോടൊപ്പം ലീഗും നിലംപരിശായി.

യഥാർത്ഥത്തിൽ ലീഗിൻെറ അധഃപതനത്തിനു കളമൊരുക്കിയതു്, രാഷ്ട്രങ്ങളും ജനപദങ്ങളും ദൈവികനിയമങ്ങൾ പാലിക്കുന്നതിൽ കാണിച്ച അശ്രദ്ധയാണ്. യൂറോപ്പിലെന്നല്ല, ലോകത്തെവിടേയും സമാധാനം പുലരണമോ, സാമൂഹികജീവിതവും രാഷ്ട്രീയതന്ത്രങ്ങളും ഉത്തമക്രൈസ്തവതത്വങ്ങളിൽ പടുത്തുയർത്തേ മതിയാകൂവെന്ന സത്യം ലീഗിൻെറ അധഃപതനം ഒരിക്കൽകൂടി തെളിയിക്കുന്നു. ഏക ദൈവത്തിൻെറ പൈതൃകത്വത്തിൽ, വിശ്വസാഹോദര്യത്തിൽ ഏക കുടുംബങ്ങളെപ്പോലെ എല്ലാ രാഷ്ട്രങ്ങളും പെരുമാറണം.

# 5

# ഐക്യരാഷ്ട്രസംഘടന.

## United Nations Organisations

**202. ഉത്ഭവം:** ഒന്നാം ലോകമഹായുദ്ധം ലീഗ് ഓഫ് നേഷൻസിനു വഴി ഒരുക്കിയതുപോലെ രണ്ടാം ലോകമഹായുദ്ധം ഐക്യരാഷ്ട്രസംഘടനയ്ക്കും കളമൊരുക്കി. അതിൻെറ അവസാനത്തിൽ 1943 ഒക്ടോബറിൽ കൂടിയ മോസ്കോ സമ്മേളനത്തിൽ, അന്നത്തെ നാലു വൻകിട ശക്തികളായ, അമേരിക്ക, ഫ്രാൻസ്, റഷ്യ, ചൈന എന്നീ രാഷ്ട്രങ്ങൾ ഒരു സുപ്രധാന തീരുമാനമെടുത്തു: കഴിയുംവേഗം ഒരു അന്താരാഷ്ട്രീയസംഘന കെട്ടിപ്പടുക്കുവാൻ—വലുതും ചെറുതുമായ സമാധാനകാംക്ഷികളായ എല്ലാ രാഷ്ട്രങ്ങൾക്കും അംഗത്വം നല്കുന്നതും, അന്താരാഷ്ട്രീയസുരക്ഷിതത്വവും സമാധാനവും പാലിക്കുവാൻ കഴിവെഴുന്നതുമായ ഒരു സംഘടന. 1945 ഫെബ്രുവരിയിൽ സമ്മേളിച്ച യാൾട്ടാ (Yalta) കോൺഫ്രൻസിലും ഇതേപ്പററി കാര്യമായ ചർച്ചനടന്നു. 1943-ൽ വാഷിംടണിൽ സമ്മേളിച്ച പ്രാരംഭസമ്മേളനത്തിലെടുത്ത നിശ്ചയമനുസരിച്ച് അത്തരമൊരു സംഘടനയുടെ കരട്ടരേഖ നിർമ്മിക്കുവാൻ, സഖ്യശക്തികളുടെ ഒരു സമ്മേളനം പിന്നീടു വരുന്ന ഏപ്രിലിൽ സാൻ ഫ്രാൻസിസ്ക്കോയിൽ കൂടണമെന്നു നിർണ്ണയിക്കപ്പെട്ടു.

അങ്ങനെ 1945 ഏപ്രിൽമാസത്തിൽ 45 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ സമ്മേളിച്ച, സാൻ ഫ്രാൻസീസ്കോ സമ്മേളനത്തിനാണ് ഇന്നത്തെ ഐ. രാ. സംഘടനയ്ക്കു ജന്മംനല്കുവാനുള്ള ഭാഗ്യംലഭിച്ചതു്. തകർന്നുവീണ് അവഗണിക്കപ്പെട്ട സർവ്വരാഷ്ട്രസഖ്യത്തെ സമുദ്ധരിക്കാനുള്ള യാതൊരു ശ്രമവുമായിരിക്കരുതു് തങ്ങളുടേതെന്നു് ആദ്യന്തം അവർ നിർബ്ബന്ധംപിടിച്ചിരുന്നു. ഇങ്ങനെ തികച്ചും നവീനമായ ഒരു സംഘടനയ്ക്കു് അവർ ബോധപൂർവ്വം ശ്രമിച്ചുവെങ്കിലും പുതിയ സംഘടനയുടെ സംവിധാനവും സാരാംശത്തിൽ പഴയ ലീഗിൻേറതു തന്നെയായിരുന്നു. ലീഗിൻേറതെന്നപോലെ, ഐ. രാ. സ. (U.N.O.) യുടേയും അടിസ്ഥാനതത്വം രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യസഹകരണമാണ്. സഖ്യത്തിലെ ഉടമ്പടിപോലെതന്നെ, പ്രവൃത്തിപഥത്തിൽ രാഷ്ട്രങ്ങൾക്കുള്ള വലുപ്പച്ചെറുപ്പത്തെ അംഗീകരിക്കുന്ന ഒരു സംവി

ധാനക്രമമാണ് ഐ. രാ. സ.യുടെ പ്രമാണരേഖയും എല്ലാ രാഷ്ട്രങ്ങൾക്കും നല്കുന്നതു്. താഴെ ചേർക്കുന്ന നാലു കാര്യങ്ങളാണ് ഐ. രാ. സ.യുടെ പ്രധാനവ്യവസ്ഥകൾ:

1) അന്താരാഷ്ട്രീയസമാധാനവും സുരക്ഷിതത്വവും സ്ഥാപിക്കുക.

2) രാഷ്ട്രങ്ങൾതമ്മിൽ അന്യോന്യസൗഹൃദസമ്പർക്കം വളർത്തുക.

3) മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യവും സംരക്ഷിക്കുവാനും അന്താരാഷ്ട്രീയപ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള സാർവ്വദേശീയസഹകരണം നേടുക.

4) ഈ പൊതുലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രയത്നങ്ങളെ ഏകീകരിക്കുക.

ജനറലസംബ്ളി, സെക്യൂരിററി കൗൺസിൽ, സെക്രട്ടറിയേററ് മററു വിവിധ സംഘടകൾ എന്നിവവഴിയാണ് ഈ വിവിധ പ്രവർത്തനങ്ങൾ ഇതു നടത്തുക.

**203. ജനറലസംബ്ലി:** ഘടന, അധികാരം, നടപടിക്രമം മുതലായവയിൽ ഇതു ലീഗിൻെറ അസംബ്ളിയോടു സമാനമാണ്. ഓരോ രാഷ്ട്രത്തിനും ഓരോ വോട്ടിനുള്ള അവകാശമാണുള്ളതു്. സന്നിഹിതരായിരിക്കുന്നവരുടെ വോട്ടിൽ മൂന്നിൽരണ്ടു ഭാഗത്തിൻെറ ഭൂരിപക്ഷംവേണം പ്രധാനകാര്യങ്ങളുടെ തീരുമാനത്തിനു്. അത്തരം പ്രധാന പ്രശ്നങ്ങളിൽ ചിലതു താഴെ ചേർക്കുന്നു: സമാധാനവും സുരക്ഷിതത്വവും, അംഗങ്ങളുടെ സ്വീകരണം, നിഷേധനം, പുറന്തള്ളൽ; സംരക്ഷണപ്രശ്നങ്ങൾ മുതലായവ.

മററു പ്രശ്നങ്ങൾ വെറും സാമാന്യഭൂരിപക്ഷത്തോടെ നിർണ്ണയിക്കാവുന്നതാണ്. ഐക്യരാഷ്ട്രപ്രമാണരേഖയുടെ പരിധിയിൽ വരുന്ന ഏതു പ്രശ്നത്തെപ്പററിയും അവർ ചർച്ചനടത്താറുമുണ്ട്. എന്നാൽ, സെക്യൂരിററി കൗൺസിൽ ഒരു പ്രശ്നം കൈകാര്യംചെയ്യുമ്പോൾ, ജനറലസംബ്ളി ഐ. രാ. സ.യുടെ കേന്ദ്രം അഥവാ ഒരു ഏകീകരണഘടകമായി വർത്തിക്കുന്നു. അസംബ്ളിയുടെ പ്രാഭവം അടക്കടി ഇന്നു വളർന്നുകൊണ്ടിരിക്കയാണ്. കാരണം അന്താരാഷ്ട്രീയപ്രശ്നങ്ങൾക്കു പരിഹാരം കാണുവാനായി ഏതൊരു രാഷ്ട്രവും ഇന്നു് ഇതിനെ സമീപിക്കുകയാണ്. ചർച്ചചെയ്യുകയല്ലാതെ അംഗരാഷ്ട്രങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളുണ്ടാക്കാൻ

അധികാരമില്ലെങ്കിലും, വിശ്വസമാധാനസ്ഥാപനോപാധി എന്ന നിലയിൽ അസംബ്ളിയുടെ സ്ഥാനം സമുന്നതമാണ്. അപ്പപ്പോൾ രൂപീകരിക്കുന്ന അഡ്ഹോക് കമ്മററികൾക്കു പുറമേ സ്ഥിരമായി വർത്തിക്കുന്ന ആറു പ്രധാന കമ്മററികളുംകൂടിയാണു ജനറൽ അസംബ്ളിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതു്. (Art. 22)

## 204. സംരക്ഷണസമിതി: (Security Council)

ഐ. രാ. സ.യുടെ പ്രമുഖശാഖ ഇതാണ്. 11 രാഷ്ട്രങ്ങൾക്കാണ് ഇതിൽ അംഗത്വമുള്ളതു്: ബ്രിട്ടൺ, അമേരിക്ക, ഫ്രാൻസ്, റഷ്യാ, ചൈന, എന്നീ അഞ്ചു രാഷ്ട്രങ്ങൾക്കു സ്ഥിരാംഗത്വമുണ്ട്. ബാക്കി ആറംഗങ്ങളെ അസംബ്ളി ഈരണ്ടു വർഷത്തെ കാലാവധിയോടെ തിരഞ്ഞെടുക്കുന്നു. (Art. 23) ലീഗിനെ അപേക്ഷിച്ച് ഐ. രാ. സ.യ്ക്കു് ഒരു പ്രത്യേകരീതിയുള്ളതു് ഇതിൻെറ വോട്ടിംഗ്‌രീതിയിലാണ്. ഓരോ സമിതിയംഗത്തിനും ഓരോ വോട്ടുണ്ട്. ഏതെങ്കിലും ഏഴംഗങ്ങളുടെ വോട്ടുവേണം സുപ്രധാനകാര്യങ്ങളുടെ നിർണ്ണയത്തിനു്. ഈ ഏഴിൽ മുമ്പത്തെ അഞ്ചു സ്ഥിരാംഗങ്ങളുടെ വോട്ടും ഉണ്ടായിരിക്കണം. തദ്‌വിഷയത്തിൽ ഒരു രാജ്യം കക്ഷിയാണെങ്കിൽ ആ രാജ്യം വോട്ടു ചെയ്യരുതെന്നാണു നിശ്ചയം.

സ്ഥിരാംഗങ്ങളുടെ നിഷേധകവോട്ടിനെ "വീറോ" പ്രയോഗം എന്നും പറയാവുണ്ട്. അവരിലൊരാൾ വീറോ പ്രയോഗിച്ചാൽ പിന്നെ ആ പ്രശ്നത്തെപ്പററി ചർച്ച തുടർന്നുകൂടാ. എന്നാൽ, വോട്ടെടുപ്പിലുള്ള വെറും പങ്കെടുക്കാതിരിക്കൽ വീറോ അല്ല.[1] വൻശക്തികൾക്കിടയിലെന്നതിനേക്കാൾ ചെറുകിട രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ തടയുവാനാണ് ഐ. രാ. സ. മുന്നിട്ടു പ്രവർത്തിക്കുക. അന്താരാഷ്ട്രീയ അണ്വായുധനിയന്ത്രണത്തിനും ആയുധന്യൂനീകരണത്തിനും നിയന്ത്രണത്തിനുമുള്ള എല്ലാ പദ്ധതികളുടേയും പുരോഗതിയുടേയും ഉത്തരവാദിത്വം ഈ രക്ഷാസമിതിയ്ക്കാണുള്ളതു്. എന്നാൽ, ആററംശക്തികമ്മീഷൻെറ 1948-ലെ റിപ്പോർട്ടിൽ പറയുന്നതുപോലെ: "റഷ്യയും പശ്ചാത്യരാജ്യങ്ങളുംതമ്മിൽ ഒരു രാഷ്ട്രീയധാരണയുണ്ടാകുന്നതുവരെ ഇതിൻെറ ഈ പ്രയത്നമെല്ലാം വിഫലമാകാനേ തരമുള്ളൂ."

---

1 Conf. Everyman's United Nations, p. 24, 1956.

2 Conf. New York Tims, August 8, 1949.

**205. കാര്യാലയം:** (Secretariat) ജനറൽ സെക്രട്ടറിയും ഉദ്യോഗസ്ഥവൃന്ദവും ഉൾക്കൊള്ളുന്നതാണ് കാര്യാലയം. ലീഗിൻെറ കാര്യാലയംപോലെതന്നെ അന്താരാഷ്ട്രീയ സിവിൽസേവനത്തിൻെറ പ്രമുഖ ഭരണശാഖ ഇതാണെന്നു പറയാം. സംഘടനയുടെ പ്രവ ത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ആവശ്യമായ അനുദിനപ്രവത്തന ങ്ങളെല്ലാം നടത്തുന്നതു കാര്യാലയമാണ്. (Art. 97)

ജനറൽ സെക്രട്ടറിയാണു സംഘടനയുടെ പ്രധാന കാര്യ നിർവ്വഹണാധികാരി. സമിതിയുടെ നിർദ്ദേശമനുസരിച്ച് അസംബ്ളി ഇദ്ദേഹത്തെ നിയമിക്കുന്നു. അഞ്ചുവഷക്കാലമാണ് ഇദ്ദേഹത്തിൻെറ ഭരണകാലാവധി. (Art 100)

ജനറൽ സെക്രട്ടറിയുടെ ഓഫീസ്, ടെക്നിക്കൽ ഭരണ്കൂട ത്തിൻെറ ഒരു ഉപവകുപ്പ്, ഇവയ്ക്കുപുറമേ താഴെപ്പറയുന്ന വേറെ എട്ടു വകുപ്പുകൾ കൂടിച്ചേർന്നതാണ് ഐ. രാ. സ.യുടെ കാര്യാലയം:

1) രക്ഷാസമിതിയുടെ കാര്യങ്ങൾ.
2) സാമ്പത്തിക(കാര്യ)വകുപ്പ്.
3) സാമൂഹിക(കാര്യ)വകുപ്പ്.
4) സ്വാതന്ത്ര്യഭരണമില്ലാത്ത രാജ്യങ്ങളിലെ രക്ഷാകാരിത്വവും അവയെ സംബന്ധിക്കുന്ന വിവരങ്ങളും.
5) നീതിന്യായവകുപ്പ്
6) പൊതുവത്താവിതരണവകുപ്പ്.
7) സമ്മേളനങ്ങളും പൊതുസേവനവും.
8) ഭരണകാര്യവും ധനകാര്യവകുപ്പും. (Art. 101)

ഈ കാര്യാലയത്തിൻെറ ഉത്തരവാദിത്വവും കടമകളും തിക ച്ചും അന്താരാഷ്ട്രീയമാണ്. അവിടത്തെ ഏതുദ്യോഗസ്ഥനും-അയാൾ ഏതു രാജ്യക്കാരനാകട്ടെ—ഒരു അന്താരാഷ്ട്രജനസേവക നാണ്. ലോകസേവനംവഴി തങ്ങളുടെതന്നെ രാജ്യത്തിൻെറ ഉത്തമ താല്പര്യങ്ങൾക്കു സേവനമനുഷ്ഠിക്കുന്ന ഒരു ലോകപൗരനാണയാൾ. (Art. 100)

**206. സാമ്പത്തിക സാമൂഹികസമിതി:** ഐ. രാ. സ.യിലെ 18 അംഗങ്ങളടങ്ങിയ ഒരു സമിതി. ജനറൽ അസംബ്ളി ഇവരെ തിരഞ്ഞെടുക്കുന്നു; ഓരോ വർഷവും 6 പേരെ വീതം 3 കൊല്ലത്തെ കാലാവധിയോടെ. തൊഴിലില്ലായ്മ നിശ്ശേഷം പരിഹരിക്കുകയും, ജീവിതനിലവാരം ഉയത്തുകയുമാണ് ഇവരുടെ

പ്രവർത്തനലക്ഷ്യം. സാർവ്വലൗകികമായ നിലയിൽ, സാമ്പത്തികവും ആരോഗ്യപരവും, സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവു മായ എല്ലാ രംഗങ്ങളിലും ഇവർ പ്രവർത്തിക്കുന്നു. മനുഷ്യാവകാശങ്ങളും മൗലികസ്വാതന്ത്ര്യങ്ങളും അംഗീകരിക്കപ്പെടുന്നതിനും സമാദരിക്ക പ്പെടുന്നതിനുംവേണ്ടിക്കൂടിഇവർ പരിശ്രമിക്കുന്നു. (Art. 66)

വിവിധ കമ്മീഷനുകളും കമ്മററികളുംവഴിയാണ് ഇവർ പ്രവർത്തിക്കുക. അവയുടെ പേരുകൾ താഴെ ചേർക്കുന്നു:

1) ഗതാഗത–വാർത്താവിതരണക്കമ്മീഷൻ (Transport and Communications Commission)
2) സ്ഥിതിവിവരക്കണക്കുകമ്മീഷൻ (Statistical Commission)
3) ജനസംഖ്യാക്കമ്മീഷൻ (Population Commission)
4) സമുദായക്കമ്മീഷൻ (Social Commission)
5) മനുഷ്യാവകാശക്കമ്മിഷൻ (Commission on Human Rights)
6) സ്ത്രീസ്വാതന്ത്ര്യക്കമ്മീഷൻ (Commission on the status of women)
7) ലഹരിപദാർത്ഥനിരോധകക്കമ്മീഷൻ (Commission on Narcotic Drugs)
8) അന്താരാഷ്ട്രീയ വ്യവസായക്കമ്മീഷൻ (Commission on International Commodity Trade) (Art. 68)

ന്യൂനപക്ഷസംരക്ഷണത്തിനും വിവേചനാനിരോധനത്തിനും ഒരു പ്രത്യേക ഉപക്കമ്മീഷനുമുണ്ട്. സാമ്പത്തികക്കമ്മീഷനു മൂന്നു ദേശീയക്കമ്മീഷനുകൾകൂടി ഉണ്ട്: ഒന്നു യൂറോപ്പിനുവേണ്ടിയും മറെറാന്നു ലാററിൻ അമേരിക്കയ്ക്കുവേണ്ടിയും മൂന്നാമത്തേതു് ഏഷ്യ ക്കും അതിപൗരസ്ത്യദേശങ്ങൾക്കുവേണ്ടിയും.

**207. രക്ഷാധികാരിത്വം:** വ്യക്തിപരമായ രക്ഷാ ധികാരഉടമ്പടിമൂലം ഐ. രാ. സ.യുടെ മേൽനോട്ടത്തിനേല്പിച്ചിരി ക്കുന്ന ഭൂവിഭാഗങ്ങളുടെ ഭരണത്തിനായി ഒരു അന്താരാഷ്ട്രീയരക്ഷാധി കാരപദ്ധതിയും ഏർപ്പെടുത്തിയിരിക്കുന്നു. സ്വമേധയാ തങ്ങളുടെ ഭരണം ഐ. രാ. സ.യെ ഏല്പിച്ച പ്രദേശങ്ങളിലും രണ്ടാം ലോക മഹായുദ്ധാനന്തരം ശത്രുരാജ്യങ്ങളിൽനിന്നും വീണ്ടെടുത്ത നാടുകളിലും ലീഗിൻെറ മുൻ ഭരണത്തിൻകീഴിലുമിരുന്നിരുന്ന പ്രദേശങ്ങളാണു രക്ഷാധികാരിത്വപദ്ധതിയിലുൾപ്പെടുന്നതു്. (Art. 76—78)

ഇതിൽ ഭരണാധികാരത്തോടെ അംഗത്വമുള്ള രാജ്യങ്ങൾ: a) ആസ്റ്റ്രേലിയാ, ബെൽജിയം, ഫ്രാൻസ്, ന്യൂസിലണ്ട്, ബ്രിട്ടൻ, U. S. A., ഇററലി എന്നിവയും. b) മററുരാജ്യങ്ങൾ: ചൈനാ, സാൽവാഡോർ, ഹൈററി, ഇന്ത്യാ റഷ്യാ, ബർമ്മ, സിറിയാ, ഹോട്ടിമാല എന്നിവയുമാണ്.

ഭരിക്കപ്പെടുന്ന പ്രദേശങ്ങൾ താഴെ ചേർക്കുന്നു:

1) ന്യൂഗിനിയ (ആസ്റ്റ്രേലിയാ)
2) റുവാൻഡാ–ഉറുണ്ടി (ബൽജിയം)
3) ഫ്രഞ്ച് കാമറൂൺസും ഫ്രഞ്ച് ടോഗോലാണ്ടും (ഫ്രാൻസ്)
4) പടിഞ്ഞാറേ സമാവോ (ന്യൂസിലണ്ട്)
5) ബ്രി: കാമറൂൺസും ടോഗോലാണ്ടും ടാങ്കനികയും (ബ്രിട്ടൺ) നാവറു (ആസ്റ്റ്രേലിയാ)
6) സോമാലിലാണ്ട് (ഇററലി)
7) 1947–ലെ രക്ഷാസമിതിയുടെ അംഗീകാരത്തോടുകൂടി അമേരിക്കൻ അധീനതയിലിരിക്കുന്ന ജപ്പാൻകോയ്മയിലിരുന്ന മാഷൽസ്, ഗ്വാം ഒഴികെയുള്ള മരിയാനാസ് ദ്വീപുകൾ.

**208. അന്താരാഷ്ട്രീയക്കോടതി:** ഐ. രാ. സ.യുടെ നീതിന്യായക്കോടതിയാണിതു്. രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാതെ നൈയാമികപ്രശ്നങ്ങളെപ്പററി മാത്രമേ ഇവർ ചർച്ചചെയ്യുകയുള്ളൂ. അതിൽ അംഗത്വമുള്ള ഏതു രാഷ്ട്രത്തിനും, അവക്കിഷ്ടമുള്ള കേസ്സുകൾ ഈ കോടതിയിൽ സമർപ്പിക്കാവുന്നതാണ്. അതിനുംപുറമേ രക്ഷാസമിതിക്കും മറേറതൊരു രാഷ്ട്രത്തിനും നൈയാമികകാര്യങ്ങളിൽ അതിന്റെ വിദഗ്ദ്ധോപദേശം തേടാവുന്നതുമാണ്. (Art. 92—94)

സ്വതന്ത്രവോട്ടുമൂലം രക്ഷാസമിതിയും അസംബ്ളിയുംചേർന്നു തിരഞ്ഞെടുക്കുന്ന 15 ജഡ്ജിമാരാണ് ഇതിലുള്ളതു്. ദേശീയാടിസ്ഥാനത്തിലല്ല, യോഗ്യതനോക്കിയാണ് ഇവരുടെ തിരഞ്ഞെടുപ്പ്. എങ്കിലും അന്താരാഷ്ട്രീയപ്രാധിനിധ്യവും പരിഗണിക്കപ്പെടും. അതിനാൽ ഒരേ രാജ്യക്കാരായ രണ്ടു ജഡ്ജിമാർ പാടില്ല. നെതർലാണ്ടിലെ "ഹേഗ്"നഗരമാണ് ആസ്ഥാനം. *

* Conf. Schmandt and Steinbicker, Fundamentals of Government, pp. 465—492.

**209. ഐ. രാ. സ.യുടെ നേട്ടങ്ങൾ:** ഐ. രാ. സ. ഇതിനകം എടുത്തുപറയത്തക്ക പല വിജയങ്ങളും നേടിയിട്ടുണ്ട്. എന്നാൽ അതിന്റെ പുരോഗതിക്കു വലിയൊരു വിലങ്ങുതടിയായി നിലകൊള്ളുകയാണ്, ഇന്നേററം രൂക്ഷനിലയിലെത്തിയിരിക്കുന്ന പശ്ചാത്യനാടുകളും, സോവ്യററനാടും തമ്മിലുള്ള ചേരിതിരിവ്. 15 കൊല്ലക്കാലത്തെ അതിന്റെ ഭരണകാലത്തു് പലേ രാഷ്ട്രീയത്തർക്കങ്ങളിലും രക്ഷാസമിതിക്കു് ഇടപെടേണ്ടിവന്നിട്ടുണ്ട്. അവയിൽ മിക്കവയിലും അവർ വിജയംവരിച്ചിട്ടുമുണ്ട്. കൊറിയാ, ഇന്തോ-ചൈന, ഈജിപ്ററ്, സൂയസ്, ലെബനോൺ തുടങ്ങിയ എല്ലാ പ്രശ്നങ്ങളുടേയും വിദഗ്ദ്ധമായ തീരുമാനങ്ങൾ അവരുടെ വിജയമകുടങ്ങളാണ്. എന്നാൽ, ഇന്നും തീരാത്ത രണ്ടു പ്രശ്നങ്ങളാണു നമ്മുടെ കാഷ്മീർപ്രശ്നവും, പലസ്തീനാക്കാര്യവും. ഹങ്കറിയിൽ അവർ മുമ്പേ പരാജയപ്പെട്ടു. കോംഗോയും ടിബററും നവീനപരീക്ഷണങ്ങളാണ്. എങ്കിലും ഇവിടങ്ങളിലും ഒരു യുദ്ധം ഒഴിവാക്കിക്കൊണ്ടു് അതിന്റെ അന്താരാഷ്ട്രീയപ്രതികരണങ്ങളിൽനിന്നും അവർക്കു ജനപദങ്ങളെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൊറിയൻ പ്രശ്നമാണു പ്രഥമതഃ അവർക്കു കൈകാര്യംചെയ്യേണ്ടിവന്നതു്. അമേരിക്കൻ നേതൃത്വത്തിൽ റഷ്യാക്കാരുടേതൊഴികെയുള്ള ഐ. രാ. സ. സേനകൾ, അക്രമിയായ ഉത്തരകൊറിയായ്ക്കെതിരെ, ദക്ഷിണകൊറിയയെ സഹായിച്ചു. പതിനഞ്ചു രാഷ്ട്രങ്ങൾ ഇതിൽ ഐ. രാ. സ.യെ സഹായിച്ചു. അങ്ങനെ ലീഗിന്റെ നേതൃത്വത്തിലെ മാന്ദ്യാവസ്ഥ വിട്ടു്, ഐ. രാ. സ.യുടെ കീഴിൽ, അന്താരാഷ്ട്രീയസമാധാനസ്ഥാപനാർത്ഥം ഉയർത്തെഴുന്നേററ ആധുനികരാഷ്ട്രങ്ങളുടെ മഹനീയമായ ഒരു ഉത്തരവാദിത്വപ്രകടനമായി നമുക്കിതിനെ പരിഗണിക്കാം. നല്ല ലക്ഷ്യത്തിലേക്കുള്ള നേരായ ഒരു കാൽവെപ്പാണിതു്.

ലീഗിനെപ്പോലെ ഒരു ലോകഗവണ്മെൻറുണ്ടാക്കുവാൻ ഐ. രാ. സ. ശ്രമിച്ചില്ല. സ്വതന്ത്രരാഷ്ട്രങ്ങളുടെ ഒരു സംയുക്തസംഘടന മാത്രമാണു് അതിന്റെ ലക്ഷ്യം; അതാണവരുടെ ഒരു പ്രധാനപരാജയവും. ശരിക്കും അധികാരമുള്ള ഒരു സുശക്ത സംയുക്ത അന്താരാഷ്ട്രീയ ഗവണ്മെൻറിനുമാത്രമേ ശാശ്വതസമാധാനം പുലർത്താൻ കഴിയൂ. അങ്ങനെ ഒന്നിന്റെ വേദനാജനകമായ അഭാവത്തിൽ ഐ. രാ. സ.യെയെങ്കിലും ശരണംഗമിക്കുകയേ ഇന്നു നിവൃത്തിയുള്ളു. എങ്ങനെയെല്ലാമായാലും ഇന്നത്തെ വ്യവസ്ഥിതിയിൽ, ഉന്നതരാഷ്ട്രങ്ങളുടെ സന്മനസ്സിനെ ആശ്രയിച്ചേ ഏതൊരു സാർവ്വലൗകിക

സംഘടനയും വളരും. ഐ. രാ. സ. നിലവിലുള്ളിടത്തോളം നാം അവരംക്ക് ഏതൊരു അംഗരാജ്യത്തിൻെറ കാര്യത്തിലും നേരിട്ട് ഇടപെടാനുള്ള സൗകര്യമുണ്ട്. മാത്രമല്ല, സമാധാനപരിശ്രമങ്ങളെ വിജയിപ്പിക്കുവാൻ അവളുടെ വിവിധ സംഘങ്ങളും സമിതികളും സദാ ജാഗരൂകവുമാണ്.

## 210. ഐ. രാ. സ.യുടെ അടിസ്ഥാനതത്വങ്ങൾ:

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ "പഞ്ചതത്വങ്ങൾ" അന്താരാഷ്ട്രീയസംഘടനയുടേയും അടിസ്ഥാനതത്വങ്ങളായി സ്വീകരിച്ചാൽ ശാശ്വതമായ ലോകസമാധാനം നേടുവാൻ അതിനു് എളുപ്പം കഴിയുമായിരുന്നു. *

ഈ പഞ്ചതത്വങ്ങളെ അടിസ്ഥാനപ്പെടുത്തി, അന്താരാഷ്ട്രീയ സംഘടനയുടെ അടിസ്ഥാനതത്വങ്ങളായി സ്വീകരിക്കുവാൻ താഴെ ചേർക്കുന്ന തത്വങ്ങൾ പന്ത്രണ്ടാം പീയൂസ് തിരുമേനി നിർദ്ദേശിച്ചിരിക്കുന്നു:

1) അന്താരാഷ്ട്രീയസംഘടനയിൽ എല്ലാ രാജ്യങ്ങളും സഹകരിക്കുക. ഏതെങ്കിലും ഉന്നതശക്തികൾ പിൻവാങ്ങിയാൽ ആ സംഘടന വിജയിക്കുകയില്ലല്ലോ.

2) ഓരോ രാഷ്ട്രവും മററു രാജ്യങ്ങളിലെ ജീവിതസ്വാതന്ത്ര്യത്തെ സമാദരിക്കണം.

3) അന്താരാഷ്ട്രീയതക്കങ്ങളെല്ലാം ഐ. രാ. സ.യുടെ നിയമാനുസൃതനിർബ്ബന്ധമാദ്ധ്യസ്ഥ്യം സ്വീകരിക്കണം.

4) മദ്ധ്യസ്ഥതീരുമാനത്തിനു കീഴ്പ്പെടുവാൻ സൈനികവും, സാമ്പത്തികവുമായ അന്താരാഷ്ട്രീയസമ്മർദ്ദം പ്രയോഗിക്കണം.

5) ഓരോ രാഷ്ട്രവും ആഭ്യന്തരസമാധാനം പുലത്താനാവശ്യമുള്ളിടത്തോളംമാത്രമായി ആയുധങ്ങൾ കുറയ്ക്കുക.

---

* 1940-ലെ ക്രിസ്മസ്സന്ദേശത്തിൽ താഴെചേക്കുന്ന പഞ്ചവിജയം നേടുവാൻ അച്ചുതണ്ടുശക്തികളെ അവിടുന്നാഹ്വാനംചെയ്യുകയുണ്ടായി: 1) ശത്രുതയ്ക്കെതിരെയുള്ള വിജയം. 2) അവിശ്വാസതയുടെമേൽ വിജയം. 3) സങ്കുചിത സ്വാത്മനസ്ഥിതിയുടെമേൽ വിജയം. 4) അവകാശങ്ങളെ ചവുട്ടിമെതിക്കുന്ന അധികാരദുർവിനിയോഗത്തിൻേറമേൽ വിജയം. 5) ഐകമത്യത്തെ തകർക്കുന്ന ഏകാധിപത്യപ്രവണതയ്ക്കെതിരെയുള്ള വിജയം.

"ആയുധസജ്ജീകരണങ്ങളുടെ അടിമത്വത്തിൽനിന്നും രാഷ്ട്രങ്ങൾ വിമോചിതരാകുമ്പോഴേ, യഥാൎത്ഥസമാധാനം സ്ഥാപിതമാകൂ. അവകാശസംരക്ഷണത്തിനുപകരം അവകാശധ്വംസനമാണല്ലോ ഇന്നു് ആയുധങ്ങളുടെ ശക്തികൊണ്ടു സാധിക്കുന്നതു്." [1]

6) എല്ലാ രാഷ്ട്രങ്ങൾക്കും അവരുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃതസാധനങ്ങൾക്കു് അവകാശമുണ്ടായിരിക്കണം. [2]

7) മതപരവും ദേശീയവുമായ ന്യൂനപക്ഷങ്ങളോടു് അതിരററ പരിഗണനന ഉണ്ടായിരിക്കണം.

8) ധാൎമ്മികസാധുത്വത്തിൻെറ കാലാവധി തീരുമ്പോൾ ഉടമ്പടികളും സന്ധികളും നവീകരിക്കുവാൻ നടപടികളെടുക്കണം.

**211.** 1947 ഫെബ്രുവരി 2-നു് സമ്മേളിച്ച, യു. എസ്. നാഷനൽ കാത്തലിക് വെൽഫയർ കോൺഫ്രൻസിൻെറ നിയുക്തക്കമ്മററി തയ്യാറാക്കിയ രാഷ്ട്രീയാവകാശങ്ങളെക്കൂടി സമാഹരിച്ചുകൊണ്ടു് ഈ ഖണ്ഡിക അവസാനിപ്പിക്കാം:

1) അന്താരാഷ്ട്രീയസംഘടനയുടെ അംഗത്വത്തിനുള്ള അവകാശം. അന്യരാജ്യങ്ങളുടെ ആക്രമണത്തിനെതിരെ ദേശീയഭദ്രതയും ജീവിതവും പുലൎത്തുവാനുള്ള അവകാശം.

2) ഐ. രാ. സ.യുടെ നിയമങ്ങൾക്കനുസൃതമായി ആഭ്യന്തര-വിദേശനയങ്ങൾ രൂപവത്കരിക്കുവാനും പ്രയോഗിക്കുവാനുമുള്ള അവകാശം.

3) ഐ. രാ. സ.യിൽ മററു രാജ്യങ്ങൾക്കൊപ്പം നീതി ലഭിക്കാനുള്ള അവകാശം.

4) ഐ. രാ. സ.യുടെ അംഗത്വത്തിനും അതിൻെറ പ്രയോജനപ്രാപ്തിക്കുമുള്ള അവകാശം.

5) ന്യായസന്ധികളും ഉടമ്പടികളും പാലിക്കപ്പെടുന്നതിൽ ഐ. രാ. സ.യുടെ സഹായത്തിനുള്ള അവകാശം.

---

[1] പന്ത്രണ്ടാം പീയൂസിൻെറ ക്രിസ്തുമസ്സ്സന്ദേശത്തിൽനിന്നു്.

[2] വിജയികളും പരാജിതരുമായ വൻകിടരാഷ്ട്രങ്ങൾക്കും ചെറുകിടരാഷ്ട്രങ്ങൾക്കും ഈ അവകാശം നേടുന്നതിനുള്ള സാധ്യതാസൃഷ്ടിയ്ക്കായി ശ്രമിക്കാമെന്നു അററ്ലാൻറിക് ചാൎട്ടർ, പ്രഖ്യാപിച്ചിട്ടുണ്ടു്.

6) ശക്തിരാഷ്ട്രങ്ങൾ അടിച്ചേല്പിക്കുന്ന അന്യായക്കരാർ മൂലമുണ്ടായ നഷ്ടപരിഹാരം ഐ. രാ. സ.വഴി നേടുവാനുള്ള അവകാശം.

7) അടിസ്ഥാനനീതിക്കു നിരക്കാത്ത ഉടമ്പടികൾ ഉടച്ചു വാർക്കുവാനുള്ള അവകാശം.

8) നയതന്ത്രസമീപനം പരാജയമടഞ്ഞ തർക്കപരിഹാരത്തിനു് ഐ. രാ. സ.യുടെ സമാധാനസ്ഥാപനനടപടികൾ കൈക്കൊള്ളുവാനുള്ള അവകാശം.

9) മററുരാജ്യങ്ങളുമായി തുല്യവ്യവസ്ഥയിൽ സാമ്പത്തിക–സാമൂഹികരാഷ്ട്രീയബന്ധം പുലർത്തുവാനുള്ള അവകാശം.

10) തുല്യവ്യവസ്ഥയിൽ ഒരു ജനതയുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളും വിപണികളും മററു രാജ്യങ്ങളിൽ ലഭിക്കുവാനുള്ള അവകാശം.

11) അന്യായചൂഷണത്തിൽനിന്നു സ്വന്തം പ്രകൃതിവിഭവങ്ങളും സാമ്പത്തികഭദ്രതയും കാത്തുസൂക്ഷിക്കുവാനുള്ള അവകാശം.

12) സാമ്പത്തികവും സാമൂഹികവുമായ തകർച്ചയിൽ, ഐ. രാ. സ.യുടെ സഹായം ലഭിക്കുവാനുള്ള അവകാശം.

13) അവസാനമായി രാജ്യത്തിലെ അനീതിമൂലം നാടുവിടുന്ന അഭയാർത്ഥികൾക്കു വീടുതിനല്കുവാനുള്ള അവകാശം.

# 6.

# ഐക്യരാഷ്ട്രസഭയുടെ സഹായകസമിതികൾ.

**212.** **യുനെസ്കോ:** (U.N.E.S.C.O.) ഈ അന്താരാഷ്ട്രീയ വിദ്യാഭ്യാസ-ശാസ്ത്രീയസാംസ്കാരികസംഘടനയുടെ (United Nations Educational, Scientific and Cultural Organisation) ആസ്ഥാനം പാരീസിലാണു്. അംഗരാഷ്ട്രങ്ങളിൽ സാംസ്കാരികവിദ്യാഭ്യാസബന്ധം ഉത്തരോത്തരം വളർത്തുകയാണു് ഇതിന്റെ ഉന്നം. അടുത്തുതന്നെ പൂർത്തിയാകത്തക്കവിധം മനുഷ്യവംശത്തിന്റെ ഒരു വിശാലചരിത്രം നിർമ്മിക്കുവാൻ അവർ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടു്. 30 ലക്ഷം വാക്കുകളടങ്ങിയ ഒരു ബൃഹൽഗ്രന്ഥമായിരിക്കും അതു്. ഓരോ രാജ്യത്തേയും പ്രഗത്ഭചരിത്രകാരന്മാർ ഇതിന്റെ നിർമ്മാണത്തിൽ സഹകരിക്കും. ഇന്ത്യാഗവണ്മെന്റിന്റെ വിദ്യാഭ്യാസസമിതിയുടെ ചരിത്രവിഭാഗത്തിലെ ഡോക്ടർ സെസാലിയ ഇതിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്.

<u>ഇലോ:</u> I.L.O. (International Labour Organisation) അന്താരാഷ്ട്രീയ തൊഴിൽസംഘടന. 1919-ൽ സർവ്വരാജ്യസഖ്യത്തോടു സഹകരിച്ചു സ്ഥാപിതമായ ഒരു സ്വതന്ത്രസ്ഥാപനമാണിതു്. മുതലാളികൾക്കും തൊഴിലാളികൾക്കും രാഷ്ട്രത്തിനും ഒരുപോലെ അംഗത്വമുണ്ടു് ഈ ത്രിമുഖസംഘടനയിൽ. ജീവിതനിലവാരമുയർത്തി, സാമൂഹിക-സാമ്പത്തികഭദ്രത വളർത്തി, തൊഴിൽവ്യവസ്ഥകൾ അന്താരാഷ്ട്രീയനിലയിൽ അഭിവൃദ്ധിപ്പെടുത്തുവാൻ ഈ സംഘടന ശ്രമിക്കുന്നു. 1946-ലെ ഒരു പ്രത്യേക ഉടമ്പടിപ്രകാരം "ഇലോ" ഇന്നു് ഐ. രാ. സ.യുടെ ഒരു പ്രത്യേക വിഭാഗമാണു്. അതിന്റെ സംവിധാനം താഴെ ചേർക്കുന്നു:

i) ഇലോയുടെ ഉന്നതാധികാരസ്ഥാനമായ ഒരു <u>ജനറൽ കോൺഫ്രൻസ്:</u> സംഘടനയുടെ നയനിർണ്ണയം ഇവരുടെ അവകാശമാണു്. ഓരോ രാജ്യത്തുനിന്നും ഗവണ്മെന്റിന്റെ രണ്ടു പ്രതിനിധികളും തൊഴിലാളികളുടേയും

മുതലാളികളുടേയും ഓരോ പ്രതിനിധികളും എന്ന തോതിൽ വിവിധ രാജ്യങ്ങൾക്ക് ഇതിൽ പ്രാതിനിധ്യമുണ്ട്. അഖിലലോകസാമൂഹിക നിലവാരം ഉയർത്തുകയാണ് ഇതിൻെറ ലക്ഷ്യം. വർഷത്തിലൊരിക്കൽ ഇവർ സമ്മേളിക്കുന്നു.

ii) ഭരണസമിതി: 10 തൊഴിലാളിപ്രതിനിധികളും 10 മുതലാളിപ്രതിനിധികളും 20 ഗവ: പ്രതിനിധികളും, അങ്ങനെ 40 അംഗങ്ങളുണ്ടതിനു്. ഇലോയുടെ കീഴിലുള്ള വിവിധ കമ്മററികളും കമ്മീഷനുകളും സമിതികളും വിശിഷ്യാ, "ലേബർ ഓഫീസും" ചെയ്യുന്ന പ്രവത്തനങ്ങളുടെ മേൽനോട്ടമാണ് ഇതിൻെറ മുഖ്യസേവനം.

iii) ലേബർ ഓഫീസ്: ഇലോയുടെ കാര്യാലയമാണിതു്. ഇതിൻെറ ആസ്ഥാനം സ്വിററ്സർലണ്ടിലെ ജനിവ തന്നെയാണ് ഇന്നും.

"ഹൂ" W.H.O. (World Health Organisation) ലോകാരോഗ്യ സംഘടന: 80 രാജ്യങ്ങൾ അംഗങ്ങളായുള്ള ഈ സംഘടന 1946 സെപ്ററംബർ 1-നു് സ്ഥാപിതമായി. പൊതുജനാരോഗ്യം പൊതുവേ അഭിവൃദ്ധിപ്പെടുത്തുകയാണു ലക്ഷ്യം. മലേറിയായ്ക്കെതിരെയുള്ള സമരം 'ഹൂ'വിൻെറ ഒരു പ്രധാന പദ്ധതിയാണ്. ക്ഷയരോഗത്തിനെതിരേയും ഇവർ സമരം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്രീയ ശിശുസഹായനിധി (International Children Emergency Fund) (UNICEF) ക്കാരും ഇവരോടൊന്നിച്ചു ക്ഷയരോഗസമരത്തിൽ സജീവമായി പ്രവത്തിക്കുന്നു. ഇതിൻെറ ചുരുങ്ങിയ സേവനചരിത്രകാലത്തിൽ, അടിയന്തിരങ്ങളായ ആരോഗ്യപ്രശ്നങ്ങളെമാത്രം ശ്രദ്ധിക്കാനേ ഇവർ ശ്രമിച്ചിട്ടുള്ളു. എന്നാൽ, ഓരോ രാജ്യവും ഓരോ ആരോഗ്യ സംഘടന സ്ഥാപിക്കുവാൻ സഹായിക്കുകയാണ് ഇവർ പ്രധാനമായി ചെയ്യുക. അപ്പോൾ, അവയെ പരസ്പരം സംയോജിപ്പിച്ചുകൊണ്ടു്, ലോകാരോഗ്യകാര്യങ്ങളിലെ ഉന്നതസംഘടനയായി ഹൂ-വിനു തുടരുകയും ചെയ്യാം.

4) "ഫാവോ" F.A.O. (Food and Agricultural Organisation) ഐ. രാ. കൃഷിഭക്ഷ്യസംഘടന: താഴെപ്പറയുന്നവയാണു പ്രധാന ലക്ഷ്യങ്ങൾ:-

i) എല്ലാ രാജ്യങ്ങളിലേയും ജീവിതത്തോതുയത്തുക.

ii) എല്ലാ രാജ്യങ്ങളിലേയും ഭക്ഷണങ്ങളുടെ പോഷകനില വാരമുയർത്തുക.

iii) കൃഷി, വനസംരക്ഷണം, മത്സ്യബന്ധനം ഇവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

iv) ഗ്രാമങ്ങളിലെ ജീവിതനിലവാരം ഉയർത്തുക.

v) എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച്, സർവ്വരാഷ്ട്രങ്ങളുടേയും നിർമ്മാണപ്രവർത്തനത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക.

1945 ഒക്ടോബർ 6-ാംതീയതി സ്ഥാപിതമായ ഇതിൻെറ തലസ്ഥാനം റോമിലെ, "കാരക്കല്ല"യിലുള്ള "വിയാ ലെ ഡെല്ല ടേർമ"യിലാണ്.

## അന്താരാഷ്ട്രീയ ആററംശക്തി ഏജൻസി.

ആററംശക്തിയുടെ സമാധാനപരമായ വിനിയോഗത്തെ പ്രോത്സാഹിപ്പിക്കാനും അതു സൈനികാവശ്യങ്ങൾക്കുപയോഗിക്കുന്നതിനെ നിരുൽസാഹപ്പെടുത്തുന്നതിനുമായി 1957 ജൂലൈ 29-ാം തീയതി നിലവിൽവന്നു.

## അന്താരാഷ്ട്രീയ ബാങ്ക്. (I.B.R.D.)

അംഗരാഷ്ട്രങ്ങളുടെ പ്രദേശങ്ങളിലെ പുനർനിർമ്മാണപ്രവർത്തനങ്ങളേയും വികസനപ്രവർത്തനങ്ങളേയും ത്വരിപ്പിക്കുമാറ് ഉൽപാദനപ്രവർത്തനങ്ങൾക്കുവേണ്ടി മൂലധനം മുടക്കുവാൻ സഹായിക്കുക, വിദേശമൂലധനമുടക്കിനെ പ്രോത്സാഹിപ്പിക്കയും അതിനു സൗകര്യമില്ലാത്തപ്പോൾ സ്വന്തം മൂലധനത്തിൽനിന്നു കടംകൊടുത്തു സഹായിക്കുകയും ചെയ്യുക, അന്താരാഷ്ട്രീയ വ്യാപാരത്തിൻെറ സമതുലിതാവസ്ഥ പാലിക്കാൻതക്കവിധം അന്താരാഷ്ട്രീയ മുതൽമുടക്കിനെ പ്രോത്സാഹിപ്പിക്കുക, വ്യവസായങ്ങൾക്കു നല്കപ്പെടുന്ന വായ്പക്ക് ഉറപ്പുനല്കുകയോ നേരിട്ടു വായ്പ കൊടുക്കുകയോ ചെയ്യുക എന്നിവയെല്ലാം ഈ സംഘടനയുടെ പ്രവൃത്തിമണ്ഡലത്തിൽപെടുന്നു. ഇതു് ആരംഭിച്ചതു് 1945 ഡിസംബർ 27-ാംതീയതിയാണ്. 1958 ഡിസംബർ 31-ാംതീയതി വരെ ഈ ബാങ്കിൽനിന്നു നേരിട്ടു വായ്പ കൊടുത്തതും, വായ്പയ്ക്കു് ഉറപ്പുകൊടുത്തതുമായ മൊത്തം തുക

4158000000 ഡോളറാണ്. ഇപ്പോഴത്തെ ബാങ്ക പ്രസിഡൻറ് അമേരിക്കൻ ഐക്യനാടുകളിലെ മിസ്റ്റർ യൂജൻ ബ്ളാക്ക് ആണ്. ബാങ്കിൻെറ ആസ്ഥാനം വാഷിംടണിലും.

## അന്താരാഷ്ട്രീയനിധി. (International monetary Fund)

അന്താരാഷ്ട്രീയ സാമ്പത്തികസഹകരണത്തേയും അന്താരാഷ്ട്രീയ വ്യാപാരവികസനത്തേയും ലക്ഷ്യമാക്കിക്കൊണ്ട് 1945 ഡിസംബർ 27-ാംതീയതി ഇതു് സ്ഥാപിക്കപ്പെട്ടു. ഇതിൻേറയും ആസ്ഥാനം വാഷിംഗ്ടണിലാണ്.

## അന്താരാഷ്ട്രീയ വിമാനഗതാഗതസംഘടന

1947 ഏപ്രിൽ 4-ാംതീയതി സമാരംഭിക്കപ്പെട്ട ഇതിൻെറ ലക്ഷ്യം അന്താരാഷ്ട്രീയ വിമാന ഗതാഗതപ്രശ്നങ്ങൾ പഠിക്കയും അന്താരാഷ്ട്രീയതലത്തിൽ വിമാനഗതാഗതസമ്പ്രദായത്തിൽ ഐകരൂപ്യംവരുത്തുകയും പരസ്പരം സഹകരിക്കുകയുംചെയ്യുക എന്നതാണ്. ഇതിൻെറ തലസ്ഥാനം കാനഡായിലാണു സ്ഥാപിച്ചിരിക്കുന്നതു്.

## ലോകതപാൽസഖ്യം.

1875 ജൂലൈ 1-ാംതീയതിയാണ് ഇതാരംഭിച്ചതു്. എല്ലാ എല്ലാ സ്വതന്ത്രരാജ്യങ്ങളും ട്രസ്റ്റ്പ്രദേശങ്ങളുമുൾപ്പടെ 98 രാജ്യങ്ങൾ ഈ സഖ്യത്തിൽ ചേർന്നിട്ടുണ്ട്. ഇതനുസരിച്ച് ഈ സഖ്യത്തിൽപെട്ട എല്ലാ രാജ്യങ്ങളും മററ് അംഗരാജ്യങ്ങളിൽനിന്നുള്ള തപാൽ ഉരുപ്പടികൾ തങ്ങളുടെ രാജ്യത്തിലെ തപാൽ ഉരുപ്പടികൾപോലെ കൈകാര്യംചെയ്യാൻ കടപ്പെട്ടിരിക്കുന്നു. വിവിധ രാജ്യങ്ങൾതമ്മിലുള്ള സഹകരണംകൊണ്ട് എല്ലാ സ്ഥലത്തേയും തപാൽസമ്പ്രദായത്തിൻെറ പരിഷ്കരണവും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. സ്വിററസർലണ്ടിലെ ബേണിലാണു തലസ്ഥാനം.

## അന്താരാഷ്ട്രീയ കമ്പിയില്ലാക്കമ്പിസഖ്യം (I. T. U.

ടെലിഗ്രാഫ്, ടെലഫോൺ, റേഡിയോ സർവ്വീസ്സുകളുടെ പ്രവൎത്തനത്തിൽ അന്താരാഷ്ട്രീയമായ സഹകരണപ്രവൎത്തനമുദ്ദേശിച്ചു കൊണ്ടാണ് ഇതുണ്ടാക്കിയിട്ടുള്ളതു്, തലസ്ഥാനം സിററ്സർലണ്ടിലെ ജനീവയിലാണ്.

## ലോകാന്തരീക്ഷ പഠനസംഘടന. (W.M.O.)

അന്തരീക്ഷപഠനത്തിനും അതിൽനിന്നും ലഭിക്കുന്ന അറിവുകളെ പരസ്പരം കൈമാറുന്നതിനുംവേണ്ടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്തരീക്ഷപഠനനിലയങ്ങൾ സ്ഥാപിച്ചു പ്രവർത്തിക്കുന്നതിനുദ്ദേശിച്ചുകൊണ്ടാണ് ഈ സംഘടന രൂപപ്പെടുത്തിയിട്ടുള്ളതു്. അന്തരീക്ഷപഠനസമ്പ്രദായത്തിന്റെ ഏകീകരണമാണു മറെറാരു ലക്ഷ്യം. ഈ വിഷയത്തിലുള്ള സഹകരണം ആകാശയാത്രയുടെ ഈ യുഗത്തിൽ സർവ്വപ്രധാനമാണ്. ഇതു് 1950 മാർച്ചു് 23-ാംതിയതി സ്ഥാപിച്ചു. സ്വിററ്സർലണ്ടിലെ ജനീവയിലാണ് ഇതിന്റെയും കേന്ദ്രആഫീസ്.

I.T.O. അ. രാ. വ്യവസായസംഘടന (International Trade Organisation) അംഗരാഷ്ട്രങ്ങളുടെ വ്യവസായാഭിവൃദ്ധിയും നിയന്ത്രണവും ലക്ഷ്യം.

രാഷ്ട്രാന്തരഅഭയാർത്ഥിസംഘടന. *

---

* Conf. Everyman's United Nations, 1945—1955.

# 7

# ഇന്ത്യയും അന്താരാഷ്ട്രീയബന്ധങ്ങളും.

**213. ഇന്ത്യയും കോമൺവെൽത്തും:** 1957-ലെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഇന്ത്യാ ബ്രി കോമൺവെൽത്തിൽ ഒരംഗമായി തുടരുകയാണ്. എന്നാൽ, ഇന്ത്യൻ സംവിധാനത്തിൽ ഇതേപ്പററി ഒന്നും പറഞ്ഞിട്ടില്ലാത്തതിനാൽ, ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കായശേഷവും കോമൺവെൽത്തിലെ അംഗത്വം തുടരുന്നതാണെന്ന ഒരുപക്ഷേപം 1949-ൽ പ്രധാനമന്ത്രി നെഹ്റു അസംബ്ളിയിൽ അവതരിപ്പിക്കുകയുണ്ടായി. ഇതിനെതിരെ ഉയൎന്ന കമ്യൂണിസ്റ്റ് പ്രതിഷേധത്തിനു മറുപടിയായി പ്രധാനമന്ത്രി പറഞ്ഞു: ഈ അംഗത്വംമൂലം, ഇന്ത്യയിൽനിന്നു മററു കോമൺവെൽത്തു രാജ്യങ്ങളിൽ കുടിയേറിയിരിക്കുന്ന ഇന്ത്യക്കാരെ കാര്യമായി സഹായിക്കുവാൻ ഇന്ത്യക്കു കഴിയുന്നുണ്ടെന്നു്. ഈ ബന്ധം ഏററം ഗുണപ്രദവും തൃപ്തികരവുമാണെന്നു് അദ്ദേഹം അനേകംപ്രാവശ്യം ജനസഭയിൽ ആവൎത്തിച്ചുപറഞ്ഞിട്ടുണ്ടു്. മററു സാൎവ്വലൗകികസംഘടനകളിൽ ചേരുന്നതിനു് ഇതുമൂലം ഇന്ത്യക്കു യാതൊരു തടസ്സവുമില്ല. കോമൺവെൽത്തിൽ തുടരുവാനോ തുടരാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യം ഇന്നും അവൾക്കു സ്വന്തമായുണ്ടുതാനും.

"1949 ഏപ്രിൽ 27-ാംതീയതി സമ്മേളിച്ച കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ ലണ്ടൻ സമ്മേളനത്തിലെ പ്രസ്താവന അനുസരിച്ച്, കോമൺവെൽത്തംഗത്വം ഇന്ത്യാ തുടരുമെന്നുള്ള പ്രധാനമന്ത്രിയുടെ സമ്മതത്തെ ഈ അസംബ്ളി ശരിവയ്ക്കുന്നു"വെന്ന പ്രഖ്യാപനത്തോടെ, 1949 മേയ് 15-ാംതീയതി സമ്മേളിച്ച ഇന്ത്യൻ പാർലമെൻറ് ഈ തീരുമാനത്തെ അംഗീകരിച്ചിരിക്കുന്നു.

**214. ഇന്ത്യയും ലോകരാഷ്ട്രങ്ങളും:** ഇന്ത്യൻ സംവിധാനനിൎമ്മാതാക്കൾക്കു തന്നെ, സ്വതന്ത്രഇന്ത്യയ്ക്കു ലോകപ്രശ്നപരിഹാരത്തിലും വഹിക്കേണ്ട പങ്കു് ബോധപ്പെട്ടുകയും അതിനു സാൎവ്വലൗകികബന്ധം പുലൎത്തുന്നതിനുള്ള മാൎഗ്ഗങ്ങൾ സംവിധാനത്തിൽ

സംഗ്രഹിക്കുന്നതിനു തീരുമാനിക്കുകയുംചെയ്തു നീണ്ട പർച്ചകൾക്കു ശേഷം ഐ. രാ. സ.യുടെ സഹകരണവും, എന്നാൽ, ആയുധപ്രശ്ന ത്തിൽനിന്നും, ശാക്തികച്ചേരികളിൽനിന്നുമുള്ള വിട്ടുനില്ക്കലും ഐ. രാ. സ.യുടെ നിയമങ്ങളോടും ഉടമ്പടികളോടും ആദരവും പുലർത്തു വാനുള്ള ഒരു നയമാണു ഭൂരിപക്ഷം സ്വീകരിച്ചതു്. അവസാനം നിർമ്മാണസമിതി സംവിധാനത്തിൻെറ 51-ാംവകുപ്പ് ഇങ്ങനെ രൂപ പ്പെടുത്തി:

1) അന്തർദ്ദേശീയമായ സമാധാനവും സുരക്ഷിതത്വവും വളർത്തുക.
2) രാഷ്ട്രങ്ങൾ തമ്മിൽ നീതിയുക്തവും ബഹുമാന്യവു മായ ബന്ധങ്ങൾ പുലർത്തുക.
3) സംഘടിതമായ ജനങ്ങളുടെ പരസ്പരവ്യവഹാരങ്ങളിൽ അന്താരാഷ്ട്രീയനിയമത്തോടും സന്ധിവ്യവസ്ഥക ളോടും സമാദരം പുലർത്തുക.
4) അന്തർദ്ദേശീയവിവാദങ്ങളിൽ മധ്യസ്ഥതമൂലമുള്ള തീരു മാനം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കുവേണ്ടി രാഷ്ട്രം യത്നിക്കണം.

ഏഷ്യൻ രാഷ്ട്രമണ്ഡലങ്ങളിലുണ്ടാകുന്ന രാഷ്ട്രീയകോളു കളുടെ കയ്യാങ്കളി നിയന്ത്രിക്കുകയാണു് ഈ നിയന്ത്രണാധികാരത്തി ൻെറ ലക്ഷ്യം. ഇന്നു് ഇരുചേരികളിലായി പങ്കുവെയ്ക്കപ്പെട്ടിരിക്കുന്ന ലോകത്തിനു്, ശക്തിയിൽമാത്രമേ വിശ്വാസമുള്ളു എന്ന ബോധവും അവയിൽ ഇന്ത്യക്കുള്ള അവിശ്വാസവുമാണു് ഈ പ്രഖ്യാപനത്തിൻെറ പിന്നിലുള്ളതു്. അതുകൊണ്ടുതന്നെയാണു് അതിനു് ഒരു ധാർമ്മിക ലക്ഷ്യമുണ്ടായതും അതു സമാധാനകാംക്ഷികളായ രാഷ്ട്രങ്ങളോ ടുള്ള ഒരു നിർദ്ദേശകനയപ്രഖ്യാപനംകൂടി ആണെന്നു പറയാം. *

## 215. പഞ്ചശീലവും സഹവർത്തിത്വവും:

വാസ്തവത്തിൽ ഇന്ത്യ ഇന്നു് അന്താരാഷ്ട്രീയമണ്ഡലത്തിൽ ഒരു സുപ്രധാനശക്തിയായി ഉയർന്നുയർന്നുവരികയാണു്, ഏഷ്യൻരാജ്യ ങ്ങളുടെ നായികയെന്നോണം. ഭൂമിശാസ്ത്രപരമായ അവളുടെ സ്ഥാ നവും, വൻകിടശക്തികളോടു താരതമ്യപ്പെടുത്തിയാലുള്ള അവളുടെ സൈനികദൗർബ്ബല്യതയും ഒരു ചേരിചേരാനയം രൂപവത്കരിക്കു

* Alexandrowicz, C. H., Constitutional Developments in India, pp. 213--236.

വാനാണ് ഇന്ത്യയെ പ്രേരിപ്പിച്ചതു്. ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളുടെ തന്നെ നേതാവായ നെഹ്റു എന്നും ഉയർത്തിപ്പിടിക്കുന്ന ഒരു നയമാണു സമാധാനസഹവർത്തിത്വം. 1955-ൽ ചൈനാ പ്രധാനമന്ത്രി ചൌ-എൻ-ലായിയും ഇദ്ദേഹവും കൂടിയെടുത്ത ഒരു തീരുമാനത്തിലാണ് ഈ നയം രൂപവത്കൃതമായതു്. ഇരുരാഷ്ട്രങ്ങളുംതമ്മിലുള്ള ബന്ധം നിയന്ത്രിക്കുവാൻ ചില അടിസ്ഥാനതത്വങ്ങൾ നമുക്കുവേണം. അവ ഈ പറയുന്നവയാണ്:

1) രാഷ്ട്രങ്ങൾ പരസ്പരം അവയുടെ അധികാരത്തേയും ഭൂപരിധിയേയും, ഭദ്രതയേയും മാനിക്കണം.
2) അനാക്രമണം.
3) അന്യരാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക.
4) അന്യോന്യസമത്വവും സേവനവും.
5) സമാധാനസഹവർത്തിത്വം.

(ചൌവിന്റെ ഈ സഹവർത്തിത്വപാലനം, കൂട്ടത്തിൽനിന്നുള്ള കുതികാൽവെട്ടലായിരുന്നുവെന്നു് അതിർത്തിസംഭവങ്ങൾ തെളിയിച്ചിരിക്കുന്നു. ശാന്തം! പാവം!)

ഇന്ത്യയുടെ ഈ നിക്ഷ്പക്ഷതാനയം വിദേശങ്ങളിൽ വേണ്ടവിധം സ്വാഗതംചെയ്യപ്പെട്ടിട്ടില്ല എന്ന കാര്യവും വിസ്മരിച്ചുകൂടാ. ഇന്ത്യയും പാശ്ചാത്യചേരിയോടു ചേർന്നു ഐ. രാ. സ.യുടെ സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിക്കുന്നതിനുപകരം ഇങ്ങനെ ചേരിചേരാതിരിക്കുന്നതു വേലിപ്പുറത്തിരിക്കുന്നതിനു സമമാണെന്നു പുച്ഛിച്ച് അവർ ഈ നയത്തെ ഷണ്ഡത്വം (Neutralism) എന്നു വിശേഷിപ്പിക്കാറുണ്ടു്. എന്നാൽ, ഒരു ചേരിയുടേയും നയം പിന്തുടരാതെ സ്വന്തം അന്താരാഷ്ട്രീയനയം രൂപവത്കരിക്കുവാൻ സ്വാതന്ത്ര്യമുള്ള ഒരു പരമാധികാരരാജ്യമാണ് ഇന്ത്യയെന്നു് അവർ മറന്നുപോകുന്നു. പക്ഷെ, രാജ്യത്തിനുള്ളിൽത്തന്നെയുള്ള കമ്മ്യൂണസിററ്കളോടു് അത്രവലിയ സഹവർത്തിത്വമൊന്നുമില്ലാതിരിക്കെ, പുറമെയുള്ള കമ്യൂണിസ്ററുഗവണ്മെൻറുകളോടുള്ള ഈ അതിരുകവിഞ്ഞ സഹവർത്തിത്വപ്രേമം അപകടകരമാണ്. ചീനയുടെ അതിർത്തികൈയേററം മുതലായ സംഭവങ്ങൾ അതു തെളിയിച്ചിരിക്കുന്നു! ടിബററാക്രമണവും അതിർത്തികൈയേററവും, കേരള കമ്യൂണിസ്റ്റ് ഗവണ്മെൻറിന്റെ പരാജയവും കണ്ടശേഷം ഇന്ത്യയുടെ ഈ കമ്യൂണിസ്ററുപ്രേമം തെല്ലൊന്നു കുറഞ്ഞിട്ടു

ണ്ടെന്നാവണം കരുതുവാൻ. റഷ്യൻ–ചൈനാ ചേരിയുടെ കീഴക്കൻ തന്ത്രങ്ങളേക്കാറം പാശ്ചാത്യശക്തികളുടെ നയത്തെയാണ് ഇന്ത്യൻ ജനത ഇന്നു കൂടുതൽ സഹിഷ്ണുതയോടെ വീക്ഷിക്കുന്നതു്.

## 216. ഇന്ത്യയും ഐക്യരാഷ്ട്രസംഘടനകളും:

ഐ. രാ. സ.യുടെ എല്ലാ പ്രധാന സമിതികളിലും കമ്മററികളിലും ഇന്ത്യ ഇന്നൊരു സജീവപ്രവത്തകയാണ്. ഐ. രാ. സ.യുടെ പ്രാരംഭകാലത്തുതന്നെ ഒരംഗമാകുവാനുള്ള ഭാഗ്യം സ്വതന്ത്രഭാരതത്തിനു ലഭിച്ചു. "ഇലോ" (I.L.O.) യിലും "യുനെസ്കോയിലും" (U.N.E S.C.O.) "യുനിസെഫിലും" (U.N.I.C.E.F.) എല്ലാം അവരംക്കു ന്യായമായ പ്രാതിനിധ്യമുണ്ടിപ്പോറം. അന്താരാഷ്ട്രീയധാരണയും സുരക്ഷിതത്വവും വളത്തുവാനും ജനതകറംക്കിടയിൽ നീതിയുക്തവും ബഹുമാന്യവുമായ ബന്ധം പുലത്തുവാനും മററു രാഷ്ട്രങ്ങളോടൊത്തു് അവളിന്നു് ഉററുശ്രമിക്കുകയാണ്.

# ഗ്രന്ഥസൂചി.

Pius XII, Christmas Allocution, 1939.

A Gode of International Ethics, The Catholic Social Guild, Oxford, 1944.

E. J. Ross A Survey of Sociology, Chap. VIII.

A. E. Beales, The Catholic Church and International Order, Allen Lone Penguin Books 1941.

F. B. Scott, S. J., Catholic Conception of International Law, George Town University Press, Washington, 1934.

Brown, International Relations from a Catholic Stand-Point (Browne and Nolam, Ltd., Dublin, 1932).

V. Cathrein, S. J., Philosophia Moralis, Lib. II, c. IV.

P. Marcellus, O. C. D., Philosophia Moralis, et Socialis, Jus. Nat.

Eppstain, J., The Catholic Tradition and the Law of Nations (Catholic Association for International Peace, Wshington, 1936).

Gigon, H. Etcics of Peace and War (Burns, Oates and Washbonrne, London, 1935).

Sturzo, Luigi, Church and State (Longmans, Green and Company, New York, 1939).

Cronin, Michael, Science of Ethics, Vol. II, pp. 633—677.

Higgins T. J., Man as Man, pp. 548—585.

Stnrzo, L., Inner Laws of Society, pp. 129—153.

Sturzo, L., Nationalism and Internationalism, pp. 174—398. New York, Roy, 1946.

Ryan and Boland, Catholic Principles of Politics, pp. 217—271.

Rommen, H. A., The State in Catholic Thought, pp. 615—735.

Plater, Chorles, Efforts Towards Peace, in Readings in Ethics, pp. 1070—1077.

Appadorai, The Substance of Politics, pp. 149—172

Everyman's United Nations, United Nations Publications, 1956.

Schmindt and Steinbicker, Fundamentals of Government, p. 465-491.

Messner, J., Social Ethics. pp. 951—979.

## അനുബന്ധം 1.

# സഭയും രാഷ്ട്രവും.

**217. സഭ:** മനുഷ്യജീവിതത്തിനു ദ്വിമുഖാന്ത്യമാണല്ലോ ഉള്ളതു്; ലൗകികവും പാരത്രികവും ഇതിൽ ലൗകികലക്ഷ്യപ്രാപ്തിക്കു സഹായിക്കുകയാണു രാഷ്ട്രങ്ങളുടെ ലക്ഷ്യം. എന്നാൽ, പാരത്രിക ലക്ഷ്യത്തിലേക്കുകൂടി മനുഷ്യരെ നയിക്കുക രാഷ്ട്രത്തിന്റെ പ്രഥമ ലക്ഷ്യമല്ല, അതിന്റെ ചുമതലയുമല്ലതു്; അതിനുള്ള മാർഗ്ഗവും അധികാരവും അതിനില്ലതാനും. അതിനു ദൈവം തന്റെ തിരുസുതൻവഴി തന്നെ സ്ഥാപിച്ച സഭയ്ക്കേ കഴിയൂ — സഭയെന്നു പറഞ്ഞാൽ ഇവിടെ അർത്ഥമാക്കുക, ക്രൈസ്തവവിശ്വാസം ഏറ്റുപറഞ്ഞു ജ്ഞാനസ്നാനം സ്വീകരിച്ച സഭയുടെ ദൃശ്യതലവനായ മാർപ്പാപ്പയുടേയും മറ്റു യഥാർത്ഥ അധികാരികളുടേയും ഭരണത്തിനു കീഴ് വഴങ്ങുന്ന ഒരു സമൂഹമെന്നത്രെ. ദൈവികസ്ഥാപനമെന്ന നിലയിൽ അതിന്റെ അസ്തിത്വത്തിനും പ്രവർത്തനത്തിനും മറ്റു യാതൊരു സ്ഥാപനത്തിന്റേയും അധികാരമോ അനുവാദമോ അവൾക്കാവശ്യമില്ല. കാരണം ദൈവത്തിന്റെ കല്പനയനുസരിച്ചും അധികാരത്തിലുമാണവൾ ഉടലെടുത്തതും പ്രവർത്തിക്കുന്നതും.

ക്രിസ്തുവിനാൽ സ്ഥാപിതമായ കത്തോലിക്കസഭയുടെ പ്രധാനോദ്ദേശ്യം മനുഷ്യരെ അവരുടെ നിത്യലക്ഷ്യത്തിലേക്കു്, ദൈവത്തെ അനന്തകാലം ആനന്ദപൂർവ്വം അനുഭവിക്കുന്ന സ്വർഗ്ഗഭാഗ്യത്തിലേക്കു നയിക്കുകയാണു്. ദൈവത്തോടും തന്നോടുതന്നെയും സഹജീവികളോമുള്ള കടപ്പാടുകളും അവൾ അവരെ പഠിപ്പിക്കുന്നു; തന്റെ അയൽക്കാരന്റെ അവകാശങ്ങളും കർത്തവ്യങ്ങളും അംഗീകരിച്ചു് അനുവദിച്ചുകൊടുക്കുന്ന ക്രിസ്തീയപരസ്നേഹത്തിന്റെ മഹനീയധർമ്മങ്ങളാണു് അവളുടെ പ്രധാന പ്രബോധനവിഷയം.

**218. സഭ ഒരു സമ്പൂർണ്ണസമുദായമാണു്:** മറ്റൊരു സമൂഹത്തിന്റെ ലക്ഷ്യങ്ങൾക്കു് കീഴ്പെടാത്ത ഒരു സ്വകീയലക്ഷ്യം സഭയ്ക്കുണ്ടു്; ആ ലക്ഷ്യപ്രാപ്തിക്കുള്ള സ്വന്തം മാർഗ്ഗങ്ങളും. ഈ മാർഗ്ഗങ്ങളുടെ കാര്യത്തിൽ അവൾ സ്വയം പര്യാപ്തയുമാണു്.

എന്നാൽ, സഭയുടേയും രാഷ്ട്രത്തിന്റേയും അംഗങ്ങൾ അതേവ്യക്തികൾതന്നെയാകയാൽ രണ്ടിനും വിധേയരുമാണു്.

എങ്കിലും അക്കാരണത്താൽ സഭ രാഷ്ട്രത്തിനു വിധേയയാണെന്നു വരുന്നില്ല. കാരണം മനുഷ്യർ സഭയ്ക്കും രാഷ്ട്രത്തിനും വിധേയരായിരിക്കുന്നതു രണ്ടു വിഭിന്നവശങ്ങളിലത്രേ. തിരുസ്സഭയ്ക്കു തൻെറ അധികാരങ്ങൾ ശരിയായി പ്രയോഗിക്കാൻ ലൗകികാധികാരികളിൽ നിന്നു തെല്ലൊരു സ്വാതന്ത്ര്യം ആവശ്യമാണ്. രാഷ്ട്രം അവളുടെ അധികാരപ്രയോഗത്തെ തടയരുത്.

ഏറെക്കാലം സഭതന്നെ ഒരു വൻകിട രാഷ്ട്രമായി നിലനിന്നിരുന്നു; 1870-ൽ രാഷ്ട്രം അവളുടെ അധികാരം കവർന്നെടുത്തു; ആ നില 1929 വരെ തുടർന്നു; പ്രസ്തുത വർഷം ലാററൻ ഉടമ്പടിയനുസരിച്ച് അവൾക്കു രാഷ്ട്രീയാധികാരം പുനർലബ്ധമായെങ്കിലും ഇന്നവൾ ഒരു നാമമാത്രരാഷ്ട്രം മാത്രമാണു വിസ്തീർണ്ണതയിൽ എന്നാൽ, സഭാധിനാഥനായ മാർപ്പാപ്പ ഇന്നൊരു സ്വതന്ത്രരാഷ്ട്രനായകനാണ്, ലോകരാഷ്ട്രങ്ങളുടെ ഇടയിൽ അംഗീകൃത അധീശശക്തിയുള്ള ഒരു രാഷ്ട്രാധിനായകൻ.

**219. സഭയും രാഷ്ട്രവും:** രാഷ്ട്രം ഒരു സമ്പൂർണ്ണ സ്വാഭാവികസമൂഹമാണെന്ന പരമാർത്ഥം ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ, ഒരു സമ്പൂർണ്ണ അതിസ്വാഭാവികസമൂഹമായ സഭയുടെ അവകാശങ്ങൾ രാഷ്ട്രത്തിൻേറതിനേക്കാൾ ഉന്നതവും മഹത്തരവുമാണെന്നു സമ്മതിച്ചേ തീരൂ; കാരണം, രാഷ്ട്രത്തിൻെറ അവകാശങ്ങൾ താൽക്കാലികവും ലൗകികവും ആയിരിക്കെ, സഭയുടേത് അനശ്വരവും അതിസ്വാഭാവികവുമാണ്. തന്മൂലം, സഭയും രാഷ്ട്രവും തമ്മിലുണ്ടാകുന്ന ഏതൊരു തർക്കപരിഹാരത്തിനും താഴെപ്പറയുന്ന തത്വങ്ങൾ നിർണ്ണായകമാനദണ്ഡമായി സ്വീകരിക്കേണ്ടതാണ്:

1) രാഷ്ട്രം മനുഷ്യൻെറ ലൗകികമേന്മനേടുവാൻ നിലകൊള്ളുമ്പോൾ സഭയാകട്ടെ, അവൻെറ ആത്മീയവും ശാശ്വതവുമായ കാര്യങ്ങൾക്കായി നിലകൊള്ളുന്നു.

2) ആത്മീയകാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ലൗകികകാര്യങ്ങൾ രാഷ്ട്രത്തിൻെറമാത്രം പ്രശ്നമാണ്. എന്നാൽ, ലൗകികകാര്യങ്ങൾകൂടി ഉൾക്കൊള്ളുന്നവയായാലും ആത്മീയകാര്യങ്ങളിൽ സഭയ്ക്കാണ് അധികാരം. ഈ കാര്യങ്ങളിൽ സഭയ്ക്കു വിധേയയായിനിന്നുകൊണ്ടു രാഷ്ട്രം സഭയോടു സഹകരിക്കുകയാണു വേണ്ടത്.

സഭയേയും രാഷ്ട്രത്തേയും രണ്ടു വിരുദ്ധശക്തികളായി പരിഗണിക്കുന്നതു ശരിയല്ല. രണ്ടിനും അവയുടേതായ പ്രത്യേക പ്രവർത്തനമണ്ഡലങ്ങളുണ്ട്, രണ്ടും അവശ്യസമൂഹങ്ങളാണ്; ഒന്നു മററൊന്നിൻെറ പൂരകമെന്നോണം. അവയുടെ പ്രവർത്തനപരിധി എവിടെ അവസാനിക്കുന്നു, എവിടെ അതിക്രമിക്കുന്നു എന്നു കൃത്യമായി നിർണ്ണയിക്കുവാൻ പരിതസ്ഥിതികൾ സസൂക്ഷ്മം പഠിച്ചേ കഴിയൂ. ഇക്കാര്യത്തിൽ എപ്പോഴെങ്കിലും സംശയമുണ്ടാകുമ്പോൾ മനുഷ്യവർഗ്ഗത്തെ സംബന്ധിക്കുന്ന അതിപ്രധാന പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്ന സഭയുടെ അവകാശങ്ങൾക്കുവേണം മുൻഗണന നല്കുവാൻ.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു; അവനു സമുദായം ആവശ്യമാണ്; സമുദായം രാഷ്ട്രത്തെ ഉൾക്കൊള്ളുന്നു. അതേ ദൈവം തന്നെ അവൻെറ പരമാന്ത്യപ്രാപ്തിക്കായി സഭയേയും സ്ഥാപിച്ചു. ദൈവം നിത്യസത്യമാകയാൽ അവിടുത്തെ വാക്കുകളിലോ പ്രവൃത്തികളിലോ വൈരുദ്ധ്യമുണ്ടാകുവാൻ നിവൃത്തിയില്ല; അവിടുന്നു പരസ്പരവിരുദ്ധങ്ങളായ സ്ഥാപനങ്ങളുടെ സ്രഷ്ടാവായിരിക്കുകയുമില്ല. ആകയാൽ സഭയും രാഷ്ട്രവും തങ്ങളുടേതായ മണ്ഡലത്തിൽ, തങ്ങളുടെ പ്രകൃതിക്കനുസരണമായ ആദർശപ്രവർത്തനംമാത്രം നടത്തിയാൽ ഇവ തമ്മിൽ യാതൊരു സംഘട്ടനവും ഉണ്ടാകുവാൻ തരമില്ല. മാർപ്പാപ്പ ലെയോ പതിമൂന്നാമനെ ശ്രവിച്ചാലും: "ദൈവംതന്നെയാണു മനുഷ്യരുടെ ഭരണാർത്ഥം സഭ, രാഷ്ട്രം എന്ന ഈ രണ്ടു സ്ഥാപനങ്ങളേയും സ്ഥാപിച്ചിരിക്കുന്നതു്; ഒന്നു ദൈവികകാര്യങ്ങളിലും മററതു് ലൗകികകാര്യങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഓരോന്നും അതാതിൻെറ തുറയിൽ പരമാധികാരിയുമാണ്. ഓരോന്നിനും ചില പരിധികളുമുണ്ട്. അതാതിൻെറ സ്വഭാവവും പ്രകൃതിയുമനുസരിച്ചു അതാതിൻെറ പ്രവർത്തനപരിധി നിർണ്ണയിക്കപ്പെടുന്നു. ആത്മീയവശമുള്ള സകല മാനുഷികകാര്യങ്ങളും പ്രകൃതികൊണ്ടോ ലക്ഷ്യംകൊണ്ടോ ദൈവാരാധനയോടോ ആത്മാക്കളുടെ രക്ഷയോടോ ബന്ധപ്പെട്ടിരിക്കുന്ന സമസ്തവും തിരുസ്സഭയുടെ അധികാരത്തിനും തീരുമാനത്തിനും വിധേയമാണ്. എന്നാൽ, സവിൽ-രാഷ്ട്രീയക്രമങ്ങളിൽപ്പെടുന്നതെല്ലാം രാഷ്ട്രീയാധികാരത്തിനു വിധേയമായിരിക്കണം. ക്രിസ്തുനാഥൻതന്നെ പറഞ്ഞിരിക്കുന്നു: 'ദൈവത്തിൻേറതു ദൈവത്തിനും സീസറിൻേറതു സീസറിനും കൊടുക്കുക' എന്നു്." [1]

1 Conf. Encycl, Immortale Dei, pp. 7—8.

ലൗകികവും സാമ്പത്തികവുമായ കാര്യങ്ങളിൽ രാഷ്ട്രത്തിനു് എത്രതന്നെ അധികാരമുണ്ടായിരുന്നാലും, അവ, സ്വാഭാവികനിയമങ്ങൾക്കും ധാർമ്മികതത്വങ്ങൾക്കും വിധേയമായിരിക്കണം. രാഷ്ട്രം തന്നെയും സർവ്വാധിനാഥനായ ദൈവത്തിനു് അർഹമായ ആരാധന നല്കണം. ഇക്കാര്യങ്ങളിൽ ദൈവസ്ഥാപിതസംഘടനയായ സഭയ്ക്കു രാഷ്ട്രത്തെ നയിക്കുവാൻ കഴിയും. വീണ്ടും, നീതിയും സമാധാനവും ജനങ്ങളിലും അധികാരികളിലും പുലരുവാൻ രാഷ്ട്രത്തെ സഭ സഹായിക്കണം. പകരം സഭാപ്രവർത്തനങ്ങളുടെ വിജയത്തിനായി സഭയെ രാഷ്ട്രം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

**220. സഭയുടെ സാമൂഹികശക്തി:** പതിമൂന്നാം ലെയോൻ മാർപ്പാപ്പ പറയുന്നതുപോലെ, "സഭ അവളുടെ അരുമസന്താനങ്ങളുടെ ലൗകികകാര്യങ്ങൾ അപ്പാടെ അവഗണിച്ചുകൊണ്ടു്, വെറും ആത്മീയകാര്യങ്ങളിൽമാത്രം മുഴുകിക്കഴിയുകയാണെന്നു് ആരും തെററിദ്ധരിക്കരുതു്. പട്ടിണിപ്പാവങ്ങൾ അവരുടെ കഷ്ടപ്പാടുകളിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിമോചിതരായി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതു കാണുവാൻ അവൾ അത്യധികം ആശിക്കുന്നു; അതിനുവേണ്ടി അവൾ ശ്രമിച്ചുകൊണ്ടുമിരിക്കുന്നു." [1]

സാമൂഹികഘടകങ്ങളിൽ സഭയുടെ സ്ഥാനം അതിപ്രധാനവും അത്യുന്നതവും അതീശക്തിമത്തായതുമാണു്. (ഈ ഗ്രന്ഥത്തിൻെറ 2-ാംഭാഗത്തു വിവരിക്കുന്നതുപോലെ) അവൾക്കുമാത്രമേ എല്ലാ സാമൂഹികപ്രശ്നങ്ങൾക്കും ശരിയായ ഉത്തരവും പൂർണ്ണമായ നിഷ്കൃഷ്ടമാർഗ്ഗങ്ങളും നിർദ്ദേശിക്കുവാൻ കഴിയുകയുള്ളൂ. "ക്വാദ്രജെസിമോ ആന്നോ"യിൽ 11-ാംപീയൂസ് മാർപ്പാപ്പ പറയുന്നതുപോലെ "ഇന്നത്തെ സാമൂഹികതിന്മകൾക്കു പരിഹാരം കാണുവാൻ, എല്ലാ മനുഷ്യരും രാഷ്ട്രങ്ങളും തുറന്ന മനസ്സോടും ആത്മാർത്ഥതയോടുംകൂടെ സുവിശേഷപ്രബോധനങ്ങളിലേയ്ക്കു പിന്തിരിയേണ്ടിയിരിക്കുന്നു. സഭയാകട്ടെ, സുവിശേഷം പ്രസംഗിക്കുന്നതിനും അതിൻെറ നന്മ ആത്മാക്കൾക്കു സംപ്രാപ്യമാക്കുന്നതിനുമാണു് നിലകൊള്ളുന്നതു്."

ഇന്നുള്ള എല്ലാ സമൂഹങ്ങളിലുംവച്ചു് സഭമാത്രം, സർവ്വസൃഷ്ടികളുടേയും പ്രവർത്തനത്തിൻെറ പരമലക്ഷ്യമായി, ദൈവത്തെ ഒന്നാം

1 Conf. Encycl. Rerum Novarum.

സ്ഥാനത്തു് ആദരിച്ചു് അംഗീകരിക്കുന്നു. ആകയാൽ എല്ലാ സൃഷ്ടികളേയും എല്ലാ സ്ഥാപനങ്ങളേയും അവയുടെ അവസാനലക്ഷ്യത്തിൽ ദൈവികസേവനത്തിനുള്ള ഉപാധികളായി സഭ പരിഗണിക്കുന്നു. തന്മൂലം വെറും സാമ്പത്തികവും വ്യാവസായികവുമായ കാര്യങ്ങളിൽപ്പോലും സഭയ്ക്കു് അവളുടേതായ സ്ഥാനമുണ്ടു്. അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ജീവിതനിലവാരമുയർത്തുവാൻ അവൾ പരിശ്രമിക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങളേയും കടമകളേയും പററിയുള്ള അവളുടെ പ്രബോധനംപോലെ സാമൂഹികനിലയിൽ കറയററ മറെറാന്നില്ല. തൊഴിലും മൂലധനവും തമ്മിലുണ്ടാവേണ്ട അന്യോന്യാശ്രിതത്വത്തെ അവൾ അംഗീകരിച്ചു സംരക്ഷിക്കുന്നു.

പാവങ്ങളെ തിരുസ്സഭ സ്വന്തമെന്നപോലെയാണു കരുതുന്നതു്. അവളുടെ വിവിധ സംഘടനകളും ഭക്തസമൂഹങ്ങളുംവഴി അവരുടെ സംരക്ഷണത്തിനും ദാരിദ്ര്യനിവാരണത്തിനുംവേണ്ടി അവൾ യത്നിച്ചുകൊണ്ടിരിക്കുന്നു. അവരെ അവളുടെ അരുമസന്താനങ്ങളും സ്നേഹനിധികളുമെന്നവണ്ണം കരുതി, മാന്യമായ ജീവിതനിലവാരത്തിലേക്കു് അവരേയും ഉയർത്തുവാൻ അവൾ ഉററുശ്രമിക്കുകയാണു്.

ഇങ്ങനെ സാമൂഹിക-ലൗകികമണ്ഡലങ്ങളിലും അനുപേക്ഷണീയവും അതിമഹത്തരവുമായ പ്രവർത്തനങ്ങളാണു സഭ ചെയ്തുകൊണ്ടിരിക്കുന്നതു്.

## ഗ്രന്ഥസൂചി.

Catholic Encyclopaedia, Art. Religion and Church and State.

E. J. Ross, A Survey of Sociology, Chap. VI.

G. Clune, Christian Social Organisation, Chap. XIII.

Osgniach, O.S.B., The Christian State p. 295.

C. Davson, Christian Religion in Modern State.

K. J. Alter Church and State in the "Ecclesiastical Review" May' 1942.

Dawson, Christopher, Inquiries into Religion and Culture.

Dawson, Christopher. Religion and Progress, pp. 35—65.

Rommen, H. A., The State in Catholic Thought, pp. 507—614.

Messner, J. Social Ethics, pp. 610—614.

Mihanovich, C, Social Theories, pp. 308—342.

Schwer. W., Catholic Social Theories, pp. 65—96.

# 2.

# സ്ത്രീധന നിരോധനബിൽ.

1961 മേയ് 9-ാംതീയതി കേരള പാർലമെൻറ് അതിൻെറ ചരിത്രപ്രധാനമായ ഒരു സംയുക്തസമ്മേളനത്തിൽ സ്ത്രീധന നിരോധനബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും വാങ്ങുന്നതും നിരോധിക്കുകയും ശിക്ഷാർഹമാക്കുകയും ചെയ്യുന്നതാണു സംയുക്തസമ്മേളനം പാസ്സാക്കിയ ഈ ബിൽ.

വിവാഹത്തിനു പ്രതിഫലമായല്ലാതെ വിവാഹവേളയിൽ നല്കപ്പെടുന്ന സമ്മാനങ്ങൾ സ്ത്രീധനമായി പരിഗണിച്ചുകൂടാ എന്നു സംയുക്തസമ്മേളനം തീരുമാനിച്ചിരിക്കുന്നു. സംയുക്തസമ്മേളനം ഇങ്ങനെ രണ്ടു സഭകളും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തിനു പരിഹാരമുണ്ടാക്കിയിരിക്കുന്നു. ഈ ഭേദഗതികളോടുകൂടിയ ബിൽ 108-ാം വകുപ്പനുസരിച്ചു രണ്ടു സഭകളും പ്രത്യേകം പ്രത്യേകം പാസ്സാക്കിയതായി പരിഗണിക്കപ്പെടുന്നതാണ്.

സ്ത്രീധനം എന്നതിനെ നിർവ്വചിക്കുന്ന വകുപ്പിൽ "പ്രത്യക്ഷമായോ പരോക്ഷമായോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള ഭേദഗതി സംയുക്തസമ്മേളനം ഏകാഭിപ്രായമായി അംഗീകരിച്ചു. ഭേദഗതിയോടുകൂടിയ വകുപ്പ് ഇപ്രകാരമാണ്: "ഏതെങ്കിലും വസ്തുവോ വിലപിടിച്ച സെക്യൂരിററിയോ പ്രത്യക്ഷമായോ പരോക്ഷമായോ കൊടുക്കുന്നതും കൊടുക്കാമെന്നു സമ്മതിക്കുന്നതുമാണു സ്ത്രീധനം."

സ്ത്രീധന നിർവ്വചനവകുപ്പിനു നല്കപ്പെട്ടതും വിവാദത്തിനിടയാക്കിയതുമായ വിശദീകരണം ബില്ലിൽ നിലനിറുത്തുന്നതിനു സമ്മേളനം തീരുമാനിച്ചു. വിശദീകരണം എടുത്തുകളയുന്നതിനുള്ള ഭേദഗതി തള്ളപ്പെട്ടു.

# 3.

# കേരളത്തിലെ ജനസംഖ്യാവിവരം.

(1961-ലെ കനേഷുമാരി അനുസരിച്ച്)

| ജില്ല | ആകെ | 1961-ലെ ജനസംഖ്യ | | 1951-ലെ ആകെ ജനസംഖ്യ | ജന സാന്ദ്രത | സാക്ഷരതാശതമാനം | | |
|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | | | ആകെ | പു. | സ്ത്രീ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| സംസ്ഥാനത്തിൽ ആകെ | 16875199 | 8345897 | 8529302 | 13549118 | 1125 | 46·22 | 54·10 | 38·4 |
| കണ്ണൂർ | 1779852 | 873896 | 904956 | 1375081 | 649 | 40·73 | 51·20 | 30·6 |
| കോഴിക്കോട്ട് | 2619283 | 1300379 | 1318904 | 2065284 | 1283 | 39·58 | 49·64 | 29·6 |
| പാലക്കാട്ട് | 1775477 | 851239 | 924238 | 1565167 | 896 | 33·56 | 41·52 | 26·2 |
| തൃശ്ശൂർ | 1634251 | 728508 | 851743 | 1362665 | 1422 | 48·02 | 54·63 | 41·9 |
| എറണാകുളം | 1858440 | 930876 | 927564 | 1530143 | 1468 | 49·89 | 57·00 | 41·7 |
| കോട്ടയം | 1730436 | 881440 | 848996 | 1327668 | 745 | 56·15 | 61·90 | 50·1 |
| ആലപ്പുഴ | 1809530 | 893023 | 916507 | 1521303 | 2545 | 55·24 | 63·08 | 49·4 |
| കൊല്ലം | 1929245 | 964337 | 964872 | 1474995 | 994 | 49·77 | 57·02 | 42·5 |
| തിരുവനന്തപുരം | 1738085 | 866563 | 871522 | 1327817 | 2052 | 44·92 | 52·80 | 37·9 |

N. B 100 പുരുഷന്മാർക്ക് 102 സ്ത്രീകളാംവീതം. അനുപാതം ഏററം കുറവ് കോട്ടയം ജില്ലയിലും ഏററം കൂടൽ തൃശ്ശൂർ ജില്ലയിലുമാണുള്ളത്.

15002·60 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കേരളത്തിലെ ജനസംഖ്യ 1961 മാർച്ച് 1–ാംനു- 16875199 ആയിരുന്നു. ഇതിൽ 8345897 പേർ പുരുഷന്മാരും 8529302 പേർ സ്ത്രീകളുമാണ്.

1951–61 കാലത്തു സംസ്ഥാനത്തെ ജനസംഖ്യ 24·55 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പ്രതിവർഷം വർദ്ധനശരാശരി 2·46 ശതമാനം ആണ്. സംസ്ഥാനത്തിൻെറ ഇപ്പോഴത്തെ അതിർത്തികൾ ചേർത്തുനോക്കിയാൽ 1951–ലെ സെൻസസ് രേഖപ്പെടുത്തിയ ജനസംഖ്യ 13549118 ആയിരുന്നെന്നു കാണാം.

ഇതോടൊപ്പം കൊടുത്തിട്ടുള്ള പട്ടികയിലെ കണക്കുകൾ തികച്ചും താൽക്കാലികമാണ്. സൂക്ഷ്മപരിശോധനക്കുശേഷം ഇതിൽ മാററങ്ങൾ വന്നേക്കാം. എങ്കിലും അവസാനകണക്കുകൾ താൽക്കാലികകണക്കുകളിൽനിന്നും അധികം വ്യത്യസ്തമായിരിക്കയില്ലെന്നു പ്രതീക്ഷിക്കപ്പെടുന്നു.

1951–നും 1961–നുമിടയിൽ ജനസംഖ്യയിൽ ഏററമധികം വർദ്ധന രേഖപ്പെടുത്തിയിട്ടുള്ളതു കൊല്ലം ജില്ലയിലാണ്: 30·94 ശതമാനം. പാലക്കാട്ടു ജില്ലയിലാണ് ഏററം കുറഞ്ഞ 13·44 ശതമാനം വർദ്ധന കാണിച്ചിട്ടുള്ളതു്.

കേരളത്തിൽ ഓരോ 100 പുരുഷന്മാക്കും 102 സ്ത്രീകൾ ഉണ്ട്. ഈ അനുപാതം ഏററം കൂടുതൽ (109) തൃശ്ശൂർജില്ലയിലും ഏററം കുറവു (96) കോട്ടയത്തുമാണ്. സംസ്ഥാനമൊട്ടുക്കുള്ള ജനസാന്ദ്രത ചതുരശ്രമൈലൊന്നിനു 1125 വരുന്നുണ്ട്. ഇതു് ഏററം കൂടുതൽ ആലപ്പുഴ ജില്ലയിലും (2545) കുറവ് കണ്ണൂർ ജില്ലയിലും (649) ആണ്.

1951ലെ സെൻസസനുസരിച്ച സംസ്ഥാനത്തെ സാക്ഷരതാനിരക്ക് 40·7 ആയിരുന്നു–പുരുഷന്മാക്കു 50·2-ഉം സ്ത്രീകൾക്കു 31·5-ഉം.

ഒപ്പം ചേർത്തിട്ടുള്ള കണക്കിൽ സാക്ഷരതാനിരക്കു കണക്കാക്കിയിട്ടുള്ളതു് ആകെ ജനസംഖ്യ അടിസ്ഥാനപ്പെടുത്തിയാണ്. 4 വയസ്സിൽ താഴ്ന്നവരെ വിട്ടിട്ടില്ല.

ഇപ്പോൾ ഓരോ ആയിരം ജനങ്ങളിലും 462 പേർ സാക്ഷരരാണ്. 1007 പുരുഷന്മാരിൽ സാക്ഷരർ 542 വീതമാണ്. ഈ അനുപാതം 384 ആണു സ്ത്രീകളെ സംബന്ധിച്ചിടത്തോളം. സാക്ഷരതാശതമാനം ഏററം കൂടുതൽ ആലപ്പുഴയിലും കുറവു പാലക്കാട്ടുമാണ്,

# 4. ഇന്ത്യയിലെ ജനസംഖ്യ (1961)

| | സംസ്ഥാനം | തലസ്ഥാനം | പ്രധാന ഭാഷ | 1961ലെ ജനസംഖ്യ (കോടി) | ജനസാന്ദ്രത (ച. മൈൽ) | സാക്ഷരതാശതമാനം | വിസ്തീർണ്ണം (ച.മൈ.) |
|---|---|---|---|---|---|---|---|
| 1 | കേരളം | തിരുവനന്തപുരം | മലയാളം | 1·68 | 1125 | 46·2 | 15006 |
| 2 | ആന്ധ്റ | ഹൈദ്രബാദ് | തെലുങ്ക് | 3·59 | 339 | 20·8 | 105677 |
| 3 | ആസാം | ഷില്ലോംഗ് | ആസാമീസ് | 1·18 | 252 | 25·8 | 85062 |
| 4 | ബീഹാർ | പാററ്ന | ഹിന്ദി | 4·64 | 691 | 18·1 | 67071 |
| 5 | ഗുജറാററ് | അഹമ്മദ്ബാദ് | ഗുജറാത്തി | 2·06 | 186 | 30·3 | 72137 |
| 6 | കാഷ്മീർ | ശ്രീനഗർ | കഷ്മീരി & ഉറദു | 0·35 | | 10·7 | 85861 |
| 7 | മദ്ധ്യപ്രദേശ് | ഭോപ്പാൽ | ഹിന്ദി | 3·23 | 189 | 16·0 | 171201 |
| 8 | മദ്രാസ് | മദ്രാസ് | തമിഴ് | 3·36 | 671 | 80·2 | 50174 |
| 9 | മഹാരാഷ്ട്രം | ബോംബെ | മറാത്തി | 3·95 | 332 | 29·7 | 118459 |
| 10 | മൈസൂർ | ബാംഗ്ളൂർ | കന്നാടകം | 2·35 | 318 | 35·3 | 74861 |
| 11 | ഒറീസാ | ഭുവനേശ്വരം | ഒറിയാ | 1·75 | 292 | 21·5 | 60250 |
| 12 | പഞ്ചാബ് | ചണ്ഡിഗട്ട് | പഞ്ചാബി | 2·03 | 431 | 23·7 | 47062 |
| 13 | രാജസ്ഥാൻ | ജയപ്പൂർ | രാജസ്ഥാനി | 2·01 | 152 | 14·7 | 132148 |
| 14 | ഉത്തരപ്രദേശ് | ലക്നൌ | ഹിന്ദി | 7·37 | 650 | 17·5 | 113423 |
| 15 | ബംഗാളം | കൽക്കട്ട | ബംഗാളി | 3·49 | 1031 | 29·1 | 34945 |
| കേ: ടെറിട്ടറികൾ 1 | ആൻഡമാൻദ്വീപുകൾ | പോർട്ടബ്ളയർ | | 63438* | 20 | 33·6 | 41215 |
| 2 | ഡൽഹി | ഡൽഹി | ഹിന്ദി, ഉറദു | 0·26 | 4614 | 51·0 | 973 |
| 3 | ഹിമാചൽപ്രദേശ് | സിംല | ഹിന്ദി, പഹാരി | 0·13 | 124 | 14·6 | 10922 |
| 5 | ത്രിപുര | അഗർത്തല | ബംഗാളി | 0·14 | 283 | 22·2 | 4022 |
| 5 | ലക്ഷദ്വീപുകൾ | | മലയാളം | 24108* | 2192 | 23·8 | 8629 |
| 6 | മണിപ്പൂർ | ഇംഫാൽ | ബംഗാളി | 577635* | 67 | 11·37 | |
| 7 | ഇന്ത്യ | ന്യൂഡൽഹി | ബംഗാളി | 4·38 | 384 | 28.7 | |

# 5.

# ഇന്ത്യയിലെ വിദ്യാഭ്യാസം.

## കേന്ദ്രത്തിലെ വിദ്യാഭ്യാസവകുപ്പുകൾ

1) മിനിസ്ടറി ഓഫ് എഡ്യുക്കേഷൻ (വിദ്യാഭ്യാസ മന്ത്രിയുടെ ചുമതലയിൽ.)

2) മിനിസ്ടറി ഓഫ് സയൻറിഫിക് റിസർച്ച് ആൻറ് കൾച്ചറൽ അഫയേഴ്സ്. (പ്രത്യേകം ഒരു മന്ത്രിയുടെ ചുമതലയിലാണ്, ശാസ്ത്രീയഗവേഷണവും സംസ്കാരകാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നതു്.)

## കേന്ദ്രം നേരിട്ടു ചുമതലപ്പെട്ട സർവ്വകലാശാലകൾ

ആലിഗർ, സർവ്വകലാശാല
ബനാറസ് ,,
ഡൽഹി ,,
വിശ്വഭാരതി ,,
മററുചില ഉപരിപഠനസ്ഥാപനങ്ങൾ.

## എഡ്യുക്കേഷൻ മിനിസ്ടറിയുടെ ഉപവകുപ്പുകൾ

1) സാമാന്യവിദ്യാഭ്യാസ വികസനം.

2) ശിശുവിദ്യാഭ്യാസം, ബേസിക് വിദ്യാഭ്യാസം, സെക്കൻഡറിവിദ്യാഭ്യാസം, കലാശാലവിദ്യാഭ്യാസം.

3) കേന്ദ്രം നേരിട്ടു ഭരിക്കുന്ന സർവ്വകലാശാലകൾ,

4) പാഠ്യപുസ്തക ഗവേഷണം.

5) വിദ്യാഭ്യാസം, തൊഴിൽപരമായ വിദ്യാഭ്യാസം, ഇവയുടെ ഗവേഷണം.

6) പബ്ളിക് സ്കൂളുകൾ.

7) കേന്ദ്രവിദ്യാഭ്യാസവായനശാലയും ഗ്രന്ഥശേഖരങ്ങളും.

8) ഡൽഹി പബ്ളിക് ലൈബ്രറി.

9) നാഷനൽ ബുക്ക് ട്രസ്റ്റ്.

10) സാമൂഹിക ക്ഷേമകേന്ദ്രസമിതി.

11) യൂനസ്കോ (U.N.E.S.C.O.)

12) വേതനങ്ങൾ.

13) ഹിന്ദി ഭാഷാവികസനം.

14) വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും.

15) അടിസ്ഥാനവിദ്യാഭ്യാസ സ്ഥാപനസമിതി.
16) പ്രാഥമിക വിദ്യാഭ്യാസസമിതി.
17) അഖിലഭാരത സാമാന്യവിദ്യാഭ്യാസസമിതി.
18) കേന്ദ്രവിദ്യാഭ്യാസസമിതി.
19) അന്ധബാലവിദ്യാഭ്യാസസമിതി.
20) അന്ധവിദ്യാഭ്യാസത്തിനു് ഉപകരിക്കുന്ന പ്രത്യേക മുദ്രാലയം.
21) യൂണിവേഴ്സിററി ഗ്രാൻറ് കമ്മീഷൻ.

## ശാസ്ത്രീയവും സാമൂഹികകാര്യങ്ങളും

ശാസ്ത്രീയഗവേഷണശാഖ:

1) ശാസ്ത്രീയഗവേഷണം.
2) സാങ്കേതികശാസ്ത്രീയവിദ്യാഭ്യാസം.
3) വിജ്ഞാനമന്ദിരങ്ങൾ (വിജയമന്ദിരങ്ങൾ.)
4) പോളിടെക്നിക്ക് സ്ഥാപനങ്ങൾ.
5) സാങ്കേതികവിദ്യാഭ്യാസ കേന്ദ്രസമിതി.
6) നഗരഗ്രാമസംവിധാനസമിതികൾ (ഡൽഹി)
7) സാങ്കേതിതവിദ്യാഭ്യാസസ്ഥാപനം. (ഖരഗ്പൂർ)
8) ബാംഗ്ലൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസ്.
9) നാഷനൽ അററ്ലസ് നിർമ്മാണം.
10) ഇൻഡ്യൻ ജിയോളജിക്കൽ സർവ്വേ.
11) ഇൻഡ്യൻ ജിയോഫിസിക്ക്സ് സർവ്വേ.
12) ഇൻഡ്യൻ സുവോളിജിക്കൽ സർവ്വേ.

സാമൂഹികസംസ്കാരശാഖ:

1) പുരാണഗവേഷണം.
2) നരവംശഗവേഷണം.
3) ചരിത്രരേഖാസംരക്ഷണം.
4) കാഴ്ചബംഗ്ലാവുകൾ.
5) കലാപോഷണം.
6) ഗ്രന്ഥശാലകൾ.
7) സാഹിത്യഅക്കാഡമി
8) സംഗീതനാടക അക്കാഡമി.
9) രാജ്യാന്തര സാമൂഹികസമിതി.
10) ആരോഗ്യസംരക്ഷണം, വ്യായാമം, കളികൾ.
11) ദേശീയ ശിക്ഷണസ്ഥാപനങ്ങൾ.

# ഇന്ത്യയിലെ സർവ്വകലാശാലകൾ.

| | പേർ | സ്ഥാപിച്ച വർഷം | | പേർ | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1 | കൽക്കട്ട | 1857 | 23 | രാജസ്ഥാൻ | 1947 |
| 2 | ബോംബെ | 1857 | 24 | S. N. D. T. വനിതാ സർവ്വകലാശാല | 1951 |
| 2 | മദ്രാസ് | 1857 | 25 | ഗൗഹത്തി | 1948 |
| 4 | അലഹബാദ് | 1887 | 26 | വിശ്വഭാരതി | 1951 |
| 5 | ലക്നോ | 1921 | 27 | ജബൽപൂർ | 1957 |
| 6 | നാഗപ്പൂർ | 1923 | 28 | വിക്രമ | 1957 |
| 7 | പാററ്ന | 1917 | 29 | പഞ്ചാബ് | 1947 |
| 8 | ബീഹാർ | 1952 | 30 | കർണ്ണാടക് | 1950 |
| 9 | ആലിഗർ | 1921 | 31 | ബറോഡ് | 1949 |
| 40 | ഡൽഹി | 1922 | 32 | ഗുജറാററ് | 1950 |
| 11 | ആഗ്ര | 1927 | 33 | പൂനാ | 1948 |
| 12 | ബനാറസ് | 1916 | 34 | റൂർകി | 1949 |
| 13 | ആന്ധ്ര | 1926 | 35 | സർദാർവല്ലഭായ് വിദ്യാപീഠം | 1955 |
| 14 | ഗോരക്പൂർ | 1957 | 36 | ശ്രീവെങ്കിടേശ്വര (തിരുപ്പതി) | 1954 |
| 15 | അണ്ണാമല | 1926 | 37 | ജാദവപൂരം | 1955 |
| 16 | മൈസൂർ | 1916 | 38 | മരത്വാഡ | 1958 |
| 17 | ഉസ്മാനിയാ | 1918 | 39 | സംസ്കൃത യൂണിവേഴ്സിററി | |
| 18 | കേരളം | 1937 | | ബനാറസ് | 1957 |
| 19 | കുരുക്ഷേത്ര | 1956 | 40 | ഇൻഡ്യൻ അഗ്രിക്കൾച്ചറൽ | |
| 20 | ഉത്കൽ | 1943 | | റിസർച്ച് ഇൻസ്റ്റിററ്യൂട്ട് (ഡൽഹി) | 1957 |
| 21 | ജമ്മുവും കശ്മീരം | 1948 | 41 | ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് | |
| 22 | സാഗോർ | 1946 | | സയൻസ് | 1957 |

## ഇന്ത്യയിലെ പ്രൈമറി സ്കൂളുകൾ (1958–59)

| സംസ്ഥാനം | സ്ഥാപനങ്ങളുടെ എണ്ണം | | അദ്ധ്യേതാക്കളുടെ എണ്ണം | |
|---|---|---|---|---|
| | ആ: കുട്ടികൾക്ക് | പെ: കുട്ടികൾക്ക് | ആൺകുട്ടികൾ | പെൺകുട്ടികൾ |
| ആന്ധ്ര | 28458 | 490 | 1579520 | 902000 |
| ആസാം | 11936 | 737 | 515531 | 280689 |
| ബീഹാർ | 26735 | 2950 | 1341537 | 312455 |
| ബോംബെ | 39044 | 1979 | 2542308 | 1335112 |
| ജമ്മു–കാഷ്മീർ | 1779 | 302 | 85650 | 14097 |
| കേരളം | 7403 | | 1012567 | 871912 |
| മദ്ധ്യപ്രദേശം | 21142 | 1620 | 1044476 | 226900 |
| മദ്രാസ് | 22608 | | 1709300 | 965296 |
| മൈസൂർ | 19786 | 1250 | 967594 | 568175 |
| ഒറീസാ | 14880 | 214 | 507489 | 171206 |
| പഞ്ചാബ് | 10635 | 1721 | 660853 | 262079 |
| രാജസ്ഥാൻ | 8833 | 556 | 395656 | 68594 |
| ഉത്തരപ്രദേശം | 30302 | 2999 | 2396435 | 518801 |
| പശ്ചിമബംഗാൾ | 24307 | 934 | 1530503 | 790893 |
| ആൻഡമാൻ ദ്വീപുകൾ | 39 | | 1119 | 688 |
| ഡൽഹി | 370 | 172 | 71229 | 48415 |
| ലക്ഷദ്വീപ് | 9 | | 1234 | 287 |
| മണിപ്പൂർ | 901 | 42 | 53543 | 18387 |
| ത്രിപുര | 987 | 7 | 42221 | 17224 |
| നീഫാ | 110 | | 3714 | 520 |
| പോണ്ടിച്ചേരി | 193 | 34 | 15441 | 9234 |
| ആകെ | 271296 | 16022 | 16522713 | 7391643 |

## ഇന്ത്യയിലെ സെക്കണ്ടറി സ്കൂളുകൾ (1958-59)

| സംസ്ഥാനം | സ്ഥാപനങ്ങളുടെ എണ്ണം | | അദ്ധ്യേതാക്കളുടെ എണ്ണം | |
|---|---|---|---|---|
| | ആ: കുട്ടികൾക്ക് | പെ: കുട്ടികൾക്ക് | ആൺകുട്ടികൾ | പെൺകുട്ടികൾ |
| ആന്ധ്ര | 921 | 143 | 374500 | 95384 |
| ആസാം | 1652 | 199 | 227178 | 76897 |
| ബിഹാർ | 4192 | 220 | 665420 | 72013 |
| ബോംബെ | 6102 | 638 | 1448755 | 548882 |
| ജമ്മു-കാഷ്മീർ | 303 | 71 | 83581 | 21756 |
| കേരളം | 1515 | 126 | 344484 | 253995 |
| മദ്ധ്യപ്രദേശം | 1760 | 258 | 407943 | 89565 |
| മദ്രാസ് | 1165 | 189 | 443483 | 173606 |
| മൈസൂർ | 1980 | 312 | 416230 | 14088 |
| ഒറീസാ | 938 | 63 | 116404 | 15958 |
| പഞ്ചാബ് | 1748 | 459 | 666434 | 186675 |
| രാജസ്ഥാൻ | 1112 | 187 | 259420 | 50714 |
| ഉത്തരപ്രദേശം | 4534 | 785 | 932759 | 170495 |
| പശ്ചിമബംഗാൾ | 2958 | 547 | 612498 | 152623 |
| ആൻഡമാൻദ്വീപുകൾ | 3 | | 1120 | 507 |
| ഡൽഹി | 197 | 105 | 117469 | 71695 |
| ഹിമാചലപ്രദേശം | 151 | 14 | 32011 | 10245 |
| മണിപ്പൂർ | 115 | 8 | 19361 | 4112 |
| ത്രിപുര | 106 | 11 | 15600 | 4583 |
| നീഫാ | 16 | | 1297 | 152 |
| പോണ്ടിച്ചേരി | 14 | 6 | 2913 | 762 |
| ആകെ | 31487 | 4341 | 7188860 | 2145307 |

KOTTAYAM PUBLIC LIBRARY KOTTAYAM.

## കേരളത്തിലെ സ്കൂളുകൾ (1958-59)

| | സ്കൂളുകളുടെ തരംതിരിവ് | സ്ഥാപനങ്ങളുടെ എണ്ണം | | അധ്യേതാക്കൾ | |
|---|---|---|---|---|---|
| | | ആ: കുട്ടികൾക്ക് | പെ: കുട്ടികൾക്ക് | ആൺ കുട്ടികൾ | പെൺ കുട്ടികൾ |
| 1 | ഹയ്യർ സെക്കണ്ടറി സ്കൂളുകൾ | 678 | 129 | 318540 | 217097 |
| 2 | അപ്പർ പ്രൈമറി സ്കൂളുകൾ | 1745 | 28 | 327157 | 247679 |
| 3 | ലോവർ പ്രൈമറി സ്കൂളുകൾ | 7014 | 38 | 945548 | 781032 |
| 4 | നേഴ്സറി സ്കൂളുകൾ | 13 | 1 | 525 | 274 |
| 5 | പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപങ്ങൾ | 53 | 18 | 4275 | 2164 |
| 6 | സ്പെഷ്യൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ | 592 | 6 | 8884 | 1004 |
| | ആകെ | 10095 | 220 | 1604929 | 1249250 |

## കേരളത്തിലെ കോളേജുകൾ

| | സ്ഥാപനങ്ങളുടെ വിവരം | സ്ഥാപനങ്ങളുടെ എണ്ണം | | അധ്യേതാക്കൾ | |
|---|---|---|---|---|---|
| | | ആ: കുട്ടികൾക്ക് | പെ: കുട്ടികൾക്ക് | പുരുഷന്മാർ | സ്ത്രീകൾ |
| 1 | യൂണിവേഴ്സിററി ഇൻസ്റ്റിററ്യൂഷനുകൾ | 4 | | 84 | 21 |
| 2 | പൊതുവിദ്യാഭ്യാസത്തിനുള്ള കോളേജുകൾ | 31 | 10 | 19427 | 7874 |
| 3 | പ്രൊഫഷണൽ കോളേജുകൾ | 18 | 2 | 2782 | 708 |
| 4 | സ്പെഷ്യൽ വിദ്യാഭ്യാസത്തിനുള്ള കോളേജുകൾ | 1 | | 79 | 12 |
| 5 | പ്രൊഫഷണൽ സ്കൂളുകൾ | 5 | | 774 | 18 |
| 6 | സ്പെഷ്യൽ വിദ്യാഭ്യാസത്തിനുള്ള സ്കൂളുകൾ | 5 | | 239 | 139 |
| | ആകെ | 64 | 12 | 23385 | 8772 |

## 6.

# സാമൂഹ്യ വികസനപദ്ധതികൾ.

1952 ഒക്ടോബർ 2-ാംതീയതി മഹാത്മാഗാന്ധിയുടെ ജന്മദിനത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സാമൂഹിക വികസന പദ്ധതികളും മററു ഗ്രാമീണവികസനപരിപാടികളും ഇന്ത്യാഗവണ്മെൻറ് ആരംഭിക്കുകയുണ്ടായി. ഇന്ത്യയിലെ ഗ്രാമീണരെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ സ്വയം പര്യാപ്തരാക്കിത്തീർക്കുന്നതിനുള്ള ഒരു പരിപാടിയാണിതു്. ജനങ്ങളുടെതന്നെ പ്രധാന ചുമതലയിൽ ഗവണ്മെൻറിൻെറ സഹായത്തോടുകൂടിയാണിതു നടത്തേണ്ടതു്.

### എൻ. ഈ. എസ്സും കമ്യൂണിററി ഡവലപ്പുമെൻറും തമ്മിലുള്ള വ്യത്യാസം.

ഇന്ത്യയിലെ സാമൂഹികവികസനപരമായ ഈ പ്രവർത്തനസമ്പ്രദായത്തെ നാഷണൽ എക്സ്റ്റെൻഷ്യൻ സർവ്വീസെന്നും, കമ്യൂണിററി ഡവലപ്പുമെൻറബ്ളോക്കു് എന്നും പൊതുവേ രണ്ടായി തിരിച്ചിരിക്കുന്നു. കമ്യൂണിററി ഡവലപ്പുമെൻറ് ഈ വികസന പദ്ധതിയുടെ രീതിയും (Method) നാഷണൽ എക്സ്റ്റെൻഷ്യൻ സർവ്വീസ് സാമ്പത്തിക സാമൂഹികപരിവർത്തനങ്ങളുടെ ഏജൻസിയുമാണു്.

### ഭരണം.

മുഖ്യമന്ത്രി പ്രസിഡൻറായുള്ള ഒരു കമ്മററിയാണു സംസ്ഥാന സാമൂഹികവികസനവകുപ്പിൻെറ ചുമതല വഹിക്കുന്നതു്. ഡവലപ്പുമെൻറു കമ്മീഷണറാണു് ഈ കമ്മററിയുടെ സെക്രട്ടറി. ഓരോ ഡിസ്ട്രിക്ടിലും ഇതിൻെറ കമ്മററി ചെയർമാൻ കലക്ടറായിരിക്കും. അദ്ദേഹത്തിനു താഴെ ബ്ളോക്കുകൾക്കു് ഡവലപ്പുമെൻറ് ഓഫീസറന്മാരും, വിദഗ്ദ്ധന്മാരും ഗ്രാമങ്ങൾക്കു് ഓരോ ഗ്രാമസേവകനും ഉണ്ടായിരിക്കും.

എല്ലാ വികസനപ്രവർത്തനങ്ങളും ഡവലപ്പുമെൻറ കമ്മീഷണരുടെ മേൽനോട്ടത്തിലാണ് നടക്കേണ്ടതു്. ഒരു ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളം പ്ളാനിംഗ്, വികസനം, അവയുടെ പൂർത്തീകരണം എന്നീ കാര്യങ്ങളുടെ മേൽനോട്ടം കലക്ടർ വഹിക്കും. ഒരു ബ്ളോക്കിലാകട്ടെ, ഒരു ഡവലപ്പുമെൻറ് ഓഫീസറും അദ്ദേഹത്തെ സഹായിക്കാൻ എട്ട് എക്സ്റ്റെൻഷ്യൻ ഓഫീസറന്മാരും ഉണ്ടായിരിക്കും. സഹകരണം, അനിമൽഹസ്ബൻററി, കൃഷി, കുടിൽവ്യവസായം തുടങ്ങിയവകളിൽ വിദഗ്ദ്ധന്മാരെയാണ് എക്സ്റ്റൻഷ്യൻ ഓഫീസറന്മാരായി തെരഞ്ഞെടുക്കുന്നതു്. ഗ്രാമത്തിലെ പ്രവർത്തനങ്ങളുടെ വിവിധകാര്യങ്ങൾ ഗ്രാമസേവകൻ നിർവ്വഹിക്കുന്നു.

സഹകരണംവഴി കൂടുതൽ മെച്ചമായ കൃഷിയും ജീവിതനിലവാരവും ഉണ്ടാക്കുന്നതിനുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ യുവജനസമാജങ്ങൾ, വനിതാമണ്ഡലങ്ങൾ, കൃഷിഫാറം, ഗ്രാമീണവിദ്യാലയം എന്നിവകൾവഴി ജനങ്ങളെ അദ്ധ്യയനം ചെയ്യിക്കുന്നതിനും സാസ്കാരികനിലവാരം ഉയർത്തുന്നതിനും ശ്രമിക്കാറുണ്ട്.

ഗ്രാമസേവകന്മാരും സേവികമാരുമായി തെരഞ്ഞെടുക്കുന്നവർക്കും ബ്ളോക്ക ലെവൽ എക്സ്റ്റെൻഷ്യൻ ഓഫീസറന്മാർക്കും പ്രത്യേകം പ്രത്യേകം ട്രെയിനിംഗ് നല്കിയാണ് അയയ്ക്കുന്നതു്.

## എൻ. ഈ. എസ്.

1943 മുതലാണ് എൻ. ഈ. എസ്. ബ്ളോക്കുകൾ പ്രവർത്തനമാരംഭിച്ചതു്. "നാഷണൽ എക്സ്റ്റൻഷ്യൻ സർവ്വീസ്" ബ്ളോക്കുകൾ എന്നാണ് അതിൻെറ മുഴുവൻപേരു്. മൂന്നുവർഷം പ്രവർത്തിച്ചുകഴിയുമ്പോൾ അതു് ഒരു കമ്യൂണിററി ഡവലപ്പ്മെൻറ ബ്ളോക്കായി മാറും. മൂന്നു വർഷത്തെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനത്തിനുശേഷം വീണ്ടും അതു് എൻ. ഈ. എസ്. രൂപംപ്രാപിക്കും. ഇങ്ങനെ പ്രവർത്തനം പുരോഗമിക്കും. ബ്ളോക്കുകളുടെ പ്രവർത്തനരീതി ഓരോ വർഷത്തേക്കും അതിനു് അലോട്ടുചെയ്തിരിക്കുന്ന ബഡ്ജററിൽനിന്നും മനസ്സിലാക്കാം. ആദ്യത്തെ അഞ്ചു വർഷം ഓരോ വർഷവും ഗ്രാൻറിനത്തിൽ 8 ലക്ഷം രൂപയും ലോൺ ഇനത്തിൽ 40000 രൂപയും, ചിലവാക്കുമ്പോൾ പിന്നീടുള്ള അഞ്ചു വർഷങ്ങളിൽ ഗ്രാൻറിനേക്കാൾ പ്രാധാന്യം ലോണുകൾക്കാണ് നല്കുന്ന

തെന്നും കാണാം. മനുഷ്യരുടെ സൃഷ്ടിപരമായ പ്രവർത്തനത്തെ ഉത്തേജിപ്പിക്കാനാണ് ഈ രീതി ആസൂത്രണം ചെയ്തിരിക്കുന്നതു്.

## സി. ഡി. ബ്ലോക്കുകൾ.

ഇന്ത്യയിലാദ്യമായി ആരംഭിച്ച 55 കമ്യൂണിററി ഡവലപ്പുമെൻറ പ്രോജക്ററുകളിൽ 3 എണ്ണം കേരളത്തിലായിരുന്നു. കുന്നത്തുനാട്ട്-ചാലക്കുടി, നെയ്യാററിൻകര-വിളവുംകോട്ട്, പാലക്കാട്ട് എന്നിവയായിരുന്നു അതു്. 1953-54ൽ കുട്ടനാട്ട് ഡവലപ്പുമെൻറ ബ്ലോക്കെന്ന പേരിൽ ഒന്നുകൂടി അനുവദിക്കുകയുണ്ടായി.

## ബ്ലോക്കുകൾ മൂന്നുവിധം

എൻ. ഈ. എസ്. ബ്ലോക്കുകൾ മാത്രം ആരംഭിച്ചാൽ മാത്രം മതിയെന്നും, അതു പിന്നീട്ട് കമ്യൂണിററി ഡവലപ്പുമെൻറ ബ്ലോക്കാക്കി മാററിയാൽ മതിയെന്നും ഗവണ്മെൻറ് നിശ്ചയിച്ചു. അങ്ങനെ ഇപ്പോൾ എൻ. ഈ. എസ്. ബ്ലോക്കുകൾ കമ്യൂണിററി ഡവലപ്പുമെൻറ ബ്ലോക്കുകൾ, പോസ്റ്റ്പ്രോജക്റ്റ് ബ്ലോക്കുകൾ എന്നിങ്ങനെ മൂന്നുതരം ബ്ലോക്കുകൾ പ്രവർത്തിച്ചുവരുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 13 പോസ്റ്റ്പ്രോജക്ററുകളും 3 സി. ഡി. ബ്ലോക്കുകളും 16 എൻ. ഈ. എസ്. ബ്ലോക്കുകളും പ്രവർത്തനത്തിലുണ്ടായിരുന്നു.

## പഞ്ചവത്സരപദ്ധതി.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് സ്റ്റേറ്റൊട്ടാകെ എൻ. ഈ. എസ്. ബ്ലോക്കുകൾ പ്രവർത്തനത്തിൽവരുത്തുവാനും അവയിൽ 40 ശതമാനം സി. ഡി. ബ്ലോക്കുകളാക്കി മാററാനും ആണ് പ്ലാൻ ചെയ്തിരിക്കുന്നതു്. 142 ബ്ലോക്കുകൾകൊണ്ടു് സംസ്ഥാനം ആവരണംചെയ്യാൻ കഴിയും അതിൽ 69 എണ്ണം ഇപ്പോൾ പ്രവർത്തനത്തിലായിക്കഴിഞ്ഞു. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 547·84 ലക്ഷം രൂപയാണ് ഈ വകുപ്പിലേക്കു നീക്കിവച്ചിരിക്കുന്നതു്. സാമ്പത്തിക കുഴപ്പങ്ങൾ നിമിത്തം 1962-ൽ 142 എൻ. ഈ. എസ്. ബ്ലോക്കുകളും പ്രവർത്തനത്തിൽ വരുത്തുവാൻ വിഷമം വരുമെന്നു കാണുന്നതിനാൽ 1963 വരെ ആ സമയം ഇപ്പോൾ ദീർഘിപ്പിച്ചിരിക്കുന്നു.

## 1958 സെപ്റ്റംബർ 30-ാംതീയതിവരെ സാമൂഹികവികസനപദ്ധതികൾക്ക് ഓരോ സംസ്ഥാനത്തിലും ചിലവായ തുക

| സംസ്ഥാനം | ബ്ളോക്കുകളുടെ എണ്ണം | പ്രതീക്ഷിച്ച ചിലവ് (രൂ. ലക്ഷം) | യഥാർത്ഥത്തിലുണ്ടായ ചിലവ് (രൂ. ലക്ഷം) | ജനങ്ങളുടെ സംഭാവന (രൂ. ലക്ഷം) |
|---|---|---|---|---|
| ആന്ധ്റ | 209 | 921 | 855 | 505 |
| ആസ്സാം | 57 | 393 | 447 | 170 |
| ബീഹാർ | 269 | 1227 | 966 | 949 |
| ബോംബെ | 238 | 1484 | 1473 | 533 |
| കേരളം | 69 | 401 | 317 | 117 |
| മദ്ധ്യപ്രദേശം | 212 | 1435 | 1319 | 450 |
| മദ്രാസ് | 151 | 654 | 608 | 221 |
| മൈസൂർ | 129 | 688 | 516 | 180 |
| ഒറീസ്സാ | 122 | 515 | 479 | 99 |
| പഞ്ചാബ് | 127 | 838 | 702 | 766 |
| രാജസ്ഥാൻ | 110 | 580 | 641 | 518 |
| ഉത്തരപ്രദേശം | 370 | 1701 | 1078 | 1719 |
| പശ്ചിമബംഗാൾ | 128 | 568 | 580 | 196 |
| ജമ്മു-കാഷ്മീർ | 32 | 125 | 109 | 13 |
| യൂണിയൻ ടെറിട്ടറികൾ | 55 | 365 | 248 | 142 |
| ആകെ | 2278 | 11895 | 10338 | 6598 |

# 7.

# ഇന്ത്യ-പൊതുവിവരങ്ങൾ.*

## ഇന്ത്യാഗവൺമെൻറ്

### പ്രസിഡൻറ്

ഡോക്ടർ രാജേന്ദ്രപ്രസാദ്

പ്രസിഡൻറിൻെറ സെക്രട്ടറിയേററ്

| | |
|---|---|
| സെക്രട്ടറി | എ. വി. പൈ, ഐ. സി. എസ്. |
| മിലിട്ടറി സെക്രട്ടറി | മേജർ ജനറൽ സർദാർ ഹരനാരായണസിംഗ് |
| പ്രസിഡൻറിൻെറ സർജൻ | ലഫ്ററനൻറ് കേണൽ-<br>എസ്. എസ്. രാമയിത്ര |
| കംപ്ട്രോളർ | ലഫ്. കേണൽ ഹരിനാഥ്സിംഗ് |
| ഡെപ്യൂട്ടി മിലിട്ടറി സെക്രട്ടറി | ലഫ്. കെ. സി. എസ്. റെഡ്ഡി |
| ബോഡിഗാർഡ് ചീഫ് | മേജർ ജനറൽ സർദാർ<br>ഹരിനാരായണസിംഗ് |

### വൈസ്പ്രസിഡൻറ്

ഡോക്ടർ സർവ്വപ്പിള്ളി രാധാകൃഷ്ണൻ

| | |
|---|---|
| പ്രൈവററ സെക്രട്ടറി | എസ്. നടേശശാസ്ത്രി |
| പേഴ്സണൽ അസിസ്റ്റൻറ് | വി. ഡി. ഫാഡ്കെ |

### പ്രധാനമന്ത്രി

പണ്ഡിററ് ജെവഹർലാൽ നെഹ്റ

| | |
|---|---|
| പ്രൈവററ സെക്രട്ടറി | കെ. രാം, ഐ. സി. എസ്. |

### ക്യാബിനററ മന്ത്രിമാർ

| | |
|---|---|
| ജവഹർലാൽ നെഹ്റ-(പ്രധാനമന്ത്രി) | വിദേശകാര്യം-<br>ആററാമിക എനർജി |
| ലാൽബഹദൂർശാസ്ത്രി | ആഭ്യന്തരം |
| മൊറാർജി റണ്ചോഡ്ജി ദേശായി | ധനകാര്യം |
| ജഗജീവൻറാം | റെയിൽവേ |
| ഗുൽസാരിലാൽ നന്ദ | തൊഴിൽ പ്ലാനിംഗ് |
| സർദാർ സ്വരൻസിംഗ് | ഉരുക്ക്, ഖനി, ഫ്യൂവൽ |
| കെ. സി. റെഡ്ഡി | വാണിജ്യം, വ്യവസായം |
| എസ്. കെ. പട്ടീൽ | ഭക്ഷ്യം, കൃഷി |
| വി. കൃഷ്ണമേനോൻ | പ്രതിരോധം |
| ഡോക്ടർ പി. സുബ്ബരായൻ | ഗതാഗതം, വാർത്താവിനിമയം |
| അശോക്കുമാർ സെൻ | നിയമം |
| ഹഫീസ് മുഹമ്മദ് ഇബ്രാഹിം | ജലസേചനം, വിദ്യുച്ഛക്തി |

## മിനിസ്റ്റേഴ്സ് ഓഫ് സ്റ്റേറ്റ്

| | |
|---|---|
| സത്യനാരായണസിൻഹ | പാർലമെൻററി കാര്യങ്ങൾ |
| ബി. വി. കേസ്ക്കർ | വാർത്താവിതരണം, പ്രക്ഷേപണം |
| ഡി. പി. കർമാർക്കർ | ആരോഗ്യം |
| പഞ്ചാബ് റാവ് എസ്. ദേശമുഖ് | കൃഷി |
| മെഹർചന്ദ്ഖന | പുനരധിവാസം, മററ ന്യൂനപക്ഷകാര്യങ്ങൾ |
| കേശവദേവമാളവ്യ | ഖനി, എണ്ണ |
| നിത്യാനന്ദകനുംഗോ | വാണിജ്യം |
| രാജ്ബഹദൂർ | ഗതാഗതം, വാർത്താവിനിമയം |
| ബലവെന്തു് നഗേഷ്ദത്താർ | ആഭ്യന്തരകാര്യങ്ങൾ |
| മനുഭായിഷാ | വ്യവസായം |
| സുരേന്ദ്രകുമാർ ഡെ | സാമൂഹികവികസനം, സഹകരണം |
| കല്ലൂലാൽ ശ്രീമാലി | വിദ്യാഭ്യാസം |
| ഹുമയൂൺ കബീർ | ശാസ്ത്രീയഗവേഷണം, സംസ്കാരം |
| ബി. ഗോപാലറെഡ്ഡി | റവന്യൂ-സിവിൽ എക്സ്പെൻഡിച്ചർ |

## ഡെപ്യൂട്ടി മിനിസ്റ്റേഴ്സ്

| | |
|---|---|
| സർദാർ സുർജിത്സിംഗ് മജീതിയ | പ്രതിരോധം |
| അബിദ്അലി | തൊഴിൽ |
| അനിൽകുമാർചന്ദ | സപ്ളൈ, ഭവനനിർമ്മാണം |
| എം. വി. കൃഷ്ണപ്പ | കൃഷി |
| ജയ്സുഖലാൽഹിതി | ജലസേചനം, വിദ്യുച്ഛക്തി |
| സതീഷ്ചന്ദ്ര | വ്യവസായം, വാണിജ്യം |
| ശ്യാം നന്ദൻമിശ്ര | പ്ലാനിംഗ് |
| ബലിരാം ഭഗത്ത് | ധനകാര്യം |
| മനോമോഹൻദാസ് | വിദേശകാര്യം |
| ഷാനവാസ്ഖാൻ | റയിൽവേ |
| ശ്രീമതി ലക്ഷ്മി എൻ. മേനോൻ | വിദേശകാര്യം |
| ശ്രീമതി വയലററ് അൽവാ | ആഭ്യന്തരകാര്യങ്ങൾ |
| കെ. ലഘുരാമയ്യ | പ്രതിരോധം |
| എ. എം. തോമസ് | ഭക്ഷ്യം, കൃഷി, |
| ആർ. എം. ഹജർനാവിസ് | നിയമം |
| എസ്. വി. രാമസ്വാമി | റയിൽവേ |
| അഹമ്മദ് മൊഹിയുദ്ദീൻ | വ്യോമയാനം |
| ശ്രീമതി താരകേശ്വരി സിൻഹ | ധനകാര്യം |
| പി. എസ്. നാസ്കർ | പുനരധിവാസം |
| ബി. എസ്. മൂർത്തി | സാമൂഹികവികസനം, സഹകരണം |
| ലളിത് നാരായൺമിശ്ര | പ്ലാനിംഗ്, തൊഴിൽ |

* Conf. Manorama Year Book—(1961)

# BIBLIOGRAPHY

We give in this list the main commendable books which have been used for reference.


Achievements and New Targets (Government Publications, 1957).

A Code of Social Principles (The Catholic Social Guild, Oxford, 1954).

Aguirre, Jose Antonio, Escape to New York via Berlin (Macmillan & Co., New York, 1945).

Alexandrowics, Charles H., Constitutional Developments in India (Oxford University Press, 1957).

Anand, C. L., The Constitution of India (Saraswati Pulications, New Delhi, 1957).

Appadorai, A., The Substance of Politics (Oxford University Press, 1957).

Appadorai, A., Democracy in India (Oxford Pamphlets on Indian Affairs No. 5).

Aranzadi, E., Nacion Vasca (Bilbao, 1918).

Aristotle, Politics.

Arokiaswami, M., The Modern Economic History of India (Newman Book House, Madras, 1949).

Asian Socialist Conference (The), (The Indian Review, February, 1953).

Ayar, Rao Sahib, Commercial Practice (Srinivasa Varadachari & Co., Madras, 1929).

Balmes, J., European Civilization (John Murphy Co., Baltimore, 1850).

Balmes, J., Filisofia Elemental Ethica (Biblioteca Balmes, Barcelona. 1927).

Banerjee and Catterjee, A Survey of the Indian Constitution (Mukerjee & Co., Calcutta, 1957).

Bansil, P. C., India's Food Resources and Population (Vora & Co., Bombay, 1958).

Basu, D. D., Commentary of the Constitution of India (Sarkar & Sons, Calcutta, 1956.)

Beales, A. F., The Catholic Church and International Order (Allen Lone Penguin Books, London, 1941).

Bellarmine, St. Robert, A Treatise on Civil Government (New York, 1928).

Belloc, Hillaire, Essay on Schools (Sheed & Ward, London 1931).

Belloc, Hillaire, Usury Pamphlet (Sheed & Ward, London, 1931).

Bimal, C. Ghose, An Introduction to Banking Principles (Oxford University Press, Calcutta, 1944).

Birla, G, S , Five Year Plan, (Bombay).

Blunt, Edward, Social Service in India (His Majesty's Stationary Office, London, 1946).

Boans, Frans, General Anthropology (Heath & Co , London 1938).

Brayne, F. L., Better Villages (Oxford University Press, India 1943).

Brown, E, Marketing (Harper & Brothers, New York, 1925)

Brown, M., India need not Starve (Longmans, London, 1944)

Brown, International Relations from a Catholic Stand-point (Browne, & Nolan Ltd , Dublin, 1932).

Bureau of Research and Publications, Current Trends in Social works in India (Tata Institute of Social Services, Bombay)

Burke, E. I., Political Economy (American Book Co., New York, 1922).

Cahil D. R., Regulations of Wages and other Problem of Industrial Labour in India (Bargava & Co., 1954).

Cadhil, E., S.J., The Framework of a Christian State (M. H. Gill & Son, Dublin, 1932).

Carew Hunt, R. N. Marxism Past and Present (Geoffrey Bles. London, 1954).

Carty, P., S.J., Economics a Social Science (St. Joseph's Industrial School Press, Trichinopoly, 1940).

Catherin, Victor, S J., Philosophia Moralis Friburgi Brisgoviae, Herder, 1915).

Catherin, Victor, S.J., Socialism, Its Theoretical Basis and Application (Benziger Brothers, New York, 1904).

Catholic Encyclopaedia.

Catholic Sociol Year Book.

Cavanagh, John R., Fundameutal Marrage Counselling (The Bruce Publishing Co., Milwaukee, 1956).

Chandrasekhar, S. India's Population, 2nd ed. (Asia Press,

Chandrasekhar, S. Presidential Address to the All-India Conference on Family Planning (Baroda, 1951).

Clune, G., Christian Social Reorganization (Browne and Nolan Dublin, 1940).

Cohuz, Otto, S.J., The Pope and Christian Marriage (Benziger Brothers, New York, 1933)

Conwell, Francis, C.S.S.R. Marriage—Human or Divine? (Paulist Press, New York, 1940).

Code of International Ethics (A) (The Catholic Social Guild, Oxford, 1944).

Co-operation (International Labour Office, Geneva, 1956).

Co-operative Organization (Examiner, Bombay, 5-5-1955).

Conklin, Edwin G., Heredity and Environment in the Development of Man (Princeton University Press, Ptinceton, 192).

Catholic Bishops' Confernce of India Reports, 1956, 1948, 1952, 1953 (Good Shepherd Press, Bangalore).

Collins J., A History of Modern European Philosophy (the Bruce Publishing Co Milwaukee, 1956).

Community Projects Administration, Community Projects Outline (Government of India Press, 1952).

Cronin J., Economics and Society (American Book Co., 1939)

Cronin, John, Social Principles and Economic Life (The Bruce Publishing Co., Milwaukee).

Cronin, John, Catholic Social Principles (The Brure Publishing Co., Milwaukee).

Cronin, M., The Science of Ethics (Gill & Son, Dublin, 1939)

Cronin, M., A Primer of the Principles of Social Science (Gill & Son, Dublin, 1934).

Dallin, David, The Real Soviet Russia (Hollis & Carter, London, 1947).

Dardano, Lorenzo, The Elements of Social Science (H. Gill & Son, Dublin, 1909).

Das N., Unemployment, Full Employment and India (Hind Kitabs, Bombay, 1948).

Das and Chaterji, The Indian Economy (Bookland, Calcutta 1957).

Davis Henry, Birth Control Ethics (Benziger Brothers, New York, 1926).

Dawson, Christopher, Inquirics into Religion and Culture (Sheen & Ward, New York, 1953).

Dawson, Christopher, Religion and Progress (Sheed & ward, New York, 1938).

Dawson Christopher. Christian Religion in Modern State (Sheed & Ward, New York, 1936).

Dawson Christopher, Religion and Culture (Sheed & Ward Londan, 1933).

De Casto, J., Geography of Hunger (Gollanch, Lonon, 1952).

De Dowell, Patrick, The Church and Economics (Sheed and Ward, London, 1028).

De Hovre - Gordon, Philosophy and Education (Benziger Brothers, New York, 1930).

Delaye, E., What is Camunism? (Herder, St. Louis, 1938).

Democratic Research Service (The), Indian Communist Party Documents 1930—1956 (Bombay, 1957).

Dəmocratic Research Service, (The), The Kerala under Communism (Bombay, 1959).

Dey K., Community Development (Government Publication)

Djilas, M., The New Class (Thomas & Hudson, London, 1957).

Douglas Herrold, The Future of Freedom (Sheed & Ward, London, 1938).

Dubę, S. C., India's Changing Villages (Routledge & Kegan, London, 1952).

Economic Background (The), Oxford Pamphlets on Indian Affars, No. 3, 1943).

Eleventh Year (The), (Government Publications).

Ely R. T., Outline of Economics, 5th ed. (Macmillan Co., New York, 1930).

Encyclopaedia of Social Science (Macmillan & Co., New York, 1933.

Encyclopaedia, Catholic.

Eppstain, J., The Catholic Tradition and the Law of Nations (Catholic Association for Internation Peace, Washington, 1936)

Essential of Human Rights, (The), ɔThe Annals of the American Academy of Political and Social Science, Philadelphia-

Everyman's United Nations (United Nations Publications, 1956).

Facts about India (Government Publications, 1959).

Fallon, Valere, S. J., Principles of Social Economy (Benziger Brothers, New York, 1933).

Fallon, Valere, S.J., Eugenics (Burns Oates and Washbourne, London, 1923).

Family Planning of Iudia(Pro God League, St. Xaver's,(Patna)

Farquhar, J. N., The Crown of Hinduism (Oxford University Press, 1919).

Ferroli, D., S.J., Moral Science (Codialbail Press, Mangalore, 1932).

Fitzpatric, E. A., Philosophy of Eduction (Bruce Publishing Co., Milwaukee, 1955)

Fonseca, A., The Citizen and the State (Indian Institute of Social Order, Poona, 1955).

Foster, L. A., Planning for our India (The New Review, April 1948).

Fuchs, Stephen, Social Origins (Gyaneyatan Publications, Bombay, 1957).

Fuller, Edmond (editor), The Christian Idea of Education (Yale University Press, 1957).

Furfey, Paul H., The Scope and Method of Sociology (Harper and Brothers, New York, 1953).

Gandhi, M. K., Sarvodaya (Navajivan Publishing House, Ahmedabad, 1959).

Gandhi, M. K., Towards non-violent Socialism (Navajivan Publishing House, Ahmedabad, 1957).

Gambria Ciudad, Rafael, Las Implicationes Sociales de la Persona (Revista Internacional Sociologia, Abril-Junio, 1952).

Garner, C. C., Communism on the decline (Philosophical Library, New York, 1957).

Ghurye, G. S. (Editor), Indian Population Problem (Karnatak Publishing House, 1938).

Gibbons, W.G., Proceedings of the World Population Conference (Nɪw York, 1956).

Gide, Charles, Political Economy (Heath & Co., London 1924.

Giddings, The Principles of Sociology (Macmillan & Co., New York, 1904).

Gigon, H., Ethics of Peace and War (Burns Oates & Washbourne, London, 1935).

Giri, V. V. Labour Problems in Indian Industries (Asia Publishing House, Bombay, 1959).

Gisbert. P., Fundamentals of Sociology (Orient Longmans, 1957).

Glen, Paul (Rev.), Sociology (Herder London, 1935).

Glen, Paul (Rev.), Ethics (Herder Brok Co., London, 1930)

Goldenweiser, Early Civilisation (Knopf & Co., New York, 1922).

Goodfellow, D. M. Principles of Social Economy (Routledg & Sons, London, 1939).

Gracias, V., (Cardinal), The contribution of Religion to Social Work (Indian Journal of Social Work, March, 1958).

Gram, William Everest, Downward Descent of Man (Commonweal, December, 1938).

Guchtneere, R. de, Judgment of Birth Control (Sheed & Ward, London, 1934)

Guenechea, Joseph S.J., Principia Iuris Politici (Universitas Gregoriana, Rome, 1938).

Gustav A. Wetter, Dialectical Materialism (Routledge and Kegan Paul, London, 1958).

Gyan Chand, The Problem of Populatian (Oxford Pamphlets on Indian Affairs, No. 19).

Haas, Francis, Man and Society (Appleton Century Co., New York, 1930).

Halliday, sutherland, Laws of Life (Sheed & Ward, Londou 1938).

Halliday, Sutherland, Control of Life (Burns Oates, London, 1951).

Helder, B., A Study of Socialism (B. Herder Book Co., London, 1919).

Henessy, T., Indian Democracy and Education (Orient Longmans, 1955).

Herbert Spencer, The Principles of Sociology (Williams, London, 1957).

Hermanns, M., S.V.D., Hinduism and Tribal Culture (K. L., Fernandes, Bombay, 1957).

Herzfiled K. f., Scientific Research of Religion (Commonweal March, 1929).

Higginns, Thomas, Man as Man (The Bruce Publishing Co., Milwaukee, 1950),

Hindustan Year Book, 1959.

Hobman, D. L., The Welfare State (John Murray, London, 1953).

Horny Elmer Barness, Social Institutions (Prentice-Hall, New York, 1946)

Hull, Why I should be Moral? (Examiner Press, Bombay).

Husslein, J., S.J., The Christian Social Manifesto (The Bruce Publishing Co., Milwaukee, 1933.

Huttan Wester, Medieval and Modern History (Heath & Co., London, 1935.

India 1961, Reference Annual (Government Publications)

Indian Journal of Social Work, [The], (Tata Institute of Social Sciences, Bombay).

Industrialization (Oxford Pamphlets on Indian Affaits No. 10, 1944).

Ingram, History of Political Economy.

Institute of Social Order, Social Orientations (Loyola University Press, Chicago, 1954).

Ireland, John, The Church and Modern Society.

Iyer, Govindaswamy, Co-operative Societyes (Natesan & Co., Madras, 1948).

Jacob, K. K., An Introduction of Social Work in India (Deepika Press. Kottayam, 1958).

Jaime Pujiula, Factores Biologicos Relacionados con la Poblacion (Revista Internacional de Sociologia, Octubre—Diciembre,

Jain, P. C., Problems In Indian Economics (Chaitanya Publishing House, 1956).

Jarret Bede, O.S.B., Age of the Transition and the New Age (Catholic World, April, 1937).

Jathar, G. B. and Beri, S. G., Elementary Principles of Economics (Oxford University Press, Indian Branch, 1938).

Jathar, G. B. and Beri, S. G., Elements of Indian Economics (Oxford University Press, Indian Branch, 1939).

Jathar G. B. and Beri, S. G., Elementary Principles of Social Economy (Oxford University Press, Indian Branch, 1938).

Jathar, G. B. and Beri S. G., Indian Economics (Oxford University Press, India, 1937).

Jennings, H. S., Scientific Aspects of the Race Problems (Catholic University Press, Washington, 1941).

Jevons, Stanley, Political Economy (Macmillan & Co., London, 1926).

John XXIII, (Pope) Princeps Pastorum.

Jotti Swarup, Elementary Banking (Bangalore Publishing Co., 1950).

Karrer, Otto, Religions of Mankind (Sheed & Ward, New York, 1936).

Ketteler, Christian Social Reform (The Dolphin Press, Philadelphia, 1912).

Kilzer and Ross, Western Social Thought (The Bruce Publishing Co., Milwaukee, 1954).

Kingsley, David, The Population of India and Pakistan (Princeton University New Jersey, 1951).

Kravchenko, Victor, I chose Freedom (Charles Scribner's Sons, New York, 1946).

Krocber, A. L., Anthropology (Harrap and Company Ltd., London, 1923).

Kuppuswamy, B., Dr. Study of opinion regarding Marriage and Divorce (Asia Publishing House, Bombay, 1957).

Labour Commission Report, Whiteley, (June, 1931).

La Forge, John, International Justice (America Press, New York, 1937).

Lahiri and Benerjee, New Constitution of India (Politics Club, London, 1936).

Land and its Problems, (The), (Oxford Pamphlets on Indian Affars No. 9, 1944).

Laski, H., A Grammar of Politics (Allen & Unwin, London, 1952).

Le Buffe, Francis, P., S.J., Human Evolutionists (America Press, New York, 1931).

Le Buffe, Francis, P., S.J., Misguided Evolutionists.

Leibell, J. F., Readings in Ethics (Loyalo University Press, Chicago, 1926).

Leo XIII, Encyclical Rerum Novarum (1891).

Leo XIII, Encyclical Immoratale Dei (1885).

Leo XIII, Encyclical Sapientiae Christianae.

Le Roy, Religion of the Primitives (Sheed & Ward, London, 1938).

Liberatore, Principles of Political Economy (Benziger Brothers, New York, 1891).

Linehan, Deniel, Catholic Teaching on Evolution (Catholic Mind, 22nd April, 1938).

Llovera, Jose M., Sociologia Christiana (Luis Gill, Barcelona 1934).

Lowie, Primitive Society (Routledge and Kejan Paul, London, 1949).

Luis Mendieta y Nunez, La Ensenanza de Sociologia (Revista Internacional de Sociologia,.Enero—Marzo, 1953).

Lun, Arnold, Communism and Socialism (Eyre and Spottiswoode Limited., London, 1939).

Mac Cleary, G. F., The Malthusian Population Theory (Faber & Faber, London, 1953).

MacIver, R. M., Society, A Textbook of Sociology (Macmillan & Co,, 1937).

Mahatma Gandhi on Birth Control (Pro God League, St. Xavier, Patna).

Majumdar, D. N., and Madan, T. N., An Introduction to Social Anthropology (Asia Publishing House, Bombay, 1957).

Majumbar, D. N. Races and Cultures of India (Asia Publshing House, Bombay, 1958).

Malthus, Essay on Population (London, 1803).

Mammaria. C. B., Tribes in India (Indian Journal of Social Work, September, 1957).

Manu, The Laws of Sacred Books of the East, ed. Max Muller (Clarendon Pres, Oxford, 1886).

Marcellus, P., O.C.D., Philosophia Moralis et Socialis (El Monte Carmelo, Burgis, 1912).

Maritain, Jacques, The Person and Common Good (Geoffery Bles, London, 1948).

Marriatt, Peler, Property and the Nation (Distributist Books London, 1947).

Marshall, A., Elements of Economics (Macmillan & Co., London, 1947).

Max Weber, The Postestant Ethic and the Spirit of Capitalism (George Allen and Unwin, London, 1952).

Masani, M. R., The Communist Party of India (Derek Verchayle, London, 1954).

Mascia Carmin, A History of Philosophy (St. Anthony Press New Jersey, 1957).

Mathias, Mgr. (Archbishop of Madras), My Approach to Social Work (Indian Journal of Social Work, March, 1959).

Mathrubutham and Srinivasan, Factories and Labour Manual (The Madras Law Journal Office, 1958).

Manya, Gordon, Workers before and after Lenin (E. P. Dutton & Co., New York, 1941).

McDowell, Patrick, The Church and Economics (Sheed & Ward, London, 1928).

McFadden, Charles, The Philosophy of Communism (Benziger Brothers, New York, 1939).

McIlwain, Constitution, Ancient and Modern.

McTadden, D. J., Philosophy of Communism (Benziger Brothers, New York, 1939).

Message of Mahatma Gandhi to "National Life", Dec. 1931.

Messenger, E. C., Evolution and Theory (The Macmillan Co., New York, 1932).

Messner, J., Social Ethics (Herder Book Co., London, 1949)

Metlake, G., Christian Social Reform.

Meyer, S.J., Institutiones Juris Naturae (Herder, Friburgis, 1900).

Michel, Dom, Our Social Environment (Orate Fratres, May 15, 1938).

Michel, V., O.S.B., Christian Social Reconstruction (The Bruce Publishing Co., Milwaukee, 1937).

Miguel de Unamuno, The Tragic sence of Life (London, 1921).

Miltner, Charles, The Elements of Ethics (Burns Oates and Washborne, London, 1925).

Minavovich and Schuyler, Current Social Problems (Bruce Publishing Co., Milwaukee, 1950).

Minavovich, C., Social Theories.

Mukerjee, R., Planning for the People.

Mukerjee, R., The Indian Working Classes.

Mukerjee, R., Food Planning for Four Hundred Millions (Macmillan & Co., London, 1938).

Mukerjee, K. Plainning the Countryside (Hind Kitabs, Bombay, 1950).

Mukerji, S. N., Education in India (Acharya Book Depot, Baroda, 1957).

Munshi M. C., Comparative Wage Levels (Hind Kitabs, Bombay, 1950).

Munshi, M. C., Iudustrial Efficiency (Vora Publishers, Bombay, 1952).

Muntsch and Spalding, Introductory Sociology (Heath & Company, London, 1928)

Muntsch, Albert, Cultural Anthropology (Bruce Publishing Co., Milwaukee, 1934).

Murray, R. W., Introductory Sociology, (P. S. Crafts & Co., New York, 1940).

Myers, Charles, A., Industrial Relations in India (Asia Publishing House, Bombay, 1958).

Nalanda Yoar Book.

National planning Committee (Vora & Co., Bombay, 1948).

Narain L., Indian Economy.

Nell-Breuning, Oswald von, S.J., Reorganisation of Social Economy (The Bruce Publishing Co., Mllwaukee, 1936).

Nevett, A., Too many of Us? The Indian Population Problem (Indian Institute of Social Order, Poona, 1952).

Nevett, A., The Welfare State (Social Action, Poona, July, 1951).

New Review, (The), Septmber, 1948.

New Year Book 1959 (Sarkar & Sons, Calcutta).

Noll, J. F., Our National Enemy No. 1 : Education without Religion (Our Sunday Visitor Press, Huntington, U.S.A.,1942)

Nowin, L., Indian Economcy.

O'Kane, T. J., A Catholic Catechism of Social Questions (The Catholic Social Guild, Oxford, 1953).

Orthodox Communism and India, Bulletin (Institute for the study of U.S.S.R., June, 1958).

Osgniach, A. J., O.S.B., The Chriatian State (Brube Publishing Co., Milwaukee, 1943).

Osgniach, A. J., Must it be Communism?

Outliue of Co-operative Societies in India, (An) (Madras).

Padmini Sengupta, Women in Trades and Profession (Government Publications)

Parkinson, H. (Mgr.), A Primer of Social Science (Catholic Social Guild, Oxford, 6th ed. (P. S. King & Sons, 1936).

Parson, Wilfred, Nationalism Racism and the Church (Thought, March, 1959).

Pastoral Letter of the Bishops of Travancore and Cochin, 1944.

Pius XI, Persecution of the Church in Germany, (C.T.S. London 1937).

Pius XI, Casti Connubii (Christian Marriage).

Pius XI, Providentissimus Deus (Christian Education of Youth).

Pius XI, Quadragesimo Anno.

Pius XII, The Rights of Man (C.T.S. London, 1942).

Pius XII, Discourse to Indian Association of Catholic Midwives, 29-10-1951.

Pius XII, Darkness over the Earth.

Pius XII, Christmas Allocution, 1939.

Plan for Economic Development of India, (A), (Commercial Press, Bombay, 1941).

Plater, Charles, Efforts Towards Peace, (in Readings in Ethics).

Platz, Charles, The Priest and Social Action (Longmans, Green & Co., London, 1914).

Power, M. A., At the root of Socialism (Sands and Company Ltd., London, 1909).

Prabhu, Pandari-Nath, Hindu Social Organisation (Popular Book Depot, 1954).

Pridgeon, Charles, Opportunity for Trade Unionists (Catholic Social Cuild, Oxford, 1948).

Redden, J. D, and Ryan, T. A., A Catholic Philosophy of Education (The Bruce Publishing Co., Milwaukee, 1951).

Renu Chakravatthy, The Law As It Affects Women (Government Publications).

Report of the Catholic Bishop's Conference of India, 1946.

Report of the Indian Statutory Commission, 1930, Vol. I.

Rickaby, J. S.J., Moral Philosophy (Longmans, Green & Co.,

Robbins, Harold, The Sun of Justice (Heath Cronton Ltd., London, 1938).

Robinson and Christoph, The Introductery Sociology (Loyala University Press, Chicago, 1943).

Rogers, Edward, A Christian Commentary on Communism (Wyvern Books, London, 1959).

Rommen, H. A., The State in Catholic Thought (B. Herder Book Co, London, 1945).

Ross, E. J., A Survey of Sociology (Tne Bruce Publishing Co., Milwaukee, U.S.A., 1932).

Ross, E. J., Basic Sociology (The Bruce Publishing Co., Milwaukee, 1950).

Ross, E. J., Social Origins (Sheed & Ward, Nrw York).

Ruland-Tattler, Morality and the Social Order (Herder Book Co., London, 1942).

Ruthnaswmy, M., The Making of the State (William and Norgate, London. 1932).

Ruthnaswamy, M., The Political Philosophy of Mr. Gandhi.

Ryan, John, A., Catholic Principles of Politics (Macmillan & Co., New York, 1940).

Ryan, John, A., The Catholic Church and Citizen (Burns & Oates, London, 1928).

Ryan, John, A., The Living Wage (Macmillan Co., New York and London. 1925).

Ryan, John, A., Distrbutive Justice (Macmillan & Co., New York, 1942).

Ryan and Roland, Catholic Principles of Politics (Macmillan & Co., New York, 1947).

Sabine, G. W., A History of Political Theory (George G. Harrop, New York, 1937).

Saiyidain, Problems of Educational Reconstruction (Asia Publishing House, Bombay, 1957).

Sarma, W. A., Social Security (National Information, Bombay, 1950).

Saxena, R. N., Labour Tension in India (The Indian Journal of Social Work, March, 1954).

Schmandt and Steinbicker, Fundamentals of Government (The Bruce Publishing Co., Milwaukee, U.SA., 1954).

Schmidt William, The Origin and Growth of Religion Methen Co., Ltd., London, 1931).

Schmidt William, Amor, Matrimonio, Familia (Subirana, Barcelona, 1933).

Schmidt William, Primitive Men in European Civilization (Edward Lyre, New York, 1934).

Schmiedeler, E., Co-operation (New Publishers, St. Nazienz, 1941).

Schulwer, W., Catholic Social Theory (B. Herder Book Co., 1940).

Scott, F. B., S.J., Catholic Conception of International Law (George-Town University Press, Washington, 1934).

Second Five Year Plan Summary 1956—1961 (Government Publications).

Second Five Year Plan, (The), Questions and Answers (Government Publications, 1958).

Sellew, Furkey Gauglon, Introduction to Sociology (Harper & Brothers, New York, 1958).

Sen, S. N., The Indian Economy.

Sequeira, T. N., The Education in India (Oxford University Press, Bombay).

Sharma, Ram, A Constitutional History of India (Macmillan & Co., 1955).

Sheed, F. J., Communism and Man (Sheed & Ward, New York, 1959).

Sheen, Fulton, J., Liberty, Equality and Fraternity (University Press, Washington, 1925).

Shirzo, L., The Inner Laws of Society (Kenedy & Sons, New York, 1944).

Sidney and Beatrice Webb, Tae History of Trade Unionism (Longmans, London, 1935).

Sierber and Mueller, The Social Life of Primitive Man (B. Herder Book Co., 1947)

Singh, Baljit (Dr.), Economic Planning in India (Hind Kitabs, Bombay, 1956).

Singh, Jitenda, Communist Rule in Kerala (Diwan Chand Indian Information Centre, New Delhi, 1959).

Singh, R., The Movement of Industrial Wages In India (Asia Publishing House, Bombay, 1955).

Smith, Adam, Wealth of Nations (Dutton & Co., New York 1910).

Smith, The Unemployment Problem (Bruce Publishing Co., Milwaukee, U.S.A., 1932).

Social Action (Indian Instute of Social Order, Poona).

Sommerville, H., Studies in the Catholic Social Movement (Burns Oates & Washbourne, London, 1933).

Spalding, H., S.J., Chapter in Social History (Heath & Co., New York, 1954).

Spalding H., S.J., Social Problems and Agencies (Burns Oates Washbourne, & London, 1925).

Spencer, Leessoir, Christian Education Reviewed (Longmans, Green & Co., 1957).

Spencer, Herbert, Principles of Ethics (William & Norgate, London).

Srinivasa Sastri, The Indian Citizen (Hind Kitabs Press, Bombay, 1948).

Stace, W. T., The Philosophy of Hegel (Dover Publications, U.S.A., 1955).

Stang, Socialism and Christianity (Benziger Brothers, New York, 1905).

Statement of the Catholic Hierarchy of India on Family Planning (February, 1953)

Students and Social Work (Tata Institute of Social Science, Bombay, 1948).

Sturzo, L., Inner Laws of Society.

Sturzo, L., Nationalism and Internationaliam (Roy Publishers, New York, 1946).

Sturzo, L., Church and State (Longmans, Green & Company New York, 1939).

Suarez, F., De Legibus (Clarendon Press, Oxford, 1944).

Subba Rao, M. V., An Outline of Banking System in India (Vora & Co., Bombay, 1948).

Subramanya Iyer, V. N., "Hindu Marriage Act. 1955" in Hindu Law (Ernakulam, 1957).

Subramanya Iyer, V. N., "Hindu Succession Act 1956" in Hindu Law (Ernakulam, 1957)

Taylor, F. W., Principles of Scientific Management (Harper & Brothers, New York, 1911).

The Case against Birth Control (Century Co., London, 1931).

Thomas, St., Summa Theologica.

Thomas, St., Summa Contra Gentiles.

Thomas, St., De Regimine Principum.

Timasheff and Facey, Sociology, (Bruce Publishing Co., Milwaukee, 1950).

Timasheff, Nicholas, The Great Retreat (Dutton & Co., New York, 1946).

Tomasic, D. A., National Communism and Soviet Strategy (Public Affairs Press, Washington, 1957).

Vakil and Brahmanand, Planning and Expanding Economy (Vora & Co., Bombay, 1956).

Vera Anstey, The Economic Development of India, (1952).

Vermeersch, Theologia Moralis.

Virgil Michel, O.S.B., Christian Social Reconstruction (Bruce Publishing Co., Milwaukee, 1937).

Vitoria, Francisco, Reflectiones, De Potestate Civili.

Wadia, A. R., Sociology and Social Sciences (Indian Journal of Social Work, June, 1955).

Wadia, and Merchant, Our Economic Problem (Vora & Co., Bombay, 1957)

Wadia and Merchant, The Five Year Plan—A Criticism (Popular Book Depot, Bombay, 1952).

Watt, Lewis, S. J., The State (Catholic Social Guild, Oxford 1938).

Watt, Lewis, S.J., A Hand Book to Rerum Novarum (Cathlic Social Guild, Oxford, 1947).

Way and the case Against Birth Control (Pro God League, St. Xavier, Patna).

We Plan for Prosperity (Government Publications, 1958).

Westermarck, E., The Future of Marriage in Western civilization (London, 1936).

White, William, L., Report on Russians (Reader's Digest December, 1945, January, 1945).

Wicksteed, Philip, The Common Sense of Political Economy (Routledge and Kegan Paul, London, 1957).

Willaughby, W., The Ethical Basis of Political Authority (New York, 1930).

Windbe, Bertram, C., Darwin and Darwinism (Paulist Press, New York).

Zellmer, Education in India (Bookman Associates, New York, 1951).

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 301.954 Acc. No. 8229

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 29 MAR 2002 | | |
| 15 MAY 2002 | | |
| 10 APR 2004 | | |
| 8 JUL 2004 | | |
| 2 JUN 2009 | | |
| | | |
| 13 NOV 2015 | | |

If the book is not returned on due date
a fine of 20 Ps. per day will be charged

Cl. No. 301.954 Acc. No. 8229

Author വിക്ടർ (ഫൊദർ)

Title സാമൂഹ്യശാസ്ത്രം

Borrower's Number

301.954 8229

വിക്ടർ (ഫൊദർ)

സാമൂഹ്യശാസ്ത്രം

KOTTAYAM PUBLIC LIBRARY

Call No 301.954 Acc. No 8229

Author വിക്ടർ ഹൊദൻ

Title സാമൂഹ്യശാസ്ത്രം